U8:24:N2 32G31 EVEREST AROGANAM KUZHIVELY

U8:24:N2
32G31

2 32G31
(M.M.)
...ganam.
73659
MUL
073659
BOUND BY:
...MAL BINDING WORKS,
...bolaimedu High Rd,
MADRAS-24

RECC

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number U8:2A:N2 32G31

Accession Number 73659

Available for loan from

This book should be returned on or before the date last marked below.

O. 61

073659
...High Rd,
MADRAS-24

# എവറസ്റ്റാരോഹണം.

ലണ്ടൻ രാജകീയ
ഭൂമിശാസ്ത്ര സൊസൈറ്ററി പ്രസിഡണ്ടു
സർ ഫ്റാൻസിസ് യങ്ങ് ഹസ്ബൻഡ്
കെ. സി. എസ്. ഐ., കെ. സി. ഐ. ഇ.
അവർകളുടെ

# EPIC OF MOUNT EVEREST.

പരിഭാഷകൻ,
മാത്യു എം. കുഴിവേലി, ബി. എ.

[ഒന്നാംപതിപ്പ്, കാപ്പി 1000.]

പ്രസാധകൻ,
എം. എ. സക്കറിയാസ്,
സെൻറ് തോമസ് ഇംഗ്ലീഷ് ഹൈസ്കൂൾ മലയാളപണ്ഡിതർ.

MANNANAM,
PRINTED AT THE ST. JOSEPH'S PRESS.
1933.

(ഗ്രന്ഥകർത്താവിൻെറ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.)

*Rights Reserved.*] [*Price Re. 1.*

RECO

UNIVERSITY LI... MADRAS

*"Mountains, especially Great Mountain chains are God's sublime odes."*

"Broad views from Mountain Summits with the world at one's feet .... are God's Voiceless Psalms, for ever calling men to Peace and Quietness of Spirit, and to contemplation of the Things That Make Life Great."

*J. T. Sunderland.*

73659
12834
U8:24:N2
32 G31

UNIVERSITY LIBRARY
11.AUG.1933
MADRAS

DEDICATED

TO



Dr. Somervell, M. A.,

M. B. B. Ch., F. R. C. S. (Eng.)

# PREFACE.

UNIVERSITY LIBRARY
11 AUG 1939
MADRAS

by

Dr. Somervell M. A., M. B. B. Ch., F. R. C. S., (Eng.)

*I am very pleased that a translation into Malayalam of this book which has been so widely read in western countries, should appear at the present time. The Malayalam country contains mountains whose only obstacles are the jungle and dense grouths which prevent men from reaching the top of so many of them; and very few of the readers of this book will ever have seen snow-covered mountains such as the Himalayas, but in spite of that, many of the younger generation have in their nature a love of adventure; and it is always good to hear of the adventure of those who have risked their lives for something which brings no material gain. The mountains such as the higher Himalayas call for real hard work, often with great risk, and combined sometimes with hardship due to cold, isolation, and long journeys. In fact the climbing of such mountains needs a man to be his very best, and to do his very best if he is to be successful. That is why mountain climbing has always had such an appeal to those who have once started doing it. A difficult mountain calls for all that is best in a man and we all of us welcome an opportunity of being at our best, even if there is no one there to see us except God and one or two companions whom we know well. I hope and believe that the adventures described in this book will be an inspiration to many Malayali boys to be their best and to do their best in the great climb up difficult places which is our life, and which leads not to the tops of mountains alone, but to God Himself.*

*Neyyoor,*
*8th Dec. 1932.*

# ആമുഖം.

ഡാക്ടർ ററി. ഹോവേർഡു് സോമർവെൽ,

എം. എ; എം. ബി; ബി. സി. എച്ച്;

എഫ്. ആർ. സി. എസ്സ്. (ഇംഗ്ലണ്ട്)

പാശ്ചാത്യരാജ്യങ്ങളിൽ അതിപ്രചുരമായ പ്രചാരം സിദ്ധിച്ചിട്ടുള്ള ഈ പുസ്തകത്തിന്റെ ഒരു മലയാളവിവർത്തനം ഈ സന്ദർഭത്തിൽ ഉണ്ടായികാണുന്നതു് എനിക്ക് ഏററവും സന്തോഷാവഹമത്രെ. കേരളത്തിൽ പർവ്വതങ്ങൾ ധാരാളമുണ്ടെങ്കിലും അവയുടെ ശൃംഗപരമ്പരകളിൽ കയറിപ്പററുന്നതിനുള്ള ഏക പ്രതിബന്ധം കാടുകളും ഇടതൂർന്നു് ഇരുണ്ടു വളരുന്ന പത്രാവലികളും മാത്രമാണ്. അതിനാൽ ഈ പുസ്തകം വായിക്കുന്നവരിൽ ചുരുക്കം പേർ മാത്രമെ ഹിമാലയാദ്രികളെപ്പോലെ ഹിമപരിവേഷ്ടിതങ്ങളായ പർവ്വതങ്ങൾ കണ്ടിരിക്കാൻ ഇടയുള്ളു. എങ്കിലും യുവജനങ്ങളിൽ അധികം പേരുടേയും സ്വഭാവത്തിൽ ഒരു വീരകൃത്യതല്പരത അന്തർലീനമായി കിടപ്പുണ്ടു്. ഭൌതികമായ യാതൊരാദായവും ലഭിക്കുന്നതിനിടയില്ലാത്ത ഒരു മഹൽപരിശ്രമത്തിലേർപ്പെട്ടു സ്വജീവനെ പോലും പണയപ്പെടുത്തിയവരുടെ വീരകൃത്യങ്ങൾ ശ്രവിക്കുന്നതു് ഏററവും ഉപയോഗപ്രദമത്രെ. ഹിമവൽശൃംഗങ്ങൾ പോലെയുള്ള ഉന്നതപർവ്വതങ്ങളിൽ കയറുന്നതിന് ശൈത്യബാധ, ദീർഘയാത്ര, വിജനത മുതലായ കാരണങ്ങളാൽ ഏററവും ക്ലേശഭൂയിഷ്ഠവും പലപ്പോഴും അപകടസമ്പൂർണ്ണവുമായ തീവ്രപരിശ്രമം അപരിത്യാജ്യമാണ്. അപ്രകാരമുള്ള ഒരു സംരംഭത്തിൽ വിജയശ്രീലാളിതനായി തീരണമെങ്കിൽ ഒരു മനുഷ്യന്റെ സകല ശക്തികളും ഉദ്ദീപിതമാകയും അവൻ സർവ്വോപരിയായി പരിശ്രമിക്കുകയും തന്നെ വേണം. തൻമൂലമത്രെ ഒരിക്കൽ പർവ്വതാരോഹണസംരംഭത്തിൽ പങ്കെടുത്തിട്ടുള്ളവർക്ക് ആ ശ്രമം എന്നും ആകർഷണീയമായി തോന്നുന്നതു്. ദുർഗ്ഗമമായ ഒരു പർവ്വതം നമ്മുടെ ഉത്തമഗുണങ്ങളുടേയും വൈഭവങ്ങളുടേയും സർവ്വോപരിയായ വ്യാപാരം ആവശ്യപ്പെടുന്നു. ദൈവ

വും ചിരപരിചിതരായ ഒന്നോ രണ്ടോ സഹവത്തകരുമൊഴിച്ച് വേറെ ആരും സന്ദർശകന്മാരില്ലെങ്കിലും, താദൃശമായ മഹനീയതാപ്രകടനത്തിനുള്ള സന്ദർഭം നാമെല്ലാവരും ഇഷ്ടപ്പെടുകയും ചെയ്യുന്നു. പർവ്വതശൃംഗങ്ങളിലേയ്ക്കുന്നു മാത്രമല്ല, ദൈവസന്നിധിയിലേക്കും നമ്മെ ആനയിക്കുന്ന ദുർഘടതരമായ ജീവിതാരോഹണത്തിൽ ഉദ്ദീപിത ഗുണങ്ങളും സർവ്വോൽകൃഷ്ട പരിയത്നങ്ങളും അനേക കേരളീയയുവാക്കന്മാരിൽ സംജാതമാകത്തക്ക ഒരു അമൂല്യ പ്രേരണാശക്തി, ഈ പുസ്തകത്തിലെ പ്രതിപാദ്യവിഷയമായ വീരകൃത്യങ്ങൾക്കുണ്ടെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

UNIVERSITY LIBRARY
11 AUG 1933
MADRAS

# പ്രസ്താവന.

ലോകത്തിൻെറ പരിഷ്കാരാഭിവൃദ്ധിയ്ക്കും, പുരോഗമനത്തിനും, പ്രമുഖനിദാനമായിത്തീർന്നിട്ടുള്ളത് മഹനീയന്മാരായ ചില ആളുകളുടെ വീരകൃത്യതല്പരതയും സാഹസികസംരഭോദ്യമങ്ങളുമാണെന്നുള്ളത് നിർവിവാദമായ സംഗതിയാണല്ലൊ. ആപത്തുകളെ ഭയപ്പെടാതെ, വിഘാതങ്ങളെ വകവെയ്ക്കാതെ, വൈഷമ്യങ്ങളെ തൃണവൽഗണിച്ച്, അവസരോചിതബുദ്ധിയോടുകൂടെ പുരോഗമനം ചെയ്യുന്നതിനുള്ള ധീരമനസ്ഥിതിയുടെ ഫലമായിട്ടാണ് ഇന്നു നാം ലോകത്തിൽ അനർഘമായ പല നവീനവിജ്ഞാനസമ്പത്തുകളും, അതിശ്രേഷ്ഠവും ബഹുവിധങ്ങളുമായ അഭിവൃദ്ധികളും കാണുന്നത്. പ്രാചീനകാലങ്ങളിൽ പ്രശസ്തന്മാരായിത്തീർന്നിട്ടുള്ള ഗ്രീക്കുകാർ, റോമാക്കാർ ആദിയായവരുടെ മാഹാത്മ്യത്തിനും, മഹനീയസ്ഥാനത്തിനും പ്രധാനമായ കാരണം ആ ജനതകളുടെ ഹൃദയാന്തർഭാഗങ്ങളിൽ അവരുടെ വീരചരിത്രകഥകൾ, സംജാതമാക്കി പ്രേരിപ്പിച്ചുകൊണ്ടിരുന്ന സാഹസികതല്പരത ഒന്നുമാത്രമാണെന്ന് ആ രാജ്യചരിത്രം പരിശോധിച്ചാൽ സുഗ്രാഹ്യമാകുന്നതാണ്. "ഇന്ന് ഇംഗ്ലണ്ടിന് ലോകത്തിൽ ഏററവും പ്രമുഖമായ ഒരു സ്ഥാനം ഉണ്ടെങ്കിൽ അതു അവളുടെ വീരസന്താനങ്ങളുടെ സാഹസികാഭിവാഞ്ഛയും, ധീരകൃത്യതല്പരതയുംകൊണ്ടു മാത്രം ലഭ്യമായിട്ടുള്ളതാണ്" എന്ന് ഇംഗ്ലിഫിഞ്ച് എന്ന ഒരു ആംഗ്ലേയമഹാൻ പ്രസ്താവിക്കുന്നുണ്ട്. ഗാഢമായി അല്പം ചിന്തിച്ചാൽ ഇതു് എത്രയും പരമാർത്ഥമാണെന്ന് നമുക്കു നിഷ്പ്രയാസം ഗ്രഹിക്കാം. വിജ്ഞാനത്തിലും പരിഷ്കാരത്തിലും സംസ്ക്കാരത്തിലും ശാസ്ത്രീയ പുരോഗതിയിലും ഇദാനീന്തനകാലത്തു് ഇംഗ്ലണ്ടു് ഗണനീയമായ ഒരു സ്ഥാനം അലങ്കരിക്കുന്നുണ്ടെങ്കിൽ, അതു നിശ്ചയമായും അവളുടെ സന്താനങ്ങളിൽ സംജാതമാക്കി ഉദ്ദീപിപ്പിക്കുന്ന സാഹസികതല്പരതയുടെ ഫലമായിട്ടാണെന്നുള്ളതിനു സന്ദേഹമില്ല.

ലണ്ടൻ രാജകീയ ഭൂമിശാസ്ത്ര സൊസൈററിയുടെ പ്രസിഡണ്ടു സർ ഫ്റാൻസീസ് യങ്ങ് ഹസ്ബൻഡ് അവർകളാൽ പ്രണീതമായ 'എപ്പിക്ക് ഓഫ് മൌണ്ട് എവറസ്റ്റ്' എന്ന ഇംഗ്ലീഷ് ഗ്രന്ഥം വായിക്കുന്നതിന് എനിക്കു ഇടയായ

പ്പോൾ, അതിൽ ആദ്യന്തം ഊജ്ജസ്വലമായി പ്രവഹിക്കുന്ന സാഹസിക പ്രേരണയ്ക്കു ഞാനും വിധേയനായിത്തീൎന്നു. എവറസ്റ്റാരോഹണശ്രമം വെറും ഒരു വിനോദപരമായ പ്രസ്ഥാനമോ ബാലിശമായ സംരംഭമോ അല്ലെന്നും, പ്രത്യുത ഏററവും വിജ്ഞാനപ്രദവും സാഹസികോൽബുദ്ധവും ആയ ഒരു ശ്രമമാണെന്നും എനിക്കു ബോദ്ധ്യമായി. പ്രസ്തുത ഗ്രന്ഥം ഭൂമിശാസ്ത്രസംബന്ധമായും പ്രകൃതിശാസ്ത്രസംബന്ധമായും ഉള്ള പല നവീന തത്വങ്ങളും സരസകോമളമായ വിധത്തിൽ പ്രകാശിപ്പിക്കുന്നതു കൂടാതെ, വായനക്കാരിൽ ഏതോ ഒരു ഭാവനാതീതമായ സാഹസകൃത്യതല്പരത സംജാതമാക്കുന്നതിനും പൎയ്യാപ്തമാണെന്ന് എനിക്കു തോന്നി. തൽഫലമായി ഇംഗ്ലീഷ് ഭാഷാനഭിജ്ഞന്മാരായ എൻെറ മലയാളി സഹോദരന്മാരെയും ഈ ചരിത്രം മനസ്സിലാക്കിയാൽ കൊള്ളാമെന്ന് എനിക്കു അതിയായ ഒരാഗ്രഹം ജനിക്കുകയും തദനുസരണം ഇതു മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുന്നതിനു ശ്രമിക്കയുമാണ് ചെയ്തിട്ടുള്ളതു്.

വിവൎത്തനത്തിൽ പല സ്വാതന്ത്ര്യങ്ങളും പ്രയോഗിച്ചിട്ടുണ്ടു്. ആംഗ്ലേയരെ പ്രത്യേകം ഉദ്ദേശിച്ചിട്ടുള്ളവയും നമ്മെ പ്രത്യക്ഷത്തിൽ ബന്ധിക്കാത്തവയുമായ സംഗതികൾ നിൎവ്വിശങ്കം ഉപേക്ഷിക്കയും മലയാളികളുടെ പരിതസ്ഥിതികൾക്കും വിജ്ഞാനഗതികൾക്കും അനുയോജ്യമെന്ന് തോന്നിയിട്ടുള്ള ഭേദഗതികൾ ധാരാളം പ്രയോഗിക്കുകയും ചെയ്തിട്ടുണ്ടു്. പദാനുപദമോ വാക്യാനുവാക്യമോ ആയ പരിഭാഷയ്ക്കു ശ്രമിച്ചിട്ടുമില്ല.

1924—നു ശേഷം ഇക്കൊല്ലം വീണ്ടും ഒരു എവറസ്റ്റ് പൎയ്യടനസംഘം പുറപ്പെടുന്നുണ്ടെന്നു കേൾക്കുകയാൽ പ്രസ്തുത സംഘം ആരോഹണം തുടങ്ങുന്നതിനു അല്പം മുൻപായി ഈ പുസ്തകം പ്രസിദ്ധീകരിച്ചാൽ ആ സംഘത്തിൻെറ ശ്രമങ്ങളെ കൂടുതൽ ജിജ്ഞാസാപൂൎവ്വമായും താല്പൎയ്യത്തോടുകൂടിയും വീക്ഷിക്കുന്നതിന് വായനക്കാൎക്കു സാധിക്കുമല്ലോയെന്നോൎത്ത് പുസ്തകത്തിൻെറ പരിഭാഷയും, മുദ്രണവും അല്പം തിടുക്കത്തിലാണ് ചെയ്തിട്ടുള്ളതു്. തന്മൂലം ഗ്രന്ഥം ഏതെങ്കിലും ഭാഷാപണ്ഡിതന്മാരെക്കൊണ്ടു് പരിശോധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടില്ല എന്ന വസ്തുതയും ഇവിടെ പ്രസ്താവിക്കാതെ തരമില്ല.

ഈ ഗ്രന്ഥനിൎമ്മാണത്തിന് എന്നെ പ്രേരിപ്പിക്കയും സഹായിക്കുകയും ചെയ്തിട്ടുള്ള എൻെറ ബഹുമാന്യസുഹൃത്തും എവറസ്റ്റാരോഹണങ്ങളിൽ ഭാഗഭാക്കായി ലോകപ്രഖ്യാതി നേടി

യിട്ടുള്ള ഒരു പർവ്വതാരോഹകനും ആയ ഡാക്ടർ ടി.എച്ച്.സോമർവെൽ അവർകളോടാണ് ഞാൻ ഏററവും കടപ്പെട്ടിരിക്കുന്നത്. ഈ കൃതിയുടെ വിവർത്തനത്തിനുവേണ്ടി മൂലഗ്രന്ഥകർത്താവിന്റെ അനുമതി വാങ്ങിത്തരികയും ഈ പുസ്തകത്തിൽ ചേർക്കുന്നതിനായി ഡാക്ടർ സോമർവെൽ തന്നെ എവറസ്റ്റ് ഭാഗങ്ങളിൽ വെച്ചു എടുത്ത ഫോട്ടോകൾ ബ്ളോക്ക് ചെയ്യിച്ചുതരികയും എവറസ്റ്റാരോഹണസംരംഭങ്ങളെപ്പററി സ്വാനുഭവത്തിൽ നിന്നും അനർഘമായ പല ഉപദേശങ്ങൾ തരികയും ചെയ്തു ഈ മഹാനുഭാവൻ എന്നെ സീമാതീതമായി സഹായിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ കൃത്യാന്തരബാഹുല്യങ്ങൾക്കിടയിൽ ഈ ഗ്രന്ഥത്തിന് ഒരു ആമുഖം കൂടെ എഴുതിത്തരുന്നതിന് സാധിച്ചതു് ആ ആരോഹണപടുവായ ശസ്ത്രക്രിയാവിദഗ്ധന്റെ അനന്യസാധാരണമായ ദയാശീലം ഒന്നുകൊണ്ടുമാത്രമാണ്. ആ മഹാത്മാവിനോടു എനിക്കുള്ള ഹൃദയംഗമവും നിസ്സീമവും ആയ കൃതജ്ഞതയെ അല്പമായിട്ടെങ്കിലും ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

എന്റെ പ്രഥമസാഹിത്യവ്യവസായശ്രമഫലമായ ഈ കൃതിയെ സജ്ജനങ്ങൾ അനുഭാവപുരസ്സരം സ്വീകരിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഇതിനെ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഗ്രന്ഥപാരായണം ഒരു കേരളീയ യുവാവിനെയെങ്കിലും, ദുഷ്കരമായ ജീവിതാരോഹണം വിജയപൂർവ്വം നിർവ്വഹിക്കുന്നതിന് അല്പമായിട്ടെങ്കിലും പ്രേരിപ്പിക്കുന്നപക്ഷം ഞാൻ കൃതകൃത്യനായി.

പാലാ,
1-8-108.

*Mathew M. Kuzhively.*

# വിഷയവിവരം.


| അദ്ധ്യായം. | | പേജ്. |
|---|---|---|
| 1 | അഭിനിവേശം ... ... ... | 1 |
| 2 | ഒരുക്കങ്ങൾ ... ... ... | 10 |
| 3 | യാത്ര ... ... ... | 22 |
| 4 | ചുംബിതാഴ്‌വര ... ... ... | 29 |
| 5 | ടിബററ് ... ... ... | 30 |
| 6 | എവറസ്റ്റിലേയ്ക്കു് ടുഗമനം ... ... ... | 40 |
| 7 | ഹാ! വഴികണ്ടുപിടിച്ചു ... ... ... | 47 |
| 8 | ഉത്തരകോളം ... ... ... | 59 |
| 9 | പിന്നീടും തയ്യാറാകുന്നു ... ... ... | 63 |
| 10 | രണ്ടാമത്തുയാത്ര ... ... ... | 72 |
| 11 | ആക്രമണം ... ... ... | 88 |
| 12 | പ്രാണവായുഉപയോഗിച്ചുള്ളശ്രമം ... ... | 97 |
| 13 | ഹിമപ്രവാഹപതനം. ... ... ... | 106 |
| 14 | പ്രധാനഫലം ... ... ... | 114 |
| 15 | പ്രാണവായുഉപയോഗം ... ... ... | 121 |
| 16 | മററനുമാനങ്ങൾ ... ... ... | 126 |
| 17 | മൂന്നാമത്തുപര്യടനസംഘം ... ... ... | 130 |
| 18 | ഡാർജിലിങ്ങിൽനിന്നു് റോങ്ങ്ബക്കിലേക്ക ... | 139 |
| 19 | ഹിമപ്പരപ്പിൽക്കൂടെ മുകളിലേയ്ക്കു് ... ... | 153 |
| 20 | അപകടം തീർന്നു ... ... ... | 168 |
| 21 | ഭയങ്കരവിപത്തു് ... ... . | 179 |
| 22 | അവരോധം ... ... ... | 192 |
| 23 | ഉൽഗമനപരിണാമം ... ... ... | 201 |
| 24 | മാലോറിയും ഐർവിനും... ... ... | 209 |
| 25 | ഓഡൽ ... ... ... | 220 |
| 26 | വലിയകടങ്കഥ ... ... ... | 230 |
| 27 | ബഹുമതി ... ... ... | 237 |
| 28 | വിധിക്കപ്പെട്ടവൃത്തം ... ... ... | 241 |
| 29 | അത്യുയരമേഖലകളിലെ ജീവസസ്യജാലങ്ങൾ ... | 249 |
| 30 | നാലാമത്തുപര്യടനസംഘം... ... ... | 254 |

# ശുദ്ധിപത്രം

| പേജ്. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 4 | 29 | പര്യവേക്ഷഷണങ്ങൾ | പര്യവേക്ഷണങ്ങൾ |
| 16 | 2 | അറുമൈലിലധികം | ആറു് മൈലിലധികം |
| 18 | 22 | ബുദ്ധിമുട്ടും വഹിച്ച് | ബുദ്ധിമുട്ടും സഹിച്ച് |
| 23 | 14 | നിവൃത്തിമാർഗ്ഗത്തിനുള്ള | നിർവൃതിമാർഗ്ഗത്തിനുള്ള |
| 53 | 25 | ഹിമതലാപരിശോധന | ഹിമതലപരിശോധന |
| 57 | 33 | മഹനീയമാവുള്ളോവെ | മഹനീയനായുള്ളോവെ |
| 64 | 4 | ഒരു ഒരു നിമിഷം | ഒരു നിമിഷം |
| 68 | 5 | അസാധാരമായ | അസാധാരണമായ |
| 97 | 22 | പാടില്ലാതിരുന്നാൽ | പാടില്ലാതിരുന്നതിനാൽ |
| 181 | 15 | 17. ചു. തരണം തുടങ്ങി | 17, ചുമട്ടുകാരുമായി തരണം തുടങ്ങി |
| 183 | 25 | നിസ്കുന്നിടത്തു് | നില്ക്കുന്നിടത്തു് |
| 194 | 10 | ഊഷ്കളങ്ങളായ | ഊഷ്മളങ്ങളായ |
| 194 | 14 | സന്നദ്ധന്മാരായിരുന്നിരിക്കണം | സന്നദ്ധന്മാരായിരിക്കണം. |
| 194 | 29 | 4600 അടി | 24600 അടി |
| 198 | 31 | ചുരക്കേണ്ടിയിരുന്നു | ചുമക്കേണ്ടിയിരുന്നു |
| 206 | 23 | നിരാശാജനകമായിരുന്നു | നിരാശാജനകവുമായിരുന്നു. |
| 207 | 12 | അത്യന്ത ഭവിഷ്ഠ | അത്യന്തദവിഷ്ഠ |
| 216 | 8 | പർവ്വതാരോഹണാശക്തി | പർവ്വതാരോഹണാസക്തി. |
| 229 | 3 | ഭയമുണ്ടാകയുള്ളു | ദയവുണ്ടാകയുള്ളു. |
| 238 | 9 | അവരഞ്ഞിരുന്നില്ല | അവരറിഞ്ഞിരുന്നില്ല. |
| 239 | 3 | മതാ പാരസനന്വിത | മതാചാരസമന്വിത. |
| 244 | 13 | സംരക്ഷ ന്മാരായ | സംരക്ഷകന്മാരായ |
| 244 | 16 | ജനനവും | ജ്ഞാനവും |
| 248 | 3 | നാപ്ബ്യൂയിഷേ | നാപ്ബ്യൂയിഷേ |
| 248 | 3 | ലാക്‌വാചേദി | ലാക്‌പാചേദി |
| 248 | 6 | ഇടയില്ല | ഇടയാകയില്ല |

# എവറസ്റ്റാരോഹണം.

UNIVERSITY LIBRARY MADRAS

## അദ്ധ്യായം ൧.

### അഭിനിവേശം.

ഭൂലോകത്തിലെ ഏററവും പൊക്കം കൂടിയ പർവ്വതാഗ്രഭാഗം ഹിമാലയത്തിലുള്ള എവറസ്റ്റ് ശൃംഗമാണല്ലൊ. മനുഷ്യപാദങ്ങൾക്ക് ഏററവും ദുഷ്പ്രാപ്യമെന്നു വിചാരിച്ചിരുന്ന അതിഗഹനങ്ങളും പ്രൌഢങ്ങളുമായ മൂന്നു ഭൂവിഭാഗങ്ങളാണ് ദക്ഷിണോത്തരധ്റുവങ്ങളും എവറസ്റ്റ് ശൃംഗവും. അനേകനാളത്തെ അവിശ്രാന്ത ശ്രമഫലമായി ധ്റുവദേശങ്ങളെ മനുഷ്യൻ ഇപ്പോൾ മിക്കവാറും കീഴടക്കിക്കഴിഞ്ഞിരിക്കുന്നു. അനേകായിരം സംവത്സരക്കാലത്തേക്ക് നിഗൂഢമായി വച്ചുകൊണ്ടിരുന്ന ധ്റുവ വൃത്താന്തങ്ങൾ ഇക്കാലത്തു നമുക്ക് ഏറെക്കുറെ അറിയുന്നതിനു സാധിച്ചിട്ടുണ്ടു്. എങ്കിലും എവറസ്ററു ഇന്നും മാനുഷിക ശക്തികൾക്കതീതനായി ഗംഭീരനായിത്തന്നെ നില്ക്കുന്നതേയുള്ളു. ആ വീരശൃംഗത്തെ ജയിക്കുന്നതിന് ഇതഃപര്യന്തം മനുഷ്യനു സാധിച്ചിട്ടില്ല.

എന്തിനായിരിക്കാം മനുഷ്യൻ എവറസ്ററു തരണത്തിനു ശ്രമിക്കുന്നതു്?

ലോകത്തിനും അതിലെ സകല ചരാചരങ്ങൾക്കും അധിപതിയായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യന്, പഞ്ചഭൂതങ്ങളെ അടക്കി ഭരിക്കുന്നതിനുള്ള ആകാംക്ഷ ജന്മസിദ്ധമാണ്. തൽഫലമായി മനുഷ്യൻ എല്ലാക്കാലത്തും പ്രപഞ്ചവുമായി യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നതായി കാണാം. ഈദൃശമായ ഒരു യുദ്ധമാണ് അജയ്യനായ എവറസ്റ്റിനോടും മനുഷ്യൻ നടത്തിയതു്. നിരവധി പണംവ്യയംചെയ്തും, അവർണ്ണ്യമായ കായക്ലേശങ്ങൾ സഹിച്ചും, ജീവനെത്തന്നെ സംത്യജിച്ചും, സാധാരണന്മാക്കു പ്രത്യക്ഷത്തിൽ ബാലിശമെന്നു തോന്നുന്ന എവറസ്റ്റാരോഹണത്തിനായി ചില മഹാരഥന്മാർ ശ്രമിച്ചിട്ടുണ്ടു്. ഈദൃശശ്രമങ്ങൾക്കു പ്രേരകമായ സംഗതി എന്തായിരിക്കാം?

നമ്മുടെ സമീപത്തെവിടെയെങ്കിലും ഒരു കുന്നോ മല

യോ ഉണ്ടായിരുന്നാൽ അതിൻെറ മുകളിൽ ഒന്നു കയറുന്നതിന് നമുക്കു പ്രകൃത്യാ ഒരാഗ്രഹം ജനിക്കുന്നില്ലയോ? കുന്നിൻെറ മുകളിൽ കയറിയാൽ ചുററുമുള്ള വിശാലവും നയനാഭിരാമവും ആയ പ്രകൃതിവിലാസങ്ങൾ കണ്ടു് ആനന്ദിക്കാമെന്നിരുന്നാലും നമ്മുടെ യഥാൎത്ഥ ഹൃൽഗതം അതു മാത്രമാണോ? മാനുഷിക ശക്തിയെ വെല്ലുന്നതക്ക ധിക്കാരഭാവത്തിൽ പ്രൌഢമായി നില്ക്കുന്ന കുന്നിനെ നമ്മുടെ പാദാഘാതമേല്പിച്ചു വിജയശ്രീലാളിതനായി ഒരു ജേതാവിൻെറ ഭാവത്തിൽ അതിൻെറ മുകളിൽനിന്നു സംതൃപ്തിയടയുന്നതിന് നമുക്കു ആഗ്രഹമില്ലാതിരിക്കയില്ലല്ലൊ. നമ്മുടെ ധീരതയെ ലോകസമക്ഷം പ്രകടിപ്പിച്ചു് ഇതരജനങ്ങളുടെ പ്രശംസാവചനമാധുരി ആസ്വദിക്കുന്നതിന് നമുക്ക് സ്വാഭാവികമായി ഒരു താല്പൎയ്യമുണ്ടു്. കുന്നുകയറുന്നതു ക്ലേശകരമായിട്ടുള്ളതാണെങ്കിലും അതിൻെറ ഉദ്ദേശ്യം നമ്മെ കുതൂഹലചിത്തരാക്കിത്തീൎക്കയും, കുന്നിൻെറ ഉപരിതലത്തിൽ എത്തിക്കഴിയുമ്പോൾ നമ്മുടെ ക്ലേശങ്ങൾ വിസ്മരിച്ചു തൽസ്ഥാനത്തു നമുക്ക് ആത്മാഭിമാനവും സംതൃപ്തിയും ഉളവാക്കുകയും ചെയ്യുന്നു.

പക്ഷെ അജയ്യനായി അന്തരീക്ഷത്തിൽ ഉയൎന്നുനില്ക്കുന്ന എവറസ്റ്റിനെ ആദ്യമായിക്കാണുമ്പോൾ ആ ഭയങ്കര രാക്ഷസൻെറ ശിരസ്സിൽ കയറിക്കളയാമെന്ന് ആരും സ്വപ്നേപി ചിന്തിക്കയില്ല. ഈ ശൈലരാജൻ മനുഷ്യശക്തിക്കതീതനായി ആകാശമദ്ധ്യത്തിൽ എത്തി ലയിക്കയാണ് ചെയ്യുന്നതു്. അനേകായിരം കൊല്ലങ്ങൾക്കു മുമ്പു മുതൽ ഈ മഹീധ്രസിംഹത്തെപ്പററി ഭാരതീയർ കണ്ടും കേട്ടും അറിഞ്ഞിട്ടുണ്ടെങ്കിലും ഒരുത്തൻപോലും അവൻെറ രൂക്ഷനയനങ്ങളിലേക്കു നോക്കിയിട്ടില്ല. പ്രാപഞ്ചിക വ്യാപാരങ്ങളെ അടക്കി അമാനുഷികമെന്നുതന്നെ ഇക്കാലത്തു വിചാരിക്കാവുന്നതായ ആത്മികശക്തികൾ പ്രാപിച്ചിട്ടുള്ള യോഗിവൎയ്യന്മാർപോലും ഹിമാലയത്തിൻെറ ഏററവും ഗുപ്തമായ അറയുടെ കവാടങ്ങൾ തുറക്കുന്നതിന് യത്നിച്ചിട്ടില്ല. ഹിമാലയ പ്രാന്തത്തിലുള്ള ചില തീൎത്ഥസ്ഥലങ്ങളിലേക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ഒന്നുംകൂടാതെ തന്നെ അനന്യസാധാരണമായ സഹനശക്തിയുള്ള ഭാരതീയർ പോകുന്നുണ്ടായിരിക്കാം. സമൎത്ഥനായ ഏതു എവറസ്റ്റാരോഹകനെയുംപോലെ സാഹസിക വൈഷമ്യങ്ങൾ സഹിക്കുന്നതിന് ഭാരതീയർ സന്നദ്ധന്മാരായിരിക്കാം. എങ്കിലും ഈ ഹിമശൃംഗങ്ങളിൽ കയറുന്നതിനുള്ള അഭിവാഞ്ഛപോലും അവൎക്കു ഉണ്ടായതാ

യിക്കാണുന്നില്ല. ഹിമവാന്റെ പരിതസ്ഥിതപ്രദേശങ്ങളിൽ അധിവസിക്കുന്ന ധീരന്മാരായ ജനങ്ങൾക്കുപോലും ഈ ആഗ്രഹം ഉളവാകുന്നില്ല. അവൎക്ക പൎവ്വതോപരിഭാഗത്തു് കയറുന്നതിന് ആവശ്യമായ കായികദാർഢ്യം ഉണ്ടെന്നുള്ളതു് ഏകദേശം ൨൦൦൦൦ അടി ഉയരംവരെ ചുമടുകളും വഹിച്ചുകൊണ്ടു് ൧൯൨൪-ാമാണ്ടു് കയറാൻ കഴിഞ്ഞതിൽനിന്നു മനസ്സിലാക്കാം. ൨൦൦൦൦ അടി ഉയരത്തിൽ ഭാരവും ചുമന്നുകൊണ്ടു കയറാൻ സാധിക്കുമെങ്കിൽ ൨൯൦൦൦അടി ഉയരത്തിൽ ചുമടുകൾകൂടാതെ കയറിഹിമവാന്റെ ശിഖരോപരി എത്താൻ സാധിക്കുമെന്നു് ന്യായമായി അനുമാനിക്കാം. എന്നിരുന്നാലുംഎവറസ്റ്റിന്റെ മുകളിൽ കയറുന്നതിനുള്ള ആഗ്രഹം അവൎക്ക ഒരിക്കലും ഉണ്ടായിട്ടുള്ളതായി അറിവില്ല.

ഈ സ്ഥിതിക്കു് അനേകായിരം മൈൽ അകലെ, ഇംഗ്ലണ്ടിൽ നിവസിക്കുന്ന ചില ആളുകൾക്കു, ഈ ആഗ്രഹം എങ്ങനെ ഉണ്ടായി? ആംഗ്ലേയരുടെ ഹൃദയവേദികളിൽ ഈ അഭിനിവേശംബീജാവാപം ചെയ്തതു്, യഥാൎത്ഥത്തിൽ സ്വിസ്സുകാരും, ഇറ്റാലിക്കാരുമാണു്. ആൽപ്സ് ശൈല ശിഖരങ്ങൾ ഹിമാലയ കൊടുമുടികളുടെ പ്രകൃതിമാത്രം ഔന്നത്യമുള്ളവയാണെങ്കിലും, പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനംവരെ അതു ബീഭത്സവും, അനിരോധകവുമാണെന്നു് ജനങ്ങൾ വിശ്വസിച്ചിരുന്നു. സ്വിസ്സുകാരനായ ഡിസസാസ്സൂറും, ഇറ്റലിക്കാരനായ പ്ലേസിഡിയസ്സും ആണു് ആൽപ്സ് പൎവ്വത ശൃംഗങ്ങളെ കീഴടക്കിയതു്. അവരുടെ ഈ ശ്രമത്തിൽ അസഹ്യമായ പല കഷ്ടതകളും സഹിക്കേണ്ടിവന്നു. അവൎക്ക ദേഹാസ്വാസ്ഥ്യവും, മസ്തിഷ്ക്ക മാന്ദ്യവും, ശ്വാസ തടസ്സങ്ങളും, നിരവധി ക്ലേശങ്ങളും ഉണ്ടായി. എങ്കിലും അവർ ഒടുവിൽ പൎവ്വതാഗ്രത്തിൽ എത്തുകതന്നെ ചെയ്തു. അധിക കാലവിളംബമെന്യേ, ആംഗ്ലേയരും, ഡിസോസ്സൂറിന്റെ കാലടികളെ പിൻതുടൎന്നു. കഴിഞ്ഞ നൂറ്റാണ്ടു മുഴുവനും ഇംഗ്ലീഷുകാർ ആൽപ്സ് പൎവ്വത തരണത്തിൽ ഉദ്യുക്തരായിരുന്നു. ആൽപ്സിനെ നിശ്ശേഷം തോല്പിച്ചതിന്റെശേഷം, അതിലും വലിയ വിജയങ്ങൾക്കായി ശ്രമിച്ചുതുടങ്ങി. ഡൌഗ്ലാസ് ഫ്രെഷ്ഫീൽഡ്, കാക്കസസ് പൎവ്വതങ്ങളിലെ ഏറ്റവും വലിയ കൊടുമുടിയിൽ കയറി. വൈൻസും, മാർട്ടിൻകോൺവേയും തെക്കെ അമേരിക്കയുടെ പശ്ചിമഭാഗത്തു് നെടുനീളമായിക്കിടക്കുന്ന ആൻഡീസ്സ് പംക്തികളിലെ പൊക്കംകൂടിയ കൊടുമുടി

കരം കീഴടക്കി. ഭയങ്കര ശൈലവീരന്മാരോടുള്ള ഘോരസമരത്തിൽ ഇററലിക്കാരും ഭാഗഭാക്കുകളായി. ആബ്രൂസിയിലെ ഡ്യൂക്ക്, ആഫ്റിക്കായിലെ റുവൻസോറി കൊടുമുടിയും, അലാസ്കായിലെ സെൻറ് എലിയാസ്സും, കയറി വിജയപതാകയുയൎത്തി.

ഈ വിജയത്തോടുകൂടി അത്യാശയും വളൎന്നു. ആൽപ്സും, കാക്കസ്സസ്സും, ആൻഡിസ്സും പരിപൂൎണ്ണമായി കീഴടക്കിയതിൻെറശേഷം വിജയകുതുകികളായ ജനങ്ങളുടെ നയനങ്ങൾ ലോകൈക ശൈലരാജനായ ഹിമവാൻെറ നേൎക്കു തിരിച്ചു. സ്ക്ലാൻജിൻറ വെയിററ് സഹോദരന്മാർ, ൨൨,൨൬൦ അടിവരെ പൊക്കത്തിൽ എത്തി. ഇൻഡ്യയിലെ സൎവ്വെ ഉദ്യോഗസ്ഥന്മാരുടെ റിക്കാർട്ടുകളിൽ, ജെ. എസ്സ്. പീക്കോക്ക്, ൧൮൬൨-ാമാണ്ടു ൨൨,൦൦൦ അടി ഉയരംവരെ കയറിയതായി പ്രസ്താവിച്ചുകാണുന്നു. മററു ചിലർ ഹിമവാൻെറ ഏററവും ഉന്നതമായ കൊടുമുടികളുടെ സ്ഥാനം ശരിയായി അറിയുന്നതിനുവേണ്ടി വളരെയധികം ഉയരത്തിൽ കയറിയിട്ടുണ്ടു്.

ആൽപ്സ് പൎവ്വതവുമായുള്ള സമരഫലമായി പ്രത്യേകം സാങ്കേതിക പ്രാഗത്ഭ്യവും, പ്രായോഗികജ്ഞാനവും, സിദ്ധിച്ചിട്ടുള്ള യൂറോപ്യന്മാരാണ്, ഏററവും ഉന്നതങ്ങളായ ഹിമാലയശൃംഗങ്ങളെ അവരോധം ചെയ്തിട്ടുള്ളതു്. യൂറോപ്പിലുള്ള മിക്ക രാജ്യങ്ങളിൽനിന്നും അമേരിക്കയിൽനിന്നുകൂടെയും പാശ്ചാത്യർ വന്നു ഇതിലേക്കു പരിശ്രമിച്ചിട്ടുണ്ടു്. ൧൮൮൩-ൽ ഗ്രഹാം ൨൩൧൮൮ അടി ഉയരത്തിൽ എത്തി എന്നു പ്രസ്താവിക്കുന്നു. മാർട്ടിൻകോൺവേ കാറക്കോറം പൎവ്വത ശൃംഗങ്ങളിലെ മാൎഗ്ഗദൎശകനായിത്തീൎന്നു. സ്വിസ്സുകാരനായ ഡോക്ടർ ജാക്കോട്ടു ഈ പ്രാലേയ പ്രദേശങ്ങളിൽ ഗവേഷണങ്ങൾ നടത്തി. അമേരിക്കാക്കാരായ ഡോക്ടർ ബുള്ളോക്ക് വൎക്കമാനും, പത്നിയും, ൨൩൪൦൦ അടിയോളം കയറി. ഡോക്ടർ ലോംഗ്സ്റ്റാഫ് ൨൩൪൦൬ അടിയോളം കയറി. ട്രിസൂളിൻെറ അഗ്രത്തിലെത്തി. ഡോക്ടർ ഫ്രെഷ്ഫീൽഡ് കാഞ്ചനശൃംഗത്തിൽ പൎയ്യവേക്ഷണങ്ങൾനടത്തി.

ഒരു പൎവ്വതത്തിൽ എത്ര ഉയരംവരെ മനുഷ്യന് കയറാമെന്നു് പരിക്ഷിക്കുന്നതിനുള്ള ഏററവും വ്യവസ്ഥാപിതവും പ്രൌഢവുമായ ശ്രമം മേൽപറഞ്ഞ ആരോഹണങ്ങൾക്കു ശേഷമാണുണ്ടായതു്. കിഴക്കാംതൂക്കായ പാറക്കൂട്ടങ്ങളോ, അജയ്യമായ അചലഭാഗങ്ങളോ, ഹിമസംഹതിയോ, മററു പ്രകൃതിവിഘാതങ്ങളോ അല്ല മനുഷ്യനെ ഹിമാലയാഗ്രത്തിൽ എത്തിക്കുന്നതിനു

പ്രതിബന്ധങ്ങളായിനില്ക്കുന്നതു്. ഹിമാലയപർവ്വതതരണംപോലെതന്നെ കൃഛ്റസാദ്ധ്യമായ ആൽപ്സ് തരണശ്രമത്തിൽ മനുഷ്യൻ ഭൂപ്രകൃതിവിഘാതങ്ങളെയെല്ലാം ജയിക്കുന്നതിനു സാധിച്ചു. സംഭ്രമജനകമായ കട്ടംതൂക്കപ്പാറകളേയും, ഭീകരമായ ഹിമശിഖരങ്ങളേയും മനുഷ്യൻ പാദമർദ്ദനം ചെയ്തു കീഴ്പ്പെടുത്തി രക്തംപോലും ഘനീഭവിപ്പിക്കുന്ന ഹിമാലയത്തിലെ അതിശൈത്യവുമല്ല മനുഷ്യന്റെ പർവ്വതോപരിഗമനത്തെ തടഞ്ഞിട്ടുള്ളതു്. ധ്രുവപ്രദേശങ്ങളിൽ മനുഷ്യൻ ഹിമാലയശിശിരത്തേക്കാളും കാഠിന്യമേറിയ തുഷാരബാധയെ സഹിച്ചിട്ടുണ്ടു്. ഹിമാലയാരോഹണത്തിനുള്ള പ്രമുഖമായ വൈഷമ്യം, അത്യുന്നതാന്തരീക്ഷത്തിൽ മനുഷ്യനു പ്രാണസംരക്ഷണത്തിനു മതിയാവുന്ന അളവിലുള്ള പ്രാണവായുവിന്റെ അഭാവമാണു്. ഭൂമിയിൽനിന്നു് മേല്പോട്ടു ഉയരുന്തോറും വായുവിനു് ഘനം കുറഞ്ഞുകുറഞ്ഞുവരുന്നു. അതോടുകൂടി പ്രാണവായുവും വിരളമായിത്തീരുന്നു. മനുഷ്യന്റെ അനുനിമിഷമുള്ള ജീവചൈതന്യത്തിനു് തീരെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ജീവസന്ധാരണവായുവാണു് അമ്ലത അഥവാ അമ്ലജനകം. പ്രാണവായു കുറവായിക്കാണുന്ന ലുപ്തഘനാന്തരീക്ഷത്തിൽക്കൂടി ഇതരസജ്ജീകരണങ്ങളൊന്നും കൂടാതെ ഒരു പർവ്വതത്തിൽ എത്ര ഉയരംവരെ മനുഷ്യർക്കു കയറാൻ സാധിക്കും എന്നുള്ളതായിരുന്നു ആബ്രൂസ്സിയിലെ ഡ്യൂക്കിന്റെ നേതൃത്വത്തിൽ ഇററലിക്കാർ നടത്തിയ ഭൂപ്രകൃതി പര്യവേഷണസംഘക്കാർക്കു അറിയേണ്ടിയിരുന്നതു്. നീപ്പാൾ ഗവർമ്മെണ്ടിന്റേയോ ടിബററിലെ സർക്കാരിന്റേയോ അനുമതി ലഭിക്കുന്നതിനുള്ള വിഷമംകൊണ്ടു് പ്രസ്തുത രാജ്യങ്ങളുടെ ഇടയിൽ സ്ഥിതിചെയ്യുന്ന എവറസ്ററ് ഭാഗങ്ങളിൽ ചെന്നു് പരീക്ഷണങ്ങൾ നടത്തുന്നതിനു ഡ്യൂക്കിനു സാധിച്ചില്ല. അതിനാൽ കാറക്കോറം പംക്തികളിൽ ൨൮, ൨൫൦ അടി പൊക്കമുള്ള 'കെ.൨' എന്ന ശിഖരത്തിൽ കയറാൻ ഉദ്യമിച്ചു. പക്ഷെ ഇതു തിരെ അപ്രായോഗികമായിത്തോന്നിയതിനാൽ ബ്രൈഡ് എന്ന പേരോടുകൂടിയ ൨൪൬൦൦ അടി ഉയരമുള്ള മറെറാരു ശൈലാഗ്രത്തിലേക്കു കയറിത്തുടങ്ങി. മൂടൽമഞ്ഞും, ശൈത്യമാരുതപ്രവാഹവും ഇല്ലായിരുന്നു എങ്കിൽ അദ്ദേഹം ശൃംഗോപരിഭാഗത്തു ഒരു പക്ഷെ എത്തുമായിരുന്നു.

ഇപ്രകാരം മനുഷ്യർ പർവ്വതവിജയത്തിൽ ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുവരികയായിരുന്നു. എവറസ്ററുശൈലം ത

ന്നെ മനുഷ്യചരണങ്ങൾക്കു് കീഴാക്കിക്കളയാമെന്നുള്ള ആഗ്രഹം അചിരേണ മനുഷ്യഹൃദയങ്ങളിൽ വേരൂന്നി പ്രബലപ്പെട്ടുതുടങ്ങി. 1893-ാമാണ്ടു് ഒരു സൈനികോദ്യോഗസ്ഥനായ ഓണറബിൾ സി. ജി. ബ്രൂസ്സ് ഈ സംഗതിയെപ്പററി വിചിന്തനംചെയ്തു. ഇദ്ദേഹം മാർട്ടിൻകോൺവേയുടെകൂടെ കാറക്കോറം പര്യന്വേഷണത്തിൽ സംബന്ധിച്ചിട്ടുണ്ടു്. ബ്രൂസ്സ്, ചിത്രാളിൽ ഔദ്യോഗികവൃത്തിയിലേപ്പെട്ടിരുന്ന കാലത്താണു് എവറസ്ററു് കയററത്തിനുള്ള അഭിനിവേശമുണ്ടായതു്. പക്ഷെ ഈ ആഗ്രഹനിവൃത്തിക്കു സന്ദർഭം ലഭ്യമായില്ല. അനേകനാളുകൾക്കുശേഷം ഇൻഡ്യാവൈസ്രോയി ആയിരുന്ന കഴ്സൻ പ്രഭുവിനു് ഈ അഭിപ്രായം തോന്നുകയും, അതു് ഡൌഗ്ലാസ്സ് ഫ്രെഷ്ഫീൽഡിനെ അറിയിക്കയുംചെയ്തു. നീപ്പാൾ ഗവണ്മെണ്ടിൻെറ അനുമതി കഴ്സൻ പ്രഭുവിനു ലഭിക്കുന്നപക്ഷം ലണ്ടനിലെ രാജകീയ ഭൂമിശാസ്ത്രസംഘവും, ആൽപസ് പര്യടനസംഘവും കൂടിയോജിച്ചു് എവറസ്ററു പർവ്വതത്തിലേക്കു് ഒരു ആരോഹണസംഘത്തെ നീപ്പാൾമാർഗ്ഗം അയക്കണമെന്നു് അദ്ദേഹം ആഗ്രഹിച്ചിരുന്നു. നീപ്പാൾ സർക്കാരിൻെറ അനുമതി ലഭിക്കാതിരുന്നതിനാൽ കഴ്സൻ പ്രഭുവിൻെറ ഈപ്സിതം പ്രായോഗികമായില്ല.

ആൽപ്സ് തരണ സമാജത്തിൻെറ പ്രസിഡണ്ടായിരുന്ന ഫ്രെഷ്ഫീൽഡ്, രാജകീയഭൂമിശാസ്ത്രസംഘത്തിൻെറ പ്രസിഡണ്ടായപ്പോൾ അദ്ദേഹത്തിനു വലിയ ആഗ്രഹമുണ്ടായിരുന്ന എവറസ്ററുതരണശ്രമങ്ങൾ നിശ്ചയമായുംചെയ്യുമായിരുന്നു. പക്ഷെ ഇക്കാലത്തു ലോകമഹായുദ്ധം നടന്നുകൊണ്ടിരുന്നതിനാൽ അദ്ദേഹത്തിൻെറ ആഗ്രഹനിവൃത്തിക്കു സൌകര്യമില്ലാതെപോയി. യുദ്ധാനന്തരം ഈ ആശയം ക്യാപ്ററൻ നോവെൽ, പുനർജ്ജീവിപ്പിച്ചു. അദ്ദേഹം 1913-ൽ എവറസ്ററു ഭൂവിഭാഗപരിശോധനയ്ക്കായി ടിബററിൽ പോയി. ഇക്കാലത്തു ബ്രിഗേഡിയർ റോളിങ്ങ്സും, എവറസ്ററുയാത്രയെപ്പററി ചിന്തിക്കുകയായിരുന്നു. സർ ഫ്റാൻസീസ് യങ്ങ്ഹസ്ബൻഡ് 1920-ൽ ലണ്ടനിലെ രാജകീയഭൂമിശാസ്ത്രസംഘത്തിൻെറ പ്രസിഡണ്ടായപ്പോൾ, എവറസ്ററാരോഹണാശയം പ്രായോഗികമാക്കുന്നതിനുള്ള സമയമായി എന്നു തോന്നിത്തുടങ്ങി. ഈ ഗ്രന്ഥകർത്താവായ അദ്ദേഹം ഹിമാലയപ്രദേശങ്ങളിലും, ററിബററിലും അനേകവർഷക്കാലം അധിവസിച്ചിട്ടുണ്ടു്. അതിനാൽ അദ്ദേഹത്തിനു

സ്ഥലപരിചയം ധാരാളമുണ്ടായിരുന്നു. വെറും വ്യക്തിപരമായി മാത്രം സാധിക്കാവുന്നതിനേക്കാൾ,– ആൽപ്സ് പൎവ്വതം കയറുന്നതിന് ശ്രമിക്കുന്ന മൂന്നുനാലുപേർ മാത്രം അടങ്ങിയ സംഘങ്ങൾക്കു സാധിക്കാവുന്നതിനേക്കാൾ,– വിപുലവും മഹനീയവുമായ കാൎയ്യങ്ങൾ നിൎവ്വഹിക്കുന്നതിന് ഒരു വലിയ സൊസയിററിയുടെ ആഭിമുഖ്യത്തിൽ പുറപ്പെടുന്ന സംഘത്തിനു പ്രയാസമില്ലല്ലൊ.

ഇക്കാലത്തു് മറെറാരു മാൎഗ്ഗത്തിൽക്കൂടെയും ഗണനീയമായ അഭിവൃദ്ധിയുണ്ടായി. ഡ്യൂക്ക് ഹിമാലയാചലാരോഹണത്തിൽ ഏൎപ്പെട്ടിരിക്കുന്ന കാലത്തു് ബ്ളെറിയോട്ട് വ്യോമയാനമാൎഗ്ഗം ഇംഗ്ലീഷ് ചാനൽ തരണംചെയ്യുകയായിരുന്നു. ലോകമഹായുദ്ധം വിമാനനിൎമ്മാണാഭിവൃദ്ധിയെ സാരമായി സഹായിച്ചിട്ടുണ്ടു്. തൽഫലമായി മനുഷ്യന് എവറസ്റ്റിനേക്കാൾ ഉയരത്തിൽ പറക്കുന്നതിന് സാദ്ധ്യമായിത്തീൎന്നു. വിമാനത്തിൽ മനുഷ്യന് വിയൻമാൎഗ്ഗത്തിൽ എത്രമാത്രം ഉയരത്തിൽ എത്താമെന്നുള്ളതു്, പൎവ്വതാരോഹകനേക്കാൾ കൂടുതലായി ഒരു വൈമാനികന്റെ കാൎയ്യമായി ഗണിച്ചുതുടങ്ങി. വൈമാനികൻ മലകയററക്കാരനെ തോല്പിച്ചുകഴിഞ്ഞു. എന്നാൽ ഇനി എന്തിനാണ് എവറസ്ററു കൊടുമുടിയിൽ കയറുന്നതിനു ശ്രമിക്കുന്നതു്? അതിനേക്കാൾ ഉയരത്തിൽ മനുഷ്യൻ വിമാനത്തിൽ പറന്നെത്തിക്കഴിഞ്ഞല്ലോ.

കാൽനടയായി പൎവ്വതശിഖരത്തിൽ എത്തുന്നതും വിമാനത്തിൽ പറന്നുകയറുന്നതുമായി ആനയും ആടുംപോലെയുള്ള അന്തരമുണ്ടു്. വൈമാനികൻ സുഖമായി വിമാനത്തിൽ ഇരിക്കയും യന്ത്രശക്തി അവനെ മുകളിലേക്കു നയിക്കയും ചെയ്യുന്നു. വിമാനം ശരിയായി പറപ്പിക്കുന്നതിനുള്ള പ്രാവീണ്യവും പരിചയവും വൈമാനികനു വേണമെന്നിരുന്നാലും അവനെ മുകളിലേക്ക് നയിക്കുന്നതു് യന്ത്രംതന്നെയാണല്ലൊ. ആകാശത്തിലേക്കുയരുന്തോറും പോരാതെവരുന്ന പ്രാണവായു ലഭിക്കുന്നതിന് പ്രത്യേക ഉപകരണങ്ങൾ ആകാശനൌകകളിൽത്തന്നെഉണ്ടു്. വൈമാനികനെ അയാളുടെ കായബലമല്ലല്ലൊ മുകളിലേക്കു വഹിച്ചുകൊണ്ടുപോകുന്നതു്. എന്നാൽ പൎവ്വതം കയറുന്ന ആളിന്റെ ശരീരം അയാൾ തന്നെവേണം വഹിച്ചു മുകളിലേക്കു കയററാൻ. മററു യാതൊരു ബാഹ്യശക്തികളും മലകയററക്കാരനെ സഹായിക്കുന്നില്ല. അയാൾ എത്ര പൊക്കത്തിലെത്തിയാലും ഭൂതലത്തെ

സമ്മർദ്ദിച്ചുകൊണ്ടുതന്നെ നില്ക്കണം. ഇതര സഹായങ്ങളൊന്നും കൂടാതെ മനുഷ്യന്റെ പ്രകൃതിദത്തമായ ശക്തിമാത്രം ഉപയോഗിച്ച് പ്രാപിക്കാൻ പാടില്ലാത്തതായ ഔന്നത്യമേറിയ ഭൂവിഭാഗങ്ങൾ ഭൂതലത്തിലെങ്ങാനും ഉണ്ടോ എന്നാണ് നമുക്കറിയേണ്ടതു്. അതിനാൽ ലോകത്തിലെ ഏററവും പൊക്കംകൂടിയ പർവ്വതത്തിൽത്തന്നെ—29002 അടി ഉയരമുള്ള എവറസ്റ്റിൽ—നമ്മുടെ പരീക്ഷണങ്ങൾ നടത്താം.

ഈ ശ്രമങ്ങളെല്ലാം എന്തിനാണെന്ന് ചിലർ ചോദിക്കാറുണ്ട്. എവറസ്റ്റിന്റെ അഗ്രത്തിൽ എത്തണമെങ്കിൽ ഒരു വിമാനത്തിൽകയറി അവിടെ ഇറങ്ങരുതോ? അങ്ങിനെയാണെങ്കിൽ വലിയ വാശിയിലും മത്സരത്തിലും നടത്തിവരുന്ന പ്രശസ്തമായ ചമ്പക്കുളത്തെവള്ളംകളിയ്ക്ക് എന്തിനാണ് ആളുകൾ കൈകുഴഞ്ഞു് ബദ്ധപ്പെട്ടു തണ്ടുവലിക്കുന്നതു്? നിശ്ചിത സ്ഥാനത്തു മൻപേ എത്തുന്നതിന് ഒരു ചെറിയ മോട്ടോർ ബോട്ടിൽകയറി സുഖമായി ആനന്ദിച്ചിരുന്നുകൊണ്ട് ഓടിച്ചാൽ പോരയൊ? വിദ്യാശാലകളിൽ കായിക മത്സരക്കളികൾ നടത്തുമ്പോൾ, അരമയിൽഓട്ടം, ഒരുമൈൽ ഓട്ടം മുതലായവയ്ക്ക് എന്താണ് സൈക്കിളോ മോട്ടോർകാറോ ഉപയോഗിക്കാൻ അനുവദിക്കാത്തതു്.?

എവറസ്റ്റ് കൊടുമുടിയിൽ കയറണം. സ്വന്തം പാദങ്ങൾ ഉപയോഗിച്ചുതന്നെ കയറണം. അതാണ് മനുഷ്യന്റെആഗ്രഹം. അതുതന്നെയാണ് കാര്യത്തിന്റെ രത്നച്ചുരുക്കവും. നമ്മുടെ ആത്മാവിനു ഏററവും ആനന്ദജനകമായിരിക്കുന്ന സംതൃപ്തിയുണ്ടാകേണമെങ്കിൽ നമ്മുടെ ശക്തിയെപ്പററി നമുക്കുതന്നെ അഭിമാനം തോന്നണം. എപ്പോഴും നാം യന്ത്രശക്തിയെത്തന്നെആശ്രയിച്ചിരിക്കയാണെങ്കിൽ, ജീവിതം ഏററവും രസശൂന്യവും ശുഷ്കവും ആയിത്തീരും. നമ്മുടെ മനഃശ്ശരീരങ്ങളെ ശരിയായി വ്യാപരിപ്പിക്കുന്നതിനുപകരം, ഇപ്പോൾ ശാസ്ത്രങ്ങളെയും യന്ത്രങ്ങളെയും നാം കൂടുതൽ ആശ്രയിക്കാൻ തുടങ്ങിയിട്ടുണ്ട്. അതിനാൽ മാനുഷിക ശക്തികളെ ശരിയായി വിനിയോഗിക്കുന്നതിൽനിന്ന് ഉളവാകുന്ന നിസർഗ്ഗജീവിതസൌഭാഗ്യം നമുക്കുവളരെ നഷ്ടീഭവിച്ചു പോകുന്നുണ്ട്.

നമ്മുടെ സമീപത്തെങ്ങാനും ഒരു കുന്നിൻപുറം കണ്ടാൽ അതിന്മേൽ കയറുന്നതിന് പ്രകൃത്യാ ഒരാഗ്രഹം ജനിക്കുക സാധാരണയാണെന്ന് മുൻപു പ്രസ്താവിച്ചുവല്ലോ. ഈ സഹജമായ

അഭിവാഞ്ഛയുടെ വിപുലമായ ഒരു പ്രവൎത്തനം മാത്രമാണ് എവറസ്റ്റിൽ കയറുന്നതിനു മനുഷ്യനെ പ്രേരിപ്പിച്ചതു്. എവറസ്റ്റ് ആരോഹണത്തിന് ശക്തിമത്തായ ഒരു പരിശ്രമം ആവശ്യമാണെന്നിരുന്നാലും, ആരോഹണാദൎശത്തിന്റെ ഉല്പത്തി മനുഷ്യഹൃദയങ്ങളിൽ സാധാരണയായി കണ്ടുവരുന്ന അഭിവാഞ്ഛയിൽത്തന്നെയാണ് സ്ഥിതിചെയ്യുന്നതു്. ഭൌമികവും പ്രാപഞ്ചികവും ആയവയെ കീഴടക്കി, സാത്വികവും പാരത്രികവുമായ വിജയലബ്ധിക്കായി മനുഷ്യൻ സദാ ചെയ്യുന്ന പ്രയത്നങ്ങളുടെ ഒരു ഛായമാത്രമാണ് അവനെ എവറസ്റ്റിലേക്കു നയിക്കുന്നതും. മനുഷ്യനിൽ ലീനമായിരിക്കുന്ന സാത്വികപ്രേരണ അഥവാ, ആത്മീയപ്രചോദനം ഏററവും ബ്രഹ്മാണ്ഡവും ശക്തവും ആയ ഭൌമികവ്യാപാരങ്ങളെപ്പോലും അമൎച്ചചെയ്യുന്നതിനു സദാ ജാഗരൂകമായിരിക്കുന്നു.

മനുഷ്യനും മലയും ഭൂമിയിൽ ഉത്ഭവിച്ച രണ്ടു ശക്തികൾ തന്നെയാണ്. അതിനാൽ ഇവ തമ്മിൽ ഏതോ ഒരു ഐക്യമുണ്ടു്. പൎവ്വതങ്ങൾ ബാഹ്യചക്ഷുസ്സുകൾക്ക് എത്ര ഭീമാകാരവും ഭയാനകവുമായി തോന്നിയാലും സൃഷ്ടിഗണത്തിൽ നിശ്ചേതനമായ ഗിരികൂടം മനുഷ്യചരണങ്ങൾക്കു വിധേയം തന്നെയാണ്. വലിപ്പത്തിൽ പൎവ്വതത്തോടു താരതമ്യപ്പെടുത്തിയാൽ വെറും അഗണ്യനായ മനുഷ്യൻ, യഥാൎത്ഥത്തിൽ സകല ലോകപൎവ്വതശ്രേണികളെക്കാളും മഹനീയൻതന്നെ. പഞ്ചഭൂതാത്മകമായ സകലത്തിനേയും കീഴടക്കുന്നതിനുള്ള ഒരു ദിവ്യചൈതന്യദീപ്തി മനുഷ്യഹൃദയവേദികളിൽനിന്നു പ്രസരിക്കുന്നിടത്തോളം കാലം, ഭൂതലമഹാചലഘണം മൎദ്ദിച്ചതിനുമേൽ മാത്രമെ മനുഷ്യൻ ശാന്തചിത്തനാകയുള്ളൂ, നിശ്ചയം. അല്ലയോ എവറസ്റ്റുത്തുംഗമേ! നീ ഗൎവ്വിഷ്ഠവും, പ്രൌഢവുമായി എത്ര ഉയരത്തിൽ സ്ഥിതിചെയ്താലും മനുഷ്യൻ തെല്ലും ചഞ്ചലപ്പെടുകയില്ല. അവനു യാതൊരു ക്രൂസലുമുണ്ടാകയില്ല. അവന്റെ മനശ്ശക്തിയും പ്രാഭവവും, ജീവനും, ബോധവും, അത്യുന്നതശൈലശൃംഗങ്ങളെക്കാൾ ഉന്നതമായി പറന്നുകൊണ്ടു തന്നെയിരിക്കും. അവന്റെ പാദതാഡനംകൊണ്ടു് ഏതു മഹാഭയങ്കരശൃംഗരാക്ഷസനേയും പരിപൂൎണ്ണമായി കീഴടക്കുന്നതുവരെ അവൻ അടങ്ങുകയില്ല.

ഇതുതന്നെയാണ് എവറസ്റ്റ് ആരോഹണസംരംഭത്തിൽ ലീനമായിക്കിടക്കുന്ന ഹൃൽപ്രചോദനവും. മനുഷ്യമാഹാത്മ്യവിശദീകരണശ്രമത്തിൽ അവന്റെ ബാഹ്യാന്തരശക്തി പ്രയോഗഫ

ലമായി, ആനന്ദാനുഭൂതിയും അഥവാ നിർവൃതിതന്നെയും അനുഭ വിക്കുന്നതിനു ഇടയാകുന്നു. ആ സ്ഥിതിയ്ക്ക് എന്തുകൊണ്ടു മനുഷ്യൻെറ ശക്തിയുടെ പരിധി നിർണ്ണയിക്കുന്നതിനു ശ്രമിച്ചുകൂടാ?

## അദ്ധ്യായം ൨.

### ഒരുക്കങ്ങൾ.

എവറസ്റ്റാരോഹണാഭിവാഞ്ഛ മനുഷ്യഹൃദയങ്ങളിൽ ക്രമേണ വിപുലവും, സ്പഷ്ടവുമായി വളൎന്നുതുടങ്ങി. ഒരു വിദൂരസ്ഥലത്തുനിന്ന് ഹിമാലയശിഖ ദൎശനം ചെയ്തു്, ഊഹാപോഹങ്ങൾകൊണ്ടു് സംതൃപ്തിയടയുന്നതിനു മനുഷ്യൎക്കു ഇനി ലേശവും ക്ഷമയില്ലെന്നായി. അവരുടെ സുഷുപ്തിയിൽനിന്നുണൎന്നു കാൎയ്യമായി പ്രവൎത്തിക്കുന്നതിനുള്ള സമയം അത്യാസന്നമായി. ആലോചനയുടെ സമയങ്ങൾ പോയിക്കഴിഞ്ഞു. പ്രവൃത്തിയുടെ സമയം ആഗതമായി. ഇതെങ്ങനെ പ്രവൃത്തിരൂപത്തിലാക്കിയെന്നുള്ള കഥയാണ് ഇനി പ്രസ്താവിക്കുവാനുള്ളതു്. ഈ കഥ സാമാന്യേന മൂന്നു ഭാഗങ്ങളായി വിഭജിക്കാം.

ഒന്നാമതായി പൎവ്വതപ്രാന്തങ്ങളെ സംബന്ധിച്ച് ശരിയായ വിവരങ്ങൾ മനസ്സിലാക്കുക. ഇതുവരെ ഒരു പാശ്ചാത്യനും ഈ മഹാശൈലത്തിൽ ശരിയായ പരിധിവരെ ഉയരത്തിൽ സഞ്ചരിക്കത്തക്കവണ്ണം അതിനെ സമീപിച്ചിട്ടുണ്ടായിരുന്നില്ല.

രണ്ടാമതായി എവറസ്റ്റ് മകുടത്തിൽ എത്തുന്നതിനുള്ള ശ്രമം. മിസ്റ്റർ മാലൊറിയാണ് എവറസ്റ്റിലേക്കു പ്രായോഗികമായ ഒരു വഴി കണ്ടുപിടിച്ചു് ഈ യത്നം പ്രവൃത്തിപദ്ധതിയിൽ കൊണ്ടുവരുന്നതിന് ഇടയാക്കിയതു്. മാലൊറിയുടെ ശ്രമം ഫലപ്രദമായില്ലെങ്കിലും ൨൭൦൦൦ അടി ഉയരംവരെ കയറുന്നതിനു മനുഷ്യൎക്കു സാദ്ധ്യമാണെന്നു ലോകരെ മനസ്സിലാക്കുന്നതിനു പൎയ്യാപ്തമായിരുന്നു.

മൂന്നാമത്തെ ഭാഗം ശോകപൎയ്യവസായിയായിത്തീൎന്ന ദ്വിതീയ ശ്രമമാണ്. ഈ അവസരത്തിൽ മനുഷ്യനു ബാഹ്യസഹായങ്ങൾ കൂടാതെ 28100 അടി മുകളിൽ എത്താമെന്നുള്ള

വസ്തുത ലോകസമക്ഷം പ്രഖ്യാപനംചെയ്തു. ഇവയാണ് അത്യാപൽക്കരമായ എവറസ്റ്റ് ആരോഹണമാകുന്ന ഇതിവൃത്തത്തിലെ പ്രധാന വിഭാഗങ്ങൾ. ഇവയിൽ ഒന്നാമത്തെ ഭാഗമാണു നാം വിവരിക്കാൻ തുടങ്ങുന്നതു്.

ഏതെങ്കിലും ഒരു മഹനീയാദർശം പ്രവൃത്തിരൂപത്തിലേക്കു വിവർത്തനം ചെയ്യുന്നതിനു മുമ്പായി പല പ്രാരംഭവൈഷമ്യങ്ങളും പരിഹരിക്കേണ്ടതായിവരും. ഇക്കാര്യത്തിലെ പ്രാഥമിക വിഘാതങ്ങൾ പ്രകൃതിദത്തമായിട്ടുള്ളവയായിരുന്നില്ല. അതു മനുഷ്യരിൽനിന്നു തന്നെ ഉളവായതാണ്. തെക്കുഭാഗത്തുനിന്നും എവറസ്റ്റിലേക്കുള്ള മാർഗ്ഗത്തെ നീപ്പാളരാജ്യവാസികൾ പ്രതിരോധിച്ചിരുന്നു. ടിബററിലെ ജനങ്ങൾ വടക്കുനിന്നുള്ള വഴിയും തടഞ്ഞിരുന്നു. നീപ്പാളത്തുകാരുടെയോ ടിബററുകാരുടെയോ അനുമതി ലഭിക്കുകയെന്നുള്ളതായിരുന്നു പ്രഥമമായ സംഗതി. നീപ്പാളത്തുകാരുടെഅനുമതിലഭിക്കുക അസാദ്ധ്യമാണ്. അതിനാൽ തന്ത്രവും രാജനയങ്ങളും ഉപയോഗിച്ച് ടിബററുകാരുടെ അനുമതി സമ്പാദിക്കുന്നതായിരുന്നു, എവറസ്ററ് യാത്രാസംഘസംഘടനയ്ക്കു മുമ്പായി ചെയ്യേണ്ടിയിരുന്നതു്.

രാജകീയഭൂമിശാസ്ത്ര സൊസൈററിയും, ആൽപയിൻ ക്ലബുകാരും ഈ ഭൂമിശാസ്ത്രപര്യവേക്ഷണസംരംഭത്തിനു എത്ര മഹനീയസ്ഥാനം കല്പിക്കുന്നുഎന്ന് ഇൻഡ്യാ സ്റ്റെയിററു സെക്രട്ടറിയെ ഗ്രഹിപ്പിക്കുന്നതിനും, ഈ ശ്രമത്തിൽ അദ്ദേഹത്തിൻെറ സകല സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നതിനുംവേണ്ടി പ്രസ്തുത സംഘങ്ങളിലെ സാമാജികന്മാരടങ്ങിയ ഒരു ഡപ്യൂട്ടേഷൻ അദ്ദേഹത്തെ സന്ദർശിച്ചു. ഇൻഡ്യാഗവർമ്മെണ്ടിൻെറയും, ടിബററു ഗവർമ്മെൻറിൻെറയും അനുമതി ലഭിക്കുകയും, ടിബററിലേക്കു ഒരു പര്യടനസംഘത്തെ അയക്കുന്നതിന് സെക്രട്ടറി സമ്മതിക്കുകയും ചെയ്യുന്നപക്ഷം ഇൻഡ്യൻ ഗവർമ്മെൻറുമായി വേണ്ട ഇടപാടുകൾ ചെയ്യുന്നതിനായി കണ്ണൽ ഹോവേർഡ് ബ്യൂറിയെ ക്ഷണിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടെന്നും മററുമുള്ള സംഗതികൾ ഡെപ്യൂട്ടേഷൻ സെക്രട്ടറിയെ ഗ്രഹിപ്പിച്ചു.

രാജകീയഭൂമിശാസ്ത്ര സൊസൈററിയുടെ പ്രസിഡണ്ടായിരുന്ന സർ ഫ്റാൻസിസ് യങ്ഹസ്ബൻഡിൻെറ നേതൃത്വത്തിൽ പോയ ഡെപ്യൂട്ടേഷനെ ഇൻഡ്യയുടെ അണ്ടർ സെക്രട്ടറി ഓഫ് സ്റ്റെയിററു ആയിരുന്ന സിൻഹാപ്രഭുവാണു സ്വീകരിച്ചതു്. അദ്ദേഹം ഒരു ബംഗാളിയായിരുന്നു. ബംഗാളത്തുനിന്നു

നോക്കിയാൽ എവറസ്ററു കാണാം. സിൻഹാപ്രഭുവിനു ഈ പര്യടനത്തെ സംബന്ധിച്ച വലിയ ആസക്തിയൊന്നും കണ്ടില്ല. എങ്കിലും ഇൻഡ്യാസെക്രട്ടറിയുടെ പ്രതിനിധിയെന്ന നിലയിൽ, ഇൻഡ്യാ ആഫീസിനു പര്യടനത്തെ സംബന്ധിച്ച യാതൊരു വിസമ്മതവും ഇല്ലെന്നുള്ള സംഗതി അദ്ദേഹം പ്രസ്താവിച്ചു.

ഇങ്ങനെ ഒരു ദുർഘടം കടന്നുകൂടി. ഇതു് ഒരു വലിയദുർഘടം തന്നെയായിരുന്നു. മുമ്പിരുന്നഒരുഇൻഡ്യാസെക്രട്ടറിഇംഗ്ലീഷ്കാർ ടിബററിൽകൂടി സഞ്ചരിക്കുന്നതിനെപ്പററി വലിയ പ്രതികൂലാഭിപ്രായക്കാരനായിരുന്നു. പര്യടനക്കാരും പരിശോധകസംഘങ്ങളും എല്ലാം രാജ്യത്തിൽ വളരെ കുഴപ്പങ്ങൾ ഉണ്ടാക്കുമെന്നും അതിനാൽ അവയെ തടയണമെന്നുമായിരുന്നു ആ പഴയ സെക്രട്ടറിയുടെ അഭിമതം.

രണ്ടാമത്തെ പ്രതിബന്ധം ദൂരീകരിക്കുന്നതിനായി കണ്ണൽ ഹോവേർഡ് ബ്യൂറിയെ ഇൻഡ്യയിലേക്കയച്ചു. മഹായുദ്ധകാലത്തെ സേവനം കഴിഞ്ഞതിനുശേഷം, വിശ്രമമനുഭവിക്കുന്ന ഒരു സേനാനായകനായിരുന്നു അദ്ദേഹം. യുദ്ധകാലത്തിനുമുമ്പു് ബ്യൂറി ഉദ്യോഗത്തിലിരുന്നതു് ഇൻഡ്യയിലാണു്. അക്കാലത്തു നായാട്ടിനായി ഹിമാലയ പ്രാന്തപ്രദേശങ്ങളിൽ പലപ്പോഴും അദ്ദേഹം പോയിട്ടുണ്ടു്. എവറസ്റ്റ് ആരോഹണത്തിൽ സ്വതേ തല്പരനായിരുന്നതുകൊണ്ടു രാജകീയ ഭൂമിശാസ്ത്രസൊസയിററിയുടെ എതൽശ്രമത്തിനു് പ്രസ്തുത സൊസയിററിയുടെ ആഭിമുഖ്യത്തിൽ എന്തു ചെയ്യുന്നതിനും അദ്ദേഹം സന്നദ്ധനായിരുന്നു. ഭാഗ്യവശാൽ അദ്ദേഹം ഒരു നയകോവിദനും, സമർത്ഥനായ പ്രതിനിധിയും കൂടെയാണു്. ബ്യൂറി യഥാകാലം ഇൻഡ്യയിലെത്തി, അന്നത്തെ വൈസ്രോയി ആയിരുന്ന ചെംസ്ഫോർഡ് പ്രഭുവിനേയും പ്രധാന സേനാനായകനായിരുന്ന റോളിൻസൺ പ്രഭുവിനേയും കണ്ടു് എവറസ്റ്റാരോഹണശ്രമത്തിൽ അവരെ പ്രേരിപ്പിക്കയും, തല്പരന്മാരാക്കിത്തീർക്കയും ചെയ്തു. സിക്കിമിലെ ഇൻഡ്യൻ ഏജൻറായ സർ ചാറൽസ് ബെൽ ഇക്കാര്യത്തിൽ അനുകൂലാഭിപ്രായം പുറപ്പെടുവിക്കുകയാണെങ്കിൽ വൈസ്രോയിയും സേനാനായകനും, കഴിയുന്ന ഒത്താശകൾ ചെയ്യുന്നതിനു് സന്നദ്ധന്മാരാണെന്നു് പ്രസ്താവിച്ചു. തൽക്ഷണം ബ്യൂറി സിക്കിം എന്ന സ്ഥലത്തേക്കു പോയി, സർ ചാറൽസ്ബെല്ലിനെ കാണുകയും അദ്ദേഹത്തിൻെറ സകല ആനുകൂല്യങ്ങളും സമ്പാദിക്കുകയും ചെ

യ്യു. സർ ബെൽ ടിബററുകാരുടെ സ്നേഹബഹുമാനങ്ങൾ ആ ജ്ജിച്ചിട്ടുള്ള ഒരുദ്യോഗസ്ഥനാണ്. ഈദൃശ ശ്രമങ്ങളുടെയെല്ലാം ഫലമായി എവറസ്ററു യാത്രാസംഘം ടിബററിൽകൂടി പോകു ന്നതിന് തദ്രാജ്യ ഗവമ്മെണ്ടിൻെറ അനുമതി ലഭിച്ചിരിക്കുന്നതാ യി ൧൯൨൦—ാമാണ്ടു് ലണ്ടനിൽ അറിവുകിട്ടി.

പ്രമുഖമായ രണ്ടു വൈതരണികൾ തരണംചെയ്തുകഴി ഞ്ഞപ്പോൾ യാത്രാസംഘ രൂപവൽക്കരണം ഒരുവിധം സുകര മായിത്തീന്നു. എവറസ്ററു കയറുകയെന്നുള്ളതു് രാജകീയ ഭൂമി ശാസ്ത്ര സൊസയിററിക്കാക്കും ആൽപയിൻ ക്ലബ്ബുകാക്കും ഒരു പോലെ താല്പയ്യമുള്ള സംഗതിയാണ്. ഭൂബഹിർഭാഗത്തു് മനു ഷ്യനു പ്രവേശിക്കാമൊഎന്നു് പരിക്ഷിച്ചെങ്കിലും നോക്കാൻവ ഹിയാത്തതായ യാതൊരു ഭൂവിഭാഗവും ഇല്ലെന്നു് പ്രബലമായി വിശ്വസിച്ചിരുന്ന രാജകീയ സൊസയിററി ഇക്കായ്യത്തിൽ ബ ദ്ധകങ്കണരായിക്കാണപ്പെട്ടു. ആൽപയിൻ സംഘക്കാരുടെ പ്ര ധാന ആദശം പവ്വതാരോഹണമായിരുന്നതുകൊണ്ടു് എവറസ്റ്റ് പ്രസ്ഥാനം അവരെയും ഊജ്ജസ്വലന്മാരാക്കി. തൻമൂലം ഈ രണ്ടു സംഘങ്ങളും ഏകോപിച്ചു് എവറസ്ററു ഭൂപ്രകൃതി പയ്യ ന്വേഷണ യാത്രാസംഘം രൂപവല്കരിക്കണമെന്നു് നിശ്ചയിച്ചു. രാജകീയ ഭൂമിശാസ്ത്ര സൊസയിററിക്കു് യാത്രാസംഘങ്ങൾ ഉണ്ടാ ക്കുന്നതിന് കൂടുതൽ സൌകയ്യം ഉണ്ടായിരുന്നു എങ്കിൽ സാഹസീ കവൃത്തികൾക്കു് അനുയോജ്യമായ സഹനശക്തിയും, ധൈയ്യവും, തൻേറടവുമുള്ള ഊർജ്ജസ്വലന്മാരായ ആളുകളെ തെരഞ്ഞെടു ക്കുന്നതിന് ആൽപയിൻ ക്ലബ്ബുകാക്കു പ്രത്യേക പ്രാവീണ്യവുമു ണ്ടായിരുന്നു. രണ്ടു സംഘങ്ങളിൽ നിന്നുമായി മുമ്മൂന്നു് അംഗ ങ്ങൾവീതം ചേത്തു് എവറസ്റ്റ് ശൃംഗക്കമ്മെററി എന്ന അഭിധാന ത്തിൽ ഒരു സംയുക്തകമ്മററിയെ നിയമിച്ചു. ഹിമവാൻ പ വ്വത പ്രാന്തങ്ങളും പരിതസ്ഥലങ്ങളും പരിശോധിക്കുന്ന ഒന്നാമ ത്തു ഘട്ടത്തിൽ രാജകീയ ഭൂമിശാസ്ത്ര സൊസയിററിയുടെ അദ്ധ്യ ക്ഷൻ നേതൃത്വം വഹിക്കണമെന്നും, പവ്വതാരോഹണം തുടങ്ങു ന്നതായ രണ്ടാമത്തു ഘട്ടത്തിൽ ആൽപയിൻ ക്ലബ്ബിൻെറ പ്രസി ഡണ്ടു് നേതാവായിരിക്കണമെന്നും തീരുമാനിച്ചു.

എവറസ്റ്റ് ശൃംഗക്കമ്മെററിയിലെ അംഗങ്ങളുടെ പേരു കൾ താഴെ വിവരിക്കുന്നു:—

A. ലണ്ടൻ രാജകീയസൊസയിററി പ്രതിനിധികൾ.

1. സർ ഫ്റാൻസിസ് യങ്ങ്ഹസ്ബൻഡ്:
(ല. രാ. ഭൂ സൊ. പ്ര.)
2. മി. എഡ്വേർഡ് സോമേഴ്സ് കോക്ക്സ്.
3. കൎണ്ണൽ ജാക്ക്സ്.

B. ആൽപയിൻ ക്ലബ്ബിൻെറ പ്രതിനിധികൾ.

1. പ്രൊഫസർ നോർമൻ കോളി. (ആ. ക്ല. പ്രസിഡണ്ട്)
2. ക്യാപ്റ്ററൻ ജെ. പി. ഫറാർ.
3. മി. സി. എഫ്. മീഡ്.

മി. ഈററൻ.
മി. ഹിങ്ക്സ്. } ഓണററിസെക്രട്ടറിമാർ.

എല്ലാക്കാൎയ്യങ്ങൾക്കും പ്രഥമമായി വേണ്ടതു പണമാണല്ലൊ. എവറസ്റ്റ് യാത്രാസംരംഭങ്ങൾ വളരെയധികം പണച്ചെലവുള്ളവയുമാണ്. രണ്ടുസൊസൈയിററികളുടേയും അപ്പോഴത്തെ കോശസ്ഥിതി വളരെ അതൃപ്തികരമായിരുന്നു. അതിനാൽ ആവശ്യമുള്ള പണം മുഴുവൻ പിരിച്ചെടുത്തു ഉണ്ടാക്കേണ്ടിയിരുന്നു. ഈ കാൎയ്യത്തിൽ ആൽപയിൻ ക്ലബ്ബുകാർ അനിതരസാധാരണമായ ഔദാൎയ്യം പ്രദൎശിപ്പിച്ചു. ക്യാപ്റ്ററൻ ഫറാറിനു പണപ്പിരിവുവിഷയത്തിലുണ്ടായിരുന്ന സാമൎത്ഥ്യം വിശിഷ്യ പ്രശംസനീയമാണ്.

രാജകീയ ഭൂമിശാസ്ത്ര സൊസയിററിയിൽ പലരും എവറസ്റ്റാരോഹണം വെറും ആശ്ചൎയ്യകരവും പരിഭ്രമജനകവുംആയ ഒരു സാഹസം മാത്രമാണെന്നും പ്രത്യുത ബുദ്ധിപൂൎവ്വകമായ ഒരു ശാസ്ത്രീയാന്വേഷണ ശ്രമമല്ലെന്നും വിശ്വസിച്ചിരുന്നു. പൎവ്വതാരോഹണം മാത്രമാണ് പ്രധാന ഉദ്ദേശ്യമെങ്കിൽ അക്കാൎയ്യം വല്ലമലകയററക്കാൎക്കും മാത്രമായി വിട്ടുകൊടുക്കേണ്ടതാണ്; അല്ലാതെ ഭൂമിശാസ്ത്ര സൊസയിററിയുടെ ശ്രദ്ധയ്ക്കു വിഷയീഭൂതമാകേണ്ട ഒരു സംഗതിയല്ല, എന്നുപോലും ചിലർ മുക്തകണ്ഠം അപലപിക്കാതെയിരുന്നില്ല. സൊസൈററിയുടെ വിവിധോൻമുഖങ്ങളായ പ്രവൎത്തനങ്ങളെപ്പററി ഇത്ര സങ്കുചിതമായ അഭിപ്രായമുള്ള ചിലഗണനീയന്മാരും, ഒരു സ്ഥാ

നമൊഴിഞ്ഞ പ്രസിഡണ്ടുകൂടെയും ഉണ്ടായിരുന്നു. ഒരു ഭൂമിശാസ്ത്രജ്ഞൻെറ ഉദ്ദേശ്യം ഭൂപടനിമ്മാണം മാത്രമാണെന്ന് ഗണിച്ചിരുന്ന ഒരു പഴയകാലത്തിൻെറ പുനരാഗമനം ആയിരുന്നു അതു്. എവറസ്റ്റ് ആരോഹണ സംഘത്തിൻെറ ഏററവും പ്രധാനമായ ഉദ്ദേശ്യം ശൃംഗമകുടത്തിൽ എത്തുകയാണെന്നും, മററുള്ള സകല ഉദ്ദേശ്യങ്ങളും ഇതിനു വിധേയമായിമാത്രമെ ഗണിക്കുകയുള്ളു എന്നും, ആരംഭം മുതല്ക്കുതന്നെ എവറസ്റ്റാരോഹണ സംരംഭക്കാർ പ്രസ്പഷ്ടമായി പ്രസ്താവിച്ചിരുന്നു. യഥാത്ഥത്തിൽ പവ്വതാരോഹണം വെറും ആശ്ചയ്യജനകമോ സംഭ്രമ ബഹുലമോ ആയ ഒരു സാഹസികവൃത്തി മാത്രമല്ലായിരുന്നു. ഇതു് മനുഷ്യൻെറ സഹിഷ്ണതയും, ധീരോദാത്തതയും, എത്രമഹനീയമെന്ന് പരീക്ഷിച്ചറിയുന്നതിനുള്ള ഒരു അതിവിരളമായ സുവണ്ണാവസരവുംകൂടെയായിരുന്നു. ശൃംഗചക്രവത്തിയായ എവറസ്റ്റിനെ കീഴടക്കുന്നതിനു സാധിച്ചാൽ അജയ്യമായ പ്രകൃതി ദുഘടങ്ങൾ പ്രത്യക്ഷപ്പെടാത്തതും മനുഷ്യർ ഇതഃപയ്യന്തം കീഴടക്കുന്നതിനു ശ്രമിക്കാത്തതുംആയ അനേകം ശൃംഗ ശ്രേഷ്ഠന്മാരെയും നിഷ്പ്രയാസം തോല്പിച്ചുകളയാമെന്ന് മനുഷ്യക്ക് ഒരു ആത്മവിശ്വാസം തോന്നാതിരിക്കയില്ല. തൻമൂലം ഭൂമിശാസ്ത്രജ്ഞന്മാരുടെ പ്രവത്തന പദ്ധതികൾ വിസ്തൃതമാകുന്നതിനും, കണ്ടുപിടിക്കുന്നതായ അനേകം ഭൂവിഭാഗങ്ങൾ പരിശോധിക്കുന്നതിനു പലക്കും ആഗ്രഹം ജനിക്കുന്നതിനും ഇടയുണ്ട്.

ഭൂപട നിമ്മാണത്തെപ്പററി തെല്ലും അധൈയ്യപ്പെട്ടിട്ടാവശ്യമില്ല. അത്ഭുതകരമായതും ഇതഃപയ്യന്തം ആരും ശ്രമിക്കാത്തതുമായ ഒരു മഹാസാഹസീകവൃത്തിക്കു നാം ഉദ്യുക്തരായിരിക്കുന്നുഎന്നു ലോകംഅറിയട്ടെ. അപ്പോൾ ഭൂപടനിമ്മാതാക്കളും, പ്രകൃതിശാസ്ത്രജ്ഞന്മാരും, സസ്യശാസ്ത്രപടുക്കളും, ഭൂഗഭശാസ്ത്രവരേണ്യന്മാരും എല്ലാം ധാരാളമായി വന്നുകൊള്ളും. ഇതായിരുന്നു സൊസയിററിയിൽഅവതരിപ്പിച്ചതായ അഭിപ്രായം. ഇതുതന്നെയാണ് സൊസയിററി അംഗീകരിച്ചതും.

എവറസ്റ്റ് കമ്മററിക്കാർ പണശേഖരത്തോടുകൂടിത്തന്നെ യാത്രാസംഘത്തിലേക്കു ആളുകളെ തിരഞ്ഞെടുക്കുകയും ആവശ്യമായ സാധന സാമഗ്രികളും ഉപകരണങ്ങളും വാങ്ങിക്കുകയും ചെയ്തുകഴിഞ്ഞു. ആദ്യയാത്രയുടെ പ്രധാന ഉദ്ദേശ്യവും കമ്മററി യാത്രാസംഘത്തെ മനസ്സിലാക്കി. വെറും മാഗ്ഗപരിശോധന മാത്രമായിരുന്നു യാത്രാസംഘത്തിൻെറ പ്രഥമോദ്ദേശ്യം. ഇതഃ

പര്യന്തം ഹിമാലയത്തെപ്പററി വളരെ പരിമിതമായ ജ്ഞാനം മാത്രമെ ഉണ്ടായിരുന്നുള്ളു. എവറസ്റ്റിൽനിന്ന ആറു മൈലിലധികംവിദൂരമായ ഉത്തരേൻഡ്യയിലെ സമതലങ്ങളിൽനിന്ന് സർവ്വെ ചെയ്താണ് അതിൻെറ അകലവും പൊക്കവും കണക്കാക്കിയിരുന്നത്. സമതലങ്ങളിൽനിന്ന നോക്കിയാൽ എവറസ്റ്റ് ശൃംഗത്തിൻെറ പുഛഭാഗം മാത്രമെ കാണാൻ സാധിച്ചിരുന്നുള്ളു. ഡാർജിലിങ്ങിൽനിന്ന നോക്കിയാൽ ശൃംഗം കുറേക്കൂടെ സ്പഷ്ടമായി കാണാമായിരുന്നെങ്കിലും, അവിടെനിന്നും ദൂരം ഒട്ടുംകുറവല്ലായിരുന്നു. ഡാർജിലിങ്ങിൽനിന്ന് ശൃംഗാഗ്രത്തിലേക്ക നേരെ 80 മൈലോളമുണ്ട്. ഹിമാലയത്തിൻെറ ഉത്തരഭാഗത്തു കിടക്കുന്ന ടിബററുരാജ്യത്തിൽക്കൂടി റോളിങ്ങും, റൈഡറും, ഏകദേശം 60 മൈൽവരെ സമീപിച്ചിരുന്നു. നോവെൽ കുറെക്കൂടെ അടുത്തെത്തിയിരിക്കണം. എങ്കിലും ഇവകൊണ്ടൊന്നും ഹിമാലയത്തെപ്പററി കൂടുതൽ അറിവു സിദ്ധിക്കുന്നതിന സാധിച്ചില്ല. 16000 അടി ഉയരത്തിനും, 26000 അടിഉയരത്തിനും മദ്ധ്യേയുള്ള പർവ്വതപാർശ്വങ്ങളെപ്പററി അക്കാലത്തു യാതൊരറിവും ലബ്ധമായിരുന്നില്ല. ഹിമാലയൻ പ്രാന്തങ്ങളെപ്പററിയും, പർവ്വതഭൂപ്രകൃതികളെപ്പററിയും കുറെ പരിജ്ഞാനമുണ്ടായിരുന്ന നോർമൻകോളിയും, ഡൌഗ്ലാസ് ഫ്റെഷ്ഫീൽഡും, പർവ്വതശിഖരത്തിലേക്ക ഏററവും സുഗമമായവഴി കണ്ടുപിടിക്കണമെന്നും, ആവശ്യമെങ്കിൽ രണ്ടുമൂന്നുമാസക്കാലം മുഴുവനും ഭൂപ്രകൃതി പരിശോധനയ്ക്കും മാർഗ്ഗനിർണ്ണയത്തിനുമായി ചെലവഴിക്കണമെന്നും, ഉള്ളഅഭിപ്രായക്കാരായിരുന്നു. എളുപ്പവും പ്രായോഗികവുമായ വല്ലമാർഗ്ഗവും കണ്ടുപിടിച്ചെങ്കിൽ മാത്രമെ എവറസ്റ്റിൻെറ മുകളിൽകയറുന്നതിന സാദ്ധ്യമാകയുള്ളു. ഒരു യാത്രാസംഘം അതിയായ ക്ലേശങ്ങൾ സഹിച്ച് തീരെ സഞ്ചാരയോഗ്യമല്ലാത്ത ഒരുവഴിയിൽക്കൂടി കയറുന്നതിന ശ്രമിച്ചിട്ട് ഭഗ്നോത്സാഹരായി തിരിയെ നിരാശാക്രാന്തത്തിലേക്ക അവരോഹണം ചെയ്യുന്ന അവസരത്തിൽ സുഗമവും, ആരോഹണയോഗ്യവുമായ ഒരുപഥം കണ്ടുപിടിക്കാൻ ഇടയായി എന്നുവരികയാണെങ്കിൽ എത്ര ഭീമമായ നഷ്ടവും, നൈരാശ്യവും ആയിരിക്കും ഫലമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ.

പർവ്വത പരിസരങ്ങൾ പര്യന്വേഷണം ചെയ്യുകയെന്നുള്ളതു മാത്രമായിരുന്നു പ്രഥമയാത്രാസംഘത്തിൻെറ പ്രധാനോദ്ദേശ്യം. അതിനാൽ പർവ്വതപ്രദേശങ്ങളെപ്പററി ഉത്തരവാദിത്വ

ത്തോടുകൂടി അഭിപ്രായങ്ങൾ പറയുന്നതിനും, യാത്രാ പരിപാടികൾ നിശ്ചയിക്കുന്നതിനും പ്രാഗത്ഭ്യമുള്ള ഒരാളെ കണ്ടുപിടിക്കേണ്ടതു് ആവശ്യമായിരുന്നു. മി. ഹാരോൾഡ് റീബേൺ മലം പ്രദേശങ്ങളിൽ ധാരാളം പരിചയമുള്ള ഒരാളാണ്. ഒരുകൊല്ലംമുമ്പ് അദ്ദേഹം സിക്കിമിൽ പൎവ്വതാരോഹണം നടത്തിയിട്ടുണ്ട്. പക്ഷെ അദ്ദേഹത്തിനു ഈമാതിരി ജോലിക്കു പ്രായം അല്പം മുന്നോട്ടു കടന്നിരുന്നില്ലയോ എന്നു ശങ്കിക്കണം. സ്ഥലപ്രകൃതി പൎയ്യവേക്ഷണത്തിനു വലിയ ഉയരങ്ങളിൽ കയറേണ്ട ആവശ്യമില്ലായിരുന്നു എന്നുള്ളതു് അദ്ദേഹത്തിനു് അല്പം ആശ്വാസദായകംതന്നെയായിരുന്നു. പ്രായം അല്പം കവിഞ്ഞുപോയി എങ്കിൽ ആ ന്യൂനത പരിഹരിക്കുന്നതിനു് അദ്ദേഹത്തിന്റെ പരിചയം പൎയ്യാപ്തവുമായിരുന്നു.

അടുത്തകൊല്ലം, 1921—ൽ, നടത്താനിരുന്നതായ പൎവ്വതാരോഹണസംരംഭത്തിലേക്കു ആൽപയിൻ ക്ലബ്ബുകാർ ഒരാളെ നിയോഗിച്ചു. അതു മി. മാലൊറിയായിരുന്നു. പ്രസ്തുത ക്ലബ്ബിലെ ഏററവും സമൎത്ഥനായ മലകയററക്കാരനായിരുന്നു മാലൊറി. ജോർജ്ജു ലീമാലൊറി അക്കാലത്തു് ചാർട്ടർ ഹൗസിലെ (Charter House) ഒരദ്ധ്യാപകനായിരുന്നു. അദ്ദേഹത്തിന്റെ ആകാരത്തിൽ ബാഹ്യമായ യാതൊരു വിശേഷതയും ഉണ്ടായിരുന്നില്ല. കാഴ്ചയിൽ വെറും ഒരു സാധാരണനെപ്പോലെ മാത്രമാണ് ഇരുന്നതു്. സാമാന്യം സുമുഖനും, പരിഷ്കൃതാശയനുമെന്നു പ്രഥമദൃഷ്ടിയിൽ ആൎക്കും തോന്നും. ഒരു പൎവ്വതതരണശ്രമത്തിൽ അദ്ദേഹത്തെ കാണാൻ ഇടയാകാത്തവൎക്കു് മാലൊറിയുടെ പ്രത്യേക പ്രാഗത്ഭ്യത്തെപ്പററി യാതൊന്നും ഊഹിക്കാൻപോലും നിവൃത്തിയില്ല. മലകയററത്തിൽ സാങ്കേതിക പരിചയമില്ലാത്തവരായിരുന്നു യാത്രാസംഘത്തിലേക്കു് ആളുകളെ തിരഞ്ഞെടുത്തിരുന്നതെങ്കിൽ നിശ്ചയമായും മാലൊറിയേക്കാൾ മെഴുപ്പും, കൊഴുപ്പും, വലിപ്പവുമുള്ളവരെയേ എടുക്കുകയുണ്ടായിരുന്നുള്ളു.

മാലൊറി യാത്രാസംഘത്തിൽ ചേരുന്നതിനു് അത്യധികമായ യാതൊരു താല്പൎയ്യവും പ്രദർശിപ്പിച്ചില്ല. എവറസ്ററുകമ്മററി അദ്ദേഹത്തെ പൎയ്യടനസംഘത്തിലെ ഒരംഗമായി അഭിപ്രായപ്പെട്ടതിന്റെശേഷം പ്രസിഡണ്ടിനെ മുഖതാവിൽ കാണുന്നതിനായി നിയോഗിച്ചു. പ്രസിഡണ്ടുമായി കണ്ടതിനുമേൽ ഔദ്യോഗികമായ നിലയിൽ അദ്ദേഹത്തെ ക്ഷണിക്കേണ്ടിയിരുന്നു. ക്ഷണം സ്വീകരിച്ചപ്പോഴും മാലൊറിയുടെ യാതൊരു ഭാവഭേദ

വുമില്ലായിരുന്നു. ഒരു പർവ്വതാരോഹകൻ എന്ന നിലയിൽ തന്നെ കൊണ്ട് എന്തു സാധിക്കുമെന്ന് അദ്ദേഹത്തിനു പൂർണ്ണമായ ആത്മാഭിമാനം ഉണ്ടായിരുന്നു. മലകയററത്തിനു പേരെടുത്ത ഒരു ആളായിരുന്നു എങ്കിലും ലേശവും ആത്മപ്രശംസയോ ഭാവവ്യത്യാസമോ അദ്ദേഹത്തിൽ കണ്ടില്ല.

മാലൊറിയുടെ ഹൃദയത്തിൽ കുടികൊണ്ടിരുന്ന പർവ്വതാരോഹണത്തിനുള്ള തീവ്രമായ ആഗ്രഹജ്വാലയുടെ സ്ഫുലിംഗങ്ങൾ ഒരു സംഗതികൊണ്ടുമാത്രം വിശദമായി. അതു താഴെ പ്രസ്താവിക്കുന്ന സംഗതിയാണ്.

സമർത്ഥനായ മറെറാരു മലകയററക്കാരനെ യാത്രാസംഘത്തിൽ ഉൾപ്പെടുത്തുന്നതിനെപ്പററി എവറസ്ററ കമ്മററി അംഗങ്ങളിൽ ചിലർ വിപരീതാഭിപ്രായക്കാരായി കണ്ടു. ആ നിർദ്ദിഷ്ട അംഗത്തെ യാത്രാസംഘത്തിൽ ചേർത്താൽ അയാൾ ഇടയ്ക്കുവച്ചു കലഹിച്ച് സംഘംതന്നെ പിരിക്കുന്ന ഒരുത്തനാണെന്നു കമ്മററിയിലെ ചില അംഗങ്ങൾ അഭിപ്രായപ്പെട്ടു. എവറസ്റ്റ് യാത്രാസംഘത്തെപ്പോലെയുള്ള ഒരു മഹൽസംഘത്തിൻെറ സകല വിജയവും സ്ഥിതിചെയ്യുന്നതു്, സംഘാംഗങ്ങളുടെ യോജിപ്പിലും പരസ്പര സഹായ സന്നദ്ധതയിലുമാണ്. തന്നെയല്ല, മനുഷ്യൻ വളരെയധികം പൊക്കത്തിലെത്തിക്കഴിയുമ്പോൾ കൂടുതൽ കലഹപ്രിയന്മാരായിട്ടാണ് കണ്ടുവരുന്നതു്. ആ സ്ഥിതിക്ക് എവറസ്റ്റിൻെറ മുകളിലെത്തിയാലത്തെ സ്ഥിതി എന്തായിരിക്കും? വലിയ പണച്ചെലവും ബുദ്ധിമുട്ടും വഹിച്ച് പര്യന്വേഷണം തുടങ്ങുമ്പോൾ സംഘത്തിലുള്ള ഒരു ധൂമകേതു മുഖാന്തിരം സംഘം മുഴവൻ തമ്മിത്തല്ലി അപജയത്തിൽ കലാശിച്ചാലത്തെ സ്ഥിതി എത്രയൊ ശോചനീയമാണ്. പുതിയ ആളിനെപ്പററി മാലൊറിയുടെ അഭിപ്രായം അന്വേഷിച്ച കൂട്ടത്തിൽ സർ ഫ്റാൻസിസ് യങ്ഹസ്ബൻഡ് ഇപ്രകാരം ചോദിച്ചു. "എന്താ! മി. മാലൊറി! ൨൭൦൦൦ അടി ഉയരത്തിൽ ഈ പറയുന്ന ആളിൻെറക്കൂടെ ഒരു നിദ്രാസഞ്ചിയിൽ നിങ്ങൾക്കു കഴിച്ചുകൂട്ടാമോ?" ഈ പ്രശ്നത്തിന് "മുകളിലൊന്നു എത്താൻ സാധിച്ചെങ്കിൽ ആരുടെകൂടെ ഉറങ്ങിയാലും തരക്കേടില്ല" എന്നദ്ദേഹത്തിനു ചിലപ്പോഴുള്ള ധൃതഗതിയിൽ മറുപടി പറഞ്ഞു. മാലൊറി ൩൭ വയസ്സുമാത്രം പ്രായമുള്ള ഒരു പ്രാംശുകായനാണ്. ഇംഗ്ലണ്ടിലെ വിഞ്ചസ്റ്റർ എന്ന സ്ഥലമായിരുന്നു സ്വദേശം. വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ മലകയററത്തി

നു. ഒരു പ്രത്യേക താല്പര്യവും ശുഷ്കാന്തിയും അദ്ദേഹം പ്രദശിപ്പിച്ചിട്ടുണ്ട്.

പിന്നീട് സംഘത്തിലേയ്ക്കു തിരഞ്ഞെടുത്തതു ജോർജ്ജ് ഫിഞ്ചിനെയാണ്. സമർത്ഥനും ധീരനുമായ ഒരു മലകയററക്കാരനെന്നു നേരത്തെ ഖ്യാതി സമ്പാദിച്ചിട്ടുള്ള ഒരാളാണദ്ദേഹം. കമ്മററി അദ്ദേഹത്തെ തിരഞ്ഞെടുക്കുന്നതിനു നിശ്ചയിച്ചപ്പോൾ പ്രസിഡണ്ടിനെ മുഖതാവിൽ വന്നുകാണുന്നതിനു ആവശ്യപ്പെട്ടു. പ്രസിഡണ്ടു ഔദ്യോഗികമായി ക്ഷണിച്ചപ്പോൾ ഫിഞ്ചിനുണ്ടായ ആനന്ദം വാചാമഗോചരമായിരുന്നു. കുറെനേരത്തേയ്ക്കു അദ്ദേഹം വാചംയമനായി നിന്നുപോയി. അതുകഴിഞ്ഞു അദ്ദേഹം പ്രസിഡണ്ടിനോടു പറഞ്ഞു. "സർ ഫ്റാൻസീസ്! നിങ്ങൾ എന്നെ സ്വർഗ്ഗത്തിലേക്കയച്ചിരിക്കുന്നു." ഫിഞ്ച് ദൃഢഗാത്രനായ ഒരു ദീർഘകായനായിരുന്നു. പക്ഷെ അദ്ദേഹത്തിനപ്പോൾ ശരിയായ ദേഹസുഖമില്ലാതെയാണിരുന്നതു്. യാത്രാസംഘത്തിലെ എല്ലാ അംഗങ്ങളും ഡോക്ടരെക്കണ്ടു ശരീരസ്ഥിതി നന്നായിരിക്കുന്നു എന്നു് ഒരു സർട്ടിഫിക്കേററു വാങ്ങണമെന്നു് നിബന്ധനയുണ്ടായിരുന്നു. ഫിഞ്ചിൻെറ ദേഹപരിശോധനയിൽ അദ്ദേഹം അയോഗ്യനെന്നു കാണുകയാൽ തല്ക്കാലം സംഘത്തിൽ ചേക്കുന്നതിനു നിവൃത്തിയില്ലാതെവന്നു. അതു അദ്ദേഹത്തിനു വളരെ ഹൃദയഭേദകമായിത്തോന്നി. എങ്കിലും പിറേറക്കൊല്ലം പോയ രണ്ടാമത്തു യാത്രാസംഘത്തിൽ സംബന്ധിക്കുന്നതിന് ഫിഞ്ചിനു സാധിച്ചു. അദ്ദേഹവും എവറസ്ററു തരണത്തെപ്പററി ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്.

ഫിഞ്ചിനു പകരം മാലൊറി മി. ബുള്ളോക്കിനെ അഭിപ്രായപ്പെട്ടു. അദ്ദേഹം ഇൻഡ്യൻ പട്ടാളവകുപ്പിലെ ഒരുദ്യോഗസ്ഥനായിരുന്നു. തല്ക്കാലം അവധിയിൽ ഇംഗ്ലണ്ടിൽ താമസിക്കയുമാണ്. അക്കാലത്തു് വിദേശകാര്യസെക്രട്ടറിയായിരുന്ന കഴ്സൻ പ്രഭുവിനോടപേക്ഷിച്ച് ബുള്ളോക്ക് യാത്രാസംഘത്തിൽ ചേരുന്നതിനു അനുമതി സമ്പാദിച്ചു. അദ്ദേഹമാണ് മാലൊറിയേയും ഫിഞ്ചിനേയുംകാൾ പർവ്വതാരോഹണത്തിനു അനുയോജ്യൻ എന്നു മലകയററത്തിൽ പരിചയമില്ലാത്ത സാധാരണക്കാർ വിചാരിച്ചേക്കാൻ ഇടയുണ്ട്. സാമാന്യം തടിച്ചുകൊഴുത്ത ഒരു വലിയ ശരീരമാണു ബുള്ളോക്കിനുള്ളതു്. അദ്ദേഹം വിദ്യാഭ്യാസകാലത്തു നല്ല ഒരു ഓട്ടക്കാരൻ എന്ന പേരു സമ്പാദിച്ചിട്ടുണ്ട്. സന്തോഷപ്രകൃതിയും, ക്ഷമാശീലവും, എവിടെയും കി

ടന്നറങ്ങുന്നതിനുള്ള സന്നദ്ധതയും, അദ്ദേഹത്തിൻെറ മഹനീയ ഗുണങ്ങളിൽ ചിലതു മാത്രമായിരുന്നു.

പ്രകൃതിശാസ്ത്രജ്ഞനും, ഭിഷഗ്വരവിദഗ്ദ്ധനുമായ എ. എഫ്. ആർ. വൊള്ളാസ്റ്റനെയാണ് അടുത്തതായി തിരഞ്ഞെടുത്തത്. അദ്ദേഹം ഒരു ഭൂപരിശോധകയാത്രികൻ എന്ന പേരു നേരത്തെ സമ്പാദിച്ചുകഴിഞ്ഞയാളാണ്. ന്യൂഗിനി, റുവൻസൊറി മുതലായ പ്രദേശങ്ങളിൽ പര്യടനങ്ങൾ നടത്തി ഖ്യാതി സമ്പാദിച്ചിട്ടുണ്ട്. നാട്ടുകാരുമായി ഇടപെടുന്നതിന് അദ്ദേഹത്തിനുണ്ടായിരുന്ന സാമർത്ഥ്യം ഒന്നു വേറെതന്നെയാണ്.

മുൻപ്രസ്താവിച്ചവർ കൂടാതെ സംഘത്തിൽ ഇൻഡ്യയിൽ നിന്നും കൂടേണ്ടവരായി ഡോക്ടർ കെല്ലാസും, കുറെ സർവ്വേ ഉദ്യോഗസ്ഥന്മാരും, മേജർ എച്ച്. ററി. മോർഷീഡും, ക്യാപ്ററൻ ഇ. ഒ. വീലറും ഉണ്ടായിരുന്നു. കെല്ലാസ്സ് സിക്കിമിലും മററു ഹിമാലയൻ പ്രദേശങ്ങളിലും പര്യടനങ്ങൾ നടത്തി പരിചയമുള്ളയാളാണ്. കൂടാതെ, വളരെയധികം പൊക്കത്തിൽ എത്തുമ്പോൾ, പ്രാണവായു ഉപയോഗിക്കുന്നതുകൊണ്ടുള്ള ഗുണഗണങ്ങളെപ്പററി ചില പരീക്ഷണ നിരീക്ഷണങ്ങൾ നടത്തിയിട്ടുള്ള ഒരു രസതന്ത്രശാസ്ത്രജ്ഞനും ആണ് അദ്ദേഹം. മുൻകൊല്ലത്തിൽ അദ്ദേഹം 23000 അടിയോളം ഉയരംവരെ ആരോഹണം നടത്തിയിട്ടുണ്ട്. ശിശിരകാലത്തുപോലും വിശ്രമിക്കാതെ വളരെ ക്ലേശങ്ങൾ സഹിച്ച് സിക്കിമിൽ പർവ്വതാരോഹണം നടത്തിയിട്ടുള്ള ആളാണ് അദ്ദേഹം.

മോർഷീഡും, ദേശപരിശോധനായാത്രകൾ ചെയ്തു പരിചയം സിദ്ധിച്ചിട്ടുള്ള ഒരു മഹാനാണ്. ബ്രഹ്മപുത്രാനദി ഹിമാലയാപംക്തികളെ ഭേദിച്ച് ഇൻഡ്യയിലേക്കു പ്രവഹിക്കുന്ന സ്ഥലങ്ങൾ അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. വീലറും, മോർഷീഡും, എവറസ്ററു പരിസരങ്ങളുടെ ഭൂപടം നിർമ്മിക്കുന്നതിനു ഏററവും പററിയ ആളുകളുമായിരുന്നു.

പ്രഥമ പര്യടനസംഘത്തിൻെറ നേതാവായി കേണൽ സി. കെ. ഹോവേർഡ് ബ്യൂറിയെ നിയമിച്ചു. സമർത്ഥനായ ഒരു കയററക്കാരനല്ലായിരുന്നു എങ്കിലും, അദ്ദേഹം നല്ല ഒരു നടപ്പുകാരനായിരുന്നു എന്നു പറയാം. ആൽപസ് പരിസരങ്ങളിലും ഹിമാലയാപ്രാന്തങ്ങളിലും നായാട്ടിനായി പലപ്പോഴും അദ്ദേഹം സഞ്ചരിച്ചിട്ടുണ്ട്. ടിബററിലെ ജനങ്ങളിൽനിന്ന് യാതൊരുപദ്രവവും ഉണ്ടാകാതെ യാത്രാസംഘത്തെ ടിബററിൽ കൂടെ നയി

ക്കുന്നതിന് ബ്യൂറിയേപ്പോലെ സമൎത്ഥന്മാർ മററാരും ഉണ്ടായിരുന്നില്ല.

എവറസ്ററ പൎയ്യടനസംഘം രൂപവൽകരിച്ചുകൊണ്ടിരിക്കുമ്പോൾ അംഗങ്ങളായി ചേൎക്കണമെന്ന് അഭ്യൎത്ഥിക്കുന്ന പലരുടേയും അപേക്ഷകൾ കിട്ടി. ഭൂലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും പല മാന്യന്മാരും സംഘത്തിൽ ചേരുന്നതിനു ഉത്സാഹിച്ചു. ഇവരുടെ അപേക്ഷകളിൽനിന്നും യൂറോപ്യന്മാൎക്ക് സാഹസികവൃത്തികളിലും പൎയ്യന്വേഷണസംഗതികളിലും ഉള്ള താല്പൎയ്യം എത്രമാത്രമെന്ന് തെളിവാകുന്നുണ്ട്. പല അപേക്ഷകന്മാരും മലകയററത്തിനുള്ള തഴക്കവും പഴക്കവും പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. പക്ഷെ മാലൊറി, ഫിഞ്ച് മുതലായവരേപ്പോലെ ഈ സംഗതിയിൽ പഴമപരിചയവും സാമൎത്ഥ്യവും, ഉള്ള ആളുകളുള്ളപ്പോൾ മററുള്ളവരുടെ അപേക്ഷ തിരസ്കരിക്കയല്ലാതെ ഗത്യന്തരമില്ലെന്നു വന്നുകൂടി.

ആവശ്യമായ പണവും, ആളുകളും ഉണ്ടായിക്കഴിഞ്ഞപ്പോൾ അടുത്തതായി വേണ്ടിയിരുന്നതു് ഭക്ഷണസാധനങ്ങളും മററു സജ്ജീകരണങ്ങളും, ഉപകരണങ്ങളും ആയിരുന്നു. ഫറാറും, മീഡും ഇവയിൽ ആദ്യം പറഞ്ഞവ വേണ്ടവിധം ശരിപ്പെടുത്തി. ജാക്സും, ഹിങ്ക്സും ഉപകരണങ്ങളുടെ കാൎയ്യവും ഭരമേററു.

ഫറാറിന് പ്രായം ൬൦-നോടു സമീപിച്ചില്ലായിരുന്നു എങ്കിൽ എവറസ്റ്റ് കയറുന്നതിന് ഏററവും യോജിച്ച ആൾ അദ്ദേഹം തന്നെയായിരുന്നു. അദ്ദേഹത്തിന്റെ അതിശയനീയമായ ഉത്സാഹവും, ധൈൎയ്യവും സാമൎത്ഥ്യവും, തഴക്കവും പഴക്കവും എല്ലാം എവറസ്റ്റിനേ തോല്പിക്കുന്നതിന് പൎയ്യാപ്തമായിരുന്നു. അദ്ദേഹത്തിനു സംഘത്തിൽ ചേൎന്നുപോകുന്നതിന് നിവൃത്തിയില്ലാതിരുന്നതിനാൽ പണശേഖരത്തിലും, സാമഗ്രികൾ സജ്ജീകരിക്കുന്നതിലും സകല ശക്തികളും പ്രയോഗിച്ചു തൃപ്തനാകാമെന്നു തീരുമാനിച്ചു. ഹിമാലയത്തിൽ 23000 അടിവരെ കയറാൻ സാധിച്ചിട്ടുള്ള മി. മീഡ്, ഫറാറിനെ പ്രായോഗികമായ നിർദ്ദേശങ്ങൾ നൽകി സഹായിച്ചു.

ഭൂമിശാസ്ത്രസംബന്ധമായ സകല കാൎയ്യങ്ങളും വഹിക്കുന്നതിനു പ്രത്യേകം പരിജ്ഞാനമുണ്ടായിരുന്ന ജാക്സും, ഹിംക്സും അതിന് ആവശ്യമായ ഉപകരണങ്ങളും ഛായാഗ്രഹണത്തിനുള്ള കാമറയും തയാറാക്കി. യുദ്ധവകുപ്പിലെ ഭൂമിശാസ്ത്രവിഭാഗത്തിന്റെ പ്രധാന ഉദ്യോഗസ്ഥനായിരുന്നു ജാക്സ്. ഹിം

ക്സ് ലണ്ടൻ രാജകീയ ഭൂമിശാസ്ത്രസൊസൈററിയുടെ ഓണററി സെക്രട്ടറിയുമാണ്.

പൎയ്യടനത്തെ സംബന്ധിച്ചുള്ള ഏതു കാൎയ്യത്തിനും ഒന്നാംതരം അഭിപ്രായങ്ങൾ പറയുന്നതിനു യോഗ്യന്മാരായ ആളുകൾതന്നെ ആയിരുന്നു യാത്രാസംഘത്തിലെ അംഗങ്ങൾ. ഇതുപൎയ്യന്തം ലോകത്തിന് സാധ്യമായിട്ടില്ലാത്ത ഒരു സംരംഭത്തിൽ പരിപൂൎണ്ണവിജയം ലഭിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണു സകല കാൎയ്യങ്ങളും തീർച്ചപ്പെടുത്തിയതു്. സാഹസികവൃത്തികളിൽ തല്പരന്മാരായ അനേകം ആളുകൾ പൎയ്യടന സംഘത്തിന്റെ പ്രവൎത്തനങ്ങളെ അനുഭാവത്തോടും താല്പൎയ്യത്തോടുംകൂടി സംവീക്ഷിച്ചുകൊണ്ടിരുന്നു.

ഇഗ്ലണ്ടിലെ മഹാരാജാവും മഹാറാണിയും വെയിൽസുരാജകുമാരനും, പൎയ്യടനസംഘത്തിന്റെ വിജയത്തിൽ പ്രത്യേക താല്പൎയ്യം പ്രദൎശിപ്പിച്ചു.

ഇംഗ്ലണ്ടിലെ ചക്രവൎത്തി തിരുമനസ്സിലെ ആശംസയോടുകൂടിയും സകല വിധത്തിലും ഉത്തമമായ രീതിയിൽ സംഘടിയ്ക്കപ്പെട്ടും എവറസ്റ്റ് യാത്രാസംഘം യാത്രതിരിച്ചു.

## അദ്ധ്യായം ൩.

### യാത്ര.

യാതൊരു ബാഹ്യഭാവഭേദവും കൂടാതെ ശാന്തഹൃദയനായി ക്ഷണം സ്വീകരിച്ച മാലൊറിയുടെ പ്രകൃതം എവറസ്റ്റിലേക്കു യാത്രതുടങ്ങാറായപ്പോൾ ആകപ്പാടെ മാറി. സന്തോഷകല്ലോലങ്ങൾ അതിശക്തിയായി അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഉയൎന്നു. പല സ്നേഹിതന്മാരും അദ്ദേഹത്തിന്റെ കൂടെ യാത്രചെയ്യുന്നതിന് ആഗ്രഹിച്ചു. മംഗളാശംസാവൎഷം അദ്ദേഹത്തിന്റെമേൽ നിബിഡമായി ചൊരിഞ്ഞു. മാഹാത്മ്യകൎമ്മപ്രേരകമായ ഒരദൃശ്യപവിത്രദീപ്തി അദ്ദേഹത്തിൽ തേജോമയമായി കത്തിക്കാളി. ആ ശിശിരകാലത്തുതന്നെ സൎവ്വലോകവിഖ്യാതമായ എവറസ്റ്റ് വിജയം അദ്ദേഹത്തിന് ഒരുവേള ലബ്ധമായേക്കാമെന്ന് ജനങ്ങൾ ആശംസിച്ചു. ആൎക്കറിയാം? ആരോഹണം വിചാരി

ച്ചത്തിൽ സുഗമമായി തീരരുതോ, പൎവ്വതപാൎശ്വങ്ങളുടെ താഴ്വരകളെപ്പോലെ ഉപരിതലവും സുചരമായിരിക്കരുതോ? ആ ഊഴുവിൽതന്നെ മാലൊറിക്ക് വിജയശ്രീമാനായി എവറസ്റ്റിൻെറ ഉത്തമാംഗത്തിൽ പതാക ഉയൎത്തരുതോ! എവറസ്റ്റിലേയ്ക്കുള്ള മാൎഗ്ഗപരിശോധനയായിരുന്നു ആ യാത്രാസംഘത്തിൻെറ പ്രധാന ഉദ്ദേശ്യമെന്നിരുന്നാലും എളുപ്പമായ ഒരുവഴി കണ്ടുപിടിക്കാൻ സാധിച്ചാൽ കയറുന്നതിനും വിരോധിച്ചിരുന്നില്ല. ക്ലിഷ്ടപരമായ ഒരു മാൎഗ്ഗത്തിൽകൂടി വിഫലമായ ഒരു ശ്രമം ചെയ്യരുതെന്നേ നിഷ്കൎഷിച്ചിരുന്നുള്ളു. പ്രായോഗികമായി ഒരെളുപ്പവഴി ശൃംഗതലത്തിലേയ്ക്കു് കണ്ടുപിടിക്കുന്നതിനിടയായി എങ്കിൽ എന്തുകൊണ്ടവൎക്ക് ആ പ്രാവശ്യംതന്നെ എവറസ്റ്റിൻെറ മുകളിൽ എത്തിക്കൂടാ.

പൎയ്യന്വേഷണ സംഘക്കാരും സാഹസികവൃത്തിക്കായി ഹൃദയം തപിക്കുന്നവരും അവരുടെ നിവൃത്തിമാൎഗ്ഗത്തിനുള്ള യാത്ര തുടരുമ്പോൾ ഈ മാതിരി ആശാസാഗരങ്ങളിൽ ആറാടുക സാധാരണയാണ്. മനുഷ്യൻെറ ശക്തിയെക്കാൾ എത്രയോ കവിഞ്ഞതാണ് അവൻെറ ആശ. വാഗ്ദാനം ചെയ്തിട്ടുള്ളതിനേക്കാൾ പതിന്മടങ്ങു ഭംഗിയായി കാൎയ്യങ്ങൾ കലാശിപ്പിക്കണമെന്നു മനുഷ്യർ വിചാരിക്കുന്നു. അതിനാൽ പൎയ്യടന സംഘാംഗങ്ങളുടെ ഹൃദയാന്തർഭാഗങ്ങളിൽ ഉണ്ടായിരുന്ന ആശാവല്ലികളെ മുഴുവൻ വെളിയിലേക്കു പ്രകടിപ്പിക്കുന്നില്ല. അധികമാശിച്ചിട്ടു് ഒട്ടും ഫലിക്കാതെ വന്നാൽ ലോകം പരിഹസിക്കും. ഈ ഭയംകൊണ്ടു് ആരോഹകന്മാരുടെ മനസ്സിലുള്ള ആശകളെ കാൎയ്യം കഴിയുന്നതുവരെ വെളിയിൽ വിടാതെ പ്രത്യേകം സൂക്ഷിച്ചിരിക്കണം.

ലണ്ടനിൽ നിന്നും എവറസ്റ്റിലേക്കു പക്ഷികളാണെങ്കിൽ നാലായിരത്തിൽപരം മൈൽദൂരം നേരേ പറക്കേണ്ടിയിരിക്കുന്നു. എവറസ്റ്റാരോഹകന്മാർ പക്ഷികളാണോ? അവർ വൈമാനികർപോലും അല്ല. അവൎക്കു ലണ്ടനിൽ നിന്നും ഇംഗ്ലീഷ് ചാനൽ കടന്നു് ഫ്രാൻസിൽകൂടി മദ്ധ്യതരണ്യാഴിയിൽ എത്തി അവിടെ നിന്നു് ചെങ്കടൽ, ഇൻഡ്യൻസമുദ്രം, ഇവകടന്നു് ബോംബെയിൽ വന്നു് അവിടെ നിന്നു് തീവണ്ടികയറി കൽക്കട്ടായിലെത്തിട്ടുവേണം യാത്രക്കുള്ള അംഗങ്ങളെല്ലാം വന്നു ചേരുന്നതിനു് നിശ്ചയിച്ചിരുന്ന ഡാർജീലിങ്ങിൽ എത്തേണ്ടിയിരുന്നതു്.

മാലൊറി പോകുന്നതിനുമുമ്പേതന്നെ റിബേൺ, യാത്രാസംഘത്തിനാവശ്യമായ ചുമട്ടുകാരേയും മററും ശേഖരിക്കുന്നതിനായി ഡാർജീലിങ്ങിൽ എത്തിയിട്ടുണ്ടായിരുന്നു. ഹോവേർഡ് ബ്യൂറിയും വൊള്ളാസ്റ്റനും മററു മാർഗ്ഗങ്ങൾ വഴിയായി ഡാർജ്ജിലിങ്ങിലേക്ക് പുറപ്പെട്ടിരുന്നു.

എവറസ്റ്റ് പര്യന്വേഷണ സംഘത്തിന് ആവശ്യമായ ചുമട്ടുകാരെ കിട്ടേണ്ടതാണ് ഏററവും പ്രധാനമായ സംഗതി. ജനറൽ ബ്രൂസിൻെറ അഭിപ്രായാനുസരണം സമത്ഥന്മാരും സഹനശക്തിയുള്ളവരുമായ നല്ല ചുമട്ടുകാരേമാത്രം പ്രത്യേകമായി തിരഞ്ഞെടുത്തു. ഇതുവരെ ഹിമാലയൻ പര്യടനങ്ങൾക്ക് സമീപദേശിയരായ ചുമട്ടുകാരേയാണ് എടുത്തിരുന്നതു്. പര്യടനത്തിൻെറ വിജയം വളരെ അധികം ഇവരെ ആശ്രയിച്ചുമാണിരിക്കുന്നതു്. ചിലപ്പോൾ സമത്ഥന്മാരും ചുണയുള്ളവരുമായ കൂലിക്കാരെ ലഭിച്ചിരുന്നു. മററു ചില സന്ദർഭങ്ങളിൽ ഇങ്ങനെയുള്ളവരെ കിട്ടുക വിഷമകരമായിരുന്നു. ചെറിയ മലകയററങ്ങൾക്കും വെറും പവ്വതപരിശോധനകൾക്കും സാധാരണ കൂലിക്കാർ ഒരുവേള മതിയാകുമായിരിക്കാം. എന്നാൽ എവറസ്റ്റാരോഹണസംരംഭംപോലെയുള്ള ഒരു മഹൽ പ്രസ്ഥാനത്തിനു സാധാരണന്മാരുടെ സഹായം പര്യാപ്തമായിരുന്നില്ല. ഈ യാത്രാസംഘത്തിന് ററിബററിലെ ഗ്രാമീണരായ കൂലിക്കാരേയാണ് പ്രധാനമായി ആശ്രയിക്കേണ്ടിവന്നതു്. എവറസ്റ്റ് കയററത്തിനുള്ള ധാർഷ്ട്യവും തന്റേടവും അവക്കുണ്ടായിരുന്നോ എന്ന് സന്നിഗ്ധമാണ്. ഡാർജീലിങ്ങിലും പരിസരപ്രദേശങ്ങളിലും നിന്ന് എവറസ്റ്റാരോഹണത്തിൽ ഭാഗഭാക്കുകളാകണമെന്ന് ആഗ്രഹവും സന്നദ്ധതയുമുള്ള ആളുകളെ നേരത്തേതന്നെ വിളിച്ചുകൂട്ടി അവരിൽ ഏററവും കൊള്ളാവുന്നവരായി നാല്പതുപേരെ തിരഞ്ഞെടുക്കണമെന്നായിരുന്നു ജനറൽ ബ്രൂസിൻെറ അഭിപ്രായം.

ഈ നാല്പതുപേരേയും ഒരു പ്രത്യേകസംഘമാക്കി രൂപവൽക്കരിച്ച് ഐകമത്യവും സഹോദരസ്നേഹവും അവരിൽ സംജാതമാക്കി അവൎക്കുതന്നെ എവറസ്റ്റാരോഹണത്തിൽ ഒരു പ്രത്യേകതാല്പര്യമുളവാക്കി, അവരും വെറും ചുമട്ടുകാരായിമാത്രം പോരേണ്ടവരല്ല എന്നും പ്രസ്തുത എവറസ്റ്റാരോഹണ ധീരകൃത്യത്തിൽ പാശ്ചാത്യന്മാരോടൊപ്പം ഭാഗഭാക്കാകേണ്ടവരാണെന്നും, വിജയവും കീർത്തിയും അവരും നേടേണ്ടതാണെ

ന്നും മററും പറഞ്ഞു് അവരെ ഹിമാലയാരോഹണസാഹസത്തിനായി പ്രോത്സാഹിപ്പിച്ചു. വേതനമോ മററു പ്രതിഫലങ്ങളോ മാത്രം ഓർത്തു് ആരും സംഘത്തിൽ ചേരേണ്ടതില്ലെന്നും, അവ അവരുടെ പ്രധാന ഉദ്ദേശ്യമായിരിക്കരുതെന്നും അവരെ പ്രത്യേകം മനസ്സിലാക്കി. അനന്തരം പര്യടനസംഘം അവക്കു നല്ല ശമ്പളവും, മൃഷ്ടാന്നഭോജനവും, സകല സുഖസൌകര്യാദികളും, ധാരാളം കമ്പിളിവസ്ത്രങ്ങളും, മററു് ആവശ്യമായ സാധനസാമഗ്രികളും യഥേഷ്ടം കൊടുക്കുന്നതിനു തീരുമാനിച്ചു.

ഉത്തരേന്ത്യയിലെ ഹിമാലയപ്രദേശങ്ങളിൽ ധീരന്മാരും പ്രസന്നശീലന്മാരും, അരോഗദൃഢഗാത്രന്മാരും, ആയ ധാരാളം ആളുകളുണ്ടു്. അവക്കുതന്നെ ഇപ്രകാരമുള്ള സാഹസികപര്യടനങ്ങൾ ചെയ്യുന്നതിനുള്ള സൌകര്യമോ, സന്നദ്ധതയോ ഇല്ലെങ്കിലും ആരെങ്കിലും ശരിയായി അവരെ പ്രോത്സാഹിപ്പിക്കുന്നതിനും നയിക്കുന്നതിനും, ഉണ്ടെങ്കിൽ ആഹ്ളാദപുരസ്സരം നായകന്മാരെ പിൻതുടരാൻ അവർ തയാറാണ്. പൂർവ്വനീപ്പാളത്തെ ഷെർപാസ് വർഗ്ഗക്കാരുടെ ഇടയിൽ ഈ മാതിരി ധാരാളം ആളുകളുണ്ടു്. ഡാർജീലിങ്ങിന് അടുത്തധിവസിക്കുന്ന ബോട്ടിയാസും സിക്കിമിൽ നിവസിക്കുന്ന ടിബററുകാരുംസാഹസികവൃത്തികൾക്കു് ഒട്ടും പിന്നോക്കമല്ല. ഇവരിൽ നിന്നെല്ലാം ഒരു നല്ല ഭാരവാഹകസംഘത്തെ രൂപീകരിക്കുന്നതിനു സാദ്ധ്യമായിരുന്നു. ഇവരെല്ലാവരും ചുമടുചുമക്കുന്നതിനും വളരെ ഉയൎന്ന പ്രദേശങ്ങളിൽ ജിവിക്കുന്നതിനും പരിചയമുള്ളവരാണ്.


മേമാസാരംഭത്തോടുകൂടി ഡാർജീലിങ്ങിൽ ചുമട്ടുകാരും ആരോഹകന്മാരും സാധനസാമഗ്രികളും എല്ലാം വന്നുചേൎന്നു. തേയില പഞ്ചസാര ആദിയായ ഭക്ഷണസാധനങ്ങളും വാങ്ങി സംഭരിച്ചു. അന്നത്തെ ബങ്കാൾ ഗവൺണരായിരുന്ന റൊണാൾഡ്ഷെപ്രഭു ആരോഹകസംഘത്തെ സാദരം സ്വീകരിച്ചു സകലവിധ സൗകര്യാദികളും ചെയ്തുകൊടുത്തു.

പ്രകൃതിവിലാസമാഹാത്മ്യത്തിന് ഡാർജീലിങ്ങിനോട് കിടപിടിക്കത്തക്ക ഭൂവിഭാഗങ്ങൾ വളരെ ചുരുക്കമാണ്. 28150 അടിപൊക്കമുള്ള വിശ്വവിഖ്യാതമായ കാഞ്ചനശൃംഗം കണ്ടാനന്ദിക്കുന്നതിനായി ഭൂലോകത്തിൻെറ പല ഭാഗങ്ങളിൽ നിന്നും അസംഖ്യം ജനങ്ങൾ അവിടെ വരാറുണ്ടു്. മനോഹരമായ വൃക്ഷലതാസമൂഹങ്ങളാൽ അലംകൃതമായ വനങ്ങളുടെ നടുനായകമാ

യിട്ടാണ് സമുദ്രനിരപ്പിൽനിന്നു ൭൦൦൦ അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ വിശിഷ്ടപട്ടണം പരിലസിക്കുന്നത്. നാലുവശത്തും മനോഹരമായി പ്രത്യക്ഷപ്പെടുന്ന നയനാനന്ദകരമായ പ്രകൃതിവിലാസങ്ങളും, പർവ്വതശ്രേണികളും, താഴ്വരകളും ഡാർജീലിങ്ങിന്റെ പ്രത്യേക അനുഗ്രഹങ്ങളാണ്. നാല്പതുമൈലകലെയായി ഗംഭീരവും, പ്രൌഢവും, പരിശുദ്ധവും, നാകലോകസമാനവുമായി, പരിലസിക്കുന്ന കാഞ്ചനശൃംഗത്തെ-ആ'സ്വർല്ലോ'കഗിരിയെ- കാണുന്നവർ അതു് നാം അധിവസിക്കുന്ന ഭൂമിയുടെ ഒരു ഭാഗമാണോ എന്ന് സംശയിച്ചുപോകും. സ്വർഗ്ഗമേഖലയിൽ ലയിക്കുന്നതായി പറയപ്പെടുന്ന ശതമന്യുവിന്റെ വൈജയന്തംതന്നെയാണോ എന്ന് ആർക്കും വ്യാമോഹമുണ്ടായിപ്പോകും.

ഈ സുരലോകഗിരിയെ വിസ്മരിച്ച് ഇതിലും ഗംഭീരനായ എവറസ്റ്റിന്റെ ശിരസ്സിൽ എത്തണമെന്ന് പര്യടനസംഘക്കാർ അത്യാഗ്രഹിക്കുന്നു. കാഞ്ചനശൃംഗം ലോകത്തിലെ മൂന്നാമത്തെ ശൈലരാജൻ മാത്രമാണ്. അതുകൊണ്ട് അവരുടെ ശ്രദ്ധക്ക് ഇതു് വിഷയീഭവിച്ചില്ല. ശൈലചക്രവർത്തിപ്രമുഖനായ എവറസ്റ്റിനേത്തന്നെ കീഴടക്കിയെങ്കിലേ മനുഷ്യന്റെ ആശ അടങ്ങുകയുള്ളൂ. ഏററവും പൊക്കം കൂടിയതിനെ മനുഷ്യന് കീഴ്പെടുത്തുക എന്നതായിരുന്നു എവറസ്ററു സംഘത്തിന്റെ മുദ്രാവാക്യം.

മേമാസം പകുതി ആയപ്പോഴേയ്ക്കും, ഹോവേർഡ് ബ്യൂറി അദ്ദേഹത്തിന്റെ സംഘവും, സജ്ജീകരണങ്ങളും, പൂർത്തിയാക്കി. ഡോക്ടർ ഏ. എം. കെല്ലാസു്, സിക്കിം പര്യടനം കഴിഞ്ഞു് ഡാർജീലിങ്ങിൽ തിരിച്ചെത്തി. അദ്ദേഹത്തിന്റെ പര്യടനഫലമായി തീരെ ദേഹസുഖമില്ലാതായിത്തീർന്നു. എവറസ്ററു സംഘം ഡാർജീലിങ്ങിൽനിന്നും യാത്രതുടന്നപ്പോഴും കെല്ലാസിന്റെ ദേഹസ്ഥിതി സുഖപ്രദമായിരുന്നില്ല. സർവ്വേ ഉദ്യോഗസ്ഥന്മാരായി ഇൻഡ്യാഗവമ്മെൻറിനാൽ നിയുക്തരായ വീലറും, മോർഷീഡും യഥാസമയം വന്നുചേർന്നു. ഇവർ രണ്ടുപേരും ദൃഢഗാത്രന്മാരും പർവ്വതാരോഹണത്തിൽ പരിചയമുള്ളവരുമായിരുന്നു. വീലർ കാനഡായിൽ മലകയററങ്ങൾ നടത്തിയിട്ടുണ്ട്. ഇദ്ദേഹം ഫോട്ടോ സർവ്വേയിൽ ഒരു വിദഗ്ദ്ധനമാണ്. ഇൻഡ്യയിലെ ഭൂഗർഭസർവ്വേ ഉദ്യോഗസ്ഥനായിരുന്ന ഡോക്ടർ ഏ. എം. ഹെറോൺ സംഘത്തിൽ വന്നു ചേർന്നു. ഇംഗ്ലണ്ടിൽ നിന്നു വന്നുചേർന്ന മാന്യന്മാരും ഇവരും കൂടെ ചേർന്നപ്പോൾ പര്യടനസംഘം പൂർത്തിയായി.



ശേഖരകോട്ട
ടിംക്കി
കംബാസോങ്ങ്
ടിംഗ്രി
കാർട്ടാ
ടിബറ്റ്
ഹിമാലയാ
കാഞ്ചനഗംഗ
ഫാറി
ചുംബി
നീപ്പാൾ
ഡാർജിലിങ്ങ്

ഡാർജീലിങ്ങിൽ നിന്ന് നേരെ എവറസ്റ്റിലേയ്ക്കു പോകാൻ നിവ്വാഹമില്ലായിരുന്നു. എളുപ്പവഴി നീപ്പാളത്തിൽക്കൂടി ആയിരുന്നു എങ്കിലും ആ രാജ്യത്തിൽക്കൂടി പോകുന്നതിന് അനുമതി ലഭിച്ചിരുന്നില്ല. അതിനാൽ വളരെ അധികം വളഞ്ഞു ടിബെററിൽക്കൂടി എവറസ്റ്റിൻെറ ഉത്തരഭാഗത്തു ചെന്ന് തെക്കോട്ടേയ്ക്കു വന്ന് എവറസ്റ്റിനേ ആക്രമിയ്ക്കേണ്ടിയിരുന്നു.

ഹോവേർഡ്ബ്യൂറിയും സഹചരന്മാരും കിഴക്കോട്ടുതിരിച്ച് സിക്കിമിലുള്ള ടിസ്റ്റാതാഴ്വരകളെ ലക്ഷ്യമാക്കി യാത്രയാരംഭിച്ചു. അവിടെനിന്നും ലാസ്സായിലേക്കുള്ള പ്രധാന ഗതാഗതമാർഗ്ഗത്തിൽക്കൂടി ജീലാപ്‌ല പ്രദേശങ്ങൾ കയറേണ്ടിയിരുന്നു. ഈ വഴികൾ വണ്ടിപോകുന്നവയല്ലാത്തതിനാൽ കോവർകഴുതകളാണ് സാമാനങ്ങളും വഹിച്ചുകൊണ്ട് പോയതു്. ഈ യാത്രയിൽ അവർ മനോഹരമായ പല വൻകാടുകളും കടന്നതിൻെറശേഷം ടിബററിലെ ഫലശൂന്യമായ ഉന്നതതടങ്ങളിൽക്കൂടി ഇരുന്നൂറു മൈലോളം സഞ്ചരിക്കണം. ഇങ്ങനെ പോയാൽ ഒരു ഗുണമുണ്ട്. ടിബററ് ഉന്നതതടത്തിലെത്തുമ്പോഴേയ്ക്കും എവറസ്റ്റിൻെറ പകുതി ഉയരവും അവക്ക് കയറാമായിരുന്നു. ടിബററ് സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 15000 അടി ഉയരത്തിലാണ് കിടക്കുന്നതു്. ഈ ശീതമേഖലയിൽ കുറേ ആഴ്ചകൾ താമസിയ്ക്കുന്നതു് അതിശൈത്യകേന്ദ്രത്തിലേയ്ക്കു കയറുന്നതിനുള്ള പ്രാരംഭപരിചയം സിദ്ധിക്കുന്നതിന് പര്യാപ്തമാണ്.

മേമാസം 18-ാംനു അവർ ഡാർജീലിങ്ങിൽ നിന്നും പുറപ്പെട്ടു. യാത്രയുടെ തലേദിവസം ഭയങ്കരമായ ഒരു മഴയുണ്ടായി. മഴ അവിടെ മിക്ക മാസങ്ങളിലും ഉണ്ട്. കാഞ്ചനശൃംഗം പോലെയുള്ള അമൂല്യ കാഴ്ചകൾ കാണണമെങ്കിൽ കുറേ മഴയും ബുദ്ധിമുട്ടുമെല്ലാം അനുഭവിയ്ക്കണം. യാത്രാസംഘം പ്രയാണം തുടങ്ങിയപ്പോഴേക്കും മഹാമാരി നിലച്ചിരുന്നു എങ്കിലും പവ്വതപാൎശ്വങ്ങളും വനവിഭാഗങ്ങളും എല്ലാം ഒരുമാതിരി മൂടൽ മഞ്ഞിൽ വ്യാപൃതമായിരുന്നു. മഞ്ഞു തുള്ളികൾ ഇററിററു വീഴുന്ന വൃക്ഷങ്ങൾക്ക് പ്രത്യേകമൊരു സുഷമയുണ്ട്. എവിടെ നോക്കിയാലും സമൃദ്ധമായ വൃക്ഷങ്ങളും പച്ചനിറവും മാത്രമേ കാണ്മാനുള്ളു. വിചിത്രാകൃതിയിലുള്ള പലമാതിരി ലതാദികളും സസ്യവൎഗ്ഗങ്ങളും കാണികളിൽ സന്തോഷം ഉളവാക്കി.

പ്രകൃതി ലാളനയേററ് സ്വച്ഛന്ദം വളരുന്ന വനങ്ങളോളം തന്നെ ഭംഗിയില്ലെങ്കിലും, വരിവരിയായി ഒരേ തരത്തിൽ . വെ

ട്ടി വളർത്തുന്ന തേയിലച്ചെടികളും കാഴ്ചയ്ക്ക് ആനന്ദദായകമായിരുന്നു. കുറേക്കഴിഞ്ഞപ്പോൾ ദേശപ്രകൃതം ആകെ മാറി. ഹിമാലയത്തിൻെറ മറുഭാഗത്തേയ്ക്കിറങ്ങാറായപ്പോൾ ശീതോഷ്ണസ്ഥിതിയും ഭൂപ്രകൃതിയും സസ്യഗണങ്ങളും മാറിത്തുടങ്ങി. ഉഷ്ണം വർദ്ധിച്ചുവന്നു. കഴുതകളും മനുഷ്യരും വിയർപ്പിൽ കുളിച്ചുതുടങ്ങി. മലവാഴകളും പനവർഗ്ഗങ്ങളും കാണാറായി. അതിമനോഹരമായ ചിത്രശലഭങ്ങൾ ധാരാളമായി പ്രത്യക്ഷപ്പെട്ടു.

യാത്രാസംഘം ടിസ്റ്റാനദിതീരത്തെത്തി. ഈ പ്രദേശത്തെ ശീതോഷ്ണസ്ഥിതി ഏകദേശം ഉഷ്ണമേഖലയിലേതുപോലെയാണ്. ഇവിടത്തെ അന്തരീക്ഷവും സസ്യവർഗ്ഗങ്ങളും ഖരപ്രദേശത്തെ അരണ്യങ്ങളിലേതുപോലെയിരുന്നു. ടിസ്റ്റാതാഴ്വരപ്രദേശത്തിനുണ്ടായിരുന്ന ഒരു പ്രത്യേകത ഇതിൻെറ ഒരു ഭാഗം അത്യുഷ്ണാന്തരീക്ഷസ്ഥിതിയിലും മറേറഭാഗം കാഞ്ചനശൃംഗത്തിൻെറ അതിശീതളമായ ഹിമപ്പരപ്പിലും വ്യാപിച്ചുകിടന്നതുകൊണ്ട് ഭൂമദ്ധ്യരേഖയിൽ നിന്ന് ധ്രുവദേശങ്ങൾ വരെയുള്ള ഭൂസസ്യജീവൽ പ്രകൃതികൾ ഒരു ചെറിയ തോതിൽ ഇവിടെക്കാണാമെന്നുള്ളതാണ്.

ടിസ്റ്റായിൽ നിന്നേകദേശം മൂവായിരം അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന കലിംപോങ്ങിൽ വച്ച് സുപ്രസിദ്ധനായ ഡോക്ടർ ഗ്രഹാം പര്യടനസംഘക്കാർക്ക് സ്വാഗതമരുളി. അദ്ദേഹത്തിൻെറ ഉദ്യാനത്തിൽ വിവിധ വർണ്ണങ്ങളോടുകൂടിയ മനോഹര ചെടികളും സുരഭില സൂനങ്ങളും സമൃദ്ധമായി വളർന്നിരുന്നു.

പേഡോങ്ങിൽ വിശേഷമാതിരി പല വൃക്ഷങ്ങളും ചെടികളും പുഷ്പങ്ങളുമെല്ലാം കണ്ടു എന്ന് ബ്യൂറി പ്രസ്താവിക്കുന്നു. രാത്രിയിൽ സ്വയം പ്രകാശിക്കുന്ന ഒരുമാതിരി വലിയ പുഷ്പങ്ങൾ ആ പ്രദേശങ്ങളിൽ ഉണ്ട്.

അവിടത്തെ പ്രസൂനങ്ങളും വിചിത്ര ചിത്രശലഭങ്ങളും അത്ഭുതാവഹം തന്നെയാണ്. പക്ഷേ കാലാവസ്ഥ ഭയാനകവുമാണ്. മഹാമാരി ഭയങ്കരശക്തിയോടെ പെയ്തു. കുടയോ മഴക്കോട്ടുകളോ അതിനെ തടയാൻ പ്രാപ്തമായില്ല. എല്ലാവരും നനഞ്ഞു കുഴഞ്ഞു. തുടർച്ചയായ മഴ ആരംഭിച്ചപ്പോൾ ശഷ്പങ്ങൾക്കിടയിൽ നിവസിച്ചിരുന്ന അനേകസഹസ്രം പുഴുക്കൾ രക്തപാനാത്ഥരായി ജന്തുക്കളേയും മനുഷ്യരേയും അന്വേഷിച്ചുതുടങ്ങി.

മേമാസം 22-ാംനു അവർ റോങ്ങ്ളിയിലെത്തി. തരു

ലതാദികളാൽ ആകർഷണീയമായ ഒരു സ്ഥലമായിരുന്നു അതു്. അവിടെ നിന്നും അവർ സന്തോഷസമേതം യാത്ര തുടന്നു. വിവിധ വർണ്ണങ്ങളിൽ ചേതോഹരമായി വളർന്നിരുന്ന റോഡോഡെൻഡ്റോൺ പുഷ്പങ്ങൾ ഈ പ്രദേശത്തിന് പ്രത്യേക ഭൂഷണമായിരുന്നു. സക്സിഫ്രേജ്, പ്രിമുല, ആദിയായ മററനേകം കമനീയ പ്രസൂനങ്ങളും ക്ഷാരകസ്തബകങ്ങളും ഇവിടെ ഉണ്ടായിരുന്നു.

ബ്യൂറി, മാലൊറി, വൊള്ളാസ്റ്റൻ മുതലായവരെപ്പോലെയുള്ള പുഷ്പപ്രിയന്മാൎക്ക ഈ പ്രദേശം നിസ്സർഗ്ഗസുന്ദരം തന്നെ ആയിരുന്നു. ഈ പ്രദേശം കഴിഞ്ഞാൽ പിന്നെയുള്ള സ്ഥലം സസ്യങ്ങളും ചെടികളും ഒന്നിനൊന്നു് കുറഞ്ഞു കുറഞ്ഞുവന്നു് എവറസ്റ്റിലേക്കുള്ള പാറക്കൂട്ടങ്ങളിലും ഹിമശിഖരങ്ങളിലും വിസ്തൃതമായ ഹിമതലത്തിലും അവസാനിക്കയാണു് ചെയ്യുന്നതു്. ഇനി അവൎക്ക് മൂടൽ മഞ്ഞും ഹിമവും തുഷാരമരുത്തുകളും പാറക്കെട്ടുകളും ഗവികളും ഭയങ്കര സ്ഥലങ്ങളും മാത്രമേ കാണ്മാൻ സാധിക്കയുള്ളു. എവറസ്റ്റിലെ മരപ്പും, വിറങ്ങലിപ്പും ഭയാനകതയും അവരെ ഗൎവ്വത്തോടെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു.

## അദ്ധ്യായം ൪.

### ചുംബിതാഴ്‌വര.

ചുംബിതാഴ്‌വരയിൽ സിക്കിമിലേപ്പോലെ സമൃദ്ധമായി വളരുന്ന തരുലതാദികൾ ഇല്ല. മഴയും കുറവാണു്. തൻമൂലം സഞ്ചാരത്തിനു കൂടുതൽ സൌകൎയ്യമുണ്ടു്. അന്തരീക്ഷവും കുറേക്കൂടി ഉത്തേജകവും ഉന്മേഷപ്രദവുമായിരുന്നു. ഏകദേശം കാശ്മീരത്തെ താഴ്‌വരപ്രദേശങ്ങളുടെ മട്ടാണു് ഭൂതലപ്രകൃതി. താഴ്‌വരയുടെ ഗൎത്തങ്ങളിൽ നിന്നു് പല വലിയ പൎവ്വതങ്ങളും ഗഹനമായി മുകളിലേയ്ക്കു് ഉയൎന്നു നിന്നിരുന്നു എങ്കിലും അതിനിടയിൽക്കൂടി പ്രവഹിച്ചിരുന്ന നദി ടിസ്റ്റാപോലെ ഗർജ്ജനരവത്തോടുകൂടി അതിശക്തിയായി ഒഴുകിയിരുന്നില്ല.

വിവിധജാതി പാദപവല്ലികളും മനോമോഹനങ്ങളായ പുഷ്പങ്ങളും കൊണ്ടു് വിശേഷപ്പെട്ട ഒരു സ്ഥലമായിരു

ന്നു ചുംബിതാഴ്വര. പൈൻ, ഓക്കു്, വാൾനട്ടു്, ആദിയായ വിശേഷമാതിരി മാമരങ്ങൾ അവിടെ ധാരാളം ഉണ്ടു്. ഈ താഴ്വരയിൽ കൂടി സഞ്ചരിച്ചു് അവർ യാട്ടുങ്ങ് എന്ന സ്ഥലത്തെത്തി. ഇവിടെ ഒരു ബ്രിട്ടീഷ് കച്ചവടഏജൻറും ഇരുപത്തഞ്ചു ഇൻഡ്യൻ പട്ടാളക്കാരും താമസമുണ്ടു്. ഈ സ്ഥലം സമുദ്രനിരപ്പിൽ നിന്നും 9400 അടി ഉയരത്തിലാണു് കിടക്കുന്നതു്. ആപ്പിൾ, പീയർ, ഗോതമ്പു്, മുതലായവ സമൃദ്ധമായി ഇവിടെ വളരും. അന്തരിക്ഷം റോസാപുഷ്പങ്ങളുടെ പരിമളധോരണിയാൽ നിറയപ്പെട്ടിരുന്നു.

മേമാസം 27-ാംനു എവറസ്റ്റ്സംഘം ചുംബി താഴ്വരയിൽ നിന്നു് ഫാറിയിലേയ്ക്കും പിന്നീടു ടിബററിലേയ്ക്കും കയറാൻ തുടങ്ങി. സ്ഫടികജലം ശക്തിയായി പ്രവഹിക്കുന്ന ചുംബിനദിയുടെ തീരത്തുകൂടിയാണു് അവർ യാത്രചെയ്തതു്. ലിങ്ങ്മാററാങ്ങ് സമതലത്തുകൂടെ അവർ വിസ്തൃതമായ ഫാറി സമതലങ്ങളിൽ പ്രവേശിച്ചു. ടിബററിലേയ്ക്കുള്ള മലയിടുക്കിൽ ചോമോഹാൽറിശൃംഗം ഒരു രാക്ഷസദ്വാരപാലകനെന്നവണ്ണം നിന്നിരുന്നു. ഇതിനു് 23930 അടിഉയരമുണ്ടു്. ഇതു് ഏററവും പൊക്കംകൂടിയ കൊടുമുടികളിൽ ഒന്നല്ലെങ്കിലും മററു് ഗിരിശിഖരങ്ങളിൽ നിന്നു് വിട്ടു് ഏകനായി നില്ക്കുന്നതുകൊണ്ടു് ഇതിനു് ഒരു പ്രത്യേക ഭംഗിയുണ്ടെന്നുള്ളതു് സ്മർത്തവ്യമാണു്.

## അദ്ധ്യായം ൫.

### ടിബററ്.

യാത്രാസംഘത്തിൻെറ വിനോദരംഗം മുഴുവൻതീർന്നു. ഇനി ജോലി ആരംഭിയ്ക്കണം. പര്യടനസംഘാംഗങ്ങൾ ടിബററിൽ എത്തിയപ്പോഴേയ്ക്കും അവരുടെ ശ്രമസാദ്ധ്യമായ കഠിനജോലികൾക്കു് അനുയോജ്യമല്ലാത്ത ശരീരസ്ഥിതിയിലെത്തിക്കഴിഞ്ഞു. ഇംഗ്ലണ്ടിൽനിന്നു പുറപ്പെട്ടതിൽ പിന്നെയുള്ള ശീതോഷ്ണസ്ഥിതിവ്യത്യാസങ്ങളും— മന്ദോഷ്ണവും, തീവ്രോഷ്ണവും, ആതപവും, ശൈത്യവും, അതിശൈത്യവും ഹിമവും— ഭക്ഷണവ്യത്യാസങ്ങളും മററും കൊണ്ടു മിക്കവാറും എല്ലാവരുടേയും ആരോഗ്യത്തിനു് സാരമാ

യ് ഉടവു തട്ടിയിരുന്നു. കെല്ലാസിൻെറ ദേഹസ്ഥിതി ഏററവും ശോചനീയമായിത്തീൻ. അദ്ദേഹം ഫാറിയിൽ എത്തിയ ഉടനെ ശയ്യാവലംബിയായി.

ടിബററിലെ കാലാവസ്ഥ യൂറോപ്യന്മാക്ക് ഒരുമാതിരി യോജിക്കുന്നതാണ്. അവിടെ എത്തുന്നതുവരെ ഉണ്ടായിരുന്ന അതിവൃഷ്ടിയും പെരുംചൂട്ടം ഒന്നും ടിബററിൽ ഇല്ല. മൺസൂൺ വാരിവാഹകന്മാർ ഇതുവരെ ടിബററിൽ എത്തിയിരുന്നില്ല. ആകാശം പ്രസന്നമായും വായു കണക്കിന് തപ്തമായും ഇരുന്നു.

പല സഞ്ചാരികളും അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ ഫാറി ഒരു വൃത്തിശൂന്യമായ സ്ഥലംതന്നെയാണ്. അവിടെ ഒരു കോട്ടയും അതിനു ചുററിലുമായി ഒരു ചെറിയ പട്ടണവുമുണ്ട്. ഫാറിയിലെ പ്രധാന ഉദ്യോഗസ്ഥനെ ലാസായിൽനിന്നും ബ്രിട്ടീഷ് യാത്രാസംഘക്കാർക്ക് വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കണമെന്ന് നിയോഗിച്ചിരുന്നു. തൻമൂലം ആ ഉദ്യോഗസ്ഥൻ യാത്രക്കാക്ക് വേണ്ട സൗകയ്യങ്ങൾ ചെയ്തുകൊടുത്തു. ടിബററിലെ ജനങ്ങൾ പ്രകൃത്യാ വളരെ മയ്യാദക്കാരാണ്. അവക്കനിഷ്ടമായ സംഗതികൾ വല്ലതും ചെയ്താൽ അവർ വെറും കീറാമുട്ടികളാണെന്നേ ഉള്ളു. അവരോടു മതവിദ്വേഷകമായി വല്ലതും പ്രവത്തിക്കാൻ ഒരുമ്പെട്ടുകപോലും ചെയ്താൽ അവരുടെ ഭാവം പാടേ മാറും. അത്ര പരിശുദ്ധമായിട്ടാണ് തങ്ങളുടെ മതം അവർ കരുതിയിരിക്കുന്നതു്. സാധാരണ അവരുടെ സ്വഭാവം വളരെ നല്ലതുതന്നെ.

പയ്യടനസംഘം കുറേദിവസം ഫാറിയിൽ താമസിച്ചു. സാമാനങ്ങൾ കൊണ്ടുപോരുന്നതിനുള്ള വാഹനസൌകയ്യങ്ങൾ അവക്ക് അവിടെനിന്നു ലഭിച്ചു. അനന്തരം യാത്രക്കാർ ടാങ്ങ് ലാ ചുരത്തിൽക്കൂടെ ട്യൂണായിലേയ്ക്കു പുറപ്പെട്ടു. ആ ചുരം രണ്ടു മൂന്നു മൈൽ വീതിയിൽ ക്രമേണ ഉയൻ കിടക്കുന്ന ഒരു പ്രദേശമാണ്. ഇൻഡ്യയിൽനിന്ന് ടിബററിലേയ്ക്കു കടക്കാനുള്ള പ്രധാന മാഗ്ഗവും ഇതാണ്.

യാത്രാസംഘം ടിബററിലെ ഉന്നത പ്രദേശങ്ങളിൽ എത്തി. ടിബററ് വളരെ വിസ്തൃതമായി കിഴക്കോട്ട് ചൈനാവരേയും വടക്ക് ചൈനീസ് ടക്കിസ്റ്റാൻവരേയും വ്യാപിച്ചു കിടക്കുന്ന ഒരുന്നത തടപ്രദേശമാണ്. പൊക്കം ൧൪000 അടിയ്ക്കും ൧൫000 അടിയ്ക്കും മദ്ധ്യേയാണ്. തുടർച്ചയായടിയ്ക്കുന്ന അതിശീതളമായ കാററിന് ദേഹദേഹികളെ മരവിപ്പിക്കുന്നതിനുപോ

ലും ശക്തിയുണ്ടു്. എങ്കിലും ടിബററിൽ പ്രഭാതകാലം പ്രസന്നവും ശാന്തവുമായിട്ടാണ് കണ്ടുവരുന്നതു്.

അവിടെ മഴ വളരെ കുറവാണ്. ഹിമാലയത്തിന്റെ തെക്കവശങ്ങളിൽ കഠിനമായ അതിവൃഷ്ടിയുണ്ടെങ്കിലും ടിബററുവശത്തിന് ആ ദൂഷ്യമില്ല: അതുപോലെ ഈ വശത്തുള്ള താഴ്വരകളും പർവ്വതങ്ങളും മറുവശത്തേതുപോലെ അത്യഗാധങ്ങളും അത്യുന്നതങ്ങളും അല്ല. മഴ കുറവായതുകൊണ്ടു് വൃക്ഷങ്ങളും കുറവാണ്. ജന്തുക്കളും തഥൈവ. അവിടെ രാത്രിയും പകലുമായുള്ള ശീതോഷ്ണ വ്യത്യാസംകൊണ്ടു് അത്യുഗ്രമായ കാററുകൾ ഉണ്ടാകുന്നുണ്ടു്.

നീലിമയുള്ള ആകാശം, ധാരാളം വെയിൽ, ഭയങ്കരമായ കാററുകൾ, പെട്ടെന്നുണ്ടാകുന്ന ശീതോഷ്ണ വ്യത്യാസം, അതിയായ തണുപ്പു്, ചൈതന്യരഹിതമായ ഭൂതലം, ഇവയാണ് ടിബററിന്റെ പ്രധാന പ്രകൃതങ്ങൾ. ഈ സ്ഥിതിഗതികൾകൊണ്ടു് തരുജാലങ്ങളോ ചെടികളോ ധാരാളമായി ഇവിടെ കാണാത്തതിൽ അതിശയിക്കാനില്ല. വിശാലമായ ആ അധിത്യകകളിലെ സമതലങ്ങൾ വെറും മരുഭൂമികൾപോലെ ശുഷ്കപ്രായമായി കാണപ്പെടുന്നു. ജീവജന്തുക്കൾ അവിടെ എങ്ങിനെ അധിവസിക്കുന്നു എന്നു നമുക്കു അത്ഭുതം തോന്നും. എന്നിരുന്നാലും അവിടെ ധാരാളം ആടുകളും പോത്തിനോടു് ആകൃതിയിൽ ഏകദേശം സാമ്യമുള്ള യാക്കുകളും ഉണ്ടു്. അവയെല്ലാം ഒരു മാതിരി അരണ്ടുവളരുന്ന കുററിച്ചെടികൾകൊണ്ടാണ് ഉപജീവിക്കുന്നതു്. ഇടയ്ക്കിടയ്ക്കു് ചില സ്ഥലങ്ങളിൽ അല്പാല്പമായി പുല്ലും ചുരുക്കമായുണ്ടു്. മഴക്കാലത്തു് ആടുകൾക്കും യാക്കുകൾക്കും തീററി തീരെ ഇല്ലെന്നുതന്നെ പറയാം. ഇലയും തണ്ടും തിന്നിട്ടു് ചുവടും വേരും കാർന്നുതിന്നാണ് സാധുജന്തുക്കൾ കഴിച്ചുകൂട്ടുന്നതു്. ആടുകൾ മെലിഞ്ഞു് എല്ലും തൊലിയുംമാത്രം ശേഷിക്കുന്നു. ഈ തണുപ്പുകാററും പഞ്ഞവുമെല്ലാമുണ്ടെങ്കിലും ഇവ അടുത്ത വസന്തകാലംവരെ ചാകാതെ ചത്തു് ജീവിക്കുന്നു. ആകാലത്തു് അവിടെയുമിവിടേയും കുറേശ്ശ പുല്ലു് കിളുത്തു തുടങ്ങുകയും പിന്നീടതു് അത്യാർത്തിയോടെ തിന്നു ജീവിക്കയും ആണ് ചെയ്യുന്നതു്.

വളർത്തു ജന്തുക്കളെക്കൂടാതെ ടിബററിൽ നാം ഉദ്ദേശിക്കുന്നതിലധികം ഇണക്കാത്ത ജന്തുക്കളുമുണ്ടു്. പൈകാസ് എന്നു പറയുന്ന ഒരുമാതിരി ചെറുമുയലുകൾ ഒരു പോതിൽനിന്ന് മറെറാന്നിലേക്ക് തടിൽവേഗത്തിൽ ഓടിച്ചാടി നടക്കുന്നതു് കാ

ന്മാൻ കൌതുകമുണ്ട്. അവ കൂട്ടമായി അല്പം വല്ല പുല്ലുമുള്ളിടത്ത് വസിക്കുന്നു. നിലത്തു മാളങ്ങളുണ്ടാക്കി വേനൽക്കാലത്തു അവ വല്ല ഭക്ഷണ സാധനങ്ങളുമൊക്കെ അതിൽ സംഭരിച്ചുവയ്ക്കും. കുന്നിൻപ്രദേശങ്ങളിൽ ബറൽ എന്നു പറയുന്ന ഒരുമാതിരി ചെമ്മരിയാടുകൾ ഉണ്ട്. ഉന്നത തടപ്രദേശങ്ങളിൽ ചിലടത്തെല്ലാം മാൻവർഗ്ഗത്തിലുള്ള ഗാസ്സേലിനെ ഒററയായും സംഘം ചേർന്നും കാണാം. ചെന്നായ്ക്കളും കുറുക്കന്മാരും കിയാങ്ങ് എന്നറിയപ്പെടുന്ന ഒരുമാതിരി കാട്ടുകഴുതകളും ഓരോരോ ഭാഗങ്ങളിൽ അധിവസിക്കുന്നു. മിക്കവാറും ഇവിടത്തെ ഭൂമിയുടെ നിറം തന്നെയാണ് ജന്തുക്കളുടെ നിറവും. ഇതു് അവയ്ക്കു് പ്രത്യേക ഒരു അനുഗ്രഹമാണ്.

പക്ഷികൾക്കും ഈ അനുഗ്രഹീതവർണ്ണമാണ് പ്രായേണ കണ്ടുവരുന്നതു്. ലാക്ക്, വിററിയർ, ഫിഞ്ച്, ഇവയാണ് സാധാരണമായിക്കാണുന്ന പക്ഷികൾ. ടിബററിലെ വാനമ്പാടിപക്ഷിയുടെ മധുരഗാനം എല്ലായ്പോഴും കേട്ടാനന്ദിക്കാവുന്നതാണ്. കുന്നിൻചെരിവുകളിൽ പലമാതിരി കിളികളും, പ്രാക്കളും, റോബിൻപക്ഷികളും കാണ്മാനുണ്ട്. ഗ്രാമങ്ങളിലും പരിസരങ്ങളിലും കുരുവിൽ കൂട്ടമായി അധിവസിക്കുന്നു. ഒരു കുയിൽ കമ്പിത്തുണിലിരിക്കുന്നതായി വൊള്ളാസ്റ്റൻ കാണുകയുണ്ടായത്രേ. കഴുകന്മാരും, ബുസ്സാർഡുകളും മററു പക്ഷികളെ ഹനിച്ച് ആഹരിക്കുന്നു. കുറുക്കന്മാരും, ചെന്നായ്ക്കളും, ചെറുനിലജന്തുക്കളെതേടി നടക്കുന്നു. ഇവയുടെ ശത്രുതയിൽ നിന്നും സാധുക്കൾ രക്ഷപ്രാപിക്കുന്നതു് അധികവും ഈ സംരക്ഷകനിറംകൊണ്ടു മാത്രമാണ്.

ടിബററിൽ മനുഷ്യർ ജന്തുമൃഗാദികളുടെ ശത്രുക്കളല്ല. മാംസംചുരുക്കമായി ടിബററിലും കിട്ടുമെങ്കിലും ടിബററുകാക്ക് പക്ഷിമൃഗാദികളെ കൊല്ലുന്നതു് അത്ര ഇഷ്ടമില്ല. ഇവിടെ ഒരുത്തരും കാട്ടുജന്തുക്കളെ വേട്ടയാടുക പതിവില്ല. ചില ബുദ്ധമതാശ്രമങ്ങളിൽ വന്യജന്തുക്കളേപോലും വളരെ സ്നേഹത്തോടു കൂടി ഇണക്കാറുണ്ട്. ചെമ്മരിയാടുകളും മററും ആശ്രമത്തിനു വളരെ സമീപം വരികയും നിർഭയമായി സഞ്ചരിക്കയും ചെയ്യുന്നു. മനുഷ്യരെ യാതൊരുപേടിയുമില്ലാതിരുന്നതുകൊണ്ട് എവറസ്റ്റ് യാത്രാസംഘക്കാരുടെ ക്യാംപിന് (കൂടാരം) വളരെ സമീപത്തെല്ലാം അവ സഞ്ചരിച്ചും വിഹരിച്ചു. ടിബററുകാർ അധികവും ബുദ്ധമതാനുയായികൾ ആണ്. അഹിംസാപരമോ

ധമ്മ എന്ന തത്വം അവരുടെ മതത്തിൻെറ പ്രധാനജീവനാണ്. ടിബററിലെ ബുദ്ധമതക്കാരേപ്പോലെ മററുബുദ്ധമതാനുയായികൾ ഈ തത്വം ഇത്ര കൎശനമായി പരിപാലിക്കുന്നുണ്ടോ എന്ന് സംശയമാണ്.

ഉണങ്ങിവരണ്ടും ഫലശൂന്യമായും കാണുന്ന ഭൂപ്രകൃതിയെ മഴയുടെ കുറവ് ഒന്നുകൂടി അസഹനീയമാക്കുന്നു. എങ്കിലും ചില ഭാഗങ്ങളിൽ പ്രകൃതിവിലാസം തുളുമ്പുന്ന കമനീയമായ ജലാശയങ്ങൾ കാണ്മാനുണ്ട്. നീലനിറമാണ് അവയുടെ പ്രധാന ഭംഗി. ഇതു് ടിബററിലെ പ്രസന്നമായ ആകാശത്തിൻെറ പ്രതിഫലനം മാത്രമായിരിയ്ക്കാം. ബ്യൂറിയും സംഘവും, ലാസായിൽ നിന്ന് പുറപ്പെട്ട വഴിക്ക് അതിരമണീയമായ ഒരു തടാകം കണ്ടു. ബാംസോ എന്നാണതിൻെറപേരു്. അതിനകത്തു് കണ്ണാടിയിലെന്നപോലെ പ്രതിഫലിച്ചിരുന്ന പൎവ്വതശ്രേണികളുടേയും വിശിഷ്യ ചോമോൽഹാരികൊടുമുടിയുടേയും ഛായകൾ പ്രത്യേകം കോമളമഹിമാവുള്ളവയായിരുന്നു. വേനൽക്കാലത്തു് അസംഖ്യം കാട്ടുകോഴികളും പക്ഷിവൎഗ്ഗങ്ങളും ജലാശയങ്ങളുടെ പരിസരങ്ങളിൽ നിവസിക്കുന്നു. ഒരു മാതിരി പേത്തകളും താറാവുകളും, ഇരണ്ടകളും, അവിടെ ധാരാളമുണ്ട്. ടിബററിൽക്കൂടി പൎയ്യടനക്കാർ കംബാസോങ്ങിലേക്ക് പുറപ്പെട്ടു. അവിടെ നിന്നും ഷേഖരിലേക്കും, പിന്നീട് ടിംഗ്രിയിലേക്കും, പോകേണ്ടിയിരുന്നു. ശൂന്യമായ പ്രദേശങ്ങളും, ഇടക്കിടെ ചെറിയ ഗ്രാമങ്ങളും, യാത്രാമദ്ധ്യേ അവർകണ്ടു. അവിടെഒക്കെ ഗോതമ്പും, ബാർലിയും ചുരുക്കമായി കൃഷിചെയ്തിരുന്നു. ശുഷ്കപ്രായമായ സമതലങ്ങളും ഇടക്കിടെ കുന്നുകളുംകടന്ന് അവർ സാമോദം യാത്രതുടൎന്നു. പക്ഷേ അധികം താമസിയാതെ അവൎക്ക് ഭയങ്കരമായ ഒരത്യാഹിതം സംഭവിച്ചു. കെല്ലാസിനും, റിബേണിനും ഫാറിയിൽവച്ചുതന്നെ സുഖക്കേടുപിടിപെട്ടിരുന്നു. കെല്ലാസിന് സവാരിചെയ്യുന്നതിന് തീരെശക്തിയില്ലാതിരുന്നതിനാൽ മഞ്ചലിൽക്കയറിയാണ് സംഘത്തെ അനുഗമിച്ചതു്. എങ്കിലും അദ്ദേഹം സന്തോഷചിത്തനും പ്രസന്നവദനനും ആയി കാണപ്പെട്ടതുകൊണ്ട് ആരും അദ്ദേഹത്തിൻെറ സുഖക്കേട് ഗൌരവതരമായി കരുതിയിരുന്നില്ല. ബ്യൂറിയും, വൊള്ളാസ്റ്റനും, കംബാസോങ്ങിൽ എത്തിയപ്പോൾ ഒരു മനുഷ്യൻ പരിഭ്രമിച്ച് ഓടി എത്തി കെല്ലാസ് വഴിമദ്ധ്യേവച്ചു മരിച്ചുപോയി എന്നറിയിച്ചു. കഷ്ടം! അദ്ദേഹം എവറസ്ററുമായുള്ള യുദ്ധയാത്രയിൽ തന്നെ വി

രസ്വഗ്ഗം പ്രാപിച്ചുകഴിഞ്ഞു. സ്കോട്ട്ലണ്ടിലെ നീലക്കുന്നുകളുടെ ഇടയിൽ വളൎന്ന ആ ശൈലസ്നേഹി അദ്ദേഹത്തിൻെറ ജന്മസാഫല്യമായിക്കരുതിയ പൎവ്വതാരോഹണ ശ്രമത്തിൽതന്നെ ജീവൻ വെടിഞ്ഞു. ദേഹസുഖം അനുനിമിഷം കുറഞ്ഞുവന്നിരുന്നിട്ടും അദ്ദേഹത്തെ യാത്രയിൽനിന്നും പിന്തിരിക്കാൻ ആൎക്കും കഴിഞ്ഞില്ല. എതെങ്കിലും ഒരു ശൃംഗദൎശനം അദ്ദേഹത്തിൽ അനിയന്ത്രിതമായ ഒരാകൎഷണം ഉളവാക്കുന്നതിനു പൎയ്യാപ്തമായിരുന്നു.

യാത്രാസംഘം ഡാർജീലിങ്ങിൽനിന്നു തിരിക്കുമ്പോൾ തന്നെ അദ്ദേഹത്തിനു ശരീരസുഖമില്ലായിരുന്നു. കംബാദസോങ്ങിന് തെക്കുഭാഗത്ത് എവറസ്റ്റിനു അഭിമുഖമായുള്ള ഒരു കുന്നിൻ ചെരുവിൽ അദ്ദേഹത്തെ സംസ്ക്കരിച്ചു. അദ്ദേഹത്തിൻെറ ജീവിതവിജയകാഴ്ചകൾ കണ്ടുതന്നെയാണ് ആ മഹാൻ ചരമമടഞ്ഞത്. പൌഹൂൺറി, കാഞ്ചൻജൌ, ചോമിയോമോ, മുതലായ ശൈലശൃംഗങ്ങളെ കീഴടക്കിയ വീരനായിരുന്നു അദ്ദേഹം. പ്രസ്തുത കൊടുമുടികളിൽ അദ്ദേഹം അല്ലാതെ വേറെ ആരും കയറിയിട്ടില്ല. ലോകത്തിലെ ഏററവും വലിയ പൎവ്വതശ്രേഷ്ഠന്മാരുടെ ഇടയിൽ അദ്ദേഹം നിത്യമായി ആശ്വസിക്കുന്നു. അദ്ദേഹത്തിൻെറ വീരദേഹം അപ്രത്യക്ഷമായെങ്കിലും അജയ്യമായ ദേഹി എല്ലാ ഹിമാലയാരോഹകന്മാൎക്കും നവജീവനും ഉത്തേജകവുമായി അനശ്വരമായി പരിലസിക്കും നിശ്ചയം.

റീബേണിനും സുഖക്കേട വൎദ്ധിച്ചുവന്നു. വൊള്ളാസ്റ്റൻെറ കൂടെ അദ്ദേഹത്തേയും തിരിയെ സിക്കിമിലേക്കയയ്ക്കണം. സംഘം ഇങ്ങിനെ കുറഞ്ഞു കുറഞ്ഞ് പകുതി ആയിക്കഴിഞ്ഞു. ഹിമാലയപ്രദേശത്ത് ഇതുവരെ സഞ്ചരിച്ചിട്ടില്ലാത്ത മാലൊറിയും ബുള്ളോക്കും മാത്രമെ ഇനിശേഷിച്ചിട്ടുള്ളു. അധികം ഉയരത്തിൽ പ്രാണവായു ഉപയോഗിക്കുന്നതിലുള്ള ഗുണങ്ങളേപ്പററി കുറേനാളുകളായി കെല്ലാസ് പരീക്ഷണങ്ങൾ നടത്തിവരികയായിരുന്നു. എവറസ്റ്റിൻെറ മുകളിൽ എത്തുന്നതിന് അമിലതസംഭരണത്തോടുകൂടിമാത്രമേ സാധിയ്ക്കുയുള്ളു എന്ന് പല ശാസ്ത്രവിദഗ്ദ്ധന്മാരും വിശ്വസിച്ചിരുന്നു. അതുകൊണ്ട് അദ്ദേഹത്തിൻെറ മരണം ശാസ്ത്രീയഗവേഷണങ്ങളെ സംബന്ധിച്ചിടത്തോളം അപരിഹാൎയ്യമായ ഒന്നു തന്നെയാണ്.

സംഘാംഗങ്ങൾ എവറസ്റ്റിനെ വിദൂരത്തിൽ അസ്പഷ്ടമായി ദൎശിച്ചുതുടങ്ങി. കംബാദസോങ്ങിൽനിന്ന് ഉദ്ദേശം നൂറമൈ

ൽ അകലെ ആ ഉഗ്രപർവ്വതാഗ്രം പ്രൌഢമായി ആകാശത്തിൽ ലയിച്ചു കാണപ്പെട്ടു.

മാലൊറിയ്ക്കു് എവറസ്റ്റിന്റെ മുകളിൽ കയറി വിജയപതാക ഉയർത്തുന്നതിന് ഇനിയും സമയമായിട്ടില്ല. വടക്കുകിഴക്കായി എവറസ്റ്റിനോടടുത്തു കിടക്കുന്ന പർവ്വതോപരിഭാഗം മാലൊറിയ്ക്കു് നല്ലപോലെ പ്രത്യക്ഷപ്പെട്ടു. ഈ പർവ്വതോപരിഭാഗത്തു കയറിയാൽ എവറസ്റ്റിന്റെ മുകളിൽ എത്താമെന്നു് അദ്ദേഹം കണ്ടുപിടിച്ചു. പക്ഷേ എവറസ്റ്റിന്റെ 27000 അടി ഉയരത്തിന്റെ ചുവട്ടിലുള്ള സ്ഥിതി ആർക്കറിയാം. ഏതെങ്കിലും വിധത്തിൽ 27000 അടി കയറിക്കഴിഞ്ഞാൽ മുൻപറഞ്ഞ പർവ്വതോപരിഭാഗത്തെത്തിയിട്ട് പിന്നേയും ശ്രമിച്ചുനോക്കാമെന്നുവയ്ക്കാം. ആ വടക്കുകിഴക്കൻ പർവ്വതത്തിൽ എങ്ങിനെയാണെത്തുക? ഈ പ്രശ്നത്തിനിപ്പോൾ മറുപടി പറയുവാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ ഇവർ നിന്നിരുന്ന സ്ഥലത്തുനിന്നും വിപുലമായ താഴ്‌വരകളുള്ള ഒന്നു രണ്ടു ഗിരിപംക്തികൾക്കപ്പുറമാണ് വടക്കുകിഴക്കൻ കിടന്നിരുന്നതു്.

യാത്രാസംഘക്കാർ ഈ ശൈലപംക്തികൾ കടന്ന് ആറൺ നദിയുടെ തീരത്തെത്തി. ഈ നദിയുടെ ഉത്ഭവം എവറസ്റ്റിന്റെ താഴ്‌വരകളിൽനിന്നാണ്. തെക്കോട്ടൊഴുകി പല പർവ്വതനിരകളെ ഭേദിച്ചാണ് ഈ തടിനി, നീപ്പാളിലേക്ക് കടക്കുന്നതു്. അത്യഗാധവും കുടുംതുക്കം ദുർഗ്ഗമവും ഏററവും അപായകരവുമായ, മലയിടുക്കുകളിൽക്കൂടി അനിർവ്വാച്യമായ ഊക്കോടുകൂടിയാണ് ആറൺ പ്രവഹിക്കുന്നതു്.

ജൂൺ 11-ാംനു- മാലൊറിയും, ബുള്ളോക്കും ഈ നദീതീരത്തുള്ള ഒരു വലിയ പാറക്കൂട്ടത്തിനു മുകളിൽ കയറി തുടിയ്ക്കുന്ന ഹൃദയത്തോടുകൂടി എവറസ്റ്റിലേക്കു വല്ല മാർഗ്ഗവും കാണുന്നുണ്ടോ എന്ന് നിർന്നിമേഷനേത്രരായി നോക്കി. കഷ്ടം. എല്ലാം പുകപോലെയും മൂടൽ മഞ്ഞുപോലെയും കാണപ്പെട്ടു. എങ്കിലും ഇടക്കിടെ ചില പിളർപ്പുകളിൽക്കൂടി അല്പാല്പഭാഗങ്ങളായി ആ അചലധീരനെ കാണാമായിരുന്നു. അവർ ക്ഷമയോടെ നോക്കിനിന്നു. ക്രമേണ ആയി എവറസ്റ്റിന്റെ മിക്കഭാഗവും അവർ കണ്ടു. അന്നുതന്നെ സായാഹ്നത്തോടുകൂടി അവരുടെ ക്യാംപിന്റെ മുകൾഭാഗത്തുണ്ടായിരുന്ന ഒരു വലിയ പാറയിൽക്കയറി അല്പംകൂടി സ്പഷ്ടമായി അവരുടെ ഭീമ രിപുവിനെ ദർശിച്ചു.

എവറസ്റ്റിലേയ്ക്കിനിയും 57 മൈൽ ദൂരകലമുണ്ട്. അതിൻെറ പാദഭാഗം മറയ്ക്കുന്നതിനായി അനേകവരി മലകളും ഉണ്ട്. എവറസ്റ്റിൻെറ കിഴക്കുഭാഗത്തേയ്ക്ക് വിസ്തൃതമായിക്കിടക്കുന്ന ഒരു സാനുപ്രദേശം മാലൊറി കണ്ടു. ഈ താഴ്വര ആറൺ നദിയിലാണ് അവസാനിച്ചിരിക്കുന്നത്. ഈ സ്ഥലം പിന്നീട് അടുത്തു പരിശോധിക്കുന്നതിന് മാലൊറിയ്ക്കു സാധിച്ചു. ഹിമാലയത്തിലുള്ള അനേകശതം താഴ്വരകളിൽ ഏററവും കമനീയമായ ഒന്നുതന്നെയായിരുന്നു ഇത്.

യാത്രാസംഘംമാർഗ്ഗപരിശോധനക്കായി ഹിമാലയത്തിൻെറ വടക്കുഭാഗത്തുനിന്നും പടിഞ്ഞാറു കിടക്കുന്ന ററിംഗ്രിയിലേയ്ക്ക് പ്രയാണം തുടന്നു. ഇത് ഒരു ചെറിയ പട്ടണമോ അഥവാ ഗ്രാമമോ ആയിരുന്നതുകൊണ്ട് ഹിമാലയാരോഹണം തുടങ്ങുമ്പോൾ ഒരടിസ്ഥാനരംഗമായി ഉപയോഗിക്കാൻ പററിയതാണ്. ഇവിടെനിന്നും ചെറുസെററുകളായി പിരിഞ്ഞ് ഗവേഷണം നടത്താൻ സൗകര്യമുണ്ട്. 1904-ൽ റോളിങ്ങും, റൈഡറും, ഈ പട്ടണം സന്ദർശിച്ചിട്ടുള്ളതാണ്.

സംഘം മാർഗ്ഗമദ്ധ്യേശേഖരസോങ്ങിൽക്കൂടി കടന്നുപോയി. ഈ സ്ഥലത്ത് ഇതേവരെ ഒരു യൂറോപ്യൻ പോലും എത്തിയിട്ടുണ്ടായിരുന്നില്ല. എവറസ്റ്റിനോടടുക്കാറായെങ്കിലും, ഈ സ്ഥലത്തേപ്പററി ഇടയ്ക്കല്പം പ്രസ്താവിക്കാൻ അർഹതയുള്ളതാണ്. ഹോവേർഡ് ബ്യൂറി ഈ സ്ഥലത്തേപ്പററി രസകരമായ ഒരു വിവരണം എഴുതിയിട്ടുണ്ട്. മൂന്നു പ്രാവശ്യത്തെ ആരോഹകസംഘക്കാരും ഈ സ്ഥലത്തുനിന്ന് അനേകം ഫോട്ടോകൾ എടുത്തിട്ടുണ്ട്. ഇവയിൽനിന്നുതന്നെ ഈ സ്ഥലത്തിൻെറ വിശേഷത ഊഹ്യമാണല്ലോ. ഈ പട്ടണം ഒരു വലിയ കുന്നിൻെറ അടിച്ചെരിവുകളിലും താഴത്തുമായിട്ടാണ് സ്ഥിതിചെയ്യുന്നത്. കുന്നിന് കുറേ അധികം മുകൾഭാഗത്തായി 400-ൽ പരം ബുദ്ധസന്യാസികൾ അധിവസിക്കുന്ന ഒരാശ്രമമുണ്ട്. വിവിധരീതിയിലുള്ള അനേകം കെട്ടിടങ്ങൾ ഈ ആശ്രമവളപ്പിൽ കാണാം. കുന്നിൻെറ മുകളിൽ ഒരസാധാരണ രീതിയിൽ പണിതിട്ടുള്ള സൌധം പ്രത്യക്ഷപ്പെടുന്നു. ഇവിടെ ദിവസവും പൂജയും മററും നടത്തുന്നുണ്ട്. ഈ കെട്ടിടങ്ങളെല്ലാം ചുററി ഒരു കോട്ടമതിലും കെട്ടിയിട്ടുണ്ട്.

ജൂൺ17—ാംനു അവർ ഈ സ്ഥലത്ത് വിശ്രമിക്കയായിരുന്നു. ബ്യൂറിയും ചിലക്കൂട്ടുകാരും അന്ന് ശേഖരക്കോട്ടയിലെ

വലിയ ആശ്രമം സന്ദശിച്ചു. കുന്നിൻചെരുവിൽ ഓരോ നിര മുകളിൽ മുകളിലായി അനേകം കെട്ടിടങ്ങൾ ഉണ്ടായിരുന്നു. കുന്നവളരെ ചരിഞ്ഞതും പാറക്കെട്ടുകളോടുകൂടിയതും ആണ്. പാറക്കെട്ടുകളിൽക്കൂടി കുന്നിൻെറ മുകളിലേയ്ക്കുള്ളവഴി പലവളച്ചുവാതലുകൾകടന്ന് ആശ്രമക്കെട്ടിടങ്ങളിലേക്കു നയിച്ചു. വളരെ വീതികുറഞ്ഞതും ചിലഭാഗങ്ങളിൽ കുത്തുക്കായും കിടക്കുന്ന വഴികളുടെ പാശ്വഭാഗത്താണ് കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്നതു്. ഏകദേശം തൂക്കായ ഒരുകുന്നിൽ ഒരു ചെറിയ പട്ടണം നിമ്മിച്ചാലത്തെസ്ഥിതി ഒന്നോക്കുക. അതുതന്നെ ഇവിടത്തെ പ്രകൃതം. ബ്യൂറിയും കൂട്ടുകാരും ഈ അസാധാരണവഴികളിൽക്കൂടി നടന്ന് പ്രധാനക്ഷേത്രത്തിൻെറ മുൻവശത്തെത്തി. അതിനുള്ളിൽ സ്വണ്ണമയവും രത്നഖചിതവുമായ പല ബുദ്ധവിഗ്രഹങ്ങളുമുണ്ടായിരുന്നു. ഇവയിലെല്ലാം പുറകിലായി 50 അടിഉയരമുള്ള വലിയഒരു ബുദ്ധപ്രതിമഉണ്ടു്. അതിൻെറമുഖം ആണ്ടുതോറും സ്വണ്ണം പൂശി പുതുക്കുക പതിവാണ്. ഇതിനു ചുററിലുമായി ആശ്ചയ്യജനകവും അപൂവ്വതരവുമായ എട്ടുപ്രതിമകൾകൂടെക്കാണാം. ഇവയെല്ലാം കൗതുകജനകമായവിധം തൊങ്ങലുകളും കിന്നരികളുംവച്ച ഉടുപ്പുകൾ അണിഞ്ഞു് നിന്നിരുന്നു. ഇവർ ശ്രീകോവിൽപാലകന്മാരാണുപോലും.

നേരെ മുകളിലേക്ക് നാട്ടിവച്ചിരിക്കുന്നതും കാലുവഴുതാൻ എളുപ്പമുള്ളതുമായ ചില ഗോവണികൾ കയറി അന്ധകാരത്തിൽക്കൂടി തപ്പിത്തടഞ്ഞു് അവർ ബുദ്ധപ്രതിമയുടെ എതിർവശത്തുള്ള ഒരു തട്ടിലെത്തി. വെള്ളികൊണ്ടു് മനോഹരമായി നിമ്മിച്ചിട്ടുള്ള പല പാത്രങ്ങളും വിശേഷ സാധനങ്ങളും അവിടെ കണ്ടു. ശ്രീകോവിലിൻെറ അന്തർഭാഗം ഇരുളടഞ്ഞിരുന്നു. അതിനകത്തു മങ്ങികത്തിയിരുന്ന നെയ്‌വിളക്കിൽനിന്നും അസഹനീയമായ ഒരു ദുർഗ്ഗന്ധം വമിച്ചുകൊണ്ടിരുന്നു.

ബ്യൂറിയേയും സ്നേഹിതന്മാരേയും ഈ ആശ്രമത്തിലെ ഔദ്യോഗിക ശ്രേഷ്ഠനാണ് സ്വീകരിച്ചതും കൊണ്ടുനടന്നു കാണിച്ചതും. പിന്നീടു് അവർ ആ ആശ്രമത്തിൽ അറുപതുകൊല്ലത്തിലധികമായി നിവസിക്കുന്ന ലാമാ ശ്രേഷ്ഠനെ കണ്ടു. അദ്ദേഹം ഒരു പുണ്യാത്മാവും പഴയ ഒരു ലാമാശ്രേഷ്ഠൻെറ അവതാരവുമാണെന്ന് എല്ലാവരും വിശ്വസിച്ച്, ജനങ്ങൾ ആ മഹാത്മാവിനെ ആരാധിക്കുന്നുവത്രേ. അദ്ദേഹത്തിനു് പല്ലൊന്നുമാത്രമേ ശേഷിച്ചിട്ടുണ്ടായിരുന്നുള്ളു. എങ്കിലും ധാരമാരെ കണ്ടപ്പോൾ ഭംഗി

യായിതന്നെ ചിരിച്ചു. അദ്ദേഹത്തിൻെറ മുറിയിൽനിന്നും സുഗന്ധധൂമം പുറപ്പെട്ടുകൊണ്ടിരുന്നു.

ബ്യൂറി ഈ രസകരമായ മനുഷ്യൻെറ ഫോട്ടോ എടുത്ത് കുറേ പ്രതികൾ പലക്കും സമ്മാനിച്ചു. ഇതിൽ മേൽത്തരമായ ഒരു സമ്മാനം അവക്ക് ലഭിക്കാനില്ലായിരുന്നു. പുണ്യാത്മാവ് എന്നു കരുതിയിരുന്ന ലാമാ ശ്രേഷ്ഠൻെറ പടം പ്രത്യേക രൂപക്കൂട്ടുകളിൽ വച്ച് അവർ ആരാധിക്കയും സുഗന്ധദ്രവ്യങ്ങൾ പുകയ്ക്കുകയും ചെയ്യുമെന്നുള്ളതു നിശ്ചയമാണ്. ഇതും ഇതുപോലെയുള്ള മററു സഞ്ചാരികളുടെ അനുഭവങ്ങളും കൊണ്ട് ടിബററിൽ മതത്തിന് വളരെ പ്രാധാന്യമുണ്ടെന്നനുമാനിക്കാം. ആശ്രമങ്ങളിൽ നിവസിക്കുന്ന പ്രധാന ലാമാകൾ മിക്കവരും ബഹുമാനാർഹന്മാരാണ്. പിന്നീട് റോങ്ബക്കിൽവച്ച് ഈ യാത്രാസംഘക്കാർ കണ്ട ലാമാ ഇതിനൊരു മകുടോദാഹരണവുമാണ്. ലാമാമാർ അവരുടെ ജീവനെ മതത്തിനായി ബലികഴിച്ചിരിക്കുന്നു. ഭക്തികലകളും അവർ പ്രോത്സാഹിപ്പിക്കുന്നുണ്ട്. അവരുടെ ബുദ്ധിശക്തി അത്ര അധികം വികസിച്ചതല്ല. ഹിന്ദുക്കളുടെ മതതാത്വിക ചിന്തകൾക്കുള്ള അഗാധജ്ഞാനം അവക്കില്ല. എങ്കിലും അവരിൽ മൃദുവായ ഒരു ആത്മീയ ചൈതന്യം കാണുന്നുണ്ട്. അവർ ദയാലുക്കളും ഔദാര്യമതികളും ആണ്. ഈ പൂജ്യപാദന്മാരായ ആളുകൾ ടിബററുകാരുടെ ഒരു വലിയ ആവശ്യം നിറവേററുന്നു. അതുകൊണ്ടായിരിക്കാം അവർ പരിപൂർണ്ണ സംതൃപ്തരായി കാണപ്പെടുന്നതു്. മനുഷ്യൻ ആരാധനാശീലനാണല്ലൊ. ടിബററുകാരുടെ ആരാധനാഗ്രഹവഷം ചൊരിയുന്നതിനുള്ള കുംഭങ്ങളായിട്ടത്രെ ഈ യോഗിവയ്യന്മാർ ഗണിക്കപ്പെടുന്നതു്.

ശേഖരക്കോട്ടയിലെ പ്രധാന ലാമായേ ദശിക്കുന്നതിന് സംഘാംഗങ്ങൾക്ക് സൌകയ്യം ലഭിച്ചു. ഇദ്ദേഹം മതോചിതമായ വിചിത്രവേഷങ്ങൾ അണിഞ്ഞു് വെളിയിൽ വന്ന് അല്പം പൊക്കമുള്ള ഒരു തട്ടിൽ ഇരുന്നു. ഇരിപ്പിടവും പരിസരവും കമനീയമായി അലങ്കരിച്ചിരുന്നു.

# അദ്ധ്യായം ൯.

## എവറസ്റ്റിലേക്കടുക്കുന്നു.

ജൂൺ 19-ാംനു പര്യ്യടനസംഘം ടിംഗ്രിയിലെത്തി. ഇനിപർവ്വത പ്രാന്തപരിശോധന ഊർജ്ജിതമായി തുടങ്ങണം. ഡാർജീലിങ്ങിൽ നിന്നു് 350 മൈൽ അകലമുള്ള ഈ സ്ഥലത്തെത്തുന്നതിനു് കൃത്യം ഒരുമാസം വേണ്ടിവന്നു. അനേകായിരം മൈൽ അകലെയുള്ള ലണ്ടനിൽ നിന്നും ഡാർജീലിങ്ങിൽ എത്തുന്നതിനു് ഇത്രയും ദിവസങ്ങൾ വേണ്ടിയിരുന്നില്ല. നീപ്പാളിൽ കൂടി കടക്കാൻ നിവൃത്തി ഇല്ലാതിരുന്നതിനാൽ യാത്രക്കാർ വളരെ വളരെ വക്രമായി സഞ്ചരിക്കേണ്ടതായി വന്നുകൂടി. പക്ഷെ അതുകൊണ്ടു വേറൊരു ഗുണമുണ്ടായിരുന്നു. സമുദ്രനിരപ്പിൽ നിന്നു വളരെ അധികം ഉയർന്നുകിടക്കുന്ന ടിബററു പ്രദേശങ്ങളിൽ കൂടി രണ്ടുമൂന്നാഴ്ച സഞ്ചരിക്കുന്നതു് ദേശസ്ഥിതിയും കാലവ്യത്യാസവും പരിചയിക്കുന്നതിനു് നല്ലതായിരുന്നു. അതു കൂടുതൽ ഉയരത്തിലേക്കു കയറുന്നതിനുള്ള ഒരു നല്ല പ്രാരംഭപരിശീലനമായി ഗണിക്കാം. ടിംഗ്രിയിലുള്ള ഒരു കുന്നിൽക്കയറി വിസ്തൃമായ ഒരു സമതലത്തിനു് എതിരേ നോക്കിയപ്പോൾ ഏകദേശം 44 മൈൽ അകലെയായി എവറസ്ററും, അതിനു പടിഞ്ഞാറു വശത്തു് ഇരട്ടരാക്ഷസന്മാരേപ്പോലെ നില്ക്കുന്ന ചോയ്തയോയും ഗിയാച്ചുങ്ങ്കാങ്ങും കാണപ്പെട്ടു.

ഇനിയും അനേകപർവ്വതനിരകൾ കടക്കണം. ഹിമാലയാപർവ്വതം ഒററവരിയായിമാത്രം കിടക്കുന്ന ഒരു ശിഖരിയല്ലല്ലൊ. അനേകസഹസ്രം മലകളും താഴ്വരകളും ഹിമപ്പരപ്പുകളും ആണു് ഈ പർവ്വത പൂവ്കുടുംബത്തെ— ഭൂലോകത്തിലുള്ള സകല പ്രധാനപർവ്വതപംക്തികളുടേയും പ്രപിതാമഹന്റെ ആസ്ഥാനത്തെ—വലയം ചെയ്തിരിക്കുന്നതു്.

വടക്കുകിഴക്കൻ പർവ്വതത്തിൽ എത്തണമെന്നായിരുന്നു മാലൊറി തൽക്കാലം വിചാരിച്ചതു്. ഇതു് ഏററവും വൈഷമ്യകരമായ ഒന്നായിരുന്നു. മാലൊറി ഈ ശൈല പംക്തിയുടെ പടിഞ്ഞാറു വശത്തുനിന്നുകൊണ്ടു് ഡാർജീലിങ്ങിൽനിന്നു നോക്കിയാൽ ദൃശ്യമാകുന്ന വശത്തേക്കു് നോക്കി. ഈ വടക്കുകിഴക്കന്റെ മുതുകിൽ എത്തുന്നതിനു് വല്ല വഴിയുമുണ്ടോ എന്നും, ഈ

No. III



Photo by Dr. Somervell.

പൂർവ്വറോങ്ങ്ബക്ക് ഗ്ലേസിയറിൽ 19,000 അടി ഉയരത്തിൽ
സ്ഥാപിച്ചിരുന്ന രണ്ടാമത്തെ കൂടാരം.

*(By kind permission of Dr. Somervell.)*

UNIVERSITY LIBRARY
11 AUG 1934
MADRAS

മാൎഗ്ഗമല്ലാതെ എവറസ്റ്റിലെത്താൻ വേറെ എളുപ്പവഴി ഉണ്ടോ എന്നുമായിരുന്നു, മാലൊറിക്ക് അറിയാൻ ആഗ്രഹമുണ്ടായിരുന്നതു്. ചില്ലുലുകളോടും പൊട്ടലുകളോടുംകൂടി പാറയുടെ ഭാഗങ്ങൾ അങ്ങോട്ടുമിങ്ങോട്ടും ഉന്തിയും തള്ളിയും ഒരു വിധത്തിലും മനുഷ്യചരണങ്ങൾക്കോ, കരങ്ങൾക്കോ പിടികൊടുക്കാതെ മഞ്ഞുകട്ടികൾകൊണ്ടു് പൊതിഞ്ഞിരിക്കാൻ വഹിയാത്തതാണോ, എവറസ്റ്റ് എന്നു് മാലൊറി സംശയിച്ചു. ഭൂലോകത്തിൻെറ ഏററവും ഗുപ്തമായ അറയല്ലയോ എവറസ്റ്റ് വിഭാഗം? ഈ വക സംശയങ്ങൾ എല്ലാം തീരണമെങ്കിൽ മാലൊറി കുറേക്കൂടി അടുത്തു ചെല്ലണം. പൎവ്വതോപരിഭാഗത്തേക്കുള്ള ഏതെങ്കിലും ഒരു താഴ്‌വര കണ്ടുപിടിക്കണമെന്നായിരുന്നു അദ്ദേഹം പ്രഥമതഃ നിശ്ചയിച്ചതു്. ഏതാണ്ടു് വിഭ്രമണമന്ദിരത്തിലെ വഴികൾപോലെ സംഭ്രമജനകമായ വിധത്തിലാണു് അനേകം പൎവ്വതങ്ങൾ നാനാദിക്കുകളിലേക്കും അഭിമുഖമായി പാഞ്ഞുകിടക്കുന്നതു്. മൺസൂൺ അഥവാ കാലവൎഷം സമീപിച്ചിരുന്നതിനാൽ എവറസ്ററുതന്നെ മൂടലിൽ അകപ്പെട്ടിരുന്നു.

റിംഗ്രി, പൎയ്യവേഷകന്മാൎക്കു് നല്ല ഒരു ആസ്ഥാനരംഗമാണു്. ജൂൺ ൨൩-ാംനു- മാലൊറിയും, ബുള്ളോക്കും, ഒരു സർദാരും, പതിനാറു ചുമട്ടുകാരും കൂടി നേരെ എവറസ്റ്റിലേക്കു പുറപ്പെട്ടു. ബാക്കിയുള്ളവർ ഓരോ ചെറു സംഘങ്ങളായിപ്പിരിഞ്ഞു് മറേറാരോ ജോലികളിൽ ഏൎപ്പെട്ടു. ചിലർ സൎവ്വേ ചെയ്യുന്നതിലും, മററു ചിലർ ഭൂപ്രകൃതിശാസ്ത്രസംബന്ധമായ പൎയ്യന്വേഷണങ്ങളിലും വ്യാപൃതരായി. എവറസ്റ്റിലേക്കു് ആനയിക്കുന്ന ഒരു താഴ്‌വരയുണ്ടെന്നു കേട്ടു് മാലൊറിയും, കൂട്ടുകാരും അങ്ങോട്ടു തിരിച്ചു. ഒരു നിര മലകൾ കടന്നു് ൨൭-ാംനു- അവർ റോങ്ബക്കു് താഴ്‌വരയിലെത്തി. ഇവിടെനിന്നും എവറസ്റ്റിലേക്കു് ൧൬ മൈൽ അകലമേയുള്ളു. ഇത്രയും അടുത്തുനിന്നു നോക്കിയാൽ എവറസ്റ്റ് എങ്ങിനെയിരിക്കും? ഇതു പലരും അറിയാൻ ആഗ്രഹിച്ചിട്ടുള്ളതാണു്. മാലൊറിയ്ക്കും ബുള്ളോക്കിനും അതിപ്പോൾ അപ്രതിഹതമായി കാണാം. ശുഭ്രശിഖരത്തോടുകൂടിയ ഹിമഗിരിയുടെ മൃദുവും നിമ്നോന്നതവും ആയ തുഷാരതടം ഈ ശിഖരിശിഖക്കില്ലായിരുന്നു. കൂൎത്തും തള്ളിയും, പൊട്ടിയും കീറിയും ദുഷ്പ്രാപ്യമായുള്ള പാറക്കെട്ടുകളോ, ശിലാഭാഗങ്ങളൊ, അവർ കണ്ടില്ല. എവറസ്റ്റ് വലിയ ഒരു പൎവ്വതം, വലിയ ഒരു പാറക്കൂട്ടം, ആണെന്നു മാത്രമേ അവൎക്കു തോന്നിയുള്ളു. ഹിമപ്പരപ്പ

കൾ എവറസ്റ്റിൻെറ ചില ഭാഗങ്ങളിൽ മാത്രമേ ഉണ്ടായിരിക്കയുള്ളു എന്നവർ ഊഹിച്ചു.

മാലൊറി നിന്നിരുന്ന സ്ഥലത്തുനിന്നും നോക്കിയാൽ രണ്ടു പ്രധാന ശൈല പംക്തികൾ കാണാമായിരുന്നു. ഒന്ന് വടക്കുകിഴക്കനും (ഡാർജീലിങ്ങിൽനിന്നു നോക്കിയാൽ കാണാവുന്നതും കംബാസോങ്ങിൽവച്ച് നമ്മുടെ യാത്രാസംഘക്കാർ കണ്ടതും) മററതു വടക്കുപടിഞ്ഞാറനും ആയിരുന്നു. എവറസ്റ്റിൻെറ വടക്കുഭാഗം ഈ പർവ്വതനിരകളുടെ മദ്ധ്യത്തിലുള്ള റോങ്ങ്ബക്ക് ഹിമപ്പരപ്പിലേയ്ക്കു് ചരിഞ്ഞുകിടക്കുന്നു. ഈ ഹിമപ്പരപ്പിൽ മാലൊറി പാളയം അടിച്ച സ്ഥാനത്താണ് പിന്നിട്ടു പോയ യാത്രാസംഘം അടിസ്ഥാനക്യാംപ് അഥവാ ശിബിരം സ്ഥാപിച്ചതു്. ഈ സ്ഥലത്തിന് സമുദ്രനിരപ്പിൽനിന്നും ൧൬൫൦൦ അടി ഉയരമുണ്ടു്. മാലൊറി ഇപ്പോൾ എവറസ്റ്റിൻെറ പകുതിയിലധികവും കയറിക്കഴിഞ്ഞു എന്നു പറയാം. തെക്കുവശത്തുനിന്നും ഇത്രയും ഉയരത്തിൽ കയറുന്നതുപോലെയുള്ള ഉയരം, ഈ വടക്കുവശത്തുനിന്നും തോന്നിയില്ല. വടക്കുവശം പെട്ടെന്നുയരാതെ, ക്രമേണ വളരെപ്പൊക്കമുള്ള ഒരധിത്യകയായിരുന്നതാണ് ഇതിനു കാരണം. എവറസ്റ്റിലെത്താൻ ഇനി മാലൊറിക്കു 13,000 അടിതന്നെ കയറേണ്ട ആവശ്യമില്ല. പക്ഷേ ഇനിയുള്ള കയററം വളരെ പ്രയാസമേറിയതാണ്. വൃക്ഷങ്ങളോ, ചെടികളോ, പുല്ലുപോലുമോ വളരാതെയും യാതൊരു ജീവജാലങ്ങളുമില്ലാതെയും ഭയാനകവും ശാന്തവുമായി കാണപ്പെട്ട പർവ്വതശിഷ്ടം കയറുന്നതു് എങ്ങിനെയാണാവോ? എല്ലായിടവും രൂക്ഷമായ ശിലകളാൽ നിബിഡമായും മഞ്ഞുകൊണ്ടാവൃതമായും കാണപ്പെട്ടു. മലമ്പ്രദേശങ്ങളിലുള്ളതുപോലെ ആനന്ദദായകമായ മന്ദസമീരൻ ഇവിടെ ഇല്ലായിരുന്നു. മജ്ജപോലും തണുപ്പിച്ച് തുളച്ചു കയറുന്ന അതിശൈത്യമുള്ള കാററുമാത്രമാണ്, അവിടത്തെ പ്രധാന ചൈതന്യം.

എവറസ്റ്റ് മാലൊറിയുടെ മുമ്പിൽ കാണുന്നു. മുകളിലേക്കൊരു വഴിയും കണ്ടുപിടിക്കാറായി. ഹിമപ്പരപ്പിൽക്കൂടി എവറസ്റ്റ്ക്കൂടത്തിൽ എത്താമെന്നാശിക്കാം. റോങ്ങ്ബക്ക് ഹിമപ്പരപ്പിൽക്കൂടി വടക്കുകിഴക്കൻ പർവ്വതോപരിഭാഗത്തു എത്തുന്നതിനു മാലൊറി ശ്രമം തുടങ്ങി. വടക്കു പടിഞ്ഞാറൻ കുട്ടം രൂക്ഷമായി കാണപ്പെട്ടതുകൊണ്ടു് അതു കയറുക അസാദ്ധ്യമാണ്. തന്നെയല്ല വടക്കു കിഴക്കൻ പർവ്വതത്തിൻെറ വടക്കു ഭാഗം പെ

ട്ടെന്നവസാനിച്ച് ഏതാണ്ടൊരു ഗിരിവിദരം പോലെയിരുന്നു. ഈ അവസാനഭാഗത്തെ വടക്കുകിഴക്കൻ സ്കന്ധം എന്നു നാമകരണം ചെയ്യാം. ഇവിടെ നിന്നും ഒരുപശാഖപുറപ്പെട്ട് എവറസ്റ്റിൻെറ വടക്കുമുഖമായിത്തീരുന്നു.

റോങ്ബക്ക് ഹിമപ്പരപ്പ് സുഗമമായ ഒരു പാഥയല്ല. പ്രത്യുത ഏററവും ദുർഗ്ഗമമായ ഒരു ഹിമപ്രസ്ഥമാണ്. എങ്കിലും അതു മനുഷ്യപാദങ്ങൾക്ക് കടക്കാൻ വഹിയാത്തതല്ല. അതിൻെറ ഉച്ചപ്രദേശങ്ങൾ നാകലോക ഗോപുരാഗ്ര സമുച്ചയങ്ങൾ തന്നെയാണ്. ഹിമം ചിലസ്ഥലങ്ങളിൽ 50 അടി ഉയരത്തിൽ കിരണങ്ങളായി മേല്പോട്ടുയന്നു കാണപ്പെട്ടു. ഈ ഹിമതലങ്ങളിൽ പ്രവേശിച്ചപ്പോൾ പയ്യടനക്കാക്ക് ഒരു പ്രത്യേക തരത്തിലുള്ള ആലസ്യം തോന്നി. ഇതിനെ അവർ 'ഹിമാലസ്യം' എന്നു നാമകരണം ചെയ്തു. വായുവിൽ ലയിച്ചിരുന്ന നീരാവിയുടെ ഘനം കൊണ്ടാണ് ഇങ്ങനെ ഉണ്ടായതു്.

മാലൊറി കുറേക്കൂടി മുകളിലേക്ക് കയറിയപ്പോൾ അദ്ദേഹം ഉദ്ദേശിച്ചിരുന്നതുപോലെ എവറസ്റ്റാരോഹണം അത്ര എളുപ്പമല്ലെന്നു തോന്നിത്തുടങ്ങി. അദ്ദേഹത്തിൻെറ ദൃഷ്ടിക്കു ഗോചരീഭവിച്ചകിഴക്കാംതൂക്കായ ഹിമകൂടങ്ങൾ അദ്ദേഹത്തിന് അല്പം നൈരാശ്യം ഉളവാക്കാതിരുന്നില്ല. മൂടൽമഞ്ഞിൽകൂടി തപ്പിത്തടഞ്ഞു് എങ്ങിനെയെങ്കിലും മുകളിലെത്താമെന്നായിരുന്നു, ആ ആരോഹണപടുവിൻെറ അഭിപ്രായം. പക്ഷെ ഇതു ഫലിക്കയില്ലെന്ന് അധികവിളംബമെന്നിയെ മനസ്സിലായി. സമത്ഥന്മാരും സാങ്കേതികജ്ഞാനമുള്ളവരും ശ്രമിക്കാതെ ഗത്യന്തരമില്ല. എവറസ്റ്റ് ഒരു പവ്വതശിലാസമുച്ചയകേന്ദ്രം തന്നെയാണ്.

ഇതുവരേയും എവറസ്റ്റിലേക്കു ഹിമപ്പരപ്പിൽനിന്ന് ഒരു വഴി കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ജൂലൈ 1—ാംനു- വടക്കു കിഴക്കൻെറ ശിഖാഭാഗത്തിൻെറ ചുവടു പരിശോധിച്ചു.

മാലൊറി ഇവിടെ ഒരു പ്രധാനസംഗതി കണ്ടു. പക്ഷെ മൂടൽമഞ്ഞുകൊണ്ട് ഒരു ക്ഷണദശനം മാത്രമേ മാലൊറിയ്ക്കുണ്ടായുള്ളു. എവറസ്റ്റിൻെറ വടക്കുമുഖവും, വടക്കോട്ടുനീണ്ടുകിടക്കുന്നതും ഇപ്പോൾ ഉത്തരശൃംഗമെന്നറിയപ്പെടുന്നതുമായ ഒരു ശിഖയുമായി യോജിയ്ക്കുന്ന ഒരു പർവ്വത ഗളപ്രദേശം മാലൊറിയുടെ അക്ഷികൾക്ക് ലക്ഷീഭവിച്ചു. ഈ സ്ഥലം ഇപ്പോൾ ഉത്തരകോളം എന്നറിയപ്പെടുന്നു. ഈ കോളത്തിൽ നിന്നും റോങ്ബക്ക് ഹിമപ്പരപ്പിലേക്ക് ഒരു വിദരമുണ്ട്.

ഉത്തര കോളത്തിലേക്കുള്ള ഈ പടിഞ്ഞാറൻ വഴി സഞ്ചാരപ്രദമായ ഒന്നായിരിക്കാൻ ഇടയുണ്ട്. എങ്കിലും വേറെ ഇതിലും നല്ലവഴി കണ്ടുപിടിക്കാൻ സാധിച്ചില്ലെങ്കിലേ ഇതുപയോഗിക്കാവൂ എന്ന് മാലൊറി നിശ്ചയിച്ചു. ഈ വഴി സ്വീകരിക്കുന്നതിനുള്ള പ്രധാനവിഷമം അതി ശിശിരമായ പടിഞ്ഞാറൻ കാററും, പർവ്വതശിഖകളിൽ നിന്നുള്ള ഹിമപിണ്ഡപ്രവാഹഭയവുമാണ്. ഭീമമായ ഹിമപിണ്ഡങ്ങൾ താഴത്തേക്ക അതിശക്തിയോടുകൂടി നിപതിക്കുന്നതിന് സന്നദ്ധമായിട്ടാണ് നിന്നിരുന്നതു്.

അനിയന്ത്രിതമായ പർവ്വതാരോഹണോന്മേഷം കൊണ്ടു മാലൊറിയും, ബുള്ളോക്കും, റയറിങ്ങ് എന്ന് പിന്നീടറിയപ്പെട്ട ഒരു പർവ്വതശിഖയിൽ കയറി. ഇതു് റോങ്ങ്ബക്ക് ഹിമപ്പരപ്പിൻെറ പശ്ചിമഭാഗത്താണ്. അവിടെക്കയറിയപ്പോൾ ഉത്തരമുഖത്തിൻെറ ഉപരിഭാഗങ്ങൾ സഞ്ചാരയുക്തമാണെന്ന് മാലൊറിക്കു തോന്നി.

എവറസ്റ്റഗ്രത്തിലെത്തുന്നതിനുള്ള വഴിതെളിഞ്ഞു വരുന്നതായി തോന്നിത്തുടങ്ങി. ഉത്തരകോളത്തിൽ നിന്ന് ഉത്തരമുഖം വഴിയായി വടക്കു കിഴക്കൻ പർവ്വതത്തിൽ എത്താം. അവിടെ നിന്നും അഗ്രത്തിലേക്കുള്ള വഴി സഞ്ചാരപ്രദമായിരിക്കാൻ ഇടയുണ്ട്. അടുത്ത പ്രശ്നം റോങ്ങ്ബക്ക് ഗ്ലേസിയറിൽ (ഹിമപ്പരപ്പിൽ) കൂടെയല്ലാതെ എളുപ്പമാർഗ്ഗത്തിൽ ഉത്തരകോളത്തിൽ എത്താൻ നിവൃത്തി ഉണ്ടോ എന്നായിരുന്നു. ഇതു പരീക്ഷിക്കുന്നതിനു മുമ്പായി എവറസ്റ്റിലേക്കു നേരെ മററു വല്ല വഴിയുമുണ്ടോ എന്ന് പരിശോധിക്കണം. വളരെ നീണ്ടു കിടന്ന പടിഞ്ഞാറൻ നിരയുടെ മറുവശത്തെത്തിയിരുന്നു എങ്കിൽ അതിലെ എങ്ങാനും വല്ല വഴിയുമുണ്ടോ എന്ന് നോക്കാമായിരുന്നു. പടിഞ്ഞാറൻ നിരയുടെ തെക്കുവശം ഇതുപര്യന്തം ആരും കണ്ടിട്ടേ ഇല്ല. ആ ഭാഗത്തു കൂടെ വല്ലവഴികളും കാണാൻ പാടില്ലാത്തതുമല്ല. എങ്കിലും ഇതൊന്നു പരീക്ഷിച്ചുകളയാമെന്നു തന്നെ മാലൊറി തീരുമാനിച്ചു.

പലദിവസത്തെ പ്രാരംഭജോലികൾക്കു ശേഷം വടക്കു പടിഞ്ഞാറൻ നിരയുടെ ഒരു ഭാഗത്തുകയറി നിപ്പാളിനഭിമുഖമായി നോക്കി. ഏററവും ഹൃദയാവർജ്ജകമായ ഒരു കാഴ്ചയായിരുന്നു അപ്പോൾ അവിടെ കണ്ടതു്. എങ്കിലും അതിലെ വഴി ഒന്നും കാണ്മാനില്ലായിരുന്നു. ഏകദേശം ൨൦൦൦ അടി താഴ്ച

യിൽ കുടുംതുക്കായി അത്യഗാധമായി കിടന്ന ആ പവ്വതകടകം ഭയാനകം തന്നെയാണ്. ആ വശത്തുള്ളഹിമതലത്തിന്റെ മുക ളിൽ എങ്കിലും കയറാമെന്നു വിചാരിച്ചു. പക്ഷെ അതും സാദ്ധ്യ മല്ലെന്നു മനസ്സിലായി. ഈ പശ്ചിമഹിമതലത്തിന്റെ മുകൾ ഭാ ഗം ദുഷ്പ്രാപ്യമായ രീതിയിൽ അത്ര കുത്തനെയാണിരുന്നതു്. തെക്കുവശത്തുനിന്നും എവറസ്റ്റിലേക്കു യാതൊരു വഴിയും കണ്ടി ല്ല. അഥവാ വല്ലവഴിയും ഉണ്ടായിരുന്നാൽ തന്നെയും നീപ്പാ ളിൽക്കൂടി കയറാതെ തരവുമില്ല.

ആരോഹകന്മാക്കു തെക്കുവശത്തു കൂടി എവറസ്റ്റ് ക യറുന്നതിനു സാദ്ധ്യമായിരുന്നെങ്കിൽ എത്ര നയനാഭിരാമമായ കാഴ്ചകൾ കാണാൻ സാധിക്കുമായിരുന്നു. വടക്കുവശത്തുനി ന്നു നോക്കുമ്പോൾതന്നെ എവറസ്ററ് എത്ര വിശിഷ്ടവും പ്രാഭവകരവും ആണ്. തെക്കുവശത്തുനിന്നുള്ള കാഴ്ച ഇ തിലും അതിവിശിഷ്ടമായിരിക്കാം. മാലൊറി, നീപ്പാൾ വ ശത്തു് മനോഹരമായ ഒരു പവ്തശൃംഗം കണ്ടു. ഇവയേ പ്പററി വല്ല പര്യന്വേഷണവും ആരെങ്കിലും നടത്തിയിട്ടു ണ്ടോ? ഉത്തരേൻഡ്യയിലെ സമതലങ്ങളിൽ നിന്നാണ് അവയുടെ സ്ഥാനങ്ങളും പൊക്കവുമെല്ലാം നിണ്ണയിച്ചി രുന്നതു്. ആ പവ്വതശ്രേണികളിൽ എന്തു മഹാത്മ്യമേറിയ കാ ഴ്ചകൾ ഉണ്ടായിരിക്കണം. എന്തുമാതിരി വനങ്ങളും പുഷ്പ ങ്ങളുമെല്ലാം അവിടെ ഉണ്ടായിരിക്കുമോ, ആക്കറിയാം. പവ്വത ശേഖരങ്ങൾ വിശാലമായ ഒരു ദപ്പണവും,അതിൽക്കൂടെ മാലൊ റിയ്ക്കു് പുറകിൽ ഉള്ള കാഴ്ചകളുടെ ദശനം സാധ്യവും ആയിരു ന്നു എങ്കിൽ ലോകത്തിലെ ഏററവും മഹനീയമായ കാഴ്ച മാലൊറി കണ്ടു എന്നു് പറയാമായിരുന്നു. നേരെ മുൻപിൽ വൃക്ഷ സമൂഹ നിബിഡമായ താഴ്വരകൾ, അതിനു മുകളിലാ യി ശൂന്യപ്രദേശങ്ങൾ, അതിനുപരിയായി വളരെ അകലെ എ വറസ്റ്റ് ഇരുവശങ്ങളിലും മക്കാലൂശൃംഗത്താലും ചോയൂഭയാശി ഖയാലും പരിസേവിതനായി ഉത്തുംഗപ്രൌഢിയോടുകൂടി ഗഗ നമാഗ്ഗത്തിലേയ്ക്കു് ഉയരുന്ന കാഴ്ച. ഇപ്രകാരം അനേകംമഹനീയ കാഴ്ചകൾ മാലൊറിയുടെ ദൃഷ്ടിപഥത്തിൽ എത്തുന്നു. കിഴക്കും പ ടിഞ്ഞാറും വളരെ അകലെ തുടർച്ചയായിക്കിടക്കുന്ന അനേകം പവ്വതങ്ങളും കൊടുമുടികളും കാണാവുന്നതാണ്. അവയെല്ലാം ശുഭ്രവും ശോണ നീലവണ്ണവുമായി ഏററവും മനോഹരമായി കാണപ്പെട്ടു.

മാലൊറി ഇതുകൂടാതെ വേറെയും, പല വിശിഷ്ടശൈലപ്രകൃതി വിലാസങ്ങൾ കണ്ടാനന്ദിച്ചു. അനന്തരം മാലൊറിയുടെമാർഗ്ഗപരിശോധനാസംരംഭം തല്ക്കാലത്തേക്കു അവസാനിപ്പിച്ചു. മനോരമ്യമായ പൂമോറി കൊടുമുടിയിലും മാലൊറിയുടെ നയനങ്ങൾ ആറാടി. ഹിമശൈല കടകങ്ങളിൽ നിന്ന് അരുവികൾ പ്രവഹിക്കുന്നതായ പ്രസ്രവണ പ്രദേശങ്ങൾ അദ്ദേഹം പരിശോധിച്ചു. വിശാലമായ ഹിമപ്പരപ്പുകളും ഗഹ്വരങ്ങളും തുഷാരഗുഹകളും മനോഹരമായ അനേകം പൎവ്വതപവ്വതങ്ങളും ആധീരഹൃദയൻ കണ്ടു് ആനന്ദാനുഭൂതിയടഞ്ഞു.

മാലൊറിയുടെ പരിശോധനയിൽ നിന്നും റോങ്ങ്ബക്ക് ഹിമപ്പരപ്പിൽകൂടി എവറസ്റ്റ് ശിഖയിൽ എത്താൻ സാധിക്കയില്ലെന്നു് തന്നെ അനുമാനിച്ചു. ഏററവും അപായകരമായ ഹിമപിണ്ഡ നിപാതങ്ങൾക്ക് വിധേയമായ ഉത്തരകോളമാൎഗ്ഗം മാത്രമേ ഇനി ആശാദായകമായി കാണുന്നുള്ളൂ. റോങ്ങ്ബക്ക് ഹിമതലത്തിൽ നിന്നും തെക്കുഭാഗത്തു കടന്ന് എവറസ്റ്റിന്റെ തെക്കുനിന്നാക്രമിക്കുന്നതിനും വഴി കണ്ടില്ല. അഥവാ വല്ല വഴിയും ഉണ്ടായിരുന്നാൽ തന്നെയും തെക്കുവശങ്ങൾ കിഴക്കാംതൂക്കായ പാറക്കെട്ടുകളാലും ഹിമകൂടങ്ങളാലും ശൈലഗഹ്വരങ്ങളാലും ആരോഹണം ചെയ്യാൻ പാടില്ലാത്തതായിരുന്നു.

ഏതായാലും റോങ്ങ്ബക്ക് ഹിമതലപൎയ്യടനംകൊണ്ടു് ഒരു ഫലമുണ്ടായി. പൎവ്വതോപരിഭാഗത്തു കൂടി കയറിയാൽ എവറസ്റ്റിൻെറ അഗ്രത്തിൽ എത്താമെന്ന് മാലൊറിക്ക് ബോദ്ധ്യം വന്നു. വടക്കു കിഴക്കൻെറ ഒരു ഭാഗത്തിന് ഏകദേശം മുക്കാൽ മൈൽ അകലംവരെ ലഘുവായ ഒരു ചെരിവു മാത്രമേ ഉണ്ടായിരുന്നുള്ളൂ. എങ്കിലും ഉത്തരകോളത്തിലെത്താനുള്ള മാൎഗ്ഗം ഇതുവരെ കണ്ടുപിടിക്കുന്നതിനു സാധിച്ചില്ല. എങ്ങനെ എങ്കിലും അവിടെ എത്തിയാൽ പിന്നീടു് എവറസ്റ്റ് കയററം സാധിക്കുമെന്നു തന്നെ നമുക്കു വിശ്വസിക്കാം.

ഇതുവരെയുള്ള ശ്രമം ഒരുവിധം വിജയകരമായി. ഉത്തരകോളത്തിൽ എത്താനുള്ള മാർഗ്ഗമന്വേഷിച്ചും എവറസ്റ്റിലേക്കു മററുളപ്പമാൎഗ്ഗങ്ങൾ ഉണ്ടോയെന്നു നോക്കിയും മാലൊറിയും, ബുള്ളോക്കും, എവറസ്റ്റിനു കിഴക്കുവശത്തേയ്ക്കു് തിരിച്ചു. എവറസ്റ്റിൻെറ തെക്കുവശത്തുകൂടി പ്രവേശനം നിരോധിച്ചിരുന്നതിനാൽ ആ വശത്തെക്കാൎയ്യം ഇപ്പോൾ അന്വേഷിക്കയേ വേണ്ട. പൎയ്യവേക്ഷകന്മാർ വടക്കുഭാഗത്തുനിന്നും എവറസ്റ്റിലേക്കുള്ള മാൎഗ്ഗ

ത്തിൻെറ പശ്ചിമാർദ്ധം മുഴുവൻ പരിശോധിച്ചു കഴിഞ്ഞിരുന്നു. കിഴക്കുഭാഗമാണ് ഇനിയും പരിശോധിക്കേണ്ടതു്.

UNIVERSITY LIBRARY MADRAS

## അദ്ധ്യായം ൭.

### ഹാ! വഴി കണ്ടു പിടിച്ചു.

ഇനി കിഴക്കുനിന്നും എവറസ്റ്റ് കയറാൻ ശ്രമിയ്ക്കണം. പൂർവ്വഭാഗത്തുനിന്നും ഉത്തരകോളത്തിൽ എത്തുന്നതിന് പല പൎയ്യന്തപർവ്വതനിരകളെ വളച്ചു ചുററി സഞ്ചരിക്കേണ്ടിയിരിക്കുന്നു. ആവിധത്തിൽ ഒന്നു കൂടി പരീക്ഷിച്ച് പ്രായോഗികവും, സുഗമവും, ആയ പഥങ്ങൾ ഉണ്ടോ എന്ന് നോക്കുന്നതിന് സംഘം തീർച്ചയാക്കി.

ഹിമകണങ്ങൾ വഷിക്കയും ശീകരവാഹിയായ അതിശീതളമാരുതൻ ശക്തിയായി വീശുകയും ചെയ്തുകൊണ്ടിരുന്ന റോങ്ങ്ബക്ക് മഞ്ഞുനിരത്തിൽ ജൂലൈ 25—ാംനു മാലൊറിയും, ബുള്ളോക്കും കൂടാരമടിച്ചു. അവിടെനിന്ന് 55 മൈൽ അകലമുള്ള കാർട്ടായിലേക്കാണിനിപ്പോകേണ്ടതു്. ഹോവേർഡ്ബ്യൂറി സ്ഥാപിച്ചതായ ആസ്ഥാനരംഗം ഇവിടെയാണ്. എവറസ്റ്റിൽ നിന്നും കിഴക്കോട്ട് ചരിഞ്ഞു കിടന്ന ഒരു താഴ്വരയുടെ വിദൂരാഗ്രത്തിലാണ് ഈ സ്ഥലം. മാലൊറിയും, ബുള്ളോക്കും, റോങ്ങ്ബക്ക് ഗ്ലേസിയറും, പരിതപ്രദേശങ്ങളും പരിശോധിച്ചു. മോർഷീഡും വീലറും, സർവ്വേപണികൾ നടത്തി. ഹെറൻ ഭൂഗർഭശാസ്ത്രാന്വേഷണങ്ങളിൽ വ്യാപൃതനായി. വൊള്ളാസ്റ്റൻ സസ്യശാസ്ത്രസംബന്ധമായ നിരീക്ഷണങ്ങൾ നടത്തുകയും മാതൃകകൾ ശേഖരിക്കുകയും ചെയ്തു. യാത്രാസംഘത്തിൽനിന്നും ഉപവിഭാഗങ്ങൾ വിവിധ ജോലികൾക്കായി പോയതിൻെറശേഷം തിരിയെ കാർട്ടായിൽ ഒന്നിച്ചു കൂടണമെന്ന് തീരുമാനിച്ചു. കാർട്ടായായിരുന്നു അപ്പോഴത്തെ സങ്കേതസ്ഥാനം. ഒരു മാസം കഴിഞ്ഞപ്പോൾ റീബേൺ സുഖക്കേട് ഭേദമായി ഇവിടെ എത്തി. ഇനിയുള്ള സമയമെങ്കിലും കഴിയുന്നതു ചെയ്യണമെന്ന് അദ്ദേഹം നിശ്ചയിച്ചു.

കാർട്ടാ സമുദ്രനിരപ്പിൽനിന്നും ൧൨൩൦൦ അടിപൊ

ക്കമുള്ള ഒരു പ്രദേശമാണ്. ശീതോഷ്ണസ്ഥിതിയും അസഹനീയമല്ല. വൃക്ഷസസ്യാദികളും ഊഷരഭൂമികളും അവിടെയുണ്ട്. ഈ സ്ഥലത്തുള്ള വാസം മാലൊറിയ്ക്കും, ബുള്ളോക്കിനും അത്യാനന്ദപ്രദമായ ഒരു മാററമായിതോന്നി. അവരുടെ ഇപ്രപയ്യന്തമുള്ള പരിശോധനാരംഗങ്ങൾ അത്ഭുതകരങ്ങളെങ്കിലും ആ പ്രദേശങ്ങളിലെ ഉഗ്രതരമായ പ്രകൃതിരൂക്ഷതകൾ അധികനാൾ സഹിക്കുന്നതിന് മനുഷ്യസാധ്യമല്ലാത്തതാണ്. ഈ സ്ഥലങ്ങളിൽ നിന്നും കാർട്ടായിലേക്കു വന്നപ്പോൾ അവക്ക് അവർണ്ണ്യമായ ആശ്വാസവും സംതൃപ്തിയും ഉളവായി.

ഇരുപതിനായിരവും അതിലധികവും അടി ഉയരത്തിൽ മനുഷ്യർ കയറുന്നതായി കേൾക്കുന്നതുകൊണ്ട്, അതിൻെറ വൈഷമ്യങ്ങളും കഷ്ടതകളും നാം സ്വാഭാവികമായി വിസ്മരിച്ചു പോകുന്നു. മലകയററക്കാർ തന്നെ അവരുടെ ക്ലേശങ്ങളെ മുഴുവൻ വെളിപ്പെടുത്താതെ കുറേ എല്ലാം മനഃപൂർവ്വം നിഗ്രഹനം ചെയ്കപതിവാണ്. ഇത്രയും ഉയരത്തിലെ ശീതോഷ്ണസ്ഥിതികൾക്കനുസൃതമായി ജീവിക്കുന്നതിനു പരിചയിക്കാമെങ്കിലും കയററക്കാരുടെ ഉന്മേഷവും ആഹ്ലാദവും പാടെ ക്ഷയിച്ചു പോകുകതന്നെ ചെയ്യും. മാലൊറിയുടെ ഉജ്ജ്വലത്തും തീഷ്ണവുമായ മനശ്ശക്തിയും വീര്യവും അത്യുയരങ്ങളിൽ എത്തിയിട്ടുപോലും അദ്ദേഹത്തിൻെറ നിശ്ചയത്തെ സ്ഥിരീകരിച്ചതേ ഉള്ളൂ. അദ്ദേഹത്തിൻെറ നിശ്ചയം ഉഗ്രഹവും കഠിനവും ആയിരുന്നു എങ്കിലും അതു് ചൈതന്യരഹിതവും സന്തോഷശൂന്യവുംകൂടെ ആയിരുന്നു. വളരെ അധികം പൊക്കത്തിൽ എത്തുമ്പോൾ മലകയററത്തിനുള്ള ഉന്മേഷജനകമായ സന്തോഷം മനുഷ്യനിൽനിന്നും വിദൂരത്താക്കുന്നതിന് അവിടത്തെ അന്തരീക്ഷത്തിന് ഒരു പ്രത്യേക ശക്തി ഉണ്ട്. വളരെ ഉയരത്തിൽ മലകയറി മനപ്പൂർവ്വം ബദ്ധപ്പെട്ടു ചെയ്യേണ്ട ഒരു കഠിനജോലിയായി പരിണമിക്കുന്നു. അവാച്യമായ കഷ്ടതകൾ അനുഭവിച്ച് അത്യുയരങ്ങളിൽ കയറിയാൽ കുറേക്കാലം കഴിഞ്ഞു് സകല കഷ്ടതകളും മറക്കുമ്പോൾ ഈ കാര്യം ഓർക്കുന്നതു് പരമാത്ഥത്തിൽ വലിയ ഒരു ആനന്ദാനുഭൂതിക്കു കാരണമാകുന്നതാണ്.

പർവ്വതങ്ങൾ യഥാത്ഥത്തിൽ ഉത്തുംഗശ്രീ നിലയങ്ങളാണെങ്കിലും മനുഷ്യൻ അതിൻെറ മുകളിൽക്കയറാൻ ശ്രമിക്കുമ്പോൾ അവന് ഹിമപ്പരപ്പും ഹിമശൃംഗങ്ങളും വിടരങ്ങളും ശൂന്യവും ശീകരവുമായ സാനുപ്രദേശങ്ങളും മററുമായിട്ടാണ്

അഭിമുഖീകരിക്കേണ്ടതു്. ഹിമശൃംഗാഗ്രങ്ങൾ മേഘതിരസ്കരണിയ്ക്കുള്ളിൽ ഒളിക്കുന്നതും മററും വിദൂരകാഴ്ചക്ക് നല്ലതെങ്കിലും കയററക്കാരന് അത്ര സുഖകരമല്ല. ഹിമപ്പരപ്പിലെത്തുമ്പോൾ തളരുന്ന മനുഷ്യക്ക് ഹിമാലസ്യം ഉണ്ടായിത്തുടങ്ങുന്നു. അകത്തേക്കുകയറാൻ തന്നെ വിഷമമുള്ള ആരോഹകന്മാരുടെ ചെറുകൂടാരങ്ങളിൽ താമസിക്കുകയും, ശരിയായ ശയ്യോപകരണങ്ങളില്ലാതെ തണുത്ത തറയിൽ കിടക്കുകയും, നടന്നുനടന്നു കഷ്ടപ്പെടുകയും മററും ചെയ്യുന്നതു് ഒന്നോരണ്ടോ ദിവസത്തേക്കാണെങ്കിൽ സഹ്യമെന്ന് വിചാരിക്കാം. കുറേദിവസങ്ങൾ തുടർച്ചയായി ഈ ശീതപ്രദേശങ്ങളിൽ പര്യടനം നടത്തുമ്പോൾ അവിടത്തെ മഞ്ഞും തണുപ്പും ബുദ്ധിമുട്ടും എല്ലാം മനുഷ്യരെ നിരുന്മേഷരും, ആരോഗ്യഹീനരും, ക്ഷീണചിത്തരും ആക്കിത്തീക്കുന്നു.

കാർട്ടായിൽ തിരിയെവന്നപ്പോഴേക്കും ഇതിനെല്ലാം ഒരു വ്യത്യാസം വന്നു. അവിടെ വൃക്ഷങ്ങളും പുൽത്തകിടികളും പുഷ്പങ്ങളും ബാർലിവയലുകളും ഉണ്ടു്. പക്ഷികളും ചിത്രശലഭങ്ങളും സോല്ലാസം വായുവിൽ ചരിച്ചുകൊണ്ടിരുന്നു. അവിടത്തെ കാലസ്ഥിതിയും ആശ്വാസപ്രദമാണ്. വായുമണ്ഡലം മന്ദോഷ്ണവും സൂര്യൻ സുപ്രഭനും ആയിരുന്നു. ഇവിടെ എത്തിയപ്പോൾ യാത്രാസംഘക്കാർക്ക് ജീവിതസന്തോഷങ്ങൾ വീണ്ടും ഉളവായിത്തുടങ്ങി.

മാലോറി നാലു ദിവസം മാത്രമേ ഈ സുഖം അനുഭവിച്ചു് തൃപ്തിയടഞ്ഞുള്ളു. ആഗസ്റ്റ് 2-ാംനു എവറസ്റ്റിൻെറ പൂർവ്വഭാഗങ്ങൾ പരിശോധിക്കുന്നതിന് അദ്ദേഹം യാത്രതിരിച്ചു. കാർട്ടായിൽ പ്രസ്തുതപേരോടുകൂടിത്തന്നെ ഒരു നദിയുണ്ടു്. ഇതിൻെറ ഒന്നോരണ്ടോ കൈവഴികൾ എവറസ്റ്റിൻെറ പരിസരസാനുവിൽ എവിടെ നിന്നോ ആണ് ഉൽഭവിക്കുന്നതു്. ഈ കാർട്ടാനദിയുടെ ഉൽപ്പത്തി ഭാഗത്തേക്കു പോകണമെന്നായിരുന്നു മാലൊറി നിശ്ചയിച്ചതു്. പക്ഷേകൂട്ടത്തിലുണ്ടായിരുന്ന ഒരു മാർഗ്ഗദർശി വഴി തെററിക്കയാൽ ഉദ്ദിഷ്ടസ്ഥാനത്തെത്താതെ മറെറാരു സാമന്തതാഴ്‌വരയിലാണ് എത്താൻ ഇടയായതു്. ഇതിൻെറ പേരു് കാമാതാഴ്‌വര എന്നാണ്. മാലൊറിയുടെ ഉദ്ദേശംപോലെ കാർട്ടാതാഴ്‌വരയിൽ കൂടെത്തന്നെയായിരുന്നു വാസ്തവത്തിൽ എവറസ്റ്റിലേക്കു പോകേണ്ടിയിരുന്നതു്. എന്നാൽ വഴി തെററിയിട്ടാണെങ്കിലും കാമാതാഴ്‌വരയിലെത്തിയതിനെപ്പററി

ഒട്ടും പശ്ചാത്തപിക്കുവാനില്ല. അവൎണ്ണ്യമഹിമാവോടുകൂടി അതിശ്രേഷ്ഠമായി പൎവ്വതരാമണീയകതയുടെ കേളീരംഗമായി പരിലസിക്കുന്ന താഴ്വരസത്തമൻതന്നെയാണ് കാമാ. ഹിമാലയത്തിലെങ്ങും ഇത്ര വശ്യഹൃത്തായ സാനുപ്രദേശം ആരും കണ്ടിട്ടില്ല.

കാമായുടെ പ്രകൃതിസുഷമത പ്രത്യേകം പ്രസ്താവാൎഹമാണ്. എവറസ്റ്റിനേക്കാൾ രണ്ടായിരം അടി ഉയരക്കുറവുള്ളതെങ്കിലും, അതിനേക്കാൾ മഞ്ജുളമായ മക്കാലു പൎവ്വതശിഖകളുടെ നേരേ താഴെയായിട്ടാണ് കാമാസ്ഥിതിചെയ്യുന്നതു്. എവറസ്റ്റുംമക്കാലുവും ദൃഷ്ടിപഥത്തിൽതന്നെ സ്ഥിതിചെയ്തിരുന്നു. എങ്കിലും, കാമാ ആ പൎവ്വത ശൃംഗങ്ങളിൽ നിന്ന് അത്യഗാധമായി വൃക്ഷസസ്യങ്ങൾ വളരാൻതക്ക ശീതോഷ്ണസ്ഥിതിയിലെത്തുന്ന ഉയരത്തിൽ മാത്രമാണ് കിടക്കുന്നതു്. അല്പംകൂടി വിശദമായിപ്പറഞ്ഞാൽ എവറസ്റ്റിലേക്കു നൂററിഅമ്പതും മക്കാലുവിലേക്ക് എമ്പതും നാഴികമാത്രമേ ദൂരമുണ്ടായിരുന്നുള്ളു എന്നു വരികിലും വൃക്ഷങ്ങൾ വളരുന്ന ഭൂപ്രകൃതിയിൽ നിന്നും വിഭിന്നമായി അനവരതം മഞ്ഞുകിടക്കുന്ന ഭൂപ്രകൃതിവരെയുള്ള സകല പ്രകൃതിവ്യത്യാസങ്ങളും ഇവിടെ അല്പദൂരത്തിനുള്ളിൽ ദൃശ്യമായിരുന്നു. ഒരു പൎയ്യവേക്ഷകന് ഭൂമദ്ധ്യരേഖയിൽ നിന്ന് ധ്രുവദേശങ്ങൾവരെ എത്തുമ്പോൾ എന്തെല്ലാം പ്രകൃതിവ്യത്യാസങ്ങൾ കണ്ടറിയാൻ സാധിക്കുമോ അവയെല്ലാം ചെറിയതോതിൽ ഇവിടെ ലഘുദൂരത്തിൽ മാത്രംകാണാമായിരുന്നു. ധേനുക്കളും അജങ്ങളും പ്രശാന്തമായി മേഞ്ഞു നടന്നിരുന്ന പുൽത്തകിടിമുതൽ ശൂന്ന്യവും പരിപൂതവുമായ ഹിമപ്പരപ്പുകളും ഹിമക്കൂട്ടങ്ങളും ഇവിടെക്കാണാം. ഈ താഴ്വരയുടെ സീമാവലയങ്ങൾക്കുള്ളിൽ തന്നെ മൂന്നാമതൊരു കൊടുമുടിയും ഉണ്ടു്. ഇതാണ് ഇപ്പോൾ ഹ്ളോട്ട്സ് എന്നറിയപ്പെടുന്ന ദക്ഷിണ ശൃംഗം. ഇതും എവറസ്റ്റുമായി ഒരു മലയിടുക്കിനാൽ വിഭജിക്കപ്പെട്ടിരിക്കുന്നു. ഇതിൽ നിന്നും മക്കാലുവിനഭിമുഖമായി ഹിമവസനാച്ഛാദനനായി പവിത്രവെണ്മയോടുകൂടി അത്യുയരമുള്ള ഒരു പാദപൎവ്വതം കിടക്കുന്നുണ്ടു്.

കാമാതാഴ്വരയിലേക്കു യാത്രികന്മാർ ഇറങ്ങിയപ്പോൾ അവൎക്കഭിമുഖമായി 10000-ത്തിൽ അധികം അടി കടുംതൂക്കായി പ്രാകാരഭിത്തികൾ പോലെ, വിയന്മാൎഗ്ഗത്തിൽ ഉയൎന്നുനില്ക്കുന്ന മക്കാലുവിൻെറയും ചോമോലോൻസോയുടേയും ശിഖരങ്ങൾ കാണാമായിരുന്നു. നവഹിമപാതഫലമായി എല്ലായിടവും നിൎമ്മലമാ

യ ഒരു രജതകാന്തി വ്യാപിച്ചിരുന്നു. പൎവ്വതകാഴ്ചകളിൽ ഇതിന്റെ സൌകുമാൎയ്യത്തെ വെല്ലുന്ന മനോഹര കാഴ്ചകൾ ഉണ്ടോയെന്നു സംശയഗ്രസ്തമാണ്.

ആദ്യമായി ദൎശിക്കുന്ന ഒരാൾക്കു അത്യാശ്ചൎയ്യജനകമായ ഒരു കാഴ്ചതന്നെയാണിതു്. ആരോഹകന്മാർ ഈ കാമാപ്രസ്ഥത്തിൽകൂടെ ആരൺതാഴ്വരയുമായി സംയോജിക്കുന്ന സ്ഥലത്തേക്കു വന്നു. അതിനടുത്തുവച്ചാണ് കാമാനദി അത്യത്ഭുത വിദരങ്ങളിൽകൂടെ എവറസ്റ്റ് പാദത്തിൽനിന്ന് പ്രവഹിക്കുന്നതു്. ആ ഭാഗങ്ങളിൽ സാന്ദ്രമായി വളരുന്ന തരുജാലങ്ങളും ലതാസമൂഹങ്ങളും ഉണ്ടായിരുന്നു. എവറസ്റ്റിന്റെ ചുവട്ടിൽനിന്നും ഉദ്ദേശം 23 മൈൽ മാത്രം അകലത്തിൽവച്ചാണ് കാമാനദി ആരൺനദിയിൽ പ്രവേശിക്കുന്നതു്. ആ ഭാഗം സമുദ്രനിരപ്പിൽനിന്നും വെറും 7500 അടിമാത്രം ഉയരത്തിലാണ് സ്ഥിതിചെയ്യുന്നതു്. ബാക്കി 21502 അടിയോളം ഉയരക്കൂടുതലാണ് 23 മൈൽ ഇടകൊണ്ടു് ഉണ്ടാകുന്നതു്.

ഏതു യാത്രാസംഘക്കാൎക്കും ഇതുപോലെയൊരു താഴ്വരമാത്രം കണ്ടുപിടിക്കാനിടയായാൽ പരിപൂൎണ്ണതൃപ്തിക്കവകാശമുണ്ടു്. അവിടത്തെ വിവിധങ്ങളായ ശിലോച്ചയ ഭംഗിയും വൃക്ഷസസ്യാദികളുടെ രാമണീയകതയും സുരഭില കുസുമങ്ങളുടെ കാന്തിപൂരവും അത്ര അമൂല്യങ്ങളാണ്. വളരെ ചുരുക്കം ആളുകൾ മാത്രമേ ഈ പ്രശാന്ത സുന്ദരനികേതനം ഇനി കുറേക്കാലത്തേക്കു സന്ദൎശിക്കയുള്ളൂ. ഹിമാലയത്തിന്റെ ഗുപ്തകോശങ്ങളിൽ ഇതുപോലെ ആനന്ദദായകമായ ഭാഗങ്ങൾ ഉണ്ടെന്നുള്ളതു് സംതൃപ്തികരംതന്നെ. ഈ അമൂല്യ ഭണ്ഡാഗാരം ഒരിക്കലും ശൂന്യമാകയില്ല. വിശിഷ്യ എന്തുമാത്രം ആനന്ദം നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ ഇവിടെനിന്ന് നുകൎന്നെടുക്കുന്നുവോ, അതിലിരട്ടി ചാരുതരമായിട്ടേ പിന്നേയും ഇവിടം പ്രത്യക്ഷപ്പെടുകയുള്ളൂ. ഈ സ്ഥലം പ്രകൃതിസൌന്ദൎയ്യത്തിന്റെ അക്ഷയപാത്രം തന്നെയാണ്.

ഇതിനോടു കിടപിടിക്കത്തക്കതായി വേറൊരു സാനുപ്രദേശം കൂടിയുണ്ടു്. ലോകത്തിലെ രണ്ടാമത്തെ പൎവ്വതശൃംഗം എന്നറിയപ്പെടുന്ന 'കെ.2'ന്റെ പാദഭാഗത്തായി പന്തീരായിരം അടി താഴ്ചയിലാണ് ഷേക്സ്ഗാം എന്ന ഈ മനോഹര ശൈലപ്രസ്ഥം സ്ഥിതിചെയ്യുന്നതു്. മൺസൂൺ കാറ്റുകൾക്ക് പ്രവേശമില്ലാത്ത ഗിരിപംക്തികളുടെ ഇടയിലാണിപ്രദേശം. അവിടത്തെ വായുമണ്ഡലം ഉഷ്ണപ്രദമോ ഭൂപ്രകൃതി വൃക്ഷലതാദിക

ളാൽ അലംകൃതമോ അല്ല. അവിടെ പുൽമേടുകളോ പശുക്കളോ, യാതൊന്നുമില്ല. എങ്കിലും ആ സാനുപ്രദേശത്തിന് ഏതാണ്ടൊരു ഗാംഭീര്യവിലാസം ഉണ്ടായിരുന്നു. നീപാളിൽനിന്നുമുള്ള വശത്ത് എവറസ്റ്റിലും, മക്കാലുവിലും ഇതിലും കമനീയമായ പർവ്വത തടങ്ങൾ ഭാവിയിൽ ആരും കണ്ടുപിടിച്ചില്ലെങ്കിൽ ഈ പ്രദേശങ്ങൾ ഭൂലോകത്തിലെ ഏററവും മനോജ്ഞമായ താഴ്‌വരകളായിത്തന്നെ സ്ഥിതിചെയ്യും. പ്രത്യക്ഷ വീക്ഷണത്തിൽ ഷേക്സ്ഗാം കാമായേക്കാൾ ഉഗ്രതരവും ഗഹനവുമായി കാണപ്പെടുന്നു എങ്കിലും അതിൻെറ നിർമ്മലമായ ശുഭ്രവർണ്ണവും, സൂര്യൻെറ ചെങ്കതിർ പ്രഭയേററു് പ്രകാശിക്കുന്ന ഉത്തരഭാഗങ്ങളും, പർവ്വതാരോഹകന്മാരെ അതിയായി ആകൃഷ്ടരാക്കി. അതിൻെറ മാഹാത്മ്യങ്ങൾ മുഴുവൻ കാണുന്നതിനായി ജീവൻപോലും വെടിയുന്നതിന് അവർ സന്നദ്ധരായി.

ഈ പ്രദേശത്തിൻെറ അമിതഭംഗിയിൽ ലയിച്ച് ഇതികർത്തവ്യതാമൂഢരായി മാലൊറിയും ബുള്ളോക്കും കിഴക്കുവശത്തുനിന്നും ഉത്തരകോളത്തിലേക്ക് എങ്ങിനെയെങ്കിലും ഒരു വഴി കണ്ടുപിടിക്കണമെന്നുതന്നെ തീരുമാനിച്ചു. അല്ലാത്തപക്ഷം ഉത്തരപർവതത്തിലെങ്കിലും ഏതുപ്രകാരവും എത്തണമെന്ന് നിശ്ചയിച്ചു.

എവറസ്റ്റിൻെറ പൂർവ്വമുഖം ശരിയായി ഒരുനോക്കു കാണുന്നതിന് അവർ കാമാതാഴ്‌വരയിൽനിന്ന് ഒരു പർവ്വതശിഖരത്തിൽ കയറിനോക്കി. ഏററവും നിസർഗ്ഗസുന്ദരമായ ഒരു കാഴ്ചയാണ് അവിടെ കാണപ്പെട്ടത്. ബ്രഹ്മാണ്ഡമായ ഹിമപിണ്ഡങ്ങൾ വിവിധ ബീഭത്സാകൃതികളിൽ താഴത്തേക്കു പതിക്കുന്നതിന് തയാറായിനിന്നിരുന്നു. ശീതോഷ്ണാവസ്ഥയുടെ അല്പംഒരു മാററംകൊണ്ട് ഭയാനകമായ മഞ്ഞുകട്ടകൾ പർവ്വതത്തിൽനിന്ന് ഭേദിച്ച്, നാലുവശത്തേക്കും ചിതറുമായിരുന്നു. ഒററ നോട്ടംകൊണ്ട് ആ വശത്തുകൂടെ കയറുക അസാധ്യമെന്ന് മാലൊറി നിശ്ചയിച്ചു. ഏതു ധീരഹൃദയനേയും ചഞ്ചലപ്പെടുത്തുന്ന ഒരു കാഴ്ചയായിരുന്നു അത്. ചുരുക്കിപ്പറഞ്ഞാൽ കിഴക്കുവശത്തുകൂടി എവറസ്റ്റിൻെറ മുകളിലെത്താൻ വഴിയൊന്നും ഇല്ലായെന്നുതന്നെ മനസ്സിലായി.

ഇനി ഉത്തരകോളത്തിലേക്ക് വഴി കണ്ടുപിടിക്കാൻ ശ്രമിച്ചാൽ മാത്രംമതി. കാമായിൽനിന്നും അങ്ങോട്ടുപോകാൻ യാതൊരു മാർഗ്ഗവും കണ്ടില്ല. കാർട്ടാതാഴ്‌വരയിൽക്കൂടി പോകയാണെങ്കിൽ ഉത്തരകോളത്തിലെത്താമെന്ന് മാലൊറിക്ക് അല്പം ഒരാ

ശയുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം അങ്ങോട്ടുതന്നെ പുറപ്പെട്ട് അവിടെ എത്തി. ഹ്ളാക്ക് പാലശൈലത്തിൽ കയറിനോക്കിയപ്പോൾ ഉത്തരകോളത്തിലേക്ക് താനുദ്ദേശിച്ചതുപോലെ ഒരു വഴിയുണ്ടെന്നുള്ള വിശ്വാസം പ്രബലമായിത്തുടങ്ങി. മൺസൂൺ കാലം അടുത്തിരുന്നതുകൊണ്ടും, കുറേ വിശ്രമം ആവശ്യമായി തോന്നിയതിനാലും, കുറേദിവസത്തേക്ക് കാർട്ടായിൽ തിരിയെ പോയി താമസിച്ചിട്ട്, വീണ്ടും വരാമെന്ന് അദ്ദേഹം നിശ്ചയിച്ചു. വിശ്രമിച്ച് ക്ഷീണം തീർത്തിട്ടുവരികയാണെങ്കിൽ ഒരുപക്ഷേ വഴികണ്ടുപിടിച്ചാൽ എവറസ്റ്റിനു മുകളിൽതന്നെ കയറണം എന്നാഗ്രഹിച്ചതുകൊണ്ടാണ് അദ്ദേഹം പര്യവേക്ഷണം തുടരാതെ, വിശ്രമാർത്ഥം പുറകോട്ടു പൊയ്ക്കളയാമെന്നു വച്ചത്.

ആഗസ്റ്റ് ൨൦-ാംനു മാലൊറിയും ബുള്ളോക്കും കാർട്ടായിലേക്കു തിരിച്ചുപോയി. പര്യവേക്ഷണത്തിനും ഫോട്ടോ എടുക്കുന്നതിനും വിവിധമാതൃകകൾ ശേഖരിക്കുന്നതിനും മററുമായി പോയിരുന്ന ഉപസംഘങ്ങളും അവിടെ തിരിച്ചെത്തിയിട്ടുണ്ടായിരുന്നു. ഛായാമുദ്രണ സർവ്വവിദഗ്ദ്ധനായിരുന്ന വീലർ ഒരു സംഗതി കണ്ടുപിടിച്ചിരുന്നു. അദ്ദേഹം ഇപ്പോൾ പൂർവ്വറോങ്ങ്ബക്ക് ഗ്ലേസിയർ എന്ന് പറയപ്പെടുന്ന ഒരു ഹിമപ്പരപ്പു കണ്ടുപിടിച്ചു. അതിലെ ഒഴുകുന്ന ഒരു നദി ഉത്തരകോളസമീപത്തിൽ നിന്നായിരിക്കണം ഉത്ഭവിക്കുന്നത് എന്ന് അദ്ദേഹം വിശ്വസിച്ചു. പടത്തിൽ കാണുമ്പോൾ ഇവയെല്ലാം നമുക്ക് വളരെ എളുപ്പമായി തോന്നാമെങ്കിലും ഹിമപ്പരപ്പുകളും ശൃംഗങ്ങളും പർവ്വതപംക്തികളും കടന്ന് ഇവയൊക്കെ കണ്ടുപിടിക്കയും പരിശോധിക്കയും ചെയ്യുന്നത് അത്ര സുകരമല്ല.

റോങ്ങ്ബക്ക് ഹിമതലാപരിശോധനയിൽ മാലൊറി മുൻപ്രസ്താവിച്ച നദി ഒരു നോക്കു കണ്ടിട്ടുള്ളതാണ്. അതിൻെറ തടപ്രദേശത്തുകൂടി ഒരു പരീക്ഷണം നടത്തണമെന്ന് അദ്ദേഹം നിശ്ചയിച്ചിരുന്നതുമാണ്. പക്ഷെ മൺസൂൺ ആസന്നമായതുകൊണ്ടും പ്രത്യാഗമനത്തിനുള്ള സമയം അതിക്രമിച്ചിരുന്നതിനാലും ആന്ന് മാലൊറി തൽക്കാലം പരിശോധന വിശ്രമാനന്തരമാകട്ടെ എന്നു വച്ചത്. എവറസ്റ്റിൻെറ പാദത്തിലെവിടെയോ നിന്ന് നദി ഉത്ഭവിക്കുന്നതായി വീലറിനു തോന്നിയെങ്കിലും അതു വാസ്തവമാണോ എന്ന് എങ്ങിനെ അറിയും? ഏതായാലും പിന്നീട് ഈ നദീതടംതന്നെ ഉത്തരകോളത്തിലെത്തുന്നതിന് മാർഗ്ഗദർശകമായിത്തീർന്നു.

രണ്ടു സംഗതികൾ കൂടിയാണിനി പരീക്ഷിക്കാനുള്ളതു്. അവ വടക്കുനിന്നും പൂർവ്വറോങ്ബക്ക് ഹിമതലത്തിൽകൂടി ഉത്തരകോളത്തിലെത്താമോ എന്നും, അതോ കിഴക്കുവശത്തുനിന്നും കാർട്ടാ താഴ്‌വരമാർഗ്ഗം ഉത്തരകോളത്തിലെത്താമോ എന്നും, ആയിരുന്നു. കാർട്ടാ താഴ്‌വരയിലുള്ള സൌകര്യപ്രദമായ ഒരു പുൽത്തകിടിയിൽ അവർ ആസ്ഥാനകൂടാരം അടിച്ചു. ഈ പ്രദേശം ൧൬൨൦൦ അടി ഉയരമുള്ളതാണ്. രണ്ടാമതായി ൨൦൦൦൦ അടി ഉയരമുള്ള ഒരു സ്ഥലത്തും അവർ മറെറാരു കൂടാരം അടിച്ചു. ആഗ്രഹബഹുലനായിരുന്ന മാലൊറിക്ക് ഉത്തരകോളത്തിലെത്തണമെന്നുതന്നെയല്ല വടക്കുകിഴക്കൻ സ്കന്ധത്തിൽകൂടി എവറസ്റ്റിലേക്കു തന്നെ എത്തിക്കളയാമെന്നും ആശയുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ആശാപക്ഷങ്ങൾ അത്യുച്ചത്തിൽ പറന്നു. കുറേക്കൂടി മുകളിൽ ഒരു ക്യാംപ് അടിച്ചുകൊണ്ടു് എവറസ്റ്റിൻെറ മകുടത്തിൽതന്നെ എത്തരുതോ എന്നുപോലുംഅദ്ദേഹം ദിവാസ്വപ്നം കണ്ടു. എവറസ്റ്റ് മകുടാഗ്രപ്രാപ്തിയായിരുന്നു അദ്ദേഹത്തിൻെറ ജീവിതത്തിലെ പ്രധാന ആഗ്രഹം. ഗംഭീരവും ദുഷ്പ്രാപ്യവുമായിരിക്കുന്ന ശൈലോത്തമനെ ജയിക്കുന്നതു് അത്ര സുകരമായ ഒരു പ്രവൃത്തിയല്ലാഎന്ന് അദ്ദേഹം ഇനിയും മനസ്സിലാക്കിയിരുന്നില്ല. കഷ്ടം!

ആഗസ്ററു മാസാവസാനത്തിൽ കാർട്ടാ താഴ്‌വരക്കു മുകളിലായി അടിച്ചിരുന്ന ആസ്ഥാന കൂടാരത്തിൽ മാലൊറിയും ബുള്ളോക്കും എത്തി. പക്ഷെ ഏകദേശം മൂന്നാഴ്ചവട്ടത്തേക്ക്—സെപ്ററംബർ 19—ാംനു- വരെ- അവർ യാതൊരു പുരോഗമന ശ്രമവും കൂടാതെ അവിടെത്തന്നെ താമസിക്കുവാൻ നിർബ്ബന്ധിതരായി. മൺസൂൺ ഇതുവരെ അവസാനിച്ചിരുന്നില്ല. ഒടുവിൽ കാലാവസ്ഥ മാറിത്തുടങ്ങി എങ്കിലും മഞ്ഞുരുകുന്നതിനു മാത്രം വെയിലിന് ശക്തിയില്ലാതെ കണ്ടു. ഇനിയും താമസിക്കുന്നതു് വൃഥാവിലാണെന്നു തോന്നിയിട്ടു് പുനരാഗമനം തുടങ്ങി. അത്യധികമായ ശൈത്യവും അഗാധമായ ഹിമതലങ്ങളുംകൊണ്ടു് പർവ്വതകൂടത്തിൽ എത്തുന്നതിനുള്ള പ്രതീക്ഷ ഒന്നിനൊന്ന് കുറഞ്ഞുതന്നെ വന്നു എങ്കിലും സാഹചര്യങ്ങൾ അജയ്യമായ വിധം പ്രതികൂലങ്ങളായി വരുന്നതുവരെ അദ്ദേഹത്തിൻെറ അഭീഷ്ടസാദ്ധ്യത്തിനായി പരിശ്രമിക്കാമെന്നു തന്നെ ആ ധീരഹൃദയൻ ദൃഢവ്രതം ചെയ്തു. കാർട്ടാ ഹിമപ്പരപ്പിൻെറ ഒരു ഭാഗത്തു കിടന്ന "ഹ്ളാങ്ക് പാല" എന്ന മലയിടുക്കിലെത്തണമെന്നായിരുന്നു

ആല്യത്തെ നിശ്ചയം. പൂർവ്വറോങ്ബക്ക് ഹിമതലത്തിൻെറ ഉത്തരഭാഗമെന്ന് വീലർ പ്രസ്താവിച്ചതായ ഈ സ്ഥലം മാലൊറി മുൻപിൽ ഹ്ളാക്കപാലയിൽ നിന്നും കണ്ടിട്ടുള്ളതാണ്. ഈ പ്രാരംഭതലത്തിൽ നിന്നും ഉത്തരകോളത്തിലേക്കു കടക്കാമെന്ന് അദ്ദേഹം ഉദ്ദേശിച്ചു. പക്ഷെ ഈ ശ്രമത്തിനു മുമ്പായി ഹ്ളാക്ക്പാലയിലേക്ക് കൂടാരോപകരണങ്ങളും ഭക്ഷണസാധനസാമഗ്രികളും എത്തിക്കേണ്ടിയിരുന്നു.

സെപ്റ്റംബർ ഇരുപതാംതീയതി സുപ്രഭാതത്തിൽ മാലൊറിയും സഹചരൻ മോർഷീഡും ശുഭോദർക്കമായിതന്നെ യാത്രതുടർന്നു. കട്ടിയായും ഛിന്നഭിന്നമായും ഉതിർന്നു അടർന്നുപോകുന്നതരത്തിലുമുള്ള മഞ്ഞിൽക്കൂടി അവർ സാമോദം യാത്രയാരംഭിച്ചു. ഹിമപ്പരപ്പിലെ വിടരങ്ങളിലും ഗഹ്വരങ്ങളിലും കൂടിയും, പലപല കഷണങ്ങളായും സുരക്ഷിതമായി പാദങ്ങൾ നിലത്തുറപ്പിക്കാൻ വഹിയാത്ത തരത്തിലുമുള്ള വിവിധഹിമവിശേഷങ്ങളിൽക്കൂടിയും, ഉള്ള അവരുടെ യാത്ര അതികഠിനമായ ഒന്നുതന്നെയായിരുന്നു. സാധുക്കളായ ചുമട്ടുകാർക്ക് സുരക്ഷിതമായി കാലുറപ്പിക്കാവുന്നതായ ഒരു വഴിയുണ്ടാക്കുന്നതിന് പുരോഗാമികൾ വളരെ ശ്രമിച്ചുവെങ്കിലും സാധിച്ചില്ല. അവർ അലഞ്ഞുനടന്ന് ഉഴലുകതന്നെ ചെയ്തു. ഉത്തരകോളത്തിലെത്താമെന്നു കാണിക്കാൻവേണ്ടി മാലൊറി മുന്നോട്ട് ധൈര്യസമേതം നടന്ന് ബാക്കിയുള്ളവരെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ പ്രേരണാശക്തിയുടെ ഫലമായി അവസാനംപതിനൊന്ന് ചുമട്ടുകൾ ഉദ്ദിഷ്ടസ്ഥാനത്തെത്തിക്കുവാൻ സാധിച്ചു.

മാലൊറി ഹ്ളാക്ക്പാലയിൽ വീണ്ടുംഎത്തി. കാലസ്ഥിതിയും രമണീയമായിരുന്നു. അദ്ദേഹത്തിന് ഉത്തരകോളവും എവറസ്റ്റിൻെറ വിസ്തൃതമായ ചരിവുകളും, കാണാമായിരുന്നു. ഈ കാഴ്ചകൾ മനസ്സിൽ പലവിധ സ്തോഭങ്ങളെ ഉളവാക്കി. ഹിമതലത്തിൽ നിന്ന് ഉത്തരകോളത്തിലേക്കുള്ള കയററം ഭഗീരഥ പ്രയത്നം കൊണ്ടു മാത്രം സാധിക്കേണ്ടതാണ്. ഈ വിടരപ്രദേശം വളരെ ഉയരമുള്ള അഭേദ്യമായ പ്രാകാരങ്ങൾപോലെ ശക്തവും ഭീമവും ആയിട്ടാണ് ഇരുന്നതു്. വലിയ ഒരു ഹിമപ്പരപ്പ്; മുകളിൽനിന്നും കുത്തനേ കിടക്കുന്ന ഒരു ഹിമഭിത്തിയാണോ ഈ സ്ഥലമെന്ന് കണ്ടാൽ ആർക്കും തോന്നും. എന്നിട്ടും മുകളിൽ കയറിക്കളയാമെന്ന് മാലൊറി ആ

ശിച്ചു. പക്ഷെ പൎവ്വതാരോഹണവിദ്യയിൽ പ്രത്യേക പ്രാഗൽഭ്യമുള്ളവൎക്കേ അതു സാധ്യമാകയുള്ളൂ. ഊൎജ്ജസ്വലന്മാരും ശക്തന്മാരുമായ ആളുകൾ മുൻപെ കയറുകയും, പുറകെയുള്ളവരെയെല്ലാം കയറുകൊണ്ട് കെട്ടി മുൻപിലുള്ളവരുമായി ബന്ധിക്കയും ചെയ്യണം. ശക്തിയില്ലാത്തവരെ കയറിൽക്കൂടി വലിച്ചുകയററണം. എന്നാൽ ഇപ്പോൾ മൂന്ന് ആരോഹകന്മാർകൂടി ക്ഷീണിച്ചു തളൎന്നു. ചുമടുകളും വഹിച്ചുകൊണ്ടു നടക്കുന്ന പത്തുപതിനൊന്നുപേരെ കയറുകെട്ടി വലിച്ചുകയററുക എന്നുള്ളത് ചിന്താതീതമായ ഒരു സംഗതിയുമാണ്.

കുറേക്കൂടി ബലിഷ്ഠമായ ഒരു വലിയസംഘം ആരോഹകന്മാർ തന്നെവേണം. അതിനാൽ മാലൊറി എവറസ്റ്റിലേക്കുള്ള വഴി കണ്ടുപിടിക്കയും, ഹ്ളാക്കപാലയിൽ കയറുകയുംചെയ്തശേഷം, ചുമട്ടുകാരുമായി ആസ്ഥാനപാളയത്തിലേയ്ക്കു തിരിച്ചു. ഹോവേർഡ് ബ്യൂറിയും,വൊള്ളാസ്റ്റനും, റീബേണും,ബുള്ളോക്കും, വീലറും, അവിടെ എത്തിയിട്ടുണ്ടായിരുന്നു.

ഈ ആസ്ഥാനകൂടാരം ഇരുപതിനായിരം അടി ഉയരത്തിലാണ് സ്ഥിതിചെയ്യുന്നതു്. എങ്കിലും പകൽസമയം ധാരാളം സൂൎയ്യപ്രകാശവും വായുമണ്ഡലം മന്ദോഷ്ണവും ഉള്ളതായിരുന്നതിനാൽ അവർക്കു കഴിച്ചുകൂട്ടാൻ വലിയ വിഷമം ഇല്ലായിരുന്നു. അവരുടെ ലഘുഭക്ഷണവും ചായകുടിയുമെല്ലാം കൂടാരത്തിനു വെളിയിൽവച്ചുതന്നെയാണ് നടത്തിയതു്. കൂടാരത്തിന് അല്പം മുകളിലുള്ള ഒരു കുന്നുകയറി നോക്കിയാൽ നാലുപാടും ഉത്തുംഗകാന്തിയോടുകൂടിയ പ്രകൃതി വിലാസങ്ങൾകാണാം. സാനുപ്രദേശങ്ങളിൽ സമുദ്രംപോലെ വിസ്തൃതമായി വ്യാപിച്ചു കിടന്ന ജീമൂതസമൂഹങ്ങളിൽ, വിദൂരത്തിൽ അവിടവിടെയായി പൎവ്വതശിഖരികൾ കടലിൽ ദ്വീപുകൾ എന്നവണ്ണം ഉയൎന്നുനിന്നിരുന്നു. പൂൎവ്വഭാഗത്തു് ഉദ്ദേശം നൂറുമൈയിൽ അകലെയായി കാഞ്ചനശൃംഗവും അതിനു സമീപെ ജാനു, ചോമിയോമോ ഈ ശിഖരങ്ങളും ദൃശ്യമായിരുന്നു. വളരെഅടുത്തു് എല്ലാററിനും ഉപരിയായി സകലപൎവ്വതകുല മനോജ്ഞനായ മക്കാലു സ്ഥിതിചെയ്യുന്നു. അതിനപ്പുറെ നിപ്പാളത്തെ ചില ശൈലരാക്ഷസന്മാർ ആകാശത്തിൽ ഉയൎന്നുകാണാം. കുറേ നാഴികദൂരം പടിഞ്ഞാറായി എവറസ്റ്റ്തന്നെ അവരുടെ അക്ഷികൾക്ക് ഗോചരമായി. മററു പൎവ്വതനിരകളുടെ അകമ്പടികൂടാതെ ഇപ്പോൾ എവറസ്റ്റിനെ അവൎക്ക് ഒററക്ക് പ്രത്യേകം കാണാമായിരുന്നു.

എവറസ്റ്റ് ഏകനായികണ്ടപ്പോൾ അവൻെറ പ്രഭാവവും ഏ റവും ഉപരിയായിത്തോന്നി.

എല്ലായിടവും സൂയ്യപ്രകാശത്തിൽ നിമഗ്നമായിരുന്നു. ശൂന്യപ്പെട്ടമായ ഭൂതലത്തിനു മുകളിലായി കാണപ്പെട്ട ഒരു ദിവ്യ തേജോലോകമായി അവിടം പ്രത്യക്ഷപ്പെട്ടു. എല്ലായിടവും പ രിപാവനവും ശുഭ്രവണ്ണവും ശോഭാപരിപൂരിതവുമായിരുന്നു.

എവറസ്റ്റാരോഹണത്തിനുള്ള അവസാന ശ്രമത്തിന് സെപ്ററംബർ ൨൨-ാംനു-യോടുകൂടി എല്ലാവരും തയ്യാറായി. റിബേണിന് പൂണ്ണാരോഗ്യപ്രാപ്തി ഉണ്ടായിട്ടില്ലാതിരുന്നതിനാൽ അദ്ദേഹത്തിന് ഈ അവസാന ശ്രമത്തിൽ ഭാഗഭാക്കാകുന്നതിനു സാധിച്ചില്ല. അന്നു രാവിലെ നാലുമണിയോടുകൂടി ബാക്കി ആറു പേരുംകൂടി പുറപ്പെട്ടു.

അപ്പോൾ അവരുടെ ഊഷ്മാവിനിയന്ത്രം ൨൨ ഡിഗ്രി മൂടൽമഞ്ഞു കാണിച്ചു. നാലു സെറവുകളായി ഭാഗിച്ച ൨൬ കൂ ലിക്കാരും അവരുടെകൂടെ ഉണ്ടായിരുന്നു. അവരെയെല്ലാം പാ ശംകൊണ്ടു് ബന്ധിക്കുന്നതിന് വേണ്ട ശട്ടംകെട്ടുകൾ ചെയ്തു. അ നന്തരം സൈന്യശേഖരത്തോടുകൂടിയുള്ള ഒരാക്രമണ യാത്രയാ ണ് അവർ നടത്തിയതു്. പയ്യടന നാടകത്തിൻെറ അത്യുച്ചരംഗ ത്തിനുള്ള സംഭ്രമങ്ങളും രോമാഞ്ചകഞ്ചുകതയും എല്ലാം ഈ അ വസരത്തിൽ ഉണ്ടായിരുന്നു.

ഭാസുരമായ ചന്ദ്രികയിൽകൂടി ശുഭ്രവണ്ണപവ്വതങ്ങൾ പ കലെന്നോണം സ്പഷ്ടമായി കാണാമായിരുന്നു. യഥാത്ഥമായ സുരലോകം തന്നെയോയെന്നു തോന്നിക്കുന്നതായ ഒരു പ്രത്യേ കാന്തരീക്ഷ പ്രകാശം അവിടെ പ്രത്യക്ഷമായി. ഹിമപ്പരപ്പിലെ മഞ്ഞു് കട്ടംകട്ടിയായി ഘനീഭവിച്ചു കിടന്നിരുന്നതിനാൽ യാ ത്ര വളരെ എളുപ്പവുമായിരുന്നു.

നേരം പ്രഭാതമായി തുടങ്ങി. നേരെ മുമ്പിലായി എവ റസ്ററു കണ്ടുതുടങ്ങുന്നു. നീലിമയുള്ള ആകാശത്തിനു മുമ്പിൽ അല്പമായ മൂടൽമഞ്ഞിൽ ആവൃതനായി ഇതാ ദുഷ്പ്രാപ്യമായ വൈജയന്തം പ്രത്യക്ഷപ്പെടുന്നു! അന്നത്തെ ബാലാക്കൻെറ ഇ ളംകതിരുകൾ അതാ ആ ഹിമകൂടത്തിൽ പതിക്കുന്നു! അവിടം ആകപ്പാടെ ഇളംചുവപ്പോടുകൂടി അവർണ്ണ്യമായ ഒരു തേജപു ഞ്ജമായി രൂപാന്തരപ്പെടുന്നു! അഹോ! മഹനീയമായുള്ളോവേ! എവറസ്റ്റേ! അങ്ങേയ്ക്കു നമസ്കാരം!!

പയ്യവേക്ഷകസംഘം വദ്ധമാനമായ ഉത്സാഹത്തോടുകൂ

ടി മുന്നോട്ട ത്വരിത ഗമനം ചെയ്യുന്നു. മാലൊറി എല്ലാവരുടേയും മാൎഗ്ഗദൎശിയായി മുൻപേ ഗമിക്കുന്നു. നേരം മണി പത്തരയായി. അവർ 22350 അടി ഉയരത്തിൽ കിടക്കുന്ന ഹ്ളാക്കപാലയിൽ എത്തി. ഇനി എവറസ്റ്റിലേക്കു രണ്ടേരണ്ടു മൈൽ അകലമേയുള്ളു. ഹാ! 1200 അടിയിൽ അധികം അഗാധമായി കട്ടംതൂക്കായി കിടക്കുന്ന ഒരു ഹിമഭിത്തി ഇനി അവർ ഇറങ്ങേണ്ടിയിരിക്കുന്നു. ഇതവൎക്ക് അന്നു സാധ്യമായിരുന്നില്ല. അന്നുരാത്രി ആ അത്യുച്ചത്തിൽ തന്നെ കഴിച്ചു കൂട്ടുവാൻ നിശ്ചയിച്ചു. ഹിമകണവാഹിയായ ഒരു ഊക്കൻ കാററ് ആരംഭിച്ചു. കാററത്തു പൊടിപറക്കുന്നതുപോലെ ഹിമകണങ്ങൾ എല്ലായിടവും വ്യാപിച്ചു. കൂടാരം അടിക്കുന്നതിനുപോലും ഒരു സ്ഥലം കിട്ടാൻ വളരെ വിഷമിച്ചു. അവസാനം മഞ്ഞിനിടയിൽ ഒരു ഗഹ്വരം കാണാനിടയായി. അതിലിറങ്ങി കൂടാരം അടിച്ചു. എങ്കിലും കാററിൻെറ ഉഗ്രമായ ശക്തിയെ തടുക്കുന്നതിന് അവൎക്ക കഴിഞ്ഞില്ല. നേരം വൈകിയതോടുകൂടി ശൈത്യവും വൎദ്ധിച്ചു. കൂടാരത്തിലേക്ക് വളരെ ബുദ്ധിമുട്ടി വലിഞ്ഞിഴഞ്ഞു കയറിയപ്പോൾ പലൎക്കും ശ്വാസതടസ്സവും ബുദ്ധിമാന്ദ്യവും ഉണ്ടായി.

ഭയാനകമായ ഒരു കാളരാത്രിതന്നെയായിരുന്നു അന്ന് സൂൎയ്യൻ മറഞ്ഞു കഴിഞ്ഞപ്പോഴേക്കും ഘൎമ്മമാത്ര എഴുഡിഗ്രി ആയി. അല്പ സമയത്തിനുള്ളിൽ ന്യൂനം രണ്ടു ഡിഗ്രിയായി കുറഞ്ഞു. പ്രചണ്ഡമാരുതൻ അതിശക്തിയായി അടിച്ചുകൊണ്ടിരുന്നു. അന്നു രാത്രി ആരുംതന്നെ ഉറങ്ങിയില്ല. നേരം ഒരുവിധം വെളുപ്പിച്ചു. ശ്വാസയോഗ്യമായ വായുവിൻെറ ലോപം കൊണ്ടു് എല്ലാവൎക്കും ശക്തിയായ തലവേദന ബാധിച്ചു. ചുമട്ടുകാർ തീരെ ആലസ്യമുള്ളവരായിത്തീൎന്നു.

സൂൎയ്യോദയത്തിനു ശേഷം കുറേ ചൂടുകാപ്പിയും മററും ഉള്ളിൽ ചെന്നപ്പോൾ തലവേദന തെല്ലൊന്നു ശമിച്ച് എതാണ്ടു് അല്പമൊരുണർവുണ്ടായി. എങ്കിലും ഉത്തരകോളഹിമപ്രാകാരദൎശനം മിക്കവൎരുടേയും ഹൃദയം ചഞ്ചലമാക്കി. എററവും സമൎത്ഥന്മാരും ഊൎജ്ജസ്വലന്മാരും മാത്രം ഉത്തരകോളത്തിൽ എത്തുന്നതിന് യതിച്ചാൽ മതിയെന്ന് തീരുമാനിച്ചു. മാലൊറിയും, ബുള്ളോക്കും, വീലറും, ധൈൎയ്യമായി മുന്നോട്ടു വന്നു. കുറച്ചു ചുമട്ടുകാരും അവരെ അനുഗമിക്കാൻ ധൈൎയ്യപ്പെട്ടു. ബാക്കിയുള്ളവരെല്ലാം ആസ്ഥാനകൂടാരത്തിലേക്ക് തിരിച്ചു പോകുകയാണുണ്ടായതു്.

No. V



**Photo by Dr. Somervell.**

ഉത്തരകോളത്തിലെ ഏററവും പ്രയാസ്കരമായ ഭാഗം കയറുന്നതു്.
പടത്തിൽ കാണുന്ന കയററുഗോവണി 1924-ൽ
അവിടെ ഉപയോഗിച്ചതാണു്.

*(By kind permission of Dr. Somervell.)*

UNIVERSITY LIBRARY
11 AUG 1933
MADRAS

MUL
073659
UNIVERSITY LIBRARY
11 AUG 1933
MADRAS

# അദ്ധ്യായം ൮.

## ഉത്തരകോളം.

ഇനിയുള്ള പുരോഗമനത്തിൽ ഉത്തരകോളമാണു് ഏററവും അനിശ്ചിതമായ സ്ഥലം. അഭേദ്യമായ പൎവ്വതശൃംഖലയിലെ ഭേദ്യമായ ഒരു കണ്ണിയായിരുന്നു അതു്. എവറസ്റ്റകൂടം മുതൽ കോളംവരെ വലിയ വിഘാതങ്ങൾ ഉണ്ടായിരിക്കയില്ലെന്നു് മാലൊറി വിശ്വസിച്ചു. റോങ്ങ്ബക്ക് താഴ്വരയിൽ നിന്നും ഉത്തരകോളത്തിന്റെ പാദഭാഗത്തെത്തുന്നതിനു് വലിയ വിഷമം ഉണ്ടായിരിക്കയില്ലെന്നു് വീലർ കണ്ടുപിടിച്ചിരുന്നു. ഹ്ളാക്ക്പാലയിൽ നിന്നും കണ്ട ബ്രഹ്മാണ്ഡമായ ഹിമകൂടം വഴിയായിരുന്നു ഉത്തരകോളത്തിൽ എത്തുന്നതിനുള്ള ഏകമാൎഗ്ഗം. ഈ ഹിമകൂടം കടക്കാമോ എന്നാണു് മാലൊറിക്കും, ബുള്ളാക്കിനും, വീലറിനും ഇനി പരീക്ഷിക്കേണ്ടിയിരിക്കുന്നതു്. ഹ്ളാക്ക്പാലഹിമതലം ഒരു പ്രത്യേക രീതിയിൽ ഉത്തരകോളത്തെ ആവരണം ചെയ്തു കിടന്നിരുന്നു. കിഴക്കുവശത്തുനിന്നുമുള്ള ആരോഹണമാണോ പടിഞ്ഞാറുവശത്തു നിന്നുമുള്ളതിൽ എളുപ്പമായിട്ടുള്ളതെന്നു കൂടി അവൎക്കു് അറിയേണം.

ഹ്ളാക്ക്പാലയുടെ ഉപരിതലകൂടാരത്തിൽ നിന്നും സെപ്ററംബർ 23-ാംനു- പൂൎവ്വ റോങ്ങ്ബക്ക് ഹിമപ്പരപ്പിലേക്കിറങ്ങിയപ്പോൾ അവൎക്കു് പരിശോധിക്കേണ്ടിയിരുന്ന കാൎയ്യങ്ങൾ മേൽ പ്രസ്താവിച്ചവയാണു്. 1200 അടി താഴത്തേക്കുള്ള ഇറക്കം വലിയ ബുദ്ധിമുട്ടുകൂടാതെ കഴിച്ചു. അതുകഴിഞ്ഞു് ഒരു സാനുതടംകടന്നു് 21000 അടിപൊക്കമുള്ള ഒരു തുഷാരാച്ഛാദിതമായസ്ഥലത്തെത്തി ഉത്തരകോളത്തിന്റെ താഴ്പരപ്പിൽ കൂടാരമടിച്ചു.

മൂന്നുവശങ്ങളും പൎവ്വതപ്രാകാരങ്ങളാൽ സുരക്ഷിതമായിരുന്നതുകൊണ്ടു് അവിടത്തെ വായുമണ്ഡലം പ്രശാന്തമായിരുന്നുഎന്നും അവർ രാത്രി ശാന്തമായി കഴിച്ചുകൂട്ടിഎന്നും നാം വിചാരിച്ചേക്കാം. എന്നാൽ അനുഭവം നേരേ മറിച്ചായിരുന്നു. ഉഗ്രമായ കാററും, അതിശിശിരമായ ഹിമക്കോളും, പ്രക്ഷുബ്ധമായ അന്തരീക്ഷവും, അവരുടെ ലഘുതരമായ കൂടാരങ്ങളെ അ

ടിച്ചുലച്ച് ശല്യപ്പെടുത്തി. അവർ നിദ്രാവിഹീനരായി ആ ശിവ രാത്രിയും കഴിച്ചുകൂട്ടി.

വളരെ പൊക്കംകൂടിയ പർവത വിഭാഗങ്ങളിൽനിന്ന് ആളുകളെ സൂര്യോദയത്തിന് മുമ്പായി യാത്രക്കൊരുക്കുകയെന്ന ത് അസാധ്യമാണ്. അതിനാൽ 24—ാംനു അതിരാവിലെ പു റപ്പെടാൻ തരപ്പെട്ടില്ല. ഏററവും വിഷമകരവും അപകടപ്രദ വുംആയ ഒരു സാഹസിക വൃത്തിക്ക് അവർ പോകേണ്ടിയിരുന്ന തിനാൽ അതിസമർത്ഥന്മാരായ ചുമട്ടുകാരേമാത്രമേ അനുഗമി ക്കുന്നതിന് അനുവദിച്ചുള്ളു. ഇങ്ങനെ കൊണ്ടുപോകുന്നതിന് സമർത്ഥന്മാരായ മൂന്നുപേർ മാത്രമാണുണ്ടായിരുന്നത്. അരമണി ക്കൂറിനകം ഹിമച്ചരിവുകൾ കയറി കോളത്തിലെ അപകടകരമാ യ സ്ഥലത്തിന് ചുവട്ടിലെത്തി. ഇനി 1800 അടിയിലധികം ഉ യരം മഞ്ഞു് കട്ടിയായിഉറച്ചു കിടന്നതും മനുഷ്യപാദങ്ങൾ ഉറ പ്പിക്കാൻ വഹിയാത്തതും തൂക്കനെ കിടന്നിരുന്നതുംആയ ഒരു ഹിമശൃംഗത്തിൽ കയറണം. ഒരു പർവ്വതാരോഹണ വിദഗ്ദ്ധ ന് ഇതു് ഒരു പക്ഷെ ശ്രമസാധ്യമായിരുന്നിരിക്കാം. എങ്കിലും ഇതു് പ്രത്യേക വിവേചനാശക്തിയുപയോഗിച്ച് വിവേകപൂർവ്വം ചെയ്യേണ്ട ഒരു സംഗതിതന്നെയാണ്. മാലൊറി ഇതിനായി ധൈര്യമായി മുന്നോട്ടുഗമിച്ചു.

ഹിമത്തിൽ കാൽച്ചുവടുകൾ ഉറപ്പിക്കുന്നതിന് പടി കൾവെട്ടുകയു, കൈകൾ പിടിച്ചുകയറുന്നതിന് ആപ്പുകൾ ഉ റപ്പിക്കയും ചെയ്യണം. കോളത്തിന് അല്പംതാഴെയായി ഏററ വും സംഭ്രമജനകമായ ഒരു ഇടുക്കുണ്ടായിരുന്നു. ഇതാണ് 'അവ സാനത്തെ ഇരുമ്പുറപ്പ്' എന്ന് പിന്നീടറിയപ്പെട്ടസ്ഥലം. ഇതിന ടുത്താണ് 1924—ലെ യാത്രാസംഘത്തിൽപെട്ട നാലുചുമട്ടു കാർ മേല്പോട്ടുകയറുവാനും കീഴ്പോട്ടിറങ്ങുവാനും വഹിയാതെ അത്യന്തം അപായകരമായ ഒരു ഹിമഭാഗത്തകപ്പെട്ടുപോയതു്. ആരോഹകന്മാർ കട്ടിയായ മഞ്ഞിൽക്കൂടി വളരെ ബുദ്ധിമുട്ടി ഉദ്ദേശം 500 പടികളോളം വെട്ടിയുണ്ടാക്കിയാണ് മേല്പോട്ടുകയ റിയതു്. ഹാ! ഒരു വൈതരണി കടന്നുകൂടി. പതിനൊന്നരമണി യായപ്പോഴേക്കും അവർ ഉത്തരകോളത്തിലെത്തി.

എവറസ്റ്റ് ശിഖരത്തിലേക്കുള്ള മാർഗ്ഗത്തിലെ ഏററവും വലിയവിഘാതം ജയിച്ചുപോയി. ഉത്തരകോളത്തിലേക്കുള്ള വ ഴി കണ്ടുപിടിക്കതന്നെയല്ല പ്രായോഗികതയും പരീക്ഷിച്ച് പ രിശോധനാസംഘം വിജയശ്രീലാളിതരായി.

മാലൊറി കോളത്തിൽകയറി ഉത്തരമുഖപർവ്വതത്തിൽനിന്ന് വടക്കുകിഴക്കൻ പംക്തികളിലേക്കു നോക്കി ഇനി അജയ്യമായി ഒരു സ്ഥലവും കണ്ടില്ല. മുൻപേതന്നെ വിദൂരദർശനത്തിൽനിന്നും അനുമാനിച്ചിരുന്ന ഊഹങ്ങൾ മിക്കവാറും ശരിയാണെന്നു മനസ്സിലായി. പാറക്കെട്ടുകളും ഹിമച്ചെരിവുകളും കുറേ അധികം ദൂരത്തിൽ കാണാമായിരുന്നു. എങ്കിലും അവയൊന്നും ഉത്തരകോളത്തിലേക്കുള്ള കയററം കഴിഞ്ഞാൽ സാരമില്ലാത്തവയാണ്. അതിനാൽ ഈവഴി നിശ്ചയമായും എവറസ്റ്റിലെത്താനുള്ള ഒരു പ്രായോഗികമാർഗ്ഗംതന്നെ, ഏററവും എളുപ്പമാർഗ്ഗവും ഇതാണ്. ഒരുപക്ഷേ എവറസ്റ്റിലേക്കുള്ള ഏകവഴിയും ഇതായിരിക്കാനാണെളുപ്പം.

ഇംഗ്ലണ്ടിൽനിന്നും പര്യടനസംഘത്തെ എന്തുദ്ദേശത്തോടുകൂടി അയച്ചോ അതിപ്പോൾ സാധിച്ചുകഴിഞ്ഞു. എന്നിട്ടും ആരോഹകന്മാക്ക് കുറേക്കൂടി കയറിയാൽ കൊള്ളാമെന്നുള്ള തീവ്രമായ ആഗ്രഹമുണ്ടായിരുന്നു. നിവൃത്തിയുണ്ടെങ്കിൽ ആ പര്യടനത്തിൽതന്നെ എവറസ്റ്റിൽക്കയറി വിജയപാതക പറപ്പിച്ചാൽ കൊള്ളാമെന്ന് അവരുടെ ഹൃദയങ്ങളിൽ നിഗൂഢമായ ആശയുണ്ടായിരുന്നു. മാലൊറിയുടെ കരളാണ് ഈ വിചാരത്തിൽ ഏററവും തുടിച്ചതു്. ഇനിയും കയററംതുടരുന്നതിന് ബാക്കിയുള്ളവരേക്കാൾ ശരീരവിഷമതകൾ ഇല്ലാതിരുന്നതും മാലൊറിക്കാണ്. വീലറിന് കുറേക്കൂടി കയറിയാൽ കൊള്ളാമെന്നാഗ്രഹമുണ്ടായിരുന്നെങ്കിലും അദ്ദേഹത്തിന്റെ പാദങ്ങൾ നിർജ്ജീവങ്ങളും സ്പർശനവികാരശൂന്യവുമായിത്തീന്നിരിക്കുന്നു. ബുള്ളോക്കിന് കായക്ലേശം നന്നേഉണ്ടായിരുന്നെങ്കിലും മനസ്സിന്റെ ഉന്മേഷത്തളളലുകൊണ്ട് കുറേക്കൂടി ഉയരത്തിൽ കയറാൻ സാധിക്കുമായിരുന്നു. മാലൊറിക്ക് മററുള്ളവരേക്കാൾ സുഖമായി കഴിഞ്ഞരണ്ടുരാത്രികളിലും ഉറങ്ങാൻ സാധിച്ചതുകൊണ്ട്, ഇനിയും ഒരു രണ്ടായിരം അടികൂടി കയറിയാൽ എന്താഎന്ന് ഒരു ധാർഷ്ട്യം തോന്നി. പക്ഷെ അത്രയുംകൂടെ കയറിയാൽ സന്ധ്യക്കുമുമ്പ് തിരിയെ ഈ ദൂരമെല്ലാം ഇറങ്ങി ഉത്തരകോളത്തിലെ വൈതരണിയുംകടന്ന് താഴെച്ചെന്ന് കൂടാരത്തിലെത്താൻ സാധ്യമായിരുന്നില്ല.

ആകപ്പാടെ നോക്കിയതിൽ ഇനി പുരോഗമനത്തിന് വലിയ സൌകര്യങ്ങളൊന്നും കണ്ടില്ല. കൂടാതെ ഏററവും വലിയ ഒരു വൈഷമ്യവുമുണ്ടായിരുന്നു. അവർ ഇപ്പോൾ നില്ക്കുന്ന

സ്ഥലത്തു തന്നെ ഇടക്കിടെ അതിശക്തിയായി ഹിമകണങ്ങൾ പറപ്പിച്ചുകൊണ്ടു് കാററടിച്ചിരുന്നു. മാരുതശക്തി വർദ്ധമാനമായും തുടർച്ചയായും ഉണ്ടാകുകയാണെങ്കിൽ ശ്വാസോച്ഛ്വാസം പോലും സാധ്യമല്ല. എല്ലാവരും ശ്വാസംമുട്ടി ചത്തുപോകാനുമിടയുണ്ടു്. പർവ്വതത്തിൻെറ മുകളിലേക്ക കാററിന്റെ ഉഗ്രത വർദ്ധിച്ചു തന്നെ കണ്ടു. ഹിമകണധൂളികൾ വഹിച്ചുകൊണ്ടു് ശക്തിയായി അടിച്ച ആ കാററിൻെറ ഗതിവിശേഷം ഒരു വിശേഷം തന്നെയായിരുന്നു. മുകളിലേക്കും താഴത്തേക്കും ചിലപ്പോൾ ചുഴലിയുടെ രീതിയിലും ഒരു വ്യവസ്ഥയും കൂടാതെയാണു് ഈ അപായകരമായ സമീരൻ അടിച്ചുകൊണ്ടിരുന്നതു്. തന്നെയുമല്ല സൂര്യൻെറ ശക്തി കുറയുന്നതനുസരിച്ച് ഈ പ്രചണ്ഡമായ പ്രകൃതിവ്യത്യാസങ്ങൾ വർദ്ധിക്കാനേ ഇടയുമുള്ളു. എന്നിരുന്നാലും ഈ കാററിൻെറ ശക്തി എത്രയെന്നു് ഒന്നു പരീക്ഷിക്കുന്നതിനു് അവർ ഉദ്യമിച്ചു. പക്ഷെ അധികനേരത്തെ പരീക്ഷക്കു് ആവശ്യമില്ലായിരുന്നു. എല്ലാവരും കാററിൻെറ പ്രവാഹ ഗതിയിൽ നിന്നു് അഭയം തേടി. ആ ഋതുവിലെ എവറസ്റ്റാരോഹണ ശ്രമത്തിൻെറ ഭരതവാക്യവും അതുതന്നെയായിരുന്നു.

അല്പംകൂടെയെങ്കിലും കയറണമെന്നുള്ള ആഗ്രഹം മാലറി തീരെ ഉപേക്ഷിച്ചില്ല. ഉത്തരകോളത്തിനു താഴെയുള്ള കൂടാരത്തിൽ തിരിയെ ചെന്നിട്ടു് ഒരു ചെറിയ കൂടാരവും ശയ്യോപകരണങ്ങളും ഭക്ഷണസാധനങ്ങളുംകൊണ്ടു് കോളത്തിനു മുകളിലെത്തി ഒന്നുകൂടി പരിക്ഷിച്ചാലെന്താണെന്നു് അദ്ദേഹം ആഗ്രഹിച്ചു. പക്ഷെ ഭക്ഷണസാധനങ്ങൾ തീരെ കുറവും ചുമട്ടുകാർക്കു് അനുഗമിക്കുന്നതിനു തീരെ വിസമ്മതവും ആയിക്കണ്ടു. കൂടാതെ വല്ല അപായവും സംഭവിച്ചാൽ അല്പം സുരക്ഷിതമായ സ്ഥലത്തെത്തുന്നതിനു് അതിശ്രമസാധ്യമായ "1200" അടി ഇറങ്ങുകയും വേണം. തന്നെയുമല്ല, ഇത്രയെല്ലാം ബുദ്ധിമുട്ടു സഹിച്ചു് മുകളിലെത്തിയാലും കാററിൻെറ ഉഗ്രത കുറയ്ക്കാനെന്താണു് വഴി? ഒരു വഴിയുമില്ല.

തല്ക്കാല സാഹചര്യങ്ങൾക്കു് ഇനി പുരോഗമനം ഒട്ടും തന്നെ സാദ്ധ്യമല്ലായിരുന്നു. വാസ്തവത്തിൽ ഇനി കയറേണ്ട ആവശ്യവുമില്ല. അവരെ അയച്ച കാര്യം അവർ ഭംഗിയായിത്തന്നെ നിർവ്വഹിച്ചുകഴിഞ്ഞു. എവറസ്റ്റിൻെറ ശിരസ്സിലേയ്ക്കു് പ്രായോഗികമായ ഒരു വഴി അവർ കണ്ടുപിടിച്ചു; അതിൻെറ പ്രായോഗി

കതയും പരീക്ഷിച്ചുനോക്കി. രണ്ടു സമത്ഥന്മാരായ ആരോഹകന്മാരുടെ അഭാവം ഉണ്ടായിയെങ്കിലും ഇത്രയും അവർ ഭംഗിയായിത്തന്നെ സാധിച്ചു. അതിനാൽ അവർ പ്രധാന കൂടാരത്തിലേക്കു തിരിച്ചു പോന്നു.

ഇൻഡ്യയിലേയ്ക്കുള്ള പ്രതിയാനം വിവരിച്ചു മാന്യവായനക്കാരെ ഉപദ്രവിക്കണമെന്നാഗ്രഹമില്ല.

ഹോവർഡ് ബ്യൂറിയുടെ നേതൃത്വത്തിൽ യാത്രാസംഘത്തിൻെറ ഉദ്ദേശങ്ങൾ പരിപൂണ്ണമായി സാധിച്ചുകഴിഞ്ഞു. എവറസ്റ്റിലേക്കുള്ള വഴി കണ്ടുപിടിച്ചതു കൂടാതെ അതിൻെറ സമീപപ്രദേശങ്ങളുടെയെല്ലാം ഭൂപടവും തയ്യാറാക്കി. എവറസ്റ്റിൻെറ പരിതസ്ഥലങ്ങൾ പ്രത്യേകമായി പരിശോധിക്കയും ചെയ്തു ഭൂഗർഭശാസ്ത്ര സവ്വേയും പ്രകൃതിശാസ്ത്ര നിരീക്ഷണങ്ങളും മാതൃകാസംഭരണങ്ങളും എല്ലാം സംതൃപ്തിയായി നടത്തി. ഡാർജീലിംഗിൽനിന്നും പയ്യവേഷണസംഘം പുറപ്പെട്ട് ഒരു സംവത്സരം തികയുന്നതിനു മുമ്പിൽ യാത്രാവിവരണങ്ങളും ഭൂപടങ്ങളും അടങ്ങിയ ഒരു പുസ്തകവും പ്രസിദ്ധീകരിച്ചു. ഇതു് രണ്ടാമത്തെ യാത്രാസംഘത്തിന് ഏററവും ഉപയോഗപ്രദമായിരുന്നു. പിന്നീടു പോയ യാത്രാസംഘങ്ങൾക്ക് ഈ പ്രസിദ്ധീകരണംമൂലം ഉണ്ടായ ഉപകാരങ്ങളെ അവർ നന്ദിപൂവ്വം അംഗീകരിച്ചിട്ടുമുണ്ട്.

ഇപ്രകാരം എവറസ്ററു ശിരോമർദ്ദന സംരംഭത്തിൻെറ അടിസ്ഥാനം ഭംഗിയായിത്തന്നെയിട്ടുകഴിഞ്ഞു.

## അദ്ധ്യായം ൯.

### പിന്നിടും തയ്യാറാകുന്നു.

ഇനി എവറസ്റ്റിൻെറ മകുടത്തിലെത്തുന്നതിനുള്ള ശരിയായ ശ്രമം തുടങ്ങണം. പവ്വതപ്രാന്ത ഭാഗങ്ങൾ പരിശോധിച്ചു കഴിഞ്ഞു. വഴിയും കണ്ടുപിടിച്ചു. ശൈലശിഖരത്തിലെത്തുകയെന്ന ഏക ഉദ്ദേശത്തിനുള്ള സകല ശ്രമങ്ങളും ഇനി കേന്ദ്രീകൃതമാക്കണം.

ഈ ഏക ഉദ്ദേശ്യാത്ഥം ഇനി ഒരു പയ്യടനസംഘം ത്ര

പവൽക്കരിക്കണം. ടിബററൻ ഗവമ്മെണ്ടിനോട്ട ഒരു അനുമതിക്കൂടെ അഭ്യർത്ഥിക്കണം. ഹോവേർഡ്ബ്യൂറിയും, സംഘവും, തിരിയെ എത്തിയപ്പോഴേക്കും ഒരുക്കങ്ങൾ ത്വരിതമായി ചെയ്യു തുടങ്ങി, ഒരു ഒരു നിമിഷം പോലും വൃഥാ കളയാനില്ലായിരുന്നു. മാലൊറി പ്രസ്താവിച്ചതുപോലെ കാലവഷാരംഭത്തിനു മുമ്പായി ആരോഹണം കഴിയണം. ജൂൺമാസാദ്യത്തോടുകൂടി കാലവഷം തുടങ്ങും. മേമാസാവസാനത്തോടുകൂടി ആരോഹകന്മാർ പവ്വതത്തിൽ എത്തിയിരിക്കണം. ഡാർജിലിങ്ങിൽ നിന്ന് മാർച്ച് അവസാനത്തിനു മുമ്പായി പുറപ്പെട്ടങ്കിലേ ഇതു സാദ്ധ്യമാകയുള്ളൂ. ഇതു സാധിക്കണമെങ്കിൽ ഭക്ഷണസാമഗ്രികളും, മററുപകരണങ്ങളും, 1922 ജനുവരിയിൽ തന്നെ ഇംഗ്ലണ്ടിൽ നിന്നും കൊണ്ടുവരാൻ ഏപ്പാട്ട ചെയ്യേണ്ടിയിരിക്കുന്നു. ഇപ്പോൾ 1921 നവംബർ മാസമാണ്. അതിനാൽ ഏററവും ശീഘ്രമായി സജ്ജീകരണങ്ങൾ പൂത്തിയാക്കിയെങ്കിലേ കാര്യസാദ്ധ്യമുണ്ടാകയുള്ളൂ.

പ്രഥമമായി തീരുമാനിക്കേണ്ടതു സവ്വപ്രധാനമായ നേതൃത്വകായ്യമാണ്. ഹോവേർഡ്ബ്യൂറിയെ ഇനിയും ഉപദ്രവിക്കുന്നതു നന്നല്ല. അദ്ദേഹത്തിൻെറ ജോലി ഏററവും സ്തുത്യർഹവും, ശ്ലാഘനീയവും ആയ വിധം ചെയ്തു കഴിഞ്ഞിട്ടുള്ളതാണ്. അദ്ദേഹത്തിൻെറ അത്യദ്ധ്വാനങ്ങളും വിവിധശ്രമങ്ങളും തത്തൽ വിജയത്തിനുള്ള പരിശ്രമവും അവർണ്ണ്യമത്രെ. നേതൃത്വം വഹിക്കുന്നതിന് ഏററവും പററിയ ഒരാളെ കണ്ടെത്തി. ബ്രിഗേഡിയർ ജനറൽ ഓണറബിൾ സി. ജി. ബ്റൂസ്സ് എന്ന ഒരു സൈനിക ഉദ്യോഗസ്ഥനെ നേതാവായി എല്ലാവരും അംഗീകരിച്ചു. ഇദ്ദേഹത്തിന് ആരോഹകന്മാരിൽ ഒരാളാകുന്നതിന് പ്രായം അല്പം മുമ്പോട്ടല്ലായിരുന്നോ എന്നാണ് സംശയം. അനുഭവംകൊണ്ടു് അത്യുയരങ്ങളിൽ കയറാൻ സാധിക്കുന്നതു് വലിയ മാംസളശരീരമില്ലാത്തവക്കും യുവാക്കന്മാക്കും ആണെന്നു മനസ്സിലായിട്ടുണ്ടു്. അതുകൊണ്ടു് ഒരു പക്ഷെ ബ്റൂസ്സ് ശ്രമിച്ചിരുന്നെങ്കിൽതന്നെ കയററം സാദ്ധ്യമാകുമായിരുന്നോയെന്നു സന്ദിഗ്ദ്ധമാണ്. എങ്കിലും ഇദ്ദേഹത്തിലും ഉപരിയായ ഒരു നേതാവിനെ ലഭിക്കുക അസാദ്ധ്യമായിരുന്നു. ഇദ്ദേഹത്തെപ്പോലെ ഹിമാലയൻ പ്രദേശങ്ങളെ പററിയുള്ള പരിജ്ഞാനവും, അവിടത്തെ ജനങ്ങളുമായി പരിചയവും, അവരുടെ ഇടയിൽ സ്വാധീനശക്തിയും, ഉള്ളവരായി ആരുംഉ

ണ്ടായിരുന്നില്ല. ഇദ്ദേഹം ഇൻഡ്യയിലെ സൈനിക ജോലിക്കാലത്തു ഒരു ഗൂക്കാസൈന്യവിഭാഗത്തിൻെറ മേധാവിയായിരുന്നു. ഹിമാലയ പ്രാന്തപ്രദേശങ്ങളിലാണ് ഉദ്യോഗകാലമധികവും കഴിച്ചുകൂട്ടിയിട്ടുള്ളതു്. പല ഹിമാലയപൎയ്യടന സംഘങ്ങളിലും സംബന്ധിച്ചിട്ടുണ്ട്. ആൽപ്സ് പൎവ്വതാരോഹണ ശ്രമങ്ങളിലും ഒരു കൈനോക്കാതിരുന്നിട്ടില്ല. നീപ്പാൾത്തുകാരായ ഗൂക്കാ പടയാളികളെ ആൽപ്സ് പൎവ്വതപ്രദേശങ്ങളിലേയ്ക്കു അദ്ദേഹം നയിച്ചിട്ടുണ്ട്. ഗൂക്കാസ് മുതലായ മലമ്പ്രദേശ വാസികളുമായി ഇദ്ദേഹത്തിന് ചിരപരിചയവും അവരെ പ്രീണിപ്പിക്കുന്നതിനും അനുസരിപ്പിക്കുന്നതിനും പ്രത്യേകപ്രാവീണ്യവും ഉണ്ടായിരുന്നു. ബ്രൂസ്സ് അവക്കുവേണ്ടി എന്തു ത്യാഗവും സഹിക്കാൻ സന്നദ്ധനാണ്. അവർ അദ്ദേഹത്തെ ആരാധ്യനായി കരുതുകയും ചെയ്തു. ഹിമാലയ പ്രാന്തവാസികളായ ജനങ്ങളുടെ- സംഘസഹകാരികളുടെ- പ്രത്യേക സഹകരണത്തെ ആസ്പദമാക്കിയാണ് എവറസ്റ്റാരോഹണവിജയം സ്ഥിതിചെയ്യുന്നതു്. ഇംഗ്ലീഷ്കാരൻ എത്ര മുകളിൽ കയറിയാലും പുറകെ കൂലിക്കാരൻ കൂടാരവും ഉപകരണങ്ങളുമായി ചെന്നില്ലെങ്കിൽ കയററം അവിടെ അവസാനിക്കും. സഹായികളായ നാട്ടുകാരും ആംഗ്ലേയരെപ്പോലെതന്നെ ഊൎജ്ജസ്വലന്മാരായിരിക്കണം. ബ്രൂസ്സിന് ഈ മലനാട്ടുകാരുടെ ഇടയിലുള്ള ജനസമ്മതിയും സ്വാധീനശക്തിയുംകൊണ്ടു് അദ്ദേഹംതന്നെയായിരുന്നു നേതൃത്വം വഹിക്കുന്നതിനു സൎവ്വഥാ യോഗ്യൻ.

കൂടാതെ അദ്ദേഹത്തിൽ അനിതരസാധാരണമായി ബാലൻെറയും പുരുഷൻെറയും പ്രകൃതങ്ങളുടെ സൌഹാൎദ്ദമായ ഒരു സങ്കലനവും ഉണ്ടായിരുന്നു. അദ്ദേഹത്തോട് അല്പം സംസാരിച്ചാൽ നാം ഒരു ബാലനോടാണോ പ്രായപൂൎത്തിയായ പുരുഷനോടാണോ സംസാരിക്കുന്നതെന്നു നമുക്കുതന്നെ ഒരു വ്യാമോഹം ഉളവാകും. നൂറു വയസ്സുവരെ അദ്ദേഹം ജീവിക്കാൻ ഇടയായെങ്കിൽ ബ്രൂസ്സ് സദാ ഒരു ബാലൻ തന്നെയായിരിക്കും. അദ്ദേഹം ബാലനായിരുന്നപ്പോൾ ഒരുവേള പുരുഷപ്രകൃതിക്കാരനായിരുന്നിരിക്കാം. അതായിരിക്കണം പുരുഷപ്രാപ്തിയായപ്പോഴും ബാലപ്രകൃതി വിട്ടുമാറാതിരിക്കുന്നതു്. ബാലിശവിനോദങ്ങൾ തിളച്ചു മറിഞ്ഞുകൊണ്ടിരുന്ന ഒരു വൃദ്ധ ബാലനായിരുന്നു അദ്ദേഹം. എങ്കിലും ബ്രൂസ്സ് സമൎത്ഥനും ബുദ്ധിമാനും ആയ ഒരു പുരുഷകേസരിയുമാണ്. അദ്ദേഹത്തിൻെറ ഉ

ന്മേഷവും ഉത്സാഹവും ഏതു വിഷമഘട്ടത്തിലും നഷ്ടപ്പെടാത്താതെയിരിക്കുന്നതിനുള്ള ഒരു പ്രത്യേക ചാതുര്യം അദ്ദേഹത്തിന് ജന്മസിദ്ധമായിട്ടുണ്ടായിരുന്നു. ബ്റൂസ്സ് ഒരു ഉന്മേഷമൂർത്തിതന്നെയാണ്. അദ്ദേഹത്തിൻെറ ഉന്മേഷം സമീപവർത്തികളിൽ സംക്രമിക്കുന്നതുമാണ്. പര്യടനസംഘത്തെമുഴുവൻ അദ്ദേഹത്തിൻെറ ഉന്മേഷംപടർന്നുപിടിക്കാൻ എളുപ്പമുണ്ട്. അതാണ് ഏററവും ആവശ്യവും. അതുതന്നെയാണ് അദ്ദേഹത്തെ നേതാവായി തിരഞ്ഞെടുക്കാനുള്ള പ്രധാന കാരണവും. ബ്റൂസ്സ് കൂട്ടത്തിലുള്ള ഏതു സംഘത്തിലും ഉല്ലാസവും, ഉത്സാഹവും, ഉന്മേഷവും വിളയാടിക്കൊണ്ടിരിക്കും. സംഘം തൽഫലമായി വിജയകരമായി പ്രവർത്തനവും നടത്തും.

ഈ മാന്യദേഹത്തെയാണ് പര്യടന സംഘനായകനായി ക്ഷണിച്ചത്. ഇദ്ദേഹത്തിൻെറ സഹായത്തോടുകൂടിവേണം യഥാർത്ഥത്തിലുള്ള പർവ്വതാരോഹകന്മാരെ തിരഞ്ഞെടുക്കുവാൻ. ഭാഗ്യവശാൽ മാലൊറി ഇനിയും പോരാൻ തയ്യാറാണ്. ബുള്ളോക്കിന് ഔദ്യോഗിക പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നു. ഫിഞ്ചിൻെറ ദേഹാസ്വാസ്ഥ്യമെല്ലാം മാറി സുഖശരീരനായി തീർന്നിരുന്നതുകൊണ്ട് അദ്ദേഹത്തിനും സംഘത്തിൽ ചേരാം. യൗവ്വനദശയിൽ അധികവും സ്വിററ്സർലണ്ടിൽ കഴിച്ചുകൂട്ടുകയും ആൽപ്സ് പർവ്വതാരോഹണത്തിന് പലപ്രാവശ്യം ശ്രമിക്കയും ചെയ്തിട്ടുള്ള ഒരു സമർത്ഥനും പ്രശസ്തനുമായ ആരോഹകനാണദ്ദേഹം. എവറസ്റ്റ് കീഴടക്കണമെന്നുള്ള സ്ഥിരനിശ്ചയത്തിൽ മാലൊറിപോലും ഫിഞ്ചിനെ ജയിക്കയില്ല. ഇവരെ രണ്ടുപേരെയും സംഘത്തിൽ ചേർക്കുന്നതിന് നേരത്തെതന്നെ തീരുമാനിച്ചുകഴിഞ്ഞു. ഇനി ഇംഗ്ലണ്ടിൽനിന്നു രണ്ടു പുതിയ ആരോഹകന്മാരെ ക്ഷണിക്കേണ്ടിയിരുന്നത് നോർട്ടനേയും ഡോക്ടർ സോമർവെല്ലിനേയും ആയിരുന്നു.

മേജർ(ഇപ്പോൾ ലെഫ്ററനൻറ് കേണൽ) ഈ. എഫ്. നോർട്ടൻ ഡി. എസ്സ്. ഒ. പർവ്വതാരോഹണ വിദ്യയിൽ നല്ല ഒരു പടുവും ആൽപൈയിൻ ക്ലബിൽ പ്രശസ്തനുമാണ്. ഇൻഡ്യയിൽ സേവനം ചെയ്കയും മൃഗയാവിനോദങ്ങൾക്കായി ഹിമാലയപ്രദേശങ്ങളിൽ സഞ്ചരിക്കയും ചെയ്തിട്ടുണ്ടെന്നുള്ള കൂടുതൽ യോഗ്യതകളും അദ്ദേഹത്തിന് ഉണ്ട്. ഇൻഡ്യയിലെ ജനങ്ങളോട് സൌഹാർദ്ദമായി വർത്തിക്കുന്നതിനും ഹിന്ദുസ്ഥാനിഭാഷ നന്നായി സംസാരിക്കുന്നതിനും അദ്ദേഹത്തിനറിയാം. നോർട്ടൻെറ സ്വഭാവ വിശേഷങ്ങളും ബാഹ്യപ്രകൃതിയും ആജ്ഞാശക്തിയും ആജ്ഞാനൈപു

ണ്യവും അദ്ദേഹത്തിൽ സംഘാംഗങ്ങൾക്ക് വിശ്വാസവും ആശയും ഉളവാക്കി. നോർട്ടൻെറ സ്വഭാവം തന്നിൽ നിക്ഷിപ്തമായിരുന്ന വിശ്വാസത്തെ വർദ്ധമാനമാക്കുന്നതിന് പര്യാപ്തമായിരുന്നു. അദ്ദേഹത്തിൻെറ വാക്മാധുര്യവും സൌമ്യപ്രകൃതിയും ദയാശീലവും നിസ്തുല്യമാണ്. മഹായുദ്ധത്തിൽ പ്രശസ്തമായ സേവനം ചെയ്തിട്ടുണ്ട്. ചിത്രമെഴുത്തിൽ സാമാന്യം പാടവവും ഉണ്ട്. പക്ഷികളെ നിരീക്ഷിക്കയും അവയുടെ സ്വഭാവഗതികളെ പഠിക്കയും ചെയ്യുന്നതു അദ്ദേഹത്തിന് ഒരു വിനോദമായിരുന്നു. നോർട്ടന് സകല കാര്യങ്ങളിലും ഒരു ക്രമീകരണവും ഉണ്ടായിരുന്നു. തൻെറ കൃത്യനിഷ്ഠയെപ്പററി അദ്ദേഹത്തിന് തന്നെ വളരെ അഭിമാനം ഉണ്ട്. ഒരിക്കലും ഒരുകാര്യത്തിനും വളരെമുൻപെ എത്തി എന്നോ അല്പം താമസിച്ച് ചെന്നു എന്നോ അദ്ദേഹത്തെപ്പററി കേൾക്കുകയില്ല. ഇൻഡ്യയിലേയ്ക്കു യാത്രപുറപ്പെടാനായി വിക്ടോറിയാ തീവണ്ടിസ്റ്റേഷനിൽ എത്തിയപ്പോൾ വണ്ടിപോകാൻ ഒരു മിനിട്ടു മാത്രമെ ഉണ്ടായിരുന്നുള്ളു. യാതൊരു ധൃതിയും സംഭ്രമവും കൂടാതെ സ്നേഹിതന്മാരോട് യാത്ര പറഞ്ഞ് വണ്ടിയിൽ കയറിയപ്പോൾ വണ്ടി കൃത്യം നീങ്ങിത്തുടങ്ങി. ഏതു ദുർഘടാവസ്ഥയിലും, അപകടത്തിലും, അദ്ദേഹത്തിന് ഒരു കൂസലും ബദ്ധപ്പാടും സംഭ്രമവും ഇല്ലായിരുന്നു എന്നുള്ളതു്, ഒരു വലിയ ഗുണമായിരുന്നു. മിക്കവാറും വൈഷമ്യങ്ങളേയും അവയ്ക്കുള്ള പ്രതിവിധികളേയും മുൻകൂട്ടിത്തന്നെ ആലോചിച്ച് വേണ്ട വിധം തയ്യാറായിരിക്കുക എന്നുള്ളതു് അദ്ദേഹത്തിൻെറ ഒരു പ്രകൃതിവിശേഷമാണ്.

അടുത്തതായി സംഘത്തിൽ ചേരാനുള്ളതു് ഡോക്ടർ ഹോവേർഡ് സോമർവെൽ എം. എ. എം. ബി. ബി. സി. എച്ച്. എഫ്. ആർ. സി. എസ്സ്. ആണ്. ഒരു നല്ല ഗായകനും ചിത്രകാരനും സമർത്ഥനായ പർവ്വതാരോഹകനും ആയ ഡോക്ടർ സോമർവെൽ ഒരു സുപ്രസിദ്ധ ശസ്ത്രക്രിയാപടുവാണ്. ഇംഗ്ലണ്ടിലെ തടാക ഡിസ്ട്രിക്ടിൽ ജനിച്ചുവളർന്ന ഇദ്ദേഹം ധാരാളം കുന്നും മലയും കയറുകയും അതിൽ പ്രത്യേകസന്തോഷം പ്രദർശിപ്പിക്കയും ചെയ്തിട്ടുള്ള ആളാണ്. അനിതരസാധാരണമായ സ്ഥിരനിശ്ചയവും വിപദിധൈര്യവും സഹിഷ്ണുതയും ഈ ധീരഹൃദയൻെറ വിശേഷഗുണങ്ങളാണ്. അദ്ദേഹത്തിൻെറ വിശാലവും സ്നേഹമസൃണവും ആയ ഹൃദയത്തിന് എല്ലാവരേയും ആകർഷിക്കുന്നതിന് ഒരു പ്രത്യേക ശക്തിയുണ്ട്. ഏററവും ആവശ്യപ്പെ

ടുന്ന സന്ദർഭങ്ങളിലും, ഏതപകടഘട്ടങ്ങളിലും അദ്ദേഹം തയ്യാറാണ്. മഹാനും ശക്തനും— ശരീരശക്തിയല്ല—ആയ അദ്ദേഹം സന്തോഷചിത്തനും, വിനോദശീലനും കൂടെയായിരുന്നു. കാഴ്ചക്കാൎക്ക പ്രത്യേകത തോന്നുന്നതായി യാതൊന്നും അദ്ദേഹത്തിന്റെ ആകാരത്തിൽ കാൺമാനില്ല. ബ്റൂസ്സിന്റെ അസാധാരമായ കായശക്തിയോ നോർട്ടന്റെ നീണ്ട നിവന്ന ശരീരപ്രകൃതിയോ ഒന്നും അദ്ദേഹത്തിനില്ല. എങ്കിലും ദേഹം തീരെ ശോഷിച്ച് ചരടുപോലെയുമല്ല ഇരിക്കുന്നത്. സൌമ്യചിത്തനും മാർദ്ദവശീലനും ആണെങ്കിലും ഹൃദയം ദൃഢവും സ്ഥിരവും ആണ്.

സോമർവെൽ ഒരു നല്ല ഗ്രന്ഥകാരൻകൂടെയാണ്. എവറസ്റ്റാരോഹണത്തെ പററിത്തന്നെ അദ്ദേഹം ഒരു പുസ്തകം എഴുതാനിടയുണ്ട്. ഒരു ശാസ്ത്രജ്ഞനും കലാവിദഗ്ധനും സമുദായസ്നേഹിയും മതചിന്തകനും ഭക്തനുമായ ഇദ്ദേഹം എവറസ്റ്റാരോഹണശ്രമത്തിന്റെ വെറും ഭൗമികവും ജഢികവും ആയ കഷ്ടതകൾ കാലഭ്രമണത്തിൽ വിസ്മരിക്കപ്പെട്ടുമ്പോൾ— ഈ സാഹസിക വൃത്തിയാൽ ഉൽബുദ്ധമായ ആത്മീയ ചിന്തകൾ പക്വമാകാൻ സമയമാകുമ്പോൾ— ഒരുവേള സാരവത്തും ആദ്ധ്യാത്മികവും ആയ രീതിയിൽ വല്ലതും പ്രസ്താവിക്കാതെയിരിക്കയില്ല. അതിനാൽ പ്രസാധകന്മാർ അദ്ദേഹം എഴുതുന്ന പുസ്തകം വാങ്ങി പ്രസിദ്ധീകരിക്കുന്നതിന് പ്രത്യേകം ശുഷ്ക്കാന്തിയോടുകൂടെ ഇരുന്നുകൊള്ളേണ്ടതാണ്.

മാലൊറി, ഫിഞ്ച്, നോർട്ടൻ, സോമർവെൽ, ഇവരെയാണ് ഏററവും ഉയരത്തിൽ കയറാൻ സാധിക്കുന്നവർ എന്നു ഗണിച്ചത്. അതി വിദഗ്ദ്ധന്മാരായ ഈ നാലുപേർ കഴിഞ്ഞാൽ പിന്നീടുള്ള സ്ഥാനം സ്റ്ററ്ട്ടിനും, വെയിക്ക്ഫീൽഡിനും ബ്റൂസ്സിനും, ക്രോഫോർഡിനുമാണ്. ഇവരിൽ ചിലർ അല്പം പ്രായാധിക്യമുള്ളവരും, മററു ചിലർ പൎവ്വതാരോഹണത്തിൽ വേണ്ട പരിചയമില്ലാത്തവരുമായിരുന്നു. എങ്കിലും ഇവർ ആദ്യം പ്രസ്താവിച്ച നാലുപേൎക്കും അമൂല്യമായ സഹായമായിരുന്നു.

കുറേക്കാലങ്ങൾക്കു മുമ്പിൽ എവറസ്റ്റ് ആരോഹണത്തിന് ശ്രമിച്ചിരുന്നു എങ്കിൽ സ്റ്ററ്ട്ടിനു മുകളിൽ എത്തുന്നതിനു ഒരുവേള സാധിക്കുമായിരുന്നു. അദ്ദേഹത്തിനു ആൽപസ് കയറി നല്ല പരിചയവുമുണ്ടായിരുന്നു. പക്ഷെ ഇപ്പോൾ വയസ്സ അല്പം മുന്നോട്ടായിപ്പോയി എന്നേയുള്ളു. എന്നിരുന്നാലും നേ

ത്തത്തിൽ രണ്ടാം സ്ഥാനം വഹിക്കുന്നതിന് ഏററവും അനു യോജ്യനാണ്.

സോമർവെല്ലിനെപ്പോലെ വെയിക്ക്ഫീൽഡും തടാക ഡിസ്ത്രിക്ട്കാരനായിരുന്നു. അദ്ദേഹവും അവിടെ മലകയററ ത്തിൽ പ്രഖ്യാതി നേടിയിട്ടുണ്ട്. അദ്ദേഹം ഈ സമയത്ത് കാ നഡായിൽ ഭിഷഗ്വരവൃത്തിയിലേപ്പെട്ടിരിക്കയായിരുന്നു. എവ റസ്റ്റാരോഹണശ്രമത്തിൽ ഭാഗഭാക്കാകുന്നതിനുള്ള അത്യാശകൊ ണ്ട് ആദായകരമായ ജോലിപോലും തല്ക്കാലമുപേക്ഷിച്ച് പ ര്യടനസംഘത്തിൽ ചേരാൻ വന്നിരിക്കയാണ്.

ജിയോഫ്റേബ്രൂസ്സ്, ജനറൽബ്രൂസ്സിനു ബന്ധമുള്ള ഒ രു സഹോദരനാണ്. പർവ്വതാരോഹണത്തിൽ വലിയ പരി ചയമില്ലെങ്കിലും, ഹിമാലയ പ്രാന്തങ്ങൾ സന്ദർശിക്കയും, ഒരു ഗൂർക്കാസൈന്യവിഭാഗത്തിൻെറ നേതൃത്വം വഹിക്കുകയും ചെ യ്തിട്ടുണ്ട്. അതിനാൽ നീപ്പാളത്തുകാരുടെ ഇടയിലും, ടിബററു കാർുടെ ഇടയിലും ഇദ്ദേഹത്തെക്കൊണ്ട് വളരെ പ്രയോജനമു ണ്ടാകും.

ക്രോഫോർഡ് ധീരനായ ഒരു പാറ കയററക്കാരനാ ണ്. ഈ മാന്യനും ഇൻഡ്യയിൽ സേവനം ചെയ്കയും, ജന സമ്മതിയും, പ്രീതിയും സമ്പാദിക്കയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തി നു എവറസ്റ്റ് കയററത്തിനു വളരെ ആഗ്രഹവുമുണ്ടായിരുന്നു.

പ്രകൃതിശാസ്ത്രജ്ഞൻ, ഭിഷഗ്വരൻ, എന്നീ നിലകളിൽ പ്രഖ്യാതനായ ഡോക്ടർ ററി. ജി. ലോങ്ങ്സ്റ്റാഫ് വിശ്വവി ഖ്യാതനായ ഒരു പർവ്വതാരോഹകനാണ്. പർവ്വതോപരിഭാഗ ത്ത് അദ്ദേഹം കയറിയിട്ടുള്ളടത്തോളം ഉയരത്തിൽ കയറാൻ സാ ധിച്ചിട്ടുള്ള മഹാരഥന്മാർ ഇതുവരെ മററാരുമുണ്ടായിട്ടില്ല. മററു ചിലർ പർവ്വതപാർശ്വങ്ങളിൽ അദ്ദേഹത്തെക്കാൾ കൂടുതൽ ഉയ രത്തിൽ കയറിയിട്ടുണ്ടായിരിക്കാം. പക്ഷെ ത്രിസൂൾശൃംഗംപോ ലെ 23406 അടിയോ കൂടുതലോ ഉള്ളശൃംഗങ്ങളിൽ വേറെ ആ രും, ഇതുപര്യന്തം കയറിയിട്ടില്ല. അദ്ദേഹം കാറക്കോറം ഹി മാലയാഭാഗത്തു അത്യത്ഭുതകരമായ ഒരു ഹിമസാനു കണ്ടുപിടി ച്ചിട്ടുണ്ട്. ആൽപ്സ് പ്രദേശങ്ങളിലും, ഹിമാലയപ്രാന്തങ്ങളി ലുമുള്ള ലോങ്ങ്സ്റ്റാഫിൻെറ സുപരിചയം സംഘത്തിന് അന ർഘമായ ഒരു സഹായവും, നിർദ്ദേശകവുമാണ്. അദ്ദേഹത്തി ൻെറ പ്രസന്നവും, ഉന്മേഷജനകവും, ആയ സ്വഭാവം സം ഘാംഗങ്ങൾക്ക് പ്രത്യേക സന്തോഷദായകവുമായിരിക്കും.

ഇപ്രാവശ്യം പര്യടനസംഘത്തിന് ഒരു ഔദ്യോഗിക ഛായാമുദ്രകനെക്കൂടെ വേണ്ടിയിരുന്നു. ക്യാപ്റ്റൻ. ജെ.ബി. നോവെൽ ചലനചിത്രഛായാ മുദ്രണത്തിൽ പ്രത്യേകവാസനയുള്ള ഒരു സൈനികോദ്യോഗസ്ഥനാണ്. പർവ്വതസുഷമയെ ആരാധിച്ചിരുന്ന ഒരു പ്രകൃതിസ്നേഹികൂടെ ആയിരുന്നു അദ്ദേഹം. അത്ഭുതകരവും, അതിവിരളവുമായ ഹിമാലയകാഴ്ചകൾ ചിത്രീകരിക്കുന്നതിന് വൈദഗ്ദ്ധ്യമുള്ള ഒരു ചിത്രലേഖകനെക്കൂടെ സംഘത്തിൽ ചേർത്താൽ കൊള്ളാമെന്ന് ഒരഭിപ്രായമുണ്ടായിരുന്നു. ഹിമാലയാന്തർഭാഗങ്ങളിൽ നിഗൂഢമായിക്കിടക്കുന്ന പല ഹൃദയസ്പൃക്കായ കാഴ്ചകളും, ചിത്രീകരിക്കാൻ അർഹമാണ്. സിക്കിമിൽക്കൂടെ ടിബറ്റുവരെയുള്ള മാർഗ്ഗത്തിൽ വളരെയധികം മനോഹരമായ പ്രകൃതിവിലാസകാഴ്ചകൾ ഉണ്ട്. ഒരു ഒന്നാംതരം ചിത്രകാരൻെറ തൂലികതന്നെ ഉപയോഗിക്കേണ്ടിയിരുന്ന പല ദുർല്ലഭകാഴ്ചകളും അവിടെയുണ്ടായിരുന്നു. എവറസ്റ്റാരോഹണശ്രമത്തിൽ പങ്കുകൊള്ളുന്നതിന് കായദാർഢ്യമുള്ള ഒരു നല്ല ചിത്രകാരനെപ്പോലും കിട്ടിയില്ല. അതിനാൽ നോവെലിൻെറ ഫോട്ടോകളും, സോമർവെൽ ചില ധൃതവേളകളിൽ വരച്ചതായ ചിത്രങ്ങളും, മാത്രമെ ഈ മഹാപർവ്വതശ്രേഷ്ഠൻെറ മഹനീയകാഴ്ചകളെ ലോകർക്ക് കാണിച്ചുകൊടുക്കുന്നതായി നമുക്ക് ശേഷിച്ചിട്ടുള്ളു.

ഈ സംരംഭങ്ങളെല്ലാം തകൃതിയായി ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു ശനിപിടിച്ച പ്രശ്നം ആവിർഭവിച്ചു. പ്രാണവായു ഉപയോഗിച്ചാലെന്താ എന്നൊരു സംശയം? പർവ്വതാരോഹണശ്രമത്തിൽ പ്രാണവായു ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് കെല്ലാസ്സ് ചില പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടായിരുന്നു. അതു ഇനിയും ഒന്നു തുടർന്നാലെന്താ? എവറസ്റ്റിൻെറ ശിരസ്സിൽ എത്തുന്നതിനുള്ള ഒരു പ്രധാന വിഘാതം അന്തരീക്ഷത്തിൽ പ്രാണവായു കുറവാണെന്നുള്ളതല്ലെ? ഈ ന്യൂനത പരിഹരിച്ചാൽ കയററക്കാർക്ക് നിഷ്പ്രയാസം കൊടുമുടിയുടെ മുകളിൽ എത്തരുതോ?

പ്രാണവായു സൌകര്യപ്രദമായി വഹിച്ചുകൊണ്ട് നടക്കത്തക്കരീതിയിൽ സുരക്ഷിതമായി സംഭരിക്കുന്നതിന് സാദ്ധ്യമാകുമോയെന്നു വളരെ സംശയിച്ചിരുന്നതിനാൽ, യാത്രാസംഘക്കാർക്ക് പ്രാണവായു സംഭരണോപകരണങ്ങൾ നൽകുന്ന കാര്യത്തെപ്പററി എവറസ്റ്റ്കമ്മററിക്കാർ ചിന്തിച്ചിരുന്നില്ല. തന്നെയുമല്ല,

ഇതരസഹായങ്ങൾ കൂടാതെ എവറസ്റ്റ് കയറുന്നതാണ് കുറേക്കൂടിഅഭിമാനജനകമെന്ന് ഒരു അഭിപ്രായവും ചിലക്കില്ലാതിരുന്നില്ല. അല്പം ഒരുന്മേഷത്തിനുവേണ്ടി വല്ല കാപ്പിയോ, സ്വല്പം ബ്രാണ്ടിയോ, കുടിച്ചു കൊണ്ടു് വല്ല പ്രവൃത്തിയും ചെയ്താൽ അതിനു മാഹാത്മ്യക്കുറവുണ്ടെന്ന് ലോകം ഗണിക്കുന്നില്ല. എങ്കിലും പ്രാണവായുവും, ഇതര ശാസ്ത്രീയ സാധനസഹായങ്ങളും, കൂടാതെ എവറസ്റ്റിൻെറ മുകളിൽ കയറുന്നവൻ, അവ ഉപയോഗിച്ചുകൊണ്ടു് കയറുന്നവനേക്കാൾ ബഹുമാനാർഹൻ തന്നെയെന്ന് എല്ലാവരും സമ്മതിക്കും. എവറസ്റ്റ് കയറിയപ്പോൾ ചൂടു കാപ്പി കുടിച്ചിരുന്നോയെന്ന് അറിയുന്നതിന് ജനങ്ങൾക്കു ജിജ്ഞാസയില്ല. പ്രത്യുത നാം അനുനിമിഷം ശ്വസിക്കുന്ന പ്രാണവായു മതിയാകാതെ വന്നിട്ട്, ആ ന്യൂനതയെ പരിഹരിക്കുന്നതിനു ശ്രമിച്ചാൽ അതു അഭിമാനക്ഷയമായിക്കരുതുംപോലും! എന്തായാലും പ്രാണവായു ഉപയോഗിച്ചും, ഉപയോഗിക്കാതെയും, കയറിയാൽ, ഉപയോഗിക്കാതെ കയറുന്നവക്കു തന്നെയാണ് പ്രശസ്തി കൂടുതൽ. അതുകൊണ്ടു പ്രാണവായു ഉപയോഗിക്കുന്നതിനെപ്പററി കമ്മററിക്കാരുടെ ഇടയിൽ അഭിപ്രായാന്തരമുണ്ടായിരുന്നു. കമ്മററിയുടെ ഈ അഭിപ്രായം പിന്നീടു മാറി. പക്ഷെ ഇതു മാററേണ്ടയാവശ്യമില്ലായിരുന്നു. പ്രാണവായുവിൻെറ സഹായം കൂടാതെ 28,000 അടിവരെ ഉയരത്തിൽ കയറാൻ സാധിച്ചതിൽ നിന്ന് ബാഹ്യസഹായം കൂടാതെ തന്നെ മനുഷ്യശരീരം പരിതസ്ഥിതികൾക്കനുയോജ്യമായി വിധേയമായിക്കൊള്ളുമെന്ന് മനസ്സിലാക്കാം.

1922—ാമാണ്ടു് പർവ്വതാരോഹണത്തെപ്പററി ഇത്രയും അനുഭവവും അറിവും ഇല്ലായിരുന്നു. അന്നു ആരും 24600 അടിയിൽ കൂടുതൽ കയറിയിട്ടുള്ളവരായി ഇല്ലായിരുന്നു. പല ശാസ്ത്രജ്ഞന്മാരും ബാഹ്യസഹായങ്ങൾ കൂടാതെ മുകളിലെത്താൻ സാധിക്കയില്ലെന്ന് അഭിപ്രായപ്പെട്ടു. പര്യടനാംഗങ്ങളിൽ പലരും വിശിഷ്യ ഫിഞ്ചും ഇതിൻെറ ഉപയോഗത്തെ അനുകൂലിച്ചു. സോമർവെൽ നിർബന്ധമായി അതിൻെറ ഉപയോഗത്തിനുവേണ്ടി വാദിച്ചപ്പോൾ കമ്മററി അതു അംഗീകരിച്ചു.

ഹൃദ്യമായ ഒരംഗീകരണമല്ലായിരുന്നു അതു്. അതിൻെറ ബുദ്ധിപൂർവ്വകതയെപററിയും സംശയിക്കേണ്ടിയിരിക്കുന്നു. സംഘത്തിലെ ഒന്നു രണ്ടു് അംഗങ്ങൾ ഒഴിച്ച് ബാക്കിയുള്ളവർ അതിൻെറ ഉപയോഗത്തിൽ അത്ര താല്പര്യം പ്രദർശിപ്പിച്ചില്ല. പ്രാണ

വായു ഉപകരണങ്ങൾതന്നെ വളരെ ഭാരമേറിയതും, അസൌക ൎയ്യപ്രദവും ആയിരുന്നു. സോമർവെൽ അതിന്നുവേണ്ടി വാദിച്ചെങ്കിലും, അദ്ദേഹവും, അതുപയോഗിക്കുകയുണ്ടായില്ല.

ഒടുവിൽ കമ്മററിക്കാർ ഇങ്ങനെ വിചാരിച്ചു. പ്രാണവായു ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് ഒന്നു രണ്ടുപേർ മുമ്പേപോകട്ടെ! അവർ മുമ്പിൽ വഴി തെളിച്ചുപോകുമ്പോൾ പുറകെ പ്രാണവായു ഉപയോഗിക്കാതെ കയറുന്നവൎക്ക ധൈൎയ്യവും പ്രേരണയും തോന്നും. പക്ഷെ അനുഭവത്തിൽ ഈ ഉദ്ദേശവും തെററിയാണ് കണ്ടതു്. പ്രാണവായു ഉപയോഗിക്കാതെ കയറിയവർ മുമ്പേയും ഉപയോഗിച്ചുകൊണ്ട് കയറിയവർ പുറകേയുമായിരുന്നു എന്നാണ് ഹിമാലയത്തിൽ ചെന്നപ്പോൾ അനുഭവത്തിൽ കണ്ടതു്.

പ്രാണവായു ഉപയോഗിക്കുന്നതുകൊണ്ട് മനുഷ്യൻ അവൻെറ ശക്തിയെക്കാൾ കൂടുതൽ ശാസ്ത്രീയശക്തിയെ അവലംബിക്കുന്നു എന്ന ഒരു ന്യൂനതയുണ്ട്. എവറസ്റ്റിനെ മനുഷ്യൻെറ മനശ്ശക്തിയും, കായബലവും, ധൈൎയ്യവുംകൊണ്ട് വേണം ജയിക്കുവാൻ. എവറസ്റ്റാരോഹണം മനുഷ്യൻെറ ശാസ്ത്രശക്തിയുടെ തോതറിയുന്നതിനുള്ള ഒരു പരിമാണമല്ല. മനുഷ്യൻ ശാസ്ത്രത്തിനു വിധേയനാകാതെ മനശ്ശക്തിക്കും, അന്തഃകരണപ്രേരണകൾക്കുംകീഴ്പ്പെട്ടിരുന്നെങ്കിൽ ഇന്നു ലോകത്തിൽ കാണുന്ന പല വിഷമതകളും ഉണ്ടാകയില്ലായിരുന്നു.

# അദ്ധ്യായം ൧൦.

## രണ്ടാമത്തു യാത്ര.

1922— മാർച്ച് ഒന്നാംതിയതി ബ്രൂസ് ഡാർജിലിങ്ങിൽഎത്തി. പൎയ്യടനസംഘത്തിനു വേണ്ട ഒരുക്കങ്ങളെല്ലാം കാലേക്കൂട്ടി ചെയ്യുന്നതിനായിരുന്നു അദ്ദേഹം ഇംഗ്ലണ്ടിൽനിന്ന് മററു സംഘാംഗങ്ങൾ പുറപ്പെടുന്നതിന് മുമ്പേതന്നെ ഇൻഡ്യയിലേക്കു പുറപ്പെട്ടതു്. ഏജൻറായിരുന്ന മി. വിത്റാൾ ക്രൂ

No. I.



Photo by DR. SOMERVELL.

അടിവാരക്കൂടാരത്തിൽനിന്നുമുള്ള എവറസ്റ്റ് ശിഖാദർശനം.
റോങ്ങ്ബക്ക് ഹിമപ്പരപ്പിൽ നിന്ന് ഉത്ഭവിക്കുന്ന
നദി ഘനീഭവിച്ചു കാണപ്പെടുന്നു.

(*By kind permission of Dr. Somervell.*)

UNIVERSITY LIBRARY
11 AUG 1933
MADRAS

ടാരങ്ങൾ നന്നാക്കുക, ഭക്ഷണസാധനങ്ങൾ ശേഖരിക്കുക, ശയ്യോപകരണങ്ങൾ സജ്ജീകരിക്കുക, മുതലായ പ്രാരംഭ ഒരുക്കങ്ങളെല്ലാം ചെയ്തുതുടങ്ങി. ഷർപ്പാസ്, ബോട്ടിയാസ്, ആദിയായി നൂററിഅൻപതോളം മലനാട്ടുകാരായ ആളുകളെയും ശേഖരിച്ചിരുന്നു. ഇനി ബ്രൂസ്സിൻെറ ഈപ്സിതാനുസരണം ഇവരിൽനിന്നും സമത്ഥന്മാരായ ചുമട്ടുകാരെ തിരഞ്ഞെടുക്കണം. പര്യടനസംഘത്തിൽചേന്നു ധ്വരമാരെ അനുഗമിക്കുന്നതിനായി ധാരാളം ആളുകൾ അഹമഹമികയാ ഉത്സാഹിച്ചുകൊണ്ടിരുന്നു. വിശ്വാസവും സ്നേഹവുമുള്ള ഒരു സായ്പിൻെറകൂടെ ഏതുകായ്യത്തിനും ഇറങ്ങുന്നതിന് ഉത്സാഹവും ധൈയ്യവും അവക്കുണ്ട്. ബ്രൂസ്സ് ഇവരിൽനിന്നും സമത്ഥന്മാരെമാത്രം തിരഞ്ഞെടുത്ത് ഒരുസംഘം രൂപവൽക്കരിച്ചു. അനന്തരം അവർ തങ്ങളെ അനുഗമിക്കേണ്ടതു് പണത്തേയോ മറേറതെങ്കിലും പ്രതിഫലത്തേയോ ഇച്ഛിച്ചല്ലെന്ന് അവരെ മനസ്സിലാക്കി. ഏററവും സാഹസികവും ലോകം ഉൽക്കണ്ഠയോടെ സംവീക്ഷിക്കുന്നതുമായ ഒരു മഹാസാഹസിക വൃത്തിയിൽ ഭാഗഭാക്കാകണമെന്നുള്ള അഭിവാഞ്ഛയാൽ പ്രേരിതരായിമാത്രം പര്യടനസംഘത്തെ അനുഗമിച്ചാൽ മതിയെന്നുംമററുംപറഞ്ഞു് ബ്രൂസ്സ് അവരിൽ യഥാത്ഥമായ ഒരു പവ്വതാരോഹണാഗ്രഹം ഉൽബുദ്ധമാക്കി. തങ്ങളെപ്പോലെ അവക്കും ഒടുവിൽ പേരും പെരുമയും ഉണ്ടാകുമെന്നും, അവർ വെറും ചുമട്ടുകാരായിട്ടാണ് വരുന്നതെങ്കിലും പര്യടനസംഘം അങ്ങിനെ അവരെ കരുതുകയില്ലെന്നും, പ്രത്യുത അവരുടെ സംഘത്തിൽപെട്ട അംഗങ്ങളാണെന്നു മാത്രമെ വിചാരിക്കയുള്ളഎന്നുംമററും പറഞ്ഞു് അവരെ ഉൽസുകരും ധീരചിത്തന്മാരും ആക്കിത്തീത്തു. കൂടാതെ അവക്കു ശരിയായ വേതനവും നല്ലഭക്ഷണസാധനങ്ങളും ഉടുപ്പുകളുംമററുമെല്ലാം കൊടുക്കുന്നതായിരിക്കുമെന്നും പ്രസ്താവിച്ചു. തൽഫലമായി അവർ തിളക്കുന്ന രക്തത്തോടുകൂടി സാഹസികോദ്യമങ്ങൾക്ക് തയ്യാറായി പര്യടനസംഘത്തിൽ ചേന്നു.

ചുറുചുറുപ്പും ചുണയുമെല്ലാം ഉള്ളവരാണെങ്കിലും അവരിൽ ചില വീഴ്ചകളും ന്യൂനതകളും ബാലിശമായ പ്രവൃത്തികളും പ്രകൃത്യാതന്നെയുണ്ടു. ചിലപ്പോൾ വെറും കുട്ടികളെപ്പോലെ ഉത്തരവാദിത്വബോധമില്ലാതെ പ്രവത്തിക്കയും മദ്യം ലഭിക്കയാണെങ്കിൽ സസന്തോഷം അതിൽ ആനന്ദിക്കയും ചെയ്യുന്ന പ്രകൃതിക്കാരാണവർ. പര്യടനമദ്ധ്യെ അവരുടെയിടയിൽ യാ

തൊരു വഴക്കും ഉണ്ടാകാതെ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. അതിനായി അവരുടെ പുരോഹിതന്മാരെ വരുത്തി അവരെക്കൊണ്ടു് ഉപദേശിപ്പിക്കുകയും അവരുടെ അനുഗ്രഹം കൊടുപ്പിക്കുകയും ചെയ്തു. ബ്രാഹ്മണപുരോഹിതന്മാരും ബുദ്ധസന്യാസികളുമാണു അവർക്കു ആശ്ശിസ്സ് നൽകി അയച്ചതു്. അവർക്കു പുരോഹിതന്മാരോടു് വലിയ ബഹുമാനവും ഭക്തിയും ഉണ്ടു്.

ബ്രൂസ്സിന്റെ പ്രധാന ശ്രദ്ധയെ ആകർഷിച്ച മറ്റൊരു സംഗതി പാചകന്മാരെ തിരഞ്ഞെടുക്കുന്നതിലാണു. ബ്രൂസ്സ് വാസ്തവത്തിൽ പൈതൃകമായ നിലയിലാണ് സംഘത്തെ സഹായിച്ചിട്ടുള്ളതു്. ആദ്യം പോയ പരിശോധനാപര്യടനസംഘത്തിനു് നല്ല പാചകന്മാരില്ലാതിരുന്നതിന്റെ ബുദ്ധിമുട്ടു് അദ്ദേഹം നല്ലവണ്ണം മനസ്സിലാക്കിയിരുന്നതിനാൽ അതിസമർത്ഥന്മാരായ നാലു പാചകന്മാരെ അദ്ദേഹം പരീക്ഷിച്ചെടുത്തു് സംഘത്തിൽ ചേർത്തു.

ജിയോഫ്രെബ്രൂസ്സും, ക്യാപ്റ്റൻ മോറിസും, ഇദ്ദേഹത്തെ പലവിധത്തിലും സഹായിച്ചു. സർവ്വസൈന്യാധിപൻ റോളിൻസൺപ്രഭു നാലഞ്ചു ഗൂർക്കാപട്ടാള ഉദ്യോഗസ്ഥന്മാരേയും പര്യടനസംഘത്തിനു് വിട്ടുകൊടുത്തു. ഏററവും സമർത്ഥനായ ഒരു ദ്വിഭാഷിയേയും സംഘത്തിൽ ഉൾപ്പെടുത്തി. ദ്വിഭാഷി കർമ്മാപോൾ എന്ന പേരോടുകൂടിയ ഒരു ററിബററൻ യുവാവായിരുന്നു. എപ്പോഴും സന്തോഷചിത്തനും പ്രസന്നവദനനും ആയ ഒരു നല്ല സഖാവുകൂടെയായിരുന്നു മി. പോൾ എന്നും ബ്രൂസ്സ് പിന്നീടു് പറയുകയുണ്ടായിട്ടുണ്ടു്. ഉത്തമമായ വിധത്തിൽ ജനങ്ങളോടു് പെരുമാറുന്നതിനു് പോളിനു് ഒരു പ്രത്യേക വാസനയുണ്ടായിരുന്നു. ററിബററ്കാർ ആകപ്പാടെ ജനരഞ്ജനയും മര്യാദയുമുള്ള വർഗ്ഗക്കാരാണ്. പോളിനു് പകരം മര്യാദഹീനനും ദുരാചാരിയുമായ ഒരു ദ്വിഭാഷിയെ ആയിരുന്നു സംഘത്തിനു് ലഭിച്ചിരുന്നതു എങ്കിൽ നിശ്ചയമായും പര്യടനം പരാജയത്തിൽ കലാശിക്കുമായിരുന്നു.

മാർച്ച് മാസത്തിൽ ഇംഗ്ലണ്ടിൽനിന്നും ഡാർജിലിങ്ങിൽ എത്തിയ ആരോഹകന്മാരെ കൂടാതെ ആസാമിൽനിന്നും മി. സി. ജി. ക്രോഫോർഡും വന്നുചേർന്നു. മേജർ മോർഷെഡും അവധി എടുത്തു സംഘത്തിൽ ചേരുന്നതിനു ഇടയായി. അദ്ദേഹം ഇപ്രാവശ്യം ഒരു സർവ്വേ ഉദ്യോഗസ്ഥൻ എന്ന നിലയിലല്ല പ്രത്യുത പര്യടനസംഘത്തിലെ ഒരംഗം എന്ന നിലയിലാണ് സംഘത്തെ അനുഗമിച്ചതു്.

ദ്വിതീയപര്യടനസംഘം ആകപ്പാടെ പൂൎത്തിയായി എന്നു പറയാം. ഇനി പ്രാണവായു ഉപകരണങ്ങൾ കൂടെ വന്നുചേൎന്നാൽ മതി. ഡി. എസ്സ്. പി. മി. ലേഡൻലായുടെ അദ്ധ്യക്ഷതയിൽ ബുദ്ധമതസംഘക്കാരും ഹിൽമെൻസ് അസോസ്സ്യേഷൻകാരും സംഘത്തിനു മംഗളമാശംസിച്ചു. പ്രധാന ലാമാമാരും ബ്രാഹ്മണപുരോഹിതന്മാരും സംഘത്തെ അനുഗ്രഹിച്ചു. ഡാൎജിലിങ്ങിലെ ആളുകളുടെ ആശ്ശിസ്സുകളോടുംകൂടി ആരോഹകസംഘം മാൎച്ച് 26-ാംതീയതി യാത്രതിരിച്ചു.

ഡാൎജിലിങ്ങിൽനിന്നും സിക്കിം, ററിബററ്, മുതലായ പ്രദേശങ്ങൾ കടന്നു റോങ്ങ്ബക്ക് താഴ്‌വരയിലുള്ള ആസ്ഥാന കൂടാര സ്ഥാനത്തെത്തി. ആദ്യപരിശോധനാസംഘത്തിന്റെ മാൎഗ്ഗവൎണ്ണന കഴിഞ്ഞിട്ടുള്ളതുകൊണ്ടു ഇവിടെ ഈ യാത്ര അധികം വിസ്തരിക്കേണ്ട ആവശ്യം ഇല്ലല്ലോ. എങ്കിലും പ്രധാനമായ ചില വിവരങ്ങൾ മാത്രം പ്രസ്താവിക്കാം. രണ്ടാമത്തെ സംഘവും ഏകദേശം ആദ്യസംഘം തുടൎന്ന വഴിതന്നെ സ്വീകരിച്ചു. മുൻസംഘത്തെക്കാൾ രണ്ടു മാസക്കാലം മുൻപെയായിരുന്നു ഇവരുടെ യാത്ര. അതിനാൽ കാലസ്ഥിതിയും ശീതോഷ്ണസ്ഥിതിയും ആദ്യത്തേതിലും അസഹനീയമായിരുന്നു. അതിശിശിരകാലം കഴിഞ്ഞിട്ടില്ലാതിരുന്നതിനാൽ, മുൻയാത്രയെക്കാൾ കൂടുതൽ മഞ്ഞുകാററുകളും തണുപ്പും അനുഭവിക്കേണ്ടിവന്നു. ഏപ്രിൽ ആറാംതീയതി ഫാറിയിലെത്തി. അവിടെനിന്നും കമ്പാസോങ്ങിലേയ്ക്കു തിരിച്ചു. പതിനേഴായിരം അടിയിലധികം വരുന്ന ഒരു പൎവ്വത വിടരം കടന്നു ഒരെളുപ്പ വഴിക്കാണു ഇത്തവണ സോങ്ങിൽ എത്തിയതു്. ഇംഗ്ലീഷിലും ററിബററൻ ഭാഷയിലും മനോഹരമായി കൊത്തിയിരുന്ന ചരമലിഖിതങ്ങളോടുകൂടി കെല്ലാസിന്റെ ശവകുടീരം അവിടെ കണ്ടു. അദ്ദേഹത്തിന്റെ സ്മരണയെപ്പററിയുള്ള ബഹുമാനാൎത്ഥം അവർ കുറെ കല്ലുകൾകൂടി ശേഖരിച്ചു ശവകുടീരത്തിനു സമീപം വെച്ചു. 24-ാംനു ശേഖരസോങ്ങിൽ എത്തി. വീണ്ടും അവിടത്തെ ലാമായെ സന്ദൎശിച്ചു. പക്ഷെ ബ്രൂസ്സിനു മുൻസംഘാംഗങ്ങൾക്കുണ്ടായിരുന്നതുപോലെയുള്ള മതിപ്പു് ലാമായെപ്പററി ഉണ്ടായില്ല. കുശാഗ്രബുദ്ധിയും കൗശലശാലിയുമായ ഒരു നല്ല വ്യാപാരിയാണു ലാമായെന്നു അദ്ദേഹം വിശ്വസിച്ചു. ചൈനായിലേയും ററിബററിലേയും ചില അപൂൎവ്വ വസ്തുക്കളും പുരാതന വസ്തുക്കളും, വ്യാപാരം ചെയ്യുന്ന അതിലാഭേച്ശുവായ കച്ചവടക്കാരനെപ്പോ

ലെ നിഷ്കൃഷ്യയായി ലാമാ വിലപറകയുംമറവുംചെയ്തു. ബ്രൂസ്സി ൻെറ അഭിപ്രായം ലാമാമാർ വെറും വൃത്തിശൂന്യന്മാരായ ആളുകളാണെന്നാണ്.

ഏപ്രിൽ 30—ാംനു അവർ റോങ്ങ്ബക്ക് സന്യാസാശ്രമത്തിലെത്തി. ഇവിടത്തെ പ്രധാന ലാമായെപ്പററി ബ്രൂസ്സിന് വളരെ നല്ല അഭിപ്രായമാണ്. സന്യാസാശ്രമത്തിൻെറ ഇരിപ്പും വളരെ മനോജ്ഞമാണ്. എവറസ്റ്റ് ഭംഗിയായി അവിടെനിന്നു കാണാം. 'ഛോങ്ങ്രേസെ' ദേവൻെറ അവതാരമാണ് ലാമായെന്നാണ് ജനങ്ങൾ വിശ്വസിക്കുന്നതു്. ഉദ്ദേശം അറുപതു വയസ്സ് പ്രായമുണ്ടായിരുന്ന ലാമായുടെ മുഖം പ്രസന്നവും ക്രമ്മബുദ്ധിദ്യോതകവും ബഹുമാനനീയവുമായിരുന്നു. എല്ലാവരും അദ്ദേഹത്തെ അതിയായ ബഹുമാനത്തോടെ വണങ്ങി. ജന്തുക്കളോടും മൃഗങ്ങളോടും വളരെ സ്നേഹമായും ദയയോടുകൂടിയും പെരുമാറണമെന്നു് ലാമാ ബ്രൂസ്സിനോട് പ്രത്യേകം ശട്ടംകെട്ടി. അഹിംസാധമ്മം ബുദ്ധമതക്കാർ നന്നായി പാലിക്കുന്നവരാണല്ലോ. അവിടെയുള്ള കാട്ടാടുകൾ മുതലായ ജന്തുക്കൾ മനുഷ്യരുടെ അടുത്തുവരികയും ഇണക്കമായിരിക്കയും, സംഘക്കാരുടെ കൂടാര പരിസരങ്ങളിൽ സ്വച്ഛന്ദമായി സഞ്ചരിക്കയും ചെയ്തുകൊണ്ടിരുന്നു.

ഇത്ര ബുദ്ധിമുട്ടി ഇംഗ്ലീഷ്കാർ എന്തിനാണ് എവറസ്റ്റ് കയറാൻ വന്നിരിക്കുന്നതെന്നു ലാമായിയ്ക്കു വലിയ അത്ഭുതം തോന്നി. പര്യടന സംഘത്തിൻെറ ഉദ്ദേശ്യങ്ങളെപ്പററി അദ്ദേഹം ബ്രൂസിനോട് പ്രത്യേകം ചോദിച്ചു. ബ്രൂസ്സ് വിശ്വസനീയമായ ഒരു മറുപടിയും കൊടുത്തു. ഇംഗ്ലണ്ടിൽ പവ്വതാരാധകന്മാരായ ഒരു സംഘം ആളുകളുണ്ടെന്നും ലോകത്തിലെ ഏററവും വലിയ പവ്വതത്തിലേയ്ക്കു തങ്ങൾ ഒരു തീത്ഥയാത്രയായി പോകയാണെന്നും അദ്ദേഹം പറഞ്ഞു. സ്വണ്ണഖനികളോ, കൽക്കരിയോ, കണ്ടുപിടിക്കുന്നതുപോലെ വെറും ഭൌമികമായ ഉദ്ദേശ്യത്തോടുകൂടിയല്ല, പ്രത്യുത, മനുഷ്യൻെറ പ്രകൃതിവിജയത്തിലുള്ള ആഗ്രഹംകൊണ്ടാണെന്നു അവരെ മനസ്സിലാക്കാൻ അത്ര എളുപ്പമല്ല. പാരത്രികവും ആത്മീയവും ആയ കാൎയ്യങ്ങൾ ആണെങ്കിൽ അവക്കു എളുപ്പത്തിൽ ഗ്രഹിക്കുന്നതിനും, അതിൽ സന്തോഷിക്കുന്നതിനും സാധിക്കും. തന്നെയല്ല, ആരാധന എന്ന വാക്കിനു ബ്രൂസ്സ് കല്പിച്ച അത്ഥം അതിയായ ബഹുമാനം എന്നാണെങ്കിൽ അദ്ദേഹം പറഞ്ഞതും ശരിയാണ്. എവറസ്റ്റിനോടുള്ള അതി

ബഹുമാനംകൊണ്ടല്ലെ ഇത്ര ദൂരെനിന്ന് വളരെ ക്ലേശങ്ങൾ സഹിച്ചു ആളുകൾ യാത്രചെയ്യുന്നതു്?

റോങ്ങ്ബക്ക് താഴ്വരയുടെ മുകൾഭാഗത്തായി ആറേഴ യതിവര്യന്മാരുടെ ആശ്രമങ്ങൾ ഉണ്ടു്. ഇവ തീരെ ചെറിയ അറകളാണ്. ഈ മുനിമാർ തണുപ്പു തടുക്കുവാൻ വളരെ കുറച്ചു വസ്ത്രമെ ഉപയോഗിക്കുന്നുള്ളു. കാപ്പിയോ മററു ലഹരിസാധനങ്ങളോ ഇവക്കില്ല. പ്രധാനാശ്രമത്തിൽ നിന്നുമാണ് ഇവക്കു ഭക്ഷണസാധനങ്ങൾ കൊണ്ടുപോയി കൊടുക്കുന്നതു്. ഈ യോഗിശ്രേഷ്ഠന്മാർ അവരുടെ ആയുഷ്കാലം മുഴവൻ പരമാത്മാവായ 'ഓമി'നെ ധ്യാനിച്ചു കഴിക്കുന്നു. 16000 അടിയിലധികം ഉയരത്തിൽ നിവസിക്കുന്ന ഈ മുനിമാർ ടിബററിലെ അതിശൈത്യമുള്ള ശിശിരകാലത്തു് വല്ലാതെ ബുദ്ധിമുട്ടുന്നുണ്ടായിരിക്കാം. പക്ഷെ അവരുടെ സഹനശക്തി അത്ഭുതകരം തന്നെയെന്നു സമ്മതിക്കാതെ ഗത്യന്തരമില്ല.

മേൽ പ്രസ്താവിച്ച ആശ്രമങ്ങളാണ് അവസാനമായി കണ്ട മനുഷ്യവസതികൾ. പ്രോഗ്രാം നിശ്ചയിച്ചിരുന്നതുപോലെ കൃത്യമായി മേമാസം 1–ാംനു 13 ബ്രിട്ടീഷുകാരും, നാലഞ്ചു നീപ്പാളത്തുകാരും, മററുള്ളവരും, ഏകദേശം നൂറോളം ടിബററുകാരും, 300 യാക്കുകളും, റോങ്ങ്ബക്ക് ഹിമപ്പരപ്പിൻെറ ഉപരിഭാഗത്തെത്തി. ഇവിടെയാണ് ആസ്ഥാനക്കൂടാരം അഥവാ അടിവാരക്കൂടാരം അടിക്കേണ്ടതു്.

ഇത്ര വലിയ ഒരു സൈന്യവ്യൂഹത്തെക്കണ്ടു് എവറസ്റ്റ് അത്ഭുതപ്പെട്ടിരിക്കാം. ഇനി എവറസ്ററു നിരോധനം തുടങ്ങണം. ഫിഞ്ച് ഒഴിച്ച് ബാക്കിയുള്ളവരെല്ലാം അരോഗദൃഢഗാത്രന്മാരായിത്തന്നെ ഇവിടംവരെയെത്തി. ശരിയായ പാചകത്തിൻെറ സൽഫലങ്ങളും പ്രത്യേകം കാൺമാനുണ്ടായിരുന്നു. ടിബററിലെ കുന്നിൻപുറങ്ങളിൽ കൂടെയും സമതലങ്ങളിൽകൂടെയും മഞ്ഞുകാറേററുകൊണ്ടുള്ള പ്രയാണം സംഘാംഗങ്ങൾക്കു നാട്ടുകാലസ്ഥിതിയും ക്രമേണ പിടിക്കുന്നതിന് പര്യാപ്തമാണ്. ഈ അപരിചിതവും, അസാധാരണവും ആയ ശീതോഷ്ണസ്ഥിതിയിൽ കിടക്കുന്ന സ്ഥലങ്ങളിൽക്കൂടെയുള്ള യാത്ര മനുഷ്യർക്കു വളരെ ക്ഷീണകരവും, അനാരോഗ്യപ്രദവും ആയിരിക്കാൻ ഇടയുണ്ടായിരുന്നതിനാൽ, എല്ലാവരും നിവൃത്തിയുള്ളിടത്തോളം നടക്കാതെ മൃഗങ്ങളുടെ പുറത്തു സവാരിചെയ്യണമെന്ന് നേതാവായ ബ്രൂസ്സും പ്രത്യേകം നിഷ്കർഷിച്ചു. ആരോഹകന്മാർ എല്ലാംതന്നെ

ഉന്മേഷഭരിതരും ഉത്സാഹികളുമായിക്കണ്ടു. ഇനി ശേഷിച്ചിരിക്കുന്ന മൂന്നാഴ്ചയ്ക്കകം എവറസ്റ്റാരോഹണം കഴിയണം. അതുകഴിഞ്ഞാൽ കാലസ്ഥിതി ഭേദപ്പെടും. അപ്പോൾ എവറസ്റ്റിനെ നിരോധിക്കുന്നതിനു സാധിക്കയില്ല. അല്പം ഒരു സ്ഥലത്തുകൂടെയും വളരെ കുറഞ്ഞ ഒരു കാലയളവിലും മാത്രമെ എവറസ്റ്റിനോടു യുദ്ധം ചെയ്യാൻ സൗകര്യമുള്ളു. അതിനാൽ ആ കാലയളവിലും, ആ സ്ഥലത്തും ആരോഹകന്മാരുടെ സകല ശക്തികളും ഉപയോഗിച്ച് ശരിയായി ശ്രമിക്കാൻതന്നെ തീർച്ചപ്പെടുത്തി.

ഉത്തരമുഖത്തിൽ വടക്കുകിഴക്കന്റെ സമീപത്തായി വല്ല വിളുക്കിലോ, വിള്ളലിലോ, രണ്ടു ചെറിയ കൂടാരങ്ങൾ എങ്ങനെയെങ്കിലും എത്തിച്ച് അവിടെ ആസ്ഥാനം ഉറപ്പിക്കണമെന്നായിരുന്നു അവരുടെ ഉദ്ദേശ്യം. അതുസാധിച്ചാൽ നാലു ആരോഹകന്മാൎക്ക അവിടെ ഉറങ്ങുവാൻ സാധിക്കും. ഈ കൂടാരത്തിൽ നിന്നും 2000 അടിഉയരം കൂടയേ ശൃംഗാഗ്രത്തിലേക്കുണ്ടായിരിക്കയുള്ളു. അതു രാവിലെ മുതൽ നാലുമണിവരെ കയറി ജയിക്കാം. ൨,000 അടിയിൽ കൂടുതൽ ഒരു ദിവസംകൊണ്ടു കയറി ഇറങ്ങുന്നതിന് അവരെക്കൊണ്ടു സാദ്ധ്യമല്ല. മുകളിലേക്കു ചെല്ലുന്തോറും കയററം കൂടുതൽ അപായകരവും സാവധാനവും ആയിട്ടാണ് വരുന്നതു്. അതിനാൽ എവറസ്റ്റിന്റെ വിജയം പ്രധാനമായി ആശ്രയിച്ചിരിക്കുന്നതു് 27000 അടി ഉയരമുള്ള ഉത്തരമുഖപൎവ്വതത്തിൽ കൂടാരങ്ങളും നിദ്രാസഞ്ചികളും ഭക്ഷണസാമഗ്രികളും മററും വഹിച്ചുകൊണ്ട് ചുമട്ടുകാൎക്ക കയറാൻ കഴിയുന്നതിലാണ്. ഇതു സാധിച്ചാൽ ആരോഹകന്മാർഎവറസ്റ്റിനെ കീഴടക്കും.

അത്ര എളുപ്പമായ ഒരു കാൎയ്യമല്ല ഇതു്. യാതൊരു ചുമടും കൂടാതെ വെറുംകയ്യായിട്ടുപോലും 24600 അടിയിൽ കൂടുതൽ കയറുന്നതിനു ഇതുവരെ ഒരു മനുഷ്യനും സാധിച്ചിട്ടില്ല. 27000 അടി ഉയരം വരെ ചുമട്ടുകാർ ചുമടുകളും വഹിച്ചുകൊണ്ടു കയറാൻ ഇടയായി എങ്കിൽ ആരോഹകന്മാർ ശൃംഗാഗ്രത്തിൽ എത്തുമെന്നു നമുക്കു പ്രത്യാശിക്കാം. ചുമട്ടുകാരുടെ വിജയത്തിലാണ് ആരോഹകന്മാരുടെ ശ്രമഫലം അടിസ്ഥാനമായിരിക്കുന്നതു്. രണ്ടു കൂടാരത്തിൽ ഒന്നെങ്കിലും 27000 അടിയിങ്കലെത്തിക്കയും, നാലു ആരോഹകന്മാരിൽ രണ്ടു പേരെങ്കിലും ശ്രമിക്കയും ചെയ്യുന്നതാണ് വിജയലബ്ധിക്കു കൂടുതൽ സുഗമം എന്നു നമുക്കു തോന്നിയേക്കാം. പക്ഷെ അതു വളരെ ആപൽക്ക

രമാണ്. ഒരാൾക്ക എന്തെങ്കിലും ആപത്തുസംഭവിക്കയോ സുഖക്കേടുബാധിക്കയോ ചെയ്താൽ ക്രടെ ഒരാൾമാത്രമെ ഉള്ളവെങ്കിൽ വലിയകഷ്ടതയിലാകും. സുഖക്കേടുകാരനേയോ, അപായത്തിലകപ്പെട്ടവനെയോ തിരിയെ ഇറക്കിക്കൊണ്ടു വരാൻ സാധിക്കയില്ല. അതിനാൽ അവസാനത്തെ രണ്ടായിരംഅടികയറുമ്പോൾ നാലുപേർതന്നെ വേണമെന്നും, അവൎക്കു താമസിക്കാൻ രണ്ടുക്രടാരങ്ങൾ (ഒന്നിൽ 2 പേൎക്കു താമസിക്കാനുള്ള സൌകൎയ്യമേയുള്ളു) വേണമെന്നും ഉള്ളതു നിർബന്ധമാണ്. ഈ സംഗതി ഏതുവിധേനയും സാധിക്കണം. എന്നാൽ മാത്രമെ വിജയം ഹസ്തഗതമാകയുള്ളു.

ഈ കാൎയ്യം നടക്കണമെങ്കിൽ 25000 അടി ഉയരത്തിൽ അതായതു ഏററവും ഉയരത്തിൽ നിശ്ചയിച്ച ക്യാമ്പിൻെറയും 23000 അടി ഉയരത്തിലുള്ള ഉത്തരകോള ക്രടാരത്തിൻെറയും മദ്ധ്യത്തിലായി ഒരു ക്രടാരമടിക്കണം. ഉത്തരകോള ക്രടാരത്തിനും അടിവാരക്കൂടാരത്തിനും മദ്ധ്യേയായി രണ്ടുമൂന്നു ഉപക്യാമ്പുകൾ എങ്കിലും ആവശ്യമാണ്. ഇവയ്ക്കെല്ലാം വേണ്ടതായ ചുമട്ടുഭാരം സീമാതീതമായതുതന്നെ. ബ്റൂസ്സ് പ്രത്യേകം തിരഞ്ഞെടുത്തു രൂപവൽകരിച്ച ഭാരവാഹകസംഘത്തെ താഴത്തേയ്ക്കുവേണ്ട ചുമടുകൾക്കുപയോഗിച്ചു വിഷമിപ്പിച്ചാൽ അവർ മുകളിലേക്കു ചെല്ലുമ്പോൾ തീരെ ക്ഷീണിച്ചുപോകും. അതുകൊണ്ട് ബ്റൂസ്സ് മററ് ആളുകളെക്കൊണ്ടുതന്നെയാണ് ഹിമതലത്തിലെ ചുമടുകൾ മിക്കവാറും വഹിപ്പിച്ചതു്. പ്രത്യകം തിരഞ്ഞെടുത്തിരുന്ന നിപ്പാളത്തുകാരായ 40 സമർത്ഥന്മാരായ ചുമട്ടുകാരെ പൎവ്വതോപരിതലങ്ങളിലേക്കുള്ള ചുമട്ടിനായി മാത്രം നിയോഗിച്ചുകൊണ്ട് അവരെ ക്ഷീണിപ്പിക്കാതെ നല്ലതയ്യാറിൽ നിറുത്തിയിരുന്നു.

ഇതിൽ ക്രടുതലായി ആശ്ചൎയ്യപരമായ വ്യവസ്ഥകൾ യാതൊന്നും ചെയ്യാനില്ലതന്നെ. പക്ഷെ ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ നമ്മുടെ പ്ലാനും ഉദ്ദേശ്യങ്ങളുംപോലെ സംഗതികളെല്ലാം നടന്നു എന്നു വരുന്നതല്ല. എങ്കിലും കഴിയുന്നതു പരിപൂൎണ്ണതതന്നെ ഉദ്ദേശിച്ച് അതിനു തക്കതായ ആലോചനകളും വ്യവസ്ഥകളും നാം ചെയ്യണം. എന്നാൽ മാത്രമെ നമ്മുടെ ഉദ്ദേശ്യത്തിൽ പകുതിയെങ്കിലും കാൎയ്യം സാധിക്കയുള്ളു. അടിവാര ക്രടാരത്തിലെത്തുന്നതിനു മുമ്പുതന്നെ ബ്റൂസ്സ് ഈവക സംഗതികളെല്ലാം ആലോചിച്ചുകഴിഞ്ഞിരുന്നു. പത്തുനൂറ് ടിബററുകാരായ

ആളുകളെക്കൊണ്ട് ചുവട്ടിലെ ക്യാമ്പിൽനിന്നും റോങ്ങ്ബക്ക് ഹിമപ്പരപ്പിലേക്ക് സാമാനങ്ങൾ വഹിപ്പിക്കുന്നതിന് വേണ്ടതായ പരിശ്രമങ്ങൾ ബ്റൂസ്സ് ചെയ്തുതുടങ്ങി. 90 പേരെ നിർബ്ബന്ധിച്ചിട്ട് ആവശ്യസമയത്തു 45 പേരെ ലഭിച്ചു. ഈ നാല്പത്തഞ്ചുപേർതന്നെ രണ്ടു ദിവസം ചുമടു ചുമന്നപ്പോൾ സ്വഗൃഹങ്ങളിലേക്കു തിരിച്ചുപൊയ്ക്കുളഞ്ഞു. അക്കാലത്താണ് ടിബെററിൽ കൃഷിക്കു നിലം തയാറാക്കുക മുതലായ കാർഷിക ജോലികൾ തുടങ്ങുന്നത്. ഈ കാരണത്താലാണ് അവർ ജോലി തീർക്കാതെ വേഗം പൊയ്ക്കുളഞ്ഞത്. ഇരട്ടിക്കൂലി കൊടുക്കാമെന്നു പറഞ്ഞിട്ടുപോലും അവർ നില്ക്കുകയുണ്ടായില്ല. കീർത്തിയും പ്രശസ്തിയും അവർക്കും ഉണ്ടാകുമെന്നും മററും പറഞ്ഞു പ്രേരിപ്പിക്കുന്നതിനു വഴിയില്ല. കുറെ കൂടാരങ്ങളും ഉപകരണങ്ങളും ചുമന്നുകൊണ്ട് ഒരു ഹിമപ്പരപ്പിൽക്കൂടെ പോകുന്നതുകൊണ്ടു എന്തു കീർത്തിധാവള്യമാണ് ഉണ്ടാകാനുള്ളത്.

ററിബററ്കാരായ ആളുകളെ ചുമട്ടുകാരായി കിട്ടാതിരുന്നതു് പര്യടനസംഘത്തിന് വലിയഒരു വിഘാതമായിരുന്നു. ബ്റൂസ്സ് പ്രത്യേകം തിരഞ്ഞെടുത്ത സമർത്ഥന്മാരടങ്ങിയ ഒരു വാഹകസംഘത്തെ കൊണ്ടുവന്നില്ലായിരുന്നുവെങ്കിൽ ഇപ്പോൾ എവറസ്റ്റാരോഹണം അവസാനിപ്പിച്ച് തിരിയെ പോകേണ്ടതായി വരുമായിരുന്നു. ഒന്നുരണ്ട് ദിവസത്തേയ്ക്കുമാത്രം ജോലി ചെയ്യുന്നതിന് തയാറായി കുറെ ആളുകളെലഭിച്ചു. ഈ കൂട്ടത്തിൽ സ്ത്രീകളും കുഞ്ഞുങ്ങളും ഉണ്ടായിരുന്നു. ഇവരെല്ലാം ഒന്നാമത്തുക്യാമ്പിൽനിന്നു രണ്ടാമത്തു കൂടാരത്തിലേയ്ക്കു സാമാനങ്ങൾ കൊണ്ടുപോകുന്നതിന് സഹായിച്ചു. എങ്കിലും പിന്നീടുള്ള ഉപകൂടാരങ്ങളിലേയ്ക്കും, ഉയരങ്ങളിലേയ്ക്കും കയറുന്നതിന് ഇവർക്കു ഒരുക്കമില്ലായിരുന്നു. ററിബററ്കാരായ ഈ സ്ത്രീകളേയും കുഞ്ഞുങ്ങളേയും സമ്മതിച്ചേ തീരൂ. ൧൬൦൦൦—ം ൧൭൦൦൦—ം അടി ഉയരമുള്ള പർവ്വതങ്ങളിലെ പാറകൾക്കിടയിൽ കിടന്നു ഈ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും സുഖമായി ഉറങ്ങുവാൻ സാധിച്ചുവത്രെ.

സ്ട്രട്ടും, ലോങ്ങ്സ്റ്റാഫും, മോർഷീഡും പൂർവ്വറോങ്ങബക്ക് ഹിമപ്പരപ്പ് പരിശോധിക്കുന്നതിന് പോയി. ഈ ഹിമതലത്തിൻെറ ഉപരിവശം മാലൊറിയും താഴ്വശം വീലറും മുൻപ് ദൂരെ നിന്നു കണ്ടിട്ടുള്ളതേയുള്ളു. ആരും ആ സാനുപ്രദേശം കടന്നിട്ടില്ല. ഈ ഹിമതലത്തിൽക്കൂടെ മുകൾഭാഗത്തേക്കു ഒ

രുവഴി കണ്ടുപിടിക്കയും ഇടയ്ക്കിടെ കൂടാരങ്ങൾ സ്ഥാപിക്കാനുള്ള സ്ഥലങ്ങൾ നിശ്ചയിക്കയും ചെയ്യണം.

സ്റ്റ്റട്ടും സഹചാരികളും കണ്ടതായ ഹിമദേശം അദൃഷ്ടപൂർവ്വവും അഭൌമികവും അമാനുഷികവും ആയിരുന്നു. പൂവ്റോങ്ങ്ബക്ക് ഹിമപ്പരപ്പിൻെറ മദ്ധ്യഭാഗം ഏററവും വിചിത്രതരമാണ്. അത്യാശ്ചര്യകരമായ വിവിധ പ്രകൃതങ്ങളോടു കൂടിയ തുഷാരസ്തൂപങ്ങളും സ്തൂപികകളും ഗഹ്വരങ്ങളും വിരങ്ങളും എന്നുവേണ്ട അവർണ്ണ്യമായ വിശേഷപ്രകൃതങ്ങൾ തന്നെയാണ് അവിടെ കണ്ടതു്.

ഏററവും അടിവാരത്തുള്ള ആസ്ഥാനക്കൂടാരത്തിൽനിന്നും ഉദ്ദേശം മൂന്നുമണിക്കൂർ നേരത്തെ യാത്രയുടെ അകലമുള്ള ഒരുസ്ഥലത്തു്, ഒന്നാമത്തുക്കൂടാരം കഴിയുന്നത്ര ഭംഗിയായും, സൌകര്യപ്രദമായും അടിച്ചു. പിന്നീട് അവിടെനിന്നും 2000 അടി ഉയരത്തിലായി രണ്ടാമത്തുക്യാമ്പു സ്ഥാപിച്ചു. ഒന്നാമത്തെ ക്യാമ്പിൽനിന്ന് ഏകദേശം നാലുമണിക്കൂർകൊണ്ടേ രണ്ടാമത്തെ കൂടാരത്തിൽ എത്തുകയുള്ളു. ഈ കൂടാരം ഹിമസംഹതികളാൽ ആവൃതവും രജതപ്രാകാരഭിത്തികൾപോലെ വെണ്മഞ്ഞു കട്ടിയായിഇരിക്കയും, ചെയ്യുന്നസ്ഥലത്താണ്. ഇവിടെയും തൂണുകൾ പോലെ ഹിമം മുകളിലേയ്ക്കുവളർന്ന നിന്നിരുന്നു. കുറേക്കൂടെ മുകളിലായി ഈമാതിരി തുഷാരസ്തംഭങ്ങൾ വിവിധാകൃതികളിൽ മേല്പോട്ടുയർന്നുകാണപ്പെട്ടു. ചിലസമയങ്ങളിൽ ഇവയെല്ലാം ഛിന്നഭിന്നമായി താഴത്തേയ്ക്കു പതിക്കുമോഎന്നു സംശയിക്കണം. ഇതു് വളരെ അപകടകരമാണ്. കൂടാരമോ ആളുകളോ കീഴ്ഭാഗത്തുണ്ടെങ്കിൽ പാറപൊട്ടി അതിശക്തിയായി തെറിക്കുന്നതുപോലെ അവ ശക്തിയായിവീണു എല്ലാവരും നാമാവശേഷന്മാരായിത്തീരും.

മൂന്നാമത്തു ക്യാമ്പ് 21000 അടിയോളം പൊക്കംവരുന്ന ഒരു ഹിമപ്രവാഹക്കൂപ്പ (Moraine) പ്രദേശത്തു സ്ഥാപിച്ചു. രണ്ടാമത്തുക്യാമ്പിൽനിന്ന് ഇവിടെ എത്തുന്നതിനു നാലുമണിക്കൂർ യാത്രവേണ്ടിയിരുന്നു. ഉത്തരശൃംഗത്തിൻെറ അഭയത്തിലായിരുന്നു ഈ കൂടാരം. ഇവിടെ ബാലാർക്കകിരണങ്ങൾ ലഭിക്കുമെന്നുള്ളതു് ഒരു വിശേഷ സൗകര്യമാണ്. എങ്കിലും പകൽ മൂന്നുമണി കഴിയുമ്പോൾ സൂര്യൻ മറയും. അതുകഴിഞ്ഞാൽ മജ്ജപോലും കോച്ചുന്ന തണുപ്പിൻെറ സ്വച്ഛന്ദ കേളീരംഗമാണിവിടം.

മേയ് മാസാദ്യംതന്നെ സ്ട്രട്ടം സംഘവും അവിടെ എത്തിയെങ്കിലും ഏററവും അസഹനീയമായ തണുപ്പ് സഹിക്കേണ്ടിവന്നു. ലോങ്ങ്സ്റ്റാഫിന് പുരോഗമനംതീരെ അശക്യമായി. ഒൻപതാം തീയതിയോടുകൂടി പ്രഥമപ്രയാണക്കാരായ മൂന്നുപേരും ഉപക്യാമ്പുകൾ സ്ഥാപിക്കയും ഭക്ഷണസാമഗ്രികളും പാചകന്മാരേയും ക്യാമ്പുകളിൽ എത്തിക്കയുംചെയ്തശേഷം അടിവാരത്തിലേയ്ക്കു മടങ്ങി. ഇങ്ങിനെ സജ്ജീകരണങ്ങളെല്ലാം പൂത്തിയായപ്പോൾ എവറസ്റ്റ് യുദ്ധവീരന്മാർക്ക് മുന്നോട്ടു വരാനുള്ള സമയം ആഗതമായി. ആരോഹകന്മാർ തയാറായികഴിഞ്ഞു. അവർ യുദ്ധക്കളത്തിൽ ഇറങ്ങാറായി. അവർ മൂന്നാമത്തു ക്യാമ്പ്‌വരെവന്നിട്ടു ഉത്തരകോളം കയറണം. പിന്നീട് അവർതന്നെ അതിനുപരി ഉപകൂടാരങ്ങൾ സ്ഥാപിച്ച് എവറസ്റ്റിനോടിതുപര്യന്തം മനുഷ്യൻ ചെയ്തിട്ടില്ലാത്ത മുഷ്ടിയുദ്ധം,അല്ലാ അംഘ്റിയുദ്ധം ചെയ്യണം.

മൺസൂൺ ഉണ്ടാകുന്ന ഋതുവിന് അല്പം മുൻപായിരുന്നു അവർ അവിടെ എത്തിയതു്. എങ്കിലും മൺസൂൺ എന്നുതുടങ്ങുമെന്നു ഖണ്ഡിതമായി അറിയാൻ പാടില്ലല്ലോ. അതിനാൽ അല്പസമയംപോലും വൃഥാകളയാതെ കഴിയുന്നതും വേഗത്തിൽ എവറസ്റ്റിൻെറ കിരീടം കൈക്കലാക്കാൻ ശ്രമിക്കേണ്ടതാവശ്യമാണ്. മേയ് പത്താംതീയതി മാലൊറിയും സോമർവെല്ലും അടിവാരകൂടാരത്തിൽ നിന്നും ഒന്നാമത്തു് ക്യാമ്പിൽ എത്തി. അവർക്കു അവിടെവെച്ച് ഒരു പാചകൻ ചായയും മററുംകൊടുത്തു. അന്ന് ഒരുമാതിരി സുഖമായി അവർ അവിടെ വിശ്രമിച്ചു. പ്രസ്താവാർഹമായ യാതൊരു വിശേഷങ്ങളും കൂടാതെ പിന്നിടവർ മൂന്നാമത്തു ക്യാമ്പിൽ എത്തി. ഇവിടെനിന്നുമാണ് അവരുടെ യഥാൎത്ഥയുദ്ധരംഗത്തിലേയ്ക്കു പ്രവേശിക്കേണ്ടതു്. പരമാൎത്ഥത്തിൽ ഈ അതിസമൎത്ഥന്മാരായ കയററക്കാരെ ഇനിയും മുന്നോട്ടയയ്ക്കരുതായിരുന്നു. നിവൃത്തിയുള്ളിടത്തോളം മുകളിൽവരെ മററാളുകൾ കയറി ഇടക്കിടെ ഉപക്യാമ്പുകൾ സ്ഥാപിച്ചിട്ട് ഇവരെ അവസാനത്തെ അതിഭയങ്കരമായ—ജയവും അപജയവും നിശ്ചയിക്കുന്ന—യുദ്ധത്തിന് അയയ്ക്കുയായിരുന്നു ബുദ്ധിപൂൎവ്വകമായി ചെയ്യേണ്ടിയിരുന്നതു്. മററുള്ളവർ കയറി ഉപകൂടാരങ്ങൾ സ്ഥാപിച്ചു വഴിതെളിച്ചു കഴിയുന്നതുവരെ ഇവരെ യാതൊരു ക്ഷീണവും ആരോഗ്യഹാനിയും വരുത്താതെ പ്രത്യേകം സൂക്ഷിക്കയായിരുന്നു വേണ്ടതു്. പക്ഷെ ഈ ആളുകൾ ങ്ങ

ളൊന്നും പ്രയോഗിക്കാൻ സാധിച്ചില്ല. അധികം ഉയരത്തിൽ എത്തിയാൽ പിന്നെ ഉദ്ദേശ്യംപോലെ സംഗതികൾ നടത്താൻ വിഷമമാണെന്ന മുൻപ് പ്രസ്താവിച്ചിട്ടുണ്ടല്ലോ.

മാലൊറി മുൻകൊല്ലത്തിൽ പരീക്ഷിച്ചറിഞ്ഞിരുന്നതുപോലെ മുകൾഭാഗത്തെത്തുന്നതിനുള്ള ഏററവും വലിയ അപകടഘട്ടം ഉത്തരകോളതരണമായിരുന്നു. ഉന്തിയും തള്ളിയും, കുത്തും പിളർന്നും, വിണ്ടും കീറിയും ഒരു വിധത്തിലും കയറാൻ വഹിയാത്തവിധത്തിൽ കോട്ടകൾപോലെയാണ് ആ വിദരപ്രദേശത്തു മഞ്ഞു കിടന്നിരുന്നത്. വലിയ ഹിമപിണ്ഡങ്ങൾ താഴത്തെയ്ക്കു വീഴുന്നതിനും ഇടയുണ്ട്. നല്ല പരിചയവും സഹനശക്തിയുമുള്ള കയററക്കാൎക്കു മാത്രമെ ഈ മഹാ വൈതരണി കടക്കാൻ സാധിക്കയുള്ളു. ആകെയുള്ള ആരോഹകസംഘത്തിൽ നാലഞ്ചുപേർ മാത്രമെ ഈ 'ജീവിതമരണ'ശ്രമത്തിനു കൊള്ളാവുന്നവരായി ഉണ്ടായിരുന്നുള്ളു. മാലൊറി, സോമർവെൽ, ഫിഞ്ച്, നോർട്ടൻ, ഈ 'അമാനുഷിക'വീരന്മാരായിരുന്നു ഉത്തരകോളതരണത്തിനു തയാറായവർ. ഫിഞ്ചും നോർട്ടനും പ്രാണവായൂപകരണങ്ങൾകൊണ്ട് പുറകെയും മാലൊറിയും സോമർവെല്ലും ഇവ കൂടാതെ മുൻപിലും കയറേണ്ടിയിരുന്നു. ശ്വാസോഛ്വാസത്തിനു വായു പോരാതെ വന്നെങ്കിൽ പുറകെ വരുന്നവർ ഉപകരണങ്ങൾമുൻപെ പോകുന്നവൎക്കുകൂടി കൊടുക്കണം. നിവൃത്തി ഉണ്ടെങ്കിൽ പുരോഗാമികൾ ശാസ്ത്രീയസഹായം കൂടാതെ തന്നെ കയറാൻ ശ്രമിക്കും.

ഹിമാലയത്തിൻെറ ഉന്നതങ്ങളിലേയ്ക്കു സോമർവെൽ ആദ്യമായിട്ടാണു കയറുന്നത്. മൂന്നാമത്തു ക്യാമ്പിൽ വന്ന ദിവസം തന്നെ അദ്ദേഹം പർവ്വതപ്രകൃതിവിലാസങ്ങൾ കണ്ടാനന്ദിക്കാനുള്ള അനിയന്ത്രിതമായ ആഗ്രഹബഹുലതയാൽ ചില അത്ഭുതപ്രദേശങ്ങൾ ദൎശിക്കാതിരുന്നില്ല. റേപ്പിയൂല എന്ന ഒരു വിദരത്തിൽ കൂടി കയറി അദ്ദേഹം അചലപ്രകൃതിവിലാസാസ്ഥാനമായ കാമാതാഴ്‌വരയും അത്യാശ്ചൎയ്യജനകമായ മക്കാലുശൃംഗവും ഒരു നോക്കു കണ്ടു. ആ രാമണീയകാഴ്ചയുടെ ഏതാണ്ടൊരു രൂപം അപ്പോൾ തന്നെ അദ്ദേഹം ചിത്രീകരിക്കയും ചെയ്തു.

അതിലഘുവായ ഒരു കൂടാരവും ആവശ്യമായ മററു സാമഗ്രികളുംകൊണ്ട് മേയ് പതിമൂന്നാം തീയതി സോമർവെല്ലും മാലൊറിയും ഒരു ചുമട്ടുകാരനും ഉത്തരകോളം കയറി ഒരു ക്യാമ്പു സ്ഥാപിക്കുന്നതിനുള്ള അതിവ സാഹസികവൃത്തിയിലേൎപ്പെട്ടു.

മുകൾഭാഗത്തു ഒന്നരണ്ടു ക്യാമ്പുകൾകൂടി സ്ഥാപിക്കേണ്ടിയിരുന്നതിനാൽ ഉത്തരകോളം കയറി പുറകെ വരേണ്ടതായ കുറെ ചുമട്ടുകാൎക്ക വഴി ഉണ്ടാക്കിക്കൊണ്ടുകൂടെ വേണമായിരുന്നു ഇവൎക്കു കയറാൻ. ഇതു ശ്രമത്തിൻെറ സാഹസികത്വത്തെ ശതഗുണീഭവിപ്പിച്ചു. ഇക്കാൎയ്യം അല്പം ആലോചിച്ചുതന്നെ തുടങ്ങേണ്ടതാണ്. മാലൊറി മുൻകൊല്ലത്തിൽ ഈ ഘട്ടം കയറിയതായിരുന്നു എങ്കിലും അതിൽ പിന്നെ സ്ഥലപ്രകൃതത്തിന് വളരെ വ്യത്യാസം സംഭവിച്ചിട്ടുണ്ട്. കഴിഞ്ഞ ശരത്തു് ഈ ഭാഗങ്ങൾക്ക് വലിയ വ്യതിയാനങ്ങൾ ഉണ്ടാക്കിയിരുന്നു. മുൻകൊല്ലം മാലൊറി കയറിയ വഴി ഇപ്പോൾ തീരെ ദുൎഗ്ഗമമാണ്. എവറസ്റ്റ് ആ വഴിയെ തീരെ പ്രതിരോധിച്ചുകളഞ്ഞുപോലും! ധീരൻ!! അവൻ കരുതലുള്ളവൻ തന്നെ!

അല്പംകൂടി ഇടത്തുവശം മാറിനോക്കി. ഹെയ് അസാദ്ധ്യം അസാദ്ധ്യം. ദേവന്മാൎക്കപോലും അതിലെ കയറുവാൻ വഹിയാ. ആട്ടെ വലത്തുവശത്തുകൂടെ ശ്രമിച്ചാലോ? നാന്നൂറടിയിലധികം തൂക്കനെയുള്ള ഹിമഭിത്തികളല്ലെ ഭയാനകമായി നില്ക്കുന്നതു്! ഓരോ കാലടിയും മുന്നോട്ട് വെയ്ക്കണമെങ്കിൽ മഞ്ഞു വെട്ടിക്കുഴിച്ച് നടയുണ്ടാക്കിയിട്ടുവേണം. ചുമട്ടുകാർ പുറകെ കയറണമെങ്കിൽ അവൎക്ക കയറും കൈപിടികൾ മഞ്ഞിൽ കുററികൾ ഉറപ്പിച്ച് ഇട്ടുകൊടുക്കണം.

എന്തിന്? എങ്ങനെയോ അവർ ഉത്തരകോളത്തിലെത്തി. അവർ വളരെ വിഷമിച്ചു ചുമട്ടുകാൎക്ക കയറാവുന്ന വിധത്തിൽ ഒരു വഴിയുണ്ടാക്കി. ഈ വിജയ ചിഹ്നമായി ഒരു ചെറിയ കൂടാരം മുകളിൽ അടിക്കയുംചെയ്തു. അവസാനമില്ലാതെ നാലുവശത്തേക്കും വ്യാപിച്ചുകിടക്കുന്നതായ രാമണീയ കാഴ്ചകൾ കണ്ടു് അല്പമൊരു നിൎവൃതിയടയുന്നതിനുള്ള സമയം കിട്ടി. അവരിപ്പോൾ ൨൩൦൦൦ അടി ഉയരത്തിലാണു നില്ക്കുന്നതു്. ഒരു വശത്തു ൬൦൦൦ അടി ഉയരത്തിലായി എവറസ്ററും, മറുവശത്തു ൨൦൦൦ അടി ഉയരത്തിലായി ഉത്തരശൃംഗവും സ്ഥിതിചെയ്യുന്നു. എവറസ്റ്റിൻെറ വടക്കപടിഞ്ഞാറെവശം മഞ്ഞുളളമായ ഹിമകാന്തിയോടും, വിവിധാകൃതിയിലുള്ള ഹിമശൃംഗങ്ങളോടുംകൂടി അവൎക്ക കാണാൻ കഴിഞ്ഞു. പുമോറി കൊടുമുടിയും അവരുടെ ദൃഷ്ടിക്കു ഗോചരീഭവിച്ചു.

ഈ ഭാഗത്തു കാണുന്ന രാക്ഷസ ശൃംഗങ്ങളുടെ ഇടയ്ക്കു പുമോറി ഒരു ഹ്രസ്വകായൻ മാത്രമാണ്. അതിനു 23000 അ

ടിയെ പൊക്കമുള്ളു. എങ്കിലും അതിൻെറ ആകാരസൌഷ്ടവം ഒന്നു വേറെതന്നെയാണ്. അതിൻെറ ശൃംഗാഗ്രത്തിൻെറയും, ഗഹ്വര ഭാഗങ്ങളുടെയും, നിസ്തുല്യമായ ഭംഗി മാലൊറി പ്രത്യേകം വർണ്ണിച്ചിട്ടുണ്ട്.

ഈ മാതിരി കമനീയ കാഴ്ചകൾ ഇത്രവലിയ ബുദ്ധിമുട്ടിനു കുറഞ്ഞൊരു പ്രതിഫലംതന്നെ. എങ്കിലും എവറസ്റ്റാരോഹകന്മാർക്കു അവരുടെ ക്ലേശത്തിനനുസരിച്ചു പർവ്വത കാന്തികൾ കണ്ടനുഭവിക്കാൻ സാധിച്ചില്ല. അവർ മുകളിലേയ്ക്കു കയറിയതു കുടുസ്സായ ഒരു താഴ്‌വരയിൽക്കൂടിയാണ്. പർവ്വതങ്ങളുടെ പാദഭാഗങ്ങൾ ഒട്ടും നയനാനന്ദകരമായിരുന്നില്ല. അവ ഭയാനകങ്ങളും ബീഭത്സങ്ങളും ആയിരുന്നു. മിക്ക പർവ്വതങ്ങളും സസ്യാളികൾ വളരുന്ന അന്തരീക്ഷ മേഖലയിൽനിന്നും വളരെ ഉയരത്തിലായിരുന്നു സ്ഥിതിചെയ്തിരുന്നത്. വൃക്ഷങ്ങളോ ചെടികളോ മററു യാതൊരു സസ്യചിഹ്നങ്ങളോ അവിടെയെങ്ങും കാൺമാനില്ല.

പ്രവേശനാടയാളമായി കൂടാരം മാത്രം മുകളിൽ നിർത്തിയിട്ടു മാലൊറിയും സോമർവെല്ലും ചുമട്ടുകാരനും— ചുമടു കൂടാതെ— അന്നുതന്നെ ഉച്ചകഴിഞ്ഞു താഴെ ഇറങ്ങി മൂന്നാമത്തെ ക്യാമ്പിൽ വന്നു. അത്യുയരത്തിലെ വായു സ്ഥിതിവ്യത്യാസങ്ങൾകൊണ്ടു് അവർക്കു നന്നെ ക്ഷീണം ഉണ്ടായിരുന്നു എങ്കിലും ഒന്നുരണ്ടുദിവസത്തെ വിശ്രമത്തിനുശേഷം പൂർവ്വവൽ സുഖശരീരന്മാരായി തീർന്നു. അവരുടെ ഉത്സാഹത്തള്ളലിൻെറ കൂടുതൽകൊണ്ടു് ഉത്തരകോളത്തിനു മുകളിൽ ഉപകൂടാരങ്ങൾ സ്ഥാപിക്കാൻ കഴിയാതിരുന്നാലും എവറസ്റ്റിലേയ്ക്കു കയറണമെന്നു് ആലോചിച്ചു തുടങ്ങി. ഭാഗ്യവശാൽ ഈ അഭിപ്രായം പ്രായോഗികമാക്കിയില്ല. ശാഖാശിബിരങ്ങൾ കൂടാതെ എവറസ്റ്റിൻെറ സമീപത്തെങ്ങാനും തുറസ്സായ സ്ഥലത്തു കിടന്നുറങ്ങേണ്ടതായി വന്നിരുന്നു എങ്കിൽ നിശ്ചയമായും അവരുടെ ഉറക്കം അവസാന നിദ്രയായി കലാശിക്കുമായിരുന്നു. ക്യാമ്പുകൾ ഉണ്ടെങ്കിൽത്തന്നെയും കാററ് തീരെ ഇല്ലാതെ അന്തരീക്ഷം പ്രശാന്തമായിരുന്നെങ്കിലെ കയററം ഏതുതരത്തിലും സാദ്ധ്യമാകയുള്ളു. തീരെ കാററില്ലാത്ത രാത്രികൾ ഏററവും ശൈത്യം ഉള്ളവയുമാണ്. അതുകൊണ്ടു് കാററിൽനിന്നും ഒരുത്തനു രക്ഷപെടാൻ ഇടയായെങ്കിൽ നിശ്ചയമായും അവൻ തണുപ്പുകൊണ്ടു ചത്തുമരവിച്ചു വിറങ്ങലിച്ചു പോകും. കൂടാരത്തിനകത്തു തന്നെ ഭദ്രമായി നിദ്രാസഞ്ചിക്കുള്ളിൽ

കിടന്നാൽപോലും തണുപ്പും കാററും തീരെ അസഹനീയമാണെന്നു പിന്നീടുള്ള അനുഭവം മനസ്സിലാക്കി.

മെയ് 16-ാം തിയതി സ്മിത്ത്, മോർഷീഡ്, നോർട്ടനും ക്രോഫോർഡും കുറെ ചുമട്ടുകാരും മൂന്നാമത്തു കൂടാരത്തിൽ എത്തി. മെയ് മാസം പകുതിയും കഴിഞ്ഞിരിക്കുന്നു. അക്കൊല്ലത്തിൽ എവറസ്റ്റിനെ തോല്പിക്കുന്നതിനായി ഇനി മൂന്നേമൂന്നാഴ്ചകൾ മാത്രമേ ശേഷിച്ചിട്ടുള്ളു. 16-ാം തിയതി മാലൊറി റെയ്പ്പുലയിൽ നിന്ന് താഴെ വിദൂരത്തിലുള്ള കാമാ താഴ്‌വരയിലേയ്ക്കു നോക്കിയപ്പോൾ ആ ഭയങ്കരഗർത്തത്തിൽ മേഘങ്ങൾ ശുഭ്രവർണ്ണവും പ്രകാശനീയവും ആയി കാണേണ്ടതിനു പകരം ഇരുണ്ടു മറിഞ്ഞു തിളച്ചുപൊങ്ങുന്നതായിട്ടാണു കണ്ടതു്. മാലൊറി ഈ വിവരം സംഘാംഗങ്ങളോടു പ്രസ്താവിച്ചു. ഇനി ഒട്ടും താമസിക്കരുതെന്നും മൺസൂൺ അഥവാ കാലവർഷം ഒരു വേള കാലേ കൂട്ടി തുടങ്ങാൻ ഇടയുണ്ടെന്നും എല്ലാവരും വിചാരിച്ചു. മൺസൂൺവൃഷ്ടിപാതത്തിന് മുൻപു കയറാൻ സാധിച്ചെങ്കിൽ സാധിച്ചു. അല്ലെങ്കിൽ അക്കൊല്ലത്തെക്കായ്കും അസാദ്ധ്യം തന്നെ.

അടുത്ത ദിവസം പ്രഭാതത്തിൽ സ്മിത്ത് മാലൊറിയും സോമർവെല്ലും നോർട്ടനും മോർഷീഡും കുറെ ചുമട്ടുകാരും ഉത്തര കോളത്തിലേക്കു തിരിച്ചു. ക്രോഫോർഡിനു ശരീരാസ്വാസ്ഥ്യം തുടങ്ങിയിരുന്നതുകൊണ്ടു് അദ്ദേഹത്തെ അടിവാരക്കൂടാരത്തിലേയ്ക്കു അയച്ചു കളഞ്ഞു. ആരോഹകന്മാരുടെ മുകളിലേയ്ക്കുള്ള കയററത്തിൽ വലിയ ഹിമപ്രവാഹമോ മഞ്ഞുകാറേറാ യാതൊന്നും ഉണ്ടായില്ല. തന്നെയല്ല പ്രഭാത സൂര്യന്റെ പൂങ്കതിരുകൾ അവരുടെ ദേഹത്തു തട്ടുകയും ചെയ്തു. മാലൊറിയും സോമർവെല്ലും ആദ്യം കയറിയതിനേക്കാൾ സുഖശരീരന്മാരായി കാണപ്പെട്ടു. അവർക്കു ശീതസ്ഥിതി പിടിച്ചു തുടങ്ങിയിരുന്നു. പരിചയം കൊണ്ടു് മനുഷ്യശരീരം ഏതു പരിതസ്ഥിതികൾക്കും കുറേശ്ശെ അനുയോജ്യമായിത്തീരുമെന്നു അവർക്കു ബോദ്ധ്യപ്പെട്ടുതുടങ്ങി. അതുകൊണ്ടു് ഏററവും മുകളിൽ കയറാൻ ഉദ്ദേശിക്കുന്നവരെ മലയുടെ അടിവാരത്തിൽ താമസിപ്പിച്ച് സുഖമെടുപ്പിക്കുന്നതു നന്നല്ല. കുറേശ്ശെ പൊക്കത്തിൽ കയറി ഓരോ ദിവസമെങ്കിലും താമസിച്ചു ശീതസ്ഥിതി ശരീരത്തിന് സഹനീയമാക്കുകയാണ് വേണ്ടതു്. ൨൫000 അടി ഉയരത്തിലേയ്ക്കു ഒരാൾ ചുവട്ടിൽ നിന്നും തുടർച്ചയായി കയറിയാൽ ഒരുപ

ക്ഷേ അതിശൈത്യംകൊണ്ടു് മരിച്ചുപോയേക്കാം. എന്നാൽ ൨൪൦൦൦, ൨൫൦൦൦, ൨൬൦൦൦, ൨൭൦൦൦ ഇങ്ങനെ വിവിധ ഉയരങ്ങളിൽ രണ്ടും മൂന്നും ദിവസം വീതം താമസിച്ച് ശരീരം മെരുക്കിയിട്ടു് കയറിയാൽ പെട്ടെന്നുള്ള വ്യത്യാസങ്ങൾ തോന്നുകയില്ല. അപകടവും കുറയും.

മേയ്മാസം 18-ാംനു- ഉത്തരകോളത്തിനു മുകളിലുള്ള നാലാമത്തു ഉപക്രൂടാരത്തിൽ ആരോഹകന്മാർ വിശ്രമിച്ചു കഴിച്ചുകൂട്ടി. അടുത്തദിവസം കുറെ ചുമട്ടുകാർ ആവശ്യമുള്ള സാമാനങ്ങളും അവിടെ കയററികൊണ്ടുവന്നു. അവിടെ കട്ടിയായികിടന്ന മഞ്ഞിൽ ആരോഹകന്മാർ ക്രൂടാരമടിച്ചു. ശക്തിമത്തായ പശ്ചിമവാതഗതിയെ ചില ഹിമക്രൂടങ്ങളും പിണ്ഡങ്ങളും തടഞ്ഞതുകൊണ്ടു് ക്രൂടാരത്തിനു വലിയഹാനി സംഭവിച്ചില്ല. ആരോഹകന്മാക്കു ഈ അത്യുയരത്തിലിരുന്ന് അശിച്ച്സുഖിക്കുന്നതിനു വിവിധമാതിരി മത്സ്യമാംസാദി ഭക്ഷ്യങ്ങളും ചായ കാപ്പി കൊക്കോ ആദിയായ പേയങ്ങളും സുലഭമായിട്ടുണ്ടായിരുന്നു. ദൈവാധീനംകൊണ്ടു് ഒന്നിനും ഒരു ലോഭവും ഉണ്ടായില്ല. പക്ഷെ വിഷമംമുഴുവൻ അല്പം വെള്ളം കിട്ടാനായിരുന്നു. ഉത്തരകോളത്തിലും അതിന് മുകളിലും മഞ്ഞുരുകി പ്രസ്രവണങ്ങൾ പ്രവഹിക്കുന്നില്ല. പകൽ സൂൎയ്യൻെറ ക്ഷീണപ്രഭതട്ടി മഞ്ഞു് ആവിയായി മേല്പോട്ടുയരുന്നതല്ലാതെ അവിടെയെങ്ങും ഒരു തുള്ളിവെള്ളം കിട്ടുന്നതിനു നിവ്വാഹമില്ലായിരുന്നു. അരുവിയോ ഉറവയോ യാതൊന്നും ആപ്രദേശത്തില്ല. ജലംവേണമെങ്കിൽ മഞ്ഞ്വെട്ടിയെടുത്തു പാത്രത്തിൽ ഇട്ടു് തീകത്തിച്ചുരുക്കി ജലരൂപമാക്കണം. അവിടെ തീകത്തിക്കുകയും എളുപ്പമാണല്ലോ?

മേയ് ൨൦-ാം തീയതിയാണ് യഥാൎത്ഥമായി എവറസ്റ്റ് ശൃംഗത്തിലേയ്ക്കു കയറാനാരംഭിക്കുന്നതു്.

# അദ്ധ്യായം ൧൧.

## ആക്രമണം.


സംഭ്രമബഹുലവും ആശ്ചൎയ്യജനകവും അത്യാപൽക്കരവുമായ എവറസ്റ്റാക്രമണത്തിന് അഭൂതപൂൎവ്വമായി തയാറായതോടുകൂടി മാലൊറിയുടെ ഹൃദയം ആശാസ്പന്ദനങ്ങൾകൊണ്ടു് അതിശക്തിയായി തുടിച്ചുതുടങ്ങി. ആരോഹകന്മാരുടെ ലഘുവായ ആയോധനായുധങ്ങളോടുകൂടി എവറസ്റ്റ് ശൃംഗത്തെ അമൎച്ച ചെയ്യാമെന്നുള്ള സ്ഥിരവിശ്വാസം ഇല്ലായിരുന്നു. എങ്കിലും മാലൊറി അതു പ്രത്യാശിക്കതന്നെ ചെയ്തു. യുദ്ധവിജയം ഭാരവാഹകന്മാരുടെ സാമൎത്ഥ്യത്തെ പ്രധാനമായി ആശ്രയിച്ചാണ് ഇരുന്നതു്. എന്നിരുന്നാലും വിജയം മുഴുവനും അവരെ ആസ്പദമാക്കിയിരുന്നു എന്നു പറയാൻ പാടില്ല. 27000 അടി ഉയരംവരെ ചുമട്ടുകാർ ഒരുവേള കൂടാരങ്ങളും മററു സാധനങ്ങളും വഹിച്ചുകൊണ്ടു് കയറാൻ ഇടയായെങ്കിൽ തന്നെയുംപിന്നീടു 2000 അടി ഉയരം കൂടെ കയറേണ്ടതായിട്ടുണ്ടു്. എന്നാൽ 27000 അടിയെങ്കിലും ഉയരംവരെ ചുമട്ടുകാൎക്കു എത്താൻ സാധിച്ചില്ലെങ്കിൽ എവറസ്റ്റാരോഹണത്തിനു വലിയ ആശയൊന്നുമില്ല.

മേയ് ൨൦-ാംനു കാലത്തു് ഒൻപതു ചുമട്ടുകാർ മാത്രമേ ജോലി ചെയ്യുന്നതിനു സാദ്ധ്യമുള്ളവരായി കണ്ടെത്തുള്ളൂ. ഇവരിൽ 4 പേൎക്കു മാത്രമെ ആവശ്യസമയത്തു ചുമടുംകൊണ്ടു കയറാനും കഴിഞ്ഞൊള്ളു. പതിനഞ്ചു റാത്തൽ വീതമുള്ള രണ്ടു കൂടാരങ്ങളും നിദ്രാസഞ്ചികളും ഒന്നരദിവസത്തേയ്ക്കുള്ള ഭക്ഷണസാധനങ്ങളും ചുമന്നുകൊണ്ടായിരുന്നു ഇവർ കയറേണ്ടിയിരുന്നതു്. ചുമട്ടുകാൎക്കു നിവൃത്തിയുള്ളടത്തോളം കുറച്ചു ഭാരം മാത്രമെ കൊടുത്തൊള്ളു. മലംപ്രദേശങ്ങളിൽ താമസിച്ചു ശീലമുള്ളവരും ചുമടു ചുമന്നു പരിചയം ഉള്ളവരുമായ ആ ചുമട്ടുകാർ യഥാൎത്ഥത്തിൽ വിദഗ്ദ്ധന്മാർ തന്നെയായിരുന്നു.

ആരോഹകന്മാർ—യഥാൎത്ഥയുദ്ധവീരന്മാർ—മുന്നണിയിൽ നിന്നു യുദ്ധം ചെയ്യേണ്ടവർ മാലൊറിയും, നോർട്ടനും, സോമർവെല്ലും മോർഷീഡുമായിരുന്നു. സ്ട്രട്ട് മൂന്നാമത്തു ക്യാമ്പിലേയ്ക്കു തിരികെ പോകുന്നതിനു നിൎബ്ബന്ധിതനായിത്തീൎന്നു.

പ്രഭാതത്തിൽ 7. 30-നു കയററം തുടങ്ങി. എവറസ്റ്റിന്റെ ജീവചരിത്രത്തിൽ ഇന്നു് ഇദംപ്രഥമമായിട്ടാണു മനുഷ്യൻ

UNIVERSITY LIBRARY
11.AUG.1933
MADRAS



അവനെ ഇത്രയും സമീപിച്ചതു്. അനേകകോടി വത്സരങ്ങൾക്കു മുമ്പിൽ എവറസ്റ്റിൽ ജീവജാലങ്ങൾ ഉണ്ടായിരുന്നിരിക്കാം. ചിന്താതീതമായ ഒരു അതിപ്രാചീനകാലത്തു് എവറസ്റ്റ് സമുദ്രത്തിനടിയിലായിരുന്നിരിക്കണം സ്ഥിതി ചെയ്തിരുന്നതു്. ഭൂമി മുഴുവൻ ആദിയിൽ ജലത്തിനടിയിലായിരുന്നല്ലൊ കിടന്നിരുന്നതു്. പിന്നീടു എവറസ്ററു കടലിൽനിന്നും പൊങ്ങി ഒരു ദ്വീപമായിത്തീർന്നിരിക്കാം. അപ്പോൾ അതിൽ വൃക്ഷലതാദികൾ സംജാതമായിരിക്കണം. പിന്നീടു പക്ഷിമൃഗാദി ജീവജാലങ്ങൾ ഉണ്ടായിരുന്നിരിക്കാം. ഇതെല്ലാം ഭൂമിയിൽ ആദിമനുഷ്യൻപോലും ജനിക്കുന്നതിനു മുമ്പുള്ള സ്ഥിതിയാണ്. മനുഷ്യാവിർഭാവാനന്തരം ഇതുപര്യന്തം എവറസ്ററു നിശ്ചയമായും തുഷാരവസന വിഭൂഷിതനായ ഒരു ഭയങ്കര രാക്ഷസനായി മനുഷ്യകുലത്തെ ഭയപ്പെടുത്തി, അവരുടെ ആദ്ധ്യാത്മിക ചിന്തകളേയും ഊഹാപോഹശക്തികളുടെ പ്രയോഗചാതുരിയേയും പരിപോഷിപ്പിച്ചുകൊണ്ടു് അജയ്യനായിത്തന്നെ സ്ഥിതിചെയ്തിരിക്കണം. എവറസ്റ്റിൻെറ ഇരുവശങ്ങളിലും നിവസിക്കുന്ന നീപ്പാളത്തുകാക്കും, ടിബററുകാക്കും, ഇതുവരെ എവറസ്റ്റിൽ കയറാൻ സാധിച്ചിട്ടില്ലെങ്കിൽ നിശ്ചയമായും, ആദിമയുഗങ്ങളിലെ മനുഷ്യർ അതിൻെറ മുകളിൽ കയറിയിരുന്നിരിക്കയില്ല. 1922 മെയ്മാസം ഇരുപതാംതിയതിയാണ് മനുഷ്യൻ എവറസ്റ്റ് പർവ്വതത്തിൽ ആദ്യമായി കയറിയ സുദിനം അഥവാ സുവർണ്ണദിനം. ഉത്തരകോളത്തിൽനിന്നും എവറസ്ററു ശൃംഗത്തിലേക്കുള്ള പർവ്വതകടകത്തിൽ പ്രഥമമായി കാലുവെച്ചതു് ഈ ആരോഹകന്മാരിൽ ആരാണെന്ന് നമുക്കു നിശ്ചയമില്ല. ആദ്യഘട്ടങ്ങളിൽ മോർഷീഡു നേതൃത്വംവഹിച്ചു മുൻപേ നടന്നിരുന്നു. അതുകൊണ്ടു ലോകാവിർഭാവത്തിനുശേഷം ഇതുവരെ മനുഷ്യപാദങ്ങൾ ഏററിട്ടില്ലാത്ത ഏററവും പരിപാവനമായ പർവ്വതമുഖത്തു് പ്രഥമമായി കാലുവെച്ച എന്നുള്ള ബഹുമതിക്കർഹൻ മോർഷീഡു തന്നെയായിരിക്കാം. അങ്ങനെയാണെങ്കിൽ അതു ഏററവും ആഗ്രഹണീയവുമാണ്. ഇൻഡ്യൻ സർവ്വേ ഡിപ്പാർട്ടുമെൻറിലെ ഒരു ഉദ്യോഗസ്ഥനായ അദ്ദേഹത്തിനുതന്നെയാണ് ഈ ബഹുമതി ലഭിക്കേണ്ടതു്. പ്രസ്തുത സർവ്വേ ഡിപ്പാർട്ടുമെൻറിൽ കുറെക്കാലങ്ങൾക്കുമുമ്പ് സർവെയർ ജനറലായി ജോലിനോക്കിയിരുന്ന സർ ജോർജ്ജ് എവറസ്റ്റ് ആണ് ആദ്യമായി എവറസ്ററു കൊടുമുടിയുടെ സ്ഥാനവും പൊക്കവും നിർണ്ണയിച്ച മഹാൻ. അദ്ദേഹത്തി

ന്റെ മഹിമയേറിയ നാമംതന്നെയാണ് എവറസ്റ്റിന നല്കി
യിരിക്കുന്നതും.

ഇത്രയും കയറിയപ്പോൾ കണ്ട പൎവ്വതപ്രകൃതം എന്താ
യിരിക്കാം? ദൂരെ നിന്ന നോക്കിയിട്ട കയറാവുന്നതാണെന്നല്ലെ
തോന്നിയതു? അടുത്തു വന്നപ്പോൾ എങ്ങനെയിരിക്കുന്നു? ഉത്തര
മുഖത്തിന്റെ മുകളിലേക്ക നോക്കിയാൽ വടക്കുകിഴക്കനെ സമീപി
ക്കുംതോറും പൎവ്വതം ത്തുക്കനെ ചരിഞ്ഞു ചരിഞ്ഞു കിടക്കുന്നതാ
യി കാണപ്പെടുന്നു. ആരോഹകന്മാൎക്ക മുഖപൎവ്വതത്തിന്റെ ഉപ
രിതലത്തിൽ കൂടെയൊ, അതിന്റെ വലത്തുവശത്തുകൂടെയോ പു
രോഗമനം ചെയ്യാം. പൎവ്വതപ്രകൃതമല്ല കയററത്തിന വലിയ വി
ഘാതമായിനില്ക്കുന്നതു്. അതിശീതവും കാററും സഹിക്കുകയും അ
ത്യുച്ചത്തിലെ വായുസ്ഥിതിയെ ജയിക്കയും ചെയ്യുന്നതിനായിരു
ന്ന യഥാൎത്ഥവിഷമം. ഭാഗ്യവശാൽ അന്നത്തെ പ്രഭാതം പ്രകാ
ശമാനവും ശാന്തവും ആയിരുന്നു. പക്ഷെ തണുപ്പു അതിയായി
വൎദ്ധിച്ചുതന്നെ വന്നു. ആരോഹകന്മാർ ഉടുപ്പുകൾ കുറേക്കൂടെ ധ
രിച്ചുതുടങ്ങി. സൂൎയ്യൻ മേഘങ്ങൾക്കിടയിൽ മറഞ്ഞു. അവർ ഓ
രോ അടി മുകളിലേക്ക കയറുന്തോറും ശൈത്യം അസഹനീയമാ
യും ക്രമപ്രവൃദ്ധമായും വൎദ്ധിച്ചുവന്നു. ശ്വാസോച്ഛ്വാസത്തിന
കൂടെ അവൎക്ക വിഷമമായിത്തുടങ്ങി. ഓരോ അടി മുന്നോട്ട
വെയ്ക്കുമ്പോഴും ദീൎഘമായി പല പ്രാവശ്യം ശ്വാസോച്ഛ്വാസം
ചെയ്യേണ്ടതായി വന്നുകൂടി.

പതിനൊന്നരമണിയായപ്പോഴേക്കും ൨൭൦൦൦ അടി ഉയ
രത്തിലെത്തി. അപ്പോൾ അവൎക്ക ഒരു ബുദ്ധിമുട്ടനേരിട്ടു. ൨൮൦൦൦
അടി ഉയരംവരെ കയറണമെന്നാണ് അവർ അപ്പോൾ നിശ്ചയി
ച്ചിരുന്നതു്. പക്ഷെ ആ ഉയരത്തിൽ ഒരു ചെറിയ കൂടാരം അ
ടിക്കാനുള്ള സമതലം എവിടെ കിട്ടും? എല്ലായിടവും ചരിഞ്ഞു
ത്തുക്കായി കിടന്നിരുന്നു. ഒരാൾക്കുമാത്രം പോലും കിടക്കത്തക്ക
വിധത്തിൽ ഒരു ചെറു കൂടാരമടിക്കുന്നതിന് പൎവ്വതപ്രകൃതം തീ
രെ അനുവദിക്കയില്ല. എങ്കിലും ഒരു ക്യാമ്പ് അടിക്കാതെ കാൎയ്യ
വും സാധിക്കയില്ലല്ലൊ. അപ്പോൾ അതിന അനുയോജ്യമായ ഒരു
സ്ഥലം കണ്ടുപിടിക്കണം. അതു വല്ല സമയത്തും കണ്ടുപിടിച്ചാ
ൽ പോരാ. ചുമട്ടുകാൎക്ക അന്ന വൈകുന്നതിന മുമ്പു ഉത്തര
കോളത്തിലെ കൂടാരത്തിലെത്താനുള്ളതാണ്. മുകളിലേക്ക കൊ
ണ്ടുവന്നിരിക്കുന്ന കൂടാരവും ഭക്ഷണസാമഗ്രികളും ആരോഹകന്മാ
ൎക്ക മാത്രം വേണ്ടതേയുള്ളു. ഈ അത്യുയരപ്രദേശത്തു വളരെ വി

ഷമിച്ചു ഒരുതരത്തിൽ അവർ രണ്ടു കൂടാരങ്ങൾ ഉറപ്പിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. മൂന്നു മണിയായപ്പോൾ മൂന്നു ചുമട്ടുകാരെ ഉത്തരകോളത്തിലേക്കു തിരിയെ അയക്കുകയും ചെയ്തു.

രണ്ടുപേൎക്കു കിടന്നുറങ്ങത്തക്ക ഒരു ചെറു കൂടാരമടിക്കാൻ സ്ഥലം കിട്ടുകയില്ലെന്നുള്ളതിൽ നിന്നു് പർവ്വതത്തിന്റെ പ്രകൃതം ഏകദേശം നമുക്കു ഊഹിക്കാം. എവറസ്റ്റ്മുഖം കോട്ടപോലെ കിഴക്കാംതൂക്കായിരുന്നില്ല എങ്കിലും, വളരെ തൂക്കനെ ചരിഞ്ഞുതന്നെയാണു കിടക്കുന്നതു്.

അന്നുരാത്രി വിശേഷ വിധിയായി ഒന്നുംതന്നെ ഉണ്ടായില്ല. ഘൎമ്മാപനയന്ത്രം ഏഴു ഡിഗ്രിവരെ ഊഷ്മാവു് കാണിച്ചുകൊണ്ടിരുന്നു. അടുത്തദിവസം രാവിലെ കൂടാരത്തിൽനിന്നു പുറപ്പെട്ടു് ൨ മണിയോടുകൂടി എവറസ്റ്റിന്റെ പരിഗ്രപ്തിയിൽ (അഗ്രത്തിൽ) എത്താമെന്നു് അവർ സമാശ്വസിച്ചു. എവറസ്റ്റ് അവരുടെ അക്ഷികൾക്കുമുമ്പിൽ വളരെയടുത്തു് — നേരേയാണെങ്കിൽ ഒരു മൈലിലധികം കാണുകയില്ല — സ്ഥിതിചെയ്യുന്നു. സോമർവെല്ലും മാലൊറിയും ഉന്മേഷചിത്തരും ഉത്സാഹഭരിതരും ആയിരിക്കുമെന്നു നമുക്കു ഉദ്ദേശിക്കാം. പക്ഷെ അടുത്തദിവസം പ്രഭാതത്തിൽ അപ്രകാരമല്ലായിരുന്നു യഥാൎത്ഥസ്ഥിതി അവൎക്കു വലിയ ചുറുചുറുപ്പും ചുണയുമൊന്നുമില്ലായിരുന്നു എന്നാണു് മാലൊറിയുടെ പ്രസ്താവനയിൽനിന്നുമറിയുന്നതു്. അതുകൊണ്ടു് മനുഷ്യൻ 25000 അടി ഉയരത്തിൽ എത്തിയാൽ അവരുടെ ഉത്സാഹം തീരെ മന്ദീഭവിച്ചു് അലസന്മാരായിത്തീരുമെന്നു് നമുക്കു അനുമാനിക്കാം. എന്നാൽ യഥാൎത്ഥം അങ്ങനെയല്ല; കാൎയ്യംവേറെയാണു്. വലിയ ഒരു മത്സരഓട്ടത്തിൽ നിർദ്ദിഷ്ടസ്ഥാനത്തു് എത്താറാകുമ്പോഴേക്കു് ഓട്ടക്കാർ എപ്രകാരം ക്ഷീണിച്ചും കിതപ്പോടുകൂടിയും ഇരിക്കുമോ അതുപോലെ ആരോഹകന്മാർ അവിടെ വിജയലബ്ധിയിലേക്കടുക്കുന്തോറും അത്യധികം ക്ഷീണിച്ചും തളൎന്നുംവന്നു. മത്സരക്കളികളിൽ ആഹ്ലാദഭരിതരായ കാഴ്ചക്കാർ ആൎപ്പു വിളിച്ചും ഹസ്തതാഡനംചെയ്തും, മത്സരിക്കുന്നവരെ ഉത്സാഹിപ്പിക്കുന്നതു അവൎക്കു അല്പമൊരു ആശ്വാസപ്രദമാണു്. ആരോഹകന്മാൎക്കു പരഹൃദയജ്ഞാനമുണ്ടായിരുന്നു എങ്കിൽ ഇതുപോലെ അല്പമൊരു ആശ്വാസത്തിനു വഴിയുണ്ടായിരുന്നു. ഇംഗ്ലണ്ടിലുള്ള പലമാന്യന്മാരും, ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിവസിക്കുന്ന അനേകം മഹനീയന്മാ

രും, ഇവരുടെ ആരോഹണഫലം ഉൽക്കണ്ഠയോടെയാണ് പ്രതീക്ഷിച്ചുകൊണ്ടിരുന്നതെന്ന് അവർ അറിഞ്ഞിരുന്നു എങ്കിൽ നിശ്ചയമായും തെല്ലൊരു ആശ്വാസവും, ഉന്മേഷവും അവക്കുണ്ടാകുമായിരുന്നു. പക്ഷേ നമ്മുടെ ആരോഹകന്മാക്ക ആപ്പുവിളികളുടെയും, ആഹ്ളാദസ്വനങ്ങളുടെയും ഉത്തേജക വീയ്യത്തോടുകൂടിയല്ല, അവരുടെ ഉദ്ദിഷ്ടസ്ഥാനത്ത് കയറേണ്ടിയിരുന്നത്. പ്രത്യുത ഭയാനകവും, മൃതസമാനവുംആയ പ്രശാന്തതയിൽ ഏകന്മാരായിത്തന്നെ അവരുടെ സാഹസിക വിജയലബ്ധിയുണ്ടാക്കണം. ആ അതിശീതളമായ നിജ്ജീവാവസ്ഥയിൽ പ്രശാന്തവും അഗാധവുംആയ മനുഷ്യമനഃശക്തി ഒന്നുമാത്രം ഗംഭീരമായ പ്രകൃതിശക്തിയോടു പോരാടണം.

ഇരുപത്തിയൊന്നാംതീയതി പ്രഭാതത്തിൽ ഹിമകണങ്ങൾ ശക്തിയായി വഷിച്ചുകൊണ്ടിരുന്നു. പവ്വതപ്രദേശങ്ങൾ മുഴവൻ മൂടൽമഞ്ഞിൽ ആവൃതമായി. തണുത്തു മരവിച്ച ചപ്പാത്തുകൾ ശരിയായ ആകൃതിവരുത്തി ധരിക്കുന്നതിനും, പ്രാതൽ തയ്യാറാക്കുന്നതിനും അധികനേരം വേണ്ടിവന്നു. ഉദ്ദേശം എട്ടുമണിയോടുകൂടിയേ പവ്വത കുഞ്ജരമകുടത്തിലേക്കുള്ള യാത്രആരംഭിക്കാൻ സാധിച്ചുള്ളു. വടക്കുകിഴക്കനിൽ എത്തി അതുവഴി മുകളിലേക്കു കയറണമെന്നായിരുന്നു അവരുടെ ഉദ്ദേശ്യം. യാത്രതുടങ്ങാറായപ്പോൾ മോർഷീഡിനു തീരെ സുഖമില്ലെന്നും ബാക്കിയുള്ളവർ കയറി തിരിയെ വരുന്നതുവരെ കൂടാരത്തിൽ കഴിച്ചുകൂട്ടിക്കൊള്ളാമെന്നും അദ്ദേഹം പറഞ്ഞു. തനിക്കു സുഖമില്ലെങ്കിലും താൻ ബാക്കിയുള്ളവരുടെ പുരോഗമനത്തിനു തടസ്ഥമാകരുതെന്ന് അദ്ദേഹം നിശ്ചയിച്ചു.

മലഞ്ചെരിവ് ഒന്നിനൊന്നു തൂക്കായിത്തന്നെ വന്നുഎങ്കിലും അപകടകരമായി യാതൊന്നുമില്ലായിരുന്നു. അവർ എവറസ്റ്റിൻെറ മുഖത്തിൽ എത്തി. ഏററവും വലിയ വിഷമം ശ്വാസോഛ്വാസത്തിനായിരുന്നു. ധൃതഗതിയിലും ആഗ്രഹാനുസരണവും മുന്നോട്ടുപോകാൻ യാതൊരു മാഗ്ഗവും കണ്ടില്ല. ഓരോ കാലടിയും പ്രത്യേകം കരുതിയും സാവധാനമായും വെയ്ക്കണം. ഓരോനിമിഷവും മനഃപൂവ്വം ശ്വാസം ഉള്ളിലേയ്ക്കു വായിൽക്കൂടിയും നാസാരന്ധ്രങ്ങളിൽക്കൂടിയും കടത്തിവിടണം. ഈ സാഹചയ്യങ്ങളിൽ ഇനിയും ഉള്ളവിജയം അവരുടെ ശ്വാസകോശത്തിൻെറ ശക്തിയെ അടിസ്ഥാനമാക്കിയിരിക്കുമെന്ന് അനുമാനിക്കാം.

ഇരുപതു മുപ്പതു മിനിട്ട് കയറുന്നതിനിടയ്ക്കു നാലഞ്ചു മിനിട്ട് വീതം ഓരോ സ്ഥലത്തുനിന്ന് ശ്വാസം ശേഖരിക്കേണ്ടിയിരുന്നു. ശ്വാസോഛ്വാസത്തിനുള്ള പ്രതിബന്ധഫലം കയററത്തിലും പ്രതിഫലിച്ചു തുടങ്ങി. അവരുടെ കയററ ഗതി ഓരോ മണിക്കൂറിലും കുറഞ്ഞു കുറഞ്ഞു വന്നു. ആദ്യത്തെ മണിക്കൂറിൽ നാനൂറും പിന്നീട മുന്നൂറും അടികൾ മാത്രമായി കയററം. ഇനിയും മുകളിലേയ്ക്കു ചെല്ലുമ്പോൾ വേഗഗതി ഇതിലും കുറയാനാണെളുപ്പം. എവറസ്റ്റിൻെറ അഗ്രത്തിൽ എത്താൻ അസാദ്ധ്യമായിരിക്കുമെന്നു ഒരു വിചാരവീചി അവരുടെ ഹൃദയങ്ങളിൽ സംജാതമായിത്തുടങ്ങി. അവരുടെ കൂടാരത്തിൽ നിന്ന് എവറസ്റ്റിൻെറ മുകളിലേയ്ക്കു ഇനി നാലായിരം അടികൂടി കയറിയാൽ മതി. മണിക്കൂറിൽ നാനൂറടി വീതം കയറിയാലും പത്തു മണിക്കൂറുകൊണ്ടേ മുകളിൽ എത്താൻ സാധിക്കയുള്ളൂ. മുകളിൽ എത്തിയാൽത്തന്നെ പോരാ, തിരിയെ ക്യാമ്പിൽ എത്തുന്നതിനുള്ള ദേഹബലവും പ്രസരിപ്പും അവർക്കുണ്ടായിരിക്കേണ്ടതും ആവശ്യമാണ്. മുകളിൽ ചെന്നു കഴിഞ്ഞു ക്ഷീണാധിക്യത്താൽ ഇറങ്ങാൻ വഹിയാതെയായാൽ അവരുടെ ദേഹി അവിടെ വെച്ച് പിരിഞ്ഞു പോകും. ഈദൃശമായ ആലോചനകൾ ആരോഹകന്മാരുടെ മനസ്സിൽ കടന്നു കൂടി. അവരുടെ ആഗ്രഹം ഹാ! നിശ്ചയമായും സാധിക്കയില്ല. രണ്ടര മണിയായപ്പോൾ തിരിയെ പുറകോട്ടുതന്നെ തിരിക്കുന്നതിന് നിശ്ചയിച്ചു. അവരുടെ സീമാതീതമായ കായക്ലേശങ്ങളും നിരവധി ത്യാഗങ്ങളും ഭീമമായ പണനഷ്ടവും എല്ലാം അവർ അപ്പോൾ ഓക്കാതിരുന്നില്ല. ജീവൻ വെടിഞ്ഞാലും മുകളിൽ എത്താൻ മാർഗ്ഗം ഉണ്ടായിരുന്നെങ്കിൽ അവർ കയറുമായിരുന്നു. പക്ഷെ പരിതസ്ഥിതികൾ കൊണ്ടു ഇനിയും കയറാൻ ശ്രമിച്ചാൽ ജീവൻ വൃഥാ വെടിയുകയല്ലാതെ വിജയമാർഗ്ഗം ഉണ്ടാകയില്ലെന്നു നിശ്ചയിച്ചു. അവർ വിവേചനാ ബുദ്ധിയോടുകൂടി മുകളിൽ എത്താൻ സാധിക്കയില്ലെന്നു മനസ്സിലാക്കി. പിന്നീട കോണമാപനയന്ത്രം (പർവ്വതങ്ങളുടെയും ശൃംഗങ്ങളുടെയും ഉയരമളക്കാനുള്ള ഒരു യന്ത്രം) ഉപയോഗിച്ചു അളന്നു നോക്കിയതിൽ അവർ 26985 അടി ഉയരം വരെ എത്തിയിരുന്നു എന്നു മനസ്സിലായി.

വാസ്തവത്തിൽ അവർക്കു നിരാശയൊന്നും വിചാരിച്ചിട്ടാവശ്യമില്ലായിരുന്നു. ലോകത്തിൽ ഇതുപര്യന്തം ആരും ഇത്ര ഉയരത്തിൽ കയറിയിട്ടില്ലായിരുന്നു. ഇതുവരെ കയറിയിട്ടുള്ളതി

നേക്കാരം 2600 അടി കൂടുതൽ ഉയരത്തിൽ കയറുന്നതിന് അവക്കു സാധിച്ചു. ഇതോടുകൂടി അവർ ലോകത്തിലെ ഏററവും സമത്ഥന്മാരായ ആരോഹകന്മാരായിത്തീന്നിരുന്നു. എങ്കിലും വടക്കു കിഴക്കൻെറ ശിരസ്സിനു മുന്നൂറുനാന്നൂറ് അടി ഉയരം വരെ സമീപിച്ചപ്പോരം അതിനു മുകളിൽ കയറി മറുവശത്തേക്കു ഒന്നു നോക്കുന്നതിനും, ഡാർജിലിങ്ങ് വശത്തെ പവ്വതപംക്തികളും ഇൻഡ്യൻ സമതലങ്ങളും വിദൂരത്തിൽ കാണുന്നതിനും, അവക്ക് അതിയായ മോഹമുണ്ടായിരുന്നിരിക്കണം. പക്ഷെ അപ്പോരം മാലൊറിക്കും കൂട്ടുകാക്കും ഇങ്ങനെയൊരു ചിന്ത അല്പം പോലുമില്ലായിരുന്നു. അവരുടെ വികാര ചേഷ്ടകരം നിശ്ചലങ്ങളും മൃതങ്ങളുമായി ഭവിച്ചിരുന്നു. മുകളിൽ എത്താൻ സാദ്ധ്യമല്ലെന്നു അവർ സശിരഃകമ്പം സമ്മതിച്ചുകഴിഞ്ഞു. അതോടുകൂടെ കഴിയുന്നതും വേഗത്തിൽ പിൻതിരിഞ്ഞാൽ മതിയെന്നായി അവരുടെ ആഗ്രഹം. ഒരു പക്ഷേ ആ സമയത്തു അവരുടെ ഹൃദയത്തിൽ വലിയ നിരാശയില്ലായിരുന്നിരിക്കണം. അവരുടെ പ്രധാന ആഗ്രഹം സാധിച്ചില്ലെങ്കിലും ലോകത്തിലെ ഏററവും സമത്ഥന്മാരായ ആരോഹകന്മാർ എന്ന പേരു ആർജ്ജിച്ചു കഴിഞ്ഞുവല്ലോ. ഈ യശസ്സമ്പാദ്യത്തിൻെറ ഗൂഢമായ സംതൃപ്തിയെങ്കിലും അവക്കില്ലാതിരിക്കുമോ? ആ സന്ദർഭത്തെപ്പററി സോമർവെൽ ഇങ്ങനെ പറയുകയുണ്ടായി, "ആ സ്മരണീയ സന്ദർഭത്തിൽ പവ്വതത്തിനു മുകളിൽ കയറിയോ ഇല്ലയോ എന്നുള്ളതു തീരെ അഗണ്യമായിത്തന്നെ എല്ലാവരും കരുതി. അതിലുള്ള ആഗ്രഹവും സകലക്കും അസ്തമിച്ചിരുന്നു." ആരോഹകന്മാരുടെ ദേഹദേഹികളിലുണ്ടായിരുന്ന ഉന്മേഷത്തിൻെറ കണിക പോലും ശേഷിച്ചിരുന്നില്ല.

നാലുമണിയോടുകൂടി അവർ തിരിയെ കൂടാരത്തിൽ എത്തി. മോർഷീഡു് തീരെ അസ്വസ്ഥനായിത്തന്നെ അവിടെ കിടന്നിരുന്നു. കഴിയുന്നതും വേഗത്തിൽ എല്ലാവരും കൂടെ ഉത്തരകോളത്തിലേയ്ക്കിറങ്ങുകയെന്നുതന്നെ നിശ്ചയിച്ചു. തിരിയെ ഇറങ്ങുന്ന വഴി അവക്കു വലിയ ഒരാപത്തു സംഭവിക്കാൻ തുടങ്ങി. ദൈവാധീനത്താൽ ഒരുത്തക്കും ജീവാപായം ഉണ്ടായില്ല. ആരോഹകന്മാർ നാലുപേരും ഒരു കയറുകൊണ്ട് പരസ്പരം ബന്ധിച്ചാണിറങ്ങിയതു്. മാലൊറി മുമ്പിൽ മാഗ്ഗദശിയായി നടന്നു. മൂന്നാമതായി ഇറങ്ങിയ ആരം കാലു വഴുതി നാലാമത്തെയാളിനെക്കൂടെ മറിച്ചിട്ടു. രണ്ടാമതായി നിന്നിരുന്ന ആരം കയ

റിൽ പിടിച്ച് വീഴ്ചയുടെ ശക്തി അല്പം കുറച്ചെങ്കിലും വീഴാതെ നില്ക്കുന്നതിനു ശക്തനായില്ല. അടുത്ത നിമിഷത്തിൽ മൂന്നുപേരും ഭയങ്കരമായ ആപൽഗത്തത്തിലേക്കു നിപതിച്ചു! അന്നു നിമിഷം മിന്നൽപിണർപോലെ അവർ മൂന്നുനാലായിരം അടി അഗാധമായിക്കിടക്കുന്ന ഗത്തത്തിലേക്കു വീണു് ഛിന്നഭിന്നമായി ധൂളിമാനമായി തകൎന്നുപോകുമായിരുന്നു. പുറകിൽ ഏതോ അത്യാഹിതം സംഭവിച്ചു എന്നറിഞ്ഞ ഉത്തരക്ഷണത്തിൽ സന്ദർഭോചിതബുദ്ധിമാനായ മാലൊറി തന്റെ ഹിമക്കുന്താലി ശക്തിയായി മഞ്ഞുകട്ടിയിൽ ഉറപ്പിച്ച് തന്റെ അരയിൽ ബന്ധിച്ചിരുന്ന കയറു് അതിന്മേൽ ചുററി ബലമായി പിടിപ്പിച്ചു. ആരോഹകന്മാർ മൂന്നുപേരും മാലപോലെ കയറിൽ തൂങ്ങിക്കിടന്നു പിടക്കുന്നു! ആൎക്കും സാരമായ പരുക്കുകൾ ഒന്നും പററിയില്ല. മാലൊറിയുടെ അസാധാരണമായ പ്രതിഭാവിലാസവും സാമൎത്ഥ്യവുംകൊണ്ടു് മൂന്നു പേരുടെ ജീവനെ രക്ഷിക്കുന്നതിനിടയായി.

ഈ പ്രതിയാനത്തിൽ മേൽപ്രസ്താവിച്ചതു കൂടാതെയും അപകടഘട്ടങ്ങൾ ഉണ്ടായി. കുറെ ഇറങ്ങിക്കഴിഞ്ഞപ്പോൾ കട്ടുന്തുക്കായ ഒരു സ്ഥലത്തു് നടകൾ വെട്ടി ഇറങ്ങേണ്ടതായി വന്നു. മോർഷീഡിന് പരാശ്രയം കൂടാതെ നില്ക്കുന്നതിനുപോലും കെല്പില്ല. സാവധാനത്തിൽ നടകൾ വെട്ടിയിറങ്ങുകയെന്നുള്ളതു് ഏററവും പ്രയാസമേറിയതും, മനുഷ്യന്റെ ക്ഷമയെ അമിതമായി പരിക്ഷിക്കുന്നതുമായ ഒരു സംഗതിയാണു്. നേരം വൈകിത്തുടങ്ങി. താഴോട്ടുള്ള ഇറക്കവും അന്നുനിമിഷം മന്ദഗതിയിലായി. അന്ധകാരത്തിൽ മാർഗ്ഗനിർദ്ദേശവും വിഷമമായിത്തീൎന്നു. വളരെ കഷ്ടപ്പെട്ടു് അവർ ഒരുവിധത്തിൽ ഉത്തരകോളത്തിലെത്തി. ഇനിയും അവൎക്കു പല ഗഹ്വരങ്ങളും, വിള്ളലുകളും അപകടഘട്ടങ്ങളും തരണം ചെയ്യണം. ചെറിയ ഒരു ദീപം കൈവശമുണ്ടായിരുന്നു എങ്കിലും അവൎക്കു പല തവണയും മാൎഗ്ഗവിഭ്രമണം ഉണ്ടായി. അവരുടെ ജീവിതത്തിൽ ഒരിക്കലും വിസ്മരിക്കയില്ലാത്ത ആ ദിവസം രാത്രി പതിനൊന്നരമണിയോടുകൂടെ അവർ കൂട്ടുകാർ വസിച്ചിരുന്നതായ ക്യാമ്പിലെത്തി. ക്ഷുൽപിപാസാദികളാൽ വിവശരായി തളൎന്നു ജീവച്ഛവങ്ങളായി ക്യാമ്പിലെത്തിയ ഉടനെ തങ്ങളുടെ കഷ്ടതകൾക്കു തല്ക്കാലമൊരാശ്വാസമുണ്ടാകുമെന്നു അത്യാൎത്തിയോടെ അവർ കരുതി. ദാഹംകൊണ്ടു് ഉണങ്ങി വരണ്ട അവൎക്ക് എന്തെങ്കിലും അല്പം ചൂടുള്ള പാനീയം കുടിക്കുന്നതിനു

ള്ള ആഗ്രഹം എന്തുമാത്രമായിരുന്നു എന്നുള്ളതു് അവാച്യമായിരുന്നു. വെള്ളം വേണമെങ്കിൽ മഞ്ഞുകട്ടി ഉരുക്കണം. അവർ അവിടെ എത്തിയപ്പോഴേയ്ക്കും പാചകത്തിനുള്ള പാത്രങ്ങൾ ഒന്നും കാണ്മാനുണ്ടായിരുന്നില്ല. പാത്രമൊന്നുമില്ലാതെ എങ്ങിനെ മഞ്ഞുരുക്കും? തണുത്തു മരവിച്ച അവക്കു ചൂടുള്ള യാതൊരു പാനീയവും ലഭ്യമായില്ല. കുഴമ്പുപോലിരിക്കുന്ന ഒരുമാതിരി ജാം — തകര ഡപ്പിയിൽ അടക്കം ചെയ്തുവരുന്നതു—കട്ടിപ്പാലിൽ ഇട്ടു് ഒരു മാതിരി ലേഹ്യപ്രമാണമാക്കി അവർ കുടിച്ചു; അഥവാ തിന്നു. ഇതായിരുന്നു ദാഹശാന്തിയ്ക്കുള്ള ഏക മാൎഗ്ഗം.

ഇതുവരെ ആരും കയറാത്തിടത്തോളം ഉയരത്തിൽ കയറി തൃപ്തിയടഞ്ഞ ആരോഹകന്മാർ ഈ ദുർഭിക്ഷമായ അശനപാനീയങ്ങൾകൊണ്ടു് തൃപ്തിപ്പെട്ടു് നിദ്രാസഞ്ചികളിൽ കയറി. ഇനി എവറസ്റ്റ് കയറാൻ ഇടയായെങ്കിൽ ഉത്തരകോളത്തിൽ ഭക്ഷണപാനീയങ്ങൾ തയാറായി ലഭ്യമാകത്തക്കരീതിയിൽ ഒരു കൂടാരമുണ്ടായിരിക്കേണമെന്നു നോർട്ടൻ ആ രാത്രിയിൽത്തന്നെ മനോനിശ്ചയം ചെയ്തു. അനുഭവമാണല്ലൊ മനുഷ്യൻെറ ഏററവും നല്ല ഗുരു. അത്രയും പ്രസ്പഷ്ടമായി പഠിപ്പിക്കുന്നതിന്നു് മറെറാരു ഗുരുനാഥനും ശക്തനല്ല തന്നെ.

മെയ് 22-ാം തീയതി മൂന്നാമത്തു ക്യാമ്പിലേയ്ക്കിറങ്ങേണ്ടിയിരുന്നു. ധാരാളം മഞ്ഞു് വീണിരുന്നതുകൊണ്ടു് ഇതും വളരെ പ്രയാസകരമായിരുന്നു. പുതിയതായി ഒരു വഴിതന്നെ വെട്ടിയുണ്ടാക്കണം. പല സ്ഥലങ്ങളിലും നടകൾ വെട്ടുകയും വേണ്ടിവന്നു. കൂടാതെ നിദ്രാസഞ്ചികൾ എടുത്തുകൊണ്ടു വരുന്നതിനു ചുമട്ടുകാർ പിന്നെയും ഉത്തരകോളം കയറേണ്ടതായും വന്നുകൂടി. മദ്ധ്യാഹ്നത്തോടു് കൂടി അവർ മൂന്നാമത്തു ക്യാമ്പിൽ എത്തി. വേയ്ക്കഫീൽഡ് എവറസ്റ്റ് യുദ്ധത്തിൽ നിന്നും മടങ്ങിയ യോദ്ധാക്കൾക്കു സ്വാഗതമരുളുകയും ധാരാളം ചായയും ഭക്ഷണസാധനങ്ങളും നൾകുകയും ചെയ്തു. ക്രമേണ ആരോഹകസംഘത്തിൻെറ ചൈതന്യം പുനർജ്ജീവിച്ചു തുടങ്ങി. എങ്കിലും മോർഷീഡിൻെറ അംഗുലികൾ മഞ്ഞുകൊണ്ടു് കോച്ചുകയും അദ്ദേഹത്തിനു് ഹിമദംശനമെന്ന സുഖക്കേടു് ബാധിക്കയും ചെയ്തു. പിന്നിടു് വളരെക്കാലങ്ങൾ കഴിഞ്ഞതിൻെറ ശേഷമാണു ഇദ്ദേഹം ഈ സുഖക്കേടിൽ നിന്നും വിമുക്തനായതു്.

# അദ്ധ്യായം ൰൨.

## പ്രാണവായു ഉപയോഗിച്ചുള്ള ശ്രമം.

മാലൊറിയും കൂട്ടകാരും, ഉത്തരകോളം ഇറങ്ങിവരുന്ന വഴി ഫിഞ്ചും സഹചാരികളും, അമിലതയുപയോഗിച്ച് എവറസ്റ്റിൻെറ മുകളിലെത്താമോയെന്ന് പരീക്ഷിക്കുന്നതിനായി മുകളിലേക്ക കയറുന്നതുകണ്ടു. ഫിഞ്ചാണ് പ്രാണവായൂപയോഗത്തിൽ ഏററവും പ്രബലമായി വിശ്വസിച്ചിരുന്നത്. രസതന്ത്രശാസ്ത്ര പണ്ഡിതനായിരുന്നതിനാൽ ശാസ്ത്രോപകരണങ്ങളുടെ അമൂല്യസഹായത്തെപ്പററി കൂടുതൽ വിശ്വാസവും മതിപ്പും ഇദ്ദേഹത്തിനുണ്ടായിരുന്നു. ഏതു പ്രവൃത്തിയിലും നിസ്സാരമായ ഭാഗങ്ങൾപോലും പ്രത്യേക ശ്രദ്ധയുപയോഗിച്ചു ചെയ്യുകയെന്നൊരു വിശേഷം ഫിഞ്ചിനുണ്ടായിരുന്നു. പ്രാണവായൂപയോഗത്തെപ്പററി ആദ്യംമുതല്ക്കുതന്നെ ബലമായി വാദിച്ചതും ഇദ്ദേഹമാണ്. ഇതിൽ വിദഗ്ദ്ധനെന്നു കണ്ടിട്ട് തദുപകരണങ്ങളെല്ലാം ഇദ്ദേഹത്തിൻെറ മേൽനോട്ടത്തിലാണ് വെച്ചിരുന്നതും.

വൈമാനികന്മാർ സാധാരണയായി പ്രാണവായു ഉപയോഗിക്കാറുണ്ട്. പക്ഷെ പർവ്വതാരോഹണത്തിനു ഇതുവരെ ആരും ഇതുപയോഗിച്ചിട്ടില്ല. അതുകൊണ്ട് മലകയററത്തിനു സൌകര്യപ്രദമായി ഉപയോഗിക്കാവുന്നവിധത്തിൽ ആരുംപ്രാണവായൂപകരണങ്ങൾ നിർമ്മിച്ചിരുന്നില്ല. എവറസ്റ്റ് പര്യടനസംഘക്കാരുടെ കൈവശം ഉണ്ടായിരുന്ന ഉപകരണങ്ങൾ അവരുടെ ആവശ്യാർത്ഥം പ്രത്യേകം നിർമ്മിച്ചതാണ്. അതിൻെറ ഉപയോഗത്തിലുള്ള പ്രായോഗിക വിഷമതകൾ എന്തെല്ലാമെന്നറിയാൻ പാടില്ലാതിരുന്നാൽ പല ന്യൂനതകളും യന്ത്രങ്ങൾക്ക ഉണ്ടായിരിക്കാൻ ഇടയുണ്ട്. ഫിഞ്ച് അധികസമയവും, ഇവയുടെ ന്യൂനതകൾ പരിഹരിക്കുന്നതിനും, ഇവയുടെ ഉപയോഗം ആരോഹകന്മാരെ മനസ്സിലാക്കുന്നതിനും ആയി ചിലവഴിച്ചു. പക്ഷെ ഇദ്ദേഹത്തിൻെറ ഈ ബുദ്ധിമുട്ടുകൾ പ്രതിഫലമില്ലാത്ത ഒന്നുതന്നെയായിരുന്നു. വഹിച്ചുകൊണ്ട് നടക്കുന്നതിന് ഏററവും അസൌകര്യപ്രദമായിരുന്ന ഈ ഉപകരണങ്ങളോട് പ്രകൃത്യാ എല്ലാവക്കും നീരസമാണ് തോന്നിയത്. എന്നിട്ടും ഫിഞ്ചിന് അവയുടെ ഉപയോഗത്തിൽ ഏററവും തീക്ഷ്ണമായ വിശ്വാസമുണ്ടായിരുന്നു. ഒരു പുതിയ ആദർശം പ്രചരിപ്പിക്കേണ്ടവർ അങ്ങനെതന്നെ ആയിരിക്കണമല്ലൊ.

പ്രാണവായൂപയോഗ പ്രചാരകൻ എന്ന നിലയിലും പ്രവീണനായ ഒരു മല കയററക്കാരൻ എന്ന നിലയിലും, അദ്ദേഹത്തിൻെറ സ്ഥിരനിശ്ചയം നിസ്തുല്യം തന്നെയായിരുന്നു. ഇംഗ്ളണ്ടിൽനിന്ന് തിരിക്കുമ്പോൾ തന്നെ ഫിഞ്ചിനു നല്ല ദേഹസുഖമില്ലായിരുന്നു. ടിബററിൽ എത്തിയപ്പോൾ ചില ആമാശയവ്യാധികളും പിടിപെട്ടു. ഇങ്ങനെയൊക്കെ ഇരുന്നിട്ടും അദ്ദേഹത്തിൻെറ മനസ്സ് ഈ വക ദുർഘടങ്ങളെ നിഷ്പ്രയാസം തരണം ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹം മേയ് 16–ാം തീയതി അടിവാരത്തെ ആസ്ഥാന രംഗക്കൂടാരത്തിൽ നിന്നും പർവ്വതാരോഹണാർത്ഥം പുറപ്പെട്ടു കഴിഞ്ഞു. ഫിഞ്ചും, നോർട്ടനും കൂടെ പ്രാണവായു ഉപയോഗിച്ചുകൊണ്ടു ആദ്യം തന്നെ പുറപ്പെടണമെന്നായിരുന്നു വിചാരിച്ചിരുന്നതു്. പക്ഷെ ഫിഞ്ചിനു സുഖമില്ലാതെയിരുന്നതുകൊണ്ട് ആദ്യശ്രമത്തിൽ ഭാഗഭാക്കാകുന്നതിനു സാധിച്ചില്ല. അതിനാൽ നോർട്ടൻ, മോർഷിഡിൻെറക്കൂടെ പോയി സോമർവെല്ലിൻെറയും മാലൊറിയുടെയുംകൂടെ എത്തുകയാണുണ്ടായതു്. അതിനാൽ ഫിഞ്ച് ഇപ്പോൾ ജിയോഫ്രെ ബ്റൂസിനെയാണ് കൂട്ടുപിടിച്ചിരിക്കുന്നതു്.

ആൽപയിൻ ക്ലബ്ബുകാരുടെ വിവക്ഷയനുസരിച്ച് ബ്റൂസ് ഒരു യഥാർത്ഥ ആരോഹകനല്ല. അദ്ദേഹം ഒരു വെറും 'നടപ്പ്'കാരൻ മാത്രമായിരുന്നു. എങ്കിലും ഒരു നല്ല നടപ്പുകാരൻ തന്നെയായ അദ്ദേഹത്തിൻെറ ശരീരസ്ഥിതിയും ഒരു മലകയററക്കാരനു യോജിച്ചതുതന്നെ. വണ്ണംകുറഞ്ഞും പൊക്കംകൂടിയുമിരുന്നു കൂടാതെ പർവ്വതാരോഹണത്തെപ്പററി പഠിക്കുന്നതിനും കഷ്ടതകൾ സഹിക്കുന്നതിനും, അദ്ദേഹത്തിനു നല്ല ഉത്സാഹവും ചുണയും ഉണ്ടായിരുന്നു.

പ്രാണവായുസംഘത്തിലെ മൂന്നാമത്തെ അംഗം, ഇൻഡ്യൻ പട്ടാളവകുപ്പിൽ 'ലാൻഡ് കോർപ്പോറൽ' എന്ന ഉദ്യോഗം വഹിച്ചിരുന്ന 'ടെജ്ബീർ' എന്ന പേരോടുകൂടിയ ഒരു ഗൂർക്കാ ഉദ്യോഗസ്ഥനാണ്. അദ്ദേഹത്തിൻെറ ജോലി, മുൻപേ കയറുന്ന ആരോഹകന്മാർക്കു വേണ്ടിവന്നേയ്ക്കാവുന്ന കരുതൽ പ്രാണവായുക്കുഴലുകളുംകൊണ്ട് അവരെ അനുഗമിക്കുകയാണ്. ആരോഹകന്മാർക്ക് മുകളിലെത്താൻ കഴിഞ്ഞെങ്കിൽ പേരും പെരുമയും അവർക്കിരിക്കും. ടെജ്ബീറിൻെറ സഹായത്തെ അടിസ്ഥാനമാക്കിയാണ് മററുള്ളവരുടെ വിജയം എങ്കിലും അദ്ദേഹത്തിനു഻ ഖ്യാതി ലഭിക്കുകയുമില്ല. എന്തുചെയ്യാം? വലിയ കാര്യങ്ങളെല്ലാം ഇ

തുപോലെയാണ്. യഥാൎത്ഥത്തിൽ കൂടുതൽ ബുദ്ധിമുട്ടുന്നവൎക്ക് പേരുകിട്ടിയില്ലെന്നു വരികയും ചിലപ്പോൾ കയ്യിൽനിന്നു നഷ്ടമുണ്ടാകയും ചെയ്യും. വെറുതെയിരിക്കുന്നവരായിരിക്കും കീൎത്തിധാവള്യനഭസ്സിൽ ജ്യോതിസ്സുകളായിത്തീരുന്നതു്. എങ്കിലും ആരോഹകന്മാർ ടെജ്ബീറിൻെറ പ്രവൃത്തിയെ മുക്തകണ്ഠം അഭിനന്ദിക്കയുണ്ടായി.

വെയിക്കഫിൽഡിനു പ്രതീക്ഷയിൽ കൂടുതൽ അനാരോഗ്യം തോന്നിയതിനാൽ പൎവ്വതശൃംഗപൎയ്യടനത്തിൽ നിന്നു വിരമിക്കേണ്ടിവന്നു. അദ്ദേഹം കംബർലാണ്ടിൽ പ്രസിദ്ധമായ ചില മലകയററങ്ങളൊക്കെ നടത്തിയിട്ടുള്ള ആളാണെങ്കിലും അന്നത്തെ പ്രായമല്ല ഇന്നു്. വെയിക്കഫിൽഡ് മൂന്നാമത്തു ക്യാമ്പുവരെ വന്നു. അനന്തരം ഫിഞ്ചിൻെറയും ജിയോഫ്രെയുടെയും ദേഹപരിശോധന കഴിച്ച് അവരെ മലകയററത്തിനു കൊള്ളാം എന്നു് വിധിച്ചു മുകളിലേക്കയച്ചിട്ടു അവിടെയിരുന്നു. തൃപ്തിയടഞ്ഞു.

ഹിമപ്പരപ്പിൽക്കൂടെയുള്ള പ്രയാണത്തിൽ ബ്രൂസിനേയും ടെജ്ബീറിനേയും, ഹിമശാസ്ത്രത്തിലും പൎവ്വതാരോഹണത്തിലും അവശ്യജ്ഞേയങ്ങളായ സംഗതികൾ പറഞ്ഞു മനസ്സിലാക്കി. അവർ മൂന്നാമത്തു ക്യാമ്പിൽ എത്തിയതു് മേയ് 19—ാംനുയായിരുന്നു. അന്നുതന്നെയായിരുന്നു മാലൊറിയും കൂട്ടുകാരും ഉത്തരകോളത്തിലേക്കു പോയിരുന്നതും. പ്രാണവായു ഉപകരണങ്ങൾ മൂന്നാമത്തു ക്യാമ്പിൽവച്ച് ഒന്നുകൂടെ നന്നാക്കി. മേയ് 22—ാംനു മാലൊറിയുടെ ഉപസംഘത്തെ സഹായിക്കുന്നതിനും, പ്രാണവായൂപകരണങ്ങളുടെ പ്രായോഗികത പരീക്ഷിക്കുന്നതിനും, ഉത്തരകോളം കയറിനോക്കി. അനന്തരം അന്നുതന്നെ മൂന്നാമത്തു് കൂടാരത്തിലേക്കു തിരിച്ചുപോന്നു. അവർ ഉത്തരകോളം മൂന്നു മണിക്കൂർകൊണ്ടു് കയറുകയും 50 മിനിട്ടുകൊണ്ടിറങ്ങുകയുംചെയ്തു. ഈ വിജയം ഫിഞ്ചിനു പ്രാണവായൂപകരണങ്ങളിൽ കൂടുതൽ വിശ്വാസവും സംതൃപ്തിയും ഉളവാക്കി.

ഇവിടെ വെച്ച് നോവെൽ കൂടെ ഫിഞ്ചിൻെറ സംഘത്തിൽ ചേൎന്നു. അദ്ദേഹം ഒരു ഛായാമുദ്രണക്കാരനായിരുന്നു. ബ്രൂസിനെപ്പോലെ അദ്ദേഹവും ഒരു നല്ല നടപ്പുകാരൻ മാത്രമായിരുന്നു. എങ്കിലും എവറസ്റ്റ് കയറുന്നതിന് അദ്ദേഹവും അതിയായി ആഗ്രഹിച്ചു. പല സംവത്സരങ്ങളായി ഇങ്ങനെ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നതുമാണ്. പ്രകൃതിവിലാസഭംഗികളും വിശിഷ്യ

അചലപ്രകൃത ഭംഗികളും അദ്ദേഹത്തെ ഹഠാദാകൃഷ്ടനാക്കി. എവറസ്റ്റിലെ പ്രകൃതിസുഷമകളെയെല്ലാം നിശ്ചല ഛായാഗ്രഹണത്തിലും, പര്യ്യടന സംഘപ്രവത്തനങ്ങളെല്ലാം ചലചിത്ര ഛായാഗ്രഹണത്തിലും കൈവശപ്പെട്ടത്തണമെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിവാഞ്ഛ. പ്രൌഢമായ പവ്വതപ്രകൃത ഗാംഭീര്യ്യവും, ശാന്തമായ സാനുപ്രദേശ ഭംഗിയും മററു വിവിധ മനോജ്ഞ കാഴ്ചകളും എല്ലാം കവന്നെടുത്ത് ചിത്രത്തിലാക്കിക്കൊണ്ടു പോകണമെന്നായിരുന്നു ആ മഹാൻെറ ആഗ്രഹം. അവിശ്രാന്ത പരിശ്രമിയും, കലാവിദഗ്ധനുമായ അദ്ദേഹം ഇതരപര്യ്യടന സംഘാംഗങ്ങളെക്കാരം വളരെ കൂടുതൽ ജോലി ചെയ്തിരുന്നു. പര്യ്യടന സമയങ്ങളിൽ പടമെടുക്കുകയും, ബാക്കിയുള്ളവരുടെ വിശ്രമ വേളകളിൽ ഫോട്ടോകൾ രസായനങ്ങളിലും മററും കഴകി തയ്യാറാക്കുകയും ആയിരുന്നു അദ്ദേഹത്തിൻെറ പ്രധാന ജോലി. ആ കൂടാരങ്ങളിൽവെച്ച് ഫോട്ടോകൾ പകത്തുകയും കഴകുകയും മററും ചെയ്യുന്നത് അത്ര എളുപ്പമല്ല. സാധാരണ ഫോട്ടോഗ്രാഫർമാക്ക് അതിനുവേണ്ട സജ്ജീകരണങ്ങളോടുകൂടിയ പ്രത്യേക മുറികൾ ഉണ്ടായിരിക്കും. എവറസ്റ്റിൻെറ പരിതപ്രദേശങ്ങളിലുള്ള ലഘുകൂടാരങ്ങളിൽവെച്ച്— പല ദ്രാവകങ്ങളും ഘനീഭവിക്കുകയും,ശക്തിയായി തണുത്തകാററടിക്കുകയും, സൂര്യ്യപ്രകാശം ഫോട്ടൊയെടുക്കുന്നതിന് ആവശ്യമായ തരത്തിൽ ലഭിക്കാതിരിക്കുകയും ചെയ്യുന്നിടത്തുവെച്ച്— ഈ മാതിരി ജോലികൾ ചെയ്യുക കുറെശ്രമസാദ്ധ്യമാണ്. അസാമാന്യമായ ക്ഷമ ആവശ്യമാണുതാനും. വായുവിൻെറ വരൾച്ചകൊണ്ട് ചലചിത്രഛായാമുദ്രണയന്ത്രം ശരിയായി ജോലി ചെയ്യാതെയായി. അതിൻെറ ചില ചക്രങ്ങൾ കറങ്ങുമ്പോൾ വിദ്യുത്സ്ഫുലിംഗങ്ങൾ നാലുപാടും ചിതറുകയും, അതിനാൽ പടങ്ങൾക്കു സ്പഷ്ടതയില്ലാതാകുകയുംചെയ്തു.

നോവെലിൻെറ പടമെടുപ്പു സാമാനങ്ങളെല്ലാംകൊണ്ട് മുകളിൽ കയറുക അസാദ്ധ്യമാണ്. അവയെല്ലാം വഹിച്ചുകൊണ്ട് കയറാൻമാത്രം ഭാരവാഹകന്മാർസംഘത്തിലില്ലായിരുന്നു.എങ്കിലും ഉത്തരകോളത്തിനു മുകളിൽവരെയെങ്കിലും കയറണമെന്ന് അദ്ദേഹം തീരുമാനിച്ചു. ബ്രൂസ്സിൻെറയും ഫിഞ്ചിൻെറയുംകൂടെ 24-ാംതീയതി നോവെലുംപുറപ്പെട്ടു. അന്നുരാത്രി ഉത്തരകോളക്യാമ്പിലെത്തി താമസിച്ചു. പിറേറന്നുരാവിലെ ഫിഞ്ചുംകൂട്ടുകാരുംഎവറസ്റ്റിന്മേലുള്ള ആക്രമണം തുടങ്ങുന്നതിനായി യാത്രതിരിച്ചു.

പന്ത്രണ്ടു ചുമട്ടുകാർ അമിലതാക്കഴലുകളും, കൂടാരസാമാനങ്ങളും ഒരുദിവസത്തേക്കാവശ്യമായ ഭക്ഷ്യപേയങ്ങളും വഹിച്ചുകൊണ്ടു യാത്രയായി. ഒന്നരമണിക്കൂർ കഴിഞ്ഞു് ആരോഹകന്മാർ, ഫിഞ്ചും കൂട്ടരും, പ്രാണവായൂപകരണങ്ങളുപയോഗിച്ചു യാത്ര പുറപ്പെട്ടു. ഇവരുടെ ഈ ഉപകരണങ്ങൾക്കു 30 റാത്തലോളം ഭാരമുണ്ടായിരുന്നു. പ്രാണവായു ഉപയോഗിച്ചുകൊണ്ടു് കയറിയതിനാൽ ഒന്നരമണിക്കൂർ മുൻപേ പോയ ചുമട്ടുകാരുടെ മുമ്പിൽ എത്തി. ഫിഞ്ചിൻെറ ഉദ്ദേശ്യം ൨൬൦൦൦ അടി ഉയരത്തിൽ ഒരു കൂടാരം അടിക്കണമെന്നായിരുന്നു. കയററം കുറെക്കൂടെ തുടന്നപ്പോൾ ഈ ആഗ്രഹം സാധിക്കുമോയെന്നു സംശയിച്ചുതുടങ്ങി. മദ്ധ്യാഹ്നം കഴിഞ്ഞപ്പോഴേക്കും ശക്തിയായ മാരുതകോപം ഉണ്ടാകുന്ന ലക്ഷണങ്ങൾ കാണുകയും ഹിമബിന്ദുക്കൾ നിപതിക്കയും ചെയ്തതുകൊണ്ടു് തല്ക്കാലം അന്നത്തേക്കുള്ള കയററം മതിയാക്കാമെന്നു നിശ്ചയിച്ച് പാളയമടിക്കാൻ ബദ്ധപ്പെട്ടുതുടങ്ങി. സായാഹ്നത്തിനു മുമ്പിൽ സാമാനങ്ങൾ ഈ ഉന്നത പാളയത്തിൽ ഇട്ടുംവച്ച് ചുമട്ടുകാർക്ക് ഉത്തരകോളത്തിലിറങ്ങി രക്ഷപെടേണ്ടിയിരുന്നു. ഈ കൂടാരം സമുദ്രനിരപ്പിൽനിന്നും 25500 അടി ഉയരത്തിലാണ് അടിച്ചതു്. ഇനിയും ൩൦൦൦-ത്തിൽ അധികം അടികൾകൂടെ കയറിയെങ്കിലേ മുകളിലെത്താൻ സാധിക്കയുള്ളു. എങ്ങനെയായാലും ഒരു ദിവസംകൊണ്ടു് അത്രയും ഉയരം കയറി ഇറങ്ങാൻ സാധിക്കയില്ല. കഴിയുന്നതും വേഗത്തിൽ കൂടാരമടിച്ചുകഴിഞ്ഞു് ചുമട്ടുകാരെ തിരിയെ അയച്ചു. അന്നും ഉദ്ദേശിച്ചതിൽ ൫൦൦ അടി കുറച്ചേ കയറുന്നതിനു സാധിച്ചുള്ളു.

ഫിഞ്ചും, ബ്റൂസ്സും, ടെജ്ബീറും വലിയ ഒരപകടസ്ഥലത്താണ് ഇപ്പോൾ സ്ഥിതിചെയ്യുന്നതു്. അത്യപായകരമായ പർവ്വതപ്രപാതത്തിൽ അവർ കയ്യും കാലുംകൊണ്ടു് പൂച്ചയെപ്പോലെ 'അള്ളിപ്പി' പിടിച്ചാണ് കഴിച്ചുകൂട്ടിയതു്. ചുക്കായ ഒരു ചെരുവിലായിരുന്നു അവർ കൂടാരം സ്ഥാപിച്ചതു്. നാലായിരത്തിൽ അധികം അടി താഴ്ചയിൽ ഭയാനകമായിക്കിടക്കുന്ന കിഴക്കാം തൂക്കായ പർവ്വതഭാഗത്തിൻെറ ഒരരുകിലായിരുന്നു അവരുടെ കൂടാരം. അധികം താമസിയാതെ വലിയ ഒരു കൊടുംകാററിനുള്ള ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ഹിമകണങ്ങളും ശക്തിയായി വർഷിച്ചുകൊണ്ടിരുന്നു. മൂന്നുപേരും കൂടാരത്തിനുള്ളിൽ ബലമായി കെട്ടിപ്പിടിച്ചു കിടപ്പായി. തണുപ്പു തീരെ അസഹ

നീയമായിത്തോന്നി. കുറെ ചൂടചായയുണ്ടാക്കി കുടിച്ചാൽ തെല്ലൊരു ആശ്വാസം ലഭിക്കുമെന്നുകരുതി, മഞ്ഞുരുക്കി ചായയുണ്ടാക്കിക്കുടിച്ചുനോക്കി. എന്നിട്ടും യാതൊരു കുറവും കണ്ടില്ല. ഇതിൻെറ കാരണം വെള്ളം തിളപ്പിച്ചിട്ട അതിന് ചൂടപിടിക്കാതിരുന്നതാണ്. ഇത്ര വലിയ ഉയരത്തിൽ വെള്ളം എത്രനേരം തിളപ്പിച്ചാലും അതിന്ന ചൂട അധികമായി പിടിക്കയില്ല. അതിനാൽ അവരുടെ തിളച്ചുമറിയുന്ന ചായക്ക ഒരു ചെറുചൂട മാത്രമെ ഉണ്ടായിരുന്നൊള്ളു.

സായാഹ്നത്തിന്ന ശേഷം കാററിൻെറ ശക്തി ഭയാനകമായി വൎദ്ധിച്ചുവന്നു. കൂടാരത്തിൻെറ പല ഭാഗങ്ങളും കീറിപ്പോയി. കൂടാരത്തേയും അതിനുള്ളിലുള്ള ആളുകളേയും കൂടി പറപ്പിച്ച് വല്ല ഗൎത്തത്തിലും കൊണ്ടുപോയി എറിഞ്ഞുകളയുകയില്ലെ എന്നുകൂടി ഭയപ്പെട്ടു. രാത്രി പല പ്രാവശ്യവും കൂടാരത്തിന്ന വെളിയിൽ ഇറങ്ങി കൂടാരം ബന്ധിച്ചിരുന്ന കുററികളും, മഞ്ഞുകട്ടകളും, ബലപ്പെടുത്തേണ്ടതായി വന്നുകൂടി. രാത്രി മുഴുവനും അവർ കാററിനോട യുദ്ധം ചെയ്യേണ്ടതായിത്തന്നെവന്നു. ചുരുക്കിപ്പറഞ്ഞാൽ അവക്ക രാത്രിയിൽ ഒരുപോള കണ്ണടക്കുന്നതിന്ന സാദ്ധ്യമായില്ല. അതിശക്തനായ ശീതളമാരുതൻ അവൻെറ സൂചിസമാനമായ കരസഹസ്രങ്ങൾകൊണ്ട് നിദ്രാസഞ്ചിയും, കമ്പിളിവസ്ത്രങ്ങളും തുളച്ച് ആരോഹകന്മാരുടെ ശരീരങ്ങളിൽ സ്പൎശിച്ചു.

പ്രഭാതമായപ്പോഴേക്കും ഹിമപാതം ഒരുവിധം നിലച്ചു എങ്കിലും കാററിൻെറ ശക്തി കുറഞ്ഞില്ല. ഇനിയും മുകളിലേക്ക കയറുക തീരെ അസാദ്ധ്യമായിത്തോന്നി. കീഴ്പോട്ടിറങ്ങുന്നതും അപായകരമായിരുന്നു. അതിനാൽ അവർ അവിടെത്തന്നെ കഴിച്ചുകൂട്ടുവാൻ നിർബന്ധിതരായി. ഉച്ചയായപ്പോഴേക്കും കാററിൻെറ ഉഗ്രത ഒന്നുകൂടി വൎദ്ധിച്ചു. കൂടാരത്തിലേക്ക ഒരു വലിയ കല്ലുരുണ്ടുവീഴുകയും അതിന്ന സാരമായ കേടുപററുകയും ചെയ്തു. ദൈവഗത്യാ ആളുകൾക്ക് വലിയ അപകടമൊന്നും ഉണ്ടായില്ല. ഒരു മണിയായപ്പോൾ കാററിൻെറ ശക്തി തെല്ലൊന്നു കുറഞ്ഞു. ഉത്തരകോളത്തിലേക്ക് ധൃതിയിൽ ഇറങ്ങിയാൽ ഒരുവേള അവിടെ നിന്ന രക്ഷപെടാമെന്ന മട്ടായി. പക്ഷെ രക്ഷപെടുന്ന കാൎയ്യത്തെപ്പററി അവക്ക അത്ര ചിന്തയില്ലായിരുന്നു. മുകളിലേക്ക് കയറണമെന്നു തന്നെ അവർ ശഠിച്ചു. അടുത്ത ദിവസം കാററും കോളുമെല്ലാം കുറയുമെന്നും അപ്പോൾ കയററം തുടരാ

മെന്നും അവർ ആഗ്രഹിച്ചിരിപ്പായി. അങ്ങനെയിരിക്കുമ്പോൾ കൂടാരത്തിനുവെളിയിൽ നിന്ന് ചില ശബ്ദങ്ങൾ കേട്ടു. പുറത്തിറങ്ങി നോക്കിയപ്പോൾ ഭക്ഷണസാധനങ്ങളും മററുമായി ഒരു സംഘം ചുമട്ടുകാർ താഴെനിന്നും വരുന്നതാണെന്നു മനസ്സിലായി. ഇവരെ ഉത്തരകോളത്തിൽ നിന്നും നോവെൽ അയച്ചതാണ്.

ആരോഹകന്മാർക്കുപോലും വെളിയിലിറങ്ങാൻ വഹിയാത്ത അന്തരീക്ഷ പ്രകൃതിയിൽ, ഭക്ഷണസാധനങ്ങളും മററുമായിട്ട്, വിശ്വസ്ഥന്മാരും യജമാനപ്രീതിയുള്ളവരുമായ ചുമട്ടുകാർ അവരുടെ ജീവനെപ്പോലും ത്യജിച്ച് സഹായത്തിനായി പുറപ്പെട്ടിരിക്കുന്നു. അവരുടെ വിശ്വസ്തതയും സ്നേഹവും അമൂല്യം തന്നെ. ഈ സംഗതി അവർ വിജയത്തിലേക്കു ഓരോ ദിവസവും എത്രമാത്രം അടുക്കുന്നു എന്നുള്ളതിന്റെ ലക്ഷ്യമായി പരിഗണിക്കാം. ഈ ചുമട്ടുകാർ പ്രവത്തിച്ചതുപോലെ അനുഭാവത്തോടും സ്നേഹത്തോടുംകൂടി എല്ലാവരും പവ്വതാഗ്രത്തിലെത്തുകയെന്ന ഏക ലാക്കിനെ ആസ്പദമാക്കി യോജിപ്പോടുകൂടി പ്രവത്തിച്ചാൽ നിശ്ചയമായും എവറസ്റ്റിനെ മർദ്ദിച്ചു കീഴടക്കുവാൻ സാധിക്കും സംശയമില്ല.

ആരോഹകന്മാർ നന്ദിപൂവ്വം ചുമട്ടുകാരിൽനിന്ന് ഭക്ഷണസാധനങ്ങൾ സ്വീകരിച്ചിട്ട് അവരെ തിരിയെ ഉത്തരകോളത്തിലേക്കയച്ചു. അവർ വളരെ ക്ഷീണിച്ചും ക്ലാന്തന്മാരായും ഇരുന്നിരുന്നു. തലേരാത്രിയിലെ നിദ്രാവിഹീനതയും, കാററിന്റെ ഉഗ്രതയും, എല്ലാം അവക്കു വളരെ ആലസ്യം ഉളവാക്കി. അവരുടെ ദേഹം അത്യധികമായ ശിശിരബാധയുടെ ഉപദ്രവങ്ങൾക്കു ക്രമശഃ വിധേയമായിത്തുടങ്ങി. തീരെ അസഹനീയമായി തോന്നിയപ്പോൾ പ്രാണവായു കുറെ കുഴലിൽനിന്നും ശ്വസിച്ചു നോക്കിയാൽ കൊള്ളാമെന്നു അവക്കു തോന്നി. ആ പരീക്ഷണം വിജയകരമായിരുന്നു. ആ രാത്രിയിൽ അവർ അമിതമായ ക്ഷീണംകൊണ്ടും, ഇടയ്ക്കിടയ്ക്കു പ്രാണവായു ഉപയോഗിച്ചതുകൊണ്ടും, ഒരുമാതിരി ഉറങ്ങിയെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ.

പ്രഭാതമാകുന്നതിനു മുമ്പുതന്നെ കയററത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി. ചെരിപ്പുകൾ തണുപ്പുകൊണ്ട് ചുരുണ്ട് കോടിമാടിയിരുന്നത് തീയുടെ മുകളിൽവെച്ച് ചൂടുപിടിപ്പിച്ച് അതിന്റെ ശരിയായ ആകൃതിയിൽ വരുത്തുന്നതിന് വളരെനേരം ചിലവഴിക്കേണ്ടതായിവന്നു. കൃത്യം 6. 30. നു അവർ ആരോ

ഹണം തുടങ്ങി. ഫിഞ്ചും, ബ്രൂസ്സും, പ്രാണവായുഉപകരണങ്ങളും കാമറായും മററുമായിട്ടാണ് കയറിയതു്. അവക്ക് ഉദ്ദേശം 40 റാത്തൽ ഭാരത്തോളം ചുമക്കാനുണ്ടായിരുന്നു. ടെജ്ബീർ 50 റാത്തലോളം ഭാരമുണ്ടായിരുന്ന രണ്ടുകരുതൽ പ്രാണവായുക്കുഴലുകൾ വഹിച്ചുകൊണ്ടു കയറേണ്ടിയിരുന്നു. ഈ പർവ്വതോപരിഭാഗത്തു് ഇത്രയധികം ഭാരവുംകൊണ്ടു കയറുക അത്രഎളുപ്പമല്ല.

ഫിഞ്ചിൻെറ ഉദ്ദേശ്യം മുഖപർവ്വതത്തിനുമുകളിൽ കയറിയിട്ട് എവറസ്റ്റിലേക്കു തിരിക്കണമെന്നായിരുന്നു. ടെജ്ബീർ കരുതൽക്കുഴലുകളും ചുമന്നുകൊണ്ട് മുഖപർവ്വതത്തിനുമുകളിൽവരെവന്നാൽമതി. അതുകഴിഞ്ഞു് അദ്ദേഹത്തെ തിരിയെ ക്യാമ്പിലേക്ക് അയക്കണം. ബ്രൂസ്സും, ഫിഞ്ചും ആരോഹണംകഴിഞ്ഞു തിരിയെ ക്യാമ്പിലെത്തുമ്പോഴേക്കും ഭക്ഷണസാധനങ്ങളുംമററും പാകപ്പെടുത്തേണ്ടതു് ടെജ്ബീറിൻെറ ജോലിയായിരുന്നു. പക്ഷെ ഉദ്ദേശം 100 അടി കയറിയപ്പോഴേക്കും ടെജ്ബീർ തീരെ അപ്രാപ്തനായിത്തീന്നു. ബ്രൂസ് എത്രതന്നെ നിർബന്ധിച്ചിട്ടും അദ്ദേഹത്തിനു ഒരടിമുമ്പോട്ടു് വെയ്ക്കാൻ കഴിഞ്ഞില്ല. അതിനാൽ ടെജ്ബീറിനെ തിരിയെ അയക്കേണ്ടതായിവന്നു. വാസ്തവത്തിൽ അദ്ദേഹം അത്രയുംഭാരം ചുമന്നുകൊണ്ടു് ആ ഉയരത്തിൽ കയറിയതുതന്നെ അത്ഭുതകരമാണ്. അദ്ദേഹത്തിൻെറ ഈമഹനീയപ്രവൃത്തിക്കു നൽകേണ്ടതായ സകലബഹുമതികളും അദ്ദേഹത്തിനുനൽകി. ടെജ്ബീർ ൨൬൦൦൦ അടി ഉയരംവരെ കയറി.

ബ്രൂസ്സും ഫിഞ്ചും ഉന്മേഷത്തോടുകൂടി കയററംതുടന്നു. കയററം കുറേക്കൂടെ സുഗമമായിവന്നതുകൊണ്ടു് പരസ്പരം ബന്ധിച്ചിരുന്നകയറു് അഴിച്ചു സ്വതന്ത്രമായി കയറിത്തുടങ്ങി. ൨൬൫൦൦ അടി ഉയരത്തിൽ രണ്ടുചെറുകൂടാരങ്ങൾ അടിക്കാനുള്ളസ്ഥലവും അവർ കണ്ടുപിടിച്ചു. കാററിൻെറ ശക്തിവർദ്ധിച്ചതിനാൽ അവർതുടന്നമാർഗ്ഗം അല്പംമാറി പുരോഗമനം ചെയ്യുന്നതു് കുറേക്കൂടി സുഗമമാണെന്നുതോന്നി. എങ്കിലും കയറിവരുന്തോറും പർവ്വതപ്രകൃതം അപകടകരമായി വരുന്നതായിത്തോന്നി. കാലുവഴുതാതെ സൂക്ഷിക്കുന്നതിനുതന്നെ വളരെ പണിപ്പെടേണ്ടിയിരുന്നു. ഇത്രയെല്ലാം അപകടങ്ങൾ ഉണ്ടായിരുന്നിട്ടും പരസ്പരം കയറുകൊണ്ടു് ബന്ധിക്കാതെയാണവർ മുമ്പോട്ടു് ഗമനംചെയ്തതു്. അതിനുപോലും സമയം കളയരുതെന്നായിരുന്നു അവരുടെ ആഗ്രഹം.

കാററിൻെറ ഉഗ്രതയിൽനിന്ന് രക്ഷപെടേണ്ടതിലേക്ക് മുഖപവ്വതത്തിനുനേരെ കടകം മുകളിലേക്കു കയറാതെ ചരുവിൽകൂടെ എവറസ്റ്റിലേക്ക് അടുത്തുകൊണ്ടിരുന്നു. ഉയരത്തിലേക്ക് കയറുന്നില്ലെങ്കിലും, അവർ എവറസ്റ്റിലേക്ക് ഓരോഅടിവീതം അടുത്തുവരുന്നു എന്നുള്ള സംഗതി അവരെ കൂടുതൽ ഉൽസുകരാക്കി. അവർ ൨൭൦൦൦ അടിഉയരമുള്ള ഒരു ഭാഗത്തുനിന്നും നേരെ മുകളിലേക്ക് പിന്നെയും കയറിത്തുടങ്ങി. അപ്പോൾ ബ്റൂസ്സിൻെറ പ്രാണവായു യന്ത്രത്തിന് കേടുപററി. ഉടനെ അദ്ദേഹത്തിൻെറ യന്ത്രം ഫിഞ്ചിൻെറ യന്ത്രത്തോടു സംഘടിപ്പിച്ച്, അതിൽ നിന്നു പ്രാണവായു എടുത്തുകൊണ്ട് യന്ത്രം നന്നാക്കാൻശ്രമിച്ചു. ഇത്രഉയരത്തിൽവെച്ച് യന്ത്രം നന്നാക്കിയെന്നുള്ളത് അത്ഭുതാവഹമായ ഒരു വിജയമായിരുന്നു. 27235 അടിഉയരത്തിൽ എത്തിക്കഴിയുമ്പോൾ മനുഷ്യരുടെ ബുദ്ധിവികാരങ്ങളും പ്രവൃത്തിസന്നദ്ധതയും എല്ലാംമരവിച്ച് ചൈതന്യരഹിതമായിത്തീരും. എന്നിരുന്നിട്ടുപോലും ഫിഞ്ചിന് യന്ത്രംനന്നാക്കുന്നതിന് ആവശ്യമായ മനഃശ്ശക്തിയും ക്ഷമയും ശാസ്ത്രീയജ്ഞാനവും അപ്പോഴും ശേഷിച്ചിരുന്നു.

ആരോഹകന്മാർ വളരെ ഉയരത്തിൽ എത്തി. വിശപ്പും ദാഹവും തലേരാത്രിയിലെ ആരോഹണക്ലേശവും എല്ലാം അവരെ പരവശരാക്കിത്തീർത്തു. ഇതുവരെ പവ്വതാഗ്രത്തിലെത്താൻ സാധിച്ചില്ല. പവ്വതകുലവരേണ്യനായ എവറസ്റ്റ് നാകലോകത്തിലേക്ക് ഗളമുയർത്തി വിഹരിക്കുന്നതു ഇനിയും 1,700 അടി ഉയരത്തിലാണ്. ഇനി എവറസ്റ്റിലേയ്ക്കു അരമൈലിലധികംദൂരമില്ല. പക്ഷെ ഒരടിപോലും മുമ്പോട്ടു വെയ്ക്കാൻ അവക്കു ത്രാണിയുണ്ടായിരുന്നില്ല. വല്ലവിധേനയും ജീവൻ പിരിയാതെ ക്യാമ്പിൽ എത്തിയാൽ മതി എന്നായിരുന്നു അവരുടെ വിചാരം. അവരുടെ ഉത്സാഹത്തിൻെറ പരമാണുക്കൾ കൂടെ അവരെ വിട്ടുപോയി.

അവക്ക് 27235 അടി ഉയരത്തിൽ എത്താൻ സാധിച്ചു. അപ്പോൾ അവരുടെ സ്ഥിതി എന്തായിരിക്കാം? അവർ എന്തെല്ലാം കാഴ്ചകൾ കണ്ടിരിക്കാം? ഈ പ്രശ്നങ്ങൾക്കു ശരിയായ മറുപടി അവർനൾകുന്നില്ല. കാഴ്ചകൾകണ്ടാനന്ദിക്കുന്നതിനും, സംതൃപ്തിയടയുന്നതിനും, അവരുടെശേഷിച്ചഉത്സാഹം അനുവദിച്ചില്ല. എങ്ങനെയെങ്കിലും സുരക്ഷിതരായി താഴോട്ടു ഇറങ്ങുന്നതിലായിരുന്നു അവരുടെ സകല ശ്രദ്ധയും ചൈതന്യവും ഉ

പ്രയോഗിച്ചതു്. അവരുടെ ഈ വിജയഘട്ടത്തെപ്പററി ഫിഞ്ച് ഇത്രയും മാത്രം പ്രസ്താവിക്കുന്നു. "എല്ലായിടവും മേഘത്താൽ ആവൃതമായിരുന്നു. മനോഹരമായ പൂർവ്വമോറിശൃംഗം ആദ്യം അക്ഷികൾക്കു ലക്ഷീഭവിച്ചില്ലെങ്കിലും, പിന്നീടു കുറേശ്ശെ ദൃശ്യമായി." ഫിഞ്ചിനു ഈ അത്യുച്ചത്തിൽവെച്ചു ഒരു ഫോട്ടോയെടുക്കുന്നതിനുപോലും ഓർമ്മയോ ഉത്സാഹമോ തോന്നിയില്ല. ഛായാഗ്രാഹികയ്യിലുണ്ടായിരുന്നു എങ്കിലും ഫിഞ്ച് അതിൻെറ ഉപയോഗം അപ്പോൾ വിസ്മരിച്ചുപോയി. ആരോഹകന്മാരുടെ സകല ശക്തികളും വികാരപരമ്പരകളും താഴോട്ടിറങ്ങുകയെന്നുള്ള ഏക സംഗതിയിൽ കേന്ദ്രീകൃതമായിരുന്നു.

പിൻതിരിയാതെ ഗത്യന്തരമില്ലെന്ന് തീരുമാനിച്ചയുടനെ പരസ്പരം കയറുകൊണ്ടു് ബന്ധിച്ചിട്ട് കഴിയുന്നതും വേഗത്തിൽ അവരോഹണം തുടങ്ങി. 2—30 ആയപ്പോഴേക്കും തിരിയെ ക്യാമ്പിലെത്തി. ടെജ്ബീർ, മൂന്നുപേരുടെയും നിദ്രാസഞ്ചികൾക്കുള്ളിൽ കയറി മൃതപ്രായമായി ഗാഢനിദ്രയിൽ ലയിച്ചുകിടക്കുന്നതാണവിടെക്കണ്ടതു്. കൂടാരങ്ങളും മററും താഴത്തേക്കു കൊണ്ടുപോകാൻ ചുമട്ടുകാർ ഉത്തരകോളം കയറിവരുന്നുണ്ടായിരുന്നു. ഫിഞ്ചും, ബ്രൂസ്സും ത്വരിതമായി ഉത്തരകോളത്തിലേക്കു തിരിച്ചു. അവർ തളർന്നു ക്ഷീണിച്ചും വിറച്ചും നാലുമണിയോടുകൂടി ഉത്തരകോളത്തിലെത്തി. നോവെൽ ചൂടു ചായയും പലഹാരങ്ങളും കൊടുത്തു അവരെ സ്വീകരിച്ചു. അനന്തരം അപ്പോൾ തന്നെ അവിടെ നിന്നു് മൂന്നാമത്തു കൂടാരത്തിലേക്കു തിരിച്ചു. 5.30നു അവിടെയെത്തി. അവർക്കു കയറാൻ സാധിച്ച അത്യുയരത്തിൽനിന്നും 6000 അടി അവർ ഇറങ്ങിക്കഴിഞ്ഞിരുന്നു.

എവറസ്റ്റഗ്രപ്രാപ്തിക്കുള്ള ശ്രമം ഇപ്രകാരം വീണ്ടും വിഫലമായി കലാശിച്ചു.

## അദ്ധ്യായം ൧൩.

### ഹിമപ്രവാഹപതനം.

പർവ്വതാരോഹണ ചരിത്രത്തിൽ അത്ഭുതപൂർവ്വമായ ഒരദ്ധ്യായം പരിപൂർത്തിയാക്കി. പരാക്രമപരമായ ഒരു വലിയ വി

ജയം തന്നെ സമ്പാദിച്ചു. എങ്കിലും എവറസ്റ്റ് അജയ്യനായി പ്രൌഢനായി പുശ്ചരസത്തോടുകൂടി ലോകത്തെ സംവീക്ഷിച്ചുകൊണ്ടു തന്നെ നില്ക്കുന്നതേയുള്ളൂ. ഈ ഭയങ്കര ശൈലരാക്ഷസനോടുള്ള യുദ്ധത്തിൽ പരാജിതരായി പര്യടനസംഘം തീരെ വിവശരായിത്തീൎന്നു. ലോകപ്രസിദ്ധന്മാരായ ആരോഹകന്മാർ പിൻതിരിഞ്ഞു ഓടിക്കഴിഞ്ഞു. ഒരു ഋതുവിൽ രണ്ടുപ്രാവശ്യം എവറസ്റ്ററയുദ്ധം നടത്തുക സാദ്ധ്യമല്ല. എങ്കിലും ആരോഹകന്മാൎക്കു അവരുടെ പരാജയം സമ്മതിക്കുന്നതിനു വൈമനസ്യം തോന്നി. പരിപൂൎണ്ണമായി തോല്പിച്ചോടിക്കുന്നതുവരെ പിൻതിരിയരുതെന്നു അവരും നിശ്ചയിച്ചു. അടിവാരക്കൂടാരത്തിൽ വിശ്രമാൎത്ഥം കുറച്ചു ദിവസങ്ങൾ താമസിച്ചപ്പോൾ ഒരു കൈകൂടെ നോക്കണമെന്ന് അവർ തീരുമാനിച്ചു.

സോമർവെൽ യുദ്ധത്തിനു വീണ്ടും തയ്യാറായി. മാലൊറിക്കു ശകലമൊരു ഹിമദംശനബാധയുണ്ടായിരുന്നു. നോൎട്ടനു ഹിമബാധയും, ഹൃദ്രോഗചിഹ്നങ്ങളും കണ്ടുതുടങ്ങി. മോൎഷീഡു തീരെ അസുഖശരീരനായിത്തീൎന്നു. അദ്ദേഹത്തിന്റെ അംഗുലികൾ മൃതപ്രായമായിത്തീരുകയും, അവ ശസ്ത്രക്രിയ ചെയ്തു നന്നാക്കേണ്ടതായി വരുമോ എന്നുകൂടി സംശയിക്കുകയും ചെയ്തു. നോൎട്ടനേയും മോൎഷീഡിനേയും ഉടനെ സിക്കിമിലേക്കുതിരിയെ അയക്കേണ്ടതു അത്യാവശ്യമായിരുന്നു.

ബ്രൂസ്സ് അടിവാര കൂടാരത്തിൽ എത്തിയപ്പോഴേക്കും അദ്ദേഹത്തിന്റെ കാലു കോച്ചി ഹിമബാധയുണ്ടായി തീരെ നടക്കാൻ വഹിയാതെയായി. ഫിഞ്ചിന് ഹിമദംശനമുണ്ടായില്ലെങ്കിലും, ക്ഷീണിച്ചു തീരെ വിവശനായിത്തീൎന്നിരുന്നു. മേമാസാവസാനത്തോടുകൂടി പര്യടന സംഘത്തിന്റെ ആശാവിഹീനമായ സ്ഥിതി ഇതായിരുന്നു. സ്ട്രട്ടും, ലോങ്ങ്സ്റ്റാഫും, വെയിക്ക്ഫീൽഡും, ക്രോഫോർഡും എല്ലാവരും തന്നെ ഉത്സാഹശൂന്യരും അസുഖഗാത്രന്മാരുമായി കാണപ്പെട്ടു.

കുറച്ചു പേരെങ്കിലും ആരോഗ്യം പ്രാപിക്കുകയാണെങ്കിൽ മൺസൂൺ ആരംഭത്തിനു മുമ്പായി ഒരു അവസാന ശ്രമം കൂടെ ചെയ്തു നോക്കുന്നതിനു പരിമിതമായ സമയമുണ്ടായിരുന്നു. സ്ട്രട്ട്, മോൎഷീഡ്, ബ്രൂസ്, നോൎട്ടൻ, ലാങ്ങ്സ്റ്റാഫ് ഈ ധീരയോദ്ധാക്കൾ തീരെ അപ്രാപ്തന്മാരായിത്തീൎന്നതുകൊണ്ട് അവരെ കഴിയുന്നതും വേഗത്തിൽ സിക്കിമിലേക്കു അയച്ചില്ലെങ്കിൽ അവരുടെ കാൎയ്യം സന്നിഗ്ദ്ധമായിത്തീരും. മാ

ലൊറിയും, ഫിഞ്ചും അല്പം സുഖം പ്രാപിക്കുകയാണെങ്കിൽ ഇനി ഒരു ആക്രമണം കൂടെ നടത്താൻ സൌകര്യമുണ്ട്.

ജൂൺ മൂന്നാം തിയതി മാലൊറിയുടെ ദേഹപരിശോധന കഴിച്ചപ്പോൾ ആരോഹണത്തിനു ആവശ്യമായ ആരോഗ്യമുണ്ടെന്ന് സംഘഭിഷഗ്വരൻ അഭിപ്രായപ്പെട്ടു. ജെനറൽ ബ്രൂസ്സ്, ആരോഹകന്മാരോടെല്ലാം വിവേകശൂന്യമായി ആപത്തിൽ ചാടരുതെന്നും മൺസൂൺ അതിവൃഷ്ടിയുമായി മല്ലിടുന്നതു സൂക്ഷിച്ചു വേണമെന്നും ഉപദേശിച്ചു. മാലൊറി, സോമർവെൽ, ഫിഞ്ച് ഇവരാണ് ഇനിയത്തെ ആരോഹകന്മാർ. വെയിക്കുഫീൽഡും, ക്രോഫോർഡും മൂന്നാമത്തു ക്യാമ്പുവരെ ചെന്ന് ആരോഹകന്മാരെ സഹായിക്കണമെന്നും നിശ്ചയിച്ചു. ചുമട്ടുകാരും ധാരാളമുണ്ടായിരുന്നു. അന്നുതന്നെ അവർ ഒന്നാമത്തു കൂടാരത്തിലെത്തി. ഫിഞ്ചിൻെറ അസ്വാസ്ഥ്യം ക്രമാതീതമായിവൎദ്ധിച്ചു. അദ്ദേഹത്തിനു കയററം തീരെ അസാദ്ധ്യമായി. അതിനാൽ സിക്കിമിലേക്കു പരാജയപലായനം ചെയ്യുന്ന ലോങ്ങ്സ്റ്റാഫിൻെറയും സംഘത്തിൻെറയും കൂട്ടത്തിൽ എത്തുന്നതിനായി ഫിഞ്ചും തിരിച്ചുപോന്നു. ഫിഞ്ച് വാസ്തവത്തിൽ അദ്ദേഹത്തിൻെറ ശക്തിയിൽ കൂടുതൽ ആയോധനം ചെയ്തു കഴിഞ്ഞിരുന്നു. ഇനിയും അദ്ദേഹത്തിൽ നിന്ന് കൂടുതൽ ആശിക്കുന്നതു കഠിനമാണ്. ജൂൺ 4-ാംനു കാലവൎഷശകുനങ്ങൾ കണ്ടുതുടങ്ങി. അതിശക്തിയായ ഹിമവൎഷംമൂലം ആരോഹകന്മാൎക്കു വെളിയിലിറങ്ങുന്നതിനുപോലും സാദ്ധ്യമായിരുന്നില്ല. കാലവൎഷം തുടങ്ങിയെന്നു സമാശ്വസിച്ചു അവരുടെ ശ്രമം മതിയാക്കി പിൻതിരിഞ്ഞു പോകാമായിരുന്നു. പക്ഷേ ആ പ്രദേശങ്ങളിലെ കാലസ്ഥിതി സൂക്ഷ്മമായി നിശ്ചയിക്കാൻ പാടില്ലായിരുന്നു. ശക്തിയായ മഴയും കാററും ഹിമപാതവും കഴിയുമ്പോൾ, അടുത്ത ദിവസം ശാന്തമായ ഒരു ദിനമാകാനും മതി. അതിനാൽ കാലവൎഷം തുടങ്ങിയെന്ന് ഊഹിച്ചുകൊണ്ടു പിൻതിരിയാൻ കഴിയുകയില്ലെന്ന് സ്ഥിരചിത്തന്മാരായ ആരോഹകന്മാർ നിശ്ചയിച്ചു. മുൻപോട്ടു പോകാൻ തീരെ നിവ്വാഹമില്ലാതെ വരുന്നതുവരെ മുന്നോട്ടു തന്നെ പോകുക. അല്ലാതെ ഊഹത്തിന്മേൽ അടിസ്ഥാനപ്പെടുത്തി പിൻതിരിയുന്നതു പുരുഷധൎമ്മമല്ലല്ലോ.

അന്നു രാത്രിയും ഹിമപതനം ഉണ്ടായി. ജൂൺ 5-ാംതീയതി രാവിലെ അന്തരീക്ഷപ്രകൃതിയൊക്കെ മാറി. ഇതു കണ്ടപ്പോൾ കയററം തുടരുന്നതിനു അവൎക്കു ധൈൎയ്യവും വൎദ്ധിച്ചു. ക

റിനമായ ഹിമപാതമുണ്ടായിരുന്നിട്ടും ഗ്ലേസിയറിൽ (ഹിമപ്പരപ്പിൽ) വളരെ ഘനത്തിൽ മഞ്ഞുണ്ടായിരുന്നില്ല. മഞ്ഞ് അധികവും ഉരുകിയോ ആവിയായോ പോയിരുന്നു. ഹിമപ്പരപ്പിൽ ഒരിടത്തും ആറിഞ്ചിൽ അധികം കട്ടിയായി മഞ്ഞുണ്ടായിരുന്നില്ല. ആരോഹകന്മാർ രണ്ടാമത്തെ ക്യാമ്പിലെത്തി. അവിടെ നിന്നും വലിയ ബുദ്ധിമുട്ട കൂടാതെ മൂന്നാമത്തെ ക്യാമ്പിലേക്കു തിരിച്ചു. മൂന്നാമത്തെ ക്യാമ്പിരുന്ന സ്ഥലപ്രകൃതം ആകെ മാറിയിരുന്നു. അവിടത്തെ അന്തരീക്ഷം കാർമേഘങ്ങളാൽ നിബിഡീകൃതമായും, അന്ധകാരമയമായും ഇരുന്നിരുന്നു. നിലത്തു ചില സ്ഥലങ്ങളിൽ വളരെയധികം ഘനത്തിൽ മഞ്ഞു കിടക്കുന്നുണ്ടായിരുന്നു. കൂടാരം തന്നെ മഞ്ഞിനു കീഴെയായിപ്പോയി എന്നു പറയാം. പെട്ടികളിൽ നിറച്ചു സൂക്ഷിച്ചിരുന്ന സാധനങ്ങൾ എല്ലാം മഞ്ഞിനു കീഴെ സംസ്കരിച്ചതുപോലെ കിടന്നു.

ഈ സാഹചര്യങ്ങളിൽ പുരോഗമനം സാദ്ധ്യമാണോ? ഈ തരത്തിൽ മുന്നോട്ട് പോയാൽ ആദ്യം കയറാൻ സാധിച്ചതിൽ കൂടുതൽ കയറുന്നതിനോ, പർവ്വതമകുടത്തിൽ എത്തുന്നതിനോ സാധിക്കുമോ? അന്നു സായാഹ്നത്തിലെ പ്രകൃതം കണ്ടാൽ ഇവയൊന്നും സാദ്ധ്യമല്ലെന്നുതന്നെ ഖണ്ഡിതമായി പ്രവചിക്കാം. പിറേറ ദിവസം പ്രഭാതത്തിൽ പിന്നെയും അന്തരീക്ഷപ്രകൃതി മാറിക്കണ്ടു. ബാലാർക്കൻ ശോണിതവർണ്ണനായി ഭൂചക്രവാളത്തിൽ പ്രത്യക്ഷപ്പെട്ടു. അന്നത്തെ അന്തരീക്ഷം പ്രശാന്തമായും മനോരമ്യമായും ഇരുന്നിരുന്നു. ആരോഹകന്മാരുടെ ആശയും വളർന്നുതുടങ്ങി. വടക്കുകിഴക്കൻെറ ഉപരിഭാഗത്തെ മഞ്ഞു കാററടിച്ചു കണങ്ങളാക്കി പറപ്പിച്ച് ദൂരെക്കൊണ്ടുപൊയ്ക്കൊണ്ടിരുന്നു. അവിടത്തെമഞ്ഞ് അങ്ങനെ കുറയുകയാണെങ്കിൽ കയറാൻ എളുപ്പവുമാണ്.

പ്രാണവായു ഉപയോഗിച്ചാൽ ഇനിയത്തെ കയററം ഫലപ്രദമാകുമെന്നവർ വിശ്വസിച്ചു. ഉത്തരകോളത്തിനു മുകളിൽ രണ്ടാമതായി ഒരു കൂടാരം അടിക്കാൻ അവൎക്കു സാധിക്കുമോ എന്നോ? അതു സാദ്ധ്യമാകാതെ എങ്ങനെയാണ് ഇതുവരെ കയറാൻ കഴിഞ്ഞതിൽ കൂടുതൽ കയറുന്നത്? പ്രാണവായു ഉപയോഗിച്ചാൽ ശ്വാസതടസ്സം കൂടാതെ കയറാമല്ലോ. പ്രാണവായു ഉപയോഗിക്കേണ്ടുന്ന വിധമൊക്കെ സോമർവെൽ ഫിഞ്ചിൻെറപക്കൽനിന്നും മനസ്സിലാക്കിയിട്ടുമുണ്ട്. അമ്ളജബാഷ്പം ഉപയോഗിച്ചവരൊക്കെ അതിൻെറ ഗുണത്തെ പ്രശംസി

ക്കയാണ് ചെയ്തിട്ടുള്ളത്. അതിനാൽ പ്രാണവായു ഉപയോഗിച്ച് ഫിഞ്ചിൻെറ അനുഭവങ്ങളും പരിചയങ്ങളും അനുസരിച്ചു പ്രവർത്തിക്കുവാൻതന്നെ തീർച്ചപ്പെടുത്തി. ൨൫൦൦൦ അടികയറിക്കഴിഞ്ഞതിനുമേലേ പ്രാണവായു ഉപയോഗിച്ചു തുടങ്ങാവൂ എന്നും വ്യവസ്ഥചെയ്തു.

ഉത്തരകോളത്തിലെ പ്രാകാരമാണ് ആദ്യം കടന്നുകൂടേണ്ടതു്. അവിടെ മഞ്ഞുവളരെ അധികമായിരുന്നതിനാൽ ഒരുദിവസംകൊണ്ടു് ആ വൈതരണി കടക്കുക അസാദ്ധ്യമായിത്തോന്നി. സാമാനങ്ങൾ ഏതായാലും ഉത്തരകോളത്തിലേക്കു കഴിയുന്നതും അട്ടപ്പിക്കാമെന്നവർ നിശ്ചയിച്ചു. ജൂൺ ഏഴാംതീയതി തന്നെ അവർ ഈ ശ്രമം തുടങ്ങി.

രാവിലെ എട്ടുമണിക്കു കയററം ആരംഭിച്ചു. തലേരാത്രിയിൽ കഠിനമായ ഹിമപാതമുണ്ടായിരുന്നു എങ്കിലും രാവിലെ മഞ്ഞുകട്ടകൾ പാറപോലെ കട്ടിയായി കിടക്കാതെ ഏതാണ്ടു് മുക്കാൽ ഘനപ്രകൃതിയിലും, കാൽ ദ്രാവകപ്രകൃതിയിലും ആയി കാണപ്പെട്ടു. ചിലസ്ഥലങ്ങളിൽ കാലടികൾ ചേറിൽ എന്നവണ്ണം മഞ്ഞിൽ താണുപോയി ഇങ്ങനെയുള്ളപ്രകൃതം വളരെ അപായകരമാണ്. മലഞ്ചെരുവിൽ കിടക്കുന്ന ഹിമാവരണം മുഴവൻ പാടെ സ്ഥാനഭ്രംശം സംഭവിച്ച് ശക്തിയായി താഴത്തേക്കു വീഴുന്നതിനും ഇടയുണ്ടു്. ഇതു ഭയങ്കരമായ ഒരപകടവുമാണ്. ഇങ്ങനെയുള്ള ഹിമപ്രവാഹങ്ങൾക്കു ഇംഗ്ലീഷിൽ 'അവലാൻഷ്' എന്നാണ് പറയുന്നതു്. വിസ്തൃതമായ തുഷാരപ്പരപ്പുകൾ അതുപാടെ മലഞ്ചെരുവിൽക്കൂടി താഴത്തേക്കു ഊന്നുപോരുകയാണെങ്കിൽ അതിനു മുകളിൽക്കൂടെ കയറുന്ന ആളുകളുടെ സ്ഥിതി ഊഹ്യമാണല്ലൊ. നാലാമത്തു ക്യാമ്പിനുഅല്പം താഴെയായി ഇരുന്നൂറു അടിയോളം തൂക്കനെകിടക്കുന്നതും, മഞ്ഞിൻകൂട്ടങ്ങളുള്ളതുമായ ഒരു സ്ഥലമുണ്ടു്. ഹിമപ്രവാഹ പതനമുണ്ടായാലും ഈ പ്രദേശത്തെ ആപത്തുണ്ടാകയുള്ളു എന്നവർ ഉദ്ദേശിച്ചു. ഈ സ്ഥലം കയറിക്കഴിഞ്ഞാൽ വലിയ ആപത്തൊന്നും ഉണ്ടായിരിക്കയില്ലെന്നു അവർ പ്രത്യാശിച്ചു.

സംഭരണ സാധന സാമഗ്രികളുടെ മേൽനോട്ടം വഹിച്ചുകൊണ്ടു് വെയിക്കുഫീൽഡ് മൂന്നാമത്തു ക്യാമ്പിൽ താമസിച്ചു. മാലൊറിയും, ക്രൊഫോർഡും, സോമർവെല്ലും, പതിന്നാലുചുമട്ടുകാരുമായിരുന്നു ഇനിയത്തെ ആരോഹണസംഘാംഗങ്ങൾ. ധരമാർ മൂന്നുപേരും പുറകെ ചുമടുകളും വഹിച്ചുകൊ

ണ്ടുവരുന്നവക്ക് വഴിതെളിച്ചുകൊണ്ടു വേണമായിരുന്നു കയറാൻ. മഞ്ഞു്, പർവ്വതതലത്തോടു ബലമായി യോജിച്ചുതന്നെ കിടന്നു. എങ്കിലും 'അവലാൻഷ്' ഉണ്ടാകുമോയെന്നു അവർ പരിശോധന നടത്തിക്കൊണ്ടാണു് കയററം തുടന്നതു്. അത്യപകടകരമെന്നു വിചാരിച്ചിരുന്ന ഇരുനൂറ് അടി കയറിക്കഴിഞ്ഞപ്പോൾ അവക്ക് ഒരുമാതിരി സമാധാനമായി. ഇനി ഹിമപ്രവാഹപതനം ഉണ്ടാകയില്ലെന്നുതന്നെ അവർ ധൈര്യപ്പെട്ടു. അവർ അഗാധവും വിശാലവുംആയ മഞ്ഞിൽക്കൂടെ യാത്രതുടന്നു. ഓരോഅടി വെയ്ക്കുമ്പോഴും കിതപ്പു വർദ്ധിച്ചുവന്നു. ഭാഗ്യവശാൽ അന്നു അന്തരിക്ഷം പ്രശാന്തവും ഒരുവിധം പ്രസന്നവും ആയിരുന്നു. ഒന്നരമണിയായപ്പോഴേക്കും ഉത്തരകോളത്തിനു 600 അടി താഴെയെത്തി. കോളത്തിനു ൨൦൦ അടിതാഴെയായി ഒരു ഭീമഹിമപിണ്ഡം ബീഭത്സമായി സ്ഥിതിചെയ്തിരുന്നു.

അവർ പിന്നെയും ഒരുനൂറടി കൂടെ കയറി. ചുമട്ടുകാർ മൂന്നും നാലുംപേർ വീതം കയറുകൊണ്ടു പരസ്പരം ബന്ധിച്ചു് പുറകെ വരുന്നതേയുള്ളു. ഠെ, ഠെ, ഠെ, കർണ്ണകഠോരമായ ഒരു ഭയങ്കരധ്വനി! പാറകൾ വെടിവെച്ചു പൊട്ടിക്കുന്നതുപോലെ എന്തോ വലിയ ഒരു ശബ്ദം. അവരുടെ സകല നാഡികളും തളന്നു. അവർ ഇതികർത്തവ്യതാമൂഢരായി! യമപാശബന്ധിതരായതുപോലെ തോന്നി. ആ ശബ്ദം എന്തായിരിക്കാം? മാലൊറിയുടെ പർവ്വതാരോഹണജീവിതത്തിൽ ഇതുപോലെയൊരു ശബ്ദം കേട്ടിട്ടില്ല. എങ്കിലും ഇതെന്തായിരിക്കുമെന്നു് ആ ധീരഹൃദയൻ അനുമാനിച്ചു. ഹിമതലമുകൾഭാഗം വിണ്ടുകീറുന്നതു അദ്ദേഹം കണ്ടു. പെട്ടെന്നു അദ്ദേഹം ആ ഭാഗത്തുനിന്നു മാറി. ഒന്നു രണ്ടു നിമിഷനേരത്തേക്കു ജലത്തിനു മീതെക്കൂടി പ്രവഹിക്കുന്നതുപോലെ അദ്ദേഹം മഞ്ഞിൻെറ കൂടെ താഴോട്ടു പോന്നു. പെട്ടെന്നു അദ്ദേഹത്തിൻെറ പ്രവാഹം നിന്നു. അരനിമിഷം കഴിഞ്ഞപ്പോൾ അരയ്ക്കു കെട്ടിയിരുന്നതായ കയറു വല്ലാതെ വലിയുന്നതായി തോന്നി ഒരു ഹിമതരംഗം അദ്ദേഹത്തിൻെറമേൽക്കൂടി പ്രവഹിച്ചു. അദ്ദേഹത്തിൻെറ മലകയററം അവസാനിച്ചു എന്നു കരുതി. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വെള്ളത്തിൽ കിടന്നു നീന്തുന്നതുപോലെ പ്രവാഹഹിമത്തിൽ കിടന്നു് കയ്യും കാലുമിട്ടു് തല്ലി നീന്തുന്നതു മാത്രമെ ഏകരക്ഷാമാർഗ്ഗമുള്ളു. അദ്ദേഹം മലന്നുവീണുകൊണ്ടു് കയ്യും കാലുമിട്ടടിച്ചു് ഊന്നുപോകുന്ന ഹിമപിണ്ഡത്തെ തള്ളിവിട്ടുകൊണ്ടിരുന്നു. ഹിമപ്രവാഹശക്തി

കുറ ത്തുവരുന്നതായി തോന്നി. അഹോ! ദൈവത്തിനു സ്തുതി! പ്രവാഹം നിലച്ചു. ഒരുനിമിഷം കഴിഞ്ഞപ്പോൾ മാലൊറി നിശ്ചേഷ്ടനായി, ആശ്ചര്യപരതന്ത്രനായി, ഇതികർത്തവ്യതാമൂഢനായി നില്ക്കുന്നതായി കാണപ്പെട്ടു. ഉടനെ അരയിലെ കയറു പിന്നെയും മുറുകി. മാലൊറിയോടു അനുബന്ധിച്ച് പുറകെ കയറിയിരുന്ന ചുമട്ടുകാരൻ മഞ്ഞിനടിയിൽ ആണ്ടുപോയിരിക്കുമെന്ന് വിചാരിച്ചു. പക്ഷെ ദൈവാധീനത്താൽ അവനും ഒരുവിധത്തിൽ രക്ഷപ്പെട്ടു. സോമർവെല്ലിനും, ക്രോഫോർഡിനും വലിയ അപകടമൊന്നും പററിയില്ല.

ഉദ്ദേശം 150 അടി താഴെയായി നാലു ചുമട്ടുകാരൊന്നിച്ചു ബന്ധിച്ചിരുന്ന ഒരു സംഘം കാണപ്പെട്ടു. അവർ പരിഭ്രാന്തിയോടുകൂടി താഴത്തേക്കു ചൂണ്ടിക്കാണിച്ചുകൊണ്ടിരുന്നു. ബാക്കിയുള്ള ചുമട്ടുകാരേ കാൺമാനുണ്ടായിരുന്നില്ല. അവർ ഹിമ പ്രവാഹത്തിൽ പെട്ടുപോയിരിക്കുമോ? മാലൊറിയും കൂട്ടുകാരും ഉത്തരക്ഷണത്തിൽ അവരെ അന്വേഷിച്ചു സഹായിക്കുന്നതിനു തയാറായി അടുത്തുണ്ടായിരുന്ന നാല്പതടിയിലധികം ഉയരം വരുന്ന ഒരു ഹിമശൃംഗ സമീപത്തേക്ക് എത്തി. ഹാ! അവിടെ കണ്ട കാഴ്ച അതി ദയനീയമായിരുന്നു. രണ്ടുപേർ ആസന്നമരണരായും ഏഴുപേർ വിഗതപ്രാണരായും അവിടെ കാണപ്പെട്ടു. മരണവക്ത്രത്തിൽപ്പെട്ടവരെ പ്രഥമ ശുശ്രൂഷകൾ ചെയ്തു തല്ക്കാലം പ്രജ്ഞരാക്കി.

കഷ്ടം! എവറസ്റ്റാരോഹണത്തിനുള്ള മൂന്നാമത്തെ ശ്രമം അത്യന്തം ദുഃഖപര്യവസായിയായി പരിണമിച്ചു. ആരോഹക സംഘം ഉത്തരകോളപ്രപാതത്തിൽ കൂടെ കയറുന്നതിനു ശ്രമിക്കേണ്ടിയില്ലായിരുന്നു. പക്ഷെ ഇതു ഈ അനുഭവം കഴിഞ്ഞപ്പോഴെ മനസിലായുള്ളു.

ലോകപ്രസിദ്ധമായ ഒരു സാഹസികവൃത്തിയിൽ ഉത്തമ വിശ്വാസത്തോടും ഹൃദയംഗമമായ സ്നേഹത്തോടും ധീരതയോടുംകൂടി ഭാഗഭാക്കുകളായ ആ ചുമട്ടുകാരുടെ അകാലവിയോഗത്തിൽ ബ്രിട്ടീഷുകാരായ പര്യടനസംഘാംഗങ്ങൾക്ക് അകൈതവമായ ഖേദമുണ്ടായിരുന്നു. ആപത്തിൽപെട്ടു മരിച്ചവരുടെ ചാർച്ചക്കാരും സ്നേഹിതന്മാരും മരണവൃത്താന്തമറിഞ്ഞയുടനെ പലതരത്തിൽ വ്യാഖ്യാനിച്ചു തുടങ്ങി.

സങ്കടകരമായ ഈവാർത്തയെ ബ്റൂസ് റോങ്ബക്ക് സന്ന്യാസാശ്രമത്തിലെ പ്രധാന ലാമായെ അറിയിച്ചു. അദ്ദേഹം

മരിച്ചുപോയവക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി പ്രത്യേക കമ്മങ്ങൾ നടത്തി. പര്യടനസംഘം തിരിയെ വന്ന പ്പോൾ ചുമട്ടുകാരെല്ലാവരേയും മരിച്ചുപോയവരുടെ ബ ന്ധുക്കളേയും ലാമാ ആശ്രമത്തിൽ സ്വീകരിച്ച് അവരെ യെല്ലാം അനുഗ്രഹിച്ചു. ബ്രൂസിന് നീപ്പാളിലെ മ ഹാരാജാവിൻെറ പക്കൽ നിന്നും ഈ അത്യാഹിതത്തെ സംബന്ധിച്ച് ഒരനുശോചനക്കത്തു ലഭിച്ചു. അതിൽ അദ്ദേഹം ഇ ങ്ങനെ എഴുതിയിരുന്നു:— "ഇവിടത്തുകാരായ ജനങ്ങൾ ഹിമാ ലയോപരിതലം പാർവ്വതീ പരമേശ്വരന്മാരുടെ രഹസ്യവിഹാര സ്ഥലമാണെന്നും, അതിൻെറ ഗുപ്തഭാഗങ്ങളിലേക്ക് പ്രവേശിക്കു വാനുള്ള ശ്രമം ശിവൻെറ കോപാഗ്നിക്ക് ഇരയാകുന്നതിനുള്ള മാർഗ്ഗമാണെന്നും, എവറസ്റ്റിലെ നിഗൂഹനസ്ഥലങ്ങളുടെ പവി ത്രതക്കു ഭംഗം വരുത്തുന്നതിനു ശ്രമിച്ചാൽ ഹിന്ദുരാജ്യത്തിനും ഹിന്ദുക്കൾക്കും വലിയ ആപത്തുകളുണ്ടാകുമെന്നും മററുമാണ് വിശ്വസിക്കുന്നത്. ഈ അത്യാഹിത വത്തമാനം കേട്ടപ്പോൾ നാം ജനങ്ങളുടെ ഈ വിശ്വാസത്തെ പ്രത്യേകം സ്മരിക്കുന്നു. ഈ വിശ്വാസമോ അഥവാ അന്ധവിശ്വാസമോ കാരണം ജന ങ്ങൾ എല്ലാവരും ഈ ആപത്ത് യാദൃശ്ചികമായുണ്ടായതല്ല പ്ര ത്യുത ദൈവകോപംകൊണ്ടുതന്നെ സംഭവിച്ചതാണെന്ന് പൂണ്ണ മായി വിശ്വസിക്കുന്നു."

ഹിമാലയത്തിനു വടക്കുള്ള, ടിബററുകാരും ദക്ഷിണഭാ ഗത്തുള്ള നീപ്പാളത്തുകാരും ഈ തരത്തിലാണ് ഈ ദുരദൃഷ്ടത്തെ പ്പററി വ്യാഖ്യാനിച്ചത്. ഒരു മനുഷ്യൻ പവ്വതത്തിൽ നിന്ന് ഹി മ പ്രവാഹത്തോടുകൂടി ഉരുന്ന് മരണം പ്രാപിക്കയാണെങ്കിൽ അത് ഹിമാലയാദേവന് ഏററവും ഇഷ്ടമായ ഒരു നരബലിയാ ണെന്ന് മലംപ്രദേശങ്ങളിൽ നിവസിക്കുന്ന ഷെർപാസ്, ബോ ട്ടിയാസ്, ആദിയായ നീപ്പാളത്തുകാരുടെയിടയിൽ, പ്രബലമായ വിശ്വാസമുണ്ട്. ഇപ്രകാരമുള്ളവരുടെ സമീപത്തു നില്ക്കാനിടയാ കുന്ന ആളുകളും അനതിവിദൂരമായ ഒരു ഭാവിയിൽ ഇതുപോലെ തന്നെ മരിക്കുമെന്നുകൂടിയാണ് അവർ വിശ്വസിക്കുന്നത്.

കാര്യങ്ങളിങ്ങനെയൊക്കെയിരുന്നാലും ബാക്കി ശേഷി ച്ച ചുമട്ടുകാക്ക് യാതൊരു കുലുക്കവുമുണ്ടായില്ല. അപകടത്തിൽ പെട്ടവരുടെ ആയുസ്സെത്തിയതുകൊണ്ട് അവർ മരിച്ചുപോയി എന്നേ അവർ കരുതിയുള്ളു. അവരുടെ മരണസമയം വന്നില്ലാ യിരുന്നു എങ്കിൽ അവർ നിശ്ചയമായും വിഗതപ്രാണരാകയി

ല്ലായിരുന്നു. അവരുടെ ആയുസ്സെത്തി. അവരുടെ സമയം വന്നു. അവർ മരിച്ചു. ഇനി അതേപ്പററി ചിന്തിച്ചിട്ടാവശ്യമില്ല. ഇതായിരുന്നു ധീരന്മാരും വിധി വിശ്വാസികളുമായ ചുമട്ടുകാരുടെ ചിന്താഗതി. എവറസ്റ്റിൽ കിടന്നു മരിക്കണമെന്നായിരുന്നു അവരുടെ ശിരോലിഖിതമെങ്കിൽ അങ്ങനെതന്നെ മരിക്കും അല്ലെങ്കിൽ മരിക്കയില്ലത്രെ. അക്കാര്യം പോകട്ടെ.

ഈ അത്യാഹിതം ആരോഹക സംഘത്തെ തെല്ലും അധൈര്യപ്പെടുത്തിയില്ല. ഈ ആപത്തിൽനിന്ന് അത്ഭുതകരമായി രക്ഷപെട്ട ചുമട്ടുകാർതന്നെ പിന്നീടുപോയ പര്യടനസംഘത്തിൽ സന്തോഷസമേതം ചേരുകയുംചെയ്തു.

എങ്കിലും ആരോഹകന്മാർക്ക് അല്പം കുണ്ഠിതം തോന്നാതിരുന്നില്ല. പർവ്വതാരോഹകന്മാരെന്ന നിലയ്ക്കു് ഇങ്ങനെ ഒരബദ്ധം പററിയതു് അഭിമാനക്ഷയമാണെന്ന് അവർ വിശ്വസിച്ചു. അങ്ങിനെയാണെങ്കിൽതന്നെയും രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ മാലൊറിയും സോമർവെല്ലും ഈ അപഖ്യാതിയെ പരിപൂർണ്ണമായി മാർജ്ജനംചെയ്തു.

## അദ്ധ്യായം ൧൪.

### പ്രധാന ഫലം.

എവറസററ് തരണം ഇനിയും പൂർത്തിയായിട്ടില്ല; ഒരു ആരോഹണസംഘത്തിനുകൂടി വേണ്ടിവന്നേയ്ക്കാം. എങ്കിലും 1922-ലെ ആരോഹണസംഘം, ഭാവിസംഘങ്ങൾക്കും ലോകസാമാന്യത്തിനും ഉപയോഗകരമായി എന്തെല്ലാം അനുഭവങ്ങളും പരിജ്ഞാനങ്ങളുമാണ് നൽകിയതെന്ന് ചിന്തിക്കുന്നതു സമുചിതമായിരിക്കുമല്ലൊ.

ഏററവും പ്രധാനമായ ഒരു നവീന തത്വമാണ് '22-ലെ ആരോഹണസംഘം കണ്ടുപിടിച്ചതു്. വായുമണ്ഡലത്തിലെ വിവിധമേഖലകളിലുള്ള ഭൂപ്രകൃതികൾക്കും, അന്തരിക്ഷസ്ഥിതികൾക്കും, അനുയോജ്യമായി ഇതരശാസ്ത്രീയോപകരണസഹായങ്ങൾ കൂടാതെ, മനുഷ്യർക്കു ജീവിക്കുന്നതിന്-വെറും പരിചയംകൊണ്ടു മാത്രം ജീവിക്കുന്നതിന്-സാധിക്കുമെന്നുള്ളതാ

ണ് ആ നവീനതത്വം. മനുഷ്യന്റെ മനശ്ശരീര പ്രകൃതികൾ വ്യത്യസ്തങ്ങളായ ഭൂപ്രകൃതികൾക്കനുയോജ്യമായി ഏതുവിധമുള്ള പരിവർത്തനങ്ങൾക്കും സ്വതേ വിധേയമായിക്കൊള്ളും. ഭൂഗോളത്തെ ആവരണം ചെയ്തിരിക്കുന്ന വായുമണ്ഡലം മുകളിലേക്ക് മുകളിലേയ്ക്കു ചെല്ലുന്തോറും ഘനവും കട്ടിയും കുറഞ്ഞു കുറഞ്ഞാണല്ലോ വരുന്നതു്? വായുവിൽ സങ്കലിതമായിരിക്കുന്ന അമ്ലജനകം, പാക്യജനകം, ഇംഗാലാമ്ലവാതകം, ആദിയായ വാതക വിശേഷങ്ങളും, മുകളിലേയ്ക്കു ചെല്ലുന്തോറും താരതമ്യേന കുറഞ്ഞുകാണപ്പെടുന്നു. ഭൂമിയോടടുത്തു സമുദ്രനിരപ്പിൽ ആറു ക്യൂബിക്ക് അടി വായുവിൽ 21 ഘന അടി പ്രാണവായു ഉണ്ടെങ്കിൽ ൪0000 അടി ഉയരത്തിൽ ൪൫ ഘനയടി പ്രാണവായുപോലും ഉണ്ടോയെന്നു സംശയമാണ്. ഇപ്രകാരം മുകളിലേയ്ക്കു ഉയർന്നുയർന്നു വായു അല്പംപോലുമില്ലാത്ത ഒരു സ്ഥിതിയിൽ ചെന്നു വായുമണ്ഡലംതന്നെ അവസാനിക്കുന്നു. വിമാനത്തിലും മറ്റും ചരിക്കുന്നവർക്കു ഈ സംഗതി നല്ലവണ്ണം അറിയാം. പ്രാണവായു സകല പ്രാണികളുടെയും ജീവസന്ധാരണത്തിനും അഗ്നിജ്വലനത്തിനും അപരിത്യാജ്യമായതാണ്. ഇതുകൂടാതെ ലോകത്തിൽ യാതൊരു ജീവചൈതന്യവും കാണുകയില്ല. അത്യുയരത്തിൽ ആകാശനൌകകളിൽ സഞ്ചരിക്കുന്നവർ പ്രത്യേക നാളങ്ങളിൽ പ്രാണവായു സംഭരിച്ചുകൊണ്ടുപോയി അതുപയോഗിച്ചുകൊണ്ടാണ് അപ്രകാരം ചെയ്യുന്നതു്. ഉദ്ദേശം ൫ൽ മൈലോളം ഉയരമുള്ള എവറസ്റ്റിന്റെ മുകൾഭാഗത്തു് പ്രാണധാരണത്തിനാവശ്യമുള്ള അമ്ലജനകം ഉണ്ടായിരിക്കയില്ലെന്നു ന്യായമായി ഊഹിക്കാം. ഈ അനുമാനാനുസരണമാണ് ഫിഞ്ച് പ്രാണവായൂപകരണങ്ങൾ കൊണ്ടുപോകാൻ നിർബ്ബന്ധിച്ചതും, പര്യടനസംഘം അവ കൊണ്ടുപോകാൻ ഇടയായതും.

എന്നാൽ എവറസ്റ്റാരോഹണസംഘം മനസ്സിലാക്കിയതു് മുകളിലേക്കു ചെല്ലുന്തോറും പ്രാണവായു കുറവാണെങ്കിലും, പരിചയംകൊണ്ടു് ആ കുറഞ്ഞ വായുവിൽ ജീവിക്കുന്നതിന് മനുഷ്യനു സാധിക്കുമെന്നുള്ളതാണ്. ഇതു് ലോകത്തിനു ഒരു പുതിയ ജ്ഞാനമായിരുന്നു. മനുഷ്യന്റെ സാഹസികവൃത്തിക്കുള്ള ആഗ്രഹവും, അവന്റെ ആത്മാഭിമാനവും അവനെക്കൊണ്ടു് എന്തു ചെയ്യാൻ സാധിക്കുമെന്ന് പരീക്ഷിക്കുന്നതിനുള്ള അനിയന്ത്രിതമായ അഭിവാഞ്ഛയും അവന്റെ വീരപ്രവൃത്തികളെ ലോകം സഹതാപപൂർവ്വം സംവീക്ഷിക്കയും പ്രശംസിക്കയും പ്രേരിപ്പി

ക്കയും ചെയ്യുന്നതിൽ നിന്നുൽഭൂതമാകുന്ന ധീരോദാത്തതയും എ
ല്ലാംകൊണ്ട് ഏതു സാഹസികവൃത്തിക്കും ഒരുങ്ങിക്കഴിഞ്ഞാൽ
അവൻെറ സകല പ്രാതികൂല്യസാഹചര്യങ്ങളെയും ജയിക്കുന്നതി
ന് മനസ്സിനും ശരീരത്തിനും സാധിക്കുമെന്ന് ഈ എവറസ്ററു
പര്യടനശ്രമം നമ്മെ സുവ്യക്തമായി മനസ്സിലാക്കുന്നു. ഇതുതന്നെ
യാണ് എവറസ്റ്റാരോഹണപ്രസ്ഥാനത്തിൽ നിന്നും ഉളവായിട്ടു
ള്ള മഹനീയമായ സുവർണ്ണാദർശം. രണ്ടാമത്തു പര്യന്വേഷണസം
ഘം കണ്ടുപിടിച്ച അതിശ്രേഷ്ഠമായ പ്രകൃതിതത്വവും ഇതുതന്നെ
യാണ്. മൂന്നാമത്തു പര്യടനസംഘം ഈ തത്വവിജ്ഞാനത്തെ പ്ര
ബലമായി സ്ഥിരീകരിച്ചു.

ഈ നവീനതത്വത്തിൻെറ പ്രാധാന്യം പരിപൂർണ്ണമായി മ
നസ്സിലാക്കുന്നതിന് രണ്ടാമത്തു പര്യടനസംഘത്തിൻെറ ശ്രമത്തിനു
മുമ്പുവരെ വിഖ്യാതന്മാരായ ശാസ്ത്രജ്ഞന്മാക്ക് ഈ സംഗതിയെപ്പ
ററിയുണ്ടായിരുന്ന അഭിപ്രായം എന്തായിരുന്നു എന്ന് പരിശോ
ധിക്കുന്നതു കൊള്ളാം. 2000 അടി ഉയരം കഴിഞ്ഞാൽ പിന്നെ
യുള്ള ശീതോഷ്ണസ്ഥിതി വ്യത്യാസങ്ങൾ മനുഷ്യക്ക് സ്വാഭാവിക
മായി അനുയോജ്യമായിത്തീരുകയെന്നുള്ളതു് സംശയലേശമില്ലാ
ത്ത ഒരു അസാദ്ധ്യസംഗതിയായിട്ടാണ് അവർ ഗണിച്ചിരുന്നതു്.
ലോകവും ഈ അന്ധവിശ്വാസത്തിൽ നിമഗ്നമായിക്കഴിഞ്ഞുകൂടി.
2000 അടി ഉയരത്തിൽ നിന്ന് ഒരാൾ 23000 അടിയിലേക്ക് ര
ണ്ടു പ്രാവശ്യം കയറി എന്നിരിക്കട്ടെ. അങ്ങനെയാണെങ്കിൽ ആ
ദ്യത്തെ പ്രാവശ്യത്തെക്കാൾ കൂടുതൽ വൈഷമ്യമായിരിക്കും ര
ണ്ടാമത്തെ പ്രാവശ്യമുണ്ടാകുന്നതു് എന്നാണ് ശാസ്ത്രജ്ഞന്മാരും
മററുള്ളവരും സുദൃഢമായി വിശ്വസിച്ചിരുന്നതു്. ഇവിടെ ഉദ്ദേ
ശിച്ചിരിക്കുന്ന വൈഷമ്യം കയററം കൊണ്ടുള്ള ശരീരക്ഷീണമല്ല.
പ്രത്യുത അന്തരീക്ഷപ്രകൃതികളോടു ജയിക്കുവാനുള്ള വൈഷമ്യ
മാണ്. 23000 അടി ഉയരത്തിൽ ഒരാൾ രണ്ടുദിവസം താമസി
ക്കയാണെങ്കിൽ, ആദ്യത്തെ ദിവസത്തെക്കാൾ പ്രകൃതിവിഘാത
ങ്ങളും, അന്തരീക്ഷപ്രകൃതിയും കൂടുതൽ അസഹനീയമായിരിക്കും
രണ്ടാമത്തെ ദിവസം എന്നായിരുന്നു ശാസ്ത്രജ്ഞന്മാർ വിശ്വസി
ച്ചിരുന്നതു്. മനുഷ്യർ വിവിധശീതോഷ്ണമേഖലകളിൽ നിവസി
ക്കുന്നുണ്ടെങ്കിലും മനുഷ്യക്ക് ശീതോഷ്ണ സ്ഥിതി പിടിക്കുന്നതി
നും ഒരു പരിധിയുണ്ടെന്നാണ് ജനങ്ങൾ വിശ്വസിച്ചിരുന്ന
തു്. ഈ പരിധി കഴിഞ്ഞാൽ ജീവിതം അസാദ്ധ്യമെന്നു തന്നെ
എല്ലാവരും ഗണിച്ചിരുന്നു. മനുഷ്യൻെറ ആത്മീയ പ്രചോദനം

കൊണ്ടു് പ്രേരകമായ സംഗതികൾ ചെയ്യുന്നതിനു പ്രകൃതിവ്യത്യാസങ്ങൾ വിഘാതങ്ങളായി നിൽക്കുന്നു എന്നു തന്നെ ഈ പർയ്യടനസംഘശ്രമത്തിനു മുമ്പുവരെ മനുഷ്യർ തെററിദ്ധരിച്ചിരുന്നു. സ്ഖലിതപൂർണ്ണമായ ഈ അഭിപ്രായാനുസരണം, കാലോചിതം ജീവിക്കുക, സന്ദർഭാനുസരണം ഉയരുക, എന്നീ ജീവിതവിജയരഹസ്യങ്ങൾ മനുഷ്യരിൽനിന്നു വിദൂരസ്ഥിതമായിരുന്നു.

ശാസ്ത്രജ്ഞന്മാൎക്കു പററിയ ഈ പ്രമാദത്തിനു കാരണം മനുഷ്യൎക്കു അവനവൻെറ ശക്തിയിൽ വിശ്വാസം ഇല്ലാതിരുന്നതാണു്. മഹാശാസ്ത്രജ്ഞന്മാരെല്ലാം ശാസ്ത്രംതന്നെ പരിപൂർണ്ണമായി അവലംബിച്ചുകൊണ്ടു അവരുടെസകല ബുദ്ധിവിശേഷങ്ങളും പ്രകൃതിശാസ്ത്രം, രസതന്ത്രശാസ്ത്രം, യന്ത്രശാസ്ത്രം, വൈദ്യശാസ്ത്രം ആദിയായ ശാസ്ത്രസഹസ്രങ്ങളുടെ പർയ്യന്വേഷണത്തിനു വിനിയോഗിച്ചു. വിവിധശാസ്ത്രീയോന്നമനത്തിനുള്ള പരിശ്രമത്തിൽ മനുഷ്യൻെറ സ്വന്തം ശാസ്ത്രം തീരെ വിസ്മരിച്ചുകളഞ്ഞു. വൈദ്യശാസ്ത്രം പഠിച്ചതുകൊണ്ടോ, മനുഷ്യൻെറ അംഗപ്രത്യംഗവിഭാഗം ചെയ്തതുകൊണ്ടോ മനുഷ്യശാസ്ത്രപഠനം പൂർണ്ണമാകുകയില്ല. ഈദൃശഗവേഷണങ്ങൾ വെറും ജഡികമായ ശാസ്ത്രപർയ്യന്വേഷണങ്ങൾമാത്രമാണു്. മനുഷ്യൻെറ ആത്മമനഃശക്തികളും അവയുടെ ശാസ്ത്രങ്ങളും വലിയ ശാസ്ത്രജ്ഞന്മാരെല്ലാം തീരെ ഉപേക്ഷിച്ചുകളഞ്ഞു.

23000 അടി ഉയരത്തിൽ രണ്ടുപ്രാവശ്യം കയറാൻസാധിച്ചാൽ രണ്ടാമത്തെപ്രാവശ്യം ആദ്യത്തേതിനേക്കാൾ എളുപ്പമായിരിക്കുമെന്നു് എവറസ്റ്റ് പർയ്യടനസംഘം പരീക്ഷിച്ചുനോക്കിയപ്പോൾമാത്രമെ അറിയാൻ സാധിച്ചുള്ളു. ൨൩,൦൦൦ അടിയിൽ കൂടുതൽ ഉയരത്തിലും ഇതുതന്നെ അനുഭവഫലമായിക്കണ്ടു. തൽഫലമായി ഇതു മുമ്പുള്ള ശാസ്ത്രീയ വിവക്ഷകൾക്കെതിരാണെന്നും, ശാസ്ത്രോക്തികൾ അബദ്ധമായിരുന്നു എന്നും ലോകത്തിനു പ്രസ്പഷ്ടമായി.

സോമർവെൽ ആദ്യം ൨൩,൦൦൦ അടിഉയരമുള്ള ഉത്തരകോളത്തിലേക്കു കയറിയപ്പോൾ പറയുന്നു: "ആ ശപിക്കപ്പെട്ട മഞ്ഞിൽകൂടെ ഉത്തരകോളത്തിലേക്കു ആദ്യം കയറിയതു് ഞാൻ ഒരുകാലത്തും വിസ്മരിക്കയില്ല. ഓരോകാലടിയും ഓരോവിഷമമായിരുന്നു; ഓരോ കാലടിവെയ്ക്കുന്നതും ഓരോ ആയോധനമായിരുന്നു." രണ്ടാമത്തെപ്രാവശ്യം സോമർവെൽ ഉത്തരകോളം കയറിയപ്പോൾ പറയുന്നതിപ്രകാരമാണു്. "മൂന്നാമത്തു ശി

ബിരത്തിൽ ഒന്നരണ്ടുദിവസം താമസിച്ചിട്ട് ഞങ്ങൾ ഉത്തരകോളംകയറി. ഉത്തരകോളതരണം വിഷമകരം തന്നെയാണ്. എങ്കിലും അതിൽ കൂടുതലൊന്നുമില്ല. കോളം കയറിക്കഴിഞ്ഞയുടനെ ഞാനും മോർഷീഡും എവറസ്റ്റിലേക്കുള്ള അനന്തരമാർഗ്ഗം പരിശോധിക്കുന്നതിനായി പോയി.”

മേലുദ്ധരിച്ച പ്രസ്താവനകളിൽനിന്ന് സോമർവെല്ലിൻെറ രണ്ടാമത്തെകയററം ആദ്യത്തേതിലും പ്രയാസം കുറഞ്ഞതായിരുന്നുഎന്നു നമുക്കു നിഷ്പ്രയാസം അനുമാനിക്കാം. മൂന്നാമത്തെപ്രാവശ്യം കയറിയതിനെപ്പററി അദ്ദേഹംതന്നെ പറയുന്നതെന്താണെന്ന് പരിശോധിക്കാം. “ഒന്നരണ്ടുദിവസങ്ങൾ കഴിഞ്ഞ് ഞങ്ങൾ പിന്നെയും ഉത്തരകോളംകയറി. ൨൧൦൦൦ അടി ഉയരത്തിൽ കുറേദിവസം ഞങ്ങൾ താമസിച്ചതിനാൽ പ്രകൃതിസ്ഥിതി ഞങ്ങൾക്കു വളരെവേഗം സഹനീയമായിത്തീർന്നു. അതിനാൽ മുമ്പ് വലിയ വിഷമകരമായിത്തോന്നിയ ഉത്തരകോളതരണം ഇപ്പോൾ താരതമ്യേന വളരെ ലഘുതരമായി തോന്നുന്നു.” വ്യോമമണ്ഡലത്തിലെ ഉപരിമേഖലകളിലെ അന്തരീക്ഷ സ്ഥിതിവ്യത്യാസങ്ങൾ സോമർവെല്ലിനും സഹചരന്മാർക്കും ക്രമേണ സഹനീയമായും ലഘുതരമായും തോന്നിയിരിക്കണമെന്ന് അദ്ദേഹത്തിൻെറ അനുഭവവൃത്താന്തംതന്നെ വിശദപ്പെടുത്തുന്നു. മററുള്ള ആരോഹകന്മാരുടെ അനുഭവങ്ങളും സോമർവെല്ലിൻെറ അഭിപ്രായത്തെ സ്ഥിരീകരിക്കയാണ് ചെയ്യുന്നതു്. 23000 അടി ഉയരംവരെയെങ്കിലും സകല പ്രകൃതിവ്യത്യാസങ്ങളും മനുഷ്യനു ജയിക്കുവാൻ സാധിക്കുമെന്നുള്ളതു് ഇതിൽനിന്നും നമുക്കു ഗ്രഹിക്കാമല്ലൊ.

അതിശൈത്യത്തിൽ കുറേദിവസങ്ങൾ താമസിക്കയും, ശരീരസ്ഥിതി അതിനനുയോജ്യമായി വരികയും ചെയ്തതിൻെറ ഫലമായിട്ടാണ് സോമർവെല്ലിന് 27000 അടിഉയരത്തിൽ പ്രാണവായു ഉപയോഗിക്കാതെ കയറാൻ സാധിച്ചതു്. അതുകൊണ്ടു് അദ്ദേഹത്തിൻെറയും മററു ആരോഹകന്മാരുടെയും അനുഭവങ്ങളിൽനിന്ന് ഏതു അന്തരീക്ഷ സ്ഥിതികൾക്കും മനുഷ്യശരീരം സ്വതേ വിധേയമായിക്കൊള്ളുമെന്നും, കൂടുതൽ കൂടുതൽ ഉയരത്തിലെത്തുമ്പോൾ അവിടത്തെ പ്രകൃതിസ്ഥിതിവ്യത്യാസങ്ങൾ വേഗത്തിൽ മനുഷ്യർക്കു യോജ്യമായി തീരുമെന്നും നമുക്കനുമാനിക്കാം.

മനുഷ്യൻെറ ശരീരംതന്നെയല്ല അവൻെറ മനസ്സും, പ്ര

കൃതി വ്യത്യാസങ്ങൾക്കനുസൃതമായി പരിവൎത്തനങ്ങൾക്ക സ്വയം വിധേയമായിക്കൊള്ളും. ആദ്യം ആരോഹകന്മാരും, ഭാരവാഹകന്മാരും, ഉത്തരകോളം കയറുന്നതിന്ന ശ്രമിച്ചപ്പോൾ അതുകയറാമെന്നോ, അഥവാ കയറിക്കഴിഞ്ഞാൽ ഒരടിയെങ്കിലും മുന്നോട്ടുവെയ്ക്കാമെന്നോ വിചാരിച്ചിരുന്നില്ല. പക്ഷെ കയറിക്കഴിഞ്ഞപ്പോൾ അവരുടെ മനസ്ഥിതിയും മാറി. ഇതുകൊണ്ടായില്ലല്ലൊ. ഇനിയും മുകളിലേക്കുതന്നെ കയറണം എന്നവരുടെ മനസ്സും അവരെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ഉത്തരകോളത്തിൽക്കൂടെ ആരോഹകന്മാർ തന്നെയല്ല. ചുമട്ടുകാർപോലും പലപ്രാവശ്യവും ചുമടുകളുംവഹിച്ചുകൊണ്ട് കയറിക്കഴിഞ്ഞു. ഉത്തരകോളത്തിന്ന മുകളിൽ നോവെൽ മൂന്നുരാത്രിയടുപ്പിച്ചു കിടന്നുറങ്ങി. മാലൊറിയും, സോമർവെല്ലും, ഫിഞ്ചും, നോർട്ടനും അവിടെനിന്നും വളരെ ഉയരത്തിൽ കൂടാരമടിച്ചു നിദ്രചെയ്തു. എവറസ്റ്റാരോഹണത്തിൻെറ പ്രാരംഭഘട്ടത്തിൽ ൨൧൦൦൦ അടിയിലെ അടിവാരക്കൂടാരമായിരുന്നു ആസ്ഥാനരംഗമായിക്കരുതിയിരുന്നത്. ദ്വിതീയഘട്ടത്തിൽ ഉത്തരകോളക്യാമ്പ് ആസ്ഥാനരംഗമായി ഉപയോഗിച്ചു. ആരോഹകന്മാരുടെ വിജയമനുസരിച്ചു അവരുടെ മനശ്ശക്തിയും വൎദ്ധിച്ചുവന്നു.

ആകട്ടെ. ൨൩൦൦൦ അടിയിൽ കൂടുതൽ ഉയരത്തിൽ ശരീരം അന്തരീക്ഷ സ്ഥിതികൾക്കനുസൃതമായിത്തീരുന്നതിനെപ്പററി നമുക്കു നിശ്ചിതമായ എന്തറിവാണുള്ളത്? അധികമൊന്നുമില്ലതന്നെ. ൨൩൦൦൦ അടി ഉയരത്തിൽ കൂടുതലായി ഒരിക്കൽ മാത്രമെ കയറാൻ സാധിച്ചിട്ടുള്ളു. പക്ഷെ ചുമട്ടുകാർ ൨൫,൫൦൦ അടിയിലുള്ള കൂടാരത്തിലേക്കു രണ്ടുപ്രാവശ്യം കയറുകയുണ്ടായി. ആദ്യം അവരെ അത്രയും ഉയരത്തിലേക്കയക്കാൻ വലിയ വിഷമമായിരുന്നു. എന്നാൽ രണ്ടാമത്തെ പ്രാവശ്യം യാതൊരു നിർബ്ബന്ധവും കൂടാതെ അവർ ആ അത്യുയരത്തിലേക്കു കയറുന്നതിന്ന തയ്യാറായി. ഫിഞ്ചും ബ്രൂസ്സും അത്യുച്ച കൂടാരത്തിൽ– ൨൫,൫൦൦ അടിയിലെ കൂടാരത്തിൽ– എത്തിയിരിക്കുമെന്നു കരുതി നോവെൽ ഒന്നുരണ്ടു ചുമട്ടുകാരെ വിളിച്ച് "ഈ കാപ്പിയും പലഹാരവും, ഫിഞ്ചുസായിപ്പിന്ന കൊണ്ടുപോയിക്കൊടുക്കുക" എന്നാജ്ഞാപിച്ചു. അവർ ശീഘ്രമായി യാത്രയും തുടൎന്നു. അപ്പോൾ ഉഗ്രമായ കാററടിക്കുന്നുണ്ടായിരുന്നു. ചുമട്ടുകാർ തിരിയെ എത്തുന്നതിന്ന മുമ്പായി രാത്രിയായിപ്പോകുവാൻ ഇടയുമുണ്ടായിരുന്നു. പക്ഷെ ഇവയൊന്നും അവരുടെ ഗതിയെ പ്രതിരോധിച്ചില്ല.

ഈ വൈഷമ്യങ്ങൾ വകവെയ്ക്കാതെ അവർ എങ്ങോട്ടാണ് പോയതു്? ഇക്കൊല്ലംവരെ കയറാൻ സാധിച്ച ഏററവും വലിയ ഉയരത്തിൽനിന്ന് ആയിരത്തിലധികം അടി മുകളിലേക്ക്.

മേൽ പ്രസ്താവിച്ച അനുഭവങ്ങളിൽനിന്ന് എവറസ്റ്റഗ്രത്തിനു താഴെയുള്ള ഏതു ഗഗനമേഖലയിലേയും ശീതോഷ്ണസ്ഥിതി മനുഷ്യർക്കു സ്വതേ അനുയോജ്യമായി തീർന്നുകൊള്ളുമെന്ന് സോമർവെൽ അനുമാനിച്ചു. ൨൩൦൦൦ അടി ഉയരത്തിൽ കുറെ ദിവസങ്ങൾ താമസിച്ച് അവിടത്തെ പ്രകൃതിസ്ഥിതികൾ അനുയോജ്യമായിത്തീർന്നാൽ എവറസ്റ്റ് ശിരോമകുടത്തിലെത്തുന്നതിനു തക്കതായ കായദാർഢ്യം ലഭിക്കുമെന്നാണ് സോമർവെല്ലിൻെറ അഭിപ്രായം. പ്രാണവായൂപകരണങ്ങൾ കൂടാതെ തന്നെ മുകളിലെത്താമെന്നാണ് അദ്ദേഹത്തിൻെറ അഭിമതം. "കുറെ ആളുകൾ ൨൧൦൦൦ അടിയിലുള്ള മൂന്നാമത്തെ ക്യാമ്പിൽ രണ്ടുമൂന്നാഴ്ച താമസിക്കയും, ഇടയ്ക്കിടയ്ക്ക് ൨൩,൦൦൦, ൨൪,൦൦൦ മുതലായ ഉയരങ്ങളിലേക്കു കയറുകയും ചെയ്താൽ അവർ എവറസ്റ്റ് ശൃംഗാഗ്രത്തിൽ എത്തുന്നതിന് തക്ക ദേഹസ്ഥിതിയുള്ളവരായിത്തീരുമെന്ന് ഞാൻ പ്രബലമായി വിശ്വസിക്കുന്നു" എന്നു സോമർവെൽ പറയുകയുണ്ടായി.

ഈ അനുമാനങ്ങളും നവീനവിജ്ഞാനങ്ങളും അനുസരിച്ച് പ്രവർത്തിക്കാതെയിരുന്നതു കഷ്ടമാണ്. മൂന്നാമത്തെ സംഘത്തെ രൂപവൽക്കരിച്ചവരാണ് ഇതിനുത്തരവാദികൾ. അതിൻെറ പോരായ്മ എനിക്കും ഇല്ലെന്നില്ല. പക്ഷെ അക്കാലത്തു ഈ അഭിപ്രായത്തിന് വേണ്ടത്ര പ്രചാരവും അംഗീകാരവും സിദ്ധിച്ചിട്ടില്ലായിരുന്നു. ൧൯൨൩-ലും പ്രാണവായൂപകരണങ്ങൾ വേണമെന്നുതന്നെയായിരുന്നു സംഘക്കാരുടെ അഭിപ്രായം.

മനുഷ്യവർഗ്ഗം ഇപ്പോൾ പരിപൂർണ്ണതയെ പ്രാപിച്ചുകഴിഞ്ഞിട്ടില്ല. ഏകദേശം യൗവ്വനദശയിൽ മാത്രം എത്തിയിട്ടേയുള്ളു. നമ്മുടെ ശക്തികൾ ഇനിയും പരീക്ഷിച്ചും പരിശോധിച്ചും കഴിഞ്ഞിട്ടില്ല. നമ്മുടെ ഈ ചെറു ഭൂഗോളത്തുള്ള സ്ഥലങ്ങൾതന്നെ മുഴുവനും നാം കാണുകയോ സഞ്ചരിക്കയോ ചെയ്തിട്ടില്ല. ചൊവ്വാ ചന്ദ്രൻ ആദിയായ ഇതരഗ്രഹങ്ങളിലെ സ്ഥിതികൾ അറിയുന്നതിനു നമുക്കു ഉൽക്കണ്ഠയുണ്ടെങ്കിലും ഭൂമിയിലെസ്ഥിതികൾ മുഴുവൻ നമുക്കറിയുന്നതിനു ഇതേവരെ സാധിച്ചിട്ടില്ല.

എങ്കിലും എവറസ്റ്റാരോഹണശ്രമത്തിൽനിന്നും ഒരു പ്രധാന സംഗതി വ്യക്തമാകുന്നുണ്ട്. മനുഷ്യശക്തി അനുദിനം വ

ളൻകൊണ്ടുതന്നെയിരിക്കുന്നു. അതിനെ ശരിയായ പന്ഥാവിലൂടെ നയിക്കയാണെങ്കിൽ ഇനിയും വളരുകതന്നെ ചെയ്യും. നമ്മുടെ ശക്തിയിൽ നമുക്കു കൂടുതൽ വിശ്വാസവും ഉളവാകുന്നതിനിടയുണ്ട്.

UNIVERSITY LIBRARY 11 AUG 1933 MADRAS

## അദ്ധ്യായം ൧൬.

### പ്രാണവായൂപയോഗം.

എവറസ്റ്റാരോഹണത്തിനു പ്രാണവായു ഉപയോഗിച്ചതു് കാരണമില്ലാതല്ല. 25000 അടിയിൽ കൂടുതൽ മനുഷ്യനു കയറാൻ സാധിക്കുമൊ എന്നതിനെപ്പററി യാതൊരു വിജ്ഞാനലേശവും ഇല്ലാതിരുന്ന കാലമാണ് 1922-ാമാണ്ടു്. മുകളിലേക്ക് മുകളിലേക്ക് ചെല്ലുന്തോറും വായുവിന് ഘനം കുറഞ്ഞാണ് വരുന്നതെന്ന് അക്കാലത്തു് അറിയാമായിരുന്നു താനും. ആ സ്ഥിതിക്ക് വായുവിൻെറ ന്യൂനതയെ പരിഹരിച്ചെങ്കിലെ മുകളിലെത്താൻ സാധിക്കയുള്ളു എന്ന് പര്യടനസംഘം അനുമാനിച്ചതിൽ അസാംഗത്യമില്ല. എന്നാൽ പ്രാണവായൂപയോഗം എവറസ്ററു സംഘത്തിന് നാശകരവുമായിരുന്നു. ഫിഞ്ചായിരുന്നു അതുപയോഗിക്കണമെന്നു ശഠിച്ചയാൾ. സോമർവെല്ലും ആദ്യം അതനുകൂലിച്ചു. പരമാത്ഥത്തിൽ ആ ധീരനായ ആരോഹകൻതന്നെയായിരുന്നു പ്രാണവായുകൂടാതെ മുകളിലെത്തുന്നതിന് അർഹനായ മാന്യൻ. അദ്ദേഹത്തെ ഈ അബദ്ധ വിശ്വാസത്തിലേക്കു നയിച്ചതു് അന്നത്തെ ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായമാണ്. ഒരു ശാസ്ത്രജ്ഞൻെറ നിലയിൽ പ്രാണവായു ഉപയോഗിക്കാതെയിരിക്കുന്നതു ബുദ്ധിശൂന്യമെന്ന് അദ്ദേഹത്തിനു തോന്നി. പ്രാണവായു കൂടാതെ എവറസ്റ്റിൻെറ മുകളിലെത്തുകയെന്നതു് സ്വപ്നേപി സാദ്ധ്യമായ ഒരു കാര്യമായി അക്കാലത്താരും ഗണിച്ചിരുന്നില്ല. എവറസ്റ്റിലെത്തണമെന്നുള്ളതായിരുന്നു ആരോഹകന്മാരുടെ ആഗ്രഹം. അതിന് പ്രാണവായു ഉപയോഗിക്കാതെ സാദ്ധ്യമല്ലെന്നും വിചാരിച്ചു. ൨൭൦൦൦ അടിവരെ ഈ മൂഢ ശാസ്ത്രോപയോഗംകൂടാതെ കയറിയിട്ടു് അദ്ദേഹത്തിന് ഈ അഭിപ്രായത്തിൽനിന്നും പിന്തിരിയുന്നതിനു കഴിഞ്ഞില്ല.

പർവ്വതനസംഘത്തിൻെറ പ്രഥമ ശ്രമം കഴിഞ്ഞപ്പോഴും മനുഷ്യൻെറ ശരീരസ്ഥിതി പ്രകൃതിവ്യത്യാസങ്ങൾക്കനുസരിച്ചു വ്യതിയാനം ചെയ്തുകൊള്ളും എന്നു മനസ്സിലാക്കാതെ പ്രാണവായുപയോഗത്തിൻെറ അനർഘതയെപ്പററിയാണ് കൂടുതൽ വിശ്വാസം തോന്നിയതു്. ഏററവും ഉയരങ്ങളിലെത്തിയ രണ്ടാരോഹണങ്ങളാണ് അദ്ദേഹത്തെ ഈ വിശ്വാസത്തിൽ സ്ഥിരീകരിച്ചതു്. ഒന്നു് പ്രാണവായു ഉപയോഗിക്കാതെയും, മററതു് ഉപയോഗിച്ചും. ഉപയോഗിച്ചു കയറിയതാണ് കൂടുതൽ ഉയരത്തിൽ കയറാൻ ഇടയാക്കിയതു്. അദ്ദേഹം പറയുന്നു: "മാലൊറി, സോമർവെൽ, നോർട്ടൻ, ഇവർ ആറുമണിക്കൂറുകൊണ്ടു് ൨൩൯൬൦ അടി ഉയരത്തിൽ കയറി. ഇത്രയും കയറിയപ്പോൾ മുകളിലത്തെ കൂടാരത്തിൽനിന്നും തൂക്കനെയുള്ള പൊക്കം കണക്കാക്കിയാൽ ൧൯൬൦ അടിവരും. അതായതു് ൩൩൦ അടി മണിക്കൂറൊന്നിനു കയറുന്നതിന് അവർക്കു സാധിച്ചു. അവർ തോററു് പുറകോട്ടു തിരിഞ്ഞിടത്തുനിന്നും ചരിവുകൾ കണക്കാക്കാതെയിരുന്നാൽ നേരെ എവറസ്ററു ശൃംഗത്തിലേക്കു് 1⅞ മൈൽ മാത്രമെ അകലമുണ്ടായിരുന്നുള്ളു. അവിടെനിന്നു് പർവ്വതാഗ്രത്തിലെത്തുന്നതിനു് ൨൦൦൦ അടിയോളംകൂടെ കയറിയാൽ മതിയായിരുന്നു. രണ്ടര മണിക്കാണ് കയററം മതിയാക്കി അവർ ഇറക്കം തുടങ്ങിയതു്. നാലുമണിക്കു് അവർ ഏററവും മുകളിലത്തെ കൂടാരത്തിൽ എത്തി. അവരുടെ ഇറക്കത്തിൻെറ വേഗം ഉദ്ദേശം മണിക്കൂറൊന്നിന് ൧൩൨൦ അടിയാണ്. നാലുമണിക്കുശേഷം അന്നുതന്നെ മോഷീഡിനോടുകൂടി ഉത്തരകോളത്തിലേയ്ക്കു തിരിച്ചു. രാത്രി പതിനൊന്നരമണിക്കു് അവിടെ എത്തി. അതു് മണിക്കൂറൊന്നിന് ൨൭൦ അടിയായി കണക്കാക്കാം ഇതാണ് പ്രാണവായു ഉപയോഗിക്കാതെ കയറുകയും ഇറങ്ങുകയും ചെയ്ത അല്പം ഒരു കണക്കു്.

പ്രാണവായു ഉപയോഗിച്ചവരുടെ കാർയ്യവും അല്പം പരിശോധിക്കാം. രണ്ടു രാത്രിയും ഒരു പകലും വിശ്രമരഹിതമായും നിദ്രാവിഹീനമായും കഴിച്ചുകൂട്ടിയതിൻെറശേഷം മെയ് 27-ാംനു- രാവിലെ ആറുമണിക്കു് അദ്ദേഹവും ബ്രൂസും ൨൫൫൦൦ അടി ഉയരത്തിലുള്ള കൂടാരത്തിൽനിന്നും കയററം തുടങ്ങി, അരമണിക്കൂർ കഴിഞ്ഞപ്പോൾ ടെജ്ബീർ പുറകോട്ടു മണ്ടി ൨൬൫൦൦ അടി മുഖപർവ്വതത്തിൽകൂടി കയറിട്ടു് കാററിൻെറ ഉഗ്രതയാൽ മുകളിലേക്കുള്ള ഗതി അസാദ്ധ്യമായിരുന്നതിനാൽ പൊക്കം കൂടുതലാ

യി കയറിയില്ലെങ്കിലും കഴിയുന്നതും എവറസ്റ്റിലേയ്ക്കടുക്കാമെന്നു കരുതി വിലങ്ങനെ കയറാതെ പൎവ്വതപ്രപാതത്തിൽക്കൂടെ നേരെ തിരശ്ചീനമായി സഞ്ചരിച്ച് ഉദ്ദേശം അര മൈലോളം എവറസ്റ്റിലേയ്ക്കടുത്തു. അവർ ൨൦൦൦ അടിയോളം കയറിയതു് മണിക്കൂറിൽ ൯൦൦ അടിവച്ചാണ്. അവൎക്ക് 40 റാത്തലോളം ഭാരവും ചുമക്കാനുണ്ടായിരുന്നു. ശൃംഗാഗ്രത്തിൽനിന്നു് ൨൦൦൦ അടി കുത്തനെ താഴെവച്ചാണ് അവർ പിൻതിരിഞ്ഞതു്. ചുരുക്കംപറഞ്ഞാൽ പ്രാണവായു ഉപയോഗിച്ചവർ കയറിയതും ഉപയോഗിക്കാത്തവർ കയറിയതുമായി ൩൦൦ അടിയുടെ വ്യത്യാസമേയുള്ളു.

പ്രാണവായു ഉപയോഗിക്കാതെ എവറസ്റ്റ് വൈജയന്തീകുംഭാഗ്രത്തിൽ എത്തുക അസാദ്ധ്യമെന്നു വിചാരിക്കുന്നതു് സൎവ്വാബദ്ധംതന്നെ. ഉപയോഗിക്കാതെ യാതൊരു ഗത്യന്തരവുമില്ലെങ്കിൽ അതുകൊണ്ടു തരക്കേടില്ല. പക്ഷെ ഉപയോഗിക്കാതെ കയറാൻ വഴിയുണ്ടെങ്കിൽ അതുപയോഗിക്കുന്നതു് ഉചിതവുമല്ല. ൧൯൨൨-ലെ ആരോഹണം ഈ സംഗതി സുവിദിതമായിത്തന്നെ പ്രഖ്യാപനംചെയ്തു. ശാസ്ത്രീയ സഹായവും പ്രാണവായുവും എല്ലാം ഉപയോഗിക്കാതെ മനുഷ്യന്റെ പ്രകൃതിദത്തമായ ശരീരം ഉപയോഗിച്ച് കയറുന്നതുതന്നെയാണ് കൂടുതൽ അഭിമാനകരവും ആഗ്രഹതരവും, മനുഷ്യശരീരത്തിന്റെ ശക്തിയും അതിനു പ്രകൃതിസ്ഥിതികളോടുള്ള അനുയോജ്യതയും തൻമൂലം ശാസ്ത്രജ്ഞന്മാൎക്ക് വിശദമാക്കിക്കൊടുക്കയും ചെയ്യാം. സാധാരണക്കാൎക്ക് പ്രാണവായു ഉപയോഗിക്കാതെ എവറസ്റ്റിനു മുകളിൽ കയറാൻ സാധിച്ചുഎന്നു കേൾക്കുമ്പോൾ കുറെക്കൂടി സംതൃപ്തിയും സന്തോഷവും ഉളവാകാനും ഇടയുണ്ടു്.

1922-ലെ ആരോഹണത്തിൽനിന്നും എന്തെങ്കിലും അനുമാനിക്കാനുണ്ടെങ്കിൽ അതു് പ്രാണവായു ഉപയോഗിച്ചോ ഉപയോഗിക്കാതെയൊ എവറസ്റ്റു കയറാമെന്നുള്ളതാണു്. പക്ഷെ ഇതിലേതുമാൎഗ്ഗമാണ് അനുകരിക്കേണ്ടതെന്നു തീരുമാനിക്കാതെ കയററം സുസാദ്ധ്യമല്ല. ഏതെങ്കിലം ഒരുമാൎഗ്ഗം തിരഞ്ഞെടുത്തുകൊണ്ടു് നിൎബ്ബന്ധമായി അതുതന്നെ പിൻതുടരണം. കയററക്കാരന്റെ മനസ്സു തന്നെ രണ്ടഭിപ്രായത്തിൽ ഇരിക്കരുതു്. ഏകാഭിപ്രായത്തോടുകൂടി ഏകലാക്കിനായി പരിയത്നിക്കണം. എന്നാലേ വിജയം കരഗതമാകയുള്ളു.

പ്രാണവായുക്കുഴലുകൾ ഉപയോഗിക്കുന്നതിനു് രണ്ടു

പ്രധാന തടസ്സങ്ങൾ കാണുന്നുണ്ട്. ഒന്നാമത്തു് ശരിയായി ഉപയോഗിക്കുന്നതിന് സൌകര്യപ്രദമായ ഉപകരണങ്ങൾ ഇതുവരെ കണ്ടുപിടിക്കയോ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. രണ്ടാമത്തു്, സമർത്ഥന്മാരായ ധാരാളം ചുമട്ടുകാർ ഉണ്ടെങ്കിൽ മാത്രമേ ആരോഹകന്മാർ വഹിച്ചുകൊണ്ടുപോകുന്നതായ പ്രാണവായുക്കുഴലുകളിലെ വായു ഉപയോഗിച്ചു തീരുമ്പോൾ യഥാസമയം വീണ്ടും പ്രാണവായു നൽകുന്നതിനായി കരുതൽ കുഴലുകൾ കൊണ്ടു നടക്കാൻ പാടുള്ളൂ. പ്രവീണന്മാരായ ചുമട്ടുകാരെ അധികം ലഭിക്കുക വിഷമമാണ്. ഇതു വേണ്ടെന്നു വച്ചാൽ ഇതിലും അത്യാവശ്യമായ കൂടാരോപകരണങ്ങളും ഭക്ഷണസാമഗ്രികളും ചുരുക്കമായി ലഭിക്കുന്ന ചുമട്ടുകാരെക്കൊണ്ട് വഹിപ്പിക്കാം. ഈ സാഹചര്യങ്ങളിൽ ബുദ്ധിമുട്ടു കുറഞ്ഞ വഴി അനുകരിക്കയാണുത്തമം.

പ്രാണവായുവിൻെറ ഉപയോഗവും പ്രാധാന്യവും എത്രമാത്രമുണ്ടെന്നു തെളിയിക്കണമെന്ന് നിർബന്ധമുള്ള ശാസ്ത്രജ്ഞന്മാരുണ്ടെങ്കിൽ അവർ സംഘം ചേർന്ന് ധാരാളം പ്രാണവായുക്കുഴലുമായി എവറസ്റ്റ് ശൃംഗാഗ്രത്തിൽ കയറിയിരുന്ന് കുഴലുകളിൽ നിന്നും വായു ശ്വസിച്ചു കാണിച്ചുകൊടുക്കട്ടെ. ആർക്കും വിസമ്മതമില്ല. മനുഷ്യൻ, അവൻെറ സ്വശക്തികൊണ്ട് എന്തു ചെയ്‌വാൻ സാധിക്കുമെന്നറിവാനാണ് ശ്രമിക്കുന്നതെങ്കിൽ മററു ബാഹ്യസഹായങ്ങൾ കൂടാതെ പോകയാണ് വേണ്ടതു്. ആവശ്യപ്പെട്ടാൽ മരുന്നായിട്ടുപയോഗിക്കുന്നതിന് ഒന്നോ രണ്ടോ കുററി അംമ്ളക്കുഴലുകൾ വേണമെങ്കിൽ കൊണ്ടുപോകുന്നതിനു വിരോധമില്ല. തണുപ്പു മാററാൻ ഒരു കുപ്പി ബ്രാൻഡി കൊണ്ടുപോകുന്നതുപോലെ മാത്രമേ ആകാവൂ. അല്ലാതെ ഈ കുററിയെ തന്നെയാശ്രയിച്ച് ജീവിക്കരുതു്. സ്വന്തം ശരീരബലത്തെത്തന്നെ അവലംബിക്കണം. ഇതുവരെയുള്ള നമ്മുടെ പരിചയം നമ്മുടെ സ്വകായശക്തിയെ ബലമായി ആശ്രയിക്കാമെന്ന് പഠിപ്പിക്കയും ചെയ്യുന്നു.

രണ്ടാമതാരോഹണത്തിൻെറ അവസാന ഘട്ടത്തിൽ 27000 അടി ഉയരത്തിൽ പരിപൂർണ്ണ സുഖമായിരുന്നു എന്ന് സോമർവെൽ പ്രസ്താവിക്കുന്നു. ചുമട്ടുകാർക്ക് 25000—വും 5500—വും അടി ഉയരം വരെ അമ്ലത ഉപയോഗിക്കാതെ ചുമടുകളും കൊണ്ട് കയറുന്നതിന് സാധിച്ചു. 27000 അടി ഉയരത്തിലേക്ക് ഒരു ചെറിയ കൂടാര സാമഗ്രികൾ കയററിക്കൊ

ണ്ടുപോകുന്നതിന് അവരെക്കൊണ്ടു സാധിക്കുമെന്ന് നമുക്കു ന്യായമായി ആശിക്കാം. അതു സാധ്യമാകുമെങ്കിൽ ഒരുജോഡി ആരോഹകന്മാർക്ക്, പരിപൂർണ്ണസുഖാവസ്ഥയിൽ കയററം തുടങ്ങി, 2000 അടി കൂടെ പ്രാണവായു ഉപയോഗിക്കാതെ കയറി അഗ്രത്തിലെത്താൻ സാധിക്കാതെ വരികയില്ലെന്ന് നമുക്ക് യുക്തിപൂർവ്വം ഊഹിക്കാം. വിവിധാംബര മേഖലകളിലെ വായുസ്ഥിതിവ്യത്യാസങ്ങൾ മനുഷ്യനു തീരെ അസഹ്യമല്ലായെന്നു മനസ്സിലായാൽ, ഈ ഒരു പ്രതിബന്ധം കൊണ്ട് ഭൂലോകത്തിലുള്ള മററു പർവ്വതങ്ങളും കയറുന്നതിന് ശ്രമിക്കാതിരിക്കയില്ല.

അമിലതോപയോഗ കക്ഷികൾ പ്രാണവായു ഉപയോഗിച്ചാൽ എവറസ്റ്റിൻെറ മുകളിലെത്താമെന്നു പറയുന്നതു് ആരും വിസംവദിക്കുന്നില്ല. അവർ കയറുക തന്നെ ചെയ്യേക്കും. പക്ഷെ അങ്ങിനെ മുകളിൽ കയറാൻ സാധിച്ചിരുന്നെങ്കിൽ ലോകത്തിന് സർവ്വപ്രധാനമായ ഒരു നവീന തത്വം നഷ്ടീഭവിച്ചു പോകുമായിരുന്നു. ഭൂമുഖഭാഗങ്ങൾ എത്തുന്നിടത്തോളം അന്തരീക്ഷ സ്ഥിതികൾ മനുഷ്യശരീരത്തിന് പരിചയം കൊണ്ടു സംയോജ്യമായി വരുമെന്നുള്ള അനർഘവിജ്ഞാനം കണ്ടുപിടിക്കുന്നതിനിടയാകുകയില്ലായിരുന്നു. മനുഷ്യശരീരത്തിൻെറ വിവിധശക്തികൾ എത്രമാത്രമുണ്ടെന്നു മനസ്സിലാക്കുന്നതിനും സാധിക്കുകയില്ലായിരുന്നു. നമുക്ക് നമ്മെത്തന്നെയറിയാൻ ഇടയാകുമായിരുന്നില്ല. തന്നെയല്ല ഭാവിയിൽ വലിയ പർവ്വതങ്ങൾ കയറുന്നതിന് നമ്മുടെ ശരീരസ്ഥിതിയെ സ്ഥായിയായി ആശ്രയിക്കാതെ മററു സഹായങ്ങളെ അവലംബിക്കേണ്ടതായും വരുമായിരുന്നു. പ്രാണവായുവും ശാസ്ത്രവും ജയിക്കയും, മനുഷ്യന് തന്നെത്താനറിയാനുള്ള ഒരു സുവർണ്ണാവസരം നഷ്ടപ്പെടുകയും ചെയ്യുമായിരുന്നു.

1922-ലെ ശ്രമത്തിൽ നിന്നും ഇത്രയും പാഠങ്ങൾ പഠിച്ചില്ല. മൂന്നാമത്തെ പര്യടനമാണ് ഈ പാഠങ്ങളെ യഥാർത്ഥത്തിൽ നമ്മെ മനസ്സിലാക്കിയതു്. രണ്ടാമത്തെ ആരോഹണം കഴിഞ്ഞപ്പോൾ ഇതര ശാസ്ത്രീയ സഹായം കൂടാതെ കയറാമോ ഇല്ലയോ എന്നുള്ള സംഗതി സംശയസ്ഥാനത്തു തന്നെ ഇരുന്നു. നാം നമ്മെ ആശ്രയിക്കാതെ ശാസ്ത്രം തന്നെ മുറുകെപ്പിടിച്ചു. അതുകൊണ്ടെന്തു്? മൂന്നാമത്തെ ആരോഹണസംഘക്കാരും ശ്വസന നാളങ്ങൾ കൊണ്ടുപോയി.

ഇതൊരു ബുദ്ധിശൂന്യമായ പ്രവൃത്തിയാണെന്ന് പി ന്നിട്ട മാത്രം മനസ്സിലായി. ഈ കുഴലുകളും കൊണ്ടു പോയതി നാൽ എവറസ്റ്റാരോഹണത്തിന്റെ പ്ലാൻ തന്നെ തെററി. പക്ഷെ ഇതു "പാഥസാം നിചയം വാന്നൊഴിഞ്ഞളവു സേതു ബന്ധനം" ചെയ്യുന്നതുപോലെയാണ്. മൂന്നാമതു പര്യടനത്തിലും കരുതലിനായിട്ടെങ്കിലും പ്രാണവായു കൊണ്ടുപോകാതിരിക്കുന്ന തു് മഠയത്തരമാണെന്നും ആരോഹകന്മാർ വിശ്വസിച്ചു. ഇ പ്പോഴും പ്രാണവായൂപയോഗത്തിന്റെ അമൂല്യഗുണങ്ങളിൽ ദൃ ഢമായി വിശ്വസിക്കുന്ന ചില പഴവന്മാരും കണ്ടേക്കാം.

## അദ്ധ്യായം. ൧൩.

### മററനുമാനങ്ങൾ.

ജീവാനിലൻ ഉപയോഗിക്കാതെ എവറസ്റ്റാരോഹണം സാദ്ധ്യമാകണമെങ്കിൽ ഉത്തരകോളത്തിനു മുകളിലായി 25000 അടിയിങ്കലും 27000 അടിയിങ്കലും ഓരോ കൂടാരം സ്ഥാപി ക്കേണ്ടതു് അപരിത്യാജ്യമാണെന്ന് 922—ലെ ആരോഹണസം ഘം മനസ്സിലാക്കി. കയററക്കാർ എത്ര സമർത്ഥന്മാരായിരുന്നാ ലും അന്തരീക്ഷസ്ഥിതി അവക്ക് എത്രസംയോജ്യമായിത്തീന്നാ ലും കയററം സാവധാനത്തിൽ മാത്രമേ സാധിക്കയുള്ളൂഎന്നും അവർ ഗ്രഹിച്ചു. ഓരോ ചുവട്ടു വയ്ക്കുന്നതിനിടയ്ക്കു് പലപ്രാവശ്യ വും ശ്വാസോച്ഛ്വാസം ചെയ്യേണ്ടിയിരുന്നു. അവരുടെ ദേഹാ ദ്ധ്വാനം കഴിയുന്നതും കുറച്ചിട്ട് ഒരേകണക്കിൽ ഒരു പതിഞ്ഞതാ ളത്തിൽ കയറുകയാണ് നല്ലതെന്ന് ബോദ്ധ്യമായി. ഇങ്ങിനെയെ ല്ലാമാണെങ്കിലും അവസാനത്തെ 2000 അടി മണിക്കൂറിൽ മൂ ന്നൂറടിയിൽ കൂടുതൽ കയറാൻ സാദ്ധ്യമല്ലെന്നും അവർ തീർച്ച യാക്കി. ഈ അത്യുയരങ്ങളിൽ അതിരാവിലെ കയററം തുടങ്ങു കഎന്നുള്ളതു് അത്ര എളുപ്പമല്ല. ശൃംഗാഗ്രത്തിലെത്തി വിജയ ശ്രീലാളിതരായതിന്റെശേഷം അന്നുതന്നെ തിരിയെയിറങ്ങി സൌകര്യപ്പെട്ടാൽ ഉത്തരകോളക്കൂടാരത്തിലെങ്കിലും എത്തണം. മുന്നൂറടി ഒരു മണിക്കൂറിൽ കയറാൻ സാധിച്ചാൽ തൊള്ളാ യിരംഅടി ഒരു മണിക്കൂറിൽ ഇറങ്ങാൻ സാധിക്കുമെന്ന് അനുഭ

വം പഠിപ്പിക്കുന്നു. എന്നാലും നാലഞ്ചുമണിക്കൂർസമയം ഇറക്കത്തിനും ആവശ്യമാണ്. ആ സ്ഥിതിക്ക് ശൃംഗാഗ്രത്തിലേക്കു പുറപ്പെടുന്നതു് ഏതാണ്ടു് ഇരുപത്തേഴായിരം (27000) അടി ഉയരത്തിലുള്ള കൂടാരത്തിൽനിന്നായിരിക്കണം. ഈ ഉയരം വരെയെങ്കിലും കൂടാരങ്ങളും ഉപകരണങ്ങളും എത്തിക്കുന്നതിനു ത്രാണിയുള്ള ചുമട്ടുകാരുമുണ്ടായിരിക്കണം. ഇതായിരുന്നു ഒരു പ്രധാന അനുമാനം.

ഈ ആരോഹണത്തിൻെറ അനുഭവഫലമായി പഠിച്ച മറെറാരുപാഠം ആരോഹകന്മാർ പ്രായാധിക്യമുള്ളവരായിരിക്കരുതു് എന്നുള്ളതാണ്. നാല്പതിലധികമില്ലാതെയും മുപ്പതിനോടടുത്തുമിരിക്കുന്നതാണ് ഏററവും നല്ലപ്രായം. വയസ്സ് അധികമായാൽ അന്തരീക്ഷസ്ഥിതി അത്ര എളുപ്പത്തിൽ അനുകൂലിയ്ക്കയില്ല. ഇതുവളരെ പ്രാധാന്യമേറിയ ഒരു നവീനജ്ഞാനം തന്നെയാണ്. യുവാക്കളോ മദ്ധ്യവയസ്കന്മാരോ വയസ്സന്മാരോ ആരാണ് കയററത്തിന് ഏററവും പററിയ ആളുകളെന്നു് ഇതിനുമുമ്പ് ഖണ്ഡിതമായി അറിഞ്ഞുകൂടായിരുന്നു. കുറേ പ്രായം ചെന്നവരുടെ ശരീരസ്ഥിതി അതിശൈത്യവും ഹിമബാധയും തടുക്കാൻ പ്രാപ്തിയുള്ളതാണെന്നു് വിചാരിക്കാനിടയുണ്ടു്. എങ്കിലും മദ്ധ്യവയസ്കന്മാരേപ്പോലെ വേഗത്തിൽ ശരീരപ്രകൃതം പരിതസ്ഥിതികൾക്കനുബന്ധിക്കുന്നതായി കണ്ടില്ല.

ഒരാരോഹകൻ വളരെ ചെറുപ്പമാണെങ്കിൽ കളേബരപ്രകൃതി വളരെവേഗത്തിൽ ശീതസ്ഥിതികൾക്കനുയോജ്യമായി വന്നേക്കാം. പക്ഷെ ചെറുപ്പക്കാരന് കയററങ്ങൾകൊണ്ടുണ്ടാകുന്ന കായക്ലേശങ്ങൾ സഹിക്കുന്നതിന് ശക്തി ഉണ്ടായിരിക്കുമോ എന്നറിയാൻ പാടില്ല. തീരെചെറുപ്പകാർക്ക് എവറസ്റ്റാരോഹണത്തിനാവശ്യമായ ശരീരശക്തിയും സഹിഷ്ണുതയും ഉണ്ടായിരിക്കാൻ മാർഗ്ഗമില്ല. മുപ്പതിനോടേററവും അടുത്തതു്—അതിന് അല്പം മുകളിലും താഴെയും—ഉള്ള പ്രായമാണ് എല്ലാററിലും കാമ്യമായിട്ടുള്ളതു്.

ശരീരപ്രകൃതിയും പ്രത്യേകം നോക്കാനുണ്ടു്. പൊണ്ണത്തടിയന്മാർ എവറസ്റ്റ് കയററത്തിൻെറകാര്യ്യം ആലോചിക്കയേ വേണ്ട. ദീർഘകായൻ—കുറിയഉടലും ദീർഘമായ ഭുജചരണങ്ങളുമുള്ള കൃശഗാത്രൻ-ആണ് ഏററവും അനുയോജ്യനായ ആരോഹകൻ. കാലിന് നല്ലനീളമുണ്ടെങ്കിലേ പൊക്കിപൊക്കി ച

വുട്ടിക്കയറാൻ സാധിക്കയുള്ളൂ. കാലുകൾക്കു ചുമക്കാൻ ദേഹത്തിന്ന് അധികം ഭാരമുണ്ടായിരിക്കയുമരുതു്.

ശ്വാസകോശം വിസ്തൃതവും ബലവത്തും ആയിരിക്കണം. ദീർഘവും ശക്തിമത്തുമായ നിശ്വാസങ്ങൾ കൂടാതെ കയറാൻ സാധിക്കയില്ലെന്നാണു് മാലൊറിയും ഫിഞ്ചും പറയുന്നതു്. പക്ഷെ സോമർവെല്ലിന്ന് കൂടുതൽ സുഖപ്രദമായി തോന്നിയതു് "തെരുതെരെ"യുള്ള ഹ്രസ്വനിശ്വാസനങ്ങളാണ്. ഇവയിലേതാണ് നല്ലതെന്ന് നമുക്ക് പരിപൂർണ്ണമായി നിശ്ചയിക്കാറായിട്ടില്ല. ഓരോരുത്തരും പരീക്ഷിച്ചുനോക്കി അവനവന്നു യോജിക്കുന്നവിധം ചെയ്യുന്നതാണുത്തമമെന്ന് മാത്രമേ ഇപ്പോൾ പറയാൻ പാടുള്ളൂ. ഏതുവിധമാണെങ്കിലും നല്ലശ്വാസകോശവും ബലമായ ഹൃദയവും അത്യാവശ്യംതന്നെ.

ഇതരദേഹാദ്ധ്വാനങ്ങൾകൂടാതെ കയററം മാത്രമാണെങ്കിൽ ആരോഹകന്മാർക്ക് ഒരു മാതിരിജയിച്ചുപോകാം. ഇടയ്ക്കു് ആവശ്യപ്പെട്ടേക്കാവുന്ന ഭക്ഷണപാകം, ചെരിപ്പുകളുടെ അററകുററപ്പണി, ഉഗ്രമായ ശീതക്കാററിൽ കൂടാരത്തിന്നു വെളിയിലിറങ്ങി ശിബിരപാശങ്ങൾ ഉറപ്പിക്കുക മുതലായ മററുജോലികൾ കൂടെ ആകുമ്പോൾ പർവ്വതതരണോത്സുകന്മാർ വല്ലാതെ ക്ഷീണിച്ചുപോകും. ഈമാതിരിയുള്ള അദ്ധ്വാനങ്ങൾ കഴിയുന്നതും കുറയ്ക്കുന്നതിന്ന് പ്രത്യേകം ശ്രമിക്കേണ്ടതാവശ്യമാണ്.

വേറൊരു പ്രധാനയാവശ്യം ഒരു സഹായസംഘമാണ്. പ്രഥമ പര്യടന സംഘംതന്നെ ഇപ്രകാരം പിൻബലവും സഹായവുമില്ലാതിരുന്നിട്ട് വളരെ കഷ്ടപ്പെടുകയുണ്ടായി. അവനവന്റെ സകലശക്തികളും— പരമാണുക്കൾപോലും— ഉപയോഗിച്ചു് എവറസ്ററു യുദ്ധം നടത്തുമ്പോൾ ആപത്തിലകപ്പെട്ടാൽ സഹായിക്കാൻ പുറകിൽ ആളുകളുണ്ടെന്നു് വിശ്വാസമുണ്ടെങ്കിൽ കൂടുതൽ സമാധാനവും ധൈര്യവുമുണ്ട്. കൂടാതെ കയററം കഴിഞ്ഞു് സപ്തനാഡികളും തളർന്ന് ജീവച്ഛവങ്ങളായി തിരിയെ വരുമ്പോൾ അവർക്ക് ഭക്ഷണപാനീയങ്ങളും ഇതര ശുശ്രൂഷകളും ആവശ്യമാണ്.

ആൽപൈൻ ക്ലബുകാരുടെ ഭാഷയിൽ പറകയാണെങ്കിൽ എവറസ്റ്റ് വെറും സുഗമമായ ഒരു ശിലാശൃംഗം മാത്രമാണ്. ഉത്തരമുഖത്തിലെ ഉന്തിയും തള്ളിയും നില്ക്കുന്ന ശിലാ പിണ്ഡങ്ങൾ ഹിമാവൃതമായിക്കിടക്കുമ്പോൾ ആരോഹണം വളരെ അപായകരം തന്നെ എങ്കിലും ഇതു് അജയ്യ

മായ ഒരു ദുർഘടമല്ല. ആരോഹകന്മാക്ക് കയറാൻ സാധിക്കാതിരുന്ന അര മൈലകലത്തിൽ മനുഷ്യൻ കയറാൻ പാടില്ലാത്തവിധം ഭൂതലപ്രകൃതി അത്ര വൈഷമ്യകരമൊന്നുമല്ലായിരുന്നു എന്നു വേണം ഊഹിക്കുവാൻ.

അതുകൊണ്ട് പൎവ്വതത്തിന്റെ ഭൂപ്രകൃതിയല്ല തരണത്തിനു പ്രധാന വിഘാതമായിരുന്നത്. കാലസ്ഥിതിയായിരുന്നു. ഭയങ്കരവും ഉഗ്രവുമായ ശീതക്കാററും അതിശൈത്യവും മഞ്ഞും ആയിരുന്നു വാസ്തവത്തിൽ ജയിക്കേണ്ട പ്രതിബന്ധങ്ങൾ. വളരെ കട്ടികൂടിയതും ശൈത്യം തീരെ കടക്കാത്തതുമായ കമ്പിളിവസ്ത്രങ്ങളുപയോഗിച്ച് തണുപ്പിനെ തടയണം.

മഞ്ഞിന്റെ ഉപദ്രവത്തിൽനിന്നുള്ള കഠിനഫലങ്ങൾ ആരോഹകസംഘം നന്നായി അനുഭവിച്ചു. ഭാവിയിൽ പോകുന്നവർ ഹിമദംശനവും മററുമുണ്ടാകാതെ കഴിയുന്ന പ്രതിവിധികൾ ചെയ്യണം.

കാററ് മഞ്ഞുപോലെതന്നെ അപായകരമല്ലെങ്കിലും സദാ തുടർച്ചയായുണ്ടാകാവുന്ന ഒരു പ്രതിബന്ധമാണ്. കാററുമാറിയിട്ട് കയററം തുടങ്ങുകഎന്നത് തീർത്തും അസാദ്ധ്യമാണ്. അത്യുഗ്രവാതം ഹിമാലയത്തിലെ സാധാരണപ്രകൃതിയിൽ പെട്ടതായിട്ടേ വിചാരിക്കേണ്ടതുള്ളു. കാററ് അതികഠിനവും അത്യുഗ്രവുമായിരിക്കുമ്പോൾ കയററം അചിന്ത്യംതന്നെ. അനുകൂലമായകാലസ്ഥിതിയോടുകൂടി വളരെ ചുരുങ്ങിയ ഒരു കാലഘട്ടം മാത്രമേ കയററക്കാരന് ഹിമാലയത്തിൽ ലഭിക്കുകയുള്ളു. ഈ ചുരുങ്ങിയകാലയളവിൽ കാററൂതുന്ന സമയവും കഴിച്ചാൽപിന്നെ കയററക്കാരന് അല്പസമയംപോലും ശേഷിക്കയില്ല. അതുകൊണ്ട് കാററിനെ വകവയ്ക്കാതെ കയറുകതന്നെ ചെയ്യണം. പുറത്തേക്ക് തലപോലും കാണിക്കാൻ വഹിയാത്തതായ അത്യുഗ്രകൊടുങ്കാററുള്ളപ്പോൾമാത്രം ആരോഹണം നിൎത്തിയിട്ട് ബാക്കിയുള്ളസമയം സഹ്യമായ കാററിൽതന്നെ കയറാൻ ശ്രമിക്കണം. ഇതു സാധിക്കണമെങ്കിൽ എത്ര ഉഗ്രമായ കാററും ഉള്ളിൽ പ്രവേശിക്കാത്തവിധത്തിൽ പ്രത്യേകം നിൎമ്മിച്ചിട്ടുള്ള ഉടുപ്പുകൾ ആരോഹകന്മാക്കും ചുമട്ടുകാക്കും ഉണ്ടായിരിക്കണം. കാററ് തീരെ പ്രവേശിക്കാതെയിരിക്കണമെങ്കിൽ ഇരുമ്പോ മററുലോഹത്തകിടുകളോകൊണ്ട് ഒരു ചെറുസുഷിരംപോലുമില്ലാതെ കഞ്ചുകങ്ങൾ നിൎമ്മിച്ചെങ്കിലേ സാധിക്കയുള്ളു. ഇതിന് പ്രായോഗികവിഷമതകൾ വളരെ ഉള്ളതുകൊണ്ട് ഈകാൎയ്യം ഇപ്പോൾ ആ

ലോചിക്കേണ്ടാ. സൌകൎയ്യപ്രദമായി ധരിക്കാൻ സാധിക്കുന്നതും കാററുകടക്കാതെ എത്രയുറപ്പായി ഉണ്ടാക്കാൻ സാധിക്കുമോ അത്രയും ഉറപ്പായി ഉണ്ടാക്കിയ വസ്ത്രങ്ങളും ഉപയോഗിച്ച് ശ്രമിക്കുക.

1922-ലെ ആരോഹണ സംരംഭത്തിൽനിന്നും ഇത്രയും അമൂല്യമായ അനുഭവങ്ങൾ നമുക്ക് സംസിദ്ധമാകുന്നുണ്ട്. ഈ വിജ്ഞാനശകലങ്ങൾ ഭാവിസംഘങ്ങൾക്ക് ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കും.

# അദ്ധ്യായം ൧൦.

## മൂന്നാമത്തു് പൎയ്യടനസംഘം.

എവറസ്റ്റാരോഹണത്തിന് മൂന്നാമതൊരു സംഘവും രൂപവൽക്കരിക്കേണ്ടിയിരുന്നു. ഇനിയും ടിബററുഗവമ്മെൻറിൽ നിന്ന് അനുവാദം ലഭിക്കുകയും പണമുണ്ടാക്കുകയും സംഘത്തിൽ ആളുചേൎക്കുകയും സംഭരണങ്ങൾ പൂൎത്തിയാക്കുകയും ചുമട്ടുകാരെ തിരഞ്ഞെടുക്കുകയും വേണം.

ഒരുക്കങ്ങൾക്ക് ആവശ്യമായ സമയം ലഭിക്കുന്നതിലേക്കുവേണ്ടി, പിറേറക്കൊല്ലം പൎയ്യടനം തുടരാതെ ൧൯൨൪—ൽ ആരോഹണസംഘം പുറപ്പെട്ടാൽ മതിയെന്ന് തീരുമാനിച്ചു. ഇതിനിടയിൽ എവറസ്റ്റ് കമ്മററിയുടെ പ്രസിഡൻഡു സ്ഥാനത്തിന് ഒരു മാററമുണ്ടായി. ആൽപൈൻ ക്ലബ്ബിൻെറ ചെയർമാനായിരുന്ന ജനറൽ ബ്രൂസുതന്നെ എവറസ്റ്റ് കമ്മററിയുടെ അദ്ധ്യക്ഷനായി നിയമിതനായി. വിശ്വവിഖ്യാതമായ രണ്ട് പൎവ്വതാരോഹണ സംഘങ്ങളുടെയും നായകനായി ഒരാളെ നിയമിച്ചതു് വളരെ ഉചിതമായി.

യഥാൎത്ഥമായ ആരോഹണത്തിന് നേതൃത്വം വഹിക്കുന്നതിനും ബ്രൂസിൻെറകീഴിൽ ഉപനായകനായി വൎത്തിക്കുന്നതിനും യോഗ്യനായ ഒരാളെ ലഭിക്കുക അത്ര എളുപ്പമല്ലായിരുന്നു. ആരോഹണ നേതൃത്വത്തിന് വലിയ പ്രായാധിക്യമുള്ളവരെ കൊള്ളുകയുമില്ല. കൎണ്ണൽ സ്ട്രട്ടനെ ഇനി ലഭിക്കാൻ ഇടയില്ല. ഉപനായകനായിരിക്കേണ്ട ആളിന് ഹിമാലയ പ്രാന്തങ്ങളും അവി

ടത്തെ ജനങ്ങളുമായി പരിചയമുണ്ടായിരിക്കേണ്ടതും അത്യാവശ്യമാണ്. കണ്ണൽ നോർട്ടനെ കിട്ടുമെങ്കിൽ അദ്ദേഹത്തോളം പരിചയമുള്ള ആളുകൾ വേറെ ഇല്ലതന്നെ. അദ്ദേഹം മദ്ധ്യവയസ്കനാണ്. ഹിന്തുസ്ഥാനി സംസാരിക്കാൻ വശവുമുണ്ട്; ഹിമാലയ പ്രാന്തവാസികളുമായി പരിചയവുമുണ്ട്. സൈനികോദ്യോഗത്തിൽ ഇരുന്നതുകൊണ്ട് സംഘടനക്കും നേതൃത്വത്തിനും വേണ്ട പ്രാഗൽഭ്യവും നോർട്ടന് ഉണ്ടായിരിക്കും. പക്ഷെ രണ്ടാമത്തെ ആരോഹണ സംരംഭംകഴിഞ്ഞതിൽപിന്നെ അദ്ദേഹം ഡാർഡെനസിൽ സ്റ്റാഫ് ഓഫീസറായി ജോലിനോക്കുക ആയിരുന്നു. അതിനാൽ നോർട്ടനെ ലഭിക്കുന്നകാര്യം സന്ദിഗ്ദ്ധമാണ്. എങ്കിലും ഇംഗ്ലണ്ടിലെ സൈനിക മേലുദ്യോഗസ്ഥന്മാരുടെ ആനുകൂല്യത്താൽ നോർട്ടന് അവധിനൽകുകയും തദനുസരണം അദ്ദേഹവും മൂന്നാമത്തെ പര്യടനത്തിൽ ചേരുന്നതിനിടയാവുകയും ചെയ്തു.

അല്പംകൂടി വിഷമത്തിലായിരുന്നു മാലൊറിയുടെ കാര്യം. പക്ഷെ സംഘത്തിന് അദ്ദേഹത്തെ അനിഷേദ്ധ്യമായി ആവശ്യമായിരുന്നു എന്നു പറയാം. എന്നാൽ എങ്ങിനെയാണ് അദ്ദേഹത്തെ ഇനിയും സംഘത്തിൽ ചേരാൻ നിർബന്ധിക്കുന്നത്? ക്ഷണിക്കുക ആണെങ്കിൽ ക്ഷണം സ്വീകരിക്കാതെ ഇരിക്കുവാനും അദ്ദേഹത്തിനു വൈഷമ്യമാണ്. മാലൊറിയുടെ കാര്യം വലിയ ഒരു ധർമ്മസങ്കടംതന്നെ. അദ്ദേഹത്തെ നിർബ്ബന്ധിച്ച് ഹിമാലയത്തിലേക്കു കൊണ്ടുപോകുന്നതു് കമ്മററിക്കാക്കുചിതമാണോ? അദ്ദേഹം കല്യാണംകഴിഞ്ഞു് മധുവിധുപോലും അനുഭവിച്ചുകഴിഞ്ഞോഎന്ന് സംശയമാണ്. കഴിഞ്ഞ രണ്ടു പര്യടന ശ്രമങ്ങളിലും അദ്ദേഹം പ്രശസ്തമായി ഭാഗഭാക്കാകുകയും ഒന്നുരണ്ടു് അത്യാപത്തുകൾപോലും തരണംചെയ്യുകയും ചെയ്തതല്ലേ? ഇനിയും ആപത്തിൽ ചാടാൻ എങ്ങിനെയാണ് നിർബ്ബന്ധിക്കുന്നതു്? നേരെമറിച്ച് ക്ഷണിക്കാതെ ഇരുന്നാൽ അദ്ദേഹം എന്തുവിചാരിക്കും? അദ്ദേഹം പരിഭവിക്കയില്ലയോ? കഴിഞ്ഞ രണ്ടു ആരോഹണങ്ങളിലും വേണ്ട സകല കഷ്ടതകളും ബുദ്ധിമുട്ടുകളും സഹിച്ചിട്ട് വിജയത്തിനായി മാത്രം പോകുന്ന മൂന്നാമത്തെ സംരംഭത്തിൽ ചേർക്കാതെയിരുന്നാൽ അദ്ദേഹത്തിനു ലഭ്യമാകേണ്ട മാന്യസ്ഥാനം അദ്ദേഹത്തിനു കിട്ടുമോ? മാലൊറി തെളിച്ച വഴിയിൽക്കൂടി വേറെയുള്ളവർ പോയി വിജയപതാക കൈയ്യിലാക്കുകയില്ലെ? എവറസ്ററു കമ്മററിയുടെ ഈദൃശ സംശയചിന്തകൾകൊണ്ട് മാലൊറിയുടെ അന്തർഗ്ഗതം എന്താണെന്നറിയുന്നതിന് അന്വൈരല്യോ

ഗികമായ നിലയിൽ ശ്രമിച്ചുനോക്കി. തൽഫലമായി മാലൊറിക്കിനിയും പോന്നാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ടെന്നു മനസ്സിലായി. ഉടനെ ഔദ്യോഗികമായ ഒരു ക്ഷണം നൽകി. മാലൊറി അതു സന്തോഷപുരസ്സരം സ്വീകരിക്കയുംചെയ്തു.

എല്ലാവരുടെയും സംതൃപ്തിക്ക് പാത്രീഭൂതനായി സോമർവെല്ലും ആരോഹണസംഘത്തിൽ ചേരാമെന്നു തീരുമാനിച്ചു. അദ്ദേഹത്തിൻെറ ശസ്ത്രക്രിയാപാടവവും ലോകമഹായുദ്ധരംഗങ്ങളിലുള്ള പരിചയവുംകൊണ്ട് ഇംഗ്ലണ്ടിൽ പ്രശസ്തമായവിധം ചികിത്സ നടത്തി ഖ്യാതിയും പണവും സമ്പാദിക്കുന്നതിനുള്ള സകല സാഹചര്യങ്ങളും ആ മഹാത്മാവിനുണ്ടായിരുന്നു. അദ്ദേഹത്തിൻെറ സംഗീതവാസനയും ചിത്രമെഴുത്തുചാതുര്യവും പ്രകടിപ്പിക്കുന്നതിന് അനുയോജ്യമായ സമുദായരംഗങ്ങളും ഇംഗ്ലണ്ടിലുണ്ടായിരുന്നു. പക്ഷെ ഇവയെല്ലാം തൃണവൽഗണിച്ച് ദക്ഷിണ ഇൻഡ്യയിലെ സാധുജന സംരക്ഷണവും രോഗാതുര പരിചരണവും ആണ് തൻെറ കർത്തവ്യകർമ്മമെന്നു കരുതി അദ്ദേഹം തെക്കൻതിരുവിതാംകൂറിൽ നെയ്യൂർ എന്ന സ്ഥലത്തുള്ള ഒരു ക്രിസ്തീയ മിഷ്യനറി സംഘത്തിൽ ചേന്ന് ജോലി ആരംഭിച്ചിരിക്കയാണ്. അദ്ദേഹം തിരുവിതാംകൂറിലായിരുന്നതുകൊണ്ട് വേഗത്തിൽ ഡാർജിലിങ്ങിലെത്തി പര്യടനസംഘത്തിൽ ചേരാനും സാധിക്കും. പഴമപരിചയക്കാരനായിരുന്ന ജനറൽ ബ്രൂസിനും മൂന്നാമത്തു സംഘത്തിൽ ചേരാൻ സൌകര്യമാണ്. ഇതുവരെ പർവ്വതാരോഹണവിദ്യയിൽ ഗണ്യമായ പരിചയമൊന്നും അദ്ദേഹത്തിനു ലഭിച്ചിരുന്നില്ല. ഇതിനിടയിൽ അദ്ദേഹം സ്വിററ്സർലാണ്ടിൽ പോകയും ആൽപ്സ് തരണക്കാരിൽനിന്ന് പഠിക്കാവുന്നതായ പല സംഗതികളും പഠിക്കയും ചെയ്തുകഴിഞ്ഞിരുന്നു.

ഈ സംഘത്തിൽ പുതിയതായി ചേന്നതിൽ പ്രധാനി മി. എൻ. ഇ. ഓഡൽ ആണ്. ഇദ്ദേഹം ഒരു ഭൂഗർഭശാസ്ത്രജ്ഞനുമാണ്. മുമ്പിലത്തെ ആരോഹണസംഘത്തിൽ ചേരുന്നതിന് ഔദ്യോഗികമായ തടസ്സങ്ങൾ അനുവദിക്കായ്കയാൽ കുണ്ഠിതപ്പെട്ടിരിക്കയായിരുന്നു. ഇത്തവണ ഏതായാലും അവധി കിട്ടി. ഉടനെ സംഘത്തിൽ ചേരുന്നതിന് സന്നദ്ധനായി. പേർഷ്യായിലായിരുന്ന ജോലിഎങ്കിലും കുറേമാസക്കാലത്തേക്ക് ഇൻഡ്യയിലേക്കു പോകുന്നതിന് വിഷമമില്ല. ഓഡലിന് അരോഗമായ ഒരു ശരീരവും ആൽപ്സ് കയററത്തിൽ നല്ല പരിചയവും ഉണ്ടായിരുന്നു. ശാന്തവും സൌമ്യവുമായ അദ്ദേഹത്തിൻെറ

പ്രകൃതിയിൽ ദൃഢനിശ്ചയവും സ്ഥിരചിത്തതയും പ്രദ്യോതിച്ചു കണ്ടു. ഇദ്ദേഹം ആകപ്പാടെ സംഘത്തിനു ഗണ്യമായ ഒരു സഹായമായിരിക്കുമെന്നുള്ളതിന് സംശയമില്ല.

മി. ബെൻറിലി ബീതാമിൻെറ പ്രകൃതം വ്യത്യസ്ഥപ്പെട്ട ഒന്നുതന്നെയാണ്. മാലൊറിയുടെ ഊർജ്ജസ്വലതയും ഇദ്ദേഹത്തിൻെറ ഊർജ്ജസ്വലതയുമായി അല്പം വ്യത്യാസമുണ്ടു്. ഇദ്ദേഹത്തിൻേറതു് തിളച്ചു മറിഞ്ഞു കുമിച്ചു പൊട്ടുന്ന ഒരു മഹാ തീവ്രമായ ഊർജ്ജസ്വലതയാണ്. ബീതാമിനും ആൽപ്സ് കയറി നല്ല പരിചയമുണ്ടു്. അതിശക്തിയായി, അനിയന്ത്രിതമായി പ്രവഹിച്ച അദ്ദേഹത്തിൻെറ ഉന്മേഷം ആശ്ചര്യകരംതന്നെയായിരുന്നു. ജോലി അദ്ധ്യാപകവൃത്തിയായിരുന്നു. ആൽപ്സ് പർവ്വതം ഉണ്ടായിരുന്നതു് അദ്ദേഹത്തിൻെറ സ്കൂളിൻെറ പ്രത്യേക ഭാഗ്യമെന്നേ പറവാനുണ്ടായിരുന്നുള്ളു. ആണ്ടുതോറും സ്വരുക്കൂട്ടുന്ന അമിതമായ ഊർജ്ജസ്വലതയും ഉന്മേഷവും ചൈതന്യവും അല്പമൊന്നു കുറയുന്നതിന് ആൽപ്സ് പർവ്വത തരണ ശ്രമം മാത്രമേ ഉണ്ടായിരുന്നുള്ളു.

മൂന്നാമത്തെ പുതിയസാമാജികൻ ഒരു എൻജിനീയറായിരുന്ന മി. ഹാവേർഡ് ആണ്. ഇദ്ദേഹം ഇൻഡ്യയിൽ ഉദ്യോഗത്തിലിരിക്കയും മലകയററത്തിൽ സാമാന്യം ഖ്യാതി സമ്പാദിക്കുകയും ചെയ്തിട്ടുണ്ടു്.

ഇരുപത്തിരണ്ടു വയസ്സ്മാത്രം പ്രായമുണ്ടായിരുന്നആൻഡ്റൂ ഐർവിൻആണ് അവസാനത്തെ അംഗം. ഐർവിന് ആൽപ്സ്കയറി പരിചയവുമില്ല. 1923—ൽ ഓക്സ്ഫോർഡിൽനിന്നും സ്പിററ്സ്ബർഗണിലേക്ക് പോയപര്യടനസംഘത്തിൽ വിശ്രുതനായി തീർന്നിട്ടുള്ള ദേഹമാണ് മി. ഐർവിൻ. ഓഡലും ലോംഗ്സ്റ്റാഫും ഈ യുവാവിൻെറ അസാമാന്യസാമർത്ഥ്യത്തെ പ്രത്യേകം പ്രകീർത്തിക്കുന്നുണ്ടു്. ഇദ്ദേഹം ഓക്സ്ഫോർഡിലെ പ്രസിദ്ധമായ മത്സരവള്ളംകളിയിൽ രണ്ടുപ്രാവശ്യം ഭാഗഭാക്കായിട്ടുണ്ടു്. ഇതിൽനിന്നുതന്നെ ഇദ്ദേഹം നല്ല ദൃഢഗാത്രനാണെന്ന് ഊഹിക്കാം. എങ്കിലും എവറസ്റ്റാരോഹണത്തിന് അല്പംതടിച്ച ശരീരമല്ല ഇദ്ദേഹത്തിനുള്ളതു് എന്നു സംശയിക്കണം. പ്രായം അല്പം കുറവാണെന്നു തോന്നാമെങ്കിലും എത്രവയസ്സാണ് ഏററവും പററിയതു് എന്ന് സൂക്ഷ്മമായി അറിയാൻ കഴിയാത്തിടത്തോളംകാലം അതിനെപ്പററി നമുക്കൊന്നും പറയാനില്ല.

ഇദ്ദേഹത്തിനു മലകയറി പരിചയമില്ലായിരുന്നു· പ്രായമല്പം കുറഞ്ഞുപോയതു് ഗുണമോ ദോഷമോ എന്നു് നിശ്ചയിക്കാൻ വഹിയാ എങ്കിലും ഐർവിന്റെ മനസ്സും സ്വഭാവവും സംഘാംഗമായി ചേരുന്നതിനു് ഏററവും യോജിച്ചതാണെന്നുള്ളതിലേക്കു പക്ഷാന്തരമില്ല. ഒരു സംഗതിയിൽ ഇറങ്ങിയാൽ സ്വാർത്ഥലേശമില്ലാതെ— പര്യടനസംഘത്തിന്റെവിജയം തന്റെ വിജയമാണെന്നു പൂർണ്ണമായിവിശ്വസിച്ചു്— വ്യക്തിപരമായ യാതൊരു സ്വാർത്ഥചിന്തകളും കൂടാതെ പ്രവർത്തിക്കുന്നതിനു് അദ്ദേഹത്തിനുണ്ടായിരുന്ന മഹാമനസ്കത നിസ്തുല്യംതന്നെ. സന്ദർഭോചിതബുദ്ധിയും യാന്ത്രികസൂത്രങ്ങൾക്കുള്ള സാമത്ഥ്യവുംഅദ്ദേഹത്തിന്റെ വിശേഷഗുണങ്ങളാണു്. ഐർവിൻ ഇപ്പോഴും ഓക്സുഫോർഡിൽ അദ്ദേഹത്തിന്റെ വിദ്യാഭ്യാസംപൂർത്തിയാക്കിയിട്ടില്ല. അവിടെ ഇപ്പോഴും ഒരു അണ്ടർഗ്രാഡ്യുവേററു് ആയികഴിയുകയാണു്. ഇതുവരെ ബിരുദം ലബ്ധമായിട്ടില്ല.

മേൽ പ്രസ്താവിച്ചവരെ കൂടാതെ ഇൻഡ്യയിൽ വച്ചു പല പ്രധാന അംഗങ്ങളും ചേരാനുണ്ടു്. ചുമട്ടുകാരുമായി കാര്യങ്ങൾ നടത്തുന്നതിനു് അവരുടെ ഭാഷയറിയാവുന്നതും, ഇൻഡ്യയിൽ സ്ഥലപരിചയമുള്ളതും ആയ ഒരാളാവശ്യമാണു്. ക്യാപ്ററൻ സി. ജെ. മോറിസ്സായിരുന്നു മുൻപു പോയ സംഘത്തിനു് ഈവിധ ജോലികൾക്കുപകരിച്ചതു്. പക്ഷെ ഇത്തവണ അദ്ദേഹത്തിനു പോരാൻ നിവൃത്തിയില്ല. ഇൻഡ്യൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ ഒരുദ്യോഗസ്ഥനായ മി. ഷെബിയറിനെ മോറിസ്സിനു പകരം സംഘത്തിൽ ചേർത്തു. ഷെബിയറിനു് ഹിമാലയപ്രാന്തവാസികളുമായി പരിചയവും അവരോടു പെരുമാറുന്നതിനു് പ്രത്യേക പ്രാവീണ്യവും ഉണ്ടായിരുന്നു.

സംഘത്തിലെ പ്രകൃതിശാസ്ത്രജ്ഞനും ഭിഷഗ്വരനുമായി മേജർ ആർ. ഡബ്ളിയു. ജി. ഹിൽജിസ്റ്റനെ തിരഞ്ഞെടുത്തു. അദ്ദേഹം ഭൂലോകത്തിന്റെ മേൽപുരയായ പാമിർ അധിത്യകാപ്രദേശങ്ങളിൽ ധാരാളം സഞ്ചരിക്കയും ഇൻഡ്യയിലെ മെഡിക്കൽ വകുപ്പിൽ ജോലി ചെയ്തു നാട്ടുകാരുടെ പരിചയം സമ്പാദിക്കുകയും ചെയ്തിട്ടുള്ള ഒരു മാന്യദേഹമാണു്. വലിയ പർവ്വതാരോഹണസാമർത്ഥ്യമൊന്നും പ്രകടിപ്പിച്ചിട്ടില്ലെങ്കിലും ഉൽസുകനായ ഒരു പ്രകൃതിശാസ്ത്രപടുവും, പ്രസന്നനായ ഒരു സഖാവുമായിരുന്നതിനാൽ സംഘത്തിൽ ചേർക്കേണ്ട ഒരംഗം തന്നെയാണിദ്ദേഹം.

ഇതുശയുമായിരുന്നു മൂന്നാമത്തെ എവറസ്റ്റാരോഹണസംഘത്തിലെ അംഗങ്ങൾ. ഇനി പണത്തിനുള്ള വഴിയെന്താണ്? എവറസ്റ്റ് കമ്മററിയുടെ കൈവശമുണ്ടായിരുന്നതുകൂടാതെ ഉദ്ദേശം 10000 പവൻ കൂടെ വേണ്ടിയിരുന്നു. ക്യാപ്റ്റൻ നോവൽ തന്നെ ഇതിനു വഴിയും കണ്ടുപിടിച്ചു. നോവൽ ഒരാരോഹകനല്ലായിരുന്നു എങ്കിലും എവറസ്ററു കയറിക്കാണുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. ആരോഹകസംഘം എടുക്കുന്നതായ ഫോട്ടോകളുടെ പകപ്പവകാശവും ചലചിത്രഛായകളുടെ പകപ്പവകാശവും വിലക്കു വിററ് ആവശ്യമുള്ള പണമുണ്ടാക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിമതം. കൂടാതെ മി. ആർച്ചിബാൾഡ് മുതലായ ആളുകൾ നോവലിനെ പണസംബന്ധമായി ഗണ്യമായി സഹായിക്കയും ചെയ്തു.

ടിബററൻ ഗവമ്മെൻറിൻെറ അനുമതി വാങ്ങുകയും പണം ശേഖരിക്കയും സംഘം രൂപീകരിക്കയും ചെയ്തതിൻെറശേഷം കൂടാരങ്ങളും മററ് വിവിധോപകരണസാമഗ്രികളും വാങ്ങി ഇൻഡ്യയിലേക്കയക്കണം. രണ്ടു പര്യടനങ്ങൾ കഴിഞ്ഞശേഷം മൂന്നാമതൊന്നിനാരംഭിക്കുമ്പോൾ ഈവക കാര്യങ്ങൾ ലഘുതരമാണെന്ന് വിചാരിച്ചേക്കാം. പക്ഷെ സംഘരൂപീകരണവുംസാധനശേഖരവും എത്ര പ്രാവശ്യം കഴിഞ്ഞാലും പിന്നെയും വിഷമം തന്നെയാണ്. കണ്ണൽ നോർട്ടൻ ആരോഹണാനന്തരം എല്ലാ അംഗങ്ങളുമായി കൂടിയിരുന്ന് ഇനിയും ഉണ്ടാക്കേണ്ടതായ പരിഷ്കാരങ്ങളേയും അഭിവൃദ്ധിമാർഗ്ഗങ്ങളെയും പററി അഭിപ്രായപ്രകടനങ്ങൾ ചെയ്തു. മൂന്നു സംഘങ്ങളുടേയും അനുഭവങ്ങളിൽനിന്ന് ലഭ്യമായ ചില പ്രധാന നിർദ്ദേശങ്ങൾ ഇവിടെ പ്രസ്താവിക്കുന്നതു് സമുചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

സംഘാംഗങ്ങളെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ അവസാന തീരുമാനം ചെയ്യുന്നതിനുള്ള പരിപൂർണ്ണാവകാശം സംഘനേതാവിനുണ്ടായിരിക്കണമെന്നാണ് നോർട്ടൻെറഅഭിപ്രായം. നേതാവിന് സംഘാംഗങ്ങളുമായി ഇടപെടുകയും അവരുടെ കൂടെ ശ്രമിക്കയും ചെയ്യേണ്ടിയിരിക്കുന്നതിനാലും വിജയപരാജയങ്ങളെ സംബന്ധിച്ചുള്ള പ്രധാന ഉത്തരവാദിത്വം നായകനുള്ളതുകൊണ്ടും സംഘാംഗളെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ അവസാനതീപ്പിനുള്ള അധികാരം നേതാവിനു തന്നെ ഉണ്ടായിരിക്കേണ്ടതാവശ്യമാണ്.

ആരോഹണസംഘം യാത്രതിരിക്കുന്നതിനുമുമ്പായി ഇം

ഗ്ലണ്ടിൽവച്ചുതന്നെ ഹിമാലയ അടിവാരത്തു ചെന്നിട്ടു അനുകരിക്കേണ്ടതായ ആരോഹണ പദ്ധതികളെല്ലാം തീർച്ചപ്പെടുത്തിയിരിക്കണം. ഇതു രസകരമായ ഒരഭിപ്രായമാണ്. ഇംഗ്ലണ്ടിൽ വച്ചുതന്നെ ആരോഹണത്തിന്റെ പ്രധാനപ്ലാൻ നിശ്ചയിക്കുന്നതിനേക്കാൾ നന്നു ടിബററിലെത്തിയിട്ടില്ലേയോ എന്നു ആർക്കും തോന്നാം. കയറേണ്ടവിധങ്ങളെപ്പററി പ്രായോഗികമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനു എളുപ്പമുള്ളതു ആരോഹണരംഗസ്ഥലത്തു എത്തിയിട്ടുതന്നെയാണ് എന്നുമാത്രമേ നാമൊക്കെ സാധാരണയായി ചിന്തിക്കയുള്ളു. എന്നാൽ നോർട്ടന്റെ അഭിപ്രായം ചുമട്ടുകാർ വഹിക്കേണ്ടതായ സാമാനങ്ങളുടെ തോതും, ആരോഹകന്മാർക്കു അത്യുയരങ്ങളിലുപയോഗിക്കേണ്ടതായ ഭക്ഷണസാധനങ്ങളുടെ വിധവുമെല്ലാം ആദ്യമെതന്നെ നിശ്ചയിക്കണമെന്നാണ്. തന്നെയുമല്ല ടിബററുപ്രദേശത്തു ഏപ്രിൽമാസത്തിൽ പ്രത്യക്ഷപ്പെടുന്ന കാലസ്ഥിതി, ഭിന്നാഭിപ്രായങ്ങൾ തീരുമാനിക്കുന്നതിനു ഒട്ടും അനുയോജ്യവുമല്ല. ഘർമ്മമാത്ര പൂജ്യരേഖ കാണിക്കയും, അത്യുഗ്രവും അതിശൈത്യവുമായ കാററടിക്കയും ചെയ്യുമ്പോൾ മനുഷ്യരുടെ സ്വഭാവപ്രകൃതികൾക്കും കുറേ ഒരു മാററം സംഭവിക്കുക സാധാരണമാണ്. അതിനാൽ അഭിപ്രായഭിന്നതകൾ തീരുമാനിക്കുന്നതിനു ഒട്ടും പററിയ കാലഘട്ടമല്ല അതു. എന്നാൽ ഇംഗ്ലണ്ടിൽവച്ചുതന്നെ ആരോഹണസംബന്ധമായ പ്രധാനസംഗതികൾ തീരുമാനിക്കുന്നതിനു ഒരുവലിയ പ്രായോഗികവിഷമമുണ്ടു. സംഘത്തിലെ പ്രധാന അംഗങ്ങളിൽ പലരും വിദൂരസ്ഥലങ്ങളിലായിരിക്കും. ഡാർജിലിങ്ങിൽ വന്നതിനു ശേഷം മാത്രമേ സംഘാംഗങ്ങൾ എല്ലാവരും ഒന്നിച്ചുകൂടുകയുള്ളു. മൂന്നാമത്തു സംഘത്തിന്റെ കാര്യം ആലോചിച്ചാൽ ഇതു കുറേക്കൂടെ സ്പഷ്ടമാകും. മി. സോമർവെൽ തെക്കേഇൻഡ്യയിലാണ്, ഓഡൽ പേർഷ്യായിൽ, ബ്രൂസ് വടക്കേ ഇൻഡ്യയിൽ. എന്നിരുന്നാലും എഴുത്തുകുത്തുകൾമുഖേന കുറേയൊക്കെ സംഗതികൾ നേരത്തെ ശരിപ്പെടുത്താം.

സാധന സാമഗ്രിസംഭരണ കമ്മററിയുടെ നേതാവു ആരോഹണ സംഘത്തിലെ ഒരു പ്രധാന അംഗമായിരിക്കേണ്ടതാവശ്യമാണ്. ഇദ്ദേഹത്തിനു മുൻപര്യടനസംഘങ്ങളിൽ സംബന്ധിച്ചു പരിചയവും വിവിധവകുപ്പുകളിൽ മേൽനോട്ടാവകാശവും ഉണ്ടായിരിക്കുന്നതു കൊള്ളാം. കൂടാതെ സകലസാധനങ്ങളും ഇംഗ്ലണ്ടിൽനിന്നു കപ്പൽകയറുന്നതിനു മൂന്നുനാലുമാസംമു

ൻപുതന്നെ തയാറാക്കിയാൽ മാത്രമെ അവയെല്ലാം ശരിയായി പരിശോധിച്ച് കപ്പലിൽകയററാൻ സാധിക്കയുള്ളു.

കൂടാരങ്ങളെ സംബന്ധിച്ച് വിശേഷവിധിയായി ഒന്നും പറയാനില്ല. വിംബർ കൂടാരങ്ങളും മീഡ് കൂടാരങ്ങളുമാണ് എവറസ്റ്റ് പര്യടനസംഘം ഉപയോഗിച്ചതു്. ഭക്ഷണത്തിനിരിക്കുന്നതിന് സൌകര്യപ്രദമായ ഒരു മാതൃകാകൂടാരം നോർട്ടൻതന്നെ കണ്ടുപിടിച്ചിട്ടുമുണ്ട്.

സംഘനേതാവ് നല്ലഒരുകോട്ടും അഥവാ സൂട്ടുംകൂടെ കൊണ്ടുപോകേണ്ടതാവശ്യമാണ്. ആരോഹകന്മാർ സാധാരണമായി മലകയററത്തിനും യാത്രക്കുമുള്ള പ്രത്യേകഡ്രസ്സുകൾ മാത്രമേ കൊണ്ടുപോകാവുള്ളു. ടിബററിലെ പലപ്രധാന ഉദ്യോഗസ്ഥന്മാരുമായി കൂടിക്കാഴ്ചകൾ നടത്തുകയുംമററും ചെയ്യുമ്പോൾ വെറും യാത്രാവേഷത്തിൽ പ്രത്യക്ഷപ്പെടാതെ സാധാരണവേഷത്തിൽതന്നെ ഇരിക്കുന്നതാണ് നല്ലതു്. ടിബററിലെ പലഉദ്യോഗസ്ഥന്മാരും മനോഹരമായ ചൈനാ സിൽക്കുകൊണ്ടുള്ള ഉടുപ്പുകൾധരിച്ചാണ് പ്രത്യക്ഷപ്പെടുന്നതു്. യൂറോപ്യന്മാരെ കണ്ടിട്ടുപോലുമില്ലാത്ത അനേകം ഉദ്യോഗസ്ഥന്മാരും ടിബററിലുണ്ട്. ആസ്ഥിതിക്ക് ആദ്യമായി ഒരു യൂറോപ്യൻ അവരുടെ ദൃഷ്ടിയിൽ പ്രത്യക്ഷപ്പെടുമ്പോൾ ഒരുമാതിരി അന്തസ്സായിത്തന്നെവേണം വസ്ത്രധാരണം ചെയ്തിരിക്കാൻ.

നല്ല കുറേ പുസ്തകങ്ങളും കൊണ്ടുപോകുന്നതു് കൊള്ളാമെന്നാണ് നോർട്ടൻെറ അഭിപ്രായം. പല സഞ്ചാരികളും ഈ അഭിപ്രായത്തോടനുകൂലിക്കുമെന്നുള്ളതു നിശ്ചയമാണ്. പര്യടനവും ഭൂപരിശോധനയും ആരോഹണവും മററും കൊണ്ടുണ്ടാകുന്ന ക്ലേശങ്ങളിൽ നിന്നും ബുദ്ധിമുട്ടുകളിൽ നിന്നും മനസ്സിനെ വ്യതിചലിപ്പിക്കുന്നതിനും പ്രസന്നചിത്തതയോടുകൂടി ഇരിക്കുന്നതിനും പുസ്തകപാരായണം വളരെ നല്ലതാണ്. പര്യടനവേളകളിൽ വായിക്കുന്ന പുസ്തകങ്ങൾ കൂടുതൽ ഓർമ്മയിൽ നില്ക്കുകയും ചെയ്യും. മനസ്സ് ആശയങ്ങളെ സ്വീകരിക്കുവാൻ സന്നദ്ധമായിരിക്കുന്ന അവസരമാണതു്. അതിനാൽ പുസ്തകങ്ങൾ പര്യടന സംഘക്കാർക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്തതുതന്നെ.

ജിയോഫറേബ്രൂസ് ഇൻഡ്യാക്കാരായ ആളുകളെ ചുമട്ടുകാരായി ചേർക്കുന്നതിനേപ്പററി പല സംഗതികളും ഉപദേശിക്കുന്നുണ്ട്. മേജർ ഹിൻജിസ്റ്റൺ മരുന്നുസംഭരണങ്ങളെപ്പററിയും അത്യുയര കൂടാരങ്ങളിലെ സജ്ജീകരണങ്ങളെപ്പററിയും പലതും

പ്രസ്താവിക്കുന്നു. മഞ്ഞുമഴ, (ഹിമക്രാന്താലി) കൂടാരങ്ങൾ, കയറുകൾ, കയറുഗോവണികൾ, നിദ്രാസഞ്ചികൾ, യന്ത്രയടുപ്പ്, തെർമ്മോഫ്ളാസ്ക്ക്, ശാസ്ത്രീയോപകരണങ്ങൾ മുതലായവയെപ്പററി ശ്രദ്ധേയമായ പല സംഗതിളും ഡോക്ടർ സോമർവെൽ പ്രസ്താവിച്ചിട്ടുണ്ടു്. പ്രാണവായൂപകരണങ്ങൾ കഴിയുന്നതും ലഘുവായും, ഭാരംകുറഞ്ഞും ഉണ്ടാക്കേണ്ട ആവശ്യകതയെപ്പററി ഓഡൽ പറയുന്നു. പതിനഞ്ചോ ഇരുപതോ റാത്തലിൽ കൂടുതൽ ഭാരമുണ്ടായിരിക്കരുതെന്നാണ് അദ്ദേഹത്തിൻെറ പക്ഷം. ടിബററിൽക്കൂടിയുള്ള ഗതാഗതത്തെപ്പററിയും സാമാനങ്ങൾ കൊണ്ടുപോകുന്നതിനേപ്പററിയും ഷെബിയർ അഭിപ്രായം പറയുന്നു. ഭക്ഷണമുറകളെപ്പററി ബിതാം ചില നിർദ്ദേശങ്ങൾ ചെയ്യുന്നു. ആരോഹണവേളയിലും യാത്രാസന്ദർഭങ്ങളിലും ഉപയോഗിക്കേണ്ട ഭക്ഷണങ്ങൾ മുൻകൂട്ടി നിർദ്ദേശിച്ച് തദനുസരണം ഭക്ഷണസാധനങ്ങൾ തകരപ്പെട്ടികളിലാക്കി ഓരോന്നിനും പ്രത്യേകം നമ്പരിട്ട് ലണ്ടനിൽവച്ചുതന്നെ തയാറാക്കി കൊണ്ടുപോരണമെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. ആരോഹണസംഘത്തിനാവശ്യമായ ഭക്ഷണസാധനങ്ങൾ മുഴുവൻ ലണ്ടനിൽവച്ചു ശേഖരിച്ച് എ 1, എ 2, എ 3, ബി 1, ബി 2, ബി 3, സി 1, സി 2, സി 3, എന്നിങ്ങനെ യഥാക്രമം നമ്പരുകൾ കൊടുത്ത് ഡെപ്പികളിലാക്കണം. ഏ നമ്പരുകളിലെ ഭക്ഷസാധനങ്ങൾ ബീ നമ്പരുകളിൽനിന്നും സി നമ്പരുകളിൽ നിന്നും വ്യത്യസ്ഥപ്പെട്ടിരിക്കണം. അനന്തരം എ 1, ബി 1, സി 1, എ 2, ബി 2, സി 2, എ 3, ബി 3, സി 3, ഈ ക്രമത്തിൽവേണം ഉപയോഗിക്കുവാൻ, ഇപ്രകാരമായാൽ ഒരേമാതിരി ഭക്ഷണസാധനങ്ങൾ വീണ്ടും വീണ്ടും ഉപയോഗിക്കാൻ ഇടവരാതെയിരിക്കും. ഒരേതരം ഭക്ഷണംതന്നെ കഴിച്ചാൽ വിശപ്പു കുറയുമത്രെ. ഇപ്രകാരം ഭക്ഷണസാധന നിയന്ത്രണത്തിന് പ്രത്യേക വ്യവസ്ഥകൾ ചെയ്യാതെയിരുന്നാൽ മുൻപു പററിയതുപോലെ പഞ്ചസാരയും, പാലും, ജാമും, ചായയും ആദ്യമെ തീൻുപോകും. എവറസ്ററു കയററം പകുതിയാകുമ്പോൾ പിന്നീട് അത്യാവശ്യപ്പെടുന്ന സാധനങ്ങൾ കാണുകയുമില്ല.

ഒരുക്കങ്ങളെ സംബന്ധിച്ചുള്ള പ്രധാനമായ മറെറാരു സംഗതി പ്രാണവായൂപകണ സംഭരണമാണ്. പ്രാണവായു വേണോ വേണ്ടയോ എന്നുതന്നെ ആദ്യമായി തീർച്ചപ്പെടുത്തണം. നിർഭാഗ്യാതിരേകത്താൽ പ്രാണവായു വേണമെന്നുത

No. IV.



ആരോഹകന്മാർ പൂർവ്വറോങ്ങ്ബക്ക്. ഗ്ലേസിയറിൽക്കൂടെ 40 റാത്തൽ വീതം ഭാരമുള്ള ഭക്ഷണ സാധനങ്ങൾ നിറച്ച പെട്ടികളും പുറത്തു വഹിച്ചുകൊണ്ടു് യാത്ര ചെയ്യുന്നു.

Photo by Dr. Somervell.

*(By kind permission of Dr. Somervell.)*

UNIVERSITY LIBRARY
11 AUG 1939
" MADRAS "

ന്നെയാണ് ആലോചിച്ചു തീരുമാനിച്ചതു്. ഈ ഗ്രന്ഥകാരനും ആ തീരുമാനത്തിൽ പങ്കുണ്ട്. അന്തരീക്ഷസ്ഥിതി ക്രമേണ ശരീരത്തിനനുയോജ്യമായിത്തീരുമെന്നുള്ള തത്വം അന്ന് നന്നായി പഠിച്ചിരുന്നില്ല. 1922—ൽ അമിലതോപയോഗത്തെപ്പറ്റി തീവ്രമായി വാദിച്ചതുപോലെ അതിൻെറ ഉപയോഗശൂന്യതയെപ്പററിയും ഹൃദയസ്പൃക്കായവിധം വാദിക്കുന്നതിന് സോമർവെൽ അന്ന് ഇംഗ്ലണ്ടിലില്ലായിരുന്നു. പ്രാണവായു ഉപയോഗിച്ച് ൨൭൦൦൦ അടി ഉയരം കയറാൻ സാധിച്ചില്ലേ? അതല്ലയോ കയറാൻ സാധിച്ചതിൽ ഏററവും കൂടിയ ഉയരം. അതുകൊണ്ട് ൨൯൦൦൦—ത്തിൽ എത്തണമെങ്കിലും ഇതുകൂടാതെ കഴികയില്ല. എന്തിന് 1924—ലെ സംഘവും പ്രാണവായു കുഴലുകൾ ശേഖരിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

# അദ്ധ്യായം ൧൬.

## ഡാർജീലിങ്ങിൽ നിന്നു് റോങ്ങ്ബക്കിലേക്കു്.

ബ്റൂസ്സും, നോർട്ടനും മററു സംഘാംഗങ്ങൾ പുറപ്പെടുന്നതിനു മുമ്പേ തന്നെ പുറപ്പെട്ടു് 1924 ഫെബ്രുവരി 18-ാംനു ഡൽഹിയിലെത്തി. സർവ്വസൈന്യാധിപനായിരുന്ന റോളിൻസൺ പ്രഭു അവക്കു സകല ഒത്താശകളും സഹായസഹകരണങ്ങളും ചെയ്തുകൊടുത്തു. പ്രഭു രാജകീയ ഭൂമിശാസ്ത്രസംഘത്തിൻെറ ഒരു പഴയ പ്രസിഡണ്ടിൻെറ മകനായിരുന്നതിനാൽ എവറസ്റ്റ് തരണശ്രമത്തിൽ കുറെക്കൂടുതൽ താല്പര്യം പ്രദശിപ്പിച്ചു. അദ്ദേഹം ക്യാപ്ററൻ സി. ജി. ബ്റൂസ്സിനേയും നാലു നോൺ കമ്മിഷൻഡ് ഗൂർക്കാ ഉദ്ദ്യോഗസ്ഥന്മാരേയും സംഘത്തിൽ ചേരുന്നതിനു അനുവദിക്കുകയും അവക്കു വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു.

മാർച്ചു് ഒന്നാം തീയതിയോടുകൂടെ സംഘകേന്ദ്രം രൂപീകൃതമായിക്കഴിഞ്ഞു. ജനറൽ ബ്റൂസ്സ്, നോർട്ടൻ, ജിയോഫെറബ്രൂസ്സ്, ഇൻഡ്യൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ ഒരു ഉദ്ദ്യോഗസ്ഥനായ ഷെബിയർ ആദിയായവർ വന്നു കഴിഞ്ഞു. ഷെബിയ

ർ ഒരു പുതിയ ആളാണ്. അദ്ദേഹത്തെപ്പററി ബ്റൂസ്സ് ഇങ്ങിനെ പറയുന്നു. "ഷെബിയർ അത്യാത്തിയോടെ ജോലി ചെയ്യുകയും അസുഖങ്ങളെ തൃണവൽഗണിക്കയും ചെയ്യുന്ന ഒരു മാന്യനാണ്. ഇദ്ദേഹമായിരുന്നു വാഹന ജോലികളുടെ മേൽനോട്ടം വഹിക്കേണ്ടിയിരുന്നത്. കഴിഞ്ഞ പ്രാവശ്യം ഏഴു ചുമട്ടുകാർ അത്യാഹിതത്തിൽപെട്ട് മരിച്ചുപോയതു അന്നാട്ടുകാരായ ചുമട്ടുകാരെയാകമാനം അധൈയ്യപ്പെടുത്തുന്നതിന് പയ്യാപ്തമായിരുന്നെങ്കിലും, ഇത്തവണ ഭാരവാഹകന്മാരെ ലഭിക്കുന്ന കായ്യത്തിൽ സംഘത്തിന് യാതൊരു പ്രയാസവും ഉണ്ടായില്ല. മലനാട്ടുകാരും, ഷെർപ്പാസും, ബോട്ടിയാസും മററുമായി അനേകമാളുകൾ ചുമട്ടുകാരുടെ സംഘത്തിൽ ചേരുന്നതിന് തീവ്രയത്നം ചെയ്തു കൊണ്ടിരുന്നു. രണ്ടു സംഘത്തിലും സേവനം ചെയ്തിട്ട് മൂന്നാമത്തെ പ്രാവശ്യവും സംഘത്തിൽ ചേരാനായി വന്നവർ ധാരാളമുണ്ടായിരുന്നു. ഉദ്ദേശം മുന്നൂറോളം അപേക്ഷകന്മാരിൽനിന്ന് എഴുപതു ചുമട്ടുകാരെ തിരഞ്ഞെടുത്തു. കർമ്മാപോളിനെ പിന്നെയും ദ്വിഭാഷിയായി നിയമിച്ചു. ജിയാൽജിൻ എന്നൊരാളെ പോളിന് സഹായിയായും നിയമിച്ചു. പ്രകൃതിശാസ്ത്രജ്ഞനായ ഹിൻജിസ്റ്റൻെറ സഹകാരിയായി സിക്കിം സ്വദേശിയായ ഒരാളെക്കൂടെ സംഘത്തിൽ ചേത്തു.

അധികവിളംബമെന്ന്യേ, ബാക്കി സംഘാംഗങ്ങളും വന്നുതുടങ്ങി. തിരുവിതാംകൂറിൽനിന്ന് സോമർവെല്ലും, പേഷ്യയിൽനിന്ന് ഓഡലും, ബാഗ്ദാദിൽ നിന്ന് ഹിൻജിസ്റ്റനും, ഇംഗ്ലണ്ടിൽ നിന്ന് മാലൊറിയും, ഐെവ്വിനും, ബീതാമും, ഹാസ്സാർഡും വന്നു ചേന്നു. നോവെൽ ചലചിത്രഛായാഗ്രഹണസംബന്ധമായ പല ക്രമീകരണങ്ങളിൽ വ്യാപൃതനായി. സംഘാംഗങ്ങളെല്ലാവരും ബ്റൂസ്സിൻെറ പ്രസന്നമായ നേതൃത്വത്തിൽ സംയോജിച്ചു.

മേയ് ഒന്നാംതീയതിയോടുകൂടെ എവറസ്റ്റിൻെറ പശ്ചിമഭാഗത്തുള്ള ആസ്ഥാനരംഗക്കൂടാരസ്ഥാനത്തു എത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി ആരോഹകസംഘം മാർച്ച് 25-ാം തീയതി ഡാർജീലിങ്ങിൽ നിന്ന് യാത്ര തിരിച്ചു. മേയ്മാസം മഴവന്നു ജൂണിൽ കാലവഷം തുടങ്ങുന്നതുവരെയുള്ള സമയവും എവറസ്റ്റാരോഹണത്തിന് വിനിയോഗിക്കണമെന്നായിരുന്നു അവരുടെ ആഗ്രഹം.

മാറ്റ്ഗമദ്ധ്യെയുള്ള പ്രകൃതിരമണീയകതയെപ്പററി മുൻപ്

പ്രസ്താവിച്ചിട്ടുള്ളതിനാൽ അവയെ പുനശ്ച വിസ്തരിക്കണമെന്നാഗ്രഹമില്ല.

പ്രസ്താവാർഹമായ വലിയ വിശേഷങ്ങൾ ഒന്നുംകൂടാതെ എല്ലാവരും ഫാറിയിൽ എത്തി. ഇനി ററിബററ് അധിത്യക കടന്നുകൂടണം. പരിശോധനാർത്ഥം കൂടാരങ്ങളെല്ലാമടിച്ചുനോക്കി കേടുപാടു തീൎത്തു ഭംഗിയാക്കി. മററു സാധനസാമഗ്രികളെല്ലാം യഥേഷ്ടം ആവശ്യാനുസരണം സൌകൎയ്യമായി എടുക്കത്തക്കവിധത്തിൽ തരംതിരിച്ച് പല വകുപ്പുകളാക്കി, പ്രത്യേകം പ്രത്യേകം കെട്ടുകളാക്കി വെച്ചു. സമൎത്ഥനും ഉത്സാഹഭരിതനുമായ ഹിൻജിസ്റ്റൻ സംഘാംഗങ്ങളുടെ ദേഹപരിശോധനയും നടത്തി. ജനറൽ ബ്റൂസ്സ് ഇതിനിടയിൽ സോങ്ങ് പെൻ (Dzongpen) എന്ന ഒരു ററിബററൻ ഉദ്യോഗസ്ഥനുമായി ഒരു വഴക്കും നടത്തി. ഈ ഉദ്യോഗസ്ഥൻ കീഴ്സിൽബന്ധികളുടെ ഒരു പാവയും അത്യാഗ്രഹിയും തന്റേടമില്ലാത്തവനുമായ ഒരു മനുഷ്യാധമനായിരുന്നു.

ഫാറിയും ലാസായുമായി ഭാഗ്യവശാൽ കമ്പിത്തപാൽ ഘടനയുണ്ട്. പൎയ്യടനസംഘക്കാൎക്ക് വേണ്ട സഹായ സഹകരണങ്ങൾ ചെയ്തു കൊടുത്തുകൊള്ളണമെന്ന് ലാസായിൽ നിന്നും ഫാറിയിലെ സോങ്ങ്പെന്നിന് കമ്പിയടിച്ചിട്ടുണ്ടായിരുന്നു. ബ്റൂസ്സ് ഈ ഉദ്യോഗസ്ഥന്റെ പ്രവൃത്തിയെ അധിക്ഷേപിച്ച് ലാസായിലുള്ള മേലുദ്യോഗസ്ഥന്റെ പേൎക്കയയ്ക്കുന്നതിനായി ഒരു കമ്പി എഴുതി. ഇതു കണ്ടപ്പോൾത്തന്നെ ആ ഉദ്യോഗസ്ഥൻ ഭയവിഹ്വലനായി. ഉടൻതന്നെ അവർ ഒരു ഡർബാർകൂടി ഈ ഉദ്യോഗസ്ഥനുമായി നടത്തേണ്ട കാൎയ്യങ്ങൾ ഭംഗിയായി കലാശിപ്പിച്ചു.

അത്യുത്സാഹപൂൎണ്ണരായി സംഘം ഫാറിയിൽ നിന്നും യാത്രതിരിച്ചു. പക്ഷെ ഇടയ്ക്കൊരു നിർഭാഗ്യവും ഉണ്ടായി. ചുരം കടന്ന് ററിബററ് അധിത്യകയിൽ പ്രവേശിച്ചപ്പോഴേയ്ക്കും ബ്റൂസ്സിന് മലേറിയാ അഥവാ മലമ്പനി എന്ന രോഗം പിടിപെട്ടു. സുഖക്കേട് പെട്ടെന്ന് വളരെ വൎദ്ധിക്കയാൽ സംഘനേതൃത്വം ഉടൻതന്നെ നോർട്ടനെ ഏല്പിച്ചുംവെച്ച് സിക്കിമിലേയ്ക്കു തിരികെപ്പോകേണ്ടതായി വന്നു.

ഇതു ബ്റൂസ്സിന് ഏററവും ഹൃദയഭേദകമായ സംഗതിയായിരുന്നു. അദ്ദേഹം അനേക കൊല്ലങ്ങളായി എവറസ്റ്റാരോഹണം ജന്മസാഫല്യമായി കരുതിയിരിക്കയായിരുന്നു. പ്രായം അല്പം മുന്നോട്ടായിപ്പോയതുകൊണ്ട് ഒരു ഉയരമുള്ള മുകളിൽ എത്താൻ

സാധിക്കാതെയിരുന്നാലും, സംഘം നയിക്കയും സംഘാംഗങ്ങളെ പ്രോത്സാഹിപ്പിക്കയും, ആസ്ഥാനരംഗ ശിബിരത്തിലിരുന്നുകൊണ്ടു് സംഘനടപടികൾ നിർദ്ദേശിക്കയും നിയന്ത്രിക്കയും,ചെയ്യേണ്ടിലും തൃപ്തിയടയാമെന്നു് അദ്ദേഹം അതിയായി ആഗ്രഹിച്ചിരുന്നു. അദ്ദേഹത്തിൻെറ ജീവിതോദ്ദേശ്യം സാധിക്കാറായപ്പോൾ തിരിയെ മടങ്ങേണ്ടതായി വന്നതു് കഷ്ടാൽ കഷ്ടതരമെന്നേ പറയേണ്ടു. സംഘത്തിനും ഇതു് അപരിഹാര്യമായ ഒരു നഷ്ടമായിരുന്നു. സംഘ ഘടനയും നിയന്ത്രണവും ആക്കും നിർവ്വഹിക്കാമെന്നിരുന്നാലും അദ്ദേഹത്തെപ്പോലെ നവജീവനും ഉന്മേഷവും സംഘത്തിനു് പ്രദാനം ചെയ്യുന്നതിനു് മറെറാരുത്താലും സാധിക്കയില്ല. സ്നേഹാനിലജ്വാലകൾ പൊട്ടി പ്രവഹിക്കുന്ന ഒരു കരുണാഗ്നിശൈലം തന്നെയായിരുന്നു അദ്ദേഹം. അദ്ദേഹത്തിൻെറ അനർഗ്ഗളമായ വിനോദ ഭാഷണങ്ങളും, അനന്യസാധാരണമായ സന്തോഷപ്രകൃതിയും, ഏതു നിരാശയേയും നിർഭാഗ്യത്തേയും ജയിക്കുന്നതിനു പര്യാപ്തമാണു്. അദ്ദേഹത്തിൻെറ പ്രസന്നഭാവവും തമാശുകളും, ഇംഗ്ലീഷുകാരായ സംഘാംഗങ്ങൾക്കും നാട്ടുകാക്കും ഒരുപോലെ ഹൃദ്യവും രസഭ്രയിഷ്ടവുമായിത്തോന്നി. അദ്ദേഹം ആസ്ഥാനരംഗക്കൂടാരത്തിലിരുന്നുകൊണ്ടു് നിസർഗ്ഗസുന്ദരമായ അത്യാഹ്ളാദം പ്രസരിപ്പിച്ചു് സംഘാംഗങ്ങളെയെല്ലാം സന്തോഷദീപ്തിയിൽ ആറാടിക്കുമായിരുന്നു. എവറസ്റ്റാരോഹണവിജയത്തിനു് അപരിത്യാജ്യമായ സംഗതിയും ഇതുതന്നെയാണു്.

നോർട്ടൻ സംഘനേതൃത്വം സ്വീകരിച്ചു. ഒരുകണക്കിനു ഇതൊരു ഗുണമായിരുന്നു. നോർട്ടൻ എവറസ്ററു കയറാൻ ശ്രമിച്ചിട്ടുള്ള ആളാണു്. ഇനിയും ആരോഹകന്മാരിലൊരാളായിരിക്കയുംചെയ്യും. ബ്രൂസ്സിനു് ആരോഹണം സാദ്ധ്യമായിരുന്നോ യെന്നു സന്നിഗ്ദ്ധമാണു്. നോർട്ടനു ബ്രൂസ്സിനെപ്പോലെ ഹിമാലയാദ്രികളെപ്പററിയൊ, സമീപവാസികളായ നാട്ടുകാരെപ്പററിയോ അറിവുണ്ടായിരുന്നില്ല. എങ്കിലും ആരോഹണത്തിനു ഏററവും യോജിച്ച പ്രായമായിരുന്നു നോർട്ടനുണ്ടായിരുന്നതു്.

നോർട്ടനു് നേതൃത്വം വഹിക്കുന്നതിനു് വിശേഷവിധിയായ ഒരു മഹനീയഗുണംക്കൂടെയുണ്ടായിരുന്നു. അദ്ദേഹത്തിൻെറ അനിതരമനുഷ്യസാധാരണമായ നിസ്സ്വാർത്ഥത എതിരില്ലാത്തവിധം അത്ര മഹനീയമായിരുന്നു. സംഘനേതാവെന്ന നിലയിൽ എവറസ്ററു ജയിച്ചാൽ ബഹുമതിയും, തോററാൽ അവമാനവും, നോർട്ടനുതന്നെയാണു് കൂടുതൽ ലഭിക്കേണ്ടതു എന്നിരു

ന്നാലും, അദ്ദേഹത്തിൻെറ സ്വകീയ ബഹുമതിയെ കാംക്ഷിക്കാതെ പൊതുഗുണത്തേയും, പൊതുകീത്തിയേയും, ലാക്കാക്കി എന്നും പ്രവത്തിക്കുന്നതിനും, ഏതു സ്വാത്ഥ ത്യാഗവും ചെയ്യുന്നതിനും നോർട്ടൻ സദാ ജാഗരൂകനായിരുന്നു: സംഘനേതാവെന്ന നിലയിൽ നോർട്ടന്ന് എവറസ്ററു കൂടാരത്തിൽ ആദ്യം എത്തണമെന്ന് ശഠിച്ചുകൊണ്ട് ബാക്കി ആരോഹകന്മാരെ മനഃപ്പൂവ്വം ക്ലേശങ്ങൾ സഹിപ്പിക്കുകയും, അവരുടെ ഭാസുരമായ യശസ്സിനു മാലിന്യമുണ്ടാക്കുകയും മററും വേണമെങ്കിൽ ചെയ്യാമായിരുന്നു. നേതാവിൻെറ വിജയത്തിനുവേണ്ടി അനുയായികളുടെ സകല ശക്തികളും ഉപയോഗിക്കുന്നതിനു നിർബന്ധിക്കുവാൻ ന്യായവുമുണ്ടല്ലൊ. പക്ഷെ ഇതൊന്നും അദ്ദേഹം ചിന്തിച്ചില്ല. എവറസ്ററു കൂടത്തിൽ ആദ്യം എത്തേണ്ടതു ആരായിരിക്കണം എന്നുള്ള സംഗതി ഒരു പ്രധാന കാൎയ്യമായി അദ്ദേഹം ഗണിച്ചില്ല. ഏററവും പുറകെ കയറുന്ന ഉപസംഘത്തിലും ചേരുവാൻ നോർട്ടൻ തയ്യാറായിരുന്നു. സോമർവെൽ, മാലൊറി ആദിയായി, എവറസ്റ്റാരോഹണ മമ്മങ്ങളെപ്പററി കൂടുതൽ പരിജ്ഞാനമുള്ള ചില ആരോഹകന്മാർ നോർട്ടൻെറ കീഴിലുണ്ടായിരുന്നു. സംഘനേതാവെന്ന നിലയിൽ അവരുടെ അഭിപ്രായാനുസരണം പ്രവത്തിക്കുന്നതിനു ബാദ്ധ്യസ്ഥനല്ലായിരുന്നു എങ്കിലും, അവരുടെ അഭിപ്രായങ്ങൾ അറിഞ്ഞു് തദനുസരണം പ്രവത്തിക്കുന്നതിനുള്ള വിശാല മനഃസ്ഥിതി അദ്ദേഹത്തിനുണ്ടായിരുന്നു.

നോർട്ടൻെറ ഈ പൊതുഗുണകാംക്ഷയും വിശാലമനഃസ്ഥിതിയും സംഘാംഗങ്ങളിൽ കൂടുതൽ ധൈൎയ്യവും ഉത്സാഹവും ഉളവാക്കി. നേരെമറിച്ച് അദ്ദേഹത്തിൻെറ വ്യക്തിപരമായ കീത്തിക്കു വേണ്ടി ശിഷ്ടം അംഗങ്ങൾ കൂടെ ത്യാഗങ്ങൾ സഹിക്കേണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിൽ എല്ലാവരും സസന്തോഷം അപ്രകാരം ചെയ്യുമായിരുന്നു. സംഘാംഗങ്ങളുടെ അഭീഷ്ടാനുസരണം തന്നെ കാൎയ്യങ്ങൾ നടത്തുവാൻ നിശ്ചയിച്ചതുകൊണ്ട് സകല സംഗതികളും സുഗമമായി നടക്കുകയും സംഘാംഗങ്ങൾക്കു നായകൻെറ പേരിൽ കൂടുതൽ ബഹുമാനവും സ്നേഹവും ഉണ്ടാകുകയും ചെയ്തു. മൂന്നു പൎയ്യടനസംഘത്തിലും സംബന്ധിക്കുകയും, എവറസ്റ്റ് ശിഖരിശിഖയിലേക്കു കയറുന്നതിനുള്ള വഴി കണ്ടുപിടിക്കുകയും ചെയ്ത മാലൊറി തന്നെ നോർട്ടനെപ്പററി വളരെ ശ്ലാഘിച്ചു അദ്ദേഹത്തിൻെറ ഒരു സ്നേഹിതനെഴുതിയ കത്തിൽ പ്രസ്താവിച്ചു കാണുന്നുണ്ട്. നോർട്ടനെ നായകനാക്കിയതിൽ വല്ലവ

ക്കും പരിഭവത്തിന്ന വഴിയുണ്ടായിരുന്നു എങ്കിൽ അതു മാലൊറിക്കു മാത്രമായിരുന്നു. പല ന്യായങ്ങളാലും മാലൊറിയ്ക്കായിരുന്നു ഈ സ്ഥാനം ലഭിക്കേണ്ടിയിരുന്നതു്. അദ്ദേഹം അനന്യസാധാരണമായ സാമത്ഥ്യം പ്രകടിപ്പിച്ചിട്ടുള്ള ഒരു സുപ്രസിദ്ധ മലകയററക്കാരനും, ഹിമാലയാനിതംബപ്രദേശങ്ങളിൽ നല്ല പരിചയമുള്ളയാളും എല്ലാ ആരോഹണസംഘങ്ങളിലും സംബന്ധിച്ചിട്ടുള്ള ഒരു മാന്യദേഹവും എവറസ്ററു ശിഖാപ്രാപ്തിക്കു പയ്യാപ്തമായ ഒരു മാഗ്ഗനിർദ്ദേശം ചെയ്യുകയും ചെയ്തിട്ടുള്ള മഹാനും ആണ്. എവറസ്റ്റ് ഭൂവിഭാഗഗവേഷണങ്ങൾക്കായി ഇത്രയും ക്ലേശങ്ങൾ സഹിച്ചിട്ടുള്ള ആളുകൾ വളരെ ചുരുക്കമാണ്. ഈദൃശസാഹചയ്യങ്ങളിൽ അദ്ദേഹം നേതൃത്വത്തിന്ന ആഗ്രഹിച്ചിരുന്നെങ്കിൽ തന്നെ അതു മനുഷ്യസഹജമെന്നേ പറയാനുള്ളു. ഇപ്രകാരമുള്ള മാലൊറി നോർട്ടനെപ്പററി വളരെ പ്രശംസിച്ചു പറഞ്ഞിരിക്കുന്നതിൽ നിന്ന് നോർട്ടൻെറ നയകോവിദതയും നേതൃത്വസാമത്ഥ്യവും എത്രമാത്രമെന്ന് പ്രസ്പഷ്ടമാണല്ലോ.

എവറസ്റ്റാക്രമണവിധങ്ങളെപ്പററി ഗൌരവമായ ആലോചനകൾ തുടങ്ങി. സംഘസാമാനങ്ങൾ വന്നുചേരുന്നതിനായി കംബാസോങ്ങിൽ നാലുദിവസം താമസിക്കേണ്ടതായിവന്നു. ഈ നാലു ദിവസങ്ങളും വൃഥാ കളയാതെ ആക്രമണമാഗ്ഗങ്ങളെപ്പററി ചിന്തിക്കയും വാദപ്രതിവാദങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരുന്നു. എവറസ്റ്റ് കയറുന്നതിനെന്താ ഇത്രയൊക്കെ ചിന്തിക്കാനുള്ളതു് എന്നു നമുക്കു തോന്നിയേക്കാം. എല്ലാവരുംകൂടെ നടന്നു എവറസ്റ്റിൽ കയറി ഇറങ്ങി ഇങ്ങു പോന്നാൽ പോരയോ? മതി, മതി. അതു പറയാനും എഴുതുവാനും വളരെ എളുപ്പമുണ്ട്. പക്ഷെ കയറി നോക്കുമ്പോഴേ അറിയാവൂ അതിൻെറ വിഷമം. കയറാൻ ഉദ്ദേശിക്കുമ്പോൾ കാലസ്ഥിതി അനുകൂലമായിരിക്കുമോ പ്രതികൂലമായിരിക്കുമോ എന്നറിയാൻ പാടില്ല. പ്രാണവായു ഉപയോഗിച്ചു കയറുന്നവക്കും ഉപയോഗിക്കാതെ കയറുന്നവക്കും അനുയോജ്യമായ ക്രമീകരണങ്ങൾ ഉണ്ടാക്കുന്നതിനാണ് ഏററവും വലിയ വിഷമം. കൂടാതെ ചുമട്ടുകാരുടെ സഹായം ആവശ്യമുള്ള സകല ഘട്ടങ്ങളിലും, ഹിന്ദുസ്ഥാനിയോ നീപ്പാളഭാഷയോ അറിയാവുന്ന ഒരു ആരോഹകൻ അവരുടെകൂടെയുണ്ടായിരിക്കത്തക്കവിധത്തിൽ ഉപസംഘങ്ങൾ രൂപീകരിക്കണം.

നോർട്ടൻ വളരെ കാലെക്കൂട്ടി-ക്രിസ്മസ്സിനോടു സമീപി

ച്ച്-എവറസ്റ്റാക്രമണവിധങ്ങളെപ്പററിയുള്ള ചില നക്കൽ നിർദ്ദേശങ്ങൾ അച്ചടിച്ച് സംഘാംഗങ്ങളുടെ വിമർശനത്തിനും സ്വീകരണത്തിനുമായി വിതരണം ചെയ്തിരുന്നു. ഈ നിർദ്ദേശങ്ങളിൽ ചിലവയെ സംബന്ധിച്ചു മാലൊറിക്കു അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. നോർട്ടനും, സോമർവെല്ലും, മാലൊറിയും, ബ്രൂസ്സും, ഡാർജീലിങ്ങിൽവെച്ചും, ഫാറിയിൽവെച്ചും, ഇവയെപ്പററി ചില വാദപ്രതിവാദങ്ങൾ നടത്തിഎങ്കിലും കംബാസോങ്ങിൽ എത്തിയപ്പോഴും, എവറസ്റ്റാക്രമണ വിധങ്ങളെപ്പററി സർവ്വസമ്മതമായ ഒരഭിപ്രായവും, ഐകകണ്ഠ്യമായ ഒരു പദ്ധതിയും, രൂപീകൃതമായില്ല. ഏപ്രിൽ 17-ാംനു- അവർ ടിൻകിസോങ്ങിൽ എത്തി. ഈ സ്ഥലത്തുവച്ചു മാലൊറി ഒരു പുതിയ അഭിപ്രായം പ്രകടിപ്പിച്ചു. എല്ലാവക്കും അതു അംഗീകാരയോഗ്യമായിത്തോന്നി. ആ പുതിയ ആരോഹണപദ്ധതി ഇപ്രകാരമാണ്:—

1. എ.യും ബി.യും 15 ചുമട്ടുകാരോടുകൂടി ഉത്തരകോളത്തിലുള്ള നാലാമതു കൂടാരത്തിൽനിന്നും തിരിച്ച് 25,500 അടി ഉയരത്തിലെത്തി 5-ാമതു ക്യാമ്പ് സ്ഥാപിച്ചിട്ട് തിരിയെ ഇറങ്ങുക.

2. പ്രാണവായു ഉപയോഗിക്കാത്ത ആരോഹകന്മാരായ സി.യും, ഡി.യും, 15 ചുമട്ടുകാരോടുകൂടെ 5-ാമതു കൂടാരത്തിലെത്തുക. 15 ചുമട്ടുകാരിൽ ഏഴുപേരെക്കൊണ്ടു മാത്രമെ ഭാരം വഹിപ്പിക്കാവൂ. ഈ ഏഴുപേരും അഞ്ചാമതു കൂടാരത്തിൽ സാമാനങ്ങൾ നിക്ഷേപിച്ചിട്ട് തിരിയെ ഇറങ്ങുക. ബാക്കി 8 ചുമട്ടുകാർ 5-ാമതു കൂടാരത്തിൽ കിടന്നുറങ്ങുക.

3. സി.യും, ഡി.യും, ഈ എട്ടു ചുമട്ടുകാരുമായി അടുത്ത ദിവസം രാവിലെ തിരിച്ച് 27,300 അടി ഉയരത്തിലെത്തി 7-ാമതു കൂടാരം സ്ഥാപിക്കുക.

4. പ്രാണവായു സംഭരണങ്ങളോടുകൂടി ഈ.യും എഫ്.ും, സി.യും ഡി.യും, ൨൬,൬൦൦ അടി ഉയരത്തിലേക്കു യാത്ര തിരിക്കുന്ന ദിവസംതന്നെ ചുമടുകൾ വഹിക്കാത്ത ൧൦ കൂലിക്കാരുമായി 5-ാമതു ക്യാമ്പിലേക്കു പോകുക. 5-ാമതു ക്യാമ്പിൽ തലേദിവസം നിക്ഷിപ്തമായിരിക്കുന്ന സാമാനങ്ങളും എടുത്തുകൊണ്ട് ൧൦൦൦ അടികൂടെ കയറി ൨൬൫൦൦ അടിയിലെത്തി ൬—ാമതു കൂടാരം സ്ഥാപിക്കുക.

5. ശൈലോത്തുംഗ ശൃംഗത്തിൽവെച്ച് പരസ്പരം കണ്ടുമുട്ടാമെന്നുള്ള ആശയോടുകൂടെ അടുത്തദിവസം രാവിലെ ഈ

രണ്ടു ആരോഹക സംഘങ്ങളും— പ്രാണവായു ഉപയോഗിക്കുന്നതും ഉപയോഗിക്കാത്തതും—കയററം തുടരുക.

മാലൊറിയുടെ അഭിപ്രായാനുസരണം ഇപ്രകാരമുള്ള ഒരു പദ്ധതിയുടെ പ്രധാന ഗുണം രണ്ടു ആരോഹണ ഉപസംഘങ്ങൾക്കും പരസ്പരം സഹായം ലഭിക്കുന്നതിന് സൌകയ്യമുണ്ട് എന്നുള്ളതാണ്. കൂടാരങ്ങൾ സ്ഥാപിക്കയും, സാമാനങ്ങൾ കയററുകയും ചെയ്തു് ആരോഹണവിദഗ്ദ്ധന്മാക്ക ക്ഷീണമുണ്ടാകയുമില്ല. അവരുടെ സകല ശക്തികളും ആക്രമണത്തിനായിത്തന്നെ ഉപയോഗിക്കാം. കൂടാതെ ആദ്യസംഘം—പ്രാണവായു ഉപയോഗിക്കാത്തതു—പരാജയത്തിൽ കലാശിച്ചു പിൻതിരിഞ്ഞോടിയാലും, അനുധാവനം ചെയ്യുന്ന രണ്ടാമത്തു ഉപസംഘത്തിനു ഒന്നുകൂടി ശ്രമിച്ചുനോക്കുകയും ചെയ്യാം.

സുദീർഘമായ ആലോചനകൾക്കും വാദപ്രതിവാദങ്ങൾക്കും ശേഷം നിമ്മിച്ച സുലളിതമായ പദ്ധതി ഇതാണ്. എ. ബി. സി. ഡി. ഇ. എഫ്. എന്നു സാമാന്യമായി നാം രണ്ടു സെററു ആരോഹകന്മാരെ വേഗത്തിൽ തരംതിരിച്ചെങ്കിലും, എ. ആരാണ്, ബി. ആരാണ്, എന്നിങ്ങനെ യഥാക്രമം തീരുമാനിക്കുന്നതു അത്ര ക്ഷിപ്രസാദ്ധ്യമല്ലായിരുന്നു. നീപ്പാളഭാഷ അറിയാവുന്നവരാരാണെന്നും, അമ്ലനാളോപയോഗത്തിൽ പരിശീലനമുള്ളവർ ആരാണെന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടയാവശ്യമുണ്ട്. പ്രാണവായു ഉപയോഗിക്കാതെ കയറുന്ന സംഘത്തിൽ അതുപയോഗിക്കുന്നതിനു പരിജ്ഞാനമുള്ളവരെ ചേക്കാൻ പാടില്ല. അവരെ പിൻപെ ഗമിക്കുന്ന സഹായസംഘത്തിൽ വേണം ഉൾപ്പെടുത്തുവാൻ. അങ്ങിനെയുള്ളവക്ക ചിലപ്പോൾ നീപ്പാളഭാഷയറിയാൻ പാടില്ലെന്നു വന്നേയ്ക്കാം. അങ്ങനെയാണെങ്കിൽ ചുമട്ടുകാരെ കായ്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ പ്രയാസമാണ്. എന്തിനധികം? അമ്ളോപയോഗത്തിന്റെ ഒരു പ്രധാന വിഷമം ഇവിടെ വിശദമായി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

എ. ബി. സി. ഡി. ഇ. എഫ്. യഥാക്രമം ആരായിരിക്കണമെന്ന് നിശ്ചയിക്കുകയും, ഓരോ ഉപസംഘവും പ്രത്യേകം ശ്രദ്ധപതിക്കേണ്ടതു ഏതേതു സംഗതികളിലാണെന്ന് നിർദ്ദേശിക്കുകയും ചെയ്യേണ്ട ഭാരം മാലൊറിയ്ക്കുതന്നെയായിരുന്നു. കൂട്ടത്തിൽ സാഹസിക വൃത്തികൾക്കും അപകടതരണങ്ങൾക്കും ഉള്ള സൌകയ്യങ്ങൾ, പ്രാണവായു ഉപയോഗിക്കാതെ മുന്നോട്ടിയാ

യിപ്പോകുന്ന സംഘത്തിനായിരിക്കും എന്ന് മാലൊറി വിശ്വസിച്ചു. ഉത്തരകോളത്തിനു മുകളിൽ രണ്ടു കൂടാരങ്ങൾ സ്ഥാപിച്ച് അമ്ലജനകവാതകമുപയോഗിക്കാത്ത ഒരു സംഘത്തിൽ ഉൾപ്പെട്ടു എവറസ്ററുശിഖയുമായി യുദ്ധം ചെയ്യണമെന്നുള്ളതായിരുന്നു മാലൊറിയുടെ വ്യക്തിപരമായ ഏററവും വലിയ അഭിലാഷം. പക്ഷെ സംഘസംഘടന കഴിഞ്ഞപ്പോൾ അദ്ദേഹം അമ്ലക്കുഴലുകൾ ഉപയോഗിക്കുന്ന ഉപസംഘത്തിൽപെടുന്നതിനാണ് ഇടയായതു്. പ്രാണവായു ഉപയോഗിക്കാത്ത മുന്നോടി സംഘത്തിൻെറ നേതാവായി ഡോക്ടർ സോമർവെല്ലിനെ നിശ്ചയിച്ചു. അമ്ലമുപയോഗിച്ചു പുറകെ കയറുന്ന സഹായകസംഘത്തിൻെറ നായകൻ മി. മാലൊറിതന്നെയായിരുന്നു. സഹായകസംഘം മുന്നോടി സംഘത്തെപ്പോലെ ക്ഷീണിക്കുന്നതിനിടയില്ലാത്തതിനാൽ പുരോഗാമിസംഘത്തിനു സഹായമായിത്തീരുന്നതിനാണ് മാലൊറിയെ സഹായസംഘ നേതാവായി നിയമിച്ചതു്. കയററം കഴിഞ്ഞു ഏററം അവശരും, ക്ലാന്തന്മാരുമായി ഇറങ്ങുന്ന അവസരത്തിൽ ആദ്യസംഘക്കാർക്ക് വല്ല അപകടവും സംഭവിച്ചാൽ അവരെ വേണ്ടവിധം സഹായിക്കുന്നതിന് ആവശ്യമായ ശക്തിയും തൻെറടവും രണ്ടാമത്തു സംഘത്തിനു ഉണ്ടായിരിക്കാൻ ഇടയുള്ളതിനാൽ അവരുടെ പ്രധാന ചുമതല ഒന്നാമത്തു സംഘത്തിൻെറ വിജയത്തിനു സഹായിക്കുക എന്നുള്ളതാണ്. പക്ഷെ കാൎയ്യങ്ങൾ ഇങ്ങനെ തീരുമാനിച്ചതു യഥാൎത്ഥത്തിൽ മാലൊറിക്കു നിരാശാജനകമായിരുന്നു. എവറസ്റ്റായോധനത്തിൽ ധീരധീരം പോരാടാൻ തയാറായിരുന്ന ആ ആരോഹണവീരൻ ഒന്നാമത്തു ഉപസംഘത്തിൻെറ വിജയ ലാഭത്തിനുവേണ്ടി തൻെറ വ്യക്തിപരമായ ആഗ്രഹത്തെ വിശാലഹൃദയത്തോടുകൂടെ പരിത്യജിച്ചു. ഏതു പ്രകാരമായാലും ആരെങ്കിലും എവറസ്റ്റ് ജയിച്ചു കണ്ടാൽ പരിപൂൎണ്ണതൃപ്തി അടഞ്ഞുകൊള്ളാമെന്നു അദ്ദേഹം സമാശ്വസിച്ചു. താൻ ഏതു സംഘത്തിൽ ഉൾപ്പെട്ടാലും ദൈവാധീനമുണ്ടെങ്കിൽ ശൃംഗാഗ്രം പ്രാപിക്കുന്നതിനുള്ള ഭാഗ്യം തനിക്കു ലബ്ധമാകുമെന്നു അദ്ദേഹം ദൃഢമായി വിശ്വസിച്ചിരുന്നു.

നോർട്ടനോ ഹാസ്സാർഡോ ആരെങ്കിലും സോമർവെല്ലിൻെറ കൂടെപോകണമെന്നു നിശ്ചയിച്ചു. ഐർവിനു അമ്ലോപകരണങ്ങളുടെ കേടുപാടുകൾ പോക്കുന്നതിൽ പ്രത്യേകപ്രാവീണ്യമുണ്ടായിരുന്നതുകൊണ്ടു് അദ്ദേഹത്തെയും മാലൊ

റിയുടെ കൂടെ അമ്ളസംഘത്തിൽ ഉൾപ്പെടുത്തി. ഓഡലും, ജിയോഫ്റേ ബ്രൂസ്സും ആണ് 5—ാമത്തു കൂടാരം അടിക്കേണ്ടത്. ബ്രിത്താമിന് രക്താതിസാരം പിടിപെട്ടതിനാൽ അദ്ദേഹത്തെ തിരിയെ അയക്കാൻ തീരുമാനിച്ചു. അതിനാൽ അദ്ദേഹത്തിനു പ്രധാനയുദ്ധരംഗത്തിറങ്ങുന്നതിനു സാദ്ധ്യമാകുന്ന കാര്യം സംശയമാണ്.

അമ്ളോപയോഗത്തിൽ സ്വതേ വിരസനായിരുന്ന മാലൊറി, അമ്ളസംഘത്തിൻെറ നേതാവായപ്പോൾ ആദ്യം മുതൽക്ക തന്നെ അമിലതോപയോഗത്തിൽ പ്രബലമായി വിശ്വസിച്ചിരുന്ന ഒരുത്തനെപ്പോലെ പ്രവർത്തിച്ചുതുടങ്ങി. അദ്ദേഹം അസൌകര്യപ്രദമായ അമ്ളോപകരണങ്ങൾ വഹിച്ചുകൊണ്ടു കുന്നുകൾ കയറി പരിശീലനം ആരംഭിച്ചു. ഈ യന്ത്രോപകരണങ്ങൾ വഹനീയമായ ഒരു ചുമട്ടു മാത്രമെയുള്ളുവെന്ന് അദ്ദേഹത്തിനു തോന്നിത്തുടങ്ങി. കഴിയുന്നതും കുറച്ചു മാത്രം അമ്ളനാളോപകരണങ്ങൾ കൊണ്ടുപോകയും കഴിയുന്നത്രവേഗത്തിൽവൈജയന്തമണിയറയിൽ പ്രവേശിക്കയും ചെയ്യണമെന്ന് മാലൊറി നിശ്ചയിച്ചു.

മാലൊറിയുടെ സഹപ്രവർത്തകൻ ഐർവിൻ ആണെന്നു നിശ്ചയിച്ചു കഴിഞ്ഞപ്പോൾ കഴിയുന്നതും ഹൃദ്യമായും ഏകയോഗമായും, എവറസ്റ്റ് യുദ്ധം ചെയ്യുന്നതിനു സാധിക്കത്തക്കവിധത്തിലുള്ള അഭേദ്യമായ സ്നേഹബന്ധം ഐർവിനുമായി പുലർത്തുന്നതിനു മാലൊറി ബദ്ധകങ്കണനായിത്തീൻ. അവർ പരസ്പരം കൂടുതൽ മൈത്രിയിലും, സഹവാസത്തിലും കഴിച്ചുകൂട്ടുന്നതിനു ശ്രമിച്ചു. അവരവരുടെ സ്വഭാവഗതികളെ അന്യോന്യം പരിപൂർണ്ണമായി മനസ്സിലാക്കിക്കഴിഞ്ഞാൽ പരസ്പരം സഹായിക്കുന്നതിനു എളുപ്പമാണല്ലോ.

പര്യടനസംഘം ടിബററിൽക്കൂടെ പ്രയാണം ചെയ്തുകൊണ്ടിരിക്കുമ്പോൾ അവരുടെ ഹൃദയങ്ങൾ ആശാപരിപൂരിതമായിരുന്നു. വിജയം നിശ്ചയമെന്നു തന്നെ അവക്കു തോന്നി. അവർ വന്നുചേന്നതും നല്ല ഋതുവിലായിരുന്നു. കാലസ്ഥിതിയും വളരെ അനുകൂലമായിക്കണ്ടു. ആകപ്പാടെ സകല സംഗതികളും 1922 —ലെക്കാൾ ഉത്തമവും സുഖപ്രദവുമായിത്തോന്നി. എവറസ്റ്റായോധനത്തിനു തയാറായി വന്നിരിക്കുന്ന സൈന്യവ്യൂഹവും, ഈ മഹായുദ്ധത്തിനു പററിയതു തന്നെ. സംഘാംഗങ്ങളുടെ ഐകമത്യവും യോജിപ്പും വിജയം അനായാസേന

കരസ്ഥമാക്കുന്നതിന് പര്യാപ്തവുമാണ്. 1922-ലെക്കാൾ വലിയ ആൾക്കൂട്ടവും ഉണ്ടായിരുന്നു. 70 പേരടങ്ങിയ ഭാരവാഹക സംഘം ആവർത്തിച്ചു തിരഞ്ഞെടുത്തതായിരുന്നു. ഇത്ര സമർത്ഥമായ ഒരു സംഘം ഇതിനുമുമ്പ് എവറസ്റ്റിനെ അഭിമുഖീകരിച്ചിട്ടില്ല.

ചുമട്ടുകാരായ ബോട്ടിയാസും, ഷെർപ്പാസും, മൊങ്കോളിയൻ വർഗ്ഗത്തിൽ പെട്ടവരാണ്. ബോട്ടിയാസ്സ് ടിബററൻ വംശത്തിൽ ഉൾപ്പെട്ടവരും ഡാർജീലിങ്ങിലും സിക്കിമിലും അധിവസിക്കുന്നവരുമായിരുന്നു. ഷെർപ്പാസു സാധാരണയായി നീപ്പാളത്തെ ഉന്നത സാനുപ്രദേശങ്ങളിലാണു നിവസിക്കുന്നതു്. എവറസ്റ്റാരോഹകന്മാരെ സഹായിക്കുന്നതിനു ഇവർ അതിയോഗ്യന്മാർ തന്നെയാണ്. ഇവർ സാധാരണ കൃശഗാത്രന്മാരും ദീർഘകായന്മാരും ആയിട്ടാണ് കണ്ടുവരുന്നതു്. അന്തരീക്ഷ പരോഭാഗ മേഖലകളിലെ പ്രകൃതി വ്യത്യാസങ്ങൾക്കു വിധേയരാകുന്നതിനു ഇവർക്കു യാതൊരു പ്രയാസവുമില്ല. ഇവർ ബ്രിട്ടീഷ് പടയാളികളുടെ ഒരു ശിശുപ്പകർപ്പാണെന്നാണ് നോർട്ടന്റെ അഭിപ്രായം. ബ്രിട്ടീഷ് ഭടന്മാരെപ്പോലെ ഏതു ദുർഘടകരവും അപായകരവുമായ സന്ദർഭങ്ങളിലും ഭയലേശം കൂടാതെ പ്രവർത്തിക്കുന്നതിനുള്ള സന്നദ്ധതയും ധൈര്യവും ഇവർക്കുണ്ടായിരുന്നു. പരിഷ്കാരാനിഷ്ട ഫലപ്രയോഗങ്ങളും, ലഹരിസാധനാസ്വാദനങ്ങളും കഴിയുമ്പോൾ ബ്രിട്ടീഷു പടയാളികൾ കാണിക്കുന്നതായ ബാലിശമായ ഗോഷ്ടികളും വിക്രിയകളും പോലെ ഇവരും ചില സന്ദർഭങ്ങളിൽ പ്രവർത്തിക്കാറുണ്ടു്. എവറസ്റ്റ് ശൃംഗത്തിലെ പ്രധാന രണാങ്കണത്തിൽ ഇറങ്ങി, ലോകപ്രഖ്യാതന്മാരായ വീരയോദ്ധാക്കളെ സഹായിക്കുന്നതിന് പ്രത്യേകം നിശ്ചയിക്കപ്പെട്ടിരുന്ന ഇവരെ നിവൃത്തിയുള്ളിടത്തോളം ക്ഷീണിപ്പിക്കാതെയും ഇവരുടെ ശക്തികൾ കഴിയുന്നതും വിനിയോഗിക്കാതെ സംഭരിച്ചുവെച്ചുമാണ് എവറസ്റ്റ് പര്യടനസംഘം ഈ ചുമട്ടുകാരെ കൊണ്ടുപോയതു്. ചുമട്ടുകാർക്കു നല്ല ഭക്ഷണസാധനങ്ങളും സുഖപ്രദമായ വസ്ത്രങ്ങളും, സൌകര്യപ്രദമായ കൂടാരങ്ങളും മററും കൊടുത്തുകൊണ്ടിരുന്നു. ഇപ്രകാരം ചുമട്ടുകാരെ അവർ ചെയ്യേണ്ടതായ ജോലിക്കു തയ്യാറാക്കി. ബാല്യകാലം മുതല്ക്കുതന്നെ ഭാരം വഹിച്ചു ധാരാളം പരിചയമുള്ള അവർക്കു ചുമടു ചുമക്കുന്നതുകൊണ്ടു് വലിയ ആരോഗ്യഹാനിയൊന്നും ഉണ്ടാകാനിടയില്ലെങ്കിലും, സംഘം അവ

ക്കുള്ളതായ സകല ശക്തികളും— ഒരു അണുപോലും വിടാതെ— പർവ്വതപാദം മുതൽ ശിഖവരെ ആവശ്യപ്പെട്ടിരുന്നതിനാലാണ് ഇപ്രകാരം അവരെ തയാറാക്കിയതു്.

സംഘത്തിൻെറ നവീന പദ്ധതികളിൽ ലയിച്ച്, അവരുടെ സംഭരണങ്ങളുടെ പരിപൂർണ്ണതയിൽ ആനന്ദിച്ച് ആശാകിരണ കന്ദളങ്ങളാൽ പരിശോഭിതരായി, അവർ ടിബററിൽകൂടെ ഇപ്പോൾ പ്രശസ്തമായിത്തീൎന്നിരിക്കുന്ന ഒരു മാർഗ്ഗമവലംബിച്ചു സോല്ലാസം യാത്ര ചെയ്തു. അത്യാഹ്ലാദാക്ഷയപാത്രമായിരുന്ന അവരുടെ ആദ്യനായകൻെറ അഭാവം മാത്രമെ ചന്ദ്രനിലെ കളങ്കംപോലെ അവൎക്ക് അല്പം ഖേദകാരണമായി ഉണ്ടായിരുന്നുള്ളു. മിക്കവാറും, പ്രഭാതകാലങ്ങൾ ശാന്തവും, സുപ്രഭവും, ഭാസുരവുമായിക്കാണപ്പെട്ടു. രാവിലെ ഏഴു മണിയോടുകൂടെ അവർ അതിവിശാലമായ അംബര മേല്ക്കൂട്ടിയുടെ കീഴിലിരുന്നു പ്രാതൽ കഴിക്കും. അപ്പോഴേക്കും വലിയ കൂടാരം രണ്ടു ദ്രുതഗാമികളായ കോവർ കഴുതകളുടെ പുറത്തു കയററി മുന്നോട്ടയയ്ക്കും. ഏഴര, എട്ടുമണിയോടുകൂടെ, ഒന്നിനു പുറകെ ഒന്നായി ആരോഹണ സംഘം യാത്ര ആരംഭിക്കും. വളഞ്ഞു പുളഞ്ഞ ഒരു തന്ത്രിപോലെയുള്ള അവരുടെ പ്രയാണം കാഴ്ചക്കു ബഹു കൌതുകകരമാണ്. അത്യുച്ചാരോഹണത്തിനു പ്രത്യേകം നിയുക്തരായിരുന്ന ആരോഹകന്മാർ പകുതി വഴി നടന്നും പകുതി വഴി സവാരിചെയ്തും യാത്രതുടൎന്നു. അവസാന ഭാഗത്തെ അതിഭയങ്കരമായ യുദ്ധം ചെയ്യേണ്ടവരായ ആരോഹകന്മാർ അധികം ക്ഷീണിക്കാൻ ഇടയായാൽ ഉണ്ടാകാവുന്ന ഭവിഷ്യൽ ഫലങ്ങൾ, 1924-ലെ സംഘത്തിനു നന്നായി മനസ്സിലായിരുന്നു. 11. 30. മണിയോടുകൂടി രണ്ടു മൂന്നുപേർ സംഘം ചേൎന്നിരുന്നു ഒരു ലഘുഭക്ഷണം കഴിക്കും.

ഉദ്ദേശം രണ്ടു മണിയോടുകൂടെ— ചിലപ്പോൾ 7 മണിവരെയായിട്ടുണ്ട്— അവർ മുൻപെ അയച്ച കൂടാരമടിച്ച സ്ഥലത്തെത്തും. അവിടെ വെച്ച് ഒരു ചായകുടിയും ലഘുഭക്ഷണവും കഴിക്കും. അപ്പോഴേക്ക് പുറകെ വരുന്ന കൂടാര ഉപകരണങ്ങളും ഭാണ്ഡങ്ങളും വന്നെത്തിത്തുടങ്ങും. ഏഴര മണിയോടുകൂടെ എല്ലാവരും അത്താഴം കഴിക്കും. എട്ടര മണിക്കു നിദ്രാ ദേവിയെ ആശ്ലേഷിക്കും. ആ സമയത്തു സാധാരണയായി ഘൎമ്മമാത്ര പത്തു ഡിഗ്രി കാണിക്കും.

ഏപ്രിൽ 23—ാംനു സംഘം ശേഖരസോങ്ങിൽ എത്തി. അവിടത്തെ സോങ്ങ്പെൻ സംഘത്തെ സന്തോഷസമേതം സ്വീകരിക്കുകയും സകല സഹായസഹകരണങ്ങളും ചെയ്തുകൊടുക്കാമെന്ന് വാഗ്ദാനം ചെയ്യുകയും തദനുസരണം പ്രവൎത്തിക്കയും ചെയ്തു. സമൎത്ഥനും സത്യസന്ധനുമായ ഈ ഉദ്യോഗസ്ഥൻ രണ്ടു ദിവസങ്ങൾക്കുള്ളിൽ ആവശ്യമായ വാഹന സൌകൎയ്യങ്ങൾ ഉണ്ടാക്കികൊടുത്തു. വാഹനക്കൂലികൾ കണക്കു തീൎത്തപ്പോൾ സംഘത്തിന് ഗുണകരമായ രീതിയിൽ അല്പമേതാണ്ടൊരു പിശകുണ്ടായി. പിന്നീട്ട് നോർട്ടൻ അതദ്ദേഹത്തെ മനസ്സിലാക്കി ബാക്കിപണവും കൊടുത്തപ്പോൾ അദ്ദേഹം അതു സ്വീകരിച്ചില്ലത്രെ വിശിഷ്ടവും വിലപിടിപ്പുള്ളതുമായ പല സാമാനങ്ങളും നോർട്ടൻ അദ്ദേഹത്തിന് സമ്മാനമായി നൾകി. എങ്കിലും ആ ഉദ്യോഗസ്ഥന് ഏററവും ആഗ്രഹം ജനിച്ചതു് ഒരു ക്യാമ്പ് കസാല ലഭിക്കുന്നതിനും ഒരു മഞ്ഞു് കണ്ണട (Snow Goggle) കിട്ടുന്നതിനുമായിരുന്നു. കണ്ണട ഉടൻതന്നെ ഒന്നുകൊടുക്കാൻ സാധിച്ചെങ്കിലും കസാലകൾ വളരെ ചുരുക്കമായിരുന്നതിനാൽ അപ്പോൾ കൊടുക്കുന്നതിനു സാദ്ധ്യമായിരുന്നില്ല. പൎയ്യടനങ്ങൾക്കു ശേഷം പിന്നീടൊരവസരത്തിൽ നോർട്ടൻ ഡാർജീലിങ്ങിൽനിന്നും ഈ ഉദ്യോഗസ്ഥനു ഒരു കസാല അയച്ചുകൊടുക്കയുണ്ടായി എന്നുള്ളതു് ഇത്തരുണത്തിൽ സ്മൎത്തവ്യമാണ്.

ഏപ്രിൽ 26—ാം തീയതി പൎയ്യടനസംഘം പതിനെണ്ണായിരം അടി ഉയരമുള്ള പാങ്ങ്ലാ കടന്നു. ആ സ്ഥലത്തിനടുത്തുള്ള ഒരു കുന്നിൽ നിന്നുകൊണ്ടു അവർ ഹിമാലയ പംക്തികളെ സംവീക്ഷിച്ചു. നേരെ എതിരെ ൩൫ മൈൽ അകലെയായി, സ്ഫടികതുഷാരമകുടംകൊണ്ടു് അവതംസിതനായ എവറസ്റ്റ് മഹാശൃംഗരാജനെ അവർ കണ്ടു. എവറസ്റ്റിൻെറ വാമഭാഗത്തായി മക്കാലുവും, കാഞ്ചനശൃംഗവും കാണപ്പെട്ടു. വലത്തു ഭാഗത്തു് ഗിയാച്ചുങ്ങ്കാങ്ങും, ചൊയുമോഷുംകാണാമായിരുന്നു. ഇവകൂടാതെ സ്ഫടികാവഭാതമായ അനേകം അക്ഷുണ്ണഗിരിശിഖരങ്ങളും അവരുടെ അക്ഷികൾക്കു മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഒന്നോടൊന്നു വേർവിട്ടും • പലശൃംഗരാക്ഷസന്മാരും പ്രൌഢമായി പരിശോഭിച്ചുകൊണ്ടിരുന്നു. ഭൂചക്രവാളത്തിനു മുകളിൽ വ്യോമകടാഹത്തിൽ ഒന്നൊന്നായി ഉയൎന്നിരുന്ന ശൃംഗശിരസ്സുകൾ കാഴ്ചക്കു ഏററവും ഗംഭീരങ്ങൾ തന്നെയായിരുന്നു. ഈ പൎവ്വതവിഭാഗങ്ങളെല്ലാം സദാ മഞ്ഞിൽ ആ

വൃതമായി ൨൦,൦൦൦ അടി ഉയരത്തിന്നു മുകളിലായിട്ടാണ് സ്ഥിതി ചെയ്തിരുന്നതു്.

ആരോഹകന്മാർ മനോരാജ്യത്തിൽക്കൂടെ സകല സങ്കല്പിതമാൎഗ്ഗങ്ങൾ വഴിയും എവറസ്റ്റിൽ കയറിക്കഴിഞ്ഞു; അനന്തരം മക്കാലുവും സങ്കല്പിത പഥങ്ങളിൽക്കൂടെ ഒന്നു കയറുന്നതിന്നു ശ്രമിച്ചു. പക്ഷെ അവക്കതുപോലും സാദ്ധ്യമായില്ല. അതു കയറുകയെന്നതു ഊഹിക്കാൻപോലും വഹിയാത്ത കാൎയ്യമാണ്. അവിടെ എത്തുന്നതിന്നു ശ്രമിക്കണമെങ്കിൽ ഇനിയും അനേകദീർഘസംവത്സരങ്ങൾ തന്നെ കഴിയേണ്ടിയിരിക്കുന്നു.

ഏപ്രിൽ 28-ാംനു അവർ റോങ്ങ്ബക്ക് ആശ്രമപരിസരത്തിൽ എത്തി. പിറേറദിവസം അവർ പഴയ അടിസ്ഥാനത്താവളക്കൂടാരത്തിന്റെ സ്ഥാനത്തു വന്നുചേൎന്നു.

ആരോഹകന്മാർ ഇപ്രാവശ്യം ഏററവും അവസരോചിതമായ സമയത്താണ് ഹിമാലയാടിവാരത്തിലെത്തിയതു്. ശിശിരകാലാരംഭത്തോടുകൂടി—കാലവൎഷാരംഭത്തിന്നു ഉദ്ദേശം ഒരു മാസംമുൻപേ— പ്രധാനാരോഹണം തുടങ്ങണമെന്നായിരുന്നല്ലൊ മുൻനിശ്ചയം. ഇടവപ്പാതിയോടുകൂടിയാണല്ലൊ സാധാരണ കാലവൎഷാരംഭം. മേടം പകുതികഴിഞ്ഞപ്പോഴേക്കു അവർ അടിസ്ഥാനത്താവളത്തിലെത്തിക്കഴിഞ്ഞു. ആവശ്യമായ സകല സജ്ജീകരണങ്ങളും ഏററവും കൃത്യമായും ക്ലിപ്തമായും ചെയ്തിരുന്നതുകൊണ്ടു് വളരെ സമയം വൃഥാ ചിലവഴിക്കേണ്ടതായിവന്നില്ല. മുന്നൂറോളം യാക്കുകളുടെ പുറത്തു കയററിക്കൊണ്ടുവന്നതായ വളരെയധികം സാമാനങ്ങൾ—ഭക്ഷണസാധനങ്ങളും ശയ്യോപകരണങ്ങളും കൂടാരങ്ങളും മററു സാമഗ്രികളും— യാക്കുകളുടെ പുറത്തുനിന്നു ഇറക്കിയ ഉടനെ ഓരോരോ പ്രത്യേക വിഭാഗങ്ങളായി തിരിച്ചുവെച്ചു. അടുത്തദിവസം പ്രഭാതത്തിൽ ഒന്നാമതുകൂടാരസ്ഥാനത്തേക്കു കൊണ്ടുപോകേണ്ടതായ സകല പെട്ടികളും കെട്ടുകളും തയ്യാറാക്കിക്കഴിഞ്ഞു. ശേഖരസോങ്ങിലെ സോങ്ങ്പെൻ പ്രത്യേകം തിരഞ്ഞെടുത്തയച്ച ചുമട്ടുകാരായിരുന്നു ഈ സാമാനങ്ങൾ ഉദ്ദിഷ്ടസ്ഥാനത്തേക്കു ചുമന്നുകൊണ്ടുപോകേണ്ടിയിരുന്നതു്.

## No. II

അനേകം മൈൽസ് ദൂരത്തേക്ക് പടത്തിൽ കാണുന്നതു പോലെയുള്ള ഹിമശൃംഗങ്ങൾക്കിടയിൽക്കൂടെയാണ് പര്യടനസംഘം യാത്രചെയ്യേണ്ടതു്.

(*By kind permission of Dr. Somervell.*)



പൂർവ്വറോങ്ങ്ബക്ക് ഗ്ലേസിയറിന്റെ പുരോഭാഗം. Photo by DR. SOMERVELL.

UNIVERSITY LIBRARY
11 MAR 1933
MADRAS

UNIVERSITY LIBRARY
11 AUG 1953
MADRAS

# അദ്ധ്യായം ൫ൻ.

## ഹിമപ്പരപ്പിൽക്കൂടെ മുകളിലേക്കു്.

ഇതുവരെയുള്ള കാൎയ്യങ്ങൾ എല്ലാം ഭംഗിയായിക്കഴിഞ്ഞു. പക്ഷെ ഇനിയുള്ളതോ? മാനുഷിക ബുദ്ധിക്കു സാദ്ധ്യമായതും, ദൂരദൃഷ്ടിയോടു കൂടി ചെയ്യാവുന്നതുമായ സകല സജ്ജീകരണങ്ങളും പ്രതിവിധികളും പൎവ്വതതരണ സംഘക്കാർ ചെയ്തു കഴിഞ്ഞിരുന്നു. ഇനി പഞ്ചഭൂതങ്ങൾ അവയുടെ കാൎയ്യങ്ങൾകൂടി ചെയ്താൽ മതി. പൎയ്യടനാന്വേഷണ സംഘം അടിസ്ഥാനത്താവളത്തിലെത്തിയ ഉടനെ ശക്തിയായ ഹിമവൎഷം തുടങ്ങി. മഞ്ഞു നിലം മുഴുവൻ ആവരണം ചെയ്കയും സംഘാംഗങ്ങളെ അതി കഠിനമായി ഉപദ്രവിക്കയും ചെയ്തു. ഇതായിരുന്നു ഭയങ്കരമായ 'എവറസ്റ്റ്തരണത്തിന്റെ പ്രഥമരംഗം. സംഘാംഗങ്ങൾ കട്ടികൂടിയതും, അല്പംപോലും കാററു് കടക്കാത്തതുമായ കമ്പിളി ഉടുപ്പുകൾ ധരിച്ചു് ദേഹം മുഴുവൻ പൊതിഞ്ഞുകൊണ്ടാണു ഹിമരിപുവിനോടു പോരാടിയതു്. ഈ പ്രതികൂലപരിതസ്ഥിതികളിൽത്തന്നെ പിറേറ ദിവസം കാലത്തെ നൂററിഅൻപതു ചുമട്ടുകാരെ ഒന്നാമത്തു കൂടാഗാരസ്ഥാനത്തേക്കു അയയ്ക്കുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്തു.

മെയ്മാസം പതിനേഴാം തീയതി എവറസ്റ്റ് പാദത്തിൽ നിന്നു് ശൃംഗാരോഹണം തുടങ്ങണമെന്നായിരുന്നു നേർട്ടന്റെ ഉദ്ദേശ്യം. എന്നാൽ പല ഒരുക്കങ്ങളും ഇനിയും പൂൎത്തിയാക്കേണ്ടതായിട്ടുണ്ടായിരുന്നു. അനന്തരം പൎവ്വതദന്തുരിതങ്ങളും ഹിമാവരണങ്ങളുമായ റോങ്ങ്ബക്ക് ഹിമപ്പരപ്പിൽ അവിടവിടെയായി ഒന്നും രണ്ടും മൂന്നും ശിബിരങ്ങൾ നിൎമ്മിക്കണം. അവയിൽ ആവശ്യമായ ആരോഹണ സാമഗ്രികൾ ശേഖരിക്കണം. കൂടാതെ വിദഗ്ദ്ധന്മാരടങ്ങിയ ഒരു ആരോഹണ മുന്നോടി സംഘത്തെ ഉത്തരകോളത്തിലേയ്ക്കയച്ചു് ആ പ്രദേശം പരിശോധിപ്പിക്കണം. കോളഭാഗങ്ങൾ 922 ൽ കണ്ടതിൽ നിന്നും ഇപ്പോൾ വളരെ വ്യത്യസ്തപ്പെട്ടിരിക്കാൻ വഴിയുണ്ടു്. ഒരു വേള ആ പ്രദേശം അന്നത്തെക്കാൾ അപകടകരമായും ക്ലേശഭൂയിഷ്ഠമായും തീൎന്നിരിക്കാൻ ഇടയുണ്ടു്. ഇതുകഴിഞ്ഞു് നാലാമത്തു കൂടാരം സ്ഥാപിക്കയും, അവിടെയും സാധനങ്ങൾകൊ

ണ്ടുവന്നു ശേഖരിക്കയും ചെയ്യണം. നാലാമത്തു കൂടാരത്തിൽ താമസിക്കുന്നവൎക്കും, അതിനുപരി ഉണ്ടാക്കുന്ന കൂടാരങ്ങളിൽ കഴിച്ചു കൂട്ടേണ്ടവൎക്കും ആവശ്യമായ പ്രാണവായുക്കുഴലുകൾ സംഭരിച്ചു വെക്കണം. അനന്തരം 25500 അടി ഉയരത്തിലായി അഞ്ചാമത്തു കൂടാരം നിൎമ്മിക്കണം. 26500 അടിയോളം ഉയരത്തിൽ ആറാമത്തു ശിബിരം സ്ഥാപിച്ച് സാധനസാമഗ്രികൾ സംഭരിക്കണം. 27200 അടി മുകളിൽ ഏഴാമത്തു കൂടാരം അടിക്കണം. ഇത്രയും ശ്രമസാദ്ധ്യമായ കാൎയ്യങ്ങൾ ആരോഹണത്തിന്റെ പ്രധാനഭാഗം തുടങ്ങുന്നതിനു മുൻപായി ക്ലിപ്തമായ കാലയളവിൽ ചെയ്തു തീൎക്കണം.

സംഘാംഗങ്ങളും ചുമട്ടുകാരും, അത്യുയരമേഖലകളിലെ അസഹനീയമായ കാലാവസ്ഥകൾക്കു വിധേയരായിട്ടുവേണം അവരവരുടെ ജോലികൾ യഥാക്രമം നിർവഹിക്കുവാൻ. അതിശൈത്യവും ഉഗ്രമായ കാററും മഞ്ഞും, അവരെ ക്ലാന്തന്മാരാക്കിത്തീൎത്തു. അവൎക്കു അതികഠിനമായ 'ഹിമാലസ്യ' ബാധയും ജയിക്കേണ്ടിയിരുന്നു. അനുകൂലമായ പരിതസ്ഥിതികളിലാണെങ്കിൽ പ്രയാസമുള്ള ജോലിയും ഒരുവിധം എളുപ്പത്തിൽ ചെയ്തുതീൎക്കാം. എന്നാൽ 16000 അടി ഉയരംകഴിഞ്ഞാൽ തീരെ തുഛമായ പ്രവൃത്തിപോലും വലിയ ഭാരമായ ഒരു പണിയായിട്ടാണു തോന്നുക. അടിസ്ഥാനകൂടാരം 16800 അടി ഉയരത്തിലാണു സ്ഥിതിചെയ്യുന്നത്, അതുകൊണ്ട് അവിടെയും അതിലുപരിയിലുമുള്ള പണികൾ എത്രമാത്രം പ്രയാസമേറിയതാണെന്നു ഊഹിക്കാമല്ലോ. അടിസ്ഥാനരംഗത്തുവച്ചുതന്നെ എല്ലാവൎക്കും ഒരു വിരസതയും മാന്ദ്യവും ആരംഭിച്ചു. സുഷുപ്തിക്കായി നിദ്രാസഞ്ചിയിലേക്കു കയറുന്നതും, ചെരിപ്പ് ഇടുകയോ ഊരുകയോ ചെയ്യുന്നതും വലിയ അദ്ധ്വാനപ്രദമായ പ്രവൃത്തികളായി അവൎക്കു തോന്നി. ഒരു സിഗററോ ചുരുട്ടോ തീപ്പെട്ടി ഉരച്ചു കത്തിക്കുന്നതുതന്നെ ഭാരമേറിയ ഒരു വലിയ ജോലിയായിത്തീൎന്നു. അടിസ്ഥാനകൂടാരത്തെക്കാൾ ഉയൎന്ന എവറസ്റ്റ് പൎയ്യന്തപംക്തിഭാഗങ്ങളിലേക്കു കയറുന്തോറും ആരോഹകന്മാരുടെ ആലസ്യവും, മാന്ദ്യവും വൎദ്ധിച്ചുവന്നു. ഒന്നാമത്തുകൂടാരത്തിലേക്കുള്ള നോർട്ടന്റെആദ്യയാത്ര ഏററവും ക്ലേശഭൂയിഷ്ഠവും അസഹനീയവുമായിരുന്നു എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. മഞ്ഞിൽ അപകടംകൂടാതെ കുത്തിനടന്നു കയറാനുള്ള ഹിമദണ്ഡിന്റെ അഥവാമഞ്ഞുമഴുവിന്റെ ഭാരംകൊണ്ട് അദ്ദേഹത്തിന്റെ

വലതുകരവും തോളും അതിയായി വേദനപ്പെടുകയും തന്മൂലം കുറേക്കൂടെ ഭാരംകുറഞ്ഞ ഒരു മഴ കിട്ടിയാൽ കൊള്ളാമെന്നു് ആഗ്രഹിക്കയുംചെയ്തു. ഹിമഭണ്ഡ് സാധാരണ ഭൂപ്രകൃതികളിൽ കൊണ്ടുനടക്കാൻ അത്ര ഭാരമുള്ള ഒന്നല്ല. ഹിമാലയോപരിഭാഗങ്ങളിൽ നടക്കുക എന്നുള്ളതുതന്നെ ഏററവും അദ്ധ്വാനകരമായ ഒരു പണിയായിരുന്നു. അവാതാവസ്ഥയിൽപോലും ആ പ്രദേശങ്ങളിലെ അന്തരീക്ഷത്തിന് വിവക്ഷിക്കാൻ പാടില്ലാത്തതായ എന്തോ ഒരാലസ്യജനകശക്തിയുണ്ടു്. ഈദൃശ പ്രതികൂല സാഹചര്യങ്ങൾകൂടെപോലും മനുഷ്യശരീരം കുറെയെല്ലാം വിധേയമായിക്കൊള്ളും. എന്നിരുന്നാലും മനുഷ്യരുടെ പ്രവൃത്തികൾക്കു ഒരുന്മേഷമോ ജീവനോ യാതൊന്നും കാണുകയില്ല. മനുഷ്യൻ വിശേഷബുദ്ധിയില്ലാത്ത ഒരു യന്ത്രംപോലെ ആയിത്തീരുന്നു. ൨൩൦൦൦ അടിയ്ക്കു മുകളിലുംതാഴെയുമായി ഒരു മനുഷ്യനെത്തന്നെ രണ്ടുതരം സ്വഭാവത്തിലും പ്രകൃതത്തിലും കാണാം. ഇ പ്രകാരമുള്ള പ്രതികൂല സാഹചര്യങ്ങളിലായിരുന്നു ആരോഹണസംഘം സകല പ്രാരംഭജോലികളും ചെയ്യേണ്ടിയിരുന്നതു്.

ഏററവും അദ്ധ്വാനമേറിയ ജോലി ചുമട്ടുകാർക്കാണ്. അതുകൊണ്ടവരെ നിവൃത്തിയുള്ളടത്തോളം ക്ഷീണിപ്പിക്കാതെയിരിക്കണം. പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹകസംഘത്തെ ക്ഷീണിപ്പിക്കാതെയിരിക്കുന്നതിനായി നോർട്ടൻ ഒന്നും രണ്ടും കൂടാരങ്ങൾ നിർമ്മിക്കുന്നതിന് അവരെ നിയോഗിച്ചില്ല. ടിബററുകാരായ ൨൦൦-ൽപരം കൂലിക്കാരെക്കൊണ്ടാണ് അദ്ദേഹം ഈ ജോലികൾ നിർവഹിച്ചതു്. ടിബററൻ കൂലിക്കാർക്കു ദിവസമൊന്നിനു ഒരു ഷില്ലിംഗ് കൂലിയും സുഖമായ ഭക്ഷണവും കൊടുക്കാമെന്നായിരുന്നു ഏർപ്പാടു്. മഞ്ഞുനിറഞ്ഞ ഭാഗങ്ങളിൽ അവരെ ഉപയോഗിക്കയില്ലെന്നും, അവരുടെ ജോലി തീർത്തിട്ടു് കഴിയുന്നതുംവേഗത്തിൽ തിരിച്ചയച്ചുകൊള്ളാമെന്നുമുള്ള വ്യവസ്ഥകളിന്മേലാണ് അവരെ നിയോഗിച്ചതു്. അവർക്കു അധികം താമസിയാതെ തിരികെപ്പോയി അവരുടെ കൃഷിജോലികൾ ആരംഭിക്കേണ്ടിയിരുന്നു. അക്കാലം വയലുകൾ വിതയ്ക്കാനുള്ള സമയം ആസന്നമായിരുന്നു. ൨൭൦൦൦ അടി ഉയരത്തിൽപോലും കൂടാരങ്ങൾ കൂടാതെ തുറസ്സായ സ്ഥലത്തുകിടന്നുറങ്ങുന്നതിന് അവർക്കു നിഷ്പ്രയാസം സാധിച്ചു. ആരോഹകന്മാരെ നിവൃത്തിയുള്ളടത്തോളം അരോഗസ്ഥിതിയിൽത്തന്നെ വച്ചുകൊണ്ടിരിക്കു

ണ്ടിയിരുന്നതിനാൽ അവരെ ബുദ്ധിമുട്ടിക്കാതെ പിന്നീട്ടുള്ള ജോലികൾക്ക ഗൂർക്കാസിനെ നിയോഗിച്ചു.

ഏപ്രിൽ മുപ്പതാംതീയതി ശിബിര നിർമ്മാണം ഊർജ്ജിതമായിത്തുടങ്ങി. ടിബററൻ ചുമട്ടുകാരുടെ കൂട്ടത്തിൽ സ്ത്രീകളും കുട്ടികളും ഉണ്ടായിരുന്നു. ശരാശരി ഒരു ചുമടിൻെറ ഭാരം നാല്പതുറാത്തൽ ആയിരുന്നു. കഴിയുന്നതും ഭാരം കുറഞ്ഞ ചുമട്ടുകൾ സ്ത്രീകൾക്കും കുട്ടികൾക്കുമായി കൊടുക്കുന്നതിന് ജിയോഫ്റേബ്റസ്സ് ശ്രമിച്ചു. എന്നാൽ ആ ശ്രമം വിഫലമായതേയുള്ളു. അതു ആ രാജ്യനടപ്പിന് വിപരീതമായിരുന്നപോലും! ഇന്നിന്ന ചുമട്ടുകൾ ഇന്നിന്ന ആളുകൾ എടുക്കണമെന്ന് നിശ്ചയിക്കുന്നതിന് ടിബററ്കാൎക്കു ഒരു പ്രത്യേകമാൎഗ്ഗമുണ്ടു്. ഇതനുസരിച്ചു് പ്രവൎത്തിക്കുന്നതാണു അവൎക്കു കൂടുതൽ തൃപ്തികരം. ടിബററ്കാരെല്ലാവരും അവരുടെ ചെരുപ്പിൻെറ മുകൾഭാഗത്തായി, മനോഹരമായി നെയ്തിട്ടുള്ളതും, വിവിധ വൎണ്ണങ്ങളിൽ ഉണ്ടാക്കിയിട്ടുള്ളതും ആയ ഒരുതരം നാട ഉപയോഗിക്കാറുണ്ടു്. പലരുടേതും പല നിറമാണെങ്കിലും ഓരോരുത്തൎക്കും അവരവരുടെ നാട പ്രത്യേകം തിരിച്ചറിയാം. ചുമട് വീതിച്ചു് കൊടുക്കുന്നയാൾ എല്ലാ ചുമട്ടുകാരിൽ നിന്നും ഓരോ നാടവീതം വാങ്ങി എല്ലാംകൂടെ കശക്കിയതിൻെറശേഷം ഓരോ നാടയും ഓരോ ചുമടിലേയ്ക്കു എറിയും. ചുമടിൽ ആരുടെ നാടവീഴുന്നുവോ അവൻ അല്ലെങ്കിൽ അവൾ ആ ചുമടെടുക്കണമെന്നാണ് അവരുടെ ഇടയിലെ നിശ്ചയം. ഇപ്രകാരം ഓരോരുത്തൎക്കും ചുമട്ടുകൾ നിശ്ചയിക്കുന്നതുകൊണ്ടു് ആൎക്കും തൃപ്തികേടും ഇല്ല. ജിയോഫ്റേബ്റൂസ്സും ഒടുവിൽ ഈ മാൎഗ്ഗംതന്നെ സ്വീകരിക്കുന്നതിനു നിർബന്ധിതനായി. ഓരോരുത്തരുടേയും ചുമട്ടുകൾ നിശ്ചയിച്ചു കഴിഞ്ഞ ഉടനെ അവർ പാടിയും സന്തോഷിച്ചും ചുമട്ടുകളും വഹിച്ചുകൊണ്ടു് യാത്ര തുടങ്ങി.

മൂന്നു നോൺകമ്മീഷൻഡ് ഗൂർക്കാഉദ്യോഗസ്ഥന്മാരുള്ളതിൽ രണ്ടുപേരും 922-ലെ ആരോഹണത്തിൽ സംബന്ധിക്കയും പൎവ്വതരണ പരിചയം സിദ്ധിക്കയും ചെയ്തിട്ടുള്ളവരാണ്. അതുകൊണ്ടു് ഒന്നാമത്തെ കൂടാരത്തിൽ നിന്നും രണ്ടാമത്തെ കൂടാരസ്ഥലത്തു എത്തുന്നതിനുള്ള വഴികണ്ടുപിടിക്കുന്നതിനും, കൂടാരം സ്ഥാപിക്കുന്നതിനും, സംഭരണങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും എല്ലാം അവരെ ഉപയോഗിക്കാം. കൂടാതെ ഹിമപ്പരപ്പിലെ കൂടാരത്തിലുള്ളവരുടെ കാൎയ്യങ്ങൾ അന്വേഷിക്ക

ണ്ടതും, ചാട്ടുകാരുടെ വരവും പോക്കും നോക്കേണ്ടതും അവരുടെ ജോലിയായിരുന്നു.

ഒന്നാമത്തെ കൂടാരം പൂർവ്വറോങ്ങ്ബക്ക് പ്രസ്രവണത്തിൻെറ സമീപത്തായിരുന്നു സ്ഥാപിച്ചതു്. അനന്തരം ഒന്നാമത്തെ കൂടാരത്തിൽ നിന്ന് 75 ടിബററൻ കൂലിക്കാരെ തിരികെ അടിസ്ഥാനത്താവളത്തിലേയ്ക്കയച്ചു. രണ്ടാമത്തെ കൂടാരം സ്ഥാപിച്ച് സാമാനങ്ങൾ എല്ലാം അവിടെ എത്തിയ്ക്കുന്നതിനായി 75 പേരെ ഒന്നാമത്തെ കൂടാരത്തിലും താമസിപ്പിച്ചു. അടുത്ത രണ്ടു ദിവസങ്ങൾകൊണ്ട് അവർ തങ്ങളുടെ ജോലി ഭംഗിയായി നിർവ്വഹിച്ചതിൻെറശേഷം ആഹ്ളാദചിത്തരായി തിരികെപ്പോന്നു. ടിബററൻ സ്ത്രീകളുടെ ധൈര്യവും സഹിഷ്ണുതയും ഈ അവസരത്തിൽ പ്രത്യേകം വക്തവ്യമാണ്. ഒരു സ്ത്രീ 40 റാത്തൽ ഭാരമുള്ള ചുമടിൻെറകൂടെ രണ്ടു വയസ്സ് പ്രായമുള്ള അവളുടെ കുട്ടിയേയും എടുത്തുകൊണ്ടു് 17500 അടി ഉയരത്തിൽ നിന്നു് 19800 അടിവരെ കയറി ചുമടവിടെ ഇറക്കിയതിൻെറശേഷം കുട്ടിയേയുംകൊണ്ടു് തിരികെ ഇറങ്ങി. അനന്തരം ആവശ്യമുണ്ടെങ്കിൽ ഇനിയും ചുമടുംകൊണ്ടു് മുകളിലേയ്ക്കുകയറുന്നതിന് സന്നദ്ധയാണെന്നു ആ താടക പ്രസ്താവിച്ചു. അടിസ്ഥാനത്താവളത്തിലേയ്ക്കുപോയ 75 പേരിൽ 52 പേർ വിശേഷകാരണം ഒന്നും കൂടാതെതന്നെ അവരുടെ വസതികളിലേയ്ക്കു പൊയ്ക്കളഞ്ഞു. അതിനാൽ ബാക്കിശേഷിച്ചവർക്കു വളരെഅധികംചുമടുകൾചുമക്കേണ്ടതായിവന്നു.ഇപ്രകാരമെല്ലാം ഇരുന്നിട്ടും മെയ് രണ്ടാം തീയതിയോടു കൂടി സകല സാമാനങ്ങളും രണ്ടാമത്തെ കൂടാരത്തിൽ എത്തിച്ചു. അന്നുതന്നെ സായാഹ്നത്തിൽ ടിബററൻകൂലിക്കാരെല്ലാം ജോലികഴിഞ്ഞു അടിസ്ഥാന കൂടാരത്തിലെത്തി. മൃഷ്ടാന്നമായ ഒരു സദ്യയും, സമ്മതിച്ചിരുന്ന കൂലിയിൽ അല്പംവീതം കൂടുതലും കൊടുത്തു അവരെ പിരിച്ചയച്ചു. മൂന്നാം തീയതി രാവിലെ അവർ ഏററവും സംതൃപ്തരായി പിരിഞ്ഞുപോയി. ഭാവിപര്യടനസംഘങ്ങളും ടിബററൻകൂലിക്കാരുടെ സഹായത്തെ സമാശ്രയിക്കേണ്ടിയിരിക്കുന്നു.

പര്യവേഷണ സംഘത്തിൻെറ ഇനിയുള്ള ജോലി. രണ്ടാമത്തെ താവളത്തിൽ നിന്നും മൂന്നാമത്തെ കൂടാരത്തിലേയ്ക്കും, അതിനുപരിസ്ഥിതമായ കൂടാരങ്ങളിലേക്കും സാമാനങ്ങൾ എത്തിക്കുകയാണു. നിപ്പാളീസ് ഭാരവാഹകസംഘത്തെയാണു ഈ ജോലിക്കുപയോഗിക്കേണ്ടിയിരുന്നതു്. 52 പേരടങ്ങിയ ഈ സം

ഘത്തെ 20 വീതം രണ്ട് വിഭാഗങ്ങളായിത്തിരിക്കയും ബാക്കി 12 പേരെ പെട്ടെന്നുണ്ടാകുന്ന വിഷമങ്ങൾക്കു പ്രതിവിധി ചെയ്യുന്നതിനായി നിശ്ചയിക്കുകയും ചെയ്തു. ഭാരംവഹിക്കുന്ന 40 പേരിൽ ആക്കെങ്കിലും അവശത ഭവിച്ചാൽ ഈ പന്ത്രണ്ട് പേരിൽ നിന്നു ഒരുത്തനെ പകരം നിശ്ചയിക്കും. ആദ്യത്തെ ഇരുപതു പേരടങ്ങിയ ഉപസംഘം മൂന്നാമത്തു ക്യാമ്പ്‌വരെ സാമാനങ്ങൾ ചുമന്നു കയററിയിട്ട് ഉത്തരകോളത്തിനു മുകളിൽ സ്ഥാപിക്കാനിരിക്കുന്ന ശിബിരത്തിലേയ്ക്കു സാമഗ്രികൾ കയററിക്കൊണ്ട് പോകണം. രണ്ടാമത്തു ഉപസംഘം അടിസ്ഥാനത്താവളത്തിൽ നിന്ന് ഒരു ദിവസം പുറകെ പുറപ്പെട്ട് രണ്ടാമത്തു ക്യാമ്പിൽ എത്തി, ആ കൂടാരത്തിനും മൂന്നാമത്തു കൂടാരത്തിനും മദ്ധ്യേയുള്ള ജോലികൾ ചെയ്യണം. യാദൃശ്ചികമായി ഉണ്ടാകാവുന്ന ആവശ്യങ്ങൾക്ക് തയാറായി പന്ത്രണ്ടു പേർ അടിസ്ഥാനത്താവളത്തിൽ താമസിക്കണം. ഇതായിരുന്നു ഇനിയത്തെ പർവ്വതരണ പ്ലാൻ.

മെയ് മാസം മൂന്നാം തീയതി ആദ്യ ഉപസംഘം കയററം തുടങ്ങി. ഈ സംഘത്തിന്റെ നേതൃത്വം വഹിച്ചതു മി. മാലൊറിയാണ്. ചുമട്ടുകാർ കൂടാതെ ഈ സംഘത്തിൽ നാലു് പർവ്വതരണവിദഗ്ദ്ധന്മാരും ഉൾപ്പെട്ടിരുന്നു. മൂന്നാമത്തു കൂടാരസ്ഥാപനത്തിൽ മാലൊറിയും ഐർവിനും സഹായിക്കണമെന്നു നിശ്ചയിച്ചിരുന്നു. പ്രാണവായൂപകരണങ്ങളുടെ പ്രായോഗിക പരിക്ഷണങ്ങൾ നടത്തുന്നതിനും, ദേഹസ്ഥിതി കാലസ്ഥിതിക്കനുയോജ്യമായിത്തീരുന്നതിനും ആയി കുറെ ദിവസം അവർ മൂന്നാമത്തു കൂടാരത്തിൽ താമസിക്കണമെന്നു തീരുമാനിച്ചു. മൂന്നാമത്തു താവളത്തിൽ നിന്നും പുറപ്പെട്ട് ഉത്തരകോളത്തിലേയ്ക്കുള്ള മാർഗ്ഗനിർദ്ദേശം ചെയ്യുന്നതിന് ഓഡലിനേയും ഹസ്സാർഡിനേയുമാണ് നിശ്ചയിച്ചിരുന്നതു്.

പ്രഥമ ആരോഹണ ഉപസംഘവും, ചുമട്ടുകാരും അടിവാരത്താവളത്തിൽനിന്നും പുറപ്പെട്ട ദിവസം അതിയായ ശൈത്യവും ഉഗ്രമായ കാററും ഉണ്ടായിരുന്നതുകൂടാതെ അന്തരീക്ഷം കാർമേഘപടലങ്ങളാൽ അന്ധകാരമയമായും കാണപ്പെട്ടു. ചുമട്ടുകാരിൽ പകുതി ആളുകളും വളരെ കഷ്ടപ്പെട്ടു. അവരുടെ ഭാരമേറിയ ചുമടുകൾകൂടാതെ കട്ടികൂടിയതും ഘനമേറിയതും അസൗകര്യപ്രദമായതുമായ കമ്പിളി ഉടുപ്പുകൾകൂടെ വഹിക്കേണ്ടിയിരുന്നു. ഉടനെ ആവശ്യമില്ലാത്തതായ അഞ്ചു ചുമടുകൾ മാർഗ്ഗ

മദ്ധ്യേ ഇറക്കിയിട്ട് അഞ്ചുപേരെക്കൊണ്ട് ബാക്കി പതിനഞ്ചു
പേരുടെയും കമ്പിളിവസ്ത്രങ്ങൾ ചുമപ്പിച്ചുകൊണ്ടു യാത്രതുടൎന്നു.

മെയ് നാലാംതീയതി രണ്ടാമത്തെ കൂടാരത്തിലെത്തി. ത
ല്പരിസരങ്ങൾ ആകപ്പാടെ അസുഖപ്രദമായിത്തോന്നി. ചു
മട്ടുകാൎക്ക് അവിടെ രാത്രി കഴിച്ചുകൂട്ടുന്നതിനു വേണ്ട സൗകൎയ്യ
ങ്ങൾ അന്നുതന്നെ ഉണ്ടാക്കേണ്ടിയിരുന്നു. ആരോഹകന്മാരുടെ
ഉപയോഗത്തിനുമാത്രമേ നല്ല കൂടാരങ്ങൾ അവിടെ കൊണ്ടുവ
ന്നിട്ടുണ്ടായിരുന്നുള്ളു. മാലൊറിയും ഐർവിനും മററു മൂന്നുനാ
ലുപേരുംകൂടി ചുമട്ടുകാൎക്കുവേണ്ടി ഒരു തല്ക്കാലവസതി ഉണ്ടാക്കു
ന്നതിനു ശ്രമിച്ചു. ഈ ജോലി കഴിഞ്ഞപ്പോൾ മാലൊറിയും ഓ
ഡലും മൂന്നാമത്തെ ക്യാമ്പിലേക്കുള്ള വഴി കണ്ടുപിടിക്കുന്നതിനും
സ്ഥലം നിശ്ചയിക്കുന്നതിനുമായി പോയി. അവർ ഒരു കുന്നിൽ
കയറി നോക്കിയപ്പോൾ ദക്ഷിണഭാഗത്തേക്കുയൎന്നുകിടക്കുന്ന
ഹിമപ്പരപ്പ് അവൎക്കു നല്ലതുപോലെ കാണാമായിരുന്നു. ശിലാ
സഞ്ചയങ്ങളുടെയും, ധവളവൎണ്ണമായ ഹിമശൃംഗങ്ങളുടെയും ഇട
യിൽകൂടി അവർ ഒരു മാൎഗ്ഗം കണ്ടുപിടിച്ചു.

മെയ്മാസം 4-ം 5-ം തീയതികളിലെ രാത്രികൾ ഏ
ററവും ഭയാനകങ്ങൾ തന്നെയായിരുന്നു. അത്യുഗ്രമായ കൊടു
ങ്കാററും, ഹിമപാതവും രാത്രിയെ അസഹ്യമാക്കിത്തീൎത്തു. കൂടാ
രത്തിന് വെളിയിലേക്കു ഇറങ്ങാൻ വഹിയാതെ അവർ അതി
യായി ക്ലേശിച്ചു. ഭക്ഷണപാകത്തിനായി വളരെ അധികം സ
മയം ചിലവഴിക്കേണ്ടതായി വന്നു. അവിടെ നിന്നും ചുമട്ടുക
ൾ കൊണ്ടുപോകുന്നതു ഏററവും ദുൎഘടകരമായിരുന്നു. ആ
രെല്ലാമാണു ഇനിയും കയററം തുടരാൻ അനുയോജ്യമായ കാ
യസ്ഥിതിയുള്ളവർ, ആരെല്ലാമാണു അവിടത്തന്നെ കഴിച്ചുകൂട്ടേ
ണ്ടവർ, എന്നുംമററുമുള്ള സംഗതികളും അവിടെ വച്ചുതന്നെ
തീരുമാനിക്കണം. ചുരുക്കം പറഞ്ഞാൽ ഈ മാതിരി പ്രാരം
ഭ വൈഷമ്യങ്ങൾ കൊണ്ട് അടുത്ത ദിവസം രാവിലെ 11 മ
ണിയോടുകൂടിയെ ആരോഹണം തുടരാൻ ഇടയായൊള്ളു.

തലേദിവസം കണ്ടുപിടിച്ചതും സുഖകരമെന്നു വിചാ
രിച്ചിരുന്നതും ആയ മാൎഗ്ഗം പിറേറദിവസം ഏററവും ദുൎഘടക
രമായി രൂപാന്തരപ്പെട്ടു. തലേ രാത്രിയിലെ അതിയായ ഹിമവ
ൎഷഫലമായി യാത്രവളരെ ശ്രമകരമായിത്തീൎന്നു. ചുമട്ടുകാർ
വളരെ വേഗത്തിൽ വിവശരായി. അവർ അത്യുയരമേഖലകളി
ലെ പ്രകൃതിവ്യത്യാസങ്ങൾ അതിയായി അനുഭവിച്ചു. സംഘ

ത്തിന്റെ മുന്നോട്ടുള്ള ഗമനം വളരെ വളരെ മന്ദമായി. വൈകിട്ട് ആറരമണിയോടു കൂടിയേ മൂന്നാമത്തു താവളസ്ഥാനത്തു എത്തിയൊള്ളു ആ സമയം തണുപ്പു അതികഠിനമായിരുന്നു· അന്നു സൌകര്യപ്രദമായ ഒരു കൂടാരം ഉണ്ടാക്കുന്നതിനു വേണ്ടും സമയവും ഇല്ലായിരുന്നു അന്നുരാത്രി ആരോഹകന്മാരും ചുമട്ടുകാരും അനുഭവിച്ചതായ ക്ലേശങ്ങൾ വാചാമഗോചരമത്രെ.

നാലാമത്തു കൂടാരത്തിലും അതിനു മുകളിലും വെച്ചു് ഉപയോഗിക്കുവാൻ നിശ്ചയിച്ചിരുന്നതായ നിദ്രാസഞ്ചികൾ തന്നെ മൂന്നാമത്തു കൂടാരത്തിൽ ഉപയോഗിക്കാതെ രക്ഷാമാർഗ്ഗമില്ലെന്നു മാലൊറിയ്ക്കു തോന്നി. അന്നത്തെ തണുപ്പ് മാലൊറി ഈ സ്ഥലത്തുവെച്ച് മുൻപൊരിക്കൽ അനുഭവിച്ചതിനേക്കാൾ അത്യുഗ്രതരമായിരുന്നു. അത്യുയരഭാഗങ്ങളിലേയ്ക്കു നിശ്ചയിച്ചിരുന്ന നിദ്രാസഞ്ചികൾ രണ്ടാമത്തു കൂടാരത്തിൽ സൂക്ഷിച്ചിരിക്കയായിരുന്നു. അതിനാൽ അടുത്ത ദിവസം രാവിലെ രണ്ടാമത്തു ക്യാമ്പിൽ തിരിയെ ചെന്നു പ്രസ്തുത നിദ്രാസഞ്ചികൾ എടുത്തു കൊണ്ടു മാത്രമെ യാത്ര തുടരാവു എന്നു മാലൊറി തീരുമാനിച്ചു.

വിഭാതവേളയിൽ തന്നെ ബാലാർക്കരശ്മികൾ മൂന്നാമത്തു താവളസ്ഥലത്തു പ്രവേശിച്ചു. ഏഴുമണിയോടുകൂടി മാലൊറി തയാറാവുകയും, പകുതി ചുമട്ടുകാരെയുംകൊണ്ടു് തിരികെ രണ്ടാമത്തു ക്യാമ്പിലേയ്ക്കു പുറപ്പെടുകയുംചെയ്തു. അവിചാരിതമായി വഴിയ്ക്കുണ്ടായ ചിലമാർഗ്ഗതടസ്സങ്ങൾമൂലം വളരെയധികം താമസിക്കേണ്ടിവന്നു. രണ്ടാമത്തു കൂടാരത്തിൽനിന്നും ആളുകൾ മൂന്നാമത്തു കൂടാരത്തിലേയ്ക്കു തിരിയ്ക്കുന്നതിനു മുൻപിൽ അവിടെ എത്തണമെന്നായിരുന്നു മാലൊറിയുടെ ഉദ്ദേശം. പക്ഷെ അതു സാദ്ധ്യമായില്ല. രണ്ടാമത്തുകൂടാരത്തിൽനിന്നു തിരിച്ചവരെ വഴിയ്ക്കുവെച്ചു് തന്നെ കാണാൻ ഇടയായി. അവർ മൂന്നാമത്തുകൂടാരത്തിൽ സാമാനങ്ങൾ എത്തിച്ചിട്ടു് അന്നുതന്നെ സന്ധ്യയ്ക്കു മുൻപിൽ തിരികെ രണ്ടാമത്തുക്യാമ്പിൽ എത്തണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി പുറപ്പെട്ടവരായിരുന്നു. അവർ വളരെ ഭാരമേറിയ ചുമടുകൾവഹിച്ചുകൊണ്ടു് കയറേണ്ടിയിരുന്നതിനാൽ മൂന്നാമത്തു ക്യാമ്പിൽ ചെന്നതിന്റെശേഷം അന്നുതന്നെ തിരിയെ ഇറങ്ങി സായാഹ്നത്തിനു മുൻപ് രണ്ടാമത്തുകൂടാരത്തിൽ എത്തുകയെന്നുള്ളതു് അസാദ്ധ്യമാണെന്നു മാലൊറിയ്ക്കു മനസ്സിലായി. അതിനാൽതിരികെ രണ്ടാമത്തുക്യാമ്പിൽ എത്താൻ പകലു

ള്ളപ്പോൾത്തന്നെ അവരുടെ ചുമട്ടുകൾ മാർഗ്ഗമദ്ധ്യേ ഇറക്കിച്ചിട്ട് മാലൊറി അവരെ തിരിയെ അയച്ചു. അനന്തരം അദ്ദേഹവും അനുചരന്മാരും ഈ ചുമട്ടുകളും വഹിച്ചുകൊണ്ട് മൂന്നാമത്തു ക്യാമ്പിലേയ്ക്കു പോയി.

മൂന്നാമത്തു കൂടാരത്തിലെത്തിയപ്പോൾ അവിടെയിരുന്നവർ അധികമൊന്നും ചെയ്തിട്ടുള്ളതായി കണ്ടില്ല. അവിടെയുണ്ടായിരുന്ന മൂന്നു ആരോഹകന്മാരും പുതിയ ആളുകളായിരുന്നതിനാൽ ഇതുവരെ അവൎക്കു ശീതസ്ഥിതിയും ഉയരസ്ഥിതിയും അനുയോജ്യമായി തീൎന്നിരുന്നില്ല. ചുമട്ടുകാരും തീരെ അശക്തന്മാരായികാണപ്പെട്ടു. ഒരു ചുമട്ടുകാരനു പോലും ജോലി ചെയ്യുന്നതിനുള്ള ശക്തിശേഷിച്ചിരുന്നില്ല. കൂടാരത്തിനുള്ളിൽ കാററ് കടക്കാതെ മറകൾ ഉണ്ടാക്കുന്നതിനുപോലും അവരെക്കൊണ്ട് കഴിഞ്ഞില്ല. സാമാനങ്ങളുമായി മൂന്നാമത്തു കൂടാരത്തിലേയ്ക്കു കയറിവരുന്നവരെ സഹായിക്കുവാൻ പോകുന്നതിനു പോലും ഒരുത്തരും സന്നദ്ധരായില്ല. എങ്കിലും ഓഡലും, ഐർവിനും, മാർഗ്ഗമദ്ധ്യേ സാമാനങ്ങൾ ഇറക്കിവെച്ചിരുന്ന സ്ഥലത്തുചെന്നു അത്യന്താപേക്ഷിതമായ സാമാനങ്ങൾ എടുത്തുകൊണ്ട് വരികയുണ്ടായി.

മെയ്മാസം 6-ാംതീയതി രാത്രി അനിതര ലോകസാധാരണമായ ശൈത്യമുള്ള ഒന്നായിരുന്നു. ഘൎമ്മമാത്ര ന്യൂനം ഇരുപത്തിഒന്നര ഡിഗ്രികാണിച്ചു. ഈ പൎയ്യടനവേളയിൽ അനുഭവിച്ചതിലേയ്ക്കും ഏററവും വലിയതണുപ്പ് അന്നായിരുന്നു. വൃശ്ചികംധനുഈ മാസങ്ങളിലെ മരംകോച്ചുന്ന നമ്മുടെ തണുപ്പുള്ളപ്പോൾ സാധാരണ ഫാർനൈററ് ഉഷ്മാപിനി 70—72 ഡിഗ്രി ആണു കാണിക്കുന്നതു്. ആ സ്ഥിതിയ്ക്കു 70—72 ഡിഗ്രിയിൽനിന്ന് കുറഞ്ഞു കുറഞ്ഞുവന്നു പൂജ്യത്തിലെത്തി അവിടെനിന്നു പിന്നെയും കുറഞ്ഞു ന്യൂനം ഒന്നുരണ്ട് തുടങ്ങി ഇരുപത്തൊന്നര ഡിഗ്രിവരെ എത്തുമ്പോൾ ഉണ്ടാകാവുന്ന തണുപ്പ് എത്രകഠിനമെന്നു ഊഹിക്കയേവേണ്ടു. മാലൊറി വളരെ സൂക്ഷ്മതയോടുകൂടി കമ്പിളി വസ്ത്രങ്ങളിൽ പൊതിഞ്ഞു കിടന്നിട്ടും പ്രഭാതമായപ്പോഴേയ്ക്കും വലിയ. അസുഖത്തിലായി, ഓഡലും ഐർവിനും ആരോഹണം തുടരുന്നതിന് തീരെ അപ്രാപ്തന്മാരായിത്തീൎന്നു. ചുമട് എടുക്കാൻ ത്രാണിയുള്ള ഒരു ഒററ ചുമട്ടുകാരൻപോലും ശേഷിച്ചിരുന്നില്ല. മൂന്നാമത്തുക്യാമ്പിൽ ഇനിയും താമസിച്ചാൽ മരിച്ചുപോയേക്കുമെന്നു തന്നെ ചിലർ

സംശയിച്ചു. കൂടാരത്തിനുള്ളിൽനിന്ന് തനിയെ വെളിയിൽ ഇറങ്ങാൻ ശക്തിയില്ലാഞ്ഞിട്ട് ചിലരെ പുറത്തേയ്ക്കു വലിച്ചിഴച്ചുകൊണ്ടു വരേണ്ടിയിരുന്നു. ഒരുത്തനു ജീവൻ തന്നെയുണ്ടോ എന്നു കൂട്ടുകാർ സംശയിച്ചു. അയാളുടെ പാദങ്ങൾ നീരുവന്നു വീങ്ങി നടക്കാൻതീരെ ശക്തിയില്ലാതായി കാണപ്പെട്ടു. അടുത്തദിവസം സൂര്യോദയത്തിനു ശേഷം തീരെ അസുഖമുള്ളവരേയും ആരോഹണത്തിന് അപ്രാപ്തന്മാരായി തീർന്നവരേയും മൂന്നുസംഘങ്ങൾആയിതിരിച്ച് ഓരോ സംഘാംഗങ്ങളേയും കയറുകൊണ്ടു പരസ്പരംബന്ധിച്ച് ഒരു ഗ്രൂക്കാ നോൺകമ്മീഷൻഡ് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ താഴേത്തയ്ക്കയച്ചു. അവർ വിറച്ചും വലിഞ്ഞും വളരെ അവശരായി ഒരുവിധത്തിൽ രണ്ടാമത്തുകൂടാരത്തിൽ എത്തിഎന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ.

രണ്ടാമത്തുക്യാമ്പിൽനിന്ന് മുകളിലേക്ക് സാമാനങ്ങളുമായിത്തിരിക്കുന്ന ദ്വിതീയസംഘത്തെ കണ്ടുമുട്ടുന്നതിനും, അവരുടെപക്കൽനിന്നും സാമാനങ്ങൾ സ്വീകരിച്ചിട്ട് അവരെ തിരിയെ അയയ്ക്കുന്നതിനുമായി ഹസ്സാർഡിനേയും കുറെ ചുമട്ടുകാരേയും നിയോഗിച്ചയച്ചു. അദ്ദേഹം കയറിവരുന്നതായ ചുമട്ടുകാരെകണ്ടു അവരിൽനിന്നും എഴുചുമട്ടുകൾകൂടെ മൂന്നാമത്തുകൂടാരത്തിൽഎത്തിച്ചു. മൂന്നാമത്തുകൂടാരം കുറെക്കൂടെ സുഖപ്രദമാക്കുന്നതിനോ, ശൈത്യബാധയിൽനിന്നു രക്ഷപ്രാപിക്കത്തക്കവിധത്തിൽ എന്തെങ്കിലും ചെയ്യുന്നതിനോആർക്കും കഴിഞ്ഞില്ല.

നോർട്ടൻ മെയ്മാസം ൭-ാം തീയതി രണ്ടാമത്തു കൂടാരത്തിലെത്തി. അപ്പോഴത്തെ ആരോഹണസ്ഥിതിഗതികൾ മേൽപ്രസ്താവിച്ചവയായിരുന്നു. എങ്ങിനെ എങ്കിലും ഈ ദുർഘടഘട്ടം തരണംചെയ്യണമെന്നദ്ദേഹം നിശ്ചയിച്ചു. ഏററവും ഉപരിഭാഗങ്ങളിലെ ഉപയോഗത്തിന് ഉദ്ദേശിച്ചുകൊണ്ടു വന്നിരുന്നതായ സംഭരണങ്ങൾ എല്ലാം ഉപയോഗിച്ചിട്ടെങ്കിലും ചുമട്ടുകാരെ അസ്വാസ്ഥ്യ വിമുക്തരാക്കുന്നതിനു അദ്ദേഹം തീരുമാനിച്ചു. ഏററവും മുകൾഭാഗങ്ങളിലേയ്ക്കുവേണ്ടി പ്രത്യേകം ഉണ്ടാക്കിയിരുന്ന കൂടാര സാമാനങ്ങൾ എടുത്തു മൂന്നുനാലു കൂടാരങ്ങൾ കൂടെ അവിടെ നിർമ്മിച്ചു. പ്രത്യേകം സൂക്ഷിച്ചിരുന്ന നിദ്രാസഞ്ചികൾ എല്ലാം എടുത്തു ആളുകൾക്കു വീതിച്ചു കൊടുത്തു. പിന്നീടുള്ള ഉപയോഗത്തിനു സംഭരിച്ചു വെച്ചിരുന്ന സ്പിരിററ് വളരെയധികമെടുത്തു തീ കത്തിക്കുന്നതിനു ചിലവാക്കി. ആരോഗ്യപുനഃസമ്പാദനത്തിന് കഴിവുള്ള സകല സംഗതികളും അ

ദ്ദേഹം ചെയ്തു. എട്ടാം തിയതി മാലൊറി മൂന്നാമത്തു ക്യാമ്പിൽ നിന്നും രണ്ടാമത്തു കൂടാരത്തിൽ എത്തി. അന്നു തന്നെ ബ്രൂസ്സ് അടിവാരത്താവളത്തിൽ നിന്നു രണ്ടാമത്തു ക്യാമ്പിലെത്തി. അന്നും നോർട്ടനും ബ്രൂസ്സും മാലൊറിയും കൂടെ പിന്നീടുള്ള നടപടികൾ ആലോചിച്ചു് തീരുമാനിച്ചു. ആരോഗ്യ ഹീനന്മാരായിത്തീർന്നവർ രണ്ടാമത്തു ക്യാമ്പിൽ താമസിച്ചു് വിശ്രമമനുഭവിക്കണമെന്നു അവർ നിശ്ചയം ചെയ്തു. സോമർവെല്ലും നോർട്ടനും അരോഗികളായ കുറെ ചുമട്ടുകാരും കൂടി മൂന്നാമത്തു ക്യാമ്പിലെത്തി. ആ കൂടാരം കഴിയുന്നതും അധിവാസയോഗ്യമാക്കണമെന്നു് അവർ നിശ്ചയിച്ചു. ചുമട്ടുകാരുടെ ഭാഷ പരിചയമുണ്ടായിരുന്ന ഷെബിയറിനെ അടിസ്ഥാനത്താവളത്തിൽ നിന്നും രണ്ടാമത്തു ശിബിരത്തിലേയ്ക്കു കൊണ്ടുവരുന്നതു് കാര്യനടത്തിപ്പിന്നു് കുറേക്കൂടി സുഗമമായിത്തോന്നിയതിനാൽ അപ്രകാരം ചെയ്യുന്നതിന്നു് തീരുമാനിച്ചു. ഷെബിയറിന്നു് പകരം ഹസ്സാർഡിനെ അടിസ്ഥാന കൂടാരത്തിന്റെ മേൽനോട്ടം വഹിക്കുന്നതിന്നു് നിയമിക്കാമെന്നും തീർച്ചപ്പെടുത്തി. ഈ മാർഗ്ഗങ്ങൾ അനുസരിച്ചു് അനിതരസാധാരണമായ ഈ ആപൽഘട്ടം തരണം ചെയ്യാമെന്നു നോർട്ടൻ വിചാരിച്ചു.

ബ്രൂസ് അദ്ദേഹത്തിന്റെ കൂടെ കുറെ കരുതൽ ചുമട്ടുകാരെക്കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അവർ ക്ഷീണിക്കാത്തവരായിരുന്നതുകൊണ്ടു ഭാരമേറിയ ചുമടുകൾ അവരെക്കൊണ്ടു വഹിപ്പിക്കാമായിരുന്നു. അവരുടെ ഉത്സാഹവും ഊർജ്ജസ്വലതയും ബാക്കിയുള്ളവരിലും സംക്രമിക്കുന്നതിനു ഇടയുണ്ടു്. നോർട്ടനും, മാലൊറിയും, സോമർവെല്ലും, ബ്രൂസ്സും, 26 ചുമട്ടുകാരും അത്യാവശ്യമായ സകല സംഭരണങ്ങളോടും കൂടി ഒൻപതാംതിയതി രാവിലെ മൂന്നാമത്തു കൂടാരത്തിലേക്കു തിരിച്ചു.

മേൽ പ്രസ്താവിച്ച പദ്ധതിഅനുസരിച്ചു ഈ ആപൽസിന്ധു കടക്കാമെന്നു എല്ലാവരും ആശിച്ചു. പക്ഷെ അനുഭവം അപ്രകാരമായിരുന്നില്ല. ശീതവാതവും പ്രകൃതിരൂക്ഷതകളും അതിമായി കോപിച്ചു. കൂടാരത്തിൽ നിന്നും അദ്ധ്വനീനന്മാർ പുറപ്പെട്ടു കഴിഞ്ഞപ്പോൾ തന്നെ മഞ്ഞു വീഴാൻ തുടങ്ങി. അവരുടെ പുരോഗമനത്തിനനുസരിച്ചു ഹിമപാതവും അത്യുഗ്രമാരുത പ്രവാഹവും വർദ്ധിച്ചു. മൂന്നാമത്തു ക്യാമ്പിലെത്തിയപ്പോഴേക്കും അതികഠിനമായ ഒരു മഞ്ഞുകൊടുങ്കാറ്റു വീശുന്നുണ്ടായിരുന്നു. കൂടാരം ചൈതന്യരഹിതമായും നാശസംപൂർണ്ണമായും

കാണപ്പെട്ടു. കഴിവുള്ളടത്തോളം സൌകര്യപ്രദവും സുരക്ഷിതവുമായ സ്ഥാനത്തായിരുന്നു കൂടാരമടിച്ചിരുന്നതെങ്കിലും കാററിൻെറ ഉഗ്രമായ പ്രവാഹം അതിശക്തിയായി കൂടാരത്തിൽ തട്ടിക്കൊണ്ടിരുന്നു. കൂടാരത്തിലെത്തിയപ്പോൾ അവിടെ ജീവജാലങ്ങളുള്ള യാതൊരു ലക്ഷണങ്ങളും കണ്ടില്ല. അതിയായ വിഷമങ്ങൾ സഹിച്ച് ആ കൂടാരത്തിൽ ഇരുന്നവക്കു മഞ്ഞു് കാററ് കൂടെയായപ്പോൾ എല്ലാം പരിപൂണ്ണമായി. അവരെല്ലാം നിദ്രാസഞ്ചികളിൽ കയറി ചൈതന്യരഹിതരായി ഒന്നു ചേൎന്നുകിടക്കുന്നതായി കാണപ്പെട്ടു. യന്ത്രയടുപ്പുകളും ഭക്ഷണസാധനങ്ങളും അവിടെ ഉണ്ടായിരുന്നിട്ടു പോലും ഒരുത്തരും ഒന്നും പാകം ചെയ്തിരുന്നില്ല. ബ്രൂസ്സിൻെറ കൂടെ മുകളിലേക്കു കൊണ്ടുപോന്ന 26 ചുമട്ടുകാരിൽ 18 പേരെ സാമാനങ്ങൾ ഇടവഴിയിൽ വച്ചിച്ചിട്ടു തിരിയെ അയയ്ക്കുയാണു ചെയ്തതു്. ബാക്കി സമൎത്ഥന്മാരായ 8 പേരെ കൂട്ടത്തിൽ മൂന്നാമത്തു ക്യാമ്പിലേക്കു കൊണ്ടുപോന്നിട്ടുണ്ടായിരുന്നു. അവർ ക്ഷീണിച്ച് തളൎന്നു പരവശരായി കിടന്നവരെ ശുശ്രൂഷിക്കയും അവക്കു ഭക്ഷണം പാകംചെയ്തു കൊടുക്കയും ചെയ്തു. ഇങ്ങനെയെല്ലാമായിട്ടും പുരോഗമനത്തിനുള്ള യാതൊരുമാൎഗ്ഗങ്ങളും കണ്ടില്ല. കാററിൻെറ ഉഗ്രതകൊണ്ട് കൂടാരത്തിനു വെളിയിലേക്കു തല കാണിപ്പാൻപോലും പാടില്ലായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ അവർ വളരെ ധൃതഗതിയിൽ അല്പാല്പം അശനപാനാദികൾ കഴിഞ്ഞു നിദ്രാസഞ്ചികളെ അഭയം പ്രാപിച്ചു.

ഹിമപ്രചണ്ഡമാരുതൻ കൂടാരത്തിന് വെളിയിൽ അവിശ്രാന്തനായി അവൻെറ നാശകരമായ വിഹാരം തുടങ്ങി. കാററിൻെറശക്തികൊണ്ട് ഹിമധൂളികൾ ഒന്നരണ്ടിഞ്ച് ഘനത്തിൽ കൂടാരത്തിനുള്ളിലുള്ള സകല സാധനങ്ങളിലും പതിച്ചു. അന്നത്തെ അതിശൈത്യവും ക്ലേശവും അവണ്ണനീയംതന്നെയാണ്. ദേഹം അല്പം ഇളക്കിയാൽ നിദ്രാസഞ്ചികളുടെ പുറത്തു വന്നടിഞ്ഞിരുന്ന ഹിമകണങ്ങൾ ഉള്ളിലേക്കു തുളച്ച് കയറുമായിരുന്നു.

അടുത്ത ദിവസം—മെയ് 10—ാം തീയതി— മഞ്ഞു് അല്പമൊന്നു കുറഞ്ഞു. എങ്കിലും കാററ് അതിയായി വൎദ്ധിക്കയാണു ചെയ്തതു്. നിലത്തു പതിച്ചിരുന്ന തുഷാരശകലങ്ങളെ കാററടിച്ച് നാലുപാടും പരത്തി. മൂന്നാമത്തു കൂടാരത്തിൽ അത്യാവശ്യത്തിലധികം ആളുകളെത്താമസിപ്പിക്കുന്നതു, കഷ്ടപ്പെട്ടു് അവിടെ കയററിക്കൊണ്ടു വന്ന ഭക്ഷണസാധനങ്ങൾ വൃഥാ തീക്കുന്ന

തിനു മാത്രം പര്യാപ്തമാണെന്നു തോന്നിത്തുടങ്ങി. മാലൊറിയും ഐർവിനും തിരിയെ രണ്ടാമത്തു ക്യാമ്പിലേയ്ക്കു പോകയും അവിടെച്ചെന്നു നോവലിൻേറയും ബീതാമിൻേറയുംകൂടെ അല്പമൊന്നാശ്വസിക്കുകയും ചെയ്തു.

ഹിമവാതുലം അത്യുഗ്രമായിത്തന്നെ വിഹരിച്ചുകൊണ്ടിരുന്നു. എന്നിട്ടും നോർട്ടനും സോമർവെല്ലും 17 ചുമട്ടുകാരും കൂടെ ഒരു മൈൽ താഴെയായി സാമാനങ്ങൾ കൊണ്ടുവന്നിട്ടിരുന്ന സ്ഥലത്തുപോയി 17 ചുമടുകൾ എടുപ്പിച്ച് മൂന്നാമത്തു കൂടാരത്തിൽ കൊണ്ടുവന്നു. ചുമട്ടുകാരോടൊപ്പം തന്നെ നോർട്ടനും സോമർവെല്ലും ഓരോ ചുമടുകൾ ചുമന്നു എന്നുള്ളതു പ്രത്യേകം പ്രസ്താവാർഹമാണ്. ചുമട്ടുകാർ തിരിയെ കൂടാരത്തിൽ എത്തിയപ്പോൾ വളരെ ക്ലാന്തന്മാരായിത്തീൎന്നു. അവരിൽ ജീവചൈതന്യം തന്നെ ശേഷിച്ചിരുന്നുവോ എന്നു സംശയമാണ്. കൂടാരത്തിലേയ്ക്കു കയറിയ ഉടനെ അവർ മൃതപ്രായരായി ശയിച്ചു. ബ്രൂസ്സും ഓഡലും കൂടെ ചൂടുള്ള കുറെ ഭക്ഷ്യപേയാദികൾ തയാറാക്കിവെച്ചിരുന്നതു് വളരെ അവസരോചിതമായിരുന്നു. ചുമട്ടുകാരെ വളരെ നിർബന്ധിച്ചിട്ടു് അവർ അല്പം ഭക്ഷണം കഴിച്ചു. അനന്തരം ധീരന്മാർ തന്നെ ചുമട്ടുകാരുടെ ചെരുപ്പുകൾ അഴിക്കയും അവരെ ഭദ്രമായി നിദ്രാസഞ്ചികളിലാക്കുകയും ചെയ്തു. നേരം സന്ധ്യയായതോടുകൂടെ കാററിൻെറ കാഠിന്യവും വർദ്ധിച്ചുവന്നു. കാററിൻെറ രാക്ഷസശക്തിയാൽ ലഘുവായിരുന്ന കൂടാരങ്ങൾ അലഞ്ഞുലഞ്ഞു. അന്നു രാത്രിയിലും കൂടാരത്തിനകത്തു ഹിമകണവാതം ഉണ്ടായി. കാററിൻെറ ഘോരാരവവും, കൂടാരങ്ങൾ പടപടാ എന്നടിക്കുന്ന കൎണ്ണകഠോരമായ ധ്വനിയുംകൊണ്ടു് അന്നവൎക്കു് ഉറക്കം സാദ്ധ്യമല്ലായിരുന്നു. അന്നു രാത്രി ഘർമ്മമാത്ര ന്യൂനം 7 ഡിഗ്രി സൂചിപ്പിച്ചു.

11—ാം തീയതി പ്രഭാതത്തിലും ഉഗ്രവാതമുണ്ടായിരുന്നു. ഒൻപതു മണിയായപ്പോഴും ഉഷ്മാപിനി ന്യൂനാംശം തന്നെ കാണിച്ചുകൊണ്ടിരുന്നു. ഈ പരിതസ്ഥിതികളിൽ കുറേ ദിവസത്തേയ്ക്കു ഉത്തരകോളം നിശ്ചയമായും തീരെ ദുൎഗ്ഗമമായിരിക്കുമെന്നവർ ഊഹിച്ചു. വളരെ സഹനശക്തിയും ഉന്മേഷവും പ്രകടിപ്പിച്ചിരുന്ന ദ്വിതീയസംഘം ചുമട്ടുകാർപോലും തീരെ വിവശന്മാരായിത്തീൎന്നിരുന്നു. ഇക്കാരണങ്ങളാൽ തല്ക്കാലം ആരോഹണം നിറുത്തിയിട്ടു് പിന്മാറാതെ ഗത്യന്തരമില്ലെന്നു അവർ നിശ്ചയിച്ചു. അതിനാൽ കഴിയുന്നതും വേഗത്തിൽ അടിസ്ഥാനത്താവള

ത്തിലെത്തി കുറെ ദിവസം താമസിച്ചുകൊണ്ട് വിശ്രമമനുഭവിക്കണമെന്നു അവർ തീരുമാനിച്ചു.

അടിസ്ഥാനത്താവളത്തിലെത്തുകയെന്നുള്ളതു തന്നെ ക്ലിഷ്ടതരമായിരുന്നു. ജീവിക്കുകയോ മരിക്കുകയോ ചെയ്താലും തരക്കേടില്ല എന്നു കരുതി മാന്ദ്യതയിൽ ലയിച്ച് പലരും കൂടാരത്തിൽ ആസന്നമരണരെപ്പോലെ കിടന്നിരുന്നു. അടിവാരക്കൂടാരത്തിലെത്തി നല്ല ഭക്ഷണസാധനങ്ങളും സുഖസൌകര്യാദികളും അനുഭവിക്കാമെന്നുള്ള വിചാരംപോലും അവരെ പ്രബുദ്ധരാക്കിയില്ല. കൂടാരത്തിൽ കിടന്നിരുന്ന ആളുകളെ മഞ്ഞു മാററിയിട്ട് വാസ്തവത്തിൽ മാന്തിവേണമായിരുന്നു എടുക്കുവാൻ. ഈ നിർജ്ജീവമായ അവസ്ഥയിൽ ജീയോഫ്റബ്രൂസ്സ് ഗംഭീരമായ മുഖഭാവത്തോടുകൂടി ആജ്ഞാപരമായ ഗൌരവസ്വരത്തിൽ കൂടാരത്തിന്റെ മദ്ധ്യത്തിൽ നിന്നുകൊണ്ട് ചില കല്പനകൾ നൽകി. മടിയന്മാരെ ഊർജ്ജസ്വലന്മാരാക്കുന്നതിനും ക്ഷീണിച്ചവർക്ക് ആശ്വാസദായകമാകുന്നതിനും, ഉണ്ടായിരുന്ന ക്ഷീണത്തിൽ അധികം ഭാവിച്ചവരെ ലജ്ജാഭരിതരാക്കുന്നതിനും പര്യാപ്തമായ ചില വാക്ശരങ്ങൾ അദ്ദേഹത്തിന്റെ വക്ത്രത്തിൽ നിന്നും ബഹിർഗമിച്ചു. എന്തിനധികം? ആസന്നമരണരെന്നു വിചാരിച്ചു കിടന്നിരുന്ന എല്ലാവരും എഴുന്നേററ് പണി തുടങ്ങി. കൂടാരമഴിച്ച് മടക്കി അതിനുള്ള പെട്ടികളിൽ ഭംഗിയായി വെച്ചുകഴിഞ്ഞു. അന്യസാമാനങ്ങൾ അതതിന്റെ പെട്ടികളിലും സംഭരിച്ചു. ഒന്നു രണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ കൂടാരമടിച്ചിരുന്നസ്ഥലത്തു ഭംഗിയായി അടുക്കിവെച്ചിരുന്ന കുറെ പെട്ടികൾ മാത്രമെ കാണ്മാനുണ്ടായിരുന്നുള്ളു. അടിസ്ഥാനക്കൂടാരത്തിലേക്കു അവർക്കു കൊണ്ടുപോകേണ്ടിയിരുന്ന ചുമടുകളും തയാറാക്കി കെട്ടിവെച്ചു കഴിഞ്ഞു. അല്പം കഴിഞ്ഞു് അവർ സന്തോഷസമേതരായി അവരോഹണം തുടങ്ങി. മെയ് 11-ാം തീയതി വാസ്തവത്തിൽ ബ്രൂസിന്റെ വിജയ ദിവസമായിരുന്നു.

താഴെയുള്ള കൂടാരക്കാർ അടിവാരക്കൂടാരത്തിലേയ്ക്കു പിൻതിരിഞ്ഞുകൊള്ളണമെന്നുള്ള നിർദ്ദേശം യഥാവസരം അവരെ അറിയിച്ചു. 11-ാം തീയതി സായാഹ്നത്തിൽ ബിതാമും, മാലൊറിയും, ഐർവിനും, നോയലും അടിവാരത്തിലെത്തി. സോമർവെല്ലും, ഓഡെലും, അന്നു പകുതിയോളം ചുമട്ടുകാരോട് കൂടി ഒന്നാമതു കൂടാരത്തിലായിരുന്നു. നോർട്ടനും, ബ്രൂസ്സും അന്നുതന്നെ രണ്ടാമതു കൂടാരത്തിലെത്തി. 12-ാംനു ഇവർ രണ്ടുപേരും

രണ്ടാമത്തു കൂടാരവും സകല സാമാനങ്ങളും യഥാസ്ഥിതിയിൽ വെച്ചിട്ടു അടിവാരത്തിലേക്കു ഇറങ്ങി. തിരിയെ രണ്ടാമത്തു കൂടാരത്തിലേക്കു കയറുന്ന അവസരത്തിൽ കൂടാരങ്ങൾ ഉടനെ ഉപയോഗിക്കുന്നതിലേയ്ക്കാണ് ഇപ്രകാരം ചെയ്തതു്. സുഖക്കേടുകാരുടെ എണ്ണം വർദ്ധിച്ചു വന്നതുകൊണ്ട് ഒന്നാമത്തു കൂടാരത്തിൽ സോമർവെല്ലിനു ധാരാളം ജോലിയുണ്ടായിരുന്നു. മരണങ്ങളും ഉണ്ടായിത്തുടങ്ങി. ഒരു ഗൂർക്കാ പട്ടാളഉദ്യോഗസ്ഥനായിരുന്ന ഷാംഷേർ ബോധശൂന്യനായി ആസന്നമരണനായിത്തീർന്നു. അദ്ദേഹത്തിന്റെ മസ്തിഷ്കത്തിൽ രക്തസ്തംഭനമുണ്ടായതാണു് ഇതിനു കാരണം. മാൻഹബദൂർ എന്ന ഒരു ചെരിപ്പുകുത്തി കാലുകൾ രണ്ടും ഹിമബാധയിൽപ്പെട്ടു അതിയായി ക്ലേശിച്ചു മറെറാരാളിനു കഠിനമായ ന്യൂമോണിയാ രോഗം പിടിപെട്ടു. മററു പലരും പല സുഖക്കേടുകളിൽപെട്ടു് അതിയായി ക്ലേശിച്ചു. ഷാംഷേറിനെ കൂടാതെ ബാക്കിയുള്ളവരെയെല്ലാം അടിസ്ഥാന കൂടാരത്തിലേക്കു മാററി. ഷാംഷേറിന്റെ സഹായത്തിനും ശുശ്രൂഷയ്ക്കുമായി ഒരു ഗൂർക്കാ ഉദ്യോഗസ്ഥനേയും രണ്ടു ചുമട്ടുകാരേയും നിറുത്തിയിട്ട് ബാക്കിയുള്ളവരെല്ലാം അടിവാരത്തിലേക്കു പോയി.

12-ാംനു മദ്ധ്യാഹ്നമായപ്പോഴേക്കും ഷാംഷേറും ശുശ്രൂഷകന്മാരും ഒഴിച്ചു ബാക്കിയുള്ളവരെല്ലാം അടിവാരത്തിലെത്തി. രണ്ടാഴ്ചക്കു മുമ്പ് അടിവാരത്തിൽ അതിയായ ശൈത്യവും ഹിമവർഷവും ഉണ്ടായിരുന്നു. പക്ഷെ ഇപ്പോൾ അവയൊക്കെ തെല്ലൊന്നു ശമിച്ചിരുന്നു. അവർക്കു അവിടെയെത്തിയപ്പോൾ, ക്ഷുബ്ധമായ ഒരു കടലിൽനിന്നു സുരക്ഷിതമായ ഒരു തുറമുഖത്തെത്തിയതുപോലെ തോന്നി. വിശാലമായ കൂടാരങ്ങളും സുലഭമായ ഭക്ഷണസാധനങ്ങളും സുഖപ്രദമായ ശയ്യോപകരണങ്ങളും എല്ലാം അവർക്കു അതിയായ ആശ്വാസം നൽകി. കൂടാതെ ഹിൻജിസ്റ്റനും തദ്ദിവസം അടിവാരക്കൂടാരത്തിൽ എത്തിയിരുന്നു. അദ്ദേഹത്തിന്റെ പ്രസരിപ്പും പ്രസന്നതയും തളർന്നു മ്ലാനന്മാരായിരുന്ന ആരോഹണസംഘാംഗങ്ങൾക്കു നവജീവനും ഉന്മേഷവും നൽകി.

ഇപ്രകാരം ഒന്നാമത്തു ശ്രമം നിഷ്ഫലമായി അവസാനിച്ചു.

# അദ്ധ്യായം ൨൦.

## അപകടം തീൎത്തു.

ഈ സമയത്തു് ജനറൽ ബ്റൂസ്സിൻെറ അഭാവം അടിവാരക്കൂടാരത്തിൽ എല്ലാവരേയും അതിയായി സ്പൎശിച്ചു. അദ്ദേഹത്തിൻെറ അനൎഗ്ഗളമായ ആഹ്ളാദപ്രകടനവും ഹൃദ്യവും, ദീപ്തവും ആയ മന്ദഹാസവും ഏതു അപകടവും സോല്ലാസം തരണം ചെയ്യുന്നതിനുള്ള പാടവവും, എല്ലാം ഈ ദുൎഘടാവസരത്തിൽ ഊൎജ്ജസ്വലന്മാരും നവമായി ആഗതരുമായ ഒരു സംഘം സഹായക ചുമട്ടുകാരെക്കാൾ കൂടുതൽ ആശ്വാസപ്രദവും സന്തോഷദായകവുമായി പൎയ്യടനസംഘത്തിനു തോന്നുമായിരുന്നു. 21,000 അടി ഉയരത്തിലെ അസഹ്യമായ കാലാവസ്ഥകൾ സധീരം അനുഭവിക്കുകയും അവയെ ജയിക്കുകയും ചെയ്ത നോൎട്ടനുപോലും ബ്റൂസ്സിൻെറ സാന്നിദ്ധ്യം കുതൂഹലോന്മുഖമായിരിക്കുമായിരുന്നു. നോൎട്ടൻ ജീവിതക്ലേശങ്ങൾ സസന്തോഷം സഹിക്കുന്നതിന് നല്ല പരിചയമുള്ള ആളാണ്. ലോകമഹായുദ്ധത്തിലെ പല അപകടഘട്ടങ്ങളിലും അദ്ദേഹം നിഷ്പ്രയാസം സംബന്ധിച്ചിട്ടുണ്ടു്. ഇപ്രകാരമെല്ലാമിരുന്നാലും 15,000 അടി ഉയരം കഴിഞ്ഞാൽ മനുഷ്യരുടെ സ്വഭാവത്തിനും പ്രകൃതത്തിനും വ്യത്യാസമുണ്ടാകുമെന്ന് മുൻപു പ്രസ്താവിച്ചതു് ഇപ്പോൾ നാം പ്രത്യേകം സ്മരിക്കണം. സമുദ്രനിരപ്പിൽ വെച്ചു് വളരെ സഹനശക്തിയും ഉല്ലാസപ്രകൃതിയുമുള്ള ഒരാൾ ൨൮൦൦൦ അടി ഉയരത്തിൽ ചെല്ലുമ്പോൾ, കോപിഷ്ഠനും നിരാശാഭരിതനുമായിത്തീരുന്നതു് അസാധാരണമല്ല. ആറുമാസക്കാലത്തെ ഭഗീരഥ പ്രയത്നങ്ങളുടേയും സംഭരണങ്ങളുടേയും ശേഷം ഒരു ഹിമക്കൊടുങ്കാററുകൊണ്ടു് ഉദ്ദേശ്യസാദ്ധ്യത്തിൽനിന്ന് പരാജിതരായി പ്രത്യാഗമനം ചെയ്യുകയെന്നുള്ള സംഗതി ധാത്രിയോളം ക്ഷമാശീലനായ നോൎട്ടനെപ്പോലും ഭ്രാന്തചിത്തനാക്കിത്തീൎത്തിരിക്കണം. തന്മൂലം അദ്ദേഹം വ്യസനാഭിഭൂതനായിത്തീരുകയും അദ്ദേഹത്തിൻെറ നിരാശയും തജ്ജന്യമായ കോപവും ഇതരാംഗങ്ങളിൽ സംക്രമിപ്പിക്കയും ചെയ്യുന്നതിന് ഇടയുണ്ടായിരുന്നു. സംഘനേതാവു് പ്രത്യേകശ്രദ്ധയോടുകൂടി ഒട്ടും അധൈൎയ്യപ്പെടാതെയും നിരാശ പ്രകടിപ്പിക്കാതെയും ഇരുന്നെങ്കിൽ മാത്രമെ അംഗങ്ങളുടെ ഉന്മേഷം നഷ്ടീഭവിക്കാതെ ഇരിക്കുകയുള്ളൂ. സമുദ്രനിരപ്പിനു സമീപത്തു വെച്ചു ത

ന്നെ പല സംഘനായകന്മാരും നിരുന്മേഷരായിത്തീൎന്ന് അനുയായികളുടെ ഔൽസുക്യം നശിപ്പിച്ചിട്ടുള്ളതായി പല അനുഭവങ്ങളുമുണ്ട്. എങ്കിലും എവറസ്റ്റ് സംഘത്തിന് ഇപ്രകാരമുള്ള യാതൊരനിഷ്ടസംഭവങ്ങളും ഉണ്ടായില്ലെന്നുള്ളത് നോൎട്ടനും മററു സംഘാംഗങ്ങൾക്കും പ്രത്യേകം അഭിമാനകരം തന്നെയെന്നുള്ളതിന് സംശയമില്ല. വിഫലമായി കലാശിച്ച പ്രഥമശ്രമത്തെ ജയിക്കത്തക്കവിധത്തിൽ ഒരു പദ്ധതി തയ്യാറാക്കുന്നതിന് അവർ അഭൂതപൂൎവ്വമായ ഉത്സാഹത്തോടുകൂടി പരിശ്രമിച്ചു.

ചുമട്ടുകാരുടെ ഉത്സാഹവും സന്നദ്ധതയും ഉളവാക്കുകയായിരുന്നു ആദ്യമായി ചെയ്യേണ്ടിയിരുന്നത്. ഇതുവരെ അധികം കഠിനമായ ക്ലേശങ്ങൾ സഹിച്ചവർ സാധുക്കളായ ചുമട്ടുകാരാണ്. അതിനാൽ ഇനി അവരെ എപ്രകാരമെങ്കിലും കുതൂഹലചിത്തരാക്കിത്തീൎക്കേണ്ടതു അത്യാവശ്യമാണ്. റോങ്ബക്കിലെ ലാമായുടെ അനുഗ്രഹവും ആശീർവാദവുമായിരുന്നു അവരെ പ്രോത്സാഹിപ്പിക്കുന്നതിന് ഏററവും ഫലവത്തായി കണ്ട മാൎഗ്ഗങ്ങൾ. ചുമട്ടുകാർ സ്വയമേവ ഏററവും ആവശ്യപ്പെട്ടതും ഇതുതന്നെയായിരുന്നു. ലാമാ ബുദ്ധമുനിശ്രേഷ്ഠനാണ്. ചുമട്ടുകാരിൽ അധികം പേരും ഹിന്തുമതാവലംബികളുമായിരുന്നു. എങ്കിലും ലാമായുടെ ആശീർവാദത്തിനു അവരുടെ ഇടയിൽ ഒട്ടും പോരായ്മയില്ലായിരുന്നു. ഏതെങ്കിലും ഒരു ദൈവികമനുഷ്യൻെറ അനുഗ്രഹവൎഷമായിരുന്നു അവൎക്കു ഒഴിച്ചുകൂടാൻ പാടില്ലാത്തതായി തോന്നിയതു്. ആ ചുമട്ടുകാർ സാധാരണവേളകളിൽ അത്രവലിയ ഭക്തചിന്തകന്മാരായിരുന്നിരിക്കാൻ ഇടയില്ല. പക്ഷെ ഈ അവസരത്തിൽ സച്ചിൽസ്വരൂപ സാന്നിദ്ധ്യം അവരുടെ സമീപത്തിലുണ്ടെന്ന് അവർ വിശ്വസിച്ചിരിക്കണം. ഈ സമയത്തു് അവർ മൃത്യുവക്ത്രത്തിനു വളരെ സമീപത്താണ് സ്ഥിതിചെയ്യുന്നതെന്ന് ഒരുവേള കരുതിയിരിക്കാം. അത്യാഹിതങ്ങളും, അപകടങ്ങളും അവരെ സദാ അനുഗമിക്കുന്നു എന്ന് അവൎക്കുതോന്നി. ജീവനാശത്തിനു മതിയാകുന്ന ഹിമശിശിരവും, ഭയാനകമായ കാററും, ഹിമഖണ്ഡപ്രവാഹങ്ങളും എല്ലാം അവരുടെ ജീവനെ എല്ലായ്പോഴും വലയം ചെയ്തിരുന്നു. ശിശിരമാരുതശക്തികളെയും ദുഷ്പ്രാപ്യമായ ഒരു ശൈലരാജൻെറ കോപത്തെയും ജയിക്കുന്നതിനു സാധിക്കുകയാണെങ്കിൽ അവർ ജീവനെപ്പോലും ത്യജിക്കുന്നതിനു സന്നദ്ധരാണ്. എങ്കിലും അവർ ചെയ്‌വാൻ പോകുന്ന പ്രവൃത്തി ഇത്ര മഹത്തായ ത്യാഗത്തിന് അൎഹയോഗ്യ

മാണെന്ന് അവൎക്കുതന്നെ ദൃഢമായ ഒരു ബോധം ഉണ്ടാകണം. ഈ ബോധമാണ് അവരെ ഈ മഹൽ കൃത്യത്തിൽ വൈരാഗ്യത്തോടുകൂടെ മുന്നോട്ടു നയിക്കേണ്ടതു്. അവർ കവൎച്ചയ്ക്കും കൊലപാതകത്തിനും മുതിൎന്ന ഒരു തസ്കരസംഘമായിരുന്നു എങ്കിൽ ഒരു ദൈവികമനുഷ്യന്റെ ആശിസ്സ് അഭ്യൎത്ഥിക്കുന്നതിന് അവൎക്ക് ആഗ്രഹം ജനിക്കയില്ലായിരുന്നു. മഹത്തായ ഒരു പ്രസ്ഥാനത്തിൽ സംബന്ധിച്ചിരുന്ന അവൎക്കു തങ്ങളുടെ ഉദ്യമത്തിൽ സാഹസം മാത്രമല്ലാ ദൈവാധീനവുംകൂടെയുണ്ടെന്നുള്ള ഒരു ബോദ്ധ്യം ആവശ്യമായിത്തോന്നിയതിൽ അതിശയിക്കാനില്ല. പരിശുദ്ധനായ ലാമായുടെ ആശീൎവാദം അവൎക്ക് ഈ ബോദ്ധ്യം നൽകുന്നതിന് പൎയ്യാപ്തമാണ്. ആ ലാമാ പുണ്യസാംഗോപാംഗങ്ങളിൽ ജീവിതം കഴിച്ചുകൂട്ടുന്ന ഒരു സിദ്ധനാണ്. അവൎക്കുവേണ്ടി അദ്ദേഹത്തിനു ദൈവസഹായം അഭ്യൎത്ഥിക്കുവാൻ സാധിക്കും. ലാമാ ആശിസ്സു നൽകി എങ്കിൽ ചുമട്ടുകാർ, ദൈവം അവരുടെ ശ്രമങ്ങളെ അനുകൂലിക്കുന്നു എന്നു ദൃഢമായി വിശ്വസിക്കുകയും ഭാവിയിലുണ്ടാകാവുന്ന അത്യാഹിതങ്ങളെ തൃണവൽഗണിക്കുന്നതിനു തക്ക ധൈൎയ്യവും തന്റേടവും അവൎക്കുണ്ടാകുമെന്നു ധരിക്കയും ചെയ്യും. ഇതായിരുന്നു അവരുടെ വിശ്വാസം.

എല്ലാവരും തിരിയെ അടിസ്ഥാനകൂടാരത്തിൽ എത്തിയതിന്റെ പിറേറ ദിവസം രാവിലെ ദ്വിഭാഷിയായിരുന്ന കൎമ്മാപോളിനെ റോങ്ങ്ബക്ക് ആശ്രമത്തിലെ ലാമായുടെ പക്കലേയ്ക്കയച്ച് പൎയ്യവേക്ഷകസംഘത്തിന് ആശിസ്സ് നൽകാമോ എന്നന്വേഷിപ്പിച്ചു. ലാമാ അപ്രകാരം ചെയ്യാമെന്ന് സമ്മതിക്കയും ചെയ്തു. നിശ്ചിതദിവസം– 15-ാം തിയതി–സംഘം മുഴുവൻ–ആരോഹകന്മാരും ഗൂൎക്കാസും, ചുമട്ടുകാരും എല്ലാം– അടിവാരത്തുനിന്നും നാലു മൈലകലെയുള്ള ആശ്രമത്തിലേയ്ക്കു അനുഗ്രഹം വാങ്ങുന്നതിനായി പുറപ്പെട്ടു. ലാമായ്ക്കു കാണിക്കയിടുന്നതിനായി രണ്ടു രൂപാവീതം ഓരോരുത്തൎക്കും സംഘത്തിൽ നിന്നും കൊടുത്തിരുന്നു. സംഘം ആശ്രമത്തിലെത്തിയപ്പോൾ ധ്വരമാരെ ഉള്ളിലേക്കു ക്ഷണിച്ച് പ്രത്യേകം തയാർ ചെയ്തിരുന്ന ഭക്ഷ്യപേയങ്ങൾ നൽകി. മററുള്ളവരോട് ഒരു പ്രത്യേക സ്ഥലത്തു നിന്നുകൊള്ളുന്നതിന് ആശ്രമാധികാരികൾ ആജ്ഞാപിച്ചു. കുറേക്കഴിഞ്ഞു് പുണ്യശ്ലോകനായ ലാമാ പ്രത്യക്ഷപ്പെട്ടു. പന്ത്രണ്ടു ഉപലാമാമാരാൽ പരിസേവിതനായി പ്രധാന ലാമാ ഉയൎന്ന ഒരു പീഠത്തിൽ ഉപവിഷ്ടനായിക്ക

ണ്ടു. പാശ്ചാത്യന്മാൎക്ക പ്രത്യേകം ഇരിപ്പിടങ്ങൾ ലഭിച്ചു. പൌരസ്ത്യർ ലാമായുടെ മുൻഭാഗത്തായി നില്ക്കുകയും ഇരുന്നു.

അനന്തരം ധ്വരമാർ ഓരോരുത്തരായി ലാമായുടെ സന്നിധിയിലേയ്ക്കു ചെന്നു. ലാമാ അദ്ദേഹത്തിൻെറ ഇടത്തു കൈയ്യിൽ ധരിച്ചിരുന്ന രജതനിൎമ്മിതമായ പ്രാൎത്ഥനാചക്രം കൊണ്ടു് ഓരോ ധ്വരയുടേയും ശിരസ്സിനെ സ്പൎശിച്ചു. ഗൂൎക്കാസും ചുമട്ടുകാരും ധ്വരമാരെ അനുകരിച്ചു. അവർ ഈ കൎമ്മംകൊണ്ടു് വളരെ ഭക്തിപരവശരായിച്ചമഞ്ഞു. ഇതിൻെറ ശേഷം ലാമാ ഹൃദയസ്പൃക്കും, പ്രോത്സാഹജനകവും ആയ ഒരു ലഘുപ്രസംഗം ചെയ്കയും, അവൎക്ക വേണ്ടി പ്രത്യേകം പ്രാൎത്ഥിക്കാമെന്നു വാഗ്ദാനം ചെയ്കയുംചെയ്തു.ചുമട്ടുകാരും ഗൂൎക്കാസും, ലാമായുടെസമീപത്തേയ്ക്കു് അടുക്കുകയും, അനുഗ്രഹം വാങ്ങീട്ടുതിരിയെ പൂൎവ്വസ്ഥാനത്തു വന്നിരിക്കുകയും ചെയ്തപ്പോൾ പ്രദൎശിപ്പിച്ച ബഹുമാനാദരവുകൾ, അവൎക്ക ലാമായുടെ പേരിലുണ്ടായിരുന്ന അതുല്യമായ ഭക്തിവിശ്വാസങ്ങളെ പ്രസ്പഷ്ടമാക്കിയെന്നു ബ്റൂസ്സ് പ്രസ്താവിച്ചിട്ടുണ്ടു്. ഏതായാലും ലാമായുടെ പ്രാൎത്ഥനയും അനുഗ്രഹദാനവും അവരിൽ നവജീവൻ ഉളവാക്കിയെന്നുള്ളതിനു സംശയമില്ല. ആശ്രമത്തിൽ നിന്നും അടിവാരക്കൂടാരത്തിലേയ്ക്കുള്ള പ്രതിയാനത്തിൽ അവൎക്ക പ്രകൃത്യാ ഉണ്ടായിരുന്ന ഉന്മേഷവും ചുണയും വീണ്ടും ഉണ്ടാകുന്നതായി പ്രത്യക്ഷപ്പെട്ടു.

ഈയവസരത്തിൽ നോർട്ടനും ബ്റൂസ്സും ചുമട്ടുകാരുടെ സംഘത്തെ ഒന്നു പരിഷ്കരിച്ചു് പുനഃസംഘടിപ്പിക്കയായിരുന്നു. സമൎത്ഥന്മാരായ ഓരോ നേതാക്കന്മാരുടെ കീഴിലായി മൂന്നു ഉപസംഘങ്ങൾ അവർ രൂപവൽക്കരിച്ചു. പ്രധാന നേതാവിനു വല്ല അപകടവുമുണ്ടായാൽ പകരം തൽസ്ഥാനത്തു ജോലിനോക്കുന്നതിനായി ഓരോ ഉപനായകന്മാരെക്കൂടി നിശ്ചയിച്ചു. ഈ നായകന്മാൎക്കും ഉപനായകന്മാൎക്കും മററുള്ളവരെ അപേക്ഷിച്ചു കൂടുതൽ വേതനം നൽകുന്നതു കൂടാതെ അവരോടു നോൺകമ്മീഷൻഡ് ഉദ്യോഗസ്ഥന്മാരോടൊപ്പം ബഹുമാനത്തോടുകൂടി വൎത്തിക്കണമെന്നും നിശ്ചയിച്ചു. മുൻ ആഴ്ചയിലെ വിഷമതകൾ ശരിയായ ഒരു പരീക്ഷണ പരിമാണമായിരുന്നതുകൊണ്ടു് ആ ദുൎഘടങ്ങളെ സധൈൎയ്യം ജയിച്ചവരായ ആറുപേരെ നായകന്മാരായി തെരഞ്ഞെടുക്കുന്നതിനു പ്രയാസമില്ലായിരുന്നു. ഈ നായകന്മാരെ നോർട്ടൻെറയും ബ്റൂസ്സിൻെറയും അടുക്കലേക്കു ക്ഷണിക്കുകയും, അവർ ചെയ്യേണ്ടതെന്തൊക്കെയാണെ

ന്ന് അവരെ മനസ്സിലാക്കുകയുംചെയ്തു. അവരവരുടെ സംഘത്തിലേക്കു നിവൃത്തിയുള്ളടത്തോളം സംഘാംഗങ്ങളെ നായകന്മാരും, ഉപനായകന്മാരുംകൂടി തെരഞ്ഞെടുത്തുകൊള്ളുന്നതിനുള്ള സ്വാതന്ത്ര്യവും അവക്കു നൽകി. ഈ സ്വാതന്ത്ര്യദാനം അവക്കു നന്നായി രസിച്ചു. ഇപ്രകാരം ചെയ്തതുകൊണ്ട് ഓരോ സംഘവും മററുള്ളവയെക്കാൾ നന്നായിരിക്കണമെന്ന് വിചാരിക്കയും സംഘാംഗങ്ങൾ ഏകയോഗമായി പ്രവത്തിക്കുന്നതിന് പ്രേരകമായിത്തീരുകയുംചെയ്തു.

ഹിൻജിസ്റ്റൻ വിവിധജോലികളിൽ ബദ്ധശ്രദ്ധനായിരുന്നു. സംഘം ആശ്രമത്തിൽനിന്നു തിരിയെ വന്നതിനുശേഷം ഒന്നുരണ്ടു ദിവസത്തേക്ക് അദ്ദേഹത്തിന് വളരെയധികം സുഖക്കേടുകാരെ പരിചരിക്കേണ്ടതായുണ്ടായിരുന്നു. ഷാംഷെറിനെ ഒന്നാമത്തു കൂടാരത്തിൽനിന്നും അടിവാരത്തു കൊണ്ടുവന്നു കിടത്താതെ ഗത്യന്തരമില്ലെന്നു കരുതി ഹിൻജിസ്റ്റനും, ബ്രൂസും, ഒരു മഞ്ചലുണ്ടാക്കിക്കൊണ്ട് അങ്ങോട്ടു തിരിച്ചു. അവിടെയെത്തി ഷാംഷെറിനെ വളരെ സൂക്ഷിച്ച് എടുത്തു ചുമന്നുകൊണ്ട് അടിസ്ഥാനശിബിരത്തിലേക്കു പോന്നു. നിർഭാഗ്യവശാൽ ഷാംഷെർ അടിവാരത്തെത്തുന്നതിനുമുമ്പായി വഴിക്കുവെച്ചുതന്നെ വിഗതപ്രാണനായി. കുറെദിവസങ്ങൾ കഴിഞ്ഞപ്പോൾ മാൻബഹദൂർ എന്ന ചെരിപ്പുകുത്തിയും, മൃതിയടഞ്ഞു. അടിവാരക്കൂടാരത്തിനു സമീപിച്ച് സൌകയ്യപ്രദമായ ഒരു സ്ഥലത്ത് ശവശരീരങ്ങൾ രണ്ടും സംസ്കരിക്കപ്പെട്ടു. മൂന്നു പയ്യടനഘട്ടങ്ങളിലുമായി മരിച്ചവരുടെ കൂട്ടത്തിൽ ഇവരുടെ പേരുകൾകൂടി എഴുതി ഒരു സ്മാരകം സ്ഥാപിച്ചു. ധീരനും, വിശ്വസ്തനും, അത്യുത്സാഹിയുമായ ഷാംഷെറിൻെറ മരണം യഥാത്ഥത്തിൽ സംഘത്തിന് അനിവായ്യമായ ഒരു നഷ്ടംതന്നെയായിരുന്നു.

ലാമാ അനുഗ്രഹം നൽകിയതിൻെറ പിറേറ ദിവസം അന്തരീക്ഷം ശാന്തമായും, നഭോമണ്ഡലം പ്രസ്പഷ്ടമായും കാണപ്പെട്ടു. അന്നു ഏററവും പ്രസന്നമായ ഒരു ദിവസമായിരുന്നു. അടുത്ത ദിവസം—മെയ് 17-ാംനു—പ്രഭാതത്തിൽ ആരോഹണം തുടരണമെന്നു എല്ലാവരും നിശ്ചയിച്ചു. ഈ ദിവസമായിരുന്നു മുൻനിശ്ചയിച്ച പ്ലാനനുസരിച്ച് എവറസ്റ്റിൻെറ മുകളിലെത്തേണ്ട സുദിനം. അടുത്ത പത്തു ദിവസത്തെയ്ക്ക് ഓരോ ഉപസംഘം ആരോഹകന്മാരും അനുവത്തിക്കേണ്ടതിനു പുതുതായി ഒരാരോഹണപദ്ധതി മിസ്റ്റർ മാലൊറി നിമ്മിച്ചു.

ഇതിൻപ്രകാരം ഇനി എവറസ്റ്റ് മകുടാഗ്രത്തിൽ എത്തേണ്ടതു് മെയ് 29-ാം തിയതിയാണ്.

പ്രാരംഭമായി, ശ്ലക്കാ ഉദ്യോഗസ്ഥന്മാരെയും, അവരോടുകൂടെ ഒരു ചെറുസംഘത്തെയും, അടിവാരത്തിൽ നിന്നും, ഒന്നാമത്തു കൂടാരത്തിലേക്ക് 16-ാംനു രാവിലെ അയച്ചു. അടുത്ത ദിവസം കയററം തുടങ്ങുമ്പോൾ വേണ്ട സൌകര്യങ്ങൾ മുൻപേർ ചെയ്യേണ്ടതിനാണ് ഇവരെ ആദ്യം തന്നെ അയച്ചതു്.

കാലസ്ഥിതി ആകപ്പാടെ അനുകൂലമായി മാറിക്കണ്ടതുകൊണ്ടു് എല്ലാവക്കും ആശയും ഉത്സാഹവും വളൎന്നു. എങ്കിലും യാത്രയാരംഭിച്ച അന്നു തന്നെ വലിയൊരു ദുശ്ശകുനവും ഉണ്ടായി. ബീതാമിന് വാതരോഗസംബന്ധമായ ചില സുഖക്കേടുകൾ തുടങ്ങുകയും തന്മൂലം പുരോഗമനം തീരെ അശക്യമായിത്തീരുകയും ചെയ്തു. അദ്ദേഹത്തിനു പിടിപെട്ടിരുന്ന വയറുകടിരോഗംതന്നെ തീൎത്തുസുഖമായിട്ടില്ലായിരുന്നു. എങ്കിലും അദ്ദേഹത്തിൻെറ മനോധൈൎയ്യവും, ആരോഹണാഗ്രഹവും, മാത്രം അദ്ദേഹത്തെ ഇതേവരെ മുൻപോട്ടു തള്ളിവിട്ടുകൊണ്ടിരിക്കുകയായിരുന്നു. ദുർഭാഗ്യപരിപാകത്താൽ ഇപ്പോൾ അദ്ദേഹം തീരെ വിവശനായിത്തീൎന്നു. ബീതാമിൻെറ മലകയററത്തിനുള്ള പരിചയവും, ഉത്സാഹവും മററുള്ളവൎക്ക് ഏററവും ശക്തിമത്തായ ഒരു പ്രേരകമായിരുന്നതിനാൽ അദ്ദേഹത്തിൻെറ അവശത ഇതര സംഘാംഗങ്ങൾക്കു വലിയൊരു നഷ്ടമായിരുന്നു. ബീതാമിനെപ്പോലെ വിദഗ്ദ്ധന്മാരായ ആരോഹകന്മാർ സംഘത്തിൽ വളരെ വിരളവുമായിരുന്നു.

ഈ അനിഷ്ടസംഭവം കൂടാതെ മററു പറയത്തക്ക അപകടങ്ങളൊന്നും ഉണ്ടായിട്ടില്ല. മെയ് 19-ാംനു സായാഹ്നത്തിൽ അവർ മൂന്നാമത്തു താവളത്തിൽ എത്തിക്കഴിഞ്ഞു. അന്നു നോർട്ടനും, സോമർവെല്ലും, ഓഡലും, മൂന്നാമത്തു കൂടാരത്തിലും ഐർവിനും ഹസ്സാർഡും രണ്ടാമത്തു കൂടാരത്തിലും നോവെലും ജിയോഫ് റേബ് റസും രണ്ടാമത്തു കൂടാരത്തിലേക്കു തിരിക്കാൻ തയ്യാറായി ഒന്നാമത്തു കൂടാരത്തിലും എത്തി. കാലാവസ്ഥയും വളരെ അനുകൂലപ്രദമായിത്തന്നെ കണ്ടു. അല്പം ചില മേഘശകലങ്ങൾ പൎവ്വതാപരിഭാഗങ്ങളിൽ ഉണ്ടായിരുന്നുവെങ്കിലും, ആകപ്പാടെ ദിവസങ്ങൾ സുപ്രകാശങ്ങളും. ആതപപൂൎണ്ണങ്ങളും ആയിരുന്നു.

എവറസ്റ്റ് ശൃംഗത്തിലേക്കുള്ള കയററത്തിൽ ഏററവും അപകടകരമായതു് ഉത്തരകോളതരണമാണല്ലോ. ആരോഹകന്മാർ ഇനി ഉത്തരകോളം കയറി നാലാമത്തു കൂടാരം സ്ഥാപിക്കണം. ഹിമാവൃതമായി പൊട്ടലുകളും വിള്ളലുകളും, ഗഹ്വരങ്ങളും, ഹിമസ്തൂപങ്ങളും ദുഷ്പ്രവേശമായ ഹിമപിണ്ഡജാലങ്ങളും കൊണ്ടു് നിറയപ്പെട്ടിരുന്ന ഈ പ്രദേശത്തിന്റെ പ്രകൃതം അനുദിനം മാറിക്കൊണ്ടിരുന്നു. ഇന്നു് ബദ്ധപ്പെട്ടു കയറാവുന്നതായ ഒരു മാർഗ്ഗം കണ്ടുപിടിച്ചാൽ നാളെ അതു തീരെ ദുഷ്പ്രവേശകമായിത്തീർന്നേക്കാവുന്ന വിധത്തിൽ അത്ര അനിശ്ചിതമായ രീതിയിലാണ് കോളഭഗത്തിന്റെ പ്രകൃതം. ഇങ്ങനെയുള്ള പ്രകൃതിവ്യത്യാസങ്ങൾക്കു വിധേയമായിരുന്നതിനാൽ ഉത്തരകോളം തരണം ചെയ്യുന്നതിനു മുൻകൊല്ലങ്ങളിലെ യാത്രാസംഘങ്ങൾ ഉപയോഗിച്ച മാർഗ്ഗം ഇപ്പോൾ പര്യാപ്തമല്ലാതെ വന്നേയ്ക്കാം. അതിനാൽ വേറെ പുതിയവഴി കണ്ടുപിടിക്കേണ്ടയാവശ്യം ഉണ്ടാകാനും ഇടയുണ്ടു്. 1922-ൽ ഉത്തരകോളം കയറിയപ്പോൾ ഹിമതലപ്രവാഹത്തിലകപ്പെട്ടു ഏഴു ചുമട്ടുകാർ മരിച്ചുപോയ കഥയും ഇത്തരുണത്തിൽ പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. അതുകൊണ്ടു വളരെ സൂക്ഷ്മതയോടും മുൻകരുതലോടുംകൂടി മാത്രമെ ഈ ഭാഗം കയറാൻ സാധിക്കയുള്ളു. വിദഗ്ദ്ധന്മാരായ ഒരു സംഘം ആരോഹകന്മാർ മാത്രം ഈ പ്രദേശം കയറിയാലും പോരാ. ഇതിനുപരിസ്ഥാപിക്കേണ്ടതായ കൂടാരങ്ങളിലേക്കുള്ള സാമാനങ്ങളുമായി പല പ്രാവശ്യവും ചുമട്ടുകാർക്കു ഈ ഭാഗം കയറേണ്ടതാണ്. ഷേർപ്പാസ് ചുമട്ടുകാർ ചുമടു ചുമക്കുന്നതിനു സമർത്ഥന്മാരാണെങ്കിലും അവർക്കു പർവ്വതാരോഹണ വൈദഗ്ദ്ധ്യം കുറവാണ്. കുററിയടിച്ചാൽ ഉറക്കുന്നതായ സ്ഥാനങ്ങളിൽ കുററികൾ അടിച്ചും ഹിമച്ചെരുവുകളിൽ കൊത്തുകൾ വെട്ടിയും, അത്യപകടസ്ഥാനങ്ങളിൽ 'കയ്യുരി'കൾ സ്ഥാപിച്ചും, കോളം കയറി ചെല്ലുമ്പോൾ ചൂടുള്ള ആഹാരസാധനങ്ങൾ ലഭിക്കുന്നതിനുള്ള മുൻകരുതലുകൾ ചെയ്തും വേണ്ടിയിരുന്നു ഉത്തരകോളം ചുമട്ടുകാർക്കു സുഗമമാക്കിത്തീർക്കുവാൻ. പുതിയതായി അല്പമെങ്കിലും മഞ്ഞുവീണിട്ടുണ്ടെങ്കിൽ ഉത്തരകോളകയററം വളരെ പ്രയാസമായിരിക്കും. നിവർന്നു നടക്കുന്നതിനു നിർവ്വാഹമില്ലാതെ ചുമട്ടുകാർ ഈ പ്രദേശത്തുകൂടെ കുനിഞ്ഞു വലിഞ്ഞിഴഞ്ഞു ഭാരവും വഹിച്ചുകൊണ്ടു കയറേണ്ടിയിരുന്നു. ഓരോ അടിയും അപായകരമാണെന്നു

ആരോഹകന്മാക്ക് വിശിഷ്യ ചുമട്ടുകാക്ക് തോന്നി. ഈ ഭാഗത്തു 1922—ലെക്കാറം കൂടുതൽ തണുപ്പും മഞ്ഞും ഇക്കൊല്ലം ഉണ്ടായിരുന്നു ഇപ്പ്രാവശ്യം ചുമട്ടുകാർ തീരെ വിവശരായിത്തീന്നതുകൊണ്ടും മുൻകൊല്ലത്തെ അപേക്ഷിച്ചു കൂടുതൽ മഞ്ഞുണ്ടായിരുന്നതിനാലും ഉത്തരകോളം കയറുന്നതിനു ഒരു വിധം സുകരമായ ഒരു മാർഗ്ഗം കണ്ടുപിടിക്കേണ്ടതു അത്യാവശ്യമായിരുന്നു.

ഈ ഉദ്ദേശ്യത്തോടുകൂടെ മൂന്നാമത്തു ക്യാമ്പിൽ നിന്നും ഒരു വിദഗ്ദ്ധസംഘം ആരോഹകന്മാർ മേ 20–ാം നു യാത്ര തിരിച്ചു. പുറകെ കയറേണ്ടിയിരുന്നവരുടെ മാർഗ്ഗം സുഗമമാക്കുകയായിരുന്നു ഇവരുടെ പ്രധാന ജോലി. നോർട്ടനും, സോമർവെല്ലും, ഓഡലും, മാലൊറിയും, ആയിരുന്നു ഈ സംഘത്തിലെ പ്രധാന അംഗങ്ങൾ. വളരെ മന്ദമായി അവർ യാത്രതുടന്നു. നിർഭാഗ്യവശാൽ സോമർവെല്ലിനുണ്ടായിരുന്ന സൂര്യമൂർഛാരോഗം (Sun stroke) വദ്ധിച്ചുവന്നു. എന്നിട്ടും അദ്ദേഹം പിന്മാറാതെ പുരോഗമനത്തിനു തന്നെ ഉദ്യുക്തനായി. സോമർവെല്ലിൻെറ വിഷമവും അവശതയും കണ്ടു് നോർട്ടനും മാലൊറിയും, അദ്ദേഹത്തെ നിർബന്ധപൂർവ്വം തിരിയെ അയച്ചു. അതിനാൽ അദ്ദേഹം ഏററവും അസംതൃപ്തനായി തിരിയെ മൂന്നാമത്തു കൂടാരത്തിലേക്കിറങ്ങി.

മാലൊറിയും നോർട്ടനും ഹിമപ്രവാഹപതനം (അവലാൻഷ്) ഉണ്ടാകാൻ ഇടയില്ലാത്തതായ ഒരു മാർഗ്ഗം കണ്ടുപിടിക്കുന്നതിന് വളരെ ശ്രമിച്ചു. അവരുടെ മുമ്പിൽ കാണപ്പെട്ട വിസ്തൃതമായ ഹിമച്ചരുവിൽ കുറെ ദൂരെയായി അവർ ഒരു വിദരം കണ്ടു. ഈ വിദരംവരെയുള്ള ഭാഗങ്ങൾ ചരിഞ്ഞു കിടന്നിരുന്നു എങ്കിലും, തീരെ ദുർഗമമല്ലായിരുന്നു. ഉപരി ഭാഗങ്ങളിൽ നിന്നു് ഹിമതലപ്രവാഹമുണ്ടായാലും, ഈ വിദരമാർഗ്ഗം സുരക്ഷിതമാണെന്നു തോന്നി. അതിനാൽ അവർ ഈ മാർഗ്ഗത്തെ ലാക്കാക്കി തിരിക്കുകയും അവിടെ എത്തിയതിൻെറ ശേഷം മുകളിലേക്കു കയറാമെന്നു നിശ്ചയിക്കുകയും ചെയ്തു. ഈ വിദരമാർഗ്ഗത്തിനു സമീപത്തു ചെന്നിട്ടു് അതിൻെറ ഒരു വശത്തു കൂടെ മുകളിലേക്കു് കയറാമെന്നായിരുന്നു അവരുടെ ഇംഗിതം.

നോർട്ടനും, മാലൊറിയും മുൻപിൽ നടന്നു് വഴി തെളിച്ചും, ചുവടുകൾ വെട്ടിയും, മുന്നോട്ടു കയറി ഒരുവിധത്തിൽ വിദരമുഖത്തെത്തി. ഇവിടെനിന്നുമുള്ള കയററം വിചാരിച്ചിരുന്നതിലും ദുഷ്കരമായിക്കണ്ടു. വിദരഭാഗത്തു് കയറുമെന്നു വിചാ

രിച്ച വശത്തുകൂടെ തീരെ കയറാൻ പാടില്ലാത്തവിധം ഒരു വലിയ വിള്ളൽ ഉണ്ടായിരുന്നു. ഈ വിള്ളൽ കടക്കുന്നതിന് യാതൊരു വഴിയും കണ്ടില്ല. അതിനാൽ അവർ വിദരത്തിൽ ഇറങ്ങിയിട്ട് വല്ല മാർഗ്ഗേണയും, മുകളിലേക്കു കയറാമോ എന്നു ശ്രമിച്ചു. വിണ്ടു പൊട്ടിക്കീറി അപകടകരമായിരിക്കുന്ന ഒരു ഹിമഭിത്തിയും രൂക്ഷമായ ഹിമപിണ്ഡങ്ങളും കയറിയാൽമാത്രമേ മുകളിൽ എത്തുന്നതിനു സാധിക്കുമായിരുന്നൊള്ളു.

ഈ ദുർഘടങ്ങളെ അഭിമുഖീകരിച്ചപ്പോൾ മാലൊറി പൂർവ്വാൽ ഉൽസുകനായിത്തീന്നു. അദ്ദേഹം ഊർജ്ജിതത്തോടുകൂടി വിദരത്തിലേക്കിറങ്ങി. നോർട്ടനും മാലൊറിയെ അനുഗമിച്ചു. മഞ്ഞുമഴ ചാരിവച്ചുംമററും നോർട്ടൻ മാലൊറിയെ കയററത്തിനു വളരെ സഹായിച്ചു. ഹിമഭിത്തിയിൽ നടകൾ വെട്ടിയുണ്ടാക്കി അവർ മുകളിലേക്കു കയറി. അതിനുമുകളിലുണ്ടായിരുന്ന തുഷാരസ്തൂപപിണ്ഡങ്ങൾ കയററത്തിനു വളരെ പ്രയാസകരംതന്നെയായിരുന്നു. ആ ഭാഗങ്ങൾ ഒരുമാതിരി നീലനിറത്തിലുള്ള മഞ്ഞുകൊണ്ട് മൂടിക്കിടക്കുന്നതായി കാണപ്പെട്ടു. ഈ അത്യപകടസ്ഥാനം കഴിഞ്ഞപ്പോൾഅവർ ഒരുവിധം സൌകര്യമുള്ള സ്ഥലത്തെത്തി. പിന്നീട് അവർ വിദരത്തിന്റെ വലത്തുവശത്തുകൂടെ കയററം തുടന്നു. ഈ ഭാഗത്തുകൂടെ ഹിമതലപ്രവാഹമുണ്ടാകാൻ ഇടയില്ലെന്ന് അവർ ഉദ്ദേശിച്ചെങ്കിലും, ഈ പ്രദേശം വളരെ തൂക്കായിക്കിടന്നിരുന്നതിനാൽ ആരോഹണം വളരെ പ്രയാസമുള്ളതായിരുന്നു. ഒരുവിധത്തിൽ വിദരത്തിന്റെ മറുഭാഗത്തെത്തിയപ്പോൾ ഇതുവരെ തരണംചെയ്തതിനെക്കാൾ കൂടുതൽ ദുർഘടങ്ങൾ ഇനിയും ജയിക്കണമെന്നു മനസ്സിലായി. തൂക്കനെ ചരിഞ്ഞുകിടന്നതും, ൨൦൦ അടിയോളം ഉയരംവരുന്നതുമായ ഒരു ഹിമശൃംഗതലത്തിൽകൂടെ അവർ കയററം തുടന്നു. ഈ ഹിമശൃംഗത്തെ സൗകര്യാത്ഥം "അവസാനത്തെ ൨൦൦ അടി" എന്ന് അവർ നാമകരണംചെയ്തു.

ഈ ഇരുന്നൂറടി കയറുന്നതായിരുന്നു ഉത്തരകോളത്തിലെ ഏററവും പ്രയാസമേറിയ ജോലി. ആരോഹകന്മാർ ഈ ഭാഗത്തുകൂടെ കയറുമ്പോൾ ശൃംഗത്തെ ആവരണംചെയ്തു കിടക്കുന്നഹിമം പെട്ടെന്നു സ്ഥാനഭ്രംശം സംഭവിച്ചു അതിശക്തിയായി കീഴ്പ്പോട്ടു നിപതിക്കുവാൻ ഇടയുണ്ടായിരുന്നു. അപ്പോൾ ഹിമത്തിനു പുറത്തുകൂടെ കയറുന്ന ആരോഹകന്മാരുടെ സ്ഥിതി എന്തായിരിക്കുമെന്നു ഊഹ്യമാണല്ലോ. അതിശീഘ്രമായി

ഉരിഞ്ഞുപോരുന്ന മഞ്ഞിൻെറ കൂടെ ആരോഹകന്മാർ താഴോട്ടുപാരാൻ ഇടയായാൽ അവർ അത്യഗാധങ്ങളായ ഗത്തങ്ങളിൽ ചെന്നു പതിക്കുക തന്നെ ചെയ്യും. 1921-ൽ മാലൊറി ഈ ഭാഗം കയറിയപ്പോൾ ഈദൃശമായ ഒരത്യാഹിതം അദ്ദേഹം കണ്ടതാണ്. പക്ഷെ അതൊന്നും ഇപ്രാവശ്യം മാലൊറിയെ ഭയാക്രാന്തനാക്കിയില്ല. ഓഡലും, നോർട്ടനും പുറകിൽ നിന്നുകൊണ്ടു മാലൊറിയെ കയററത്തിനു സഹായിച്ചു. ആ ആരോഹണവീരൻ തൂക്കായിക്കിടക്കുന്ന മഞ്ഞു ചരുവിൽ ഓരോ നടകൾ വെട്ടി മുകളിലേക്കു മന്ദംമന്ദം കയറിക്കൊണ്ടിരുന്നു. ദൈവാധീനംകൊണ്ടു അപകടമൊന്നും ഉണ്ടായില്ല. മാലൊറി കയറിയ വഴിയെ നോർട്ടനും ഓഡലും പിൻതുടന്നു. 1922-ൽ ഈ ശൃംഗത്തിനു മുകളിൽ കയറി കൂടാരമടിച്ചിട്ടുള്ളതാണ്. അന്നു കൂടാരമടിച്ച സ്ഥാനത്തു അതിൻെറ യാതൊരു ലക്ഷണവും ഇപ്പോൾ കാണ്മാനില്ലായിരുന്നു. ആറടിമാത്രം നീളംവീതിയുള്ള് ഒരു ചെറു ക്യാമ്പ് സ്ഥാപിക്കുന്നതിനുപോലും സമതലപ്രദേശം അവിടെയെങ്ങും ഉണ്ടായിരുന്നില്ല. ചുമട്ടുകാൎക്കു കയറാൻ സൗകൎയ്യപ്രദമായ തരത്തിൽ നടകൾ വെട്ടിയും, കുററികൾ അടിച്ചും, കയറുകൾ കെട്ടിയും, അടുത്ത ദിവസം കയറിയ കയററം പ്രത്യേകം സ്മരണീയമാണ്. ഈ ഭാഗം കയറിക്കഴിഞ്ഞപ്പോൾ അവൎക്കു അതിയായ സംതൃപ്തിയും ആഹ്ളാദവും തോന്നി. മുകളിലെത്തിയ ക്ഷണത്തിൽ അവർ സകല ക്ലേശങ്ങളും വിസ്മരിച്ചു. അനന്തരം ചെറിയ ഹിമശിഖരങ്ങൾ നിബിഡമായി നിന്നിരുന്നതിനിടയിൽക്കൂടെ നടന്ന് അവർ നാലാമത്തെ കൂടാരത്തിനു ഒരു സ്ഥലം കണ്ടുപിടിച്ചു ഇപ്രകാരം അന്നത്തെ ഭഗീരഥ ശ്രമങ്ങൾ വിജയകരമായി പൎയ്യവസാനിച്ചു. കൃത്യം 3-45 ന് അവർ ഈ പ്രദേശം ഇറങ്ങിത്തുടങ്ങി.

അത്യദ്ധ്വാന ഫലമായി അവർ പരവശരായിത്തീൎന്നിരുന്നതിനാൽ, ആരോഗ്യവും ഉന്മേഷവും ഉള്ളപ്പോൾ ഇറങ്ങുന്നതുപോലെയുള്ള സൂക്ഷ്മത അവർഇപ്പോൾ കാണിച്ചില്ല. 1922-ലെ മാൎഗ്ഗം അവലംബിച്ച് എളുപ്പത്തിൽ ഇറങ്ങുന്നതിനാണ് അവർ ശ്രമിച്ചതു്. നോർട്ടനും, മാലൊറിയും പരസ്പരം കയറുകൊണ്ട് ബന്ധിക്കാതെയാണ് മുൻപേ ഇറങ്ങിയതു്. ഓഡലും ഒരു ചുമട്ടുകാരനും പുറകെ അനുഗമിച്ചു. അധികം താമസിയാതെ നോർട്ടൻ കാലുതെററി വലിയൊരു വിപത്തിൽ പ്പെടാൻ ആരംഭിച്ചു. ചുമട്ടുകാരനും കാലുവഴുതി ഗത്തത്തിൽ പതിക്കുവാൻ

തുടങ്ങി. ഭാഗ്യാതിരേകംകൊണ്ട് ആക്കും ജീവഹാനി സംഭവിച്ചില്ല. അല്പസമയംകൂടെക്കഴിഞ്ഞപ്പോൾ മാലൊറി ഒരു അത്യാഹിതത്തിൽപെട്ടു. അദ്ദേഹം ഒരു വിദരഭാഗത്തുകൂടെ ഇറങ്ങുകയായിരുന്നു. ആ ഭാഗത്തു മഞ്ഞു് ഇളകിക്കിടന്നിരുന്നതിനാൽ അവിചാരിതമായി കാലുതെററുകയും, തൻമൂലം അദ്ദേഹം ഒരു കന്ദരത്തിൽ പതിക്കാൻ ഇടയാകുകയും ചെയ്തു. കയ്യിൽനിന്നും വിടാതെ മുറുകെപ്പിടിച്ചിരുന്ന മഞ്ഞുമഴു യാദൃശ്ചികമായി എവിടെയോ തടഞ്ഞു് ബലമായി ഉറച്ചതു കാരണം കീഴെയുണ്ടായിരുന്ന ഒരു ഗത്തത്തിൽ പതിക്കാതെ കഴിഞ്ഞു. ഈ അത്യാഹിതത്തിൽപ്പെട്ടയുടനെ അനങ്ങാതെ നിന്നുകൊണ്ട് ബാക്കിയുള്ളവരുടെ സഹായം അഭ്യത്ഥിക്കാമെന്ന് ആ ശാന്തഹൃദയൻ തീരുമാനിച്ചു. അല്പമെങ്കിലും ഇളകിപ്പോയാൽ ഗത്തത്തിലേക്കു വീഴുമോയെന്നു ഭയന്നുകൊണ്ട് അദ്ദേഹം ഉച്ചത്തിൽ സഹായം അപേക്ഷിച്ചു. പക്ഷെ യാതൊരു മറുപടിയും ലഭിച്ചില്ല. മാലൊറി ബാക്കിയുള്ളവരെ അപേക്ഷിച്ച് വളരെ മുൻപിൽ ആയിരുന്നതിനാൽ മററുള്ളവർ അദ്ദേഹത്തിന്റെ അപകടം കാണുകയൊ വിളി കേൾക്കുകയോ ചെയ്തില്ല. കൂടാതെ അവക്കും ഓരോരോ അപകടങ്ങൾ തരണം ചെയ്യേണ്ടതായിവന്നതിനാൽ പ്രകൃത്യാ മാലൊറിയുടെ കാൎയ്യം വിസ്മരിച്ചുപോയി. പരസഹായം ലഭിക്കുന്നില്ല എന്നു കണ്ടപ്പോൾ അദ്ദേഹംതന്നെ ശ്രമിച്ച് ഒരു വിധത്തിൽ ഈ അത്യാഹിതത്തിൽനിന്നു രക്ഷപെട്ടു. പക്ഷെ അപകടത്തിൽനിന്ന് കയറിക്കഴിഞ്ഞപ്പോൾ അദ്ദേഹം ജീവഛവമായിത്തീൎന്നു. കുറേക്കഴിഞ്ഞു് അദ്ദേഹം ഇതരാംഗങ്ങളോടുകൂടെ ചേരുകയും, മൂന്നാമത്തെ കൂടാരത്തിലേക്കുള്ള ഇറക്കം തുടരുകയും ചെയ്തു. കൂടാരത്തിൽ എത്തിയിട്ടു അന്നു രാത്രിപോലും ശരിയായി ഉറങ്ങി വിശ്രമമനുഭവിക്കുന്നതിനു അദ്ദേഹത്തിനു കഴിഞ്ഞില്ല. അദ്ദേഹത്തിന് കഠിനമായ ചുമയും ജ്വരവും പിടിപെട്ടു. മററംഗങ്ങളിൽ പലരും രോഗികളായിത്തീൎന്നു. എങ്കിലും ഏററവും വിഷമകരമായ സ്ഥാനത്തുകൂടെ ഒരു മാൎഗ്ഗം വെട്ടിത്തുറക്കുവാൻ സാധിച്ചതിൽ അവക്കു അതിയായ ചാരിതാത്ഥ്യമുണ്ടായിരുന്നു എന്നുള്ള സംഗതി വിസ്മരിക്കത്തക്കതല്ല.

# അദ്ധ്യായം ൨൫.

## ഭയങ്കര വിപത്തു്.

നോർട്ടനും, മാലൊറിയും മാർഗ്ഗനിർദ്ദേശം ചെയ്തു കഴിഞ്ഞപ്പോൾ അടുത്തതായി ചെയ്യേണ്ടിയിരുന്നതു് ഉത്തരകോളത്തിനു മുകളിൽ നാലാമത്തെ കൂടാരം അടിക്കുകയാണു്. ഈ ജോലി സോമർവെല്ലും, ഹസ്സാർഡും കൂടെയായിരുന്നു ചെയ്യേണ്ടിയിരുന്നതു്. മൺസൂൺ ആസന്നമായിരുന്നതുകൊണ്ടു് ഒരു ദിവസം പോലും വൃഥാകളയുവാൻ നിവൃത്തിയില്ല. അതിനാൽ അടുത്തദിവസം തന്നെ കൂടാഗാര ഉപകരണങ്ങളുമായി ഉത്തരകോളം തരണം ചെയ്യണമെന്നു് അവർ നിശ്ചയിച്ചു. സോമർവെല്ലിന്റെ സുഖക്കേടു ഭേദമാകുകയോ, അഥവാ ഭേദമായി എന്നു നടിക്കുകയോ ചെയ്തു് അദ്ദേഹവും പുരോഗമനത്തിനൊരുങ്ങി. സോമർവെല്ലും, ഹസ്സാർഡും 12 ചുമട്ടുകാരും കൂടെ നോർട്ടൻ നിശ്ചയിച്ചിരുന്നതായ സ്ഥാനത്തു് നാലാമത്തു കൂടാരം അടിക്കുകയും, അത്യാപൽഘട്ടങ്ങളിൽ ചുമട്ടുകാരെ സഹായിക്കുകയും ചെയ്യേണ്ടിയിരുന്നു. ഐർവിനേയും ചുമട്ടുകാരേയും പുതിയതായി സ്ഥാപിക്കുന്ന കൂടാരത്തിൽ താമസിപ്പിച്ചിട്ടു് സോമർവെല്ലും ഹസ്സാർഡും അന്നു തന്നെ തിരിയെ മൂന്നാമത്തു കൂടാരത്തിൽ എത്തുകയും വേണം. മേ 22-ാംനു ഓഡലും, ബ്രൂസ്സും മൂന്നാം കൂടാരത്തിൽ നിന്നു് ഉത്തരകോളം കടന്നു് നാലാം കൂടാരത്തിൽ രാത്രി കഴിച്ചുകൂട്ടണം. പിന്നീടു് അവിടെ നിന്നു് 23-ാംനു രാവിലെ ചുമട്ടുകാരുമായി മുകളിലേയ്ക്കു കയറി അഞ്ചാമത്തു കൂടാരം സ്ഥാപിക്കണം. ഇവയായിരുന്നു അനന്തര നടപടികൾ.

ഇവയെല്ലാം ക്ഷിപ്രസാദ്ധ്യങ്ങളാണെന്നു നമുക്കു തോന്നാമെങ്കിലും, പരമാർത്ഥം അങ്ങനെയല്ലായിരുന്നു. മേ 21-ാംനു അസാധാരണമായ ചൂടുള്ള ഒരു ദിവസമായിരുന്നു. അങ്ങിങ്ങായി അന്തരീക്ഷത്തിൽ മേഘശകലങ്ങളും പ്രത്യക്ഷപ്പെട്ടു. കുറേക്കഴിഞ്ഞപ്പോൾ ഈർപ്പവും മാർദ്ദവവും ഉള്ളതായ മഞ്ഞു് ധാരാളമായി വഷിക്കുവാൻ തുടങ്ങി. നോർട്ടനും, മാലൊറിയും തലേദിവസം വളരെ പണിപ്പെട്ടു മഞ്ഞിൽ വെട്ടിയുണ്ടാക്കിയ ചുവടുകൾ നികന്നു തുടങ്ങി. കുറേക്കഴിഞ്ഞപ്പോൾ ആ പ്രദേശമെല്ലാം അഗാധമായ മഞ്ഞിൽ ആവൃതമായി. ഈ പരിത

സ്ഥിതികളിൽ കയററം വളരെ ദുഷ്കരമായിത്തീൎന്നു. പല അപകടസ്ഥാനങ്ങളിലും കുററികൾ അടിക്കുകയും, കയറുകെട്ടുകയും ചുമട്ടുകാരെ സഹായിക്കുകയും ചെയ്തുകൊണ്ടായിരുന്നു ആരോഹകന്മാർ കയറേണ്ടിയിരുന്നതു്. തൂക്കായി ഉയൎന്നു നിന്ന ഒരു ഹിമഭിത്തിയും, സൂച്യഗ്ര ചതുര സ്തംഭാകാരത്തിൽ അഥവാ 'പിരമിഡു'കളുടെ ആകൃതിയിൽ നിബിഡമായി കാണപ്പെട്ട മഞ്ഞുക്രമ്പുകളും (ക്രമകളും) കടക്കുന്നതാണു് ഏററവും പ്രയാസമുള്ള ജോലി. അവിടെ ചുമടുകൾ കൊണ്ടു കയറുക അസാദ്ധ്യമായിരുന്നതിനാൽ അവയെ മുകളിലെത്തിക്കുന്നതിനു വല്ല ഉപായവും കണ്ടുപിടിക്കേണ്ടതാവശ്യമായിരുന്നു. കയറാൻ വിഷമമുള്ള ഹിമക്രമ്പുകളുടെ അടുത്തു് ലംബമായ ഒരു ശൃംഗം ഉണ്ടായിരുന്നു. അതിനു മുകളിൽ രണ്ടുപേൎക്കു് കഷ്ടിച്ചു് നില്ക്കുന്നതിനു് സൌകൎയ്യമുണ്ടെന്നു് തോന്നി. ഒരാൾ അവിടെക്കയറി നിന്നു് ചുമടുകൾ കയറിൽ കെട്ടിവലിച്ചു കയററുകയാണെങ്കിൽ ചുമട്ടുകാൎക്കു് ആ ദുർഘടഘട്ടം—പുകക്കുഴൽ പോലെ മുകളിലേയ്ക്കുയൎന്നു നിന്ന ഹിമസ്തംഭം—ഒരുവേള തരണം ചെയ്യാമായിരിക്കാം. സോമർവെല്ലും, ഐർവിനും ഉടനെ ലംബമായ ശൃംഗത്തിൻെറ മുകളിൽ കയറിക്കഴിഞ്ഞു. അവർ അവിടെ നിന്നുകൊണ്ടു് ഓരോരുന്നോരോന്നായി 12 ചുമടുകൾ ഒരു വിധത്തിൽ വലിച്ചു കയററി. അനന്തരം ഹസ്സാർഡും ചുമട്ടുകാരും കൂടാരം അടിക്കേണ്ട സ്ഥാനത്തെത്തി. അപ്പോഴും മഞ്ഞു ധാരാളമായി വൎഷിക്കുന്നുണ്ടായിരുന്നതിനാൽ അവർ ധൃതിയിൽ കൂടാരം അടിക്കാൻ തുടങ്ങി. സോമർവെല്ലും, ഐർവിനും, ഉടൻ തന്നെ മൂന്നാമത്തു കൂടാരത്തിലേക്കു തിരിച്ചു പോരികയും ചെയ്തു. അന്നു് മേ മാസം 21-ാംനു- ആയിരുന്നു. ആ രാത്രിയിലെ അതിശക്തിയായ ഹിമപതനം അടുത്ത ദിവസം മൂന്നു മണിവരെ തുടൎന്നുകൊണ്ടിരുന്നു. അതിനാൽ ഓഡലിനും, ബ്റൂസ്സിനും ഉത്തരകോളത്തിലേക്കു തിരിക്കുവാൻ സാധിച്ചില്ല. അന്നു ഉച്ച കഴിഞ്ഞു് ഹിമവൎഷം അല്പമൊന്നു കുറഞ്ഞെങ്കിലും, തണുപ്പു അതി കഠിനമായി വൎദ്ധിച്ചു കൊണ്ടുതന്നെയിരുന്നു.

മേമാസം 22-ാംനു- രാത്രി ഘൎമ്മമാത്ര (F. H.) ന്യൂനം 24 ഡിഗ്രി സൂചിപ്പിച്ചു. 21000 അടി ഉയരത്തിലെ ന്യൂനം 24 ഡിഗ്രി തണുപ്പും, സമുദ്രനിരപ്പിലെ ന്യൂനം 24 ഡിഗ്രി തണുപ്പുമായി വളരെ വ്യത്യാസമുണ്ടു്. ന്യൂനം 24 ഡിഗ്രിത്തണുപ്പുള്ളപ്പോൾ ശൈത്യബാധയിൽ നിന്നു് സുരക്ഷിതമായി നിൎമ്മിച്ചിട്ടുള്ള ഒരു

ഗൃഹത്തിനുള്ളിൽ ഇരുന്നുകൊണ്ട് ആ തണുപ്പു അനുഭവിക്കുന്നതും, ഒരു തുണി കൂടാരത്തിനുള്ളിൽ വെറും തറയിൽ കിടന്നുകൊണ്ട് പ്രസ്തുത ഡിഗ്രിത്തണുപ്പ് അനുഭവിക്കുന്നതുമായി യാതൊരു സാമ്യവുമില്ല. ലോകത്തിൻെറ പല ഭാഗങ്ങളിലും ഇതിലും ഡിഗ്രികൂടിയ തണുപ്പുണ്ടായിരിക്കാം. എങ്കിലും ഈ ഡിഗ്രിയിലുള്ള തണുപ്പ് ഇത്ര കഠിനമായി എവറസ്റ്റ് ആരോഹകന്മാർ അനുഭവിച്ചതുപോലെ മററാരും അനുഭവിച്ചിരിക്കാൻ ഇടയില്ല. അത്യുയരങ്ങളിലുള്ള തണുപ്പു അല്പമെങ്കിലും അനുഭവിക്കാൻ ഇടയായിട്ടുള്ളവക്ക് നോർട്ടനും കൂട്ടുകാരും സഹിച്ച തണുപ്പിൻെറ ഏതാണ്ടൊരു പ്രകൃതം ഒരുവേള മനസ്സിലാക്കാൻ സാധിക്കുമായിരിക്കും.

മേയ് 23-ാംനു പ്രഭാതം പ്രശാന്തമായും പ്രസന്നമായും ഇരുന്നു. അതിനാൽ ഉത്തരകോളത്തിൽ നവമായി വീണിരുന്ന ഹിമം ഇപ്പോൾ അപകടകരമല്ലായിരിക്കുമെന്ന് ആരോഹകന്മാർ ഊഹിച്ചു. തദനുസരണം ബ്രൂസ്സും ഓഡലും 9.30 നു 17 ചു. തരണം തുടങ്ങി.

ഹസ്സാർഡിൻെറയും, അദ്ദേഹത്തിൻെറകൂടെയുള്ള 12 ചുമട്ടുകാരുടേയും, സ്ഥിതി ഇപ്പോൾ എന്തായിരിക്കും? 21-ാംനു അവരെ ഉത്തര കോളത്തിനു മുകളിൽ താമസിപ്പിച്ചിട്ട് പോന്നതാണ്. അന്നു പകൽ മുഴുവൻ മഞ്ഞു വീണുകൊണ്ടാണിരുന്നത്. 22-ാംനു രാത്രി ഘർമ്മാപനയന്ത്രം ആ പ്രദേശത്തുവെച്ച് ഇതുപര്യന്തം കാണിച്ചതിലും വളരെ കൂടുതൽ ഡിഗ്രിയിലുള്ള തണുപ്പു സൂചിപ്പിച്ചു. മൂന്നാമത്തു ക്യാമ്പ് അടിച്ചിരുന്നതുപോലെ സുരക്ഷിതമായ ഒരു സ്ഥലത്തല്ലായിരുന്നു നാലാമത്തു കൂടാരം അടിച്ചിരുന്നത്. നാലാമത്തു കൂടാരം മൂന്നാമത്തു കൂടാരത്തിനേക്കാൾ 2000 അടികൂടെ ഉയരത്തിലുമാണ് സ്ഥിതിചെയ്യുന്നത്. ഈ സാഹചര്യങ്ങളിൽ നാലാമത്തു കൂടാരത്തിൽ അധിവസിച്ചിരുന്നവരുടെ സ്ഥിതി എന്തായിരുന്നിരിക്കണം? നോർട്ടൻ, അവരുടെ കാര്യത്തെപ്പറ്റി അതിയായി സംഭ്രമിച്ചുപോയി. അദ്ദേഹം പല പ്രാവശ്യവും കൂടാരത്തിനു വെളിയിലിറങ്ങി വിദൂരത്തിൽ സ്ഥിതിചെയ്യുന്ന നാലാമത്തു കൂടാരസ്ഥാനത്തേയ്ക്കു നോക്കി. ഏകദേശം മദ്ധ്യാഹ്നസമയത്തോടുകൂടി അതിദൂരത്തിൽ അസ്പഷ്ടദൃഷ്ടങ്ങളായി- വെള്ളപൂശിയ ഒരു ഭിത്തിയിൽ ഈച്ചകൾ എന്നപോലെ- ചില കറുത്ത പൊട്ടുകൾ വരിവരിയായി 4-ാമത്തു കൂടാരസ്ഥാനത്തുനിന്നും കീഴ്പോട്ടേയ്ക്കു മാറുന്നതായി നോ

ർട്ടൻ കണ്ടു. ഉടനെ, ഹസ്സാർഡും ചുമട്ടുകാരും, 4-ാമതു ക്യാമ്പിൽനിന്ന് തിരിയെ ഇറങ്ങിവരുന്നതായിരിക്കുമെന്ന് അദ്ദേഹം ഊഹിച്ചു. ഹസ്സാർഡിൻെറ ആഗമനം മൂന്നാമതു കൂടാരത്തിലിരുന്ന എല്ലാവരും അത്യൽക്കണ്ഠയോടെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. 5 മണിയോടുകൂടെ അദ്ദേഹം സുരക്ഷിതമായി ക്യാമ്പിലെത്തി. 12 ചുമട്ടുകാൎക്കു പകരം അദ്ദേഹത്തിൻെറകൂടെ ഇപ്പോൾ 8 ചുമട്ടുകാരെ ഉണ്ടായിരുന്നൊള്ളു. ബാക്കി നാലുപേർ എവിടെയെന്ന് എല്ലാവരും സംഭ്രമത്തോടുകൂടെ ഒരു നിമിഷത്തിൽ ആരാഞ്ഞു. "ഭയപ്പെടേണ്ടാ, അവർ നാലാമതു കൂടാരത്തിൽ ഉണ്ട്" എന്നു ഹസ്സാർഡു് പറഞ്ഞതിനു ശേഷമെ ബാക്കിയുള്ളവൎക്കു അല്പം സമാധാനമുണ്ടായൊള്ളു. ആ നാലുപേൎക്ക് 'അവസാന 200 അടി' എന്ന അത്യാപകടസ്ഥലമിറങ്ങാൻ ധൈൎയ്യമില്ലാതിരുന്നിട്ടൊ, അഥവാ ശരീരസുഖമില്ലാതിരുന്നിട്ടൊ ആയിരിക്കണം അവർ ഹസ്സാർഡിനെ അനുഗമിക്കാതിരുന്നതു്. അവരിൽ രണ്ടുപേർ ഹിമദംശനമേററിരിക്കയായിരുന്നു. കൂടാതെ മുൻപൎയ്യടനവേളയിൽ ആ സ്ഥലം ഇറങ്ങിയപ്പോൾ സംഭവിച്ചതായ അത്യാഹിതസ്മരണ അവരെ ഭയാക്രാന്തന്മാരാക്കിയിരിക്കാനും എളുപ്പമുണ്ട്. കാരണംഎന്തുതന്നെ ആയിരുന്നാലും, അവർ നാലുപേരും മേല്പോട്ടുകയറാനും, കീഴ്പോട്ടു ഇറങ്ങാനും വഹിയാതെ ഉത്തരകോളത്തിനു മുകളിൽ അതി ശൈത്യത്തിൽപെട്ട് നിരാലംബരായി കിടന്നിരുന്നു. അന്തരീക്ഷസ്ഥിതി അനുനിമിഷം കൂടുതൽ കൂടുതൽ അപകടകരമായിത്തീൎന്നു. ഹിമകണങ്ങൾ നിബിഡമായി നിപതിച്ചുകൊണ്ടിരുന്നു. ഇതു് ഉത്തരകോളമാൎഗ്ഗത്തെ കൂടുതൽ അപായകരമാക്കിത്തീൎത്തു. ചുമട്ടുകാർ നാലുപേരും നിസ്സഹായരായി മരിച്ചുപോകുമെന്നുതന്നെ എല്ലാവരും വിചാരിച്ചു.

ഈ അത്യാപൽഘട്ടത്തിൽ എന്താണ് ചെയ്യേണ്ടതെന്നു നോർട്ടന് അധികം ആലോചിക്കാനൊന്നും ഇല്ലായിരുന്നു. നോർട്ടൻെറ സ്ഥാനത്തു മററു വല്ലവരും ആയിരുന്നെങ്കിൽ അവർ കൎത്തവ്യതാമൂഢരായിത്തീൎന്നേപാകുമായിരുന്നു. സഹായാൎത്ഥം ഉത്തരകോളം കയറാൻ വല്ലവരും ശ്രമിക്കയാണെങ്കിൽ അതു അവരുടെ ജീവനെ പണയംവച്ചിട്ടുമാത്രം ചെയ്യേണ്ട ഒരു പ്രവൃത്തിയാണെന്നു അദ്ദേഹത്തിനു നന്നായി അറിയാമായിരുന്നു. എന്നിരുന്നാലും സാധുക്കളായ ആ നാലു മനുഷ്യരെ നിസ്സഹാ

യരായി അവരുടെ വിധിവൈപരീത്യത്തിനു വിട്ടേയ്ക്കുന്നതു കഷ്ടാൽ കഷ്ടതരം തന്നെയാണ്. നേതാവായ നോർട്ടൻ ശിഷ്ടമുള്ള ആളുകളുടെ ജീവരക്ഷയും,സംഘത്തിൻെറ പ്രധാനഉദ്ദേശ്യവും പ്രത്യേകം അനുസ്മരിച്ച് പ്രവർത്തിക്കേണ്ട ആളാണ്. ചുമട്ടുകാരെരക്ഷിക്കുന്നതിനു ഒരു സഹായകസംഘത്തെ അയക്കുകയാണെങ്കിൽ സഹായിക്കാൻ പോകുന്നവർക്കും ജീവനാശം സംഭവിക്കാൻ ഇടയുണ്ട്. നാലുപേരെ രക്ഷിക്കുന്നതിനു പോകുമ്പോൾ അതിലിരട്ടി ആളുകൾ മരിക്കാൻ ഇടയാകയാണെങ്കിൽ അതു ഏററവും മൌഢ്യമായ ഒരു പ്രവൃത്തിയല്ലയോ? സഹായാർത്ഥം യാതൊന്നും ചെയ്യാതെ അവരെ നിരാശ്രയരായി മരിക്കുന്നതിനു ഉപേക്ഷിച്ചുകളയുന്നതു മനുഷ്യർക്കോ മൃഗങ്ങൾക്കുതന്നെയോ ചേർന്ന പ്രവൃത്തിയാണോ? സഹായിക്കുന്നതിനായി അയക്കുന്ന ആളുകളുടെ ജീവരക്ഷയെ, സംഘനേതാവെന്ന നിലയിൽ നോർട്ടൻ പ്രത്യേകം നോക്കേണ്ടതല്ലയോ? ഒന്നോ രണ്ടോ പേരുടെ രക്ഷയേക്കാൾ പര്യടനസംഘത്തിൻെറ മുഴുവൻ ഉദ്ദേശ്യത്തെയല്ലെ അദ്ദേഹം പ്രധാനമായി ഗണിക്കേണ്ടതു്? സഹായകസംഘത്തെ അയച്ചാൽ അവർ ഒരുവേള മരിച്ചില്ലെങ്കിലും വീണ്ടും പർവ്വതാരോഹണം തുടരുന്നതിനു ശക്തിയില്ലാത്തവരായിത്തീരും. അപ്പോൾ ആരോഹണസംഘത്തിൻെറ പ്രധാന ഉദ്ദേശ്യം സാധിക്കാതെ തിരികെ മടങ്ങേണ്ടതായി വരും. അങ്ങനെ സംഭവിച്ചാൽ പര്യടനസംഘത്തിൻെറ ഉദ്ദേശ്യം മുഴുവൻ അപജയത്തിൽ കലാശിക്കുകയും ചെയ്യും.

ഈദൃശ ചിന്തകൾ നോർട്ടനു ന്യായമായി ഉണ്ടാകാമായിരുന്നു. പക്ഷെ ഇപ്പോൾ ഇതൊന്നും അദ്ദേഹം ചിന്തിച്ചില്ല. വലിയ ആലോചന കൂടാതെ തൽക്ഷണം തോന്നിയതുപോലെ അദ്ദേഹം ഉടനെ പ്രവർത്തിച്ചു. എന്തെല്ലാം നഷ്ടമുണ്ടായാലും തരക്കേടില്ല, ചുമട്ടുകാർക്കു ജീവഹാനി സംഭവിക്കാതെയിരിക്കാൻ ശ്രമിക്കണമെന്നായിരുന്നു അദ്ദേഹം പെട്ടെന്നു നിശ്ചയിച്ച തീരുമാനം. ദീർഘമായ ആലോചനകൂടാതെ ഉത്തരക്ഷണത്തിൽ പ്രവർത്തിക്കേണ്ടതെന്തെന്നു അദ്ദേഹത്തിനു യാതൊരു സംശയവുമില്ലായിരുന്നു. എങ്ങനെയെങ്കിലും ചുമട്ടുകാരെ രക്ഷിക്കണം. എതുവിധേനയും അവരെ ജീവഹാനികൂടാതെ ഉത്തരകോളത്തിനു മുകളിൽ നിന്നു താഴെ എത്തിക്കണമെന്നു് അദ്ദേഹം നിശ്ചയിച്ചു. അദ്ദേഹം തന്നെ സഹായകസംഘത്തിലെ ഒരംഗമായിരിക്കണമെന്ന് തീരുമാനിച്ചു. നോർട്ടൻെറ

അനുയായികളായി, ആരോഹണപടുക്കളായ മാലൊറിയേയും സോമർവെല്ലിനെയും ആയിരുന്നു തെരഞ്ഞെടുത്തതു്. കഴിഞ്ഞ ദിവസങ്ങളിലെ ശ്രമങ്ങൾ കൊണ്ടു് ഈ മൂന്നുപേരും അതിയായി ക്ഷീണിച്ചിരുന്നവരുമായിരുന്നു.

സഹായ സംരംഭത്തിൽ സഹായകന്മാരുടെ ജീവഹാനി തന്നെ യുണ്ടാകുവാൻ ഇടയുണ്ടായിരുന്നിട്ടും തങ്ങളുടെ ജീവനെ തൃണവൽഗണിച്ച് ഈ ധീരന്മാർ മൂന്നുപേരും സഹായത്തിനൊരുങ്ങിയിറങ്ങി. ആപത്തിലകപ്പെട്ടിരുന്ന ചുമട്ടുകാർ അന്യവർഗ്ഗക്കാരും അന്യമതസ്ഥരും സ്ഥാനമാനങ്ങളോ സ്വത്തോ യാതൊന്നും ഇല്ലാത്ത പാവപ്പെട്ടവരും ആയിരുന്നു. ഇപ്രകാരമുള്ള നാലു സാധു കൂലിക്കാരുടെ ജീവനെ രക്ഷിക്കുന്നതിനായി പ്രഖ്യാതന്മാരും മഹാന്മാരുമായ മൂന്നു പേരുടെ ജീവൻ പണയത്തിലാക്കയോ? അതെ, അങ്ങനെ തന്നെ. മഹാന്മാർക്കും സാധുക്കൾക്കുമെല്ലാം ജീവൻ ഒരുപോലെയാണ്. സാധു അവൻെറ ജീവനെ ഏററവും കാര്യമായി ഗണിക്കുന്നു. മഹാനു അദ്ദേഹത്തിൻെറ ജീവനും വലിയ കാര്യമാണ്. ഒരു ശ്വാസം പോയിക്കഴിഞ്ഞാൽ സാധുവും മഹാനും തുല്യന്മാരുമാണ്. സാധുക്കളാണെങ്കിലും അവർ നമ്മുടെ സമസൃഷ്ടങ്ങളല്ലയോ? തന്നെയുമല്ല, അതിലും ഉപരിയായി അവർ ഇപ്പോൾ മഹാന്മാരോടൊപ്പം വലിയ ഒരു സാഹസിക വൃത്തിയിൽ ഭാഗഭാക്കാകുന്നവരുമാണ്. ആ സാധുക്കളായ കൂലിക്കാർ അവരുടെ നേതാക്കന്മാർക്കുവേണ്ടി ജീവത്യാഗം പോലും ചെയ്യുന്നതിന് തയാറായിട്ടല്ലയോ സംഘത്തെ അനുഗമിച്ചതു്. അതിനാൽ ആവശ്യമെന്നു വന്നാൽ അവരുടെ നായകന്മാർ അവർക്കുവേണ്ടി ജീവത്യാഗം ചെയ്‌വാൻ തയാറാകുകതന്നെ വേണം.

നോർട്ടൻ, മാലൊറി, സോമർവെൽ ഈ മഹനീയന്മാരുടെ ജീവൽരക്തം സമസൃഷ്ടസ്നേഹമായിരുന്നോ എന്നു തന്നെ സംശയിക്കണം. അവരുടെ അപ്പോഴത്തെ ക്ലിഷ്ടതയും, അനാരോഗ്യവും, വിവശതയും വകവെയ്ക്കാതെ, ഇത്ര അപകടസമ്പൂർണ്ണവും ശ്രമാവഹവും ആയ ഒരു പ്രസ്ഥാനത്തിനൊരുങ്ങണമെങ്കിൽ നിശ്ചയമായും അവരുടെ ധമനികളിൽ കൂടി പ്രവഹിച്ചതു സമസൃഷ്ടിസ്നേഹ രക്തം തന്നെയായിരിക്കണം. അവർ തുടങ്ങാൻ പോകുന്ന അതി സാഹസത്തിൽ നിന്നു് ഉണ്ടാകാവുന്ന ക്ലേശങ്ങളെ നന്നായി മനസ്സിലാക്കിക്കൊണ്ടു് തന്നെയാണു അതിനു പുറപ്പെട്ടതു്. മാലൊറിയും സോമർവെല്ലും അതികഠിനമാ

യ ചുമയും തൊണ്ടവേദനയുംകൊണ്ടു് കഷ്ടപ്പെട്ടിരിക്കയായിരുന്നു. ഇതു ആരോഹണത്തിന് ഒരു പ്രതിബന്ധമായിരുന്നു എന്നു തന്നെയല്ല, ആരോഹണം അവരുടെ സുഖക്കേടു വർദ്ധിപ്പിക്കുന്നതിനും കാരണമാകും. നോർട്ടനും ഇതുപോലെ സാഹസത്തിനുദ്യമിക്കത്തക്ക ആരോഗ്യസ്ഥിതി ഇല്ലായിരുന്നു. കാലാവസ്ഥയും ഉഗ്രമായിത്തന്നെയിരുന്നു. ആലോചനാസമിതി കൂടിക്കൊണ്ടു് കൂടാരത്തിനുള്ളിൽ ഇരിക്കുമ്പോൾ പുറത്തു ശക്തിയായി മഞ്ഞു വീഴുന്നതു കേൾക്കാമായിരുന്നു. മാലൊറിയ്ക്കു ചുമട്ടുകാരെ രക്ഷിക്കുന്ന കാര്യത്തിൽ ഒരു ദശാംശം ആശ മാത്രമെയുണ്ടായിരുന്നുള്ളു. ഒരിക്കൽ ഉത്തരകോളത്തിൽവച്ചു് മാലൊറിയുടെ ജീവൻതന്നെ പണയത്തിലായതാണ്. അന്നു ദൈവാധീനംകൊണ്ടു മാത്രമാണ് രക്ഷപ്പെട്ടതും.

ഭാഗ്യവശാൽ അർദ്ധരാത്രിയായപ്പോഴേക്കും ഹിമപാതം അവസാനിച്ചു. 7–30 നു അവർ ഈ അമാനുഷപ്രവൃത്തിക്കു യാത്രയായി. ഉത്തരകോളചരുവുകളിലേയ്ക്കു കയറിത്തുടങ്ങിയപ്പോൾ അവർ ഉദ്ദേശിച്ചതുപോലെ മഞ്ഞു് അത്ര അപകടകരമായ നിലയിലല്ലെന്നു മനസ്സിലായി. എങ്കിലും പ്രയാണം വളരെ മന്ദഗതിയിലായിരുന്നു. ചില സ്ഥലങ്ങളിൽ മഞ്ഞു മാർദ്ദവമായിക്കിടന്നിരുന്നതിനാൽ വലിയ ചെളിക്കുഴികളിലേക്കു വീഴുന്നതുപോലെ അവർ അരയററം താണുപോയി. അധികം താമസിയാതെ അവർ ആകപ്പാടെ തളൎന്നുതുടങ്ങി. ചുമച്ചും, തളൎന്നും, ഇഴഞ്ഞും, വലിഞ്ഞും, ആ ധീരന്മാർ ഓരോ അടിയും മുകളിലേയ്ക്കു കയറി. മാലൊറിയായിരുന്നു മുൻപെ ഗമിച്ചതു്. ബ്റൂസ്സും ഓഡലും തലേദിവസം സാമാനം കൊണ്ടുപോയി ഇറക്കിയിരുന്ന സ്ഥലംവരെ സോമർവെൽ സഹായകസംഘത്തെ നയിച്ചു. പിന്നീടു നോർട്ടൻ തന്നെ നേതൃത്വം വഹിച്ചു് പുരോഗാമിയായി. അവർ വലിയ ഹിമവിദരമുഖത്തെത്തിയപ്പോൾ അവിടെ അരമണിക്കൂർ നേരം വിശ്രമിച്ചു. 1–30 ആയപ്പോഴേയ്ക്കും വിദരത്തിലെ ഹിമഭിത്തിയുടെ ചുവട്ടിലെത്തി. മുന്നോട്ടുള്ള ഓരോ ഇഞ്ചു് ദൂരവും അപകടസമ്പൂൎണ്ണമായിരുന്നു. സോമർവെൽ മുൻപു് ഈ ഭാഗം കയറിപ്പോൾ കുററിയടിച്ചു് അതിൽ ബന്ധിച്ചിട്ടിരുന്നതായ കയറു് അപ്പോഴും അവിടെ ഉണ്ടായിരുന്നു. ഈ കയറിൽ തൂങ്ങി അവർ ഹിമഭിത്തിയുടെ മുകളിൽ ഉള്ള അത്യപകടഹിമശൃംഗം അഥവാ ഹിമസ്തംഭം-പുകക്കുഴൽപോലെയുള്ളതു്—കയറി. അനന്തരം അവർ "അവസാന200

അടി” യിലെത്തി. ഇതായിരുന്നു ഏററവും വലിയ അപകടസ്ഥാനം. അപകടത്തിൽപെട്ട നാലുപേരിൽ ഒരുവൻ ഇതിന്നു മുകളിൽ വന്നു നില്ക്കുന്നതായിക്കണ്ടു. നാലാമത്തു കൂടാരം ഇതിന്നു മുകളിലായിരുന്നല്ലോ. ഇയാളെകണ്ടയുടനെ നോർട്ടൻ താഴെനിന്നുകൊണ്ട് “എടോ നടക്കാൻശേഷിയുണ്ടോ?” എന്നു ഗർജ്ജിച്ചു ചോദിച്ചു. “എങ്ങോട്ടാണോ? മുകളിലോട്ടോ താഴയോട്ടോ” എന്നായിരുന്നു മറുപടി. “എടോ മഠയാ! താഴോട്ട്” എന്നു നോർട്ടൻ പ്രതിവചിച്ചു. അനന്തരം മുകളിൽക്കണ്ട ചുമട്ടുകാരന്റെ കൂട്ടുകാരോടു വിവരം പറഞ്ഞ് അവരെക്കൂടെ കൊണ്ടുവരുന്നതിനായി അവൻ അപ്രത്യക്ഷനായി.

വലിയ അപകടംകൂടാതെ ഒരു വിധത്തിൽ ഇത്രയും എത്തിയെങ്കിലും ഇനിയത്തെ കാര്യം അപകടസമ്പൂർണ്ണമായിരുന്നു. ഇനിയുള്ള ഓരോ നെല്ലിട ദൂരവും ജീവഭയദായകമായിരുന്നു. ഈ ഭാഗം കയറുന്നതിന്നു സോമർവെൽതന്നെ തയ്യാറായി. നോർട്ടനും മാലൊറിയും തങ്ങൾകൊണ്ടുവന്നിരുന്ന 200 അടി നീളമുള്ള കയറു മഞ്ഞുമഴു ഉറപ്പിച്ച് അതിൽ മാടിച്ചുററിയിട്ടു ഒരററം സോമർവെല്ലിന്റെ കയ്യിൽകൊടുത്തു. അദ്ദേഹം അത് അരയിൽ കെട്ടിയിട്ടു മഞ്ഞുമഴുകൊണ്ട് ഓരോ കുത വെട്ടി വെട്ടി മുകളിലേക്കു മന്ദം മന്ദം കയറി. അഹോ എത്ര ഭയങ്കരമായ ഒരു പ്രവൃത്തിയാണത്. ഒരു കാൽ വഴുതിയാൽ അദ്ദേഹത്തിന്റെ ശവശരീരം പോലും കിട്ടുകയില്ല. സോമർവെൽ ഓരോ അടി ഓരോ അടി മുകളിലേക്കു സാവധാനത്തിൽ കയറിത്തുടങ്ങി... ഹാ! നമുക്ക് അങ്ങോട്ട് നോക്കുകകൂടിയ വേണ്ട... ഇതാ അദ്ദേഹം മുകളിൽ എത്താറായി. കഷ്ടം കയറിന്റെ നീളവും അവസാനിച്ചു. ചുമട്ടുകാർ നില്ക്കുന്നിടത്തു എത്തണമെങ്കിൽ ഇനിയും ഉദ്ദേശം 30 അടികൂടെ നീളം വേണം. ഇനി എന്താണു ചെയ്യുക. മണിയും നാലായി. സമയവും ഇല്ല. ഇവരെ രക്ഷിച്ചിട്ടു തിരികെ മൂന്നാമത്തു കൂടാരത്തിൽ സായാഹ്നത്തിന്നു മുൻപ് എത്തുകയുംവേണം. സമയം കളയാതെ അവർ ഉടനെ ഇങ്ങനെ തീരുമാനിച്ചു. 30 അടി, പിടിയൊന്നും ഇല്ലാതിരുന്ന ശൃംഗമുകളിൽ നിന്ന് താഴെ സോമർവെൽ എത്തിയിരുന്നിടംവരെ, ചുമട്ടുകാർ ദൈവത്തെമാത്രം ആശ്രയിച്ചിറങ്ങണം. അതുകഴിഞ്ഞിട്ടു ബാക്കി 200 അടി ദൈവത്തേയും കയറിനേയും അവലംബിച്ചിറങ്ങട്ടെ.

ആദ്യം ഇറങ്ങിയ രണ്ടു ചുമട്ടുകാർ ആപത്തുകൂടാതെ സോമർവെൽ നിന്നിടത്തു എത്തി. സോമർവെൽ ഒരുത്തനെ കയറിൽ കൂടെ താഴെ നോർട്ടൻെറ പക്കലെത്തിച്ചു. മററവനെ കയറിൽ പിടിപ്പിച്ച് താഴയോട്ടു ഇറക്കാൻ തുടങ്ങിയപ്പോൾ, പുറകെ ഇറങ്ങി സോമർവെൽ നിന്നിടത്തേയ്ക്കു വന്ന ബാക്കിയുള്ള രണ്ടുപേരും ഹാ കഷ്ടം! കാലു വഴുതി മിന്നൽവേഗത്തിൽ ..... 200 അടി താഴെയുള്ള ഒരു ശൃംഗതടത്തിലേയ്ക്കു മറിയുന്നതു നോർട്ടൻ ഒരു നിമിഷത്തേയ്ക്കു കണ്ടു. ഭാഗ്യമെ! ദൈവാധീനം!! ദൈവത്തിന് എത്ര അത്ഭുതകരമായ വിധത്തിൽ മനുഷ്യരെ രക്ഷിക്കാൻ കഴിയും? അവർ തെററിച്ചെന്നു വീണയിടം താഴെയുള്ള അഗാധഗത്തങ്ങളിലേയ്ക്കു പോകാതെ സുരക്ഷിതമായ ഒന്നായിരുന്നു. അവിടെ മഞ്ഞു് കട്ടിയായും വഴുതാതെയും ഇരുന്നിരുന്നു. അവക്കു ജീവഹാനി സംഭവിച്ചില്ല. എങ്കിലും അവിടെ നിന്നും അവരെ രക്ഷപെടുത്തുന്നതു ആദ്യത്തേതിലും പതിന്മടങ്ങ് വിഷമകരമായിരുന്നു. ഇതെല്ലാം കണ്ടിട്ട് സോമർവെല്ലിന് യാതൊരു കുലുക്കവും ഉണ്ടായില്ല. അദ്ദേഹത്തിൻെറ വിപദിധൈയ്യം ശ്ലാഘനീയം തന്നെ. താഴെ വീണവരോടു സുസ്മേരവദനനായി അദ്ദേഹം അനങ്ങാതെ അവിടെ കിടന്നുകൊള്ളുവാൻ ആജ്ഞാപിച്ചിട്ട് സോമർവെൽ രണ്ടാമത്തെ ചുമട്ടുകാരനെ നോർട്ടൻെറ പക്കലേയ്ക്കു കയറിൽ കൂടെയിറക്കി. അതിൻെറ ശേഷം മററു രണ്ടുപേരുടേയും കായ്യം നോക്കി.

അവരെ രക്ഷിക്കുന്നതിന് പവ്താരോഹണ വൈദഗ്ദ്ധ്യത്തിൻെറ പരമകാഷ്ഠതന്നെ ആവശ്യമായിരുന്നു. പ്രഥമമായി അവരെ സംഭ്രമവിമുക്തരാക്കി സാധാരണ സ്വഭാവ ഗതിയിലാക്കണം. അത്യാപകടത്തിൽ പെട്ട്കിടക്കുമ്പോൾ സംഭ്രമം കൂടെയായാൽ പിന്നെ രക്ഷാമാഗ്ഗമൊന്നുമില്ല. അതുകൊണ്ട് സോമർവെൽ അവരോടു തമാശുകളും നേരംപോക്കുകളും പറയാൻ തുടങ്ങി. നേരംപോക്കു പറയാൻ നല്ലസമയം! എന്തിന്? വലിയൊരു അപകടത്തിലകപ്പെട്ട് കിടക്കുകയാണെന്നുള്ള കായ്യം തന്നെ ആ ചുമട്ടുകാർ വിസ്മരിച്ചുപോയി. അവർ തമാശകൾ കേട്ട് അവിടെ കിടന്നു ചിരിക്കുവാൻ തുടങ്ങി. സോമർവെൽ ഉടനെ അവർ വീണുകിടക്കുന്ന ഗത്തത്തിൻെറ ഭാഗത്തേയ്ക്കുനീട്ടുന്നു. അങ്ങോട്ടു ഇറങ്ങുന്നതിനു ഒരു നിവൃത്തിയും കണ്ടില്ല. അദ്ദേഹം മഴു ബലമായി മഞ്ഞിൽ കുത്തിയുറപ്പിച്ചു. അനന്തരം അരയിൽ

കെട്ടിയിരുന്ന കയറിന്റെ അഗ്രം എടുത്തു മഴവിൽ ചുററിയിട്ട് അതിനെ മാത്രം അവലംബിച്ച് ഗത്തത്തിലേയ്ക്കിറങ്ങി. കയറിന്റെ മറേറ അററം താഴെ നോർട്ടനും മാലൊറിയും ബലമായി പിടിച്ചുകൊണ്ടിരുന്നു. ഇങ്ങനെ ഇറങ്ങിയിട്ടു ചുമട്ടുകാർ നിന്നിടത്തു എത്തുവാൻ സാധിച്ചില്ല. ഉടനെ അദ്ദേഹം വലത്തു കയ്യിൽ കയറിന്റെ അഗ്രം ബലമായി പിടിച്ചുകൊണ്ട് ഇടത്തു കയ്യ് കഴിയുന്നതും നീട്ടിക്കൊടുത്തു. ഒരുത്തൻ എത്തിവലിഞ്ഞു സോമർവെല്ലിന്റെ കയ്യിൽ പിടികൂടി. അവനെ ഒരു വിധത്തിൽ മഞ്ഞു മഴ ഉറപ്പിച്ചിരുന്ന സ്ഥലത്തുവരെ കയററി. രണ്ടാമത്തു മററവനേയും ഇതുപോലെ അവിടെവരെയെത്തിച്ചു. ഇതിന്റെ ശേഷം അവരെ സുരക്ഷിതമായി കയറിൽകൂടെ താഴെയിറക്കി. സോമർവെൽ ഈ അതിസാഹസത്തിനൊരുമ്പെട്ടില്ലായിരുന്നു എങ്കിൽ നിശ്ചയമായും, ആ കൂലിക്കാർ അവരുടെ സ്വദേശം കാണുന്നതിനു പകരം കാലപുരി സന്ദർശിക്കുമായിരുന്നു. ആ സാധുക്കളുടെ വീഴ്ചകൊണ്ട് അവരുടെ ശരീരം ആകമാനം ശ്ലഥിതമായിത്തീൎന്നു. ചുമട്ടുകാരെ രക്ഷിച്ചതിന്റെ ശേഷം സോമർവെൽ കയറഴിച്ച് അരയിൽ കെട്ടിക്കൊണ്ട് ഓരോ അടിയും സൂക്ഷ്മതയോടുകൂടി ഭംഗിയായി ഇറങ്ങി. ഈ അതിസാഹസികമായ പ്രവൃത്തിക്കു അദ്ദേഹത്തെ എത്രതന്നെ ശ്ലാഘിച്ചാലും മതിയാകുന്നതല്ല.

4. 30. ആയപ്പോഴേയ്ക്കും അവർ ചുമട്ടുകാർ 4 പേരേയുംകൊണ്ട് അവരോഹണം തുടങ്ങി. ഒരു ചുമട്ടുകാരനെ കയറിൽ ബന്ധിച്ചുകൊണ്ട് മാലൊറി മുൻപെ ഇറങ്ങി. രണ്ട് ചുമട്ടുകാരെ മുൻപെ കയറിൽ കെട്ടിക്കൊണ്ട് സോമർവെൽ മാലൊറിയെ അനുഗമിച്ചു. ഹിമദംശനമേററ് മൃതങ്ങളായ കരങ്ങളോട് കൂടിയ ഒരുചുമട്ടുകാരനെ കയറിൽ ബന്ധിച്ച്കൊണ്ട് നോർട്ടൻ പുറകെഇറങ്ങി. അവർ 7. 30.നു, മൂന്നാമത്തുക്യാമ്പിന് ഏകദേശം മുക്കാൽമൈൽ മുകളിൽവെച്ച് അവരുടെ സഹായത്തിനായി പുറപ്പെട്ട നോവലിനേയും ഓഡലിനേയും കണ്ടുമുട്ടി. ഇവർ ചൂടുള്ള ലഘുഭക്ഷ്യപാനീയങ്ങളുമായി സഹായകസംഘത്തെ അനുഗമിച്ച് പുറപ്പെട്ടതായിരുന്നു.

സഹായകസംഘം ഒരു വിധത്തിൽ ചുമട്ടുകാരെ നാലുപേരേയും രക്ഷിച്ചു. പക്ഷെ അവർ അതോടുകൂടി തീരെ അശക്തന്മാരായി തീൎന്നിരുന്നു. സോമർവെല്ലിന്റെ അതി സാഹസികവേളയിലെല്ലാം അദ്ദേഹം അതിശക്തിയായി ചുമച്ചുകൊണ്ടാ

ണിരുന്നതു്. മാലൊറിയുടെ ചുമവളരെ വൎദ്ധിക്കകയാൽ അദ്ദേഹത്തിന്നു് രാത്രിയിൽ അല്പംപോലും ഉറങ്ങുന്നതിന്നു് സാധിച്ചില്ല. നോർട്ടന്റെ കാലുകൾ വളരെ വേദനപ്പെട്ടു് ഇളക്കാൻപോലും വഹിയാത്തതരത്തിലായിത്തീൎന്നു.

ഈ അതിസാഹസങ്ങളും, സീമാതീതമായ ക്ലേശങ്ങളും കഴിഞ്ഞപ്പോൾ എവറസ്റ്റ് നിരോധനം തുടങ്ങുന്നതിന്നു് ഒരുത്തൎക്കും ശക്തി ശേഷിച്ചിരുന്നില്ല. അടിസ്ഥാന കൂടാരത്തിലെത്തി കുറെദിവസം സുഖമായിത്താമസിച്ചു് വിശ്രമിക്കാതെ ഇനി പുരോഗമനം സാദ്ധ്യമല്ല. നോർട്ടനും, സോമർവെല്ലും ചുമട്ടുകാരെ രക്ഷിക്കുന്നതിനായി ഉത്തരകോളത്തിലേയ്ക്കു പോയപ്പോൾ ത്തന്നെ, എല്ലാവരും തല്ക്കാലം അടിസ്ഥാന ത്താവളത്തിലേയ്ക്കു പിൻതിരിഞ്ഞുകൊള്ളണമെന്നു് നോർട്ടൻ ആജ്ഞാപിച്ചിട്ടുണ്ടായിരുന്നു. രണ്ടാമതുപ്രാവശ്യവും പിൻതിരിക എന്നുള്ളതു വാസ്തവത്തിൽ വളരെ സങ്കടകരമാണു്. കാലവൎഷം സമീപിച്ചുവന്നതുകൊണ്ടു് അധികദിവസം വിശ്രമിക്കുന്നതിന്നും സമയമില്ല. എങ്കിലും ഒട്ടും വിശ്രമംകൂടാതെ ഒന്നുംചെയ്യുന്നതിന്നും നിവൃത്തിയില്ല. വിശ്രമം കൂടാതെ കയറുന്നതിന്നു് തക്ക കായദാൎഢ്യമുള്ള ഒരു ആരോഹകൻപോലും ശേഷിച്ചിരുന്നില്ല. ഏറ്റവും സമൎത്ഥന്മാരായ കയററക്കാൎക്കാണു് കൂടുതൽ അദ്ധ്വാനവും തൽഫലമായി അധികം ക്ഷീണവുമുണ്ടായതു്. മാലൊറിയും സോമർവെല്ലും ക്ഷീണിച്ചു് തീരെ വിവശതയിൽഎത്തിക്കഴിഞ്ഞു.

ബ്രൂസ്സും, ഹസ്സാർഡും, ഐർവിനും, ചുമട്ടുകാരിൽ ഭൂരിഭാഗവും അടിവാരത്തിലേയ്ക്കു തിരിച്ചു. നോർട്ടനും കൂട്ടുകാരും ബ്രൂസ്സിനെ അനുഗമിച്ചു് 26-ാം തിയതി ഒന്നാമതു ക്യാമ്പിലെത്തി. ഓഡലും, നോവെലും, ഷെബിയറും, 20 ചുമട്ടുകാരും രണ്ടാമതുകൂടാരത്തിൽ താമസിച്ചു. മാലൊറിയും, സോമർവെല്ലും, ഐർവിനും, ബ്രൂസ്സും, ഒന്നാമതുകൂടാത്തിൽ താമസിച്ചു.

ഇപ്രകാരം പല വിഭാഗങ്ങളായി താമസിച്ചതിന്റെ പ്രധാനകാരണം കാലാവസ്ഥ മാറിയാലുടനെ അല്പംപോലും സമയനഷ്ടത്തിന്നു് ഇടയാകാതെ വീണ്ടും ആരോഹണം തുടരുന്നതിനായിരുന്നു. ഉത്തരകോളതരണശ്രമാൎത്ഥം ഉദ്യുക്തരായ സംഘക്കാരാണു രണ്ടാമതു കൂടാരത്തിൽ താമസിച്ചതു്. കോളംകയറുന്നതിന്നുള്ള ആജ്ഞലഭിച്ചാലുടനെ നാലാമതു കൂടാരത്തിലേയ്ക്കു പുറപ്പെടുന്നതിന്നു് സന്നദ്ധന്മാരായിട്ടാണവർ അവിടെ താമസിച്ചതു്.

നോർട്ടനും കൂട്ടുകാരും ഒന്നാമത്തു കൂടാരത്തിലെത്തിയ ദിവസം സായാഹ്നത്തിൽ ഒരാലോചനസമിതികൂടി അടുത്തതായി സ്വീകരിക്കേണ്ട നിരോധന ക്രമങ്ങളെപ്പററി ആലോചിച്ചു. സാമാനങ്ങൾ ചുമന്നുകയററ്റുന്ന കാര്യം ആലോചനാ വിഷയമായപ്പോൾ, തെരഞ്ഞെടുക്കപ്പെട്ട 55 കൂലിക്കാരിൽ 15 പേർ മാത്രമെ ഉപയോഗപ്രദമായി ഇനിയും ശേഷിച്ചിട്ടുള്ളു എന്നു ഷെബിയറും ബ്റൂസ്സും പ്രസ്താവിച്ചു. കൂലിക്കാരിൽ അധികംപേർക്കും കായികമായ അവശതയെക്കാൾ കൂടുതൽ മാനസികമായ നിരാശയും നിരുന്മേഷവും ആയിരുന്നു ഉണ്ടായിരുന്നതു്. ഇത്ര ദീർഘകാലത്തെ ശ്രമംകൊണ്ട് പോലും ഹിമാലയ ശിരസ്സിലെത്തുന്നതിനുള്ള പ്രധാനവിഷമതകൾ കടന്നുകൂടുവാൻ സാധിച്ചില്ല. നാലാമത്തുക്യാമ്പ് സ്ഥാപിക്കാൻ സാധിച്ചെങ്കിലും അവിടെ ഇനിയും പലസാമാനങ്ങൾ എത്തിക്കാനുണ്ട്. കൂടാതെ അതിന് മുകൾഭാഗങ്ങളിലടിക്കേണ്ടതായ സകല കൂടാരസാമാനങ്ങളും ചുമന്നുകയററണം. അനന്തരം അഞ്ചാമത്തുകൂടാരം അടിക്കണം. അതിനകത്തും ആവശ്യമായ സാധനങ്ങൾ നിറയ്ക്കണം. ആദ്യനിശ്ചയം അനുസരിച്ച് ഇക്കാര്യത്തിന് മാത്രം 15 ചുമട്ടുകാർ വേണ്ടിയിരുന്നു.

സമയത്തിൻെറ കാര്യവും പ്രത്യേകം ആലോചിക്കേണ്ടതാണ്. 1922-ൽ കാലവർഷം തുടങ്ങിയ തിയതിയ്ക്ക് ഇനി ആറു ദിവസങ്ങൾ കൂടെയേയുള്ളു. രണ്ടുമൂന്നു ദിവസത്തെ വിശ്രമവും ആവശ്യമാണ്. മൂന്നാമത്തു ക്യാമ്പിൽ എത്തുന്നതിന് ഒരു ദിവസംകൂടെ വൃഥാ കളയണം. ശേഷിച്ചിരുന്ന കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ എവറസ്റ്റഗ്രം പ്രാപിക്കുന്നതിനുള്ള അവസാന ശ്രമവും നടത്തണം അല്ലാത്തപക്ഷം ഇനി ഇക്കൊല്ലം എവറസ്റ്റാരോഹണശ്രമത്തിനു യാതൊന്നും ചെയ്യുന്നതിന് നിവൃത്തിയില്ല.

സുഷുപ്താവസ്ഥയിൽ കിടന്ന പ്രാണവായു ഉപകരണക്കാര്യം പിന്നെയും ഉണർന്നു. വാദപ്രതിവാദങ്ങൾ കൊണ്ട് ആലോചനസമിതി വളരെ ദീർഘിച്ചു. ശരിയായ തീരുമാനങ്ങൾ ഒന്നും ഉണ്ടായുമില്ല. രണ്ടാമത്തു കൂടാരത്തിൽനിന്നും ഓഡൽ, ഷെബിയർ, ഹസ്സാർഡ് ഇവരെക്കൂടെ വരുത്തി വീണ്ടും ഒരാലോചന നടത്തുന്നതിനുവേണ്ടി രണസമിതി അടുത്ത ദിവസത്തേയ്ക്കു മാററിവച്ചു. ആരോഹണാനുയോജ്യന്മാരായ ഏഴ വിദഗ്ദ്ധന്മാരെ ചേർത്ത് ഏതെല്ലാംവിധത്തിൽ ഉപസംഘങ്ങൾ ഉണ്ടാക്കാമോ അപ്രകാരമെല്ലാം ചെയ്തുനോക്കി. ഒടുവിൽ ഏററവും

എളുപ്പമായിത്തോന്നിയ പദ്ധതി സ്വീകരിച്ചു. പ്രാണവായു ഉപകരണങ്ങൾ ത്യാജ്യക്കോടിയിൽ തള്ളി. ഇനിയത്തെ നിരോധനം ഈരണ്ടു് ആരോഹകന്മാരടങ്ങിയ ചെറുസംഘങ്ങളായി നടത്തണമെന്നു നിശ്ചയിച്ചു. ഓരോ ആരോഹണ ഉപസംഘവും നാലാമത്തു ക്യാമ്പിൽനിന്നു് ഓരോ ദിവസം ഇടയിട്ടു് കയററം തുടങ്ങണം. കാററും മഞ്ഞും ഉഗ്രമായിരുന്നാൽ അതിനടുത്ത ദിവസം യാത്ര തുടരണം. അനന്തരം അഞ്ചാമത്തു കൂടാരത്തിലും ആറാമത്തു ശിബിരത്തിലും ഓരോ രാത്രി കഴിച്ചുകൂട്ടണം. നാലാമത്തുക്യാമ്പിൽ രണ്ടു് ആരോഹണപടുക്കളടങ്ങിയ ഒരു സാഹായിക സംഘം എപ്പോഴും തയ്യാറുണ്ടായിരിക്കണം.

പ്രധാന ആരോഹകന്മാരെ പല ഉപസംഘങ്ങളായി തിരിച്ചു. മാലൊറിയും ബ്രൂസ്സും ഉൾപ്പെട്ട സംഘമായിരുന്നു പ്രഥമശ്രമം തുടങ്ങേണ്ട ഉപസംഘം. സോമർവെല്ലിൻെറ സുഖക്കേടു് തീർത്തു ഭേദമായില്ലെങ്കിലും കുറേയെല്ലാം കുറഞ്ഞു. അദ്ദേഹത്തിന് ഒന്നാമത്തുകൂടാരത്തിലെ താമസം വളരെ ആരോഗ്യദായകമായിത്തോന്നി. 1922 മുതൽ അദ്ദേഹത്തിൻെറ പർവ്വതാരോഹണകീർത്തി വർദ്ധിച്ചുകൊണ്ടാണിരുന്നതു്. ഇപ്രാവശ്യത്തെ പര്യടനത്തിൽ ചുമട്ടുകാരെ രക്ഷിച്ച അതിസാഹസിക സംരംഭംകൊണ്ടു് അദ്ദേഹം അസാമാന്യനായ ഒരു പർവ്വതാരോഹണവരേണ്യനാണെന്നു സംഘം വിശ്വസിച്ചു. സോമർവെല്ലിനെ രണ്ടാമത്തു ശാഖാസംഘത്തിലെ ഒരംഗമായി നിശ്ചയിച്ചു. അനന്തരം സോമർവെല്ലും മാലൊറിയുംകൂടെ രണ്ടാമത്തു് ഉപസംഘത്തിലെ രണ്ടാമത്തംഗമായി നോർട്ടൻ, ഓഡൻ, ഐർവിൻ, ഹസ്സാർഡ് ഇവരിൽ ആരെയെങ്കിലും തെരഞ്ഞെടുത്തുകൊള്ളുവാൻ അനുവദിച്ചു. മാലൊറിയും, സോമർ വെല്ലും ഐകകണ്ഠ്യേന നോർട്ടനെത്തന്നെ തെരഞ്ഞെടുത്തു. ചുമട്ടുകാരെ ഇംഗിതങ്ങൾ അറിയിക്കുന്നതിന് ഓരോ ഉപസംഘത്തിലും നീപ്പാളഭാഷ അറിയാവുന്നവർ ഉണ്ടായിരിക്കേണ്ടതു് ആവശ്യമായിരുന്നു. നോർട്ടനു് ഈ ഭാഷ പരിചയവുമായിരുന്നു. ഓഡലും ഐർവിനും നാലാമത്തു കൂടാരത്തിൽ താമസിക്കേണ്ട സഹായസംഘാംഗങ്ങളായിരിക്കണമെന്നും, ഹസ്സാർഡ് മൂന്നാമത്തുകൂടാരത്തിൽ താമസിക്കണമെന്നും നിശ്ചയിച്ചു.

തലേദിവസംപോലെ മെയ് 28-ാംതീയതി പ്രഭാതവും ശാന്തവും സുപ്രഭവുമായിരുന്നു. എല്ലാവരും ഒരു ദിവസംകൂടെ വിശ്രമിച്ചിട്ടു് 30-ാംതീയതി രാവിലെ അവരുടെ "വിജയം അ

ഥവാ മരണ"ശ്രമം തുടങ്ങുന്നതിനുറച്ചു. ആരോഹണ സംഘം മൂന്നാമത്തു ക്യാമ്പിൽ എത്തി. നോവെൽ അദ്ദേഹത്തിൻെറ ചില നചിത്രഛായാഗ്രാഹിഉപകരണങ്ങളുമായി അവരെ അനുഗമിച്ചു.

# അദ്ധ്യായം ൨൨.

## അവരോധം.

പ്രത്യാശിച്ചിരുന്ന സുവൎണ്ണാവസരം കരഗതമായി. മഞ്ഞും, ശൈത്യവും, കാററുംമൂലം രണ്ടുപ്രാവശ്യം ആരോഹകന്മാർ പിൻതിരിഞ്ഞുകഴിഞ്ഞിട്ടും ഇതാ ഇനിയും ആയോധനത്തിനു തയ്യാറാകുന്നു. ഈ അവസരം കാലസ്ഥിതിയും ഒരുമാതിരി അനുകൂലമായി കാണപ്പെട്ടു. എല്ലായിടവും അന്ധകാരമയമാക്കുന്നതും, അതീവ ശക്തിയോടെ അടിക്കുന്നതുമായ ഹിമക്കാററുകൾക്ക് തല്ക്കാലമൊരു വിരാമമിട്ടു. എവറസ്റ്റ്ശൃംഗം തെളിവായും സ്പഷ്ടമായും ദൃഷ്ടികൾക്കു ഗോചരീഭവിച്ചു. ആരോഹകന്മാർ എണ്ണത്തിലും, ആരോഗ്യത്തിലും വളരെ ശോഷിച്ചവരായി. എങ്കിലും കാലവൎഷം തുടങ്ങി പുനരുൽഗമനം തീരെ അസാദ്ധ്യമാകുന്നതിനുമുമ്പിൽ ലഭ്യമായിരിക്കുന്ന ഈ സമയം, ഓരോ നിമിഷവും കഴിയുന്നത്ര അവരുടെ സൎവ്വശക്തികളും പ്രയോഗിച്ച് അവസാനശ്രമംകൂടെ ചെയ്യുന്നതിന് എല്ലാവരും ഉൽസുകന്മാരായിത്തീൎന്നു.

ഇനിയുള്ള ആക്രമണം ഈരണ്ടുപേരടങ്ങിയ ശാഖാസംഘങ്ങളായി നടത്തണമെന്നാണല്ലോ തീരുമാനിച്ചതു്. ഓരോ ആരോഹകനും മുന്നോടിയായി കയറുന്ന ഉപസംഘത്തിൽ ഉൾപ്പെടുന്നതിനു ആഗ്രഹിച്ചിരിക്കണം. ഒരുപക്ഷേ പ്രഥമ ഉപസംഘം പൎവ്വതശിഖരത്തിലെത്തുമ്പോഴേയ്ക്കു കാലവൎഷപാതം തുടങ്ങിയേക്കാം. അങ്ങിനെയാണെങ്കിൽ ബാക്കിയുള്ളവൎക്കു വ്യക്തിപരമായി വിജയമടഞ്ഞു് സംതൃപ്തരാകുന്നതിനു സന്ദൎഭം ലഭിക്കയില്ല. ഇനി ആദ്യസംഘം അപജയത്തിൽ കലാശിച്ചാൽ തന്നെ അനുധാവനസംഘങ്ങളെ വൃഷ്ടിപതനമോ, വാതകോപമോ തരണത്തിൽ നിന്ന് വ്യതിചലിപ്പിച്ചേക്കാം. മുൻപിൽ കയറുന്ന ഉപസംഘത്തിനാണ് ആകപ്പാടെ കൂടുതൽ ഉത്സാ

ഹവും ഉന്മേഷവും ഉണ്ടാകാൻ മാർഗ്ഗമുള്ളതു്. അവക്കാണ് ആദ്യം വിജയശ്രീലാളിതരാകുവാനും സൌകൎയ്യം. ലോകാവിർഭാവത്തിനു ശേഷം ആരും കയറിയിട്ടില്ലാത്ത എവറസ്റ്റിൽ ആദ്യമായി പാദാഘാതമേല്പിക്കുന്ന വീരന്റെ നാമധേയം മററുള്ളവരെ അപേക്ഷിച്ചു കൂടുതൽ പ്രഖ്യാതമായിത്തീരും. ഈ സംഗതികളെ അടിസ്ഥാനപ്പെടുത്തി നേതാവായ നോർട്ടന് വേണമെങ്കിൽ ആദ്യശാഖാസംഘത്തിൽത്തന്നെ അദ്ദേഹത്തെ ഉൾപ്പെടുത്താമായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ സംസ്കൃതവും വിശാലവും ആയ മനസ്ഥിതി അതിനനുവദിച്ചില്ല. അദ്ദേഹത്തിന്റെ നിസ്വാൎത്ഥമായ മനസ്സ് സംഘത്തിന്റെ മുഴവൻ വിജയത്തിൽ പൂൎണ്ണമായി ലയിച്ചിരുന്നതിനാൽ വ്യക്തിപരമായ കീൎത്തിക്കൊ, വിജയ ചിന്തക്കോ ഇടമില്ലായിരുന്നു. സംഘത്തിന്റെ പൊതുവേയുള്ള വിജയത്തിനു് സഹായിക്കുന്ന ഏതു ത്യാഗവും സന്നദ്ധതയോടുകൂടി ചെയ്യുന്നതാണ് ഉത്തമനേതാവിന്റെകൃത്യം. അപജയത്തിനോ ഉത്സാഹഭഞ്ജനത്തിനോ പൎയ്യാപ്തമായ ദുഃഖസംഗതികൾപോലും ചെയ്യാതിരിക്കുന്നതിനു് യഥാൎത്ഥനേതാക്കന്മാർ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. മുന്നോടിസംഘത്തിൽ ഉൾപ്പെടുത്തുന്നതിനു ഏററവും അനുയോജ്യരായിക്കണ്ടതു് മാലൊറിയെയും ജിയോഫ്രേബ്രൂസ്സിനേയും ആണ്. പ്രഥമശ്രമവും ഭാഗ്യമുണ്ടെങ്കിൽ പ്രഥമവിജയവും അവക്കുതന്നെയിരിക്കട്ടെ.

ജൂൺമാസം 1-ാംനു- അവർ മൂന്നാമത്തു കൂടാരത്തിൽ നിന്നും പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരായ 9 ചുമട്ടുകാരോടുകൂടെ തരണംതുടങ്ങി. കാലാവസ്ഥ വീണ്ടും അനുയോജ്യമായിക്കണ്ടു. അവരുടെ ആശയും വൎദ്ധിച്ചുവന്നു. ഉത്തരകോളം കയറിയപ്പോൾ അവിടത്തെ കിഴക്കാംതൂക്കായ ഭാഗത്തു് ചുമട്ടുകാൎക്കു സുഗമമായി കയറുകയും ഇറങ്ങുകയും ചെയ്യുന്നതിനുള്ള സൌകൎയ്യത്തിനു് ഒരു കയറു ഗോവണിയുണ്ടാക്കി സംഘടിപ്പിച്ചു. അവർ നാലാമത്തു താവളത്തിൽ എത്തിയപ്പോൾ സഹായകസംഘാംഗങ്ങളായ ഓഡലും ഐർവിനും, അവശരായിത്തീരുന്ന കയററക്കാരേയും, ഇറക്കക്കാരേയും, പരിചരിക്കുന്നതിനുള്ള സകല സജ്ജീകരണങ്ങളോടുംകൂടി തയ്യാറായി കാണപ്പെട്ടു.

ജൂൺ 2-ാംനു- മാലൊറിയും ജിയോഫ്റേ ബ്രൂസ്സും, അവരുടെ ഒൻപതു ചുമട്ടുകാരുമായി എവറസ്റ്റാരോഹണനാടകത്തിന്റെ പ്രധാന രംഗത്തിറങ്ങി. അന്നുതന്നെ 5-ാമത്തു കൂടാ

രം സ്ഥാപിക്കാമെന്നും അടുത്തദിവസം 6-ാമത്തുക്രൂടാരം അ ടിക്കാമെന്നും, മൂന്നാമത്തുദിവസം എവറസ്റ്റ് ശൃംഗാഗ്രത്തിൽ— ആദൃഷ്ടപ്രാപ്യമായ നിഗൂഢസ്ഥലത്തു— എത്താമെന്നും അവർ ആശിച്ചു. ആകാശം പ്രസ്പഷ്ടമായി കാണപ്പെട്ടകയും കാലവർഷ ചിഹ്നങ്ങൾ യാതൊന്നും കാണാതിരിക്കുകയും ചെയ്തതുകൊണ്ട് അവരുടെആശ ഒരു അത്യാശയോ അമിതാശയോആയി ഗണി ക്കാൻ പാടില്ല. പക്ഷെ എന്തുചെയ്യാം? കഷ്ടം! ഹിമാലയത്തി ലെ ദീപ്തപൂർണ്ണമായ സൂര്യപ്രകാശവും മേഘരഹിതമായ അന്ത രീക്ഷവും പ്രചണ്ഡമാരുതന്റെ മുന്നോടികൾ മാത്രമായിരുന്നു. ഊഷ്മളങ്ങളായ സമഭൂമികളുടേയും, ഹിമവാഹകന്മാരായ ശൃംഗ പരമ്പരകളുടെയും, ഇടയ്ക്കുള്ള പ്രദേശം അന്തരീക്ഷസ്ഥിതിയുടെ അമിതമായ വൈപരീത്യംകൊണ്ട് അതിശക്തിയായി ഊതുന്ന മാരുതന്റെ സ്വച്ഛന്ദവിഹാര രംഗംതന്നെയാണ്. മാലൊറി യും അനുഗാമികളും ഉത്തരകോളതരണം ചെയ്തുകഴിഞ്ഞപ്പോൾ തന്നെ വടക്കുപടിഞ്ഞാറുനിന്നും ഉഗ്രമായി വീശിയകാററിന്റെ ശക്തി മനസ്സിലായിത്തുടങ്ങി. സംഘാംഗങ്ങൾക്കു കാററു് കട ക്കാത്തതായ കഞ്ചുകങ്ങൾ ഉണ്ടായിരുന്നു എങ്കിലും അവയൊ ന്നും ഈ ഹിമാലയക്കാററിനെ തടഞ്ഞില്ല. കാററുകടക്കാതെ യുണ്ടാക്കിയിരുന്ന ഉടുപ്പുകളും കമ്പിളിക്കുപ്പായങ്ങളും ധരിച്ചിരു ന്നിട്ടും മാംസവും, അസ്ഥിയും, എല്ലാം തുളച്ചുകയറി ശീതം മനു ഷ്യഹൃദയത്തിലോളം എത്തി. ശീതമാരുതൻ മനുഷ്യരുടെ ശ രീരം തുളച്ചുകയറിയെന്നു തന്നെയല്ല അവരെ നിലയിൽനിന്ന് മറിച്ചിട്ടുമോഎന്നുകൂടെ ഭയപ്പെടുത്തി. മറിഞ്ഞുവീഴാതെ മുന്നോ ട്ടുകയറുന്നതു ചുമട്ടുകാൎക്കു വളരെ പ്രയാസമായിത്തോന്നി.

അഞ്ചാമത്തുക്രൂടാരം 25300 അടി ഉയരത്തിലായി മുഖ പൎവ്വതത്തിന്റെ കിഴക്കേ ചരുവിലാണ് അടിക്കേണ്ടതു്. 25000 അടി കയറിയപ്പോഴേക്കും അതിസമൎത്ഥന്മാരായ ചുമട്ടുകാർ തീ രെ പരവശന്മാരായിത്തീൎന്നു. (എവറസ്റ്റ് പൎയ്യടനസംരംഭത്തിനു മുമ്പിൽ ചുമട്ടുകൾ കൂടാതെ തന്നെ മനുഷ്യനു കയറാൻ സാധി ച്ചതിലേക്കും ഏററവും വലിയ ഉയരം 4600 അടിയാണെ ന്നുള്ളതു് ഈ സന്ദർഭത്തിൽ പ്രത്യേകം സ്മൎത്തവ്യമാണ്.) ചുമ ട്ടുകാരിൽ 4 പേർ മാത്രമെ മാലൊറിയെ അനുഗമിച്ചുള്ളു. ബാക്കി അഞ്ചുപേരും മാൎഗ്ഗമദ്ധ്യേ പരവശരായിത്തീൎന്ന് ചുമട്ടു കൾ താഴെയിട്ടുകളഞ്ഞു. മാലൊറി അഞ്ചാമത്തു കൂടാരനിൎമ്മാണ ത്തിൽ വ്യാപൃതനായപ്പോൾ ബ്രൂസ്സും, ലോബ്സാങ്ങ് എന്ന

അതി ധീരനായ ഒരു ചുമട്ടുകാരനുംകൂടി മററു ചുമട്ടുകാർ ചുമടു താഴെയിട്ട സ്ഥലത്തുചെന്ന് അവരുടെ ചുമടുകൾ രണ്ടു പ്രാവശ്യമായി കൂടാരസ്ഥാനത്തു കൊണ്ടുവന്നുനിക്ഷേപിച്ചു. ലോബ്സാങ്ങിൻെറ സ്വന്തം ചുമടു നിർദ്ദിഷ്ടസ്ഥാനത്തു എത്തിച്ചതിൻെറ ശേഷം പിന്നീടു രണ്ടു ചുമടുകൾകൂടെ കൊണ്ടുവരികയെന്നുള്ളതു് അതി സാഹസമായ ഒരു കൃത്യം തന്നെ. ചുമടുചുമന്ന് യാതൊരു പരിചയവുമില്ലാതിരുന്ന ബ്റൂസ്സിന് രണ്ടു ചുമടുകൾ കൂടാരസ്ഥാനത്തു് എത്തിക്കാൻ സാധിച്ചു എന്നുള്ളതു വിശിഷ്യാ പ്രശംസാർഹമാണ്.

"ഏകദേശം തൂക്കനെയുള്ള ഒരു ഹിമച്ചരുവിൽ ലഘുവായരണ്ടു തുണിത്തട്ടികൾകെട്ടി" എന്നാണ് 5-ാമതു കൂടാരത്തെപ്പററി നോർട്ടൻ പ്രസ്താവിക്കുന്നതു്. മുൻകൂട്ടി നിശ്ചയിച്ചിരുന്നതനുസരിച്ചു് വിവശരായ 5 ചുമട്ടുകാരെ ഉത്തരകോളത്തിലെ പരിചരണ കൂടാരത്തിലേയ്ക്കയച്ചു. അതിസാഹസികന്മാരും അസാമാന്യ സമർത്ഥന്മാരുമായ മൂന്നുപേരെ 2000 അടികൂടെ ഉയരത്തിൽ ഒരുകൂടാരം അടിക്കുന്നതിനുള്ള ഉപകരണങ്ങൾ കൊണ്ടുപോകുന്നതിനായി 5-ാമതു കൂടാരത്തിലും താമസിപ്പിച്ചു.

ജൂൺ 3-ാം തീയതി മാലൊറിയും ബ്റൂസ്സും, എവറസ്റ്റ് മകുടാരോഹണത്തിന് ഉദ്യുക്തരാകുമായിരുന്നു. എന്നാൽ രണ്ടാം തീയതി രാത്രിയിൽത്തന്നെ ചുമട്ടുകാരുടെ കാര്യത്തിൽ അവക്കുതീരെ ആശയില്ലെന്നായി. അതിശക്തിയായകാററ് ചുമട്ടുകാരുടെ മാംസവും അസ്ഥിയുംതുളച്ചു് അവരുടെ ഹൃദയങ്ങളിൽ പ്രവേശിച്ചു് അവിടെ ശേഷിച്ചിരുന്ന ഉന്മേഷശകലങ്ങളെ ഉന്മൂലനം ചെയ്തുകഴിഞ്ഞു. 3-ാം തീയതി രാവിലെ മാലോറിയും ബ്റൂസ്സും, ഭഗീരഥപ്രയത്നം ചെയ്തിട്ടും, ചുമട്ടുകാരെ ഒരടിമുൻപോട്ടു വെയ്പിക്കുന്നതിനു സാധിച്ചില്ല. ഒരുത്തൻമാത്രം ഒരുവിധത്തിൽ കയറാമെന്നു സമ്മതിച്ചു. മററുള്ളവർ രണ്ടുപേരും, അവക്കുതീരെ സുഖമില്ലെന്നുതന്നെ നിർബന്ധപൂർവ്വം പറഞ്ഞുകൊണ്ടിരുന്നു. ബ്റൂസ്സിൻെറ ചതുരുപായങ്ങളും അവരിൽ വിഫലമായതേയുള്ളു. തലേദിവസത്തെ അതികഠിനമായ ക്ലേശങ്ങൾമൂലം ബ്റൂസ്സുതന്നെനിർജ്ജീവസമാനനായിത്തീർന്നിരുന്നു. കഷ്ടം! എന്തുചെയ്യാം. അവക്കു തിരിയെ ഉത്തരകോളത്തിലേക്കു ഇറങ്ങാതെ യാതൊരു ഗത്യന്തരവുമില്ലെന്നു വന്നുകൂടി. പര്യടനസംഘ

ത്തിൻെറ വിജയാശ പ്രധാനമായി നിക്ഷേപിച്ചിരുന്ന പ്രഥമ ഉപസംഘം ഇതാ പരാജയമടഞ്ഞു് പിൻതിരിയുന്നു!

മലൊറിയും ബ്രൂസ്സും ൫-ാമത്തു ക്രൂടാരത്തിൽനിന്നും ഇറങ്ങിത്തുടങ്ങിയപ്പോൾ മുൻ നിശ്ചയാനുസരണം സോമർവെല്ലും നോർട്ടനും ൪-ാമത്തു ക്രൂടാരത്തിൽനിന്ന് ആരോഹണം തുടങ്ങിയിരുന്നു. രണ്ടു ക്രൂടാരങ്ങളുടെയും മദ്ധ്യേവെച്ച് അവർ പരസ്പരം കണ്ടുമുട്ടി. മാലൊറി പരാജിതനായി തിരിയെ വരുന്നതു കണ്ടപ്പോൾ നോർട്ടൻെറ ഹൃദയം വല്ലാതെ തപിച്ചു. വിജയലബ്ധിപഥത്തിലുള്ള ഒരു പ്രധാന വിഘാതമായി അദ്ദേഹം ഇതിനെ ഗണിച്ചു. മാലൊറിയുടേയും അനുഗാമികളായ ചുമട്ടുകാരുടേയും ഈ പരാജയംകൊണ്ട് ഒരു ചുമട്ടുകാരനും ൨,൫൦൦൦ അടിയിൽ കൂടുതൽ കയറാൻ സാധിക്കയില്ലെന്ന് ബാക്കിയുള്ളവർ വിചാരിക്കുവാൻ ഇടയുണ്ട്. അപ്രകാരമാണെങ്കിൽ ഒരുകാലത്തും ഗിരിക്രൂടാഗ്രം പ്രാപിക്കാൻ സാധിക്കയില്ല. ഹാ! അതൊരു നിർഭാഗ്യചിന്താവീഥിയാണല്ലൊ. സോമർവെല്ലും നോർട്ടനും ഒട്ടും അധൈര്യപ്പെടാതെ കയററം തുടന്നു. ഉഗ്രമായ കാററ് അവരേയും അതിയായി വിഷമിപ്പിച്ചു. അവർ ഒരുവിധത്തിൽ ൫-ാമത്തുക്രൂടാരത്തിൽ എത്തി. അവരുടെ ക്രൂടെയുണ്ടായിരുന്നതിൽ ഏററവും ധൈര്യശാലികളായ നാലു ചുമട്ടുകാരെ ൫-ാമത്തു ക്രൂടാരത്തിൽ താമസിപ്പിച്ചു. ഏതായാലും മാലൊറി മുൻപേ വന്നു ക്രൂടാരം തയ്യാറാക്കിയിട്ടിരുന്നതു് ഇവക്കു വളരെ ഉപകാരമായിരുന്നു. അവർ അവിടെവെച്ചു മൃഷ്ടാന്നമായ ഒരു ഭക്ഷണം കഴിഞ്ഞു് നിദ്രാദേവിക്കു സ്വാഗതമരുളി. അവക്കു സുഖമായ സുഷുപ്തിയിൽ ലയിക്കുന്നതിനു സാധിച്ചില്ലെങ്കിലും, ഒരുമാതിരി ഉറങ്ങാൻ സാധിച്ചു എന്നു പറയാം. ഇതു് അതിപ്രധാനമായ ഒരു സംഗതിയാണ്. എന്തുകൊണ്ടെന്നാൽ ഇത്രയും ഉയരത്തിൽ മനുഷ്യനു കിടന്നുറങ്ങുവാൻ സാധിക്കയില്ലെന്നായിരുന്നു ലോകം ഇതുവരെ വിശ്വസിച്ചിരുന്നതു്.

ചുമട്ടുകാർ അടുത്തദിവസം കയറാൻ സന്നദ്ധന്മാരായിരിക്കുമോ ഇല്ലയോ എന്നുള്ളതായിരുന്നു ഏററവും പ്രധാന സംഗതി. അവരുടെ രാത്രിയിലത്തെ സ്ഥിതി കണ്ടിട്ടു് നോർട്ടനു വലിയ ആശയൊന്നുമില്ലായിരുന്നു. ആരോഹകന്മാർ രണ്ടുപേരും അടുത്തദിവസം പ്രഭാതത്തിൽ ൫ മണിക്ക് എഴുന്നേററ് ചുമട്ടുകാരുടെ കാര്യം ശരിപ്പെടുത്തുന്നതിനു പരിശ്രമിച്ചുതുടങ്ങി. ആ സമയം എവറസ്റ്റ് പര്യവേക്ഷണ ചരിത്രത്തിലെ ഒരു പ്ര

ധാനഘട്ടമാണ്. ആരോഹകന്മാരുടെ പ്രേരണകൾക്കു ചുമട്ടുകാർ വശംവദരാകാതെയിരുന്നാൽ മാലൊറിയ്ക്കു സംഭവിച്ചതുപോലെ ഇവക്കും പരാജയം ഭവിക്കും. കൂടാതെ ഭാവിയിൽപോലും എവറസ്റ്റാരോഹണസംരംഭത്തിനു ഇതു അധൈര്യദായകമായിത്തീരും. 25,000 അടി ഉയരത്തിൽ കൂടുതൽ ചുമടുകൾ വഹിച്ചുകൊണ്ട് പോകാൻ അസാദ്ധ്യമാണെന്ന് തന്നെ ലോകർ വിശ്വസിക്കും.

നോർട്ടനും സോമർവെല്ലുംഅതിയായി ക്ഷീണിച്ചിരുന്നെങ്കിലും അവരുടെ മനസ്സുപിന്നെയുംഅവരെ മുകളിലേക്കു നയിച്ചുകൊണ്ടിരുന്നു. ചുമട്ടുകാരെ വിളിച്ചപ്പോൾ അവർ ദീനസ്വരങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരുന്നതല്ലാതെ യാതൊരു മറുപടിയും പറഞ്ഞില്ല. നോർട്ടൻ വളരെ ശ്രമിച്ച് അവരെ ഒരു വിധത്തിൽ എഴുന്നേല്പിച്ച് ഭംഗിയായ ഒരു പ്രാതഃഭക്ഷണത്തിനു വട്ടംകൂട്ടി. ഇതു് ബുദ്ധിപൂർവ്വകമായ ഒരു പ്രവൃത്തിയായിരുന്നു. വിശന്നു തളന്നു തണുത്തു് മരവിച്ചു കിടക്കുന്നതും ചൂടുള്ള ഭക്ഷ്യപേയങ്ങൾ അകത്തു ചെന്നു ഏതാണ്ടൊരു നവജീവൻ ലഭിച്ചിട്ടു് കാര്യങ്ങൾ ആലോചിക്കുന്നതുമായി അജഗജാന്തരമുണ്ട്. വിശന്നിരിക്കുമ്പോൾ എല്ലാകാര്യങ്ങളും അസാദ്ധ്യമായും വിഷമകരമായും തോന്നും. പ്രത്യേകിച്ച് എവറസ്റ്റിലേക്കു ചുമടു ചുമന്നുകൊണ്ട് കയറുന്ന കാര്യം അപ്രകാരം തന്നെ.

ആരോഹണവിജയത്തിനു പര്യാപ്തമായ പൂർവ്വഅനുഭവങ്ങളെ പുരസ്കരിച്ച്, ദീർഘദൃഷ്ടിയോടും മുൻകരുതലോടും കൂടെ ചെയ്യാവുന്നതായ സകല സംഗതികളും നോർട്ടൻ ചെയ്തിട്ടുണ്ടായിരുന്നു. ചുമട്ടുകാരുടെ അപ്രാപ്തികൊണ്ടു മാത്രംപുറകോട്ടിറങ്ങുകയെന്നുള്ളതു് ഏററവും ശോചനീയമാണ്. അതിനാൽ അദ്ദേഹം അവസാനമായി ഒരുപായവുംകൂടി പ്രയോഗിച്ചു നോക്കി. കായബലംകൂടാതെ മനസ്സിൻെറ ഉന്മേഷശക്തികൊണ്ടുമാത്രം ഒരടിയെങ്കിലും മുന്നോട്ടു വെയ്ക്കുവാൻ സാധിക്കുമെങ്കിലെ ഇനിയും ശ്രമം സാദ്ധ്യമാകയുള്ളു എന്നു അദ്ദേഹത്തിനറിയാമായിരുന്നു. ചുമട്ടുകാരുടെ ഭാവനാശക്തിയെ ഉദ്ദീപിപ്പിച്ചു അവരെ ഊർജ്ജസ്വലന്മാരാക്കണമെന്ന് നോർട്ടൻ നിശ്ചയിച്ചു. അവരുടെ ശ്രമം വിജയത്തിലായാൽ അവർക്കുണ്ടാകാവുന്ന അതിരററ ബഹുമതിയേയും, ശ്ലാഘ്യമായ നിലയേയും ലോകത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും ലഭിക്കാവുന്ന പ്രശംസാവർഷങ്ങളേയും മററും പററി നോർട്ടൻ സവിസ്തരം അവരെ പ

റഞ്ഞു കേൾപ്പിച്ചു. ഇതിനെല്ലാം ഉപരിയായി പര്യടനം കഴിയുമ്പോൾ എവറസ്റ്റിനെപ്പററി എഴുതുന്ന ഗ്രന്ഥത്തിൽ അവരുടെ നാമധേയങ്ങൾ അനശ്വരമായി സുവർണ്ണലിപികളിൽ ലേഖനം ചെയ്യുകാണാനുള്ള അതിവഭാഗ്യത്തെപ്പററി പ്രസംഗിച്ചു നോർട്ടൻ അവരെ ഇളക്കിമറിച്ചു. "നിങ്ങൾ പൌരുഷമുള്ളവരാണെങ്കിൽ നിങ്ങൾ യഥാർത്ഥപുരുഷകേസരികളാണെന്ന ലോകത്തെ മനസ്സിലാക്കുവിൻ; അപ്പോൾ ലോകം നിങ്ങളെ പ്രകീർത്തിക്കും" എന്നിത്യാദി ഓരോന്നു പറഞ്ഞു അദ്ദേഹം അവരെ ഇളക്കി. കൂടാതെ, സാധുക്കളായ ചുമട്ടുകാരുടെ ജീവനെ രക്ഷിക്കുന്നതിനായി നോർട്ടനും സോമർവെല്ലും അവരുടെ ജീവൻ വെടിഞ്ഞുതന്നെ ശ്രമിച്ചിട്ടുള്ളതല്ലേ? അനുയായികൾക്കുവേണ്ടി നേതാക്കന്മാർ അവരുടെ ജീവനെ ബലികഴിക്കാൻ മുതിന്നപ്പോൾ, നേതാക്കന്മാൎക്കുവേണ്ടി ജീവത്യാഗം ചെയ്യുന്നതിനു അവർ എത്ര സന്നദ്ധന്മാരായിരുന്നിരിക്കണം. എന്തിനധികം. നോർട്ടൻെറ പ്രസംഗാനന്തരം ചുമട്ടുകാർ ആരോഹണത്തിനു തയ്യാറായിക്കഴിഞ്ഞു. ഒരുത്തൻമാത്രം സുഖക്കേടുകൊണ്ട് തീരെ അപ്രാപ്തനായിത്തീന്നിരുന്നു. അവനു കയറാൻ മനസ്സുണ്ടായിരുന്നെങ്കിലും കൈകാലുകൾ അവൻെറ ആജ്ഞയെ അനുസരിച്ചില്ല. ബാക്കി മൂന്നുപേരും സധൈര്യം മുന്നോട്ടു തന്നെയിറങ്ങി. മാന്യവായനക്കാർ അവരുടെ പേരുകൾ വായിക്കുമ്പോൾ അവയെ സുവർണ്ണമാക്കിക്കൊള്ളണമെന്ന് അപേക്ഷയുണ്ട്. അവരുടെ പേരുകൾ താഴെ പ്രസ്താവിക്കുന്നു:—

നാപ്ബു യിഷേ
ലാക്ക്പാ ചേദി
സെച്ചും ബി

ആരോഹണസംരംഭത്തിലെ ഒരതിപ്രധാന ഘട്ടം ഇങ്ങനെ തരണംചെയ്തു. പിൻ തിരിയുന്നതിനുപകരം പുരോഗമനം തന്നെ തുടങ്ങി. സെച്ചുംബിയുടെ കാൽമുട്ടുകൾക്കു തീരെ സുഖമില്ലാതിരുന്നതിനാൽ അയാൾ ഒരുമാതിരി മുടന്തി മുടന്തിയാണ് കയറിയതു്. സോമർവെല്ലിൻെറചുമ അമിതമായി വർദ്ധിച്ചതുകൊണ്ട് കയററത്തിനിടയിൽ, ഇടയ്ക്കിടയ്ക്കു നിന്നു ചുമക്കേണ്ടിയിരുന്നു. 25000 അടിയിൽനിന്ന് ഉപരിഭാഗത്തേക്കു കയറിയാൽ ദേഹത്തിനുള്ള ക്ഷീണം കൂടാതെ സ്വഭാവത്തിനു മാററം വരുമെന്നാണ് സോമർവെൽ പറയുന്നതു്. ശരിയായി ശ്വാസോ

ശ്വാസം ചെയ്യുന്നതിന് കയററത്തിനിടയിൽ കുറെശ്ശെ വിശ്രമം ആവശ്യമായിരുന്നു. ഭാഗ്യവശാൽ കാലാവസ്ഥ തലേദിവസത്തേക്കാൾ അനുകൂലപ്രദമായിക്കണ്ടു. 1922-ൽ എവറസ്റ്റിൽ ഏററവും പൊക്കത്തിൽക്കയറിയതു മാലൊറിയായിരുന്നല്ലൊ. സോമർവെല്ലും നോർട്ടനും, മാലൊറി കയറിയ ഏററവും ഉയരമുള്ള ഭാഗം കഴിഞ്ഞപ്പോഴെക്കും, കൂടുതൽ ഉത്സാഹഭരിതരായി. ഇതുവരെ മനുഷ്യപാദങ്ങൾ എത്തിയിരുന്ന സ്ഥാനത്തുനിന്നും ഓരോഅടിയും മുന്നോട്ടു വെച്ചപ്പോൾ അവരുടെ ഹൃദയം സന്തോഷംകൊണ്ടു തുടിച്ചുകൊണ്ടിരുന്നു. ആ അക്ഷുണ്ണശിഖരങ്ങളിൽ ലോകസൃഷ്ടിക്കുശേഷം പ്രഥമമായി പാദസ്പർശം ചെയ്യുന്നതുതങ്ങൾ തന്നെയാണല്ലൊ എന്നു സോമർവെല്ലും, നോർട്ടനും, വിചാരിച്ചപ്പോൾ അവക്കുണ്ടായ സന്തോഷം വാചാമഗോചരമാണ്. അവർ ഇതാഇനിയും മുകളിലേക്കുതന്നെ കയറുന്നു. അവർ അംബരസാമീപ്യത്തിൽ കൂടാരമടിച്ചു നിദ്രചെയ്യുന്നതിന് വട്ടംകൂട്ടുകയാണ്. ഒരുദിവസംകൂടെ കാലസ്ഥിതി അനുകൂലമായിക്കിട്ടിയെങ്കിൽ എത്രവലിയ ഭാഗ്യമായിരിക്കും അവർ അനുഭവിക്കുന്നതു്. ഇതുപര്യന്തം ലോകത്തിൽ ജനിച്ചിട്ടുള്ള സംഖ്യാതീതമായ അനേകകോടി ജനങ്ങൾക്കു സാധിച്ചിട്ടില്ലാത്ത മഹാഭാഗ്യം അവർ അനുഭവിക്കും. എവറസ്ററു ശൃംഗത്തെ അവർ തോല്പിക്കും. അവർ വിജയപതാക പറപ്പിക്കയും ചെയ്യും.!

ഉദ്ദേശം 1. 30. വരെ അവർ പുരോഗമനം തുടന്നു. അപ്പോഴെയ്ക്കും സെച്ചുംബി തീരെ അപ്രാപ്തനായിത്തീൎന്നു. കൂടാരനിൎമ്മാണത്തിനു പാറകളുടെ ഇടയിലുള്ള ഒരു ഗഹ്വരഭാഗം കാററിൻെറഗതിയിൽനിന്ന് ഒരുമാതിരിസുരക്ഷിതമായി അവർ തിരഞ്ഞെടുത്തു. ഇപ്രകാരം 26800 അടി ഉയരത്തിലായി ആറാമതുകൂടാരവും അടിക്കുന്നതിന് സാധിച്ചു. കൂടാരസ്ഥാപനത്തിന് ഇതു് വളരെ സൗകര്യപ്രദമായ സ്ഥലമല്ലായിരുന്നു എങ്കിലും മറവുനിവൃത്തി ഒന്നും ഇല്ലായിരുന്നതിനാലാണ് ഈ സ്ഥലത്തുതന്നെ കൂടാരമടിക്കാമെന്നു നിശ്ചയിച്ചതു്. ആറടിമാത്രം ചതുരമുള്ള ഒരു ചെറിയകൂടാരമടിക്കുന്നതിന് സമഭൂമി ലഭിക്കുന്നതിനു ആപ്രദേശത്തില്ലായിരുന്നു. കൂടാരമടിച്ചു കഴിഞ്ഞുടനെ ചുമട്ടുകാരെ മൂന്നുപേരേയും താഴെ ഉത്തരകോളത്തിലുള്ള പരിചാരകസംഘത്തിലേയ്ക്കയച്ചു. ഒരുദിവസത്തെ ആരോഹണംകൊണ്ടു് അഗ്രം പ്രാപിക്കുവാൻ സാധിക്കുന്നിടത്തോളം ശിഖരത്തിന് സമീപമായി ഒരു കൂടാരം സ്ഥാപിക്കുവാൻ കഴിയുമെന്ന് ആരോ

ഹന്മാർ ലോകത്തെ പഠിപ്പിച്ചു അനന്തരം അവർ രണ്ടുപേരും തനിയെ ഭയങ്കരയുദ്ധത്തിന് തയ്യാറായി ആക്കൂടാരത്തിൽ താമസിച്ചു.

വലിയ സംരംഭങ്ങളോടു കൂടെത്തിരിച്ച വിപുലമായ ഒരു പര്യടനസംഘത്തിൽനിന്ന് രണ്ടേരണ്ടു യുദ്ധവീരന്മാർ മാത്രമെ ശത്രുവക്ത്രത്തിന് സമീപത്തു എത്തിയുള്ളു. ഉത്സാഹക്ഷതങ്ങളും, കായക്ലേശങ്ങളുംകൊണ്ടു് മുറിവേററ ഈ രണ്ടു ഭടന്മാരാണ് അജയ്യനായ എവറസ്റ്റ് രാക്ഷസനോടു അഭിമുഖമായിപ്പോരാടേണ്ടതു്.

അവരുടെ യഥാർത്ഥസമരത്തിനു മുൻപായി അവിടെ ഒരു രാത്രികഴിച്ചുകൂട്ടുകയും ആ അത്യുയരമേഖലയിൽ ഉറങ്ങാൻസാധിക്കുമോ എന്നറിയുകയും ചെയ്യേണ്ടിയിരുന്നു. ഈ രണ്ടു സംഗതികളും അടുത്ത ദിവസം പ്രഭാതമായപ്പോഴേയ്ക്കും മനസ്സിലായി. ഒന്നാമത്തു ക്യാമ്പിൽ.നിന്നും തിരിച്ചതിൽപിന്നെ സുഖപ്രദമായി രാത്രി കഴിച്ചുകൂട്ടിയതു് ഇവിടെയാണ്, എന്നു നോർട്ടൻ അദ്ദേഹത്തിന്റെ ഡയറിയിൽ എഴുതി. നോർട്ടനോളം തന്നെ സുഖമായി ഉറങ്ങുന്നതിനു സോമർവെല്ലിനു സാധിച്ചില്ല. എങ്കിലും നേരം പ്രഭാതമായപ്പോൾ 'ആകപ്പാടെസുഖമായിത്തോന്നി' എന്നു് അദ്ദേഹവും രേഖപ്പെടുത്തി.

ചുമട്ടുകാർക്ക് 27000 അടി ഉയരംവരെ ചുമടുകൾ വഹിച്ചുകൊണ്ടു് കയറാമെന്നും ആരോഹകന്മാർക്ക് ആ അത്യുയരത്തിൽ ഉറങ്ങാൻ സാധിക്കുമെന്നും, അവർ മനസ്സിലാക്കി. ഇവ രണ്ടും മൂന്നാമത്തു പര്യടനസംഘത്തിന്റെ പ്രധാന കണ്ടുപിടുത്തങ്ങളാണ്.

No. VIII.



എവറസ്റ്റ് കൊടുമുടിയിൽ 28,200 അടി ഉയരത്തിൽനിന്ന് പശ്ചിമഭാഗത്തേക്ക നോക്കിയാൽ കാണുന്ന കാഴ്ച.

**Photo by Dr. Somervell.**

(*By kind permission of Dr. Somervell.*)

UNIVERSITY LIBRARY
11 AUG 1939
MADRAS

# അദ്ധ്യായം ൨൩

## ഉൽഗമന പരിണാമം.

വിജയമോ പരാജയമോ ഹസ്തഗതമാകുന്ന അവസാന ദിവസം ആഗതമായി. ജൂൺ 4-ാം തീയതി സായാഹ്നത്തിനു മുമ്പിൽ സോമർവെല്ലോ, നോർട്ടനോ, അഥവാ രണ്ടുപേരുമോ എവറസ്റ്റ് ശിരോമകുടത്തിൽ വിജയശ്രീലാളിതരായി നില്ക്കുന്നതിനോ, ഒരുപക്ഷെ, അവിടെനിന്ന് തോററ് ഓടുന്നതിനോ ഇടയായേക്കാം. കാലസ്ഥിതിയും, അന്തരീക്ഷപ്രകൃതിയും, ആശിക്കാവുന്നിടത്തോളം അനുകൂലമായിരുന്നു. ഈ ശുഭാവസരത്തിൽ ആരോഹകന്മാരുടെ സ്ഥിതി എന്തായിരുന്നു? അവർ തളന്നു ക്ഷീണിച്ച് ക്ലേശഭാരത്തിന്റെ പരമകാഷ്ഠയിലെത്തിയിരുന്നു. ഒന്നാമത്തു കൂടാരത്തിൽനിന്നു പുറപ്പെട്ട് ഇടയ്ക്കിടെ താമസിച്ച് ശീതസ്ഥിതി പരിചയിക്കുകയും കയററംകൂടാതെ യാദൃശ്ചികമായി ഉണ്ടാകുന്ന പ്രയത്നങ്ങൾക്ക് ആരോഹകന്മാർ അദ്ധ്വാനിക്കാൻ ഇടവരാതെയിരിക്കുന്നതിന് വേണ്ട മുൻകരുതലുകൾ ചെയ്യുകയും ചെയ്തിരുന്നുവെങ്കിൽ അവരുടെ ദേഹസ്ഥിതി ഇപ്പോഴത്തേതിലും പർവ്വതാരോഹണത്തിനു അനുയോജ്യമായിരിക്കുമായിരുന്നു. മലകയറുകയും ഇടയ്ക്കു അപകടത്തിൽ പെടുന്നവരെ രക്ഷിക്കുന്നതിനു ശ്രമിക്കയും എല്ലാംകൂടെ ആകുമ്പോൾ ആരോഹകന്മാരുടെ സകല ശക്തികളും വിനിയോഗിക്കേണ്ടതായി വരുന്നു. തൻമൂലം പ്രധാന ഉദ്ദേശ്യമായ പർവ്വതാരോഹണം തുടരുന്നതിന് ആവശ്യമായ ശക്തി ശേഷിക്കുന്നുമില്ല. ഈ വക കാര്യങ്ങൾ നോർട്ടൻ ദീർഘദൃഷ്ടിയോടുകൂടെ ചിന്തിച്ച് തദനുസരണം ഇംഗ്ലണ്ടിൽ നിന്ന് പുറപ്പെടുന്നതിനു മുമ്പുതന്നെ സംഘത്തിൽ കൂടുതൽ അംഗങ്ങൾ ഉണ്ടായിരിക്കേണ്ട ആവശ്യകതയെപ്പററി പ്രത്യേകം പ്രസ്താവിച്ചിട്ടുള്ളതാണ്. പക്ഷെ ടിബററൻ ഗവമ്മെണ്ടിന്റെ പ്രാതികൂല്യ ശങ്കയില്ലായിരുന്നുവെങ്കിൽ കൂടുതൽ അംഗങ്ങളെ ചേക്കുമായിരുന്നു. ഓരോ തവണയും വരുന്ന പര്യടനസംഘം മുൻപിലത്തേക്കാൾ വിപുലമായി വരുന്നതുകണ്ട് ടിബററൻ ഗവമ്മെണ്ടിന് ചില ആശങ്കകൾ എല്ലാം ഉത്ഭവിച്ചിരുന്നു.

ജൂൺ നാലാംതീയതി രാവിലെ നോർട്ടനും സോമർവെല്ലും ആശാപൂരിതരായി ഉണന്നു· അവരുടെ യാത്രയുടെ ആദ്യ



UNIVERSITY LIBRARY 11 AUG 1933 MADRAS

ഘട്ടത്തിൽത്തന്നെ ചൂടുപാനീയം നിറച്ചിരുന്ന തെർമ്മോപ്ളാസ്കിൻെറ (ചൂടുപോകാതെ പാനീയങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഒരു പാത്രം) അടപ്പൂരി അതിനുള്ളിലുണ്ടായിരുന്ന പാനീയം നഷ്ടപ്പെട്ടു. അതിനാൽ മഞ്ഞുരുക്കി ചൂടുപിടിപ്പിച്ച് വേറെ പാനീയം ഉണ്ടാക്കേണ്ടതായി വന്നു. അനന്തരം 6–45 നു തന്നെ അവർ കയററം തുടങ്ങി. തെക്കുപടിഞ്ഞാറു ഗതിയിൽ ഉത്തരമുഖപർവ്വതത്തിൽക്കൂടെ ചരിവു പററിയാണ് അവർ കയറിയതു്. ഉത്തരമുഖ പർവ്വതത്തിൻെറ മുകൾഭാഗത്തുകൂടെ തന്നെ നേരെ എവറസ്റ്റ് പാദത്തിലേക്കു പോകാമായിരുന്നു. പക്ഷെ പർവ്വതോപരി ഭാഗത്തു് കാററിനു ശക്തി അധികരിച്ചിരിക്കുമെന്നു വിചാരിച്ചാണ് ചരിവു പററി കയററം തുടങ്ങിയതു്. ഇതുകൊണ്ടു തല്ക്കാലം അവർക്കൊരു ദോഷവുമുണ്ടായിരുന്നു. അതിരാവിലെ, അവക്കു സൂര്യപ്രകാശം അനിഷേധ്യമായിരുന്ന സമയത്തു് ചരിവു് പററി തണലിൽക്കൂടെ കയറിയതുകൊണ്ടു ശീതബാധയധികമുണ്ടായിരുന്നു. ഇപ്രകാരം ഉൽഗമിച്ച് പർവ്വതകടകങ്ങളിലെ ആപൽക്കരമായ ശിലാശേഖരങ്ങൾ തരണം ചെയ്ത് അവർ ഒരുവിധം സൂര്യപ്രകാശം തട്ടുന്ന ഒരു ഭാഗത്തെത്തി. അവിടെ നിന്നും ഒരുവലിയ പാറക്കൂട്ടത്തിനിടയിൽക്കൂടെ അവരുടെ യാത്ര തുടന്നു.

അവരുടെ ആരോഹണം ഒരുവിധം സുകരമായിരുന്നു. കാലാവസ്ഥയും അനുകൂലിച്ചു. എന്നിട്ടും 27,500 അടിയിലെത്തിയപ്പോൾ അവരുടെ ക്ലമം അത്യധികം വർദ്ധിക്കുന്നതായിത്തോന്നി. ചൂടില്ലാതിരുന്ന അവിടത്തെ വെയിലത്ത് അല്പനേരം വിശ്രമിച്ചപ്പോൾ മലമ്പനി പിടിപെടാൻപോകുന്നതുപോലെ നോർട്ടൻെറ ശരീരം ഗ്ലപിതമാകുകയും, മരവിച്ചു തുടങ്ങുകയും ചെയ്തു. ഏതുശൈത്യവും ജയിക്കത്തക്ക വിധത്തിൽ രോമനിർമ്മിതമായ അനേകം ഉടുപ്പുകൾ ധരിച്ചിരുന്നതു കൂടാതെ, അവയുടെ മുകളിലായി, കാററു കടക്കാതെ പ്രത്യേകം ഉണ്ടാക്കിയിരുന്ന ഒരു കഞ്ചുകവും അദ്ദേഹം അണിഞ്ഞിരുന്നു. എന്നിട്ടും ഇവയെല്ലാം കടന്ന് ഇത്ര തണുപ്പു തോന്നുന്നതു് മലമ്പനിപിടിപെടാനുള്ള ലക്ഷണമാണെന്ന് സംശയിച്ച് അദ്ദേഹംതന്നെ സ്വന്തം നാഡി പരിശോധിച്ചു നോക്കി. അതിന് ആപൽക്കരമായ സ്പന്ദനവ്യത്യാസമൊന്നും കണ്ടില്ല. ഈ ജ്വരഭയം കൂടാതെ നോർട്ടനു പുതിയ തരത്തിലുള്ള ഒരു നയനരോഗവും ഉണ്ടായി; അദ്ദേഹത്തിൻെറ കാഴ്ചയ്ക്കു ഒരു പ്രത്യേക വൈകല്യം സംഭവി

ച്ചു. ഏതെങ്കിലും ഒരുപദാൎത്ഥത്തിന്മേൽനോക്കിയാൽ അതു രണ്ടു സാധനങ്ങളായിട്ടാണ് അദ്ദേഹത്തിൻെറ ദൃഷ്ടിയിൽപെട്ടതുപോലും. ഈ വിശേഷ സുഖക്കേടുകൊണ്ടു് ഓരോ കാലടിയും മുമ്പോട്ടു വെയ്ക്കുന്നതു് വളരെ പ്രയാസമായിരുന്നു. ഒരു കല്ലോ, കുഴിയോ മുൻപിലുണ്ടെങ്കിൽ അതു് ഈരണ്ടു വീതമായിട്ടാണ് അദ്ദേഹം കണ്ടതു്. അതിനാൽ ആപൽശങ്കയൊഴിഞ്ഞിട്ടു നേരമുണ്ടായിരുന്നില്ല.

സോമർവെല്ലും വളരെ ക്ലേശിച്ചു. കുറേദിവസങ്ങളായി അദ്ദേഹത്തിനു ചുമയ്യായിരുന്നല്ലോ. അതിശൈത്യവും, ശ്വാസോച്ഛ്വാസ വിഷമതയുംകൊണ്ടു് ചുമ അത്യധികം വൎദ്ധിക്കുകയും തൊണ്ടയ്ക്കു അതിയായ വേദനയും നീർക്കെട്ടും ഉണ്ടാകുകയുംചെയ്തു. ചുമ, കയററത്തിനിടയ്ക്കു ചില സ്ഥലങ്ങളിൽ പ്രത്യേകംനിന്നു് ചെയ്യേണ്ട ഒരു ജോലിയായിത്തീൎന്നു. ഇതു് ആരോഹണത്തിനു വലിയൊരു തടസ്ഥമായിരുന്നു. അത്യുയരമേഖലകളിലെ കാലസ്ഥിതിയുടെ അനിഷ്ടഫലങ്ങളും കയററക്കാൎക്ക് അനുഭവമായിത്തുടങ്ങി. 27,500 അടി ഉയരത്തിൽ പെട്ടെന്നൊരു കാലസ്ഥിതി വ്യത്യാസമുണ്ടെന്നാണ് സോമർവെൽ പറയുന്നതു്. ഈ സ്ഥാനത്തിന് അല്പം താഴെ ഓരോ ചുവടുവെയ്ക്കുന്നതിനിടയിലും, മൂന്നും, നാലും, പ്രാവശ്യം ശ്വാസോച്ഛ്വാസം ചെയ്താൽമതി. എന്നാൽ ഈസ്ഥലത്തിനു മുകൾഭാഗത്തു് ഓരോ അടിയ്ക്കും എട്ടും പത്തും പ്രാവശ്യംവീതം ശ്വാസോച്ഛ്വാസം ചെയ്തുകൊണ്ടുമാത്രമെ കയറാൻ കഴിയൂ. ഉൽഗമനം ഇത്രസാവധാനത്തിലായിരുന്നു എങ്കിലും, ഇടയ്ക്കിടയ്ക്കു വിശ്രമവും ആവശ്യമായിരുന്നു. വിശ്രമംകൂടാതെ പരീക്ഷാൎത്ഥം ഒരു 20 ചുവടു ഒന്നിച്ചുകയറുന്നതിന് നോർട്ടൻ അതീവയത്നംചെയ്തിട്ടും സാധിച്ചില്ല. ഇടയ്ക്കു വിശ്രമംകൂടാതെ തുടർച്ചയായി കയറാൻ സാധിച്ച വലിയദൂരം 13 ചുവടാണ്.

അവർ മദ്ധ്യാഹ്നത്തോടുകൂടെ ഉദ്ദേശം 28,000 അടി ഉയരത്തിലെത്തി. അപ്പോഴേക്കും അവരുടെ സഹനശക്തിയുടെ പരമാവധിയിലെത്താറായി. വടക്കു കിഴക്കൻപൎവ്വതം എവറസ്റ്റ് ശൃംഗപാദം സമീപിക്കുന്നസ്ഥലത്തു് ശൈലോപരിഭാഗംമുതൽ താഴോട്ടു്, വിസ്തൃതവും, ദാരിതവും, ഹിമപൂരിതവും, ആപകടകരവുമായ ഒരു ഗഹ്വരതടമുണ്ടു്. ഈ പ്രദേശം സമീപിക്കാറായപ്പോൾ, സോമർവെൽ അത്യന്തം പരവശനായി ഒരടിപോലും മുൻപോട്ടുവെയ്ക്കുവാൻ ശക്തിയില്ലാതെ അവിടെയിരുന്നുപോ

യി. അതിനാൽ നോർട്ടൻ തനിയെ അദ്ദേഹത്തെക്കൊണ്ട് കഴിയുന്നിടത്തോളം ഉയരത്തിലേക്കു കയറുന്നതിന് അനുവദിച്ചിട്ട് സോമർവെൽ ഒരു പാറപ്പുറത്തിരുന്ന് കൂട്ടുകാരൻെറ ആരോഹണം കണ്ടുകൊണ്ടിരുന്നു. നോർട്ടനും സോമർവെല്ലിനെക്കാൾ വലിയ ക്ഷീണക്കുറവൊന്നും ഇല്ലായിരുന്നു. ആപൽക്കരമായി കാണപ്പെട്ട ഗഹ്വരതടത്തിലെത്തണമെങ്കിൽ അതികഠിനമായ പ്രയത്നവും ആവശ്യമായിരുന്നു. അവിടമെല്ലാം തുഷാരബിന്ദുക്കളാൽ നിബിഡീകൃതമായിരുന്നതിനാൽ ഓരോചുവടും പ്രത്യേകം സൂക്ഷിച്ചുതന്നെ വെയ്ക്കണം. ചിലസ്ഥലങ്ങളിൽ, ഒരുമാതിരി ഹിമവിശേഷത്തിൽ അരയോളംതന്നെ താണുപോയി. മഞ്ഞു ശരിയായി ഘനീഭവിക്കാതെ കിടന്നിരുന്നതിനാൽ അവിടെവെച്ചു കാലുതെററിപ്പോയാലത്തെ കഥ ഊഹാഗോചരംകൂടെയായിരുന്നില്ല. ഒരുവിധത്തിൽ നോർട്ടൻ ഈ ഗഹ്വരതലവും കടന്ന് ഉൽഗമനംതുടങ്ങി. ഒരുവിധം തൂക്കായി ചരിഞ്ഞുകിടക്കുന്ന മേൽപ്പുരയുടെ ഓട്ടുമേച്ചിലിന് മുകളിൽക്കൂടെ നടക്കുന്നതുപോലെയായിരുന്നു, ഇനിയും നോർട്ടൻ കയറേണ്ടതു്. ഓട്ടുകൾക്കു പകരം മാർദ്ദവമുള്ളതും, കീഴ്പോട്ടു് ചരിഞ്ഞിരിക്കുന്നതും, എളുപ്പത്തിൽ സ്ഥാനഭ്രംശം സംഭവിക്കാൻ ഇടയുള്ളതുമായ ശിലാകഷണങ്ങളിൽക്കൂടെയായിരുന്നു എവറസ്റ്റ് ഗോപുരാഗ്രത്തിലേക്കുള്ളമാർഗ്ഗം. ചെരിപ്പിൻെറ അടിയിലുള്ള ആണികൾ അല്പമൊന്നു തെററിയാൽ, നോർട്ടൻെറ 'പൊടി' പോലും കിട്ടുകയില്ല. രണ്ടോമൂന്നോ പേരൊന്നിച്ച് പരസ്പരം കയറുകൊണ്ടു ബന്ധിച്ചു കയറുകയാണെങ്കിൽ ആപൽശങ്കയ്ക്കു അല്പം കുറവുണ്ടാകുമായിരുന്നു. പക്ഷെ ഇപ്പോൾ നോർട്ടൻ ഏകനായിരിക്കുന്നതുകൊണ്ട് അതിന് വഴിയില്ല. തനിയെ കയറുകയായിരുന്നതിനാൽ നോർട്ടൻ കൂടുതൽ കഷ്ടപ്പെട്ടു. കണ്ണിൻെറ സുഖക്കേടു വർദ്ധിച്ചുവരികയുംചെയ്തു. മണിയും ഒന്നായി; അദ്ദേഹത്തിൻെറ ആരോഹണഗതി വളരെ നിഭൃതവുമായിരുന്നു. സോമർവെല്ലിനെ പിരിഞ്ഞതിൻെറശേഷം 300 ഗജംദൂരം കയറിയെങ്കിലും, ൧൦൦ അടി കൂടെമാത്രം ഉയരത്തിലെത്തിയതേയുള്ളൂ. എവറസ്റ്റിൻെറ ശിരോമകുടമണിയിലെത്തുന്നതിന് ഇനിയും 876 അടികൂടെ ഉയരത്തിൽക്കയറണം. അതുകൂടെ കയറിയിട്ട് അന്നുതന്നെ തിരിയെഇറങ്ങി കൂടാരത്തിലെത്തുക അസാദ്ധ്യമായിത്തോന്നി. അതിനാൽ അദ്ദേഹം യാതൊരു ഗത്യന്തരവുമില്ലാതെ നിരാശാഭരിതനായി 28,126 അടിയിൽനിന്ന് പരാജിതനായി പിൻതിരിഞ്ഞു.

ഉദ്ദേശം മൂന്നു മണിക്കൂറു കൂടെ കയറിയാൽ മുകളിൽ എത്താമെന്നുള്ള ഗഡുവിലാണ നോർട്ടനും, സോമർവെല്ലും പരാജിതരായതു്. അര മൈൽ തന്നെ അകലമില്ലാതെ അവക്കു എവറസ്റ്റ് രാക്ഷസമുഖം കാണാമായിരുന്നു. അവൻെറ ഭയങ്കരദംഷ്ട്രകൾ അവരെ അങ്ങോട്ടടുപ്പിച്ചില്ല. അവക്കു് അനശ്വരവും ഭാസുരവും ആയ വിശ്വവിഖ്യാതി ലഭിക്കുന്നതിനു് മൂന്നു മണിക്കൂർ കൂടെ പ്രയത്നിച്ചാൽ മതിയായിരുന്നു. പക്ഷെ ആ പ്രയത്നത്തിനു അവർ ശക്തന്മാരായില്ല. അവരുടെ മനോഗതം അവരെ മുകളിലേയ്ക്കു തന്നെ നയിച്ചു എങ്കിലും അവരുടെ ഗാത്രങ്ങൾ തീരെ അശക്തങ്ങളായിത്തീർന്നിരുന്നു. മനോദാർഢ്യവും ധീരഹൃദയവും സോമർവെല്ലിനെപ്പോലെ അധികമാളുകൾക്കുണ്ടോയെന്നു സംശയമാണ്. സ്ഥിരോത്സാഹവും മനഃശ്ശക്തിയും നോർട്ടനെപ്പോലെ വളരെ ചുരുക്കം പേർക്കെയുള്ളുതാനും. ഇപ്രകാരമുള്ള രണ്ടു വീരരത്നങ്ങൾ പിൻതിരിയുന്നതിനു കാരണമെന്താണ്? ഹിമാലയാരോഹണ പരിചയവും ഭിഷഗ്വരവൃത്തിയിൽ അസാമാന്യസാമർത്ഥ്യവുമുള്ള ഡോക്ടർ ലോങ്ങ്സ്റ്റാഫ് 1925 ഡിസംബർമാസത്തിൽ ആൽപയിൻ ക്ലബ്ബിൽ വെച്ചു് പ്രസ്താവിച്ചതുതന്നെയാണ് ഇതിൻെറ യഥാർത്ഥകാരണം. "നോർട്ടനും സോമർവെല്ലും മാലൊറിയും ഉത്തരകോളത്തിൽ അപകടത്തിലകപ്പെട്ട കൂലിക്കാരെ രക്ഷിക്കാനായി പോയതു് അവരുടെ ക്ഷീണഗാത്രങ്ങളെ നിർജ്ജീവങ്ങളാക്കുക തന്നെ ചെയ്തു. അവർ തളന്നു് വിവശരായി അടിസ്ഥാനത്താവളത്തിൽ ചെന്നു് വിശ്രമമനുഭവിക്കേണ്ടതു് അപരിത്യാജ്യമായിരുന്ന ഘട്ടത്തിലാണ് കൂലിക്കാരെ രക്ഷപെടുത്തുന്നതിനുള്ള അതിക്ലേശഭൂയിഷ്ഠവും അപായകരവും ആയ സംരംഭത്തിൽ ഏപ്പെട്ടതു്. ഇതു് ആരോഹകന്മാരെ തീർത്തും അപ്രാപ്തരാക്കി. സോമർവെൽ ഈ അതിസാഹസത്തിനു തുനിയാതെ നേരെ അടിസ്ഥാനത്താവളത്തിലെത്തി ശരിയായി വിശ്രമിച്ചിരുന്നെങ്കിൽ അദ്ദേഹത്തിൻെറ ചുമ ഒരുവേള ഭേദമാകുമായിരുന്നു. നോർട്ടൻെറ നയനരോഗത്തിനുള്ള കാരണം ആവശ്യത്തിനു മാത്രം പ്രാണവായു ശ്വസിക്കാൻ ഇല്ലാതിരുന്നതാണ്. അവർ വിജയധ്വജത്തിൻെറ ചുവട്ടിൽ ചെന്നിട്ടു് അതു കരസ്ഥമാക്കാൻ കഴിയാതെ വന്നതിൻെറ പ്രധാന കാരണം അവക്കുണ്ടായ അമിതമായ കായക്ലേശഫലമാണ്. അതിനാൽ അനിഷ്ടങ്ങളും യാദൃശ്ചികങ്ങളും ആയ സാഹചര്യങ്ങൾ ഉണ്ടാകാതെയിരുന്നെങ്കിൽ നിശ്ചയമായും അവർ എവറസ്റ്റ് ശിരസ്സിൽ വിജയ

സ്തംഭം നാട്ടമായിരുന്നു.” ഇതാണ് ഡോക്ടർ ലോങ്ങ്സ്റ്റാഫിൻെറ അഭിപ്രായം. ചുരുക്കിപ്പറഞ്ഞാൽ നാലു കൂലിക്കാരുടെ ജീവനെ രക്ഷിക്കുന്നതിനുള്ള ശ്രമം കൊണ്ടു് ആരോഹകന്മാർ വിജയപതാകാപരിസരത്തിലെത്തിയിട്ടു് ജളന്മാരായി മടങ്ങേണ്ടിവന്നു. പക്ഷെ എവറസ്റ്റ് വിജയലബ്ധിയുണ്ടായില്ലെങ്കിലും അഭിലഷണീയവും സ്പൃഹണീയവുമായ സമസൃഷ്ടസ്നേഹമാഹാത്മ്യം ലോകത്തിന് കാണിച്ചു കൊടുക്കുന്നതിന് അവക്കു സാധിച്ചതു് ഏററവും വലിയ ഒരു ജീവിതവിജയം തന്നെയാണ്. കൂടാതെ അവക്കു കൂടാഗ്രത്തിലെത്താൻ കഴിഞ്ഞില്ലെങ്കിലും എവറസ്റ്റ് തീരെ അജയ്യനല്ല, ശ്രമിച്ചാൽ തരണം ചെയ്യാൻ സാധിക്കും എന്നുള്ള സംഗതി ലോകത്തെ മനസ്സിലാക്കുന്നതിന് അവക്കു സാധിച്ചു.

ആരോഹകന്മാരുടെ പ്രധാന ഉദ്ദേശ്യം എവറസ്റ്റ് ഭാഗങ്ങളിലെ പ്രകൃതി സൌന്ദര്യമായ കാഴ്ചകൾ കണ്ടാനന്ദിക്കുക മാത്രമല്ലെങ്കിലും ആ പ്രദേശങ്ങളിലെ കാഴ്ചകൾ എങ്ങനെയിരിക്കുന്നു എന്നറിയുന്നതിന് നമുക്കൊരു ജിജ്ഞാസയുണ്ടാകുക സ്വാഭാവികമാണ്. തന്നെയുമല്ല, സോമർവെല്ലും നോർട്ടനും, നല്ല ചിത്രലേഖകന്മാരായിരുന്നതിനാൽ ഈ സംഗതി പ്രത്യേകം അന്വേഷിക്കേണ്ടതാവശ്യവുമാണ്. പക്ഷെ പ്രകൃതി സൌന്ദര്യലഹരി ശരിയായി ആസ്വദിക്കുന്നതിന് പര്യാപ്തമായ ഒരു നിലയിലല്ല അവർ ആ ഗഗനമേഖലകളിൽ കൂടെ ചരിച്ചതു്. എങ്കിലും അവരിൽനിന്ന് അല്പം ചില വിവരങ്ങൾ ലഭിക്കുന്നുണ്ടു്.

അത്യുയരങ്ങളിൽ നിന്നുമുള്ള കാഴ്ച പ്രൌഢവും ഗഹനവും നിരാശാജനകമായിരുന്നു. 25,000 അടി ഉയരത്തിൽ നിന്നുകൊണ്ടു് അസ്പഷ്ടദൃഷ്ടങ്ങളായിക്കണ്ട സാന്ദ്രമായ ശൃംഗപരമ്പരകളും തുഷാരശേഖരിതങ്ങളായ ശൈലപ്രപാതങ്ങളും ദന്തുരിതങ്ങളായി വിശാലമായിക്കിടക്കുന്ന ഹിമപ്പരപ്പുകളും അവയുടെ സീമാരേഖകളിൽക്കൂടെ മഞ്ഞു നിറഞ്ഞ പാഥയിൽക്കാണുന്ന വണ്ടിച്ചക്രവരിപ്പുകൾ പോലെ നിമ്നോന്നതമായിക്കണ്ട ശിലാശകലസമുച്ചയങ്ങളും എല്ലാം ഹൃദയാവർജ്ജകം തന്നെയായിരുന്നു. വളരെയുയരത്തിൽക്കയറിയപ്പോൾ കണ്ടതായ മനോഹരശൈലപംക്തികളും ഹിമസ്തൂപഗണങ്ങളും എല്ലാം ദൃഷ്ടിപഥത്തിനു താഴെയായി സ്ഥിതി ചെയ്തിരുന്നതിനാൽ താഴെ നിന്നു നോക്കുന്നതുപോലെ കാഴ്ചയ്ക്കു അത്ര രമണീയമല്ലായിരുന്നു. ഒന്നിനു പിറകിൽ ഒന്നായി അനേക പർവ്വതവരികളോടുകൂടെ ടിബററ് അധിത്യകാപ്രദേശം നോക്കെത്താത്തവിധം വിസ്തൃതമാ

യി അക്ഷികൾക്ക അസ്പഷ്ടദൃശ്യമായിത്തീൎന്നു. അതിദൂരത്തിൽ ദൃഷ്ടിഗോചരമായിക്കണ്ട ശൃംഗപരമ്പരകൾ വ്യോമകടാഹവൃത്തസീമയിൽ വരിവരിയായിക്കാണുന്ന ദന്തങ്ങൾപോലെ പ്രശോഭിച്ചു. ഭൂചക്രവാളപരിധിയെ അതിലംഘിച്ച് ഉന്നതാനതമായി കാണപ്പെട്ട ആ മഹനീയ കാഴ്ച മനസ്സിനെ ഉത്തേജിപ്പിക്കുന്നതിനും ഗാത്രത്തെ കോൾമയിർക്കൊള്ളിക്കുന്നതിനും പൎയ്യാപ്തമായിരുന്നു.

ആരോഹകന്മാൎക്ക കയറാൻ സാധിച്ച അത്യുയരഭാഗങ്ങളിൽ നിന്നുകൊണ്ട് നാലുപാടും കണ്ടതായ കാഴ്ചകൾ വിശാലവും, അതിമനോജ്ഞവുമാണെന്ന് സോമർവെൽ പ്രസ്താവിച്ചിട്ടുണ്ട്. ഗിയാച്ചിങ്ങ്, ഛോയോ, മുതലായ വലിയ ശൈലാഗ്രങ്ങൾ വളരെ താഴെയായിക്കാണപ്പെട്ടു. ആരോഹകന്മാരുടെ നാലുവശത്തും അതിവിശാലമായ ഒരു ശൃംഗമഹാൎണ്ണവം തന്നെ പ്രത്യക്ഷപ്പെട്ടു. ടിബററ് ഉന്നതതടത്തിനു മുകളിൽക്കൂടെ അത്യന്തഭവിഷ്ഠമായി ചില ശൃംഗപരമ്പരകൾ അസ്പഷ്ടമായിക്കാണാമായിരുന്നു. അവിടെക്കണ്ടതായ കാഴ്ചകൾ യഥാൎത്ഥത്തിൽ അവൎണ്ണ്യം തന്നെയാണ്. ഹിമാലയത്തിൻെറ അത്യുയരഭാഗങ്ങളിൽനിന്ന്— ലോകത്തിലുള്ള സകലതിനും മുകളിലായി— ലോകത്തിനു തന്നെ മുകളിലായി—നോക്കുന്നപക്ഷം ദേവന്മാൎക്കോ മറേറാ ദൎശിക്കാൻ സാധിക്കുന്നതായ രീതിയിൽ ഒരു ദൈവികകാഴ്ചയാണ് പ്രത്യക്ഷീഭവിക്കുന്നതു്.

ദുൎജ്ജേയമായ എവറസ്റ്റ് ശിഖരാഗ്രത്തിൽ എത്താൻ സാധിച്ചിരുന്നു എങ്കിൽ എത്രയോ ദൈവികവും മഹാത്മ്യമേറിയതുമായ പരമാനന്ദ കാഴ്ചകൾ ആരോഹകന്മാൎക്ക സംതൃപ്തിയോടുകൂടി കാണ്മാൻ സാധിക്കുമായിരുന്നു! മുകളിലെത്താൻ സാധിക്കാഞ്ഞതിനാൽ ഒരു വശത്തുള്ള കാഴ്ചകൾ മാത്രമെ അവൎക്ക് കാണ്മാൻ കഴിഞ്ഞൊള്ളു. ശൃംഗാഗ്രത്തിൽ നിന്നുകൊണ്ട് അപ്രതിഹതമായി നാലുപാടും അനന്തമായിക്കാണാവുന്ന കാഴ്ചകൾ എത്രയോ മാഹാത്മ്യങ്ങളാണ്. ദൈവമല്ലാതെ ആ കാഴ്ച ഇതുപൎയ്യന്തം ആരും കണ്ടിരിക്കയുമില്ല. ശൃംഗാഗ്രം പ്രാപിക്കുന്നതിന് സാധിച്ചിരുന്നെങ്കിൽ പ്രൌഢനായ എവറസ്റ്റിനെ കീഴടക്കാമായിരുന്നു. അതിഭയാനകവും, വിപുലവുമായ ഗാത്രത്തോടുകൂടിയ മഹാ പൎവ്വതരാക്ഷസനോട് താരതമ്യപ്പെടുത്തുമ്പോൾ വെറും മശകപ്രമാണനായ മനുഷ്യൻ, ലോകൈകശൈല സാമ്രാട്ടിൻെറ ശിരസ്സിനെ ചവിട്ടി മൎദ്ദിച്ച്, കീഴടക്കി വിജയം പ്രാപിക്കുന്നതു് ഒരു മഹാവിജയം തന്നെയല്ലെ?

മുകളിൽക്കയറാൻ സാധിച്ചിരുന്നു എങ്കിൽ, തെക്കോട്ട് ഇൻഡ്യൻ മഹാസമുദ്രം വരെയും, വടക്കോട്ട് ആർട്ടിക്ക് ആഴിവരെയും, മനുഷ്യനയനങ്ങളെ എത്തിക്കാമെങ്കിൽ നമ്മുടെ ദൃഷ്ടിക്കു പ്രതിബന്ധങ്ങളായി യാതൊന്നും ഉണ്ടായിരിക്കയില്ല. അഹോ! എത്ര വിപുലവും, അനന്തവും, ഇതുവരെ മനുഷ്യ നയനങ്ങൾക്കു അനുഭവിക്കാൻ സാധിച്ചിട്ടില്ലാത്തതും ആയ കാഴ്ചകൾ എവറസ്റ്റ് പര്യടനസംഘം കണ്ടു് നിർവൃതിയടയുമായിരുന്നു.

ഈ നിസ്തുലമായ ഭാഗ്യം സോമർവെല്ലിന് അനുഭവിക്കുവാൻ ഇടയായില്ല. അദ്ദേഹം ലോകോത്തര ശൃംഗാഗ്രത്തിൽക്കയറി വിജയവിഭൂഷിതനായി നില്ക്കുന്നതു് എത്രയോ സഹസ്രം ജനങ്ങളുടെ ഹൃദയങ്ങളെ ഈമാതിരി സാഹസികവൃത്തികൾക്കു പ്രേരിപ്പിക്കുമായിരുന്നു. സോമർവെല്ലും നോർട്ടനും ഈ അതീവഭാഗ്യത്തിന് സർവ്വഥാ അർഹരായിരുന്നു എങ്കിലും അതു് അവർക്കനുഭവിക്കുവാൻ ഇടയായില്ല. സമസൃഷ്ടിസ്നേഹമൊന്നുമാത്രമാണ് അവർക്ക് ഈ ഭാഗ്യം നഷ്ടപ്പെടുത്തിയതു്. ഇത്രവലിയ ഒരു സംരംഭത്തിൽനിന്ന് പരാജിതരായി നിരാശയോടുകൂടെ താഴത്തേയ്ക്കിറങ്ങിയിട്ടു് അപ്പോൾ അവർക്ക് വലിയകുണ്ഠിതം തോന്നിയില്ല. പ്രത്യുത കൂടാരത്തിലെത്താനുള്ള ആഗ്രഹവും, വിശ്രമത്തിനുള്ള അഭിവാഞ്ഛയും അവർക്കു ആശ്വാസം നൾകുകയാണ് ചെയ്തതു്. എന്നിരുന്നാലും, ഉത്തരകോളകൂടാരത്തിൽവെച്ചു് ഓഡലും, മാലൊറിയും, നോർട്ടനേയും, സോമർവെല്ലിനേയും, 28000 അടിയോളം കയറാൻ സാധിച്ചതിനെപ്പററി പ്രശംസിച്ചപ്പോൾ "ഞങ്ങളുടെ പരാജയത്തിൽ ഞങ്ങൾക്കു നിരാശയാണുള്ളതു്" എന്നു അവർ പറയുകയുണ്ടായി.

അവർ പരാജിതരായി എങ്കിലും അവരുടെ ശ്രമം വെറും വിഫലമായിക്കലാശിച്ചതായി അവർ കരുതിയില്ല. ജൂൺ 8-ാം തീയതി അടിസ്ഥാനകൂടാരത്തിൽ നിന്നു സോമർവെൽ എഴുതിയ ഒരുകത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു. "ഞങ്ങൾ വളരെ ശ്രാന്തന്മാരായിത്തീൎന്നിരിക്കുന്നു എങ്കിലും, ഞങ്ങളുടെ ഭീകരശത്രുവിനോട്ട് പോരാടുന്നതിനു ഒരു സന്ദർഭം കിട്ടിയതിൽ അതിയായി സന്തോഷിക്കുന്നു. ഞങ്ങൾക്കു ആവലാധി പറയുന്നതിനായി യാതൊന്നും തന്നെയില്ല. ഞങ്ങൾ ഉദ്ദേശിച്ചിരുന്നതുപോലെ കൂടാരങ്ങൾ അടിക്കുന്നതിനു സാധിച്ചു. ചുമട്ടുകാർ അവരുടെജോലി പ്രശംസനീയമായി നിർവ്വഹിക്കുകയും ചെയ്തു. 27000 അടിഉയരത്തിൽപോലും സുഖസുഷുപ്തിയനുഭവിക്കുന്നതി

ന് ഞങ്ങൾക്ക ഭാഗ്യം സിദ്ധിച്ചു. അവസാനാരോഹണത്തിന് പ്രശാന്തവും, പ്രകാശസംപൂർണ്ണവുമായ ഒരു ദിവസവും ലഭിച്ചു. ഈ അനുകൂല സാഹചര്യങ്ങളെല്ലാം ഉണ്ടായിരുന്നിട്ടുപോലും ഞങ്ങൾക്ക ശൃംഗാഗ്രത്തിലെത്തുന്നതിന് സാദ്ധ്യമായില്ല. അതുകൊണ്ട് പൌരുഷത്തോടും, ഉത്തമ മനസ്ഥിതിയോടുംകൂടി ചെയ്ത എവറസ്റ്റ്യുദ്ധത്തിൽ ഞങ്ങൾ പരാജിതരായി എന്നു സമ്മതിക്കതന്നെ ചെയ്യുന്നു. ചതിവോ വഞ്ചനയൊ ഉപയോഗിച്ചല്ല എവറസ്റ്റ് ഞങ്ങളെ പരാജിതരാക്കിയത്. പർവ്വതത്തിന്റെ പൊക്കവും, ശ്വാസോച്ഛ്വാസ വൈഷമ്യങ്ങളും, ഞങ്ങളെ തോല്പിച്ചുകളഞ്ഞു.”

## അദ്ധ്യായം ൨൮.

### മാലൊറിയും ഐർവിനും.

അഞ്ചാമത്തു കൂടാരത്തിൽ നിന്നും പിൻതിരിയേണ്ടതായി വന്നപ്പോൾ മാലൊറിയുടെ ഹൃദയം ഏററവും തപ്തമായിത്തീൎന്നു. കാലാവസ്ഥ അനുയോജ്യമായിരുന്ന അവസരത്തിൽ ആകസ്മികമായുണ്ടായ അനിഷ്ടസംഭവങ്ങളാൽ ആയോധനം തുടരാതെ പിൻമാറേണ്ടതായി വന്നത് അദ്ദേഹത്തെ അതിയായി പ്രക്ഷുബ്ധനാക്കി. എങ്കിലും അദ്ദേഹത്തിന്റെ സ്ഥിരനിശ്ചയത്തിൽ നിന്നും വ്യതിചലിപ്പിക്കുന്നതിന യാതൊരു ഭൌമികശക്തിയ്ക്കും സാദ്ധ്യമല്ലായിരുന്നു. മുൻപോട്ടു കുതിയ്ക്കുന്നതിനായിട്ടുമാത്രമെ മാലൊറിക്ക പുറകോട്ടു മാറുവാൻ അറിയാമായിരുന്നൊള്ളു. അദ്ദേഹം 5–ാമത്തു കൂടാരത്തിൽ നിന്നും അവരോഹണം ചെയ്തുവെങ്കിൽ, അത് വീണ്ടും അതിവശക്തിയോടുകൂടെ മുൻപോട്ടു കയറുന്നതിനു മാത്രമായിരുന്നു. എവറസ്റ്റാരോഹണം മാലൊറിയുടെ ജീവിതത്തിലെ വെറും ഒരു യാദൃശ്ചികസംഭവമായിട്ടല്ല, പ്രത്യുത, ജന്മസാഫല്യമടയുന്നതിനുള്ള ഏകമാൎഗ്ഗമായിട്ടാണ് അദ്ദേഹം കരുതിയത്. നോർട്ടനെപ്പോലെ ഒരു വലിയ സംഘത്തിന്റെ നേതൃത്വം വഹിക്കുന്നതിനുള്ള ശേഷിയോ, സോമർവെല്ലിനെപ്പോലെ സദാപി പ്രസന്നതയോടുകൂ

ടിയിരിക്കുന്നതിനുള്ള മനശ്ശക്തിയോ, ഒരുവേള മാലൊറിയ്ക്കു ഇല്ലാതിരുന്നിരിക്കാം. എന്നാൽ, പ്രത്യേക സ്നേഹിതന്മാരുൾപ്പെട്ട ചെറുഗവേഷണസംഘങ്ങൾ നയിക്കുന്നതിന് അദ്ദേഹത്തിന് പ്രത്യേകമൊരു ജന്മവാസനയുണ്ടായിരുന്നു എന്നുള്ളതു് വിസ്മരിക്കത്തക്കതല്ല. എവറസ്റ്റാരോഹണസംഘം ഒരു മൂർത്തിയും, അതിൻെറ ദേഹി ഒരു മനുഷ്യനും, ആയിരിക്കാമെങ്കിൽ ആ ദേഹി മാലൊറി തന്നെയാണെന്നുള്ളതിനു തക്കമില്ല.

ചില പുതിയ ആരോഹണ പദ്ധതികളെപ്പററി ചിന്തിച്ചുകൊണ്ടു് മാലൊറി നാലാമത്തു ക്യാമ്പിൽനിന്നും മൂന്നാമത്തു ക്രടാരത്തിലേക്കു പ്രയാണം ചെയ്തു. അവിടെ എത്തിയതിൻെറശേഷം പ്രാണവായു ഉപകരണങ്ങൾ പരിശോധിക്കുകയും, അവയുടെ സഹായത്തോടുകൂടെ ഒരവസാനപരീക്ഷണം നടത്തുകയും ചെയ്യണമെന്ന് നിശ്ചയിച്ചു. പ്രാണവായു ഉപയോഗത്തിൽ സ്വതേ താല്പര്യമില്ലാതിരുന്ന മാലൊറിക്ക്, അമ്ളജനക സഹായംകൊണ്ടുമാത്രമെ എവറസ്റ്റിൽ എത്താൻ സാധിക്കുകയുള്ളു എന്ന് നിർബന്ധമുള്ളപക്ഷം അപ്രകാരം ചെയ്യുന്നതിന് വൈമുഖ്യമില്ലായിരുന്നു. കൂടാതെ സോമർവെല്ലും, നോർട്ടനും, അമിലതയുപയോഗിക്കാതെ ചെയ്ത അവസാനശ്രമം വിഫലമായി കലാശിച്ചതുകൊണ്ടു്, ആ വാതകസഹായം കൂടാതെയുള്ള അനന്തരോദ്യമങ്ങൾ ഫലശൂന്യമെന്ന് ന്യായമായി അനുമാനിക്കയുംചെയ്യാം.

മാലൊറി തൻെറ അനുചരനായി ഐർവിനെ തിരഞ്ഞെടുത്തു. ഇതിനു പ്രേരകമായ ഒരു സംഗതി ഐർവിന് പ്രാണവായൂപകരണങ്ങളുടെ കേടുപാടുകൾ പോക്കുവാൻ അറിയാമായിരുന്നുഎന്നുള്ളതാണ്. ഓഡലിനു അമിലതോപയോഗത്തിൽ വിശ്വാസമൊ, അതിൻെറ പ്രയോഗത്തെപ്പററി പരിജ്ഞാനമോ ഉണ്ടായിരുന്നില്ല. തൻമൂലം മാലൊറിയുടെ പ്രാണവായുസംഘത്തിൽ ഓഡലിനെ ഉൾപ്പെടുത്തുന്നകാര്യം അദ്ദേഹം ചിന്തിച്ചുതേയില്ല. കൂടാതെ മാലൊറിയും ഐർവിനും യോജിച്ച് ഒരു സംയുക്തശ്രമം തുടങ്ങണമെന്ന് അവക്ക് കുറേമുൻപെതന്നെ ആഗ്രഹമുണ്ടായിരുന്നു. ഈ ആഗ്രഹഫലമായി മാലൊറിയുടെ അഭിപ്രായഗതികളും ആരോഹണപദ്ധതികളുമൊക്കെ ഐർവിനോടുപറയുകയും അവർ ഇരുവരുംകൂടെ യോജിച്ച് ചില പദ്ധതികൾ തുടരണമെന്ന് നിശ്ചയിക്കുകയും ചെയ്തിരുന്നു. തൽഫലമായി അവർ രണ്ടുപേരും പ്രത്യേക സഹകരണ സന്നദ്ധ

തയിലും സൌഹാർദ്ദത്തോടു കൂടിയും ആണ് വർത്തിച്ചുപോന്നതു്.

പിന്നീടുണ്ടായ അനുഭവങ്ങളെ ആസ്പദമാക്കി നോക്കുന്ന പക്ഷംപ്രാണവായൂപയോഗം വളരെ ഫലവത്തായിരുന്നോ എന്ന് ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. പ്രാണവായു ഉപയോഗിക്കുന്നതിനേക്കാൾ ശരീരത്തിനു ആരോഗ്യപ്രദമായിട്ടുള്ളതു് സ്വതേ ശീതോഷ്ണസ്ഥിതി ശരീരത്തിനു് അനുയോജ്യമായിത്തീരുന്നതാണ് എന്നു പിന്നീടു മനസ്സിലായി. പ്രാണവായു ഉപയോഗിക്കാതെ കയറിയ ഓഡലിന് ൨൭,൦൦൦ അടി ഉയരം വരെ രണ്ടു പ്രാവശ്യം കയറാൻ സാധിച്ചു. മാലൊറിയും ഓഡലുംകൂടെ പോകുകയും അവസാനശ്രമം പ്രാണവായു ഉപയോഗിക്കാതെ നടത്തുകയും ചെയ്തിരുന്നുവെങ്കിൽ ഒരുവേള അവർക്കു പർവ്വതാഗ്രത്തിലെത്താൻ സാധിക്കുകയില്ലായിരുന്നോ എന്നു നമുക്കു സയുക്തികം അനുമാനിക്കാം. ചുമട്ടുകാരെ രക്ഷപ്പെടുത്തുന്നതിനുള്ള അതിസാഹസികവൃത്തിയിൽ നിന്നുൽഭൂതമായ കഠിനകായക്ലേശങ്ങളൊ വിവശതയോ ഒന്നും ഓഡലിനു ഉണ്ടായിരുന്നില്ല. എന്നുമാത്രമല്ല ആകെയുള്ള ആരോഹകന്മാരിൽ ഇനിയും കയററം തുടരുന്നതിനുള്ള ആരോഗ്യദാർഢ്യം ഉണ്ടായിരുന്നതും ഓഡലിനാണ്. 28100 അടിവരെ മാലൊറിക്കു കയറാൻ സാധിച്ചസ്ഥിതിക്കു അദ്ദേഹം ഓഡലിൻെറ കൂടെ കയറിയിരുന്നു എങ്കിൽ ഒരു പക്ഷെ ശൈലാഗ്രത്തിലെത്തുന്നതിനു സാധിക്കുമായിരുന്നു എന്നു അനുമാനിക്കാവുന്നതാണ്. അതല്ലാത്തപക്ഷം ഓഡലും ഐർവിനുംകൂടെ പ്രാണവായുഉപയോഗിക്കാത്തഒരുസംഘമായി പുറപ്പെട്ടു ശ്രമിച്ചിരുന്നെങ്കിലും മുകളിൽ എത്താൻ സാധിക്കുമായിരുന്നു എന്നു നമുക്കു അനുമാനിക്കാം.

എന്തിനാണ് നാം ഇപ്രകാരം മനോരാജ്യത്തിൽകൂടെ ചരിച്ച് സങ്കല്പിത വിജയസുഖം അനുഭവിക്കുന്നതു്. ഊഹങ്ങളും അനുമാനങ്ങളും കൊണ്ടെന്തുപ്രയോജനമാണുള്ളതു്? മാലൊറി ഒടുവിലത്തെ ആരോഹണശ്രമസജ്ജീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ നോർട്ടൻ 28100 അടി ഉയരം വരെ എത്തിയെന്നോ, ഓഡലിൻെറ ശരീരസ്ഥിതി, കാലസ്ഥിതിക്കനുയോജിച്ച് എത്രവേഗം വിധേയമായി വരുന്നു എന്നോ ഉള്ള വിവരങ്ങൾ ഒന്നും അറിഞ്ഞിരുന്നില്ല. പ്രത്യുത ഓഡലിൻെറ ദേഹസ്ഥിതി മററുള്ളവരുടേതിനോടൊപ്പം അനുയോജ്യമായിത്തിരുന്നില്ല എന്നാണ് അദ്ദേഹം തെററിദ്ധരിച്ചിരുന്നതു്. അ

തിനാൽ എവറസ്റ്റ് കൂടാഗ്രം പ്രാപിക്കുന്നതിനുള്ള ഏകമാൎഗ്ഗം പ്രാണവായു ഉപയോഗിച്ചുകൊണ്ടുള്ള ശ്രമമാണെന്ന് മാലൊറി പൂൎണ്ണമായി വിശ്വസിച്ചു.

ജൂൺ 3-ാം തിയതി മാലൊറിയും ബ്രൂസ്സും 5-ാമത്തു കൂടാരത്തിൽ നിന്ന് നേരെ മൂന്നാമത്തു കൂടാരത്തിലെത്തി. പ്രാണവായൂപകരണങ്ങൾ 6-ാമത്തു കൂടാരത്തിലേക്കു ചുമന്നു കൊണ്ടുപോകുന്നതിന് ചുമട്ടുകാരെ കിട്ടുമോ എന്നവർ അന്വേഷിച്ചു. കുറെ വിശ്രമം അനുഭവിച്ചതുകൊണ്ടും, കാലാവസ്ഥ പൂൎവ്വാപരി ആരോഗ്യപ്രദമായിത്തീൎന്നിരുന്നതിനാലും, ചുമട്ടുകാരുടെ വലിയ അവശത അല്പമൊന്നു മാറിയിരുന്നു. ബ്രൂസ്സിന്റെ നിർബന്ധപൂൎവ്വമുള്ള പ്രേരണയുടെ ഫലമായി അത്യാവശ്യത്തിനുള്ള ചുമട്ടുകാരേയും ലഭിച്ചു. ഈദൃശശ്രമങ്ങൾക്കിടയിൽ ഐർവിൻ പ്രാണവായുസംഭരണ സാമഗ്രികളുടെ കേടുപാടുകൾ തീൎത്തു അവയെ ഉപയോഗയോഗ്യമാക്കുകയായിരുന്നു. ഓഡൽ ഈ സമയത്തു 4-ാമത്തുകൂടാരത്തിലാണ്. അക്ഷീണനും സ്ഥിരോത്സാഹിയുമായ നോവെൽ ഉത്തരശൃംഗത്തിൽ, 23000 അടി ഉയരത്തിൽ, ക്യാമ്പ് സ്ഥാപിച്ച് ചലനചിത്രഛായാഗ്രഹണത്തിൽ ബദ്ധശ്രദ്ധനായിരിക്കയായിരുന്നു.

മൂന്നാം തീയതി സകലസജ്ജീകരണങ്ങളും പൂൎത്തിയായി. അന്ന് മാലൊറിയും, ഐർവിനും, പ്രാണവായു ഉപയോഗിച്ചുകൊണ്ട് കുറെ ചുമട്ടുകാരുമായി ഉത്തരകോളതരണം തുടങ്ങി. വിചാരിച്ചിരുന്നതിനെക്കാൾ വളരെവേഗത്തിൽ— രണ്ടര മണിക്കൂർ സമയംകൊണ്ട്— അവർ ഉത്തരകോളം കയറി. ഈ വിജയം ആരോഹകന്മാൎക്ക് പ്രാണവായു ഉപയോഗത്തിന്റെ അമൂല്യഫലങ്ങളെപ്പററി ദൃഢവിശ്വാസം നൽകി. എന്നാൽ ഓഡലിനുമാത്രം ഈ അനുഭവമൊന്നും അത്ര വിശ്വസനീയമായിത്തോന്നിയില്ല. ഉൽഗമനം തുടങ്ങിയതോടുകൂടെ ഐർവിന്റെ തൊണ്ടവേദന വല്ലാതെ വൎദ്ധിച്ചുവന്നു. പ്രാണവായു ഉപയോഗമാണിതിനു കാരണമെന്നാണ് ഓഡലിന്റെ അഭിപ്രായം.

പുതിയ ആരോഹണസംഘവും അവരുടെ സഹായസംഘവും ഉത്തരകോളത്തിലെ 4-ാമത്തു കൂടാരത്തിൽ എത്തിക്കഴിഞ്ഞു. ഇപ്പോൾ നാലാമത്തുക്യാമ്പും, അടിവാരക്യാമ്പു പോലെ മുകൾഭാഗത്തേയ്ക്കുള്ള ആരോഹണശ്രമത്തിന് ഒരു അടിസ്ഥാനത്താവളമായിത്തീൎന്നിരിക്കയാണ്. ഈ കൂടാരത്തെപ്പററി ഓഡൽ പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. മററു കൂടാരങ്ങൾപോലെ

ഇതു് പാറയിലല്ല നിൎമ്മിച്ചിരുന്നതു എന്നു് ഒരു വിശേഷവും ഇതിനുണ്ടായിരുന്നു. ഒരു ഹിമതലഭാഗത്തു സ്ഥാപിച്ചിരുന്ന ഈ ക്യാമ്പിനു് നാലു ശാഖാകൂടാരങ്ങൾ ഉണ്ടായിരുന്നു. അവയിൽ രണ്ടെണ്ണം ധ്വരമാരും മററു രണ്ടെണ്ണം ചുമട്ടുകാരും ഉപയോഗിച്ചു. കൂടാരമിരുന്ന ഹിമതലഭാഗത്തിൻെറ കൂട്ടതൽവീതി 30 അടിയാണു്. തുഷാരശകലരിതമായ ഒരു പ്രാകാരം ഈ ശിബിരത്തിൻെറ പശ്ചിമഭാഗത്തു് ഉയൎന്നുനിന്നിരുന്നതിനാൽ, ആ വശത്തുനിന്നും അനസ്യൂതമായി അടിച്ചുകൊണ്ടിരുന്ന കാററിൻെറ ഉപദ്രവം ഈ കൂടാരത്തിനു തട്ടിയില്ല. ഈ പ്രത്യേക സൌകൎയ്യമില്ലായിരുന്നു എങ്കിൽ ആരോഹകന്മാരുടെ വസനാലയം ഉപയോഗശൂന്യമാകുമായിരുന്നു. ഓഡൽ ഈ കൂടാരത്തിൽ ആകെ 11 ദിവസം താമസിച്ചിട്ടുണ്ടു്. 21000 അടിയിൽ കൂട്ടതൽ ഉയരത്തിൽ മനുഷ്യനു ഉറങ്ങാൻ സാധിക്കയില്ലെന്നു് കുറഞ്ഞൊരു കൊല്ലങ്ങൾക്കുമുമ്പുവരെ പലശാസ്ത്രജ്ഞന്മാരും ദൃഢമായി വിശ്വസിച്ചിരുന്നസ്ഥിതിക്കു ഓഡലിനു് 4-ാമതു കൂടാരത്തിൽ ഇത്രയും ദിവസങ്ങൾ താമസിക്കാൻ സാധിച്ചതു പ്രത്യേകം പ്രസ്താവാൎഹമാണു്.

നാലാമതു കൂടാരപ്രദേശത്തു പ്രത്യക്ഷപ്പെട്ടുന്ന കാലാവസ്ഥയുടെ ചില പ്രത്യേകതകൾ വിശിഷ്യ ആശ്ചൎയ്യകരങ്ങളാണു്. രണ്ടു ദിവസം മദ്ധ്യാഹ്നസമയങ്ങളിൽ ഘൎമ്മമാത്ര വെയിലത്തുവച്ചു അളന്നു നോക്കിയപ്പോൾ 105 ഡിഗ്രി വീതം ഉഷ്ണമുണ്ടെന്നു പ്രദ്യോതിപ്പിച്ചു. പ്രസ്തുത ദിവസങ്ങളിലും പ്രസ്തുത സമയങ്ങളിലും തണലത്തുവെച്ചു് ശീതോഷ്ണസ്ഥിതി അളന്നുനോക്കിയപ്പോൾ 29 ഡിഗ്രിയെന്നു കണ്ടു. ഇതെന്തൊരത്ഭുതം! ആതപത്തിലും ഛായയിലുമായി ഇത്രവലിയ വ്യത്യാസം ഭൂലോകത്തിൽ മറെറാരിടത്തും കാണ്മാൻ എളുപ്പമല്ല. സാധാരണ വെയിലത്തും തണലത്തുമായി തുഛമായ ഒരു വ്യത്യാസമെ കാണുകയുള്ളു. അവിടത്തെ വായുമണ്ഡലപ്രകൃതവും സാധാരണയിൽനിന്നു വിഭിന്നമായിരുന്നു. അവിടെയും മഞ്ഞുണ്ടായിരുന്നു എങ്കിലും അന്തരീക്ഷപ്രകൃതി ശുഷ്കമായിട്ടാണു് കണ്ടതു്. ആ പ്രദേശത്തെ സൂൎയ്യാതപം കൊണ്ടു് മഞ്ഞുരുകി ജലരൂപമാകാതെ നേരെ ആവിയായി പോകയാണു് ചെയ്യുന്നതു്. അതിനാൽ ആ ഭാഗത്തെങ്ങും ഊററുകളൊ ഉറവകളോ യാതൊന്നും ഉണ്ടായിരുന്നില്ല.

ഈ അനന്യസാധാരണമായ പ്രകൃതിസ്ഥിതികളിൽപോലും ഓഡലിനു സഹിച്ചു കൂടാത്തതായ ബുദ്ധിമുട്ടു തോന്നിയി

ല്ലെന്നാണ് അദ്ദേഹം പറയുന്നതു്. കുറച്ചു ദിവസങ്ങൾ അവിടെത്താമസിച്ചപ്പോൾ ഈ അസാധാരണ പ്രകൃതി സ്ഥിതികളും സഹനീയമായിത്തീൎന്നു. വലിയ ദേഹാദ്ധ്വാനങ്ങൾ ഉണ്ടായപ്പോൾ മാത്രമെ അദ്ദേഹത്തിന് അവശതയും പാരവശ്യവും തോന്നിയുള്ളു.

സോമർവെല്ലും നോർട്ടനും അവരുടെ അവസാനശ്രമം കഴിഞ്ഞു പരാജിതരായി ജൂൺ 4—ാം തീയതി 4—ാമതു കൂടാരത്തിലെത്തി. അവൎക്കു കയറാൻ സാധിച്ചതായ ഏററവും ഉയരത്തിൽനിന്നു 6—ാമത്തേയും 5—ാമത്തേയും കൂടാരങ്ങളിൽ താമസിക്കാതെ നേരിട്ടു 4—ാമതു കൂടാരത്തിലേക്കു അവർ ഇറങ്ങുകയാണ് ചെയ്തതു്. സോമർവെൽ ചുമച്ചു് ചുമച്ചു് ശ്വാസംപോലും വിടാൻ വഹിയാതെ കഠിനമായി ക്ലേശിച്ചു. ഹിമാന്ധത (Snow blindness) എന്ന നയനരോഗം കൊണ്ടു് നോർട്ടൻ അന്നു് പരിപൂൎണ്ണ അന്ധനായിത്തീൎന്നു. നാം മുൻപു പ്രസ്താവിച്ചതുപോലെ അവർ നിരാശാഭാരം നിറഞ്ഞ ഹൃദയങ്ങളോടുകൂടെയായിരുന്നു അവിടെ എത്തിയതു്. പക്ഷെ ന്യായാനുസൃതം നോക്കിയാൽ നിരാശയ്ക്കൊന്നും അവൎക്കവകാശമില്ലായിരുന്നു. അവർ 28100 അടി ഉയരത്തിൽ എത്തിയതിൻെറ ശേഷം ഇപ്പോൾ വിശ്രമാൎത്ഥം താമസിക്കാൻ വന്നിരിക്കുന്നതു് 23000 അടി ഉയരത്തിലുള്ള കൂടാരത്തിലേയ്ക്കല്ലയോ? കുറെ സംവത്സരങ്ങൾക്കു മുമ്പു് ഉത്തരകോളക്കൂടാരത്തിലെത്തിയവരെ വലിയ വിരന്മാരായി ഗണിച്ചിരുന്ന സ്ഥിതിക്കു 28100 അടി ഉയരത്തിലെത്താൻ സാധിച്ച ഈ ആരോഹണപടുക്കൾ എത്രമാത്രം പ്രശംസാൎഹരാണ്? ഇതുവരെ ലോകത്തിലുള്ള മററാൎക്കും 28100 അടിവരെ കയറാൻ സാധിച്ചിട്ടില്ലാത്ത സ്ഥിതിക്കു അവർ ലോകത്തിലെ ഏററവും പ്രഖ്യാതന്മാരായ ആരോഹണവിദഗ്ധന്മാർ എന്ന പേരു സമ്പാദിച്ചു കഴിഞ്ഞില്ലേ? അതിനാൽ ഇതൊരു വലിയ വിജയമായി ഗണിക്കരുതോ? എവറസ്റ്റ് അഗ്രത്തിൽ എത്താൻ സാധിച്ചില്ലല്ലോ എന്നുള്ളതായിരുന്നു അവരുടെ ഖേദകാരണമെങ്കിൽ അതിനും സമാധാനമുണ്ടു്. ഇതാ! മാലൊറി 'വിജയം അല്ലെങ്കിൽ മരണം' എന്ന പോർവിളിയോടുകൂടെ എവറസ്റ്റിനെ അഭിമുഖീകരിക്കാൻ തയ്യാറായിരിക്കുന്നു! ആ അമാനുഷിക വീരൻെറ സ്ഥിരനിശ്ചയം അനന്യ മനുഷ്യസാധാരണംതന്നെ. വിജയത്തിനുള്ള സകലശ്രമങ്ങളും ചെയ്തുനോക്കാതെ എളുപ്പത്തിൽ കീഴടങ്ങുന്ന ഭീരുത്വ സ്വഭാവത്തിൻെറ കണിക

പോലും മാലൊറിയ്ക്കില്ലായിരുന്നു. മാലൊറിയുടെ അതുല്യമായ മാനസിക ശക്തിയും, കായദാർഢ്യവുംകൊണ്ടു് എവറസ്റ്റാരോഹണ സാഹസത്തിന് ഏററവും അനുയോജ്യൻ അദ്ദേഹമാണെന്നു നോർട്ടൻ പ്രബലമായി വിശ്വസിച്ചു. മാലൊറിയുടെ സഹചരനായി ഐർവിനെക്കൊണ്ടു പോകുന്ന കാര്യത്തിൽ നോർട്ടനു തൃപ്തിയില്ലായിരുന്നു. പർവ്വതാരോഹണത്തിൽ ഓഡലിനെപ്പോലെ ഐർവിന് പരിചയമില്ലാതിരുന്നതാണ് നോർട്ടൻെറ അതൃപ്തിക്കു കാരണം. മാലൊറി സംഘരൂപീകരണവും, ആരോഹണ പദ്ധതികളും മററും നിശ്ചയിച്ചു കഴിഞ്ഞു പോയതുകൊണ്ടു് ഇനി അവയെ ഭേദപ്പെടുത്തുവാൻ ആജ്ഞാപിക്കുന്നതു് യുക്തമല്ലെന്നു വിചാരിച്ചാണ് നോർട്ടൻ മാലൊറിയുടെ അഭീഷ്ടം അംഗീകരിച്ചതു്.

ഹിമാന്ധതകൊണ്ടു് അതിയായി ക്ലേശിച്ചിരുന്ന നോർട്ടൻെറ കൂടെ 4-ാമത്തു ക്യാമ്പിൽ മാലൊറി ഒരുദിവസം താമസിച്ചു. അനന്തരം 6-ാംനു രാവിലെ മാലൊറിയും ഐർവിനും, നാലു ചുമട്ടുകാരും കൂടെ പുറപ്പെട്ടു. അപ്പോൾ മാലൊറിയുടെ ചിന്താവീചികൾ എന്തായിരുന്നിരിക്കണം? താൻ തരണം ചെയ്യാനുദ്യമിക്കുന്ന ആപൽസിന്ധുവിൻെറ അഗാധതയും ഭയങ്കരതയും എത്രമാത്രമുണ്ടെന്ന് അദ്ദേഹം ചിന്തിച്ചിരിക്കണം. വെറും അജ്ഞന്മാരെപ്പോലെ ആപൽഗർത്തത്തിലേക്കു വിചാരശൂന്യമായി ചാടാനൊരുമ്പെടുന്ന മടയനല്ല മാലൊറി. അദ്ദേഹം എവറസ്റ്റിലെ അപകടങ്ങൾ കണ്ടും, അനുഭവിച്ചും നന്നായി മനസ്സിലാക്കിയിട്ടുള്ള ആളാണ്. തന്നെയുമല്ല അദ്ദേഹം ഇപ്പോൾ മൂന്നാമത്തെ പ്രാവശ്യമാണ് ആരോഹണം നടത്തുന്നതു്.

മാലൊറിയുടെ ആയോധന സംരംഭത്തിൽ ഉണ്ടാകാവുന്ന ആപത്തുകളെ അദ്ദേഹം വിശദമായി മനസ്സിലാക്കിയിരുന്നു. അവയെ സധീരം തരണംചെയ്യുന്നതിന് സന്നദ്ധനായതുകൊണ്ടുതന്നെയാണ് അദ്ദേഹം വീണ്ടും ശ്രമിക്കാമെന്നുവച്ചതു്. ധൈര്യശാലിയും സമർത്ഥനുമായിരുന്നതുപോലെതന്നെ മാലൊറി പ്രതിഭാശാലിയും, ഭാവനാശക്തി ഉള്ളവനും ആയിരുന്നു. വിജയം ലബ്ധമായാൽ അനന്തരഫലമെന്തായിരിക്കുമെന്ന് അദ്ദേഹം സ്വമനോദർപ്പണത്തിൽ പ്രസ്പഷ്ടമായി ദർശിച്ചു. എവറസ്റ്റ് ഭൌമിക ശക്തികളുടെ ഒരു മൂർത്തീകരണമാണ്. മനുഷ്യൻെറ ആത്മീയചൈതന്യമാണതിനോടു് യുദ്ധംചെയ്യേണ്ടതു്. മാലോറിയ്ക്കു

എവറസ്റ്റ്വിജയം സാദ്ധ്യമായാൽ ലോകത്തിലെ പർവ്വതാരോഹണ വിദഗ്ദ്ധന്മാരുടെ ഇടയിൽ അദ്ദേഹത്തിനുണ്ടാക്കാവുന്ന ആഹ്ളാദ സംഭ്രമ സമ്മിശ്രമായ അത്ഭുതം എത്രമാത്രമെന്ന് അദ്ദേഹം അനുമാനിച്ചു. തനിക്കു വിജയം കരഗതമായാൽ സ്നേഹിതന്മാക്കും, പര്യടനസംഘത്തിനും ഉണ്ടാകാവുന്ന സീമാതീതമായസന്തോഷം എത്രയെന്നദ്ദേഹം ദിവാസ്വപ്ന ദശനംചെയ്തു. തന്റെ വിജയഫലമായി ലോകത്തിനു പൊതുവെ യുണ്ടാകാവുന്ന പർവതാരോഹണാശക്തിയും, വിശിഷ്യ മാതൃരാജ്യമായ ഇംഗ്ലണ്ടിന് ലഭിക്കാവുന്ന സ്തുത്യർഹമായ പ്രശസ്തിയും, മാലൊറിയ്ക്കുതന്നെ യുണ്ടാകാവുന്ന വിശ്വവിഖ്യാതിയും എല്ലാംകൂടെ ചിന്തിച്ചപ്പോൾ തന്റെജീവൻ വെടിഞ്ഞിട്ടെങ്കിലും ഈ ഉഗ്രസാഹസത്തിൽ—ലോകാരംഭംമുതൽ ഇന്നുവരെ ആക്കും സാധിക്കാത്ത മഹനീയകൃത്യത്തിൽ– വിജയമടയണമെന്ന് അദ്ദേഹം ദൃഢദൃഢമായി ഉറച്ചിരിക്കണം. യൂറോപ്പിലെ മഹാപർവ്വതമായ ആൽപ്സിലെ ഉത്തുംഗശൃംഗങ്ങൾ തരണംചെയ്തപ്പോൾ അദ്ദേഹത്തിന്റെഹൃദയം സന്തോഷാധിക്യത്താൽ എത്രമാത്രം തുടിച്ചതാണ്. ആസ്ഥിതിക്കു ലോകൈക പർവ്വതകുലവരേണ്യനായ ഹിമവാന്റെ ഗംഭീരശിരോപരിയെത്താൻ സാധിച്ചാൽ അദ്ദേഹം പാരത്രികമായ പരമാനന്ദംതന്നെ അനുഭവിക്കയില്ലെ? മാലൊറിക്ക് തൃതീയശ്രമത്തിലും ഭഗ്നോത്സാഹകനായി പിൻതിരിയുന്നതിനേക്കാൾ സന്തോഷപ്രദമായിത്തോന്നിയത് നിശ്ചയമായും മരണംതന്നെയാണ്. മൂന്നാമത്തെ്ശ്രമത്തിലും പരാജയമടയുന്നതിന് ഇടയായാൽ അതിൽനിന്നുൽഭൂതമാകുന്ന അതീവദുഃഖം, ഒരു ആരോഹകനെന്ന നിലയിലോ, ഒരു കലാവിദഗ്ദ്ധനെന്ന നിലയിലൊ ഒരു മനുഷ്യനെന്നനിലയിൽത്തന്നെയോ സഹിച്ചുകൊണ്ടു ജീവിക്കുവാൻ മാലൊറിക്കു കഴിയുമായിരുന്നില്ല.

മാലൊറിയെക്കാൾ പരിചയം കുറഞ്ഞ ഐർവിൻ അപകടങ്ങളുടെ യഥാർത്ഥസ്ഥിതി ശരിയായി മനസ്സിലാക്കിയിരിക്കാൻ മാർഗ്ഗമില്ല. വിജയത്തിന്റെ വിവിധ ഫലങ്ങളും മാലൊറിയെപ്പോലെ തന്നെ പൂർണ്ണമായി സങ്കല്പിക്കുന്നതിനു അദ്ദേഹം ശക്തനല്ല. എങ്കിലും അദ്ദേഹത്തിന്റെ സ്ഥിരനിശ്ചയം മാലൊറിയുടെതിനേക്കാൾ ഒട്ടും മാററു കുറഞ്ഞതല്ലായിരുന്നു. "വിജയം അല്ലെങ്കിൽ മരണം" എന്ന മുദ്രാവാക്യമായിരുന്നു അദ്ദേഹം സ്വീകരിച്ചതു്. ജീവൻ ത്യജിച്ചിട്ടെങ്കിലും ഏതു വിധേനയും ശൃംഗശിരോഗ്രത്തിൽ എത്തിയാൽ മതിയെന്നു അനിയ

ന്ത്രിതമായി ആഗ്രഹിച്ചിരുന്ന സമയത്താണ് മാലൊറിയുടെ കൂ ടെ കയറുന്നതിനു സൌകര്യം ലഭിച്ചതു്. ഇപ്രകാരമൊരു സ ന്ദർഭം കിട്ടിയപ്പോൾ അദ്ദേഹം അതിനെ ഹൃദയംഗമമായി സ്വീ കരിക്കുകയും ചെയ്തു.

ഈദൃശ മനസ്ഥിതികളോടുകൂടി അവരിരുവരും ജൂൺ 6–ാംതിയതി പ്രഭാതത്തിൽ ഉൽഗമനം തുടങ്ങി. മൂന്നാംകൂടാ രത്തിൽനിന്നു ഇവിടെ എത്തിയിരുന്ന ഓഡലും ഹസ്സാർഡും ആരോഹകന്മാൎക്കു മൃഷ്ടാന്നമായ ഒരു ഭക്ഷണം തയ്യാറാക്കികൊ ടുത്തു. കണ്ണുകാണാൻ വഹിയാതിരുന്ന നോർട്ടൻ, മാലൊറി യ്ക്കും സഹചരനും വിജയമാശംസിച്ചു. കൃത്യം 8–30 നാണ് അ വർ (വിജയം അഥവാ മരണത്തിനുള്ള) യാത്ര തിരിച്ചതു്. അ വരുടെ ചുമടുകൾ ഉദ്ദേശം 25 റാത്തൽ വീതം ഉണ്ടായിരുന്നു. ശയ്യോപകരണങ്ങളും ഭക്ഷണസാധനങ്ങളും ചുമക്കുന്നതിനായി എട്ടു ചുമട്ടുകാരും അവരെ അനുഗമിച്ചു.

അന്നത്തെ പ്രഭാതം രമണീയമായിരുന്നു. മദ്ധ്യാഹ്ന ത്തോടുകൂടെ അന്തരീക്ഷം കാർമേഘപടലങ്ങളാൽമ്ളാനമായി. സായാഹ്നത്തിൽ ഹിമവൎഷവും ഉണ്ടായി എങ്കിലും അതു് തീരെ അസഹനീയമായിരുന്നില്ല. മാലോറിയുടെകൂടെപ്പോയ ചുമട്ടുകാ രിൽ നാലുപേർ അന്നുതന്നെ അഞ്ചാംകൂടാരത്തിൽനിന്ന് തിരി ച്ചെത്തി. അവർ മാലൊറിയുടെ പക്കൽനിന്നും ഒരുകത്തുംകൊ ണ്ടു വന്നിട്ടുണ്ടായിരുന്നു. 5–ാമതു കൂടാരസ്ഥാനത്തു് വലിയകാ റ്റും പിശറുമൊന്നും ഇല്ലെന്നും, ആകപ്പാടെ ആശാദായകമാ യ സ്ഥിതികളാണ് കാണുന്നതെന്നും അതിൽ എഴുതിയിരുന്നു. 7–ാം തീയതി മാലൊറിയും കൂട്ടുകാരും 6–ാമതു താവളത്തിലേ ക്കുപോയി. അന്നുതന്നെ ഓഡൽ സഹായാൎത്ഥം 5–ാമത്തെ കൂടാരത്തിൽ എത്തി. ഓഡലുംകൂടെ മാലൊറിയുടെ സംഘത്തിൽ ചേൎന്നു മൂന്നു പേരടങ്ങിയ ഒരു സംഘമായിപ്പോയിരുന്നെങ്കിൽ കുറേക്കൂടെ നന്നായിരിക്കുമായിരുന്നു. പൎവ്വതാരോഹണത്തിന് ഏററവും യോജിച്ച തുക മൂന്നാണ്. പക്ഷെ ലഘുവായിരുന്ന കൂ ടാരങ്ങളിൽ രണ്ടുപേരിലധികം ആളുകൾക്കു താമസിക്കുന്നതി നുള്ള യാതൊരു സൌകൎയ്യവുമില്ലായിരുന്നു. ഒരു ചെറുകൂടാരം കൂടെ മുകളിലേക്ക് കൊണ്ടുപോകയെന്നുവച്ചാൽ അതിന് ചുമ ട്ടുകാരുണ്ടായിരുന്നുമില്ല. അതിനാൽ മുൻപേ പോയവരെ സഹാ യിക്കുന്നതിനെന്നവണ്ണം അവരെ അനുധാവനം ചെയ്യുന്നതിനു മാത്രമെ ഓഡലിനു സാദ്ധ്യമായുള്ളു.

മാലൊറിയും ഐർവിനും നാലുചുമട്ടുകാരോടുകൂടി 6-ാമത്തെ കൂടാരത്തിലെത്തി. നോർട്ടനും സോമർവെല്ലും ചെയ്ത ധീരപ്രവൃത്തിയുടെ ഫലം മാലൊറിക്കും അനുഭവമായി. നോർട്ടനെ അനുഗമിച്ച ചുമട്ടുകാർ 6—ാമത്തു കൂടാരത്തിൽ ചെന്നിരുന്നതുകൊണ്ട് ഇപ്പോൾ മാലൊറിയെ അനുഗമിക്കുന്ന ചുമട്ടുകാക്ക് 6-ാമത്തുക്യാമ്പിലെത്തുകയെന്നുള്ളത് ഒരു വെറും സാധാരണകാര്യമായിത്തോന്നി. മനുഷ്യർ ഇതേവരെ കയറിയിട്ടില്ലാത്ത സ്ഥലത്തു ചുമട്ടുകാരോടു പോകണമെന്നു പറയുമ്പോൾ അവക്ക് പ്രകൃത്യാ ഒരു ഭയം ജനിക്കുവാൻ ഇടയുണ്ട്. മാലൊറിയും ഐർവിനും 6—ാമത്തെ കൂടാരത്തിൽ എത്തിയതിൻെറ ശേഷം ചുമട്ടുകാരെയെല്ലാം തിരിയെ പോകുന്നതിനനുവദിച്ചു. മാലൊറി അവർ വശം ഓഡലിൻെറ പേക്ക് ഒരു കത്തും കൊടുത്തയച്ചു. 6—ാമത്തു കൂടാരപ്രദേശത്തെ കാലാവസ്ഥ അനുയോജ്യതമമാണെന്നും പ്രാണവായൂപകരണം ആരോഹണത്തിനു വളരെ ഭാരമേറിയ ഒരു ചുമടു തന്നെയാണെന്നും അതിൽ പ്രസ്താവിച്ചിരുന്നു.

അന്നുസായാഹ്നത്തിൽ ഓഡൽ അഞ്ചാം ക്യാമ്പിൽനിന്നു വെളിയിലേക്കു നോക്കിയപ്പോൾ അന്തരീക്ഷസ്ഥിതിയും കാലാവസ്ഥയും വളരെ അനുകൂലപ്രദമായിക്കണ്ടു. മാലൊറിയും ഐർവിനും എത്ര സന്തോഷത്തോടുകൂടെയായിരിക്കും അന്നുരാത്രി നിദ്രാദേവിയെ ഉപാസനം ചെയ്‌വാൻ പോകുന്നതെന്നോർത്തു ഓഡൽ അതിയായി സന്തോഷിച്ചു. ആകപ്പാടെ അവക്ക് വിജയം ലഭിക്കുന്നതിനുള്ള സകല സാഹചര്യങ്ങളും കാണുന്നുണ്ടായിരുന്നു. ദൈവാനുഗ്രഹംകൂടെ ഉണ്ടെങ്കിൽ നിശ്ചയമായും അവർ വിജയികളാകും.

ഇനിയുള്ള സംഗതികളെ സംബന്ധിച്ചു നമുക്കു ശരിയായ യാതൊരുവിവരവുമില്ല. മാലൊറിയും ഐർവിനും അടുത്ത ദിവസം രാവിലെ എപ്പോൾ പുറപ്പെട്ടുവെന്നോ മാർഗ്ഗമദ്ധ്യേയുണ്ടായ വിശേഷങ്ങൾ എന്തെന്നോ നമുക്കു ശരിയായി അറിഞ്ഞുകൂടാ. ഏതോ കാരണവശാൽ അവർ നിശ്ചയിച്ചിരുന്നതിൽനിന്നു കുറെ താമസിച്ചായിരിക്കണം 6—ാമത്തു കൂടാരത്തിൽ നിന്നു ഭയങ്കരയുദ്ധം ചെയ്തു വീരസ്വർഗ്ഗം പ്രാപിക്കേണ്ട പോക്കളത്തിലേക്കു പുറപ്പെട്ടതു്. മാലൊറിയുടെ മനുഗണനയനുസരിച്ച് 8 മണിക്കു എത്തേണ്ടതായ ഒരു സ്ഥലത്തേക്കു അവർ കയറുന്നതായിട്ടാണ് പുറകേ പോയ ഓഡൽ 12-50 നു വളരെ ദൂരെയായി അവരെ കണ്ടതു്. ആരോഹകന്മാർ 6—ാമ

ത്തു ക്യാമ്പിൽ നിന്നും പുറപ്പെട്ടതു ഉദ്ദിഷ്ടസമയം കഴിഞ്ഞു വളരെ താമസിച്ചാണെന്നു ഇതിൽനിന്നും ഊഹിക്കാം. തലേദിവസം സായാഹ്നത്തിലെ അന്തരീക്ഷ സ്ഥിതികൾ കണ്ടപ്പോൾ പിറേറദിവസം പ്രസന്നമായിരിക്കുമെന്നു ഓഡൽ പ്രത്യാശിച്ചു. പക്ഷെ നേരം വെളുത്തപ്പോൾ ആ സ്ഥിതിയൊക്കെ മാറിക്കണ്ടു. പർവ്വതത്തിൽ ധാരാളം മൂടൽമഞ്ഞു് വ്യാപിച്ചിരുന്നു. ഓഡൽ നിന്നിരുന്ന ഭാഗത്തു മൂടൽമഞ്ഞുണ്ടായിരുന്നെങ്കിലും മാലൊറിയും ഐർവിനും കയറുന്ന പ്രദേശത്തു അതില്ലാതെയിരിക്കുന്നതിനും ഇടയുണ്ടായിരിക്കാമെന്നു വിചാരിച്ചു. മാലൊറിയുടെയും ഐർവിൻേറയും ആരോഹണ ഗതിയെ തുടർച്ചയായി മനസ്സിലാക്കുന്നതിനു ഓഡലിൻെറ അക്ഷികൾക്കു സാധിച്ചില്ല. മേഘ സമൂഹങ്ങളും മൂടൽമഞ്ഞും ഓഡലിൻെറ ദൃഷ്ടിപഥങ്ങളെ പൂർണ്ണമായി മറച്ചു. ഓഡൽ നയനങ്ങളുടെ സകല ശക്തികളും ഉപയോഗിച്ചുനോക്കി. ആ മൂടൽ മഞ്ഞിൽക്കൂടെ അസ്പഷ്ടമായി മിന്നൽവേഗത്തിൽ ഒരു നിമിഷനേരത്തേക്കു ഓഡൽ അവരെക്കണ്ടു.

അദ്ദേഹം 26,000 അടി ഉയരത്തിലുള്ള ഒരു പാറക്കൂട്ടത്തിൽ കയറി നോക്കിയപ്പോൾ അദ്ദേഹത്തിൻെറ ദൃഷ്ടിപഥങ്ങൾ സ്പഷ്ടമായി വരുന്നതായിത്തോന്നി. മേഘങ്ങൾ ഭിന്നിച്ചുപോയതിനാൽ തൻെറ ദൃഷ്ടികളെ അവയ്ക്കിടയിൽക്കൂടെ വിദൂരത്തിലേക്കു പായിക്കുന്നതിനു ഓഡലിനു സാധിച്ചു. എവറസ്റ്റ് ശിഖാപാദവും, പര്യന്തപർവ്വതാഗ്രങ്ങളും അദ്ദേഹത്തിൻെറ അക്ഷികൾക്കു ഗോചരമായി. വളരെ ദൂരെ ധവളിമ കലന്ന ഒരു മഞ്ഞിൻ ചരുവിൽക്കൂടെ മുകളിലുള്ള പാറയിലേയ്ക്കു എന്തോ ഒരു ചെറുജീവി ക്രമശഃ മാറുന്നതായി അദ്ദേഹം കണ്ടു. അല്പം കഴിഞ്ഞു വേറൊരു ചെറു ജീവിയും പുറകെ കയറുന്നതായികണ്ടു. ഏതാണ്ടു ജീവനുള്ള രണ്ടു പൊട്ടുകൾപോലെ മാത്രമെ അദ്ദേഹത്തിനു ആരോഹകന്മാരെ കാണാൻ കഴിഞ്ഞൊള്ളു. ആദ്യം കണ്ടജീവി പാറയുടെ മുകളിൽ എത്തി. ഓഡൽ അത്യൽക്കണ്ഠയോടെ ഈ സംഭ്രമജനകമായ കാഴ്ചയിൽ ലീനനായി നില്ക്കുമ്പോൾ ഒരു കാർമേഘതിരസ്കരണി പിന്നെയും അദ്ദേഹത്തിൻെറ ദൃഷ്ടിപഥങ്ങളെ മറച്ചുകളഞ്ഞു. ഹാ! മാലൊറിയേയും ഐർവിനേയും അവസാനമായിക്കണ്ട കാഴ്ച ഇതായിരുന്നു. അവരുടെ അനന്തരചരിത്രം യാതൊരു ലോകജീവിക്കും ജ്ഞേയമല്ല. ഹാ! കഷ്ടം.

# അദ്ധ്യായം ൨൫.

## ഓഡൽ.

ഇനി നമുക്കു സംഭ്രമജനകവും, ഹൃദയസ്പൃക്കും ആയ ഓഡലിൻെറ ഗതികളെ അനുധാവനം ചെയ്യാം. മാലൊറിയേയും ഐർവിനേയും സഹായിക്കുകയായിരുന്നല്ലൊ അദ്ദേഹത്തിൻെറ പ്രധാന കടമ. മാലൊറി പ്രഭൃതികൾ ഉത്തരകോളത്തിൽനിന്നു തിരിച്ചതിൻെറ പിറേറന്നാൾ ഓഡൽ ഒരു ചുമട്ടുകാരനുമായി 5—ാമത്തു കൂടാരത്തിലെത്തി. മാലൊറിയുടെ കൂടെ പോയിരുന്ന നാലു ചുമട്ടുകാരും 6—ാമത്തു കൂടാരത്തിൽ നിന്ന് അപ്പോൾ 5—ാമത്തു ക്യാമ്പിലെത്തിയിട്ടുണ്ടായിരുന്നു. ഓഡലിനേ അനുഗമിച്ച ചുമട്ടുകാരനും തീരെ വിവശനായിത്തീന്നിരുന്നതിനാൽ അയാളെയും മുൻപ്രസ്താവിച്ച നാലുപേരുടെ കൂടെ പൎവ്വതപാദത്തിലേക്കയച്ചു.

അനന്തരം 25300 അടി ഉയരത്തിലുള്ള 5—ാമത്തു ക്യാമ്പിൽ ഓഡൽ സധൈൎയ്യം ഏകനായി കഴിച്ചുകൂട്ടുവാൻ നിശ്ചയിച്ചു. ഇതിനു മുമ്പ് ലോകത്തിൽ ഒരുത്തൎക്കും ഇതുപോലെയൊരു അനുഭവം ഉണ്ടായിരിക്കാൻ ഇടയില്ല. അന്നു സായാഹ്നം ശാന്തമായും പ്രസന്നമായും ഇരുന്നു. തൻമൂലം മുൻപേ പോയിരിക്കുന്ന മാലൊറിക്കും, ഐർവിനും, അടുത്ത ദിവസം എവറസ്റ്റിൻെറ മുകളിലെത്താൻ സാധിക്കുമെന്നു് ഓഡൽ പൂൎണ്ണമായി വിശ്വസിച്ചു. പശ്ചിമഭാഗത്തു് അതി ദന്തുരങ്ങളായി കാണപ്പെട്ട ശൃംഗപംക്തികൾ ഏററവും നയനാനന്ദകരമായിരുന്നു. കിഴക്കുഭാഗത്തു് വിദൂരത്തിൽ ഹിമാവരണമായ കാഞ്ചനശിഖരം പ്രത്യക്ഷപ്പെട്ടു. ഉത്തരഭാഗത്തും പ്രൌഢഗംഭീരങ്ങളായ അനേകം ശൃംഗപരമ്പരകൾ കാണാമായിരുന്നു.

ഓഡൽ ഇതിനുമുൻപിൽ പല പൎവ്വതങ്ങളും തനിയെ തരണം ചെയ്യുകയും, ശൈലശിഖരഭാഗത്തുനിന്നു് തപ്തസുവൎണ്ണമായ സൂൎയ്യാസ്തമനം കണ്ടാനന്ദിക്കയും ചെയ്തിട്ടുണ്ടു്. എങ്കിലും ഓഡൽ ഈ അവസരത്തിൽ അനുഭവിച്ചതുപോലെ ഒരു പരമാനന്ദാനുഭൂതി ഇതിനു മുൻപോ പിൻപോ, അനുഭവിക്കുകയുണ്ടായിട്ടില്ല എന്നാണ് അദ്ദേഹം പ്രസ്താവിക്കുന്നതു്. ഇതു വാസ്തവമായിരിക്കാം. ഓഡൽ അപ്പോൾ സ്ഥിതിചെയ്തതു് ഭയദ

ക്തി സ്തോഭവികാരങ്ങളെ ഹൃദയത്തിൽ ജനിപ്പിക്കുന്നതിന് ഏററവും പൎയ്യാപ്തമായ ഒരു ഭയാനക ഭൂവിഭാഗത്തായിരുന്നല്ലൊ. അദ്ദേഹം ആ ഘട്ടത്തിൽ ദൈവിക സാന്നിദ്ധ്യത്തോട് വളരെ സമീപിച്ചിരുന്നിരിക്കണം. സകലചരാചര നാഥനായ സച്ചിദാനന്ദ സ്വരൂപിയുടെ സ്വർഗ്ഗീയ മഹിമാവും, സാത്വികതയും, മാഹാത്മ്യവും, ശക്തിയും, ശാന്തിയുമെല്ലാം അദ്ദേഹത്തിന് പ്രത്യക്ഷമായി. ഇത്ര ഭക്തിജനകവും, തൽസമയം തന്നെ ഭയാനകവും ദൈവിക ദൎശിതവുമായ ഒരു സ്ഥലത്ത് ഏകാകിയായി—ജീവനുള്ള യാതൊരു ജന്തുക്കൾപോലും അടുത്തില്ലാതെ—സ്ഥിതി ചെയ്തിരുന്ന അവസരത്തിൽ അദ്ദേഹത്തിൻെറ മനസ്സ് ആശയഗ്രഹണത്തിന് ഏററവും അനുയോജ്യമായിരുന്നിരിക്കണം. അദ്ദേഹത്തിൻെറ മനസ്സിൽ ആ അവസരത്തിൽ മുദ്രണം ചെയ്യപ്പെട്ട ആശയങ്ങൾ ഹൃദയത്തെ എത്രമാത്രം സ്പൎശിച്ചിട്ടുണ്ടെന്നുള്ളതു ഒരുവേള അദ്ദേഹം അപ്പോൾ ശരിയായി മനസ്സിലാക്കിയിരുന്നില്ലെങ്കിലും, പിന്നീട് ഒരു സന്ദൎഭത്തിൽ— ഈ സാഹസികവൃത്തിയിൽ നിന്നുൽഭൂതമായ അനിഷ്ടങ്ങളും ക്ലിഷ്ടതകളും എല്ലാം കാലയവനികയ്ക്കുള്ളിൽ മറഞ്ഞപ്പോൾ— നന്നായി മനസ്സിലാക്കുകയും, ആഹ്ളാദിക്കുകയും, ചെയ്തിരിക്കുമെന്നുള്ളതിന് സന്ദേഹമില്ല.

സൂൎയ്യാസ്തമനം ചേതോഹരവും, രാത്രി പ്രശാന്തഭയാനകവും ആയിരുന്നു. ഇളംനീലിമ കലൎന്ന അംബരവീഥിയിൽ പ്രത്യക്ഷപ്പെട്ട താരഗണങ്ങൾ സുപ്രഭങ്ങളും മനോരമ്യങ്ങളുമായിരുന്നു.

അന്നത്തെ ഉഷസ്സും മനോജ്ഞമായിരുന്നു. ബാലാൎക്കൻെറ ശോണിത രശ്മികൾ ക്രമേണ പ്രകാശപൂൎണ്ണവും, തപ്തവുമായിത്തീരുകയാണുണ്ടായതു്. ചുരുക്കിപ്പറഞ്ഞാൽ ഒരു എവറസ്റ്റ് ആരോഹകനേയും പ്രകൃതി സ്ഥിതി ഇതിനുമേൽ അനുഗ്രഹിക്കാനില്ല തന്നെ. ഓഡലിനു ലഭിച്ചതായ ഈ അതീവഭാഗ്യം അദ്ദേഹത്തെ ആനന്ദതുന്ദിലനാക്കി.

അടുത്ത ദിവസം പ്രഭാതത്തിൽ ഓഡൽ ഉണൎന്നു. പൎയ്യടനസംഘത്തിൻെറ വിജയമോ പരാജയമോ നിശ്ചയിക്കുന്ന അവസാന മഹൽദിനം ആഗതമായി. പ്രാതഃഭക്ഷണപാകത്തിനും വസ്ത്രധാരണത്തിനുമായി രണ്ടുമണിക്കൂർ സമയം വേണ്ടിവന്നു. ഭക്ഷണസാധനങ്ങൾ നിറച്ച ഒരു സഞ്ചിയും പുറത്തു വഹിച്ചുകൊണ്ട് അദ്ദേഹം 8 മണിയോടുകൂടെ 6-ാമത്തു കൂടാരത്തിലേ

ക്ക തിരിച്ചു. അന്നു പൊതുവെ പ്രകൃതി ശാന്തമായി കാണപ്പെട്ടതുകൊണ്ട് മാലൊറിയും ഐർവിനും, 6—ാമതു ശിബിരത്തിൽ നിന്നു തിരിച്ച അന്നുതന്നെ എവറസ്റ്റ് വിജയം കരസ്ഥമാക്കുമെന്ന് ഓഡൽ പ്രത്യാശിച്ചു. കാററിൻെറ സ്വഭാവവും അവക്കു ഉപദ്രവകരമായിരിക്കാൻ മാർഗ്ഗമില്ല. ഒരുപക്ഷെ ഈ സമയം മാലൊറി എവറസ്റ്റ് ശിഖരപാദത്തിൽ നിന്ന് മുകളിലേയ്ക്കു കയറുന്നുണ്ടായിരിക്കുമെന്ന് ഓഡൽ വിചാരിച്ചു. മുഖപർവ്വതത്തിൻെറ ഉപരിഭാഗത്തു കൂടെ പോകാതെ ഒരു വശത്തുകൂടെ എവറസ്റ്റിലേക്കടുക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിമതം. അദ്ദേഹം ഒരു ഭൂഗർഭശാസ്ത്രജ്ഞനായിരുന്നതിനാൽ ആരോഹണ മദ്ധ്യേ പർവ്വതഘടനയും, തൽപ്രകൃതിവിശേഷങ്ങളും കൂടെ നിരീക്ഷിക്കേണ്ടിയിരുന്നു. പർവ്വതോപരിഭാഗങ്ങൾ ചുണ്ണാമ്പുകല്ലുകൾകൊണ്ട് നിർമ്മിതമായി കാണപ്പെട്ടു. ഈ ചുണ്ണാമ്പ് പ്രകൃതി, സാധാരണ കടലിനടിയിലാണ് കാണപ്പെടുന്നത്. അതിനാൽ അനേകസഹസ്രം യുഗങ്ങൾക്ക് മുമ്പ് എവറസ്റ്റ് സാഗരാന്തർഭാഗത്ത് സ്ഥിതിചെയ്തിരുന്നു എന്ന് നമുക്കു സകാരണം വിശ്വസിക്കാം

അഞ്ചും ആറും കൂടാരങ്ങളുടെ ഏതാണ്ടു മദ്ധ്യമാർഗ്ഗത്തിൽവെച്ചാണ് നാം മുമ്പു പ്രസ്താവിച്ച പ്രകാരം ഓഡൽ മാലൊറിയേയും ഐർവിനേയും ഒരു കണ്ണു കണ്ടതു്. "നേരം ഇത്രയും പുലന്നിട്ടും അവർ ആ ഭാഗത്തു മാത്രമെ എത്തിയുള്ളല്ലോ. അവക്കു അവിചാരിതമായി യാതൊരു പ്രതിബന്ധവും ഉണ്ടായിരുന്നില്ലെങ്കിൽ ആ ഭാഗത്തു എത്തിയാൽ പോരാ. അവിടെ നിന്നും വളരെ ഉയരത്തിൽ എത്തേണ്ടതാണ്" എന്നിങ്ങനെയുള്ള ചിന്താഗതിയിൽ ലയിച്ച് തൻെറ ശാന്തമായ പാദങ്ങളെ അദ്ദേഹം 6—ാമതു കൂടാരത്തിലേക്കു നയിച്ചു. രണ്ടു മണിയോടുകൂടെ അവിടെ എത്തി. ഹിമപാതവും കാററും തുടങ്ങി. 6—ാമതു കൂടാരത്തിനുള്ളിൽ രണ്ടു നിദ്രാസഞ്ചികളും പ്രാണവായുക്കുഴലുകളും കുറേ ഉടുപ്പുകളും മററും ഇരിപ്പുണ്ടായിരുന്നു. മാലൊറി യാതൊരു കുറിപ്പും അവിടെ എഴുതി വച്ചിട്ടില്ലായിരുന്നതിനാൽ അവർ എപ്പോൾ അവസാനയുദ്ധയാത്ര തിരിച്ചുവെന്നോ താമസിക്കാൻ കാരണമെന്തെന്നോ യാതൊന്നും ഓഡലിനു മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഹിമവർഷം വർദ്ധിച്ചു കണ്ടപ്പോൾ മാലൊറിയും ഐർവിനും അഗ്രത്തിലെത്തുന്നതിനു മുമ്പു തന്നെ പിൻതിരിയാൻ നിർബന്ധിതരായിത്തീരുകയില്ലയോ എന്നദ്ദേ

ഹം സംശയിച്ചു. 6—ാമത്തെ ക്യാമ്പ് ഒരു പാറക്കൂട്ടത്തോടു ചേൎന്ന് ഏതാണ്ടൊരു വിദൂരഭാഗത്തായിരുന്നതിനാൽ ദൂരെനിന്നും ഈ സ്ഥലം കണ്ടുപിടിക്കുന്നതിനു വളരെ വിഷമമായിരുന്നു. മൂടൽമഞ്ഞും ഹിമവൎഷവും എല്ലാം വൎദ്ധിച്ചുവരികയാണെങ്കിൽ മാലൊറിയും ഐർവിനും തിരിയെ ഇറങ്ങിവരുമ്പോൾ ഈ കൂടാരം കണ്ടുപിടിക്കുന്നതിനു വളരെ വിഷമിക്കാൻ ഇടയുണ്ടായിരുന്നു. ഈദൃശചിന്തകളുടെ ഫലമായി ഓഡൽ കൂടാരത്തിനുവെളിയിലിറങ്ങി എവറസ്റ്റ് ശൃംഗാഭിമുഖമായി പത്തിരുന്നൂറടി കൂടെ കയറിയിട്ട്, മാലോറിയും ഐർവിനും തിരിയെവന്ന് വിളികേൾക്കുന്നിടത്തെങ്ങാനും വഴിതെറ്റി വിഷമിക്കുന്നുണ്ടോ എന്നറിയാനായി ഉച്ചൈസ്സരം വിളിക്കുകയും, കൂവുകയും മറ്റും ചെയ്തുനോക്കി. മഞ്ഞു വളരെയധികം വൎദ്ധിച്ചുതന്നെ വന്നു. ഓഡലിനു പത്തുമുപ്പതടിയിൽ കൂടുതൽദൂരം യാതൊന്നും കാൺമാൻ വഹിയാത്തവിധത്തിൽ അന്തരീക്ഷം അത്ര ഘനീഭവിച്ചും തമോമയമായും ഇരുന്നു. ഒരു മണിക്കൂറോളം ഈ അതിശൈത്യത്തിലും ഇരുളിലും നിന്നിട്ട് മാലോറിയെയോ ഐർവിനേയൊ കാണാൻ സാധിച്ചില്ല. അദ്ദേഹത്തിനു തീരെ നില്പാൻ വഹിയാ എന്നായപ്പോൾ തിരിയെ കൂടാരത്തിലേക്കുതന്നെ തിരിച്ചു. അവിടെയെത്തി കുറേ കഴിഞ്ഞപ്പോൾ അന്തരീക്ഷം ക്രമേണ തെളിഞ്ഞുതുടങ്ങി. കുറെസമയം കഴിഞ്ഞപ്പോൾ ഉത്തരമുഖ പൎവ്വതോപരിഭാഗം മുഴുവനും സൂൎയ്യപ്രകാശത്തിൽ നിമഗ്നമായിക്കണ്ടു. എവറസ്റ്റ് ശിഖരപാദഭാഗങ്ങളും ഓഡലിനു ക്രമേണ പ്രത്യക്ഷപ്പെട്ടു. എങ്കിലും ആരോഹകന്മാരുടെ യാതൊരുലക്ഷ്യവും അവിടെയെങ്ങും കാൺമാനുണ്ടായിരുന്നില്ല.

ഓഡൽ കിംകൎത്തവ്യതാമൂഢനായി. സ്നേഹിതന്മാരെ അന്വേഷിച്ച് ഇനിയും മുകളിലേക്കു പോകുകയൊ, കൂടാരത്തിൽ അവരെ കാത്തിരിക്കുകയൊ, ഏതാണ് ചെയ്യേണ്ടതെന്ന് സംശയിച്ച് അന്നുതന്നെ ഉത്തരകോളത്തിലെത്തി. 4—ാമത്തു ക്യാമ്പിൽനിന്ന് സകല സാധനങ്ങളുമായി 3—ാമത്തു ക്യാമ്പിലേയ്ക്കിറങ്ങാൻ തയ്യാറായിരുന്നുകൊള്ളണമെന്ന് ആവശ്യപ്പെടുന്ന ഒരു കത്തായിരുന്നു ഓഡലിന് മാലൊറിയിൽനിന്ന് അവസാനമായി കിട്ടിയതു്. മാലൊറിയും ഐർവിനും 6—ാമത്തു കൂടാരത്തിൽ തിരിയെ എത്തുന്നതിനു മുൻപുതന്നെ ഓഡൽ അവിടെനിന്നും ഇറങ്ങിക്കൊള്ളുണമെന്ന് ആവശ്യപ്പെട്ടിരുന്നതിന്റെ പ്രധാനകാരണം 6—ാമത്തു കൂടാരത്തിൽ രണ്ടിലധികം ആ

ളുകൾക്ക താമസിക്കാൻ നിവൃത്തിയില്ലാതിരുന്നിട്ടാണ്. ഓഡൽ മാലൊറിയെകാത്തു് 6—ാമത്തു കൂടാരത്തിൽ അധികസമയം നിന്നാൽ തിരിയെ അദ്ദേഹത്തിന് 5—ാമത്തു കൂടാരത്തിലെങ്കിലും എത്തുന്നതിന്ന സാധിക്കയില്ല. അപ്പോൾ വെളിയിൽ തുറന്ന സ്ഥലത്തു് കിടന്നുറങ്ങേണ്ടതായിവരും. 27000 അടി ഉയരത്തിൽ തുറസ്സായസ്ഥലത്തു കിടന്നുറങ്ങിയാൽ ആതു നിത്യനിദ്രയായി പരിണമിക്കയും ചെയ്യും.

ഈമാതിരി പരസ്പരവിരുദ്ധങ്ങളായ ചിന്തകളാൽ പ്രേരിതനായി കുറെനേരം സംശയാധീനനായിരുന്നതിൻെറശേഷം, അദ്ദേഹം മാലൊറിയുടെ മുൻപ്രസ്താവിച്ച കത്തിലെ നിർദ്ദേശാനുസരണംതന്നെ ചെയ്യുകയെന്ന നിശ്ചയിച്ചു. ഉടനെതാൻ കൊണ്ടുവന്നിരുന്ന ഭക്ഷണസാധനങ്ങളിൽനിന്ന് അല്പംമാത്രംഎടുത്തു് ഭക്ഷിച്ചതിൻെറശേഷം, അതിൽ ഭൂരിഭാഗവും സ്നേഹിതന്മാക്കായി ഉദ്ദേശിച്ച കൂടാരത്തിനുള്ളിൽ ഭദ്രമായി സൂക്ഷിച്ചുവെച്ചു. അനന്തരം കൂടാരദ്വാരവും അടച്ച് 4-30 നോടുകൂടെ ഓഡൽ 'വടക്കകിഴക്കൻെറ' മുകളിൽനിന്നും അതിവേഗത്തിൽ അവരോഹണം തുടങ്ങി. മാലൊറിയെ പുറകെയെങ്ങാനും കാണാമെന്നുള്ള പ്രത്യാശയാൽ അദ്ദേഹം ചിലസ്ഥലങ്ങളിൽ ഇടയ്ക്കിടയ്ക്കുനിന്ന് അസകൃൽ പുറകോട്ട് തിരിഞ്ഞുനോക്കി. പക്ഷെ അവയെല്ലാം വെറും നിരാശാജനകങ്ങളെ ആയിരുന്നുള്ളു. 6-15 ആയപ്പോഴേയ്ക്കും ഓഡൽ 5—ാമത്തു ക്യാമ്പും കടന്നു. അവിടെ കയറേണ്ട കാര്യമില്ലാതിരുന്നതിനാൽ നേരെതാഴത്തേക്ക തന്നെ തിരിച്ചു. അവരോഹണം വിചാരിച്ചിരുന്നതിലും വേഗമായിക്കണ്ടതുകൊണ്ട് മാലൊറിയും മററും ഒരുവേള എവറസ്റ്റ്ശിഖരത്തിൽ നിന്ന് ഇറങ്ങാൻ ഉദ്ദേശിച്ചിരുന്ന സമയം കഴിഞ്ഞു് ഇറങ്ങിയാലും രാത്രിയാകുന്നതിന്ന മുമ്പിൽ നിശ്ചയമായും അവക്ക 6-ാമത്തു കൂടാരത്തിൽ എത്താൻ സാധിക്കുമെന്ന ഓഡലിന്ന തോന്നി. അരമണിക്കൂർസമയംകൊണ്ട് അദ്ദേഹം 5-ാമത്തു കൂടാരത്തിൽ നിന്ന 4-ാമത്തെ കൂടാരത്തിലെത്തി.

നല്ല ചൂടുചായയും സൂപ്പും നൽകിക്കൊണ്ടു ഹാസ്സാർഡ് ഓഡലിന്ന സ്വാഗതമരുളി. അനന്തരം ഓഡലും ഹാസ്സാർഡും കൂടെ മാലൊറിയേയും ഐർവിനേയും അന്വേഷിച്ച് ആ ഭാഗങ്ങളെല്ലാം പരിശോധിച്ചു. മാലൊറിയും ഐർവിനും അവരോഹണം ചെയ്യുമ്പോൾ രാത്രിയായിപ്പോയതുകൊണ്ടു ഒരു

വേള അവക്ക വഴിതെററിയേക്കുമോ എന്നവർ ശങ്കിച്ചു. പക്ഷെ മങ്ങിയ നിലാവെളിച്ചമുണ്ടായിരുന്നതിനാൽ ഏതു പ്രകാരവും അവർ ഉപരിഭാഗത്തുള്ള ഏതെങ്കിലും ഒരു കൂടാരത്തിൽ എത്താതിരിക്കയില്ലെന്ന അവർ സമാശ്വസിച്ചു.

പിറേറദിവസം രാവിലെ ഓഡൽ കുഴൽക്കണ്ണാടിയുപയോഗിച്ച് വിദൂരത്തിൽ സ്ഥിതിചെയ്തിരുന്ന 5-ം 6-ം ക്യാമ്പുകളുടെ പരിസരങ്ങൾ പരിശോധിച്ചു. അവരുടെ യാതൊരുലക്ഷണവും കണ്ടില്ല. ഓഡലിൻെറ ഹൃദയത്തിൽ കത്തവ്യബോധം അതിശക്തിയായി ഉയന്നു. സ്വജീവനെ ബലികഴിച്ചെങ്കിലും തൻെറ സ്നേഹിതന്മാരെ അന്വേഷിച്ചു കണ്ടുപിടിക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. മാലൊറിയേയും ഐർവിനേയും പററി വല്ല വിവരങ്ങളും ലഭിച്ചാൽ അപ്പോൾതന്നെ അതു ഹസ്സാർഡിനെ അറിയിക്കുന്നതിനായി ഓഡൽ അദ്ദേഹത്തോടു ചില സങ്കേതങ്ങൾ അഥവാ അടയാളങ്ങൾ പറഞ്ഞു നിശ്ചയിച്ചു. ആരോഹകന്മാരെ അപകടമൊന്നും കൂടാതെ കണ്ടെത്തുന്ന പക്ഷം പകലാണെങ്കിൽ നിദ്രാസഞ്ചികൾ കൊണ്ടു ചില അടയാളങ്ങൾ കാണിക്കാമെന്നും അഥവാ രാത്രിയിലായാൽ വിദ്യുതദീപം കൊണ്ട് (റോർച്ചുലൈററ്) ചില അടയാളങ്ങൾ കാണിക്കാമെന്നും പറഞ്ഞ് അപകടവും രക്ഷയും സൂചിപ്പിക്കുന്നതായ ചിഹ്നങ്ങൾ ഓഡൽ മനസ്സിലാക്കി. അനന്തരം വളരെയധികം നിർബന്ധിച്ചതിൻെറ ഫലമായി രണ്ടു ചുമട്ടുകാർകൂടി അദ്ദേഹത്തിൻെറ കൂടെ പോകാമെന്ന് സമ്മതിച്ചു. 12-15 ആയപ്പോൾ അവർ പുറപ്പെട്ടുകഴിഞ്ഞു. ആരോഹണം തുടങ്ങിയതോടെ അതിശീതളമായ പ്രചണ്ഡവാതവും ആരംഭിച്ചു. ചുമട്ടുകാർ വല്ലാതെ ശ്ലഥിതഗാത്രരായി. മൂന്നര മണിയോടുകൂടെ 5—ാമതു കൂടാരത്തിലെത്തി. അന്നു സന്ധ്യയ്ക്കു മുമ്പു 6-ാമതു കൂടാരത്തിൽ എത്തുന്നതിന് നിവൃത്തിയില്ലാതിരുന്നതിനാൽ അന്നു 5—ാമതു കൂടാരത്തിൽത്തന്നെ രാത്രി താമസിക്കുകയെന്നുവച്ചു. ഇതുവരെ മാലൊറിയുടെയും ഐർവിൻെറയും യാതൊരു ലക്ഷണങ്ങളും കണ്ടില്ല. എല്ലാം അന്ധകാരമയമായും നിരാശാജനകമായും കാണപ്പെട്ടു.

കാലാവസ്ഥ പ്രക്ഷുബ്ധമായും പ്രതികൂലമായും ഇരുന്നു. ഉഗ്രമാരുതൻ കൂടാരങ്ങളേയും അതിനുള്ളിലുള്ള ആളുകളേയും കൂടെ വായുവിൽക്കൂടെ പറപ്പിച്ച് വല്ല വിദൂര ഗത്തത്തിലും നിപതിപ്പിച്ചേക്കുമോ എന്നവർ ഭയന്നു. രാത്രിയിൽ കാററും ഹി

മവഷവും അതിയായി വൎദ്ധിച്ചു. കഴിവുള്ള സകല പ്രതിവിധികളും ചെയ്തിട്ടും തണുപ്പിന്റെ കാഠിന്യത്തിൽനിന്നു രക്ഷപെടുന്നതിനു സാധിച്ചില്ല. രണ്ടു നിദ്രാസഞ്ചികൾക്കുള്ളിൽ കയറി ഓഡലിനുണ്ടായിരുന്ന സകല ഉടുപ്പുകളും വസ്ത്രങ്ങളും ഉപയോഗിച്ചിട്ടും അദ്ദേഹം വിറച്ചു തുള്ളിപ്പോയി.

പ്രഭാതമായിട്ടും തണുപ്പിനോ കാററിനോ വലിയ കുറവൊന്നും കണ്ടില്ല. ചുമട്ടുകാരെ ഉണൎത്താൻ ശ്രമിച്ചിട്ടു അവർ എഴുനേൽക്കാൻ പോലും ശക്തരാകാതെ കാണപ്പെട്ടു. അവരെ കൊന്നാൽപോലുംഒരടിമുന്നോട്ടുവയ്ക്കുന്നതിന് സന്നദ്ധരല്ലായിരുന്നു. വളരെ വിഷമിച്ച് അവൎക്കു തീരെ സുഖമില്ലെന്നും വല്ല വിധേനയും ഇറങ്ങിരക്ഷപ്പെടണമെന്നേആഗ്രഹമുള്ളുവെന്നും അവർ ഓഡലിനെ ഒരുവിധത്തിൽ മനസ്സിലാക്കി. ചുമട്ടുകാരെ മുകളിലേക്കു കയററാനുള്ള ശ്രമം വിഫലമെന്നു കണ്ടപ്പോൾ ഓഡൽ അവരെ താഴത്തേക്കയച്ചു. അനന്തരം കൎമ്മനിരതനായ അദ്ദേഹം—കൎമ്മവീരനായ ഓഡൽ— ഏകനായി അനന്തമായ ഏകാന്തതയിൽ കൂടെ തനിയെ, സമസൃഷ്ടിസ്നേഹത്താൽ പ്രേരിതനായി തന്റെ സ്നേഹിതന്മാരെ അന്വേഷിച്ചു പുറപ്പെടാമെന്നു നിശ്ചയിച്ചു. ഓഡലിന്റെ കൎത്തവ്യകൎമ്മനിൎവ്വഹണത്തിനുള്ള പ്രവൃത്തി സന്നദ്ധത ലോകത്തിനു ഒരു മകുടോദാഹരണമായി എന്നാളും പരിലസിക്കട്ടെ!

ഓഡൽ ചുമട്ടുകാരെ താഴത്തേക്കയച്ചതിന്റെ ശേഷം ഏകനായി 6—ാമത്തു ക്യാമ്പിലേയ്ക്കു പുറപ്പെട്ടു. ഇപ്രാവശ്യം അദ്ദേഹം പ്രാണവായുക്കുഴലുകൾ കൂടെ എടുത്തിട്ടുണ്ടായിരുന്നു. രണ്ടു ദിവസം മുൻപു അദ്ദേഹം തന്നെ ആ നാളങ്ങൾ അവിടെ വച്ചിരുന്നതാണ്. പ്രാണവായുപ്രയോഗത്തിൽ വലിയ വിശ്വാസമൊന്നും സ്വതേ ഇല്ലാതിരുന്നു എങ്കിലും ഒരു വേള കയററത്തിനു അല്പം സഹായമായിത്തീരുകയില്ലയോ എന്നു സംശയിച്ചതുകൊണ്ടു മാത്രമാണ് അദ്ദേഹം അവ എടുത്തതു്. പക്ഷെ അനുഭവത്തിൽ ഇതും വെറും വിഫലമെന്നു തന്നെ കണ്ടു. കാററിന്റെ ഉഗ്രമായ പ്രവാഹഗതിയിൽ നിന്നു രക്ഷപെടുന്നതിനുവേണ്ടി ചില കല്ലുകളുടെ വിള്ളലുകളിലും കന്ദരങ്ങളിലും മററു് അഭയസ്ഥാനങ്ങളിലും കയറി അല്പാല്പം വിശ്രമിച്ചുകൊണ്ടു മാത്രമെ കയറാൻ കഴിഞ്ഞൊള്ളു. തൻമൂലം ആരോഹണം വളരെ മന്ദമായിരുന്നു. പ്രാണവായു ക്രമമായി ഉപയോഗിച്ചു നോക്കിയിട്ടു ഒരു പ്രയോജനവും കാണാഞ്ഞതുകൊണ്ട് അതു

ക്രമാതീതമായി കുറേയധികം ശ്വാസിച്ചുനോക്കി. എന്നിട്ടും പറയത്തക്ക യാതൊരുവിശേഷവും കണ്ടില്ല. ഉടനെ ഓഡൽ ഈ ഉപദ്രവം നിശ്ശേഷം വേണ്ടെന്നും വച്ചു. അനന്തരം അന്നിമിഷം അനേകം പ്രാവശ്യം ശ്വാസോഛ്വാസം ചെയ്തുകൊണ്ടു സാവധാനത്തിൽ ഗതി തുടന്നു. ഇപ്രകാരം അദ്ദേഹം ഒരു തരത്തിൽ 6—ാമത്തു കൂടാരത്തിലെത്തി.

ഓഡൽ മുൻദിവസം അവിടെനിന്നു ഇറങ്ങിപ്പോന്നപ്പോൾ ആ കൂടാരം എപ്രകാരമായിരുന്നോ അതുപോലെ തന്നെ ഇപ്പോഴും കാണപ്പെട്ടു. അതിനുള്ളിൽ മനുഷ്യൻ കയറിയതായ ഒരു ലക്ഷണവും കണ്ടില്ല. മാലൊറിയും ഐർവിനും മരിച്ചുപോയിരിക്കുമെന്നുള്ള സംശയം ഇതാ നിശ്ചയമായിക്കഴിഞ്ഞു.

മാലൊറിയും ഐർവിനും എവിടെവച്ച് എങ്ങനെ അപകടത്തിൽ പെട്ടു മരിച്ചു? ഗർവിഷ്ഠനായ എവറസ്റ്റിൻെറ പ്രൌഢശിരസ്സ് ചവുട്ടി മർദ്ദിച്ചു കീഴ്പ്പെടുത്തിയതിനു ശേഷമാണോ, അവർ മരിച്ചതു്? ഈ വിവരങ്ങളാണ് ഇനി നമുക്കറിയേണ്ടതു്. മാലൊറിയും ഐർവിനും അവരോഹണമാർഗ്ഗമായി സ്വീകരിക്കാൻ ഇടയുണ്ടായിരുന്ന ഒരു പഥം അവലംബിച്ച് ഓഡൽ പര്യന്വേഷണം തുടന്നു. എവറസ്റ്റിൻെറ മുഖം ക്രുദ്ധമായിത്തന്നെ കണ്ടു. മൂടൽമഞ്ഞു് ആ ഗന്ധർവ്വൻെറ മുഖത്തെ ബീഭത്സമാക്കിത്തീർത്തു. ഉഗ്രമായ ഒരു ശീതവാതപ്രവാഹത്താൽ ആ അജയ്യരാക്ഷസൻ നാനാദിഗന്തങ്ങളും നടുങ്ങുമാറ് ഘോരമായി ഗർജ്ജിച്ചുകൊണ്ടിരുന്നു. ഓഡൽ രണ്ടു മണിക്കൂറിലധികം സമയം ആ പരിസരപ്രദേശങ്ങളെല്ലാം പരിശോധിച്ചു. സൂച്യഗ്രചതുരസ്തംഭാകാരമായ എവറസ്റ്റ് ശൃംഗവും പരിതസ്ഥലങ്ങളും കൂലങ്കഷമായി പരിശോധിക്കുന്നതിനു പ്രത്യേകമൊരുസംഘം രൂപവൽക്കരിക്കാതെ ഒരു വ്യക്തിയെക്കൊണ്ടുമാത്രം ഒരു നാളും സാദ്ധ്യമല്ല. അതിനാൽ ഓഡൽ അത്യന്തം വ്യസനാഭിഭൂതനായി ഭഗ്നോത്സാഹകനായി ജീവച്ഛവമായി 6—ാമത്തു കൂടാരത്തിലേക്കു തിരിച്ചു.

അവിടെ ചഞ്ചലഹൃദയനായി ഏററവും പരിഭ്രമത്തോടുകൂടെ കൂടാരത്തിനുള്ളിൽനിന്നു നിദ്രാസഞ്ചികൾ രണ്ടും വലിച്ചു പുറത്തുകൊണ്ടുവന്നു. അനന്തരം ഹിമാവൃതമായതും തുക്കനെ കിടക്കുന്നതുമായ ഒരു പാറയിൽ ചുവടുകൾവെട്ടിക്കയറി ആ നിദ്രാസഞ്ചികൾ ഇംഗ്ലീഷിലെ T എന്ന അക്ഷരത്തിൻെറ

ആകൃതിയിൽ ആ ഹിമഭിത്തിയിൽ സ്ഥാപിച്ചു. ഇതു 4000 അടി താഴെയുള്ള കൂടാരത്തിൽനിന്നു അത്യുൽക്കണ്ഠയോടെ നോക്കിക്കൊണ്ടിരുന്ന ഹസ്സാർഡിനും കൂട്ടുകാക്കും മാലൊറിയെപ്പററിയും ഐർവിനെപ്പററിയും യാതൊരു വിവരവും ലഭിച്ചില്ല എന്നുള്ള അറിയിപ്പായിരുന്നു.

ഈ സങ്കടകരമായ സങ്കേതം സ്ഥാപിച്ചതിന്റെ ശേഷം കൂടാരത്തിനുള്ളിൽകയറി മാലൊറിയുടെവക വടക്കുനോക്കിയന്ത്രവും ഐർവിന്റെ പ്രാണവായുക്കുഴലും എടുത്തുകൊണ്ടു കൂടാരദ്വാരവും അടച്ച് ഓഡൽ അവരോഹണം തുടങ്ങി. ഓഡലിന്റെ ജീവിതത്തിലെ ഏററവും പ്രധാനമായ ആ അത്യാപൽഘട്ടത്തിൽ അദ്ദേഹം ഒരു നിമിഷനേരത്തേക്കു പിൻതിരിഞ്ഞു, ആ സമയത്തും അതിഭയാനകഭാവത്തോടെ രൂക്ഷമായിനോക്കിക്കൊണ്ടിരുന്ന എവറസ്റ്റിന്റെ മുഖത്തേക്കു ഒന്നു നോക്കി. അഹോ! ആ നോട്ടം ഓഡൽ ഒരിക്കലും മറക്കയില്ല. എപ്പോഴെങ്കിലും ആ കാഴ്ച്ച അദ്ദേഹത്തിന്റെ സ്മൃതിപഥത്തിൽ എത്തിയാൽ അദ്ദേഹം രോമാഞ്ചകഞ്ചുകിതനാകാതിരിക്കയില്ല. തന്റെഗുപ്താറകളെപരിശോധിക്കുന്നതിന് അഹങ്കാരികളായിവന്ന ആരോഹകന്മാരെ എവറസ്റ്റ് പരിഹാസപൂർവ്വം നോക്കുന്നതുപോലെ ഓഡലിനു അപ്പോൾ തോന്നി. എങ്കിലും ആ ഗംഭീരമുഖത്തിനു ഏതോ ഒരു അവിവക്ഷിതമായ മഹാത്മ്യവും, ആകഷ്ണീയതയും ഉണ്ടെന്ന് ഓഡലിന്റെ ഹൃദയം അദ്ദേഹത്തോടു വചിച്ചു, അഗ്നിയുടെ പ്രകാശം കണ്ട് ശലഭങ്ങൾ അതിൽവീണു സംതൃപ്തിയടയുന്നില്ലയോ? അനേകായിരം ഈച്ചകൾ അനലന് ആഹാരമായിത്തീന്നാലും പിന്നെയും അഗ്നിദശ്നം ചെയ്ത ചെറുപ്രാണികൾ അഗ്നിയാൽ ആവൃതരായിത്തീരുന്നില്ലേ? ഇതുപോലെ തന്നെ എവറസ്റ്റ് അവിവക്ഷിതവും അനിയന്ത്രിതവും ആയ ഒരാകഷ്ണശക്തിയാൽ മനുഷ്യരെ ആകൃഷ്ടരാക്കിത്തീക്കുന്നു. ഈ ആകഷ്ണശക്തിയായിരിക്കണം ആരോഹകന്മാരെ എവറസ്റ്റിലേക്കു നയിക്കുന്നതെന്നു ഓഡൽ അപ്പോൾ ചിന്തിച്ചു. എവറസ്റ്റ് സൂച്യഗ്രത്തിൽ നിക്ഷിപ്തമായിരിക്കുന്ന പരമരഹസ്യ ശക്തിയും ഇതുതന്നെയായിരിക്കാം. വലിയ ഒരു പവ്വതം ഗംഭീരവും ഭയാനകവും ആയിരിക്കുന്നതുപോലെ ആകഷ്ണീയവും സ്വാഗതാശംസവുമാണ്. മനുഷ്യൻ ശൃംഗാഗ്രത്തിലേക്കു അടുക്കുന്തോറും ഈ ഭാവനാരിതമായ ആകഷ്ണശക്തി വർദ്ധമാനമായിട്ടാണ് കണ്ടുവരുന്ന

തു്. മനുഷ്യൻെറ ശക്തിയുടെയും ധൈര്യത്തിൻെറയും അവസാന അണുക്കൾകൂടെ അവനെ വിട്ടുപിരിയുമ്പോൾ മാത്രമെ ആ ശൈലസാമ്റാട്ടിനു അവൻെറ പേരിൽ ഭയമുണ്ടാകയുള്ളു. മഹൽപർവ്വതങ്ങൾക്കു മനുഷ്യൻെറ വീര്യത്തെ വലിച്ചെടുക്കാനുള്ള ശക്തിയുള്ളതുകൊണ്ടാണ് അവൻെറ വീര്യം എത്രമാത്രമുണ്ടെന്നറിയുന്നതിനു മനുഷ്യൻ ഈദൃശസംരംഭങ്ങളിൽ ഏർപ്പെടുന്നതു്.

മനുഷ്യജീവിതത്തിൻെറ പരമ രഹസ്യങ്ങളിൽ പ്രധാനമായ ഒന്ന്, അതിഭയാനകവും ആപൽക്കരവുമായ സംഗതികൾ മനുഷ്യനെ അവയിൽ നിന്നും ഓടിക്കാതെ അവയിലേക്കു ആകർഷിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ്. സാഹസികസംരംഭങ്ങളിൽ തല്ക്കാലം വലിയ ആപത്തുകളോ കഷ്ടതകളോ ഉണ്ടായാലും കടശി കഷ്ടതകൾ വിസ്മരിക്കപ്പെടുകയും സന്തോഷങ്ങൾ സ്ഥായിയായി ഹൃദയത്തിൽ നില നില്ക്കുകയുമാണ് ചെയ്യുന്നതു്. ഏതെങ്കിലും ഒരു പ്രവൃത്തിയുടെ ആപൽശങ്ക എത്ര കൂടുതലായിരിക്കുന്നുവോ അത്രയും കൂടുതലായിരിക്കും, ആ പ്രവൃത്തിയുടെ നിർവ്വഹണഫലമായുണ്ടാകുന്ന സന്തോഷവും സമാധാനവും. ദുഃഖമില്ലെങ്കിൽ സന്തോഷമില്ല; അപകടമില്ലെങ്കിൽ ആശ്വാസവുമില്ല.

മേൽപ്രസ്താവിച്ച അപകടങ്ങളിലെല്ലാം ഉൾപ്പെട്ടിട്ടും ഓഡലിനു വീണ്ടും കയറിയാൽ കൊള്ളാമായിരുന്നു എന്നുള്ള തീവ്രമായ ആഗ്രഹമുണ്ടായിരുന്നു. താഴെയുള്ള കൂടാരങ്ങളിൽ അധിവസിച്ചിരുന്ന തൻെറ സ്നേഹിതന്മാർക്കു വലിയ പരിഭ്രമവും സങ്കടവും ഉണ്ടാകാൻ ഇടയാകുമല്ലോ എന്നു കരുതി മാത്രമാണ് അദ്ദേഹം വീണ്ടും ശ്രമിക്കാതെ പിൻതിരിഞ്ഞുകളയാമെന്നു് തീരുമാനിച്ചതു്. മററുള്ള ആരോഹകന്മാരെക്കാൾ എല്ലാം ആരോഗ്യസ്ഥിതി ഏററവും അനുകൂലമായിരുന്നതു ഓഡലിനായിരുന്നു എന്ന് അദ്ദേഹത്തിൻെറ അനുഭവത്തിൽനിന്നും മനസ്സിലായി. ആ സ്ഥിതിക്കു ഓഡൽ ശ്രമിച്ചിരുന്നെങ്കിൽ അദ്ദേഹത്തിനു വിജയലബ്ധിയുണ്ടാകയില്ലായിരുന്നോ എന്നാരറിഞ്ഞു?

വീരസ്വർഗ്ഗം പ്രാപിച്ച തൻെറ സ്നേഹിതന്മാരുടെ സ്മാരകങ്ങളായി എടുത്തിരുന്ന പ്രാണവായുക്കുഴലുകളും മററും വഹിച്ചു് കൊണ്ടു് കാററിൻെറ ഉഗ്രതയിൽ പെട്ടുവലഞ്ഞു, ഇടയ്ക്കിടെ കല്ലിനിടയിലും മററും മറഞ്ഞു ആശ്വസിച്ചും അപകട

കരമായ ആ പൎവ്വതാപരിഭാഗത്തുകൂടെ അദ്ദേഹം അവരോഹണം തുടങ്ങി. അദ്ദേഹം അറിയാതെ തന്നെ കാലുകളുടെ ഗതിവേഗം വൎദ്ധിച്ചു. ഏതാണ്ടൊരു സ്വപ്നലോകത്തുകൂടെ പ്രയാണം ചെയ്യുന്നതുപോലെ അദ്ദേഹത്തിനു തോന്നി. ഒരു വിധത്തിൽ അദ്ദേഹം ഉത്തരകോള കൂടാരത്തിലെത്തി. നോർട്ടൻ അവിടെ ഒരു കുറിപ്പു എഴുതിവച്ചിട്ടുണ്ടായിരുന്നു. കാലവൎഷപാതം അത്യാസന്നമായിരുന്നതുകൊണ്ടു കഴിയുന്നതും വേഗത്തിൽ തിരിച്ചുപോരണമെന്നു ആ കത്തിൽ പ്രത്യേകം പ്രസ്താവിച്ചിരുന്നു. ഓഡലിനു വീണ്ടും കയറിയാൽകൊള്ളാമെന്ന് ആഗ്രഹമുണ്ടായിരുന്നു. എങ്കിലും സഹായത്തിനുപോലും ആരുമില്ലാതെ പുറപ്പെടുന്നതു് ആലോചനകൂടാതെയുള്ള ഒരു മൗഢ്യ പ്രവൃത്തിയാണെന്നു നിശ്ചയിച്ചുകൊണ്ടു ഓഡൽ ഉത്തരകോളവും ഇറങ്ങുകയെന്നുതന്നെ തീരുമാനിച്ചു. എന്നിരുന്നാലും എവറസ്റ്റശൃഗത്തിലെ ആകൎഷണവും, ശ്രമിച്ചിരുന്നുവെങ്കിൽ കയറാൻ സാധിക്കുമായിരുന്നു എന്നുള്ള ആശാചിന്തയും അദ്ദേഹത്തിൻെറ മനസ്സിൽ എന്നാളും ഉണ്ടായിരിക്കുമെന്നുള്ളതിനു സംശയമില്ല.

---

## അദ്ധ്യായം ൨൩.

### വലിയകടങ്കഥ.

മാലൊറിയും ഐർവിനും എവറസ്റ്റ് ശൃംഗാഗ്രത്തിൽ എത്തിയൊ ഇല്ലയൊ എന്നുള്ളപരമരഹസ്യം ആൎക്കെങ്കിലും പറയാൻ സാധിക്കുമോ? ഇതാണ് എവറസ്റ്റാരോഹണ ശ്രമഫലമായി ലോകത്തിന് നൽകുന്ന കടങ്കഥാപ്രശ്നം. ഇതിനുത്തരം ആൎക്കുപറയാൻ സാധിക്കും.

ഓഡൽ അവരെ അവസാനമായിക്കണ്ടതു് 12. 50ന് ആണ്. അപ്പോൾ അവർ മുൻഗണനയനുസരിച്ചുള്ള ഉയരത്തിൽ എത്തിയിരുന്നുമില്ല. മാലൊറിയും ഐർവിനും പ്രസ്തുത സമയത്തു് എത്തിയിരുന്നസ്ഥലത്തുനിന്നും ശൈലാഗ്രത്തിലേക്ക് എണ്ണൂറാ ആയിരമോ അടികൾകൂടെ ദൂരമുണ്ടായിരുന്നിരിക്കണം. പൎവ്വതത്തിൻെറ ഏതുഭാഗത്തുവെച്ചാണ് അവരെക്കണ്ടതെന്ന് ഓഡലിനു കൃത്യമായി ഓൎമ്മയില്ല. തമോമയമായ മൂ

UNIVERSITY LIBRARY
11. AUG. 1933
MADRAS

No. VI.



Photo by Dr. Somervell.

എവറസ്റ്റ് ശൃംഗത്തിൻെറ 27,000 അടി ഉയരത്തിനു
മുകളിലുള്ള ഭാഗം.

(*By kind permission of Dr. Somervell.*)

ടൽമഞ്ഞിനിടയിൽക്കൂടെ വളരെ അസ്പഷ്ടമായിമാത്രമെ ഓഡൽ അവരെ ഒരുകണ്ണു് കണ്ടൊള്ളു. ഇടമുറിഞ്ഞും, ദന്തുരിതങ്ങളായും, നിമ്നോന്നതങ്ങളായും ഇരിക്കുന്ന ഒരു പർവ്വതോപരിഭാഗത്തു് എവിടെയോവെച്ചു്, അവരെ ഒരുക്ഷണനേരത്തേയ്ക്കു അസ്പുടമായി ഒന്നുകണ്ടതുകൊണ്ടുമാത്രം അവർ നിന്നിരുന്നതെവിടെയാണെന്നു് നിശ്ചയിക്കുക സാദ്ധ്യമല്ല. ഏതുപ്രകാരമായാലും, മാലൊറി 12. 50നു എത്തണമെന്നുദ്ദേശിച്ചിരുന്നതായ സ്ഥലത്തു് ആ സമയത്തു് എത്താൻ സാധിച്ചില്ല എന്നുള്ളസംഗതി നിസ്തർക്കംതന്നെ. ഒരുവേള ആസമയത്തേക്കു എവറസ്റ്റ് ശിഖരാഗ്രത്തിലെത്തി വിജയധ്വജഛായയിൽ വിശ്രമിക്കാമെന്നായിരിക്കണം അദ്ദേഹം ഉദ്ദേശിച്ചതു്.

മാലൊറിക്കും ഐർവിനും പർവ്വതാഗ്രത്തിലെത്താൻ സാധിച്ചില്ലഎന്നു് നമുക്കു വിശ്വസിക്കണമെങ്കിൽ, അവർ ഉദ്ദേശിച്ചിരുന്നതുപോലെയുള്ള വേഗത്തിൽക്കയറാൻ സാധിക്കാതിരുന്നതിന്റെ കാരണങ്ങളെന്തെന്നു് പ്രഥമമായി ആരായേണ്ടിയിരിക്കുന്നു. ഓഡൽ ഈ അവസ്ഥയെപ്പററി ഗാഢമായി ചിന്തിച്ചിട്ടുള്ളതാണു്. നോർട്ടനും സോമർവെല്ലും, അവരുടെ കടശികൈക്കുനോക്കിയദിവസത്തെപ്പോലെ അനുകൂലപ്രദമായ ഒരുകാലസ്ഥിതിയും, പ്രകൃതിയും അല്ലായിരുന്നു മാലൊറിയുടെ അവസാനശ്രമദിവസം ലഭിച്ചതു്. മാലൊറിയുടെ ഒടുവിലത്തെ യുദ്ധദിവസം കാററും മൂടൽമഞ്ഞും ധാരാളമുണ്ടായിരുന്നു. ശിഖരഗ്രസ്ഥിയിൽനിന്നു് 2000 അടിതാഴെ ഓഡലിനു് അത്യുഗ്രമായകാററും, തണുപ്പും, അന്ധകാരമയമായ മൂടൽമഞ്ഞും സഹിക്കേണ്ടിയിരുന്നു. കട്ടിയായിക്കണ്ട ഈ മൂടൽമഞ്ഞു് ഒരു നിമിഷനേരത്തേക്കു അല്പമൊരുഭാഗത്തു് മാറിക്കണ്ടപ്പോഴാണല്ലോ ഓഡൽ അവസാനമായി അവരെക്കണ്ടതു്. ആസന്ദർഭത്തിൽ എവറസ്റ്റിന്റെ ഏററവും ഉപരിതലവും പാർശ്വഭാഗങ്ങളും, നവഹിമാവൃതമായിക്കിടക്കുന്നതായിട്ടാണു് അദ്ദേഹം കണ്ടതു്. ഈ നവഹിമപതനമായിരിക്കാം മാലോറിയുടെഗതി മന്ദമാക്കിയതു്. കൂടാതെ ദുർവ്വഹമായ പ്രാണവായുക്കുഴലുകളും അവരുടെ ആരോഹണഗതിയെ സാവധാനമാക്കിയിരിക്കണം. മാലോറിയുടെ അവസാനകത്തിൽ പ്രാണവായു ഉപകരണത്തോടുകൂടി കയറുന്നതിനുള്ള വിഷമതയെക്കുറിച്ചു് പ്രത്യേകം പ്രസ്താവിച്ചിട്ടുമുണ്ടല്ലോ. അസൌകര്യപ്രദമായ ഈ ഉപകരണങ്ങളും വഹി

ച്ചുകൊണ്ട് ഹിമാവരണമായ ശിലാപിണ്ഡങ്ങളും ശകലങ്ങളും തരണം ചെയ്യുകയെന്നുള്ളതു വൈഷമ്യമേറിയ ഒന്നു തന്നെ ആയിരിക്കണം. തന്നെയുമല്ല, പ്രാണവായു ഉപകരണത്തിനു കൂടക്കൂടെ കേടുപററാൻ ഇടയുണ്ടായിരുന്നതുകൊണ്ട്, മാൎഗ്ഗമദ്ധ്യേ ഈവക കേടുപാടുകൾ പോക്കുവാൻ വളരെസമയം താമസിക്കാൻ കാരണമായി എന്നു അനുമാനിക്കുന്നതിനും വഴിയുണ്ട്. ഇതുവരെ പ്രസ്താവിച്ച കാരണങ്ങളെല്ലാം വെറും ഊഹങ്ങളായി തിരസ്കരിച്ചാൽ പോലും, ആരോഹകന്മാരുടെ താമസകാരണമായി ന്യായമായി സംശയിക്കാവുന്ന മററുസംഗതികളുമുണ്ട്. ഓഡൽനിന്ന പൎവ്വതഭാഗത്തുണ്ടായിരുന്ന മൂടൽമഞ്ഞ് ശൃംഗോപരിഭാഗംവരെ അനുസ്യൂതമായി വ്യാപിച്ചിരുന്നുഎന്ന് നമുക്കു വിശ്വസിക്കാം. അപ്രകാരമാണെങ്കിൽ ഇതും അവരുടെ ഗതിവിളംബത്തിനുള്ള ഒരു പ്രധാനകാരണമായി ഗണിക്കാം.

മേൽപ്രസ്താവിച്ച കാരണങ്ങളിൽ ഏതെങ്കിലുമൊന്നോ, അഥവാ എല്ലാംതന്നെയോ ആരോഹകന്മാൎക്കു മുകളിൽ എത്തുന്നതിനു ബാധകമായിരുന്നിരിക്കാൻ ഇടയുണ്ട്. എന്നാൽ ഓഡൽ അവരെക്കണ്ടപ്പോൾ "അവർ നഷ്ടപ്പെട്ടസമയംകൂടെ ലഭിക്കേണമെന്നുള്ള ഉദ്ദേശത്തോടുകൂടെ വളരെ വേഗത്തിൽ കയറുന്നതിനു ശ്രമിക്കയായിരുന്നു" ഈ ഉദ്ധരണിയിൽ വേഗത്തിൽ എന്നവാക്കു പ്രത്യേകം അനുസ്മരിക്കേണ്ടതാണ്.

ഇതിൽനിന്നെല്ലാം അവർ 12.50 ആയപ്പോഴെക്കും എണ്ണൂറോ ആയിരമോ അടിമാത്രം പൎവ്വതാഗ്രത്തിൽനിന്നും താഴെയായിരുന്നിരിക്കണം എന്നു നമുക്കുസയുക്തികം അനുമാനിക്കാം. കുറഞ്ഞതു 4 മണിക്കെങ്കിലും പൎവ്വതാഗ്രത്തിൽ എത്തിയെങ്കിലെ തിരിയെ രാത്രിയാകുന്നതിനുമുമ്പ് 6–ാമതുകൂടാരത്തിൽ എത്താൻ അവൎക്കു സമയം ശേഷിക്കയുള്ളു. ഈസ്ഥിതിക്കു എണ്ണൂറോ ആയിരമോഅടിഉയരം 3 മണിക്കൂറിൽ കയറുന്നതിന് അവൎക്കു സാദ്ധ്യമായിരുന്നോഎന്ന ഒരുപ്രശ്നം ഉത്ഭവിക്കുന്നു. മണിക്കൂറിൽ 300 അടിയിൽ അധികം കുറയാത്തവേഗത്തിൽ കയറാൻ സാധിച്ചെങ്കിലെ അവർ ശിഖരത്തിലെത്തിയിരിക്കാൻ ഇടയുള്ളു. പ്രാണവായുക്കുഴലുകൾ വഹിക്കാഞ്ഞിട്ടുപോലും നോർട്ടനുംസോമർവെല്ലിനും ഇത്രശീഘ്രഗതിയിൽ ആരോഹണം ചെയ്യുന്നതിനു സാധിച്ചില്ല. 6–ാമതുക്യാമ്പ് കഴിഞ്ഞിട്ട് അവരുടെ കൂട്ടൽവേഗം മണിക്കൂറൊന്നിന് 205 അടിയായിരുന്നു. എന്നാൽ പ്രാണവായു ഉപയോഗിച്ചുകൊണ്ട് മാലോറിക്കും, ഐർവിനും

ഈനിരക്കിൽ കൂടുതൽവേഗത്തിൽ കയറാൻ സാധിച്ചിരിക്കുമെന്നും വിചാരിക്കാം. "വളരെവേഗത്തിൽ" കയറുന്നതു കണ്ടതായിട്ടാണല്ലൊ ഓഡൽ പറയുന്നതു്. അതിനാൽ മണിക്കൂറൊന്നിന് മുന്നൂറോ അതിൽ അല്പമധികമോ അടികൾ കയറുന്നതിന് അവക്ക സാദ്ധ്യമായിരുന്നിരിക്കണം.

ശിഖരോപരിഭാഗത്തേക്കുള്ള പ്രയാണത്തിൽ യാദൃശ്ചികമായി വല്ല പ്രതിബന്ധങ്ങളും ഉണ്ടാകാൻ വഹിയാത്തതല്ല. പക്ഷെ ഇപ്രകാരമൊന്നുമുണ്ടായില്ലെന്നു നമുക്ക സമാശ്വസിക്കുവാൻ ധാരാളം മാർഗ്ഗമുണ്ടു്. ശിഖരപരിസരങ്ങളിൽ ഏററവും വൈഷമ്യപ്രദമായി ആകെ രണ്ടു സ്ഥലങ്ങൾ മാത്രമെയുള്ളുവെന്നാണ് ഓഡലിൻെറ അഭിപ്രായം. ഈ രണ്ടു സ്ഥലങ്ങളും പവ്താരോഹണസാമത്ഥ്യമുള്ളവക്ക കയറാൻ കഴിയാത്തതുമല്ല. മാലൊറിയുടെ ഈദൃശസാമത്ഥ്യം അന്യാദൃശവുമായിരുന്നു. അതിനാൽ ആരോഹകന്മാക്ക മുകളിലെത്താൻ കഴിയാത്തതുപോലെയുള്ള ഭൂപ്രകൃതി വിഘ്നാതങ്ങൾ ഉണ്ടായിരുന്നതായി ഗണിക്കാൻ പാടില്ല.

പ്രാണവായൂപകരണങ്ങൾക്കു വല്ലകേടുകളും സംഭവിച്ചു എന്നിരിക്കട്ടെ. എന്നാൽത്തന്നെയും നോർട്ടൻ കയറിയതുപോലെ 205 അടിയെങ്കിലും, പ്രാണവായു ഉപയോഗിക്കാതെ മാലൊറിക്കും ഐർവിനും കയറിക്കൂടയോ? പ്രാണവായു ഉപയോഗിക്കാതെയിരിക്കുന്നതു് ആരോഹണത്തിനു ഒട്ടും വിഘ്നാതമല്ലെന്നു തന്നെയാണ് ഓഡലിൻെറ അഭിപ്രായം. അദ്ദേഹം അഞ്ചാമത്തു ക്യാമ്പിൽനിന്നും 6—ാമത്തു ക്യാമ്പിലേക്കു കയറിയപ്പോൾ— ഉദ്ദേശം 26,000 അടി ഉയരത്തിൽ എത്തിയപ്പോൾ— പ്രാണവായു ഉപയോഗം പരിഛേദം വജ്ജിച്ചുകളഞ്ഞു. അനന്തരം അതുപയോഗിക്കാതെതന്നെ കയറുകയും ഇറങ്ങുകയും ചെയ്യുന്നതിനു അദ്ദേഹത്തിനു സാധിച്ചു. മാർഗ്ഗമദ്ധ്യെ ശ്വാസതടസ്സമോ മൂർഛയോ മാന്ദ്യമോ ഒന്നും ഉണ്ടായിയുമില്ല. ശരീരസ്ഥിതി കാലസ്ഥിതിക്കും പ്രകൃതി സ്ഥിതിയ്ക്കും അനുയോജ്യമായിത്തീരുന്നതിനു പയ്യാപ്തമാകത്തക്ക വിധത്തിൽ മാലൊറിയും ഐർവിനും അത്യുയരസ്ഥാനങ്ങളിൽ അനേക ദിവസങ്ങൾ താമസിച്ചിട്ടുള്ളവരാണ്. അതിനാൽ അവരുടെ ശരീരസ്ഥിതിയുടെ കാൎയ്യത്തിലും ആശങ്കയ്ക്കു് അവകാശമില്ല.

ഈ സ്ഥിതിക്കു ആരോഹണമദ്ധ്യേ വല്ല യാദൃശ്ചിക അപകടങ്ങളും സംഭവിച്ചിരിക്കണമെന്നുള്ള അനുമാനം മാത്രമാ

ണ് അവക്ക് മുകളിൽ എത്താൽ സാധിച്ചില്ല എന്നു നമുക്ക വിചാരിക്കുന്നതിനുള്ള ഏകകാരണം. വലിയ പർവ്വതാരോഹണ വിദഗ്ദ്ധന്മാർക്കുപോലും ആകസ്മികമായ അത്യാഹിതങ്ങൾ സംഭവിക്കാൻ വഹിയാത്തതല്ല. ഓഡൽ അവരെ അവസാനമായിക്കണ്ടസ്ഥലത്തിനു സമീപെവച്ച്, പരസ്പരം കയറു കൊണ്ടു ബന്ധിച്ചിരുന്ന മാലൊറിയോ ഐർവിനോ ആരെങ്കിലും കാൽതെററിവീണുപോയാൽ രണ്ടുപേരുംകൂടി അഗാധഗർത്തങ്ങളിൽ പതിച്ച് മൃതിയടയുമെന്നുള്ളതു നിശ്ചയമാണ്. ഇവർ കയറിയ ദിവസം, ചരിഞ്ഞു കിടന്നിരുന്ന ശിലാശകലങ്ങളിൽ ഹിമവർഷഫലമായി മഞ്ഞു വീണിരുന്നതിനാൽ ഉൽഗമനത്തിനിടയ്ക്കു കാല് തെററിപ്പോകുന്നതിനും തദ്വാരാ അപായം സംഭവിക്കുന്നതിനും ധാരാളം വഴിയുണ്ടായിരുന്നു.

മുൻ പ്രസ്താവിച്ച കാരണങ്ങളിൽ ഏതെങ്കിലുമോ അഥവാ എല്ലാം തന്നെയോ അവരുടെ എവറസ്റ്റ് വിജയലബ്ധിയ്ക്കു ബാധകമായിരുന്നിരിക്കാം. ഒരു പക്ഷെ അവർ എവറസ്റ്റഗ്രത്തിൽ എത്തിയിട്ടു തിരിയെ ഇറങ്ങിയ അവരത്തിൽ വിജയലാഭത്തിൽ നിന്നു ഉൽഭൂതമായ പാരത്രികസുഖം അനുഭവിക്കുന്നതിനു ഇഹലോകതിരസ്കരണിയ്ക്കുള്ളിൽ മറഞ്ഞിരിക്കാനും എളുപ്പമുണ്ട്. അവർ ഉദ്ദേശിച്ചിരുന്നതിൽ വളരെ താമസിച്ചു മാത്രം പർവ്വതശിഖരത്തിൽ എത്തിയതുകൊണ്ടു സന്ധ്യയ്ക്കു മുമ്പ് ആറാമത്തു കൂടാരത്തിൽ എത്തുന്നതിനു വേണ്ടി ഒരുവേള വളരെ വേഗത്തിൽ അവരോഹണം ചെയ്തിരിക്കാം. ആരോഹകന്മാർ എവറസ്റ്റ് വിജയശ്രീവിഭൂഷിതരായി, സന്തോഷോന്മത്തരായി, അത്യാനന്ദകുതൂഹല ലഹരിയിൽ ആറാടി വളരെ ധൃതിയിലായിരിക്കണം ഇറങ്ങിയതു്. വിജയം കരഗതമായിക്കഴിയുമ്പോൾ പ്രകൃത്യാ അല്പമൊരു സൂക്ഷ്മക്കുറവുണ്ടാകുക സാധാരണമാണല്ലൊ. ജയിച്ചുകഴിഞ്ഞാലുടനെ എപ്രകാരമെങ്കിലും കഴിയുന്നതും വേഗത്തിൽ ഈ മഹൽവാർത്ത സ്നേഹിതന്മാരെക്കൂടെ അറിയിച്ചു സംതൃപ്തിയടയുന്നതുവരെ ജേതാക്കന്മാക്കു സഹജമായുണ്ടാകാവുന്ന സംഭ്രമം ചില്ലറയൊന്നുമായിരിക്കാൻ ഇടയില്ല. ആ സ്ഥിതിക്കു ഇറങ്ങിയ അവസരത്തിൽ അപകടം സംഭവിച്ചിരിക്കാൻ എളുപ്പമുണ്ട്. പര്യടനസംഘാംഗങ്ങളിൽ അധികംപേരും ഇപ്രകാരമാണു വിശ്വസിക്കുന്നതും. ഓഡലിനു മാത്രം ഈ അഭിപ്രായത്തിൽ പ്രബലമായ വിശ്വാസം ഇല്ല. അവരുടെ അവരോഹണ സമയത്തായി

രിക്കമല്ലോ അവർ കൂടുതൽ ക്ഷീണിച്ചും തളൎന്നും ഇരിക്കാനിടയുള്ളതു്. അവരുടെ വിജയലഹരിയും അവരെ അല്പം സൂക്ഷ്മതക്കുറവുള്ളവരാക്കിയിരിക്കാൻ മാൎഗ്ഗമുണ്ടു്. അതു സാധാരണ മനുഷ്യപ്രകൃതവുമാണല്ലോ.

ഒരുവേള അവർ നാലുമണി കഴിഞ്ഞായിരിക്കാം എവറസ്റ്റ്ശിരസ്സിലെത്തിയതു്. ആരോഹണോപസംഘനായകനെന്നുള്ള നിലയിൽ മാലൊറി ആറാമതു കൂടാരത്തിൽ നിർദ്ദിഷ്ടസമയത്തുതന്നെ എത്താൻ നിർബന്ധിതനായിരുന്നിരിക്കണം. അപകടരഹിതമായി അവരോഹണം ചെയ്തു ആ സമയത്തു കൂടാരത്തിൽ എത്തുന്നതിനു കൃത്യനിഷ്ഠയുള്ള ഒരു നായകനെന്ന നിലയിൽ മാലൊറി ശ്രമിക്കാതിരിക്കുകയില്ല എന്നു വേണം ഊഹിക്കുവാൻ.

എങ്ങിനെയായിരുന്നാലും അവർ ശൃംഗാഗ്രസമീപത്തിലെത്തിയെന്നുള്ളതു നിസ്തൎക്കമാണു്. അതിനു ഊഹാപോഹങ്ങൾ ഒന്നും ആവശ്യവുമില്ല. എവറസ്റ്റ് മഹൽശൃംഗത്തിന്റെ അവർണ്ണ്യമായ ആകൎഷണശക്തി മാലൊറിയേയും സ്പൎശിച്ചിരിക്കുമോ? എവറസ്റ്റിന്റെ ഗാംഭീൎയ്യവും പ്രൌഢതയും മാലൊറി നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ള ആളാണെന്നുള്ളതിനു സന്ദേഹമില്ല. എവറസ്റ്റിന്റെ ആസ്വാദ്യാതീതമായ ഭംഗിയും ചേതോഹരശക്തിയും അദ്ദേഹം പൂൎണ്ണമായി അറിഞ്ഞിരുന്നോ? എവറസ്റ്റ് സൂച്യഗ്രം പ്രാപിച്ചപ്പോഴൊ അഥവാ പത്തിരുനൂറടികൂടെ കയറേണ്ടിയിരുന്നപ്പോഴൊ ആയിരിക്കാം സമയം നാലുമണിയായി എന്നുള്ള സംഗതി മാലൊറിക്കു മനസ്സിലായതെന്നു നമുക്കു സങ്കല്പിക്കാം. മുൻനിശ്ചയാനുസരണം നാലുമണി അവരോഹണത്തിനുള്ള സമയമാണെന്നു ചിന്തിച്ച് പത്തോനൂറോ ഇരുനൂറോ അടി ശൃംഗാഗ്രത്തോടു് സമീപിച്ചതിന്റെ ശേഷം ആ ദൂരംകൂടെ കയറാതെ മാലൊറി ഇറങ്ങുമോ? മാലൊറിക്കു ഒരുവേള അപ്രകാരം ചെയ്യുന്നതിനുള്ള അമാനുഷിക മനോനിയന്ത്രണശക്തിയുണ്ടായിരുന്നാൽത്തന്നെയും യൌവ്വനത്തിളപ്പോടുകൂടിയ അദ്ദേഹത്തിന്റെ കൂട്ടുകാരൻ മിസ്റ്റർ ഐർവിൻ അതിനു സമ്മതിക്കുമോ? "എന്തുതന്നെ വന്നാലും വേണ്ടുകില്ല. ഞാൻ മുകളിലേക്കു കയറിയിട്ടേ താഴത്തേക്കുള്ളൂ", എന്നു നിശ്ചയമായും ആ യുവസിംഹം പറയുകയില്ലേ? അപ്രകാരം ഐർവിൻ പറഞ്ഞാൽ മാലൊറി അതു വിഗണിക്കുന്നതിനു ശക്തനാകുമോ?

ഈ അഭിമതങ്ങളും ചിന്താഗതികളും ചിലർ വിശ്വസിക്കാതിരിക്കുന്നില്ല. ഓഡൽ ഇതുതന്നെയാണ് പൂർണ്ണമായി വിശ്വസിക്കുന്നത്. ഓഡൽ എവറസ്റ്റ് ശൃംഗാകർഷണവലയത്തിൽ പെട്ടവനായിരുന്നതുകൊണ്ട് തന്റെ സ്നേഹിതന്മാരും ആ ആകർഷണസീമയിൽ പെട്ടിരിക്കുമെന്നു ബലമായി വിശ്വസിച്ചു. മാലൊറിക്കു ശൃംഗവിജയത്തിനുള്ള അത്യാകാംക്ഷ അജയ്യമായ തരത്തിൽ ഉണ്ടായിരുന്നിരിക്കണം. മാലൊറിക്കും ഐർവിനും അതുവരെയുണ്ടായിക്കൊണ്ടിരുന്ന അനുഭവങ്ങളും വിജയങ്ങളും അവരെ മുൻപോട്ടുതന്നെ നയിച്ചിരിക്കണം.

മാലൊറിയും ഐർവിനും അതിവമഹത്തായ എവറസ്റ്റ്വിജയം നേടിയിരിക്കണമെന്നും അവർ തിരിയെ ഇറങ്ങിയ അവസരത്തിൽ ഏതോ ആപത്തിലകപ്പെട്ടു വിഗതപ്രാണരായിരിക്കുമെന്നും ആണ് ഓഡൽ സുദൃഢം വിശ്വസിക്കുന്നത്.

അവർ തിരിയെ ഇറങ്ങിയപ്പോൾ ഒരുവേള രാത്രിയായിപ്പോയി എന്നു സങ്കല്പിക്കുകയാണെങ്കിൽ, എന്തുകൊണ്ടാണ് അവരുടെ കൈവശമുണ്ടായിരുന്ന ഇലക്ട്രിക്കു ദീപങ്ങൾകൊണ്ട് അടയാളങ്ങൾ കാണിക്കാതിരുന്നത് എന്നു ഒരു സംശയം ജനിക്കുന്നു. അവർ തങ്ങളുടെ കൈവശം വിദ്യുത്ദീപങ്ങൾ ഉണ്ടെന്നുള്ള കഥ തന്നെ മറന്നുപോയിരിക്കുമോ? അതോ വഴി തെററിപ്പോയതിന്റെ ശേഷം അപകടചിഹ്നങ്ങൾ കാണിക്കുന്നതു് സുപ്രസിദ്ധന്മാരായ ആരോഹണവീരന്മാരെന്ന തങ്ങളുടെ നിലയ്ക്കു അഭിമാനക്ഷയമായി അവർക്കു തോന്നിയിരിക്കുമോ? ഒരുവേള ലൈററുകൊണ്ടുള്ള അടയാളങ്ങൾ കാണിച്ചാൽ ഓഡൽ സഹായാത്ഥം ഉത്തരകോളക്യാമ്പിൽ നിന്നു മുകളിലേക്കു ഒന്നുകൂടെ കയറേണ്ടതായി വരുമെന്നു അവർ അനുമാനിച്ചിരിക്കണം. ആ ഭയങ്കരരാത്രിയിൽ ഓഡൽ തനിയെ സഹായാർത്ഥം ഉൽഗമനം ചെയ്യാൻ നിർബന്ധിക്കുന്നതു് അദ്ദേഹത്തെ മനഃപൂർവ്വം മരണവക്ത്രത്തിലേക്കു പിടിച്ചു തള്ളുന്നതുപോലെയായിരിക്കുമെന്നു് അവർ വിചാരിച്ചിരിക്കണം. യാതൊരുമനുഷ്യനും അവർ നിന്നിരുന്ന സ്ഥലത്തു് ആ രാത്രിയിൽ സഹായാത്ഥം ചെല്ലുകയെന്നുള്ളതു സാദ്ധ്യമല്ല തന്നെ. നാം ഇപ്രകാരം എന്തിനധികം വിസ്തരിക്കുന്നു. മാലൊറിയും ഐർവിനും അവരുടെ സകല ശക്തികളും പരമാണുക്കൾപോലും ജീവന്റെ അവസാന അണുപോലും ഉപയോഗിച്ചു് യുദ്ധം ചെ

യ്യുകഴിഞ്ഞു. നാം ആ സംഗതി പൂർണ്ണമായി മനസ്സിലാക്കുമെന്ന് അവക്ക ബോധ്വുമുണ്ടായിരുന്നു. ഈ ധാരണയോടുകൂടെ അവർ വീരസ്വർഗ്ഗം പ്രാപിക്കയും ചെയ്തിരിക്കണം.

അവർ എവിടെവച്ച് എപ്പോൾ എങ്ങനെ മരിച്ചു എന്ന് നമുക്ക അജ്ഞേയമല്ല. അവർ എവറസ്റ്റിൻെറ മകുടമണികളായി നിത്യനിദ്രയിൽ ലയിക്കുന്നു. ഇത്രയും ഉയരത്തിൽ അനന്ത ശയനം ചെയ്യുന്നതിനു അവക്കല്ലാതെ ഭൂലോകത്തിൽ യാതൊരു ജീവപ്രാണിക്കും സാധിച്ചിട്ടില്ല. എവറസ്റ്റ് അവരുടെ ശരീരങ്ങളെ കീഴടക്കിക്കളഞ്ഞു. മരണമില്ലാത്തതും അക്ഷയമായതും ആയ അവരുടെ മാനസിക പ്രചോദനത്തെ—ആത്മീയ ചൈതന്യത്തെ—കീഴടക്കുന്നതിനു ഒരു എവറസ്റ്റിനോ പത്തു സഹസ്രം എവറസ്റ്റ്കൾക്കൊ സാധിക്കയില്ല. പവ്വതാരോഹണരക്തസാക്ഷികളായ മാലൊറിയുടെയും ഐർവിൻെറയും മഹൽനാമങ്ങളെ മനസ്സിൽ വിചാരിക്കാതെ– അവരുടെ ദിവ്യചൈതന്യത്തെ നമസ്കരിക്കാതെ– ഇനി ആരെങ്കിലും എവറസ്റ്റ് തരണം ആരംഭിക്കുമോ?

---

# അദ്ധ്യായം ൨൭.

## ബഹുമതി.

എവറസ്റ്റാരോഹണസംരംഭത്തിൻെറ ശോചനീയമായ പയ്യവസാനവാൎത്ത ഭൂലോകമെങ്ങും പരക്കുകയും എല്ലാവരും അനുശോചിക്കയും ചെയ്തു. വീരസ്വർഗ്ഗം പ്രാപിച്ച അംഗങ്ങളുടെ കുടുംബാംഗങ്ങൾക്കും, പയ്യടന സംഘത്തിനും ഇംഗ്ലണ്ടിലെ മഹാരാജാവു തിരുമനസ്സുകൊണ്ടു അനുശോചനസന്ദേശങ്ങൾ അയച്ചു. മാലൊറിയുടെയും ഐർവിൻെറയും മരണവൃത്താന്തങ്ങൾ വിശദമായി അറിയുന്നതിനു എവറസ്റ്റ്ശൃംഗക്കമ്മറ്റിയിലെ ഒരു സാമാജികനെ തിരുമുമ്പിൽ ക്ഷണിച്ചുവരുത്തി നേരിട്ടു വിവരങ്ങൾ അന്വേഷിച്ചറിഞ്ഞു. അവരുടെ ജീവഹാനിക്കു ഇടയായ അത്യാഹിതം എങ്ങനെ സംഭവിച്ചു എന്നറിയുന്നതിന് തിരുമനസ്സിനു പ്രത്യേകം ജിജ്ഞാസയുണ്ടായിരുന്നു. അ

ത്യാഹിതം സംഭവിച്ചയുടനെ നോർട്ടൻ വളരെ ചുരുക്കമായ ഒരു കമ്പിസന്ദേശം മാത്രമാണ് ഝടുതിയിൽ ഇംഗ്ലണ്ടിലേക്കയച്ചതു്. മരണവൃത്താന്തങ്ങളെപ്പററി കൂടുതൽ വിശദമായി ഒരു കമ്പി പിന്നാലെ അടിക്കുന്നതിനു അദ്ദേഹം നിശ്ചയിച്ചിട്ടുണ്ടായിരുന്നു. ആദ്യത്തെ കമ്പി കിട്ടിക്കഴിഞ്ഞപ്പോൾ ഏതോ യാദൃശ്ചികാപകടത്തിൽപെട്ടു മാലൊറിയും ഐർവിനും മരിച്ചുപോയി എന്നാണ് ഇംഗ്ലണ്ടിലുള്ളവർ ധരിച്ചതു്. ഇവർ രണ്ടുപേരും തനിയെ മഹാവിജയത്തിനായി മുകളിലേക്കു കയറിയ കഥ അവരറിഞ്ഞിരുന്നില്ല.

വിശദമായ കമ്പിവാർത്ത വന്നപ്പോൾ എല്ലാവക്കും തെല്ലൊരാശ്വാസം ഉണ്ടായി. ലോകത്തിലുള്ള സകല മനുഷ്യരേക്കാൾ ഏററവും ഉയരത്തിൽ കയറിയവർ അവരാണെന്നും അവർ മരിച്ചെങ്കിലും വിജയശ്രീയോടുകൂടിയാണ് ഇഹലോകവാസം വെടിഞ്ഞതെന്നും അറിഞ്ഞതാണ് അല്പം ആശ്വാസദായകമായിത്തീന്നതു്. നോർട്ടനും സോമർവെല്ലിനും 28000 അടിയിലധികം കയറുന്നതിനു സാധിച്ചു എന്നുള്ളവിവരവും കമ്പിമാഗ്ഗം ധരിപ്പിച്ചിരുന്നു. മാലൊറിയുടെയും ഐർവിൻെറയും ജീവൻ വൃഥാ നഷ്ടപ്പെട്ടില്ല. ഇതുവരെ ലോകത്തിൽ ആക്കും സാധിക്കാത്തതായ ഒരു മഹാവീയ്യകൃത്യം ചെയ്തിട്ടാണ് അവർ മരിച്ചതു്. ഭൂലോകത്തിലെ ഏററവും സമത്ഥന്മാരായ ആരോഹകന്മാരെന്ന സ്തുത്യർഹമായ നാമധേയം അവർ നേടിക്കഴിഞ്ഞിരിക്കുന്നു. അനന്തരം അവർ മരിച്ചെങ്കിൽ എന്താണ് ഖേദിക്കാനുള്ളതു്?

ലോകത്തിൻെറ നാനാഭാഗങ്ങളിലുള്ള പവ്വതാരോഹണ സമാജങ്ങളിൽനിന്നെല്ലാം ആൽപ്പയിൻക്ലബ്ബിനും ലണ്ടൻരാജകീയഭൂമിശാസ്ത്രസൊസയിററിക്കും അസംഖ്യം അനുശോചന സന്ദേശങ്ങളും സഹതാപലേഖനങ്ങളും ലഭിച്ചു. മാലൊറിയുടെയും ഐർവിൻെറയും സ്വദേശമായ ഇംഗ്ലണ്ടിലെ ബർക്കൻഹെഡ് എന്ന സ്ഥലത്തുവച്ചു അവരുടെ ബഹുമാനാത്ഥം സ്മാരകകമ്മങ്ങൾ നടത്തി. ഇതുകൂടാതെ കെയിംബ്രിജിലെ മഗ്ഡലൻ കോളജിലും, ഓക്സ്ഫോർഡിലെ മെർട്ടൻ കോളജിലും ഈ മഹനീയന്മാക്കുവേണ്ടി പ്രത്യേക കമ്മങ്ങൾ നടത്തുകയുണ്ടായി. പയ്യടനസംഘം തിരിയെ ഇംഗ്ലണ്ടിലെത്തിയപ്പോൾ ഡെഗ്ലാസു ഫ്രെഷ്ഫീൽഡിൻെറ ഉത്സാഹഫലമായി ലണ്ടൻപട്ടണത്തിലെ പ്രഖ്യാതദേവാലയമായ സെൻറു




Photo by Dr. Somervell.

എവറസ്റ്റ് ശൃംഗത്തിൽ 28,000 അടി ഉയരത്തിൽനിന്ന് ഉത്തരഭാഗത്തേക്കു നോക്കിയാൽ കാണുന്ന കാഴ്ച.

(*By kind permission of Dr. Somervell.*)

UNIVERSITY LIBRARY
11 AUG 1933
MADRAS

പോൾസ് കത്തീഡ്രലിൽ വെച്ച് ഇംഗ്ലീഷ് ജനതയുടെ ആകമാന നാമത്തിൽ ബഹുമാനസ്മരണക്കർഹരായ യശശ്ശരീരന്മാക്ക വേണ്ടി മതാചാരസമന്വിതമായ ഒരു മഹൽക്കർമ്മവും നടത്തി.

ഈ മഹാമഹൽക്കർമ്മത്തിൽ സംബന്ധിക്കുന്നതിന്ന ജോർജ്ജുപഞ്ചമൻ തിരുമേനിയുടെയും, അലക്സാണ്ടറാ റാണി, വെയിത്സിലെ രാജകുമാരൻ, യോൿിലെപ്രഭു, കൊണ്ണോട്ടിലെ ആർതർ രാജകുമാരൻ എന്നീ തിരുമേനിമാരുടെയും പ്രതിനിധികൾ സന്നിഹിതരായിരുന്നു. ജനറൽബ്രൂസ്, കർണ്ണൽനോർട്ടൻ മൂന്ന് എവറസ്റ്റ് ആരോഹണസംഘങ്ങളിലെയും സാമാജികന്മാർ, രാജകീയ ഭൂമിശാസ്ത്രസൊസയിററിയുടെ കാൎയ്യനിൎവ്വഹണസമിതിയംഗങ്ങൾ, പ്രസ്തുതസംഘം പ്രസിഡണ്ട് ആൽപയിൻ ക്ലബ്ബിലെയും തൽകമ്മററിയിലെയും അംഗങ്ങൾ, അസംഖ്യംപൊതുജനങ്ങൾ ആളിയായി വളരെ വമ്പിച്ച ഒരു ജനതതി ഈ തിരുകർമ്മങ്ങളിൽ ഭാഗാഭാക്കുകളായി. സെൻറുപോൾസ് ദേവാലത്തിലെ പ്രധാന പുരോഹിതനായ ഡീൻ തന്നെയായിരുന്നു പ്രധാന കാർമ്മികൻ. എവറസ്റ്റ് കമ്മററിയുടെ പ്രത്യേക അഭ്യൎത്ഥനാനുസരണം ചെസ്റ്ററിലെ മെത്രാൻ ഡോൿടർ പാജെററ് ഒരു അനുശോചനപത്രം വായിച്ച് ആ മഹൽ സദസ്സിന് സമൎപ്പിച്ചു. എവറസ്റ്റ് പൎയ്യടനസംഘ കർത്താക്കന്മാരുടെയും സംഘാംഗങ്ങളുടെയും ഹൃദയവേദികളിൽ തിങ്ങിവിങ്ങിയിരുന്ന ആശയങ്ങളും വികാരങ്ങളും അദ്ദേഹം ഹൃദയസ്പൃക്കായവിധം അനുശോചനാപത്രത്തിൽ പ്രകടിപ്പിച്ചിരുന്നു. അതിനാൽ 1924 ഡിസംബർമാസത്തിലെ ഭൂമിശാസ്ത്രമാസികയിൽ അദ്ദേഹത്തിൻെറ വാക്യങ്ങൾ പ്രത്യേകം പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് മാലൊറിയുടെയും ഐർവിൻെറയും കുടുംബാംഗങ്ങൾക്കുവേണ്ടി അവിടെ ആഗതരായ എല്ലാവൎക്കും നന്ദിപറകയും ഭാഗ്യസ്മരണാർഹരായ ആ ആരോഹകന്മാരുടെസ്വഭാവമാഹാത്മ്യങ്ങളെപ്പററിസുദീർഘംവിസ്തരിക്കയും അനന്തരം ബർക്കൻഹെഡിൽവച്ച് ആരോഹകന്മാരുടെ ബഹുമാനാർത്ഥം പ്രത്യേകമായി കൂടുന്ന അനുശോചന മഹായോഗത്തിൽ എല്ലാവരും സംബന്ധിക്കണമെന്നുള്ള അദ്ദേഹത്തിൻെറ ആഗ്രഹത്തെ പ്രകടമായി പ്രസ്താവിക്കയും ചെയ്തു. മാലൊറിയുടെ സമസൃഷ്ടിസ്നേഹത്തെപ്പററിയും വിനയസമന്വിതവും ഭക്തിപുരസ്സരവുമായ ജീവിതരീതിയെക്കുറിച്ചും അ

ദ്ദേഹം വളരെ ശ്ലാഘിച്ചു സംസാരിച്ചു. അവരുടെ എവറസ്റ്റാരോഹണോദ്യമം വെറും ഭൌമികമായ സാഹസികവൃത്തിയുടെ പ്രചോദനംകൊണ്ടുമാത്രം ഉണ്ടായിട്ടുള്ളതല്ലെന്നും പ്രത്യുത അവരുടെ ആദ്ധ്യാത്മികപ്രേരണയുടെ ഫലമായി സംജാതമായിട്ടുള്ളതാണെന്നും അദ്ദേഹം സമർത്ഥിച്ചു. ധൈര്യം, നിസ്വാർത്ഥത കുതൂഹലമനോഭാവം സമഭാവന അനുഭാവം ആദിയായ മഹൽ ഗുണങ്ങൾ സാധാരണ ജനങ്ങൾക്കു മാലൊറിയേയും ഐർവിനേയുംപോലെ ലഭിക്കുവാൻ ഇടയില്ലെന്നും വീരസ്വർഗ്ഗമടഞ്ഞ മഹാരഥന്മാരുടെ മഹനീയാദർശങ്ങൾ അവിടെ കൂടിയിരുന്ന ജനതതിക്കു മാർഗ്ഗദർശകമായിരിക്കട്ടെ എന്നും അദ്ദേഹംതുടന്നു പ്രസ്താവിച്ചു.

മാലൊറിയും ഐർവിനും ജീവിതകാലത്തു ഉത്തമസ്നേഹിതന്മാരായി വർത്തിച്ചതിനാൽ ദൈവം അവരെ മരണത്തിലും വേർപെടുത്തിയില്ല. ഈ മഹാഭാഗ്യം വളരെ അപൂർവ്വമായിട്ടുമാത്രമെ മനുഷ്യക്ക് ലഭിക്കയുള്ളു.

അല്പനേരത്തേക്കു മൂടൽമഞ്ഞുമാറി. അവർ അത്യുന്നതങ്ങളിലേക്കു സത്വരമായി പ്രയാണം ചെയ്യുന്നതു് ഓഡൽ അസ്പഷ്ടമായിക്കണ്ടു. അതാണ് അവരെക്കുറിച്ചുള്ള അവസാന അറിവു്. അവർ ശൃംഗാഗ്രത്തിലെത്തിയോ ഇല്ലയോ എന്നുള്ളതു ഇന്നും ഒരു കടങ്കഥയായിത്തന്നെയിരിക്കുന്നു. ഒരു കാലത്തുവല്ലവരും ഈ കടങ്കഥയുടെ ഉത്തരം കണ്ടുപിടിച്ചേക്കാം. എങ്കിലും ഭയങ്കരനായ പർവ്വതം ഗംഭീരമായ മൌനംതന്നെ അവലംബിക്കുന്നു.

ഇവരുടെ അവസാന ആരോഹണശ്രമവും അതിനെ സംബന്ധിക്കുന്ന ഗഹനമായ രഹസ്യവും വെറും ഒരു പർവ്വതാരോഹണശ്രമത്തെ കാണിക്കുന്നതായി മാത്രം കരുതിയാൽപോരാ. എവറസ്റ്റ് കയറാനുള്ള അവരുടെ ശ്രമം മരണത്തിൽകൂടെ നിത്യജീവിതത്തിലേക്കുള്ള കയററമായിരുന്നു. സ്വർഗ്ഗസ്ഥനായ പിതാവിന്റെ സന്നിധാനത്തിലേക്കുള്ള ആരോഹണമായിരുന്നു അതു് എന്നു വിചാരിക്കുന്നതിൽ ഔചിത്യഭംഗമില്ല.

സെൻറുപോൾസ് ദേവാലയത്തിലെ കർമ്മങ്ങൾക്കുശേഷം ഒക്ടോബർ 17—ാംനു ഭൂമിശാസ്ത്രസൊസൈററിയുടെയും ആൽപയിൻ ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ ആൽബർട്ട്ഹാളിൽ വച്ചു് റൊനാൾഡ്ഷേ പ്രഭുവിന്റെ അദ്ധ്യക്ഷതയിൽ ഒരു മ

ഹായോഗംകൂടി. ഈ യോഗത്തിൽ ജെനറൽ ബ്രൂസ്സ്, നോർട്ടൻ, ഓഡൽ ജിയോഫ്റേബ്റൂസ് ആദിയായി അനേകം മഹാന്മാർ ഉജ്ജ്വലത്തായ പ്രസംഗങ്ങൾ ചെയ്തു. ഈ മഹായോഗത്തിൽ സംബന്ധിച്ചിരുന്ന എല്ലാവരും അദ്ധ്യക്ഷൻെറ ആജ്ഞാനുസരണം എഴുന്നേററു കുറേനേരം മൌനമായി നിന്നു മരിച്ചവരുടെ പേരിലുള്ള ബഹുമാനം പ്രദൎശിപ്പിച്ചു.

ഇംഗ്ലണ്ട് അവളുടെ വീരസന്താനങ്ങൾക്കു നൾകിയ ബഹുമതിയുടെ ഒരു സംക്ഷിപ്തവിവരം മാത്രമാണിതു്. മാലൊറി കെയിംബ്രിഡ്ജ് സൎവ്വകലാശാലയിലെ ഒരദ്ധ്യാപകനും, ഐെർവിൻ ഓക്സ്ഫോർഡിലെ ഒരു വിദ്യാൎത്ഥിയുമായിരുന്നു. അവർ ഇംഗ്ലണ്ടിന് ബഹുമതിസമ്പാദിച്ചു. ഇംഗ്ലണ്ടു അവരെ ബഹുമാനിച്ചു. ലോകം അവരെ അനവരതം സ്മരിക്കയുംചെയ്യും.

## അദ്ധ്യായം ൨൫.

### വിധിക്കപ്പെട്ട പർവ്വതം.

1924—ലെ പൎയ്യടനസംഘത്തിനു എവറസ്റ്റ്ശൃംഗാഗ്രസമീപത്തിലെത്താൻ സാധിച്ചു എന്നുള്ളതു് ലോകത്തിലെ ഏററവും വലിയ പർവ്വതംതന്നെയും ആരോഹണവിധേയമാണെന്നുള്ളതിന് മതിയായ തെളിവാണ്. ആകൃതികൊണ്ടോ പ്രകൃതികൊണ്ടോ എവറസ്റ്റ് തീരെ അപ്രാപ്യമായി സംഘത്തിനു തോന്നിയില്ല. ഭൂലോകത്തിലെ ഏററം പൊക്കംകൂടിയ ഈ പൎവ്വതാഗ്രത്തിൽ എത്തുന്നതിനു മതിയായ ശരീരശക്തിയും മനുഷ്യൎക്കുണ്ടെന്നുള്ള പരമാൎത്ഥം ഈ പൎയ്യടനസംഘം ലോകസമക്ഷം പ്രസ്പഷ്ടമാക്കുന്നുണ്ട്. ഇത്രയുംകാൎയ്യങ്ങൾ അറിഞ്ഞുകൊണ്ടു പൎയ്യന്വേഷണം അവസാനിപ്പിക്കരുതോ? എവറസ്റ്റിനെപ്പററി ഇപ്പോൾ ലഭ്യമായിരിക്കുന്ന വിവരങ്ങൾ ശാസ്ത്രോപയോഗത്തിന് ധാരാളം മതിയാകും. ആ സ്ഥിതിക്കു ഇനിയും ഈ മാതിരി ആരോഹണ സംരംഭങ്ങൾ വേണ്ടെന്നു വയ്ക്കുകയല്ലേ ബുദ്ധിപൂൎവ്വകമായിട്ടുള്ളതു്?

ഈ പ്രശ്നത്തിനു യുക്തിയോ ജ്ഞാനമോ എന്തുമറു

പടി പറഞ്ഞാലും മനുഷ്യഹൃദയം—മനുഷ്യൻെറ അദ്ധ്യാത്മിക പ്രചോദനം—ഊജ്ജസ്വലമായി "ഇനിയുംപോകണ"മെന്നു തന്നെ മുക്തകണ്ഠം ശക്തിയുക്തം ഉത്തരം പറയും, ആരോഹണ ശ്രമം ഒരുനാളും ഉപേക്ഷിക്കാൻ പാടില്ല. നമ്മുടെ ജീവിതം വിജ്ഞാനംകൊണ്ടു മാത്രം തൃപ്തിയടയുന്ന ഒന്നല്ല. ശാസ്ത്രംഒരു വേള ഇത്രയുംകൊണ്ടുമാത്രം തൃപ്തിപ്പെട്ടമായിരിക്കും. എന്നാൽ മനുഷ്യചൈതന്യം ഇതുകൊണ്ടു അണുമാത്രവും തൃപ്തിപ്പെട്ടുകയില്ല. പര്യടനസംഘം രൂപീകൃതമായതു് ശാസ്ത്രസംബന്ധമായ വിജ്ഞാനം ലഭിക്കുന്നതിനല്ലായിരുന്നു. അതിനാൽ ആത്മാവിനു സമാധാനം വേണമെങ്കിൽ—ഹൃദയത്തിന് ആശ്വാസം ഉണ്ടാകണമെങ്കിൽ—മനസ്സിനു സംതൃപ്തിയുള്ളവാകണമെങ്കിൽ—എവറസ്റ്റ് ശൃംഗോപരിയിൽ എത്തുകതന്നെവേണം.

ഇനിയും ഈദൃശശ്രമങ്ങളിൽ ഏപ്പെടേണ്ടാ എന്നു നിരോധിക്കുന്നതിനു വല്ലവക്കും അവകാശമുണ്ടെങ്കിൽ അതു ശൃംഗാഗ്രത്തിനു സമീപം എത്തിയിട്ട് തിരിയെ ഇറങ്ങിയിരിക്കുന്നവക്കു തന്നെയാണ്. അവർ ഈ ഉദ്യമത്തിലെ പ്രതിബന്ധങ്ങളും അപകടങ്ങളും ക്ലേശങ്ങളും എല്ലാം നന്നായി മനസ്സിലാക്കുകയും സഹിക്കയും ചെയ്തവരാണ്. അവരുടെ സഹചരന്മാരുടെ ജീവനെത്തന്നെ എവറസ്റ്റ് പാദത്തിൽ ബലി അപ്പിച്ചിട്ടാണ് അവർ വന്നിരിക്കുന്നതു്. എന്നിട്ടും കമ്മശൂരന്മാരായ ഈ ആരോഹണശ്രേഷ്ഠന്മാർ—അവരുടെ ഭയാനകമായ അനുഭവങ്ങൾ വിസ്മരിക്കുന്നതിനു മുമ്പുതന്നെ—"വീണ്ടുംശ്രമിക്കുക" എന്ന പദദ്വയങ്ങളെ ആവത്തിച്ചാവത്തിച്ചു പറയുകയുണ്ടായി. പര്യടനസംരംഭം ഉപേക്ഷിക്കുകയെന്നതു് അവർക്കു അരനിമിഷനേരത്തേക്കു പോലും ചിന്തിക്കാൻ കഴിയാത്ത ഒരു സംഗതിയാണ്. പര്യടനം കഴിഞ്ഞു തിരിയെ ഇറങ്ങിയ അവസരത്തിൽ ഒന്നുകൂടെ ശ്രമിച്ചുനോക്കേണ്ടതിൻെറ ആവശ്യകതയെപ്പററി ആരോഹകന്മാർ ഇംഗ്ലണ്ടിലേക്കു കമ്പി അടിച്ചിരുന്നു. ആരോഹകന്മാരുടെ പ്രത്യാഗമവേളയിൽ ഇൻഡ്യയിലെത്തുന്നതിനു മുമ്പുതന്നെ എല്ലാവരും കൂടെ ഒന്നിച്ചിരുന്നു ഇനിയും പോകുന്നതായ എവറസ്റ്റ്തരണസംഘത്തിനു ഉപയോഗയോഗ്യമായിത്തീരുന്നതിലേക്കു അവരുടെ അനുഭവങ്ങളും സംഘടനാരീതികളും ആരോഹണപദ്ധതികളും എല്ലാം രേഖപ്പെടുത്തുകയുണ്ടായി.

ടിബററൻഗവമ്മെണ്ടിൻെറ അനുമതി ലഭിക്കാനുള്ള

പ്രയാസംകൊണ്ടു് നാലാമത്തു പൎയ്യടനസംഘരൂപീകരണ ശ്രമം ഇനിയും പ്രായോഗികമായിട്ടില്ല. ആണ്ടുതോറും ഇംഗ്ലണ്ടിൽനിന്നും വലിയ പട്ടാള ഉദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിൽ അനേകം പേരടങ്ങിയ പൎയ്യടനസംഘങ്ങൾ വരുന്നതിന്റെ യഥാൎത്ഥമായ ഉദ്ദേശ്യം വെറും പൎവ്വതാരോഹണംമാത്രമല്ലെന്നും പ്രത്യുത മറ്റു ഏതോ ഗൂഢമായ രാഷ്ട്രീയോദ്ദേശ്യങ്ങൾ ഇതിൽ അന്തൎല്ലീനമായിട്ടുണ്ടെന്നും ആണ് ബുദ്ധിശാലികളായ ടിബറ്റുകാർ അനുമാനിക്കുന്നതു്. പൎവ്വതപംക്തികളുടെ ഇടയിൽക്കൂടെയും സാനുപ്രദേശങ്ങളിൽക്കൂടെയും മറ്റും ഒളിച്ചും പാത്തും നടക്കയും ഇടയ്ക്കിടയ്ക്കു നീപ്പാളരാജ്യത്തേക്കു കണ്ണോടിക്കയും ഒക്കെ ചെയ്യുന്നതിൽ എന്തോ രഹസ്യമായ ഉദ്ദേശമുണ്ടെന്നു അവർ ദൃഢമായി വിശ്വസിക്കുന്നു. കൂടാതെ ആരോഹണസംഘത്തിന്റെ ഉദ്ദേശം എന്തുതന്നെയായാലും ധ്വരമാരുടെ എവറസ്റ്റ് വിജയശ്രമം ദേവന്മാൎക്കു തീരെ ഇഷ്ടപ്പെടുന്നില്ല എന്നുള്ള സംഗതി അവൎക്കു പൂൎണ്ണബോദ്ധ്യവുമായിട്ടുണ്ടു്. പതിമൂന്നു ചുമട്ടുകാരുടെ ജീവൻ ദേവകോപത്തിനിരയായി നശിച്ചില്ലേ? ടിബറ്റുകാരുടെ വിശ്വാസം ഇപ്രകാരമിരിക്കുമ്പോൾ അവരുടെ ഗവൎമ്മേണ്ടിൽ നിന്നു അനുവാദം ലഭിക്കുക സുകരമല്ല. ഇപ്പോൾ എവറസ്റ്റ് തരണശ്രമത്തിനു ഏറ്റവും വലിയ പ്രതിബന്ധമായി നില്ക്കുന്നതു ടിബറ്റുകാരാണ്. ഇനിയും വളരെ നാളത്തേക്കു അവർ അനുമതി നൽകാതെയിരിക്കാനും മതി (1932—ാമാണ്ടു് ടിബറ്റുകാർ ഇംഗ്ലീഷ് പൎയ്യടനസംഘത്തിനു എവറസ്റ്റ് കയറാനുള്ള അനുമതി നൽകി. ഇതനുസരിച്ചാണ് 1933—ലെ പൎയ്യടനസംഘം പുറപ്പെട്ടിരിക്കുന്നതു്.) ഏതെല്ലാം വൈഷമ്യങ്ങൾ ഉണ്ടായാലും ഒടുവിൽ മനുഷ്യന്റെ ആഗ്രഹപൂൎത്തിയുണ്ടാകാതിരിക്കയില്ല. ഒന്നോ രണ്ടോ അതിലധികമോ പൎയ്യടന സംഘങ്ങൾ ഇനിയും പോകേണ്ടതായി വന്നേയ്ക്കാം. എന്നാൽ ഒരിക്കൽ നിശ്ചയമായും—കണക്കു ശാസ്ത്രം പോലെ കണിശമായി—മനുഷ്യന് എവറസ്റ്റ് വിജയം ഹസ്തഗതമാകുമെന്ന് നിൎവ്വിശ്ശങ്കം പ്രവചിക്കാം.

എവറസ്റ്റ് ഇപ്പോഴും പ്രൗഢനായും, ഗംഭീരനായും, അജയ്യനായും തന്നെ നില്ക്കുന്നു. ഹിമാലയാ പ്രാന്തങ്ങളിൽ അധിവസിക്കുന്ന ഭീരുക്കളായ ആളുകൾ എവറസ്റ്റിനോടടുക്കുന്നതിന് ഭയപ്പെടുന്നു. എപ്പോഴെങ്കിലും സാധിക്കണമെന്നു വിചാരിച്ചാൽ എവറസ്റ്റഗ്രത്തിലെത്തുന്നതിനുള്ള കായദാൎഢ്യം അവ

ക്കുണ്ട്. പക്ഷെ അവക്കു സാഹസികകാര്യമത്തിനുള്ള ഉന്മേഷമോ ചൈതന്യമോ ലേശംപോലുമില്ല. ഇംഗ്ലീഷുകാർ എവറസ്റ്റ് കീഴടക്കാൻ മുതിന്നിട്ട്, അവരെ ഹിമാലയദേവന്മാർ നിഷ്പ്രയാസം നിഷ്ഠൂരുണം ഹിംസിക്കയും പലായനം ചെയ്യിക്കയും ചെയ്ത കഥ പറഞ്ഞു പരത്തുകയും രസിക്കയും ചെയ്ക മാത്രമാണ് ഹിമാലയ പരിസരവാസികളായ ജനങ്ങൾ ചെയ്യുന്നതു്. എന്തെല്ലാം പ്രസ്താവിച്ചാലും, പ്രചരിപ്പിച്ചാലും, എവറസ്റ്റിൻെറ വിധിത്തീപ്പ് ലേഖനം ചെയ്തു കഴിഞ്ഞുപോയി.

## എവറസ്റ്റിനെ കീഴടക്കുക തന്നെ ചെയ്യും.

മനുഷ്യൻ അവൻെറ അഹങ്കാരപൂർണ്ണമായ ശിരസിനെ ചവുട്ടിത്താഴ്ത്തുമെന്നുള്ളതിന് ലേശവും സംശയം വേണ്ടാ. അവൻെറ ഗുപ്താറകളിലേക്കുള്ള രഹസ്യമാർഗ്ഗങ്ങളെ മനുഷ്യൻ കണ്ടുപിടിച്ചു കഴിഞ്ഞു. എവറസ്റ്റിൻെറ സംരക്ഷന്മാരായ മഞ്ഞിൻെറയും, തണുപ്പിൻെറയും, മാരുതവീരൻെറയും ശക്തിയുടെ പരമകാഷ്ഠ തന്നെ മനുഷ്യൻ മനസ്സിലാക്കിക്കഴിഞ്ഞു. മനുഷ്യൻെറ ശക്തിയും, ജനനവും പ്രാഭവവും, പാടവവും, അനുദിനം വൎദ്ധിച്ചു തന്നെ വരുന്നു എന്നും, എന്നാൽ എവറസ്റ്റിൻെറ സ്വയരക്ഷാശക്തിയും സൈനികബലവും, യാതൊരു വൎദ്ധനവും കൂടാതെ ഒരേ പരിമാണത്തിൽ നിശ്ചേതനമായി മാത്രം ഇരിക്കുന്നു എന്നുമുള്ള സംഗതി മനുഷ്യൻ നന്നായി മനസ്സിലാക്കിയിട്ടുണ്ട്. മനുഷ്യൻ ഓരോ പുതിയ ആരോഹണപദ്ധതികൾ കണ്ടുപിടിക്കുകയും, ഓരോ വിഘാതങ്ങളേയും തരണം ചെയ്യുന്നതിനുള്ള നവീന ഉപായങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്നതനുസരിച്ച്, എവറസ്റ്റിന് അവൻെറ ഉയരം വൎദ്ധിപ്പിക്കുന്നതിനോ, ശൈത്യം കഠിനതരമാക്കുന്നതിനോ, മാരുതപ്രവാഹശക്തി പൂൎവ്വോപരി ദുസ്സഹമാക്കുന്നതിനോ ഒരുനാളും സാധിക്കയില്ല. എന്നാൽ മനുഷ്യനോ? അവൻ അടുത്ത പ്രാവശ്യം പോകുമ്പോൾ മുൻപു പോയതിനേക്കാൾ വളരെ വ്യത്യസ്തനായി കാണപ്പെട്ടും. കൂടുതൽ ജ്ഞാനവും, പരിചയവും, ഉത്സാഹവും, നവീനപദ്ധതികളും അപ്പോൾ അവനെ അനുഗമിക്കും. മൂന്നാമതു സംഘത്തിന് 27000 അടി ഉയരത്തിൽ ഒരു കൂടാരം സ്ഥാപിക്കുവാൻ സാധിച്ചു എന്നറിയുമ്പോൾ നാലാമതു് സംഘം നിശ്ചയമായും അതിനുപരിയായി ഒരു കൂടാരം അടിക്കും. 28000 അടിയിലധികം കയറാൻ സാധിച്ച മനുഷ്യനെ അവസാനത്തെ

എണ്ണൂറോ, തൊള്ളായിരമോ അടി ഉയരം ഭയപ്പെടുത്തുമോ? അൻപതു കൊല്ലം മുമ്പ് മനുഷ്യൻ 21000 അടിയിൽ കൂടുതൽ ഉയരം കയറിയിരുന്നില്ല. പിന്നീട് 23000 കയറി. അനന്തരം 24600 കയറി. അതു കഴിഞ്ഞ് 27000 കയറി. ഇപ്പോഴിതാ 28000 വും കയറിക്കഴിഞ്ഞിരിക്കുന്നു. നിശ്ചയമായും അവൻ 29000 കയറുക തന്നെ ചെയ്യും.

ഓഡലിൻെറ അനുഭവങ്ങളെ ആസ്പദമാക്കി നോക്കുന്ന പക്ഷം ഇക്കാര്യം സുനിശ്ചിതം തന്നെയാണ്. എവറസ്റ്റിൻെറ സകലശക്തികളുമുപയോഗിച്ചുള്ള എതിർപ്പിൻെറ വിഷമതകൾ ഓഡൽ സഹിച്ചു. സോമർവെൽ, നോർട്ടൻ, ആദിയായവരേപ്പോലെ ചുമട്ടുകാരുടെ ജീവരക്ഷാർത്ഥമുള്ള ക്ലേശഭൂയിഷ്ഠമായ ഉദ്ധാരണ സംരംഭങ്ങളിലേർപ്പെട്ട്, സാരമായ ആരോഗ്യഹാനിയൊന്നും ഓഡലിനു സംഭവിച്ചില്ല. എങ്കിലും എവറസ്റ്റിനു കഴിവുള്ളിടത്തോളം തണുപ്പും കാററും പ്രയോഗിച്ച് ഓഡലിനെ പരിക്ഷിച്ചു നോക്കി. ഒരു വിദഗ്ദ്ധനായ ആരോഹകന് എവറസ്റ്റിൻെറ ആക്രമങ്ങളെ എത്രമാത്രം തടുക്കാമെന്നുള്ളതിന് ഓഡൽ ഒരുദാഹരണമാണ്. അദ്ദേഹത്തിൻെറ അനുഭവം എന്തെന്നു പരിശോധിക്കാം.

മേയ് 31-ാം തീയതിക്കും, ജൂൺ 11-ാം തീയതിക്കും, ഇടയ്ക്കു 21000 അടിയ്ക്കും 23000 അടിയ്ക്കും മദ്ധ്യേയായി അദ്ദേഹം മൂന്നു പ്രാവശ്യം കയറുകയും ഇറങ്ങുകയും ചെയ്തു. എവറസ്റ്റാരോഹണസംരംഭങ്ങൾക്കു മുൻപായിരുന്നെങ്കിൽ ഇതു തന്നെ ഒരു മഹാവിജയമായിക്കരുതുമായിരുന്നു. മൂന്നാമതു സംഘത്തിന് 23000 അടി ഉയരത്തിൽ കയറാൻ സാധിച്ചു എന്നു തന്നെയല്ല അവിടത്തെ കൂടാരം മുകളിലേയ്ക്കുള്ള കയററത്തിന് ഒരു അടിസ്ഥാനമായി കൂടിയും ഉപയോഗിക്കുന്നതിന് സാധിച്ചു. 23000 അടി ഉയരത്തിനു മുകളിലുള്ള ഓഡലിൻെറ വിജയങ്ങൾ പ്രത്യകം ശ്ലാഘനീയങ്ങൾ തന്നെയാണ്. 26800 അടിയിങ്കലുള്ള കൂടാരത്തിലേക്ക അദ്ദേഹം രണ്ടു പ്രാവശ്യം കയറി. 27000 അടിവരെ എത്തിയ ആരോഹണം അദ്ദേഹം രണ്ടു പ്രാവശ്യം ആവർത്തിച്ചു. ഇതെല്ലാം നടത്തിയതു് തുടർച്ചയായ നാലു ദിവസങ്ങളിലുമാണ്. ഉഗ്രമായ വാതകോപമുള്ള സമയത്ത് ഭാരമേറിയ പ്രാണവായുക്കുഴലുകൾ കൂടെ വഹിച്ചുകൊണ്ടാണ് അദ്ദേഹം ഒടുവിൽ കയറിയതു്. ഓഡൽ അത്യുയരതരങ്ങളിൽ ഏർപ്പെട്ടിരുന്നതുടർച്ചയായ 12 ദിവസങ്ങളിൽഒരുദിവ

സം മാത്രമേ 23000 അടി ഉയരത്തിനു താഴെ കഴിച്ചു കൂട്ടിയിട്ടുള്ളു എന്നുള്ളതു് പ്രത്യേകം ശ്രദ്ധാർഹമായ മറെറാരു പ്രധാനസംഗതിയാണ്. 25000 അടി ഉയരത്തിൽ അദ്ദേഹത്തിനു രണ്ടു ദിവസം മുഴുവനും താമസിക്കുന്നതിന് സാധിച്ചു.

ഈ സ്ഥിതിക്ക് മാലൊറിയും ഐർവിനും അപ്രത്യക്ഷരായ അവസാനദിവസം ഓഡൽ 6-ാമത്തു കൂടാരത്തിൽ നിന്നും (26800 അടി ഉയരത്തിൽ) ഉത്തരകോളകൂടാരത്തിലേക്കു പിൻതിരിയാതെ 6-ാമത്തു കൂടാരത്തിൽത്തന്നെ താമസിച്ചിട്ട് അടുത്ത ദിവസം രാവിലെ എവറസ്റ്റശൃംഗത്തിലെത്തുന്നതിന് ശ്രമിച്ചിരുന്നെങ്കിൽ നിശ്ചയമായും മുകളിലെത്തുമായിരുന്നു എന്നുള്ളതിന് സംശയമുണ്ടോ? 6-ാമത്തു കൂടാരത്തിൽ നിന്ന് 4-ാമത്തു കൂടാരത്തിലേക്കിറങ്ങിയിട്ട്, ഭാരമേറിയ പ്രാണവായു ഉപകരണങ്ങളും മററും വഹിച്ചുകൊണ്ടു തിരികെ ഉഗ്രമായ കാററുള്ളപ്പോൾ 6-ാമത്തു കൂടാരത്തിലേക്കു തന്നെ വന്ന് അവിടെ നിന്നും കുറേക്കൂടെ കയറുന്നതിനു സാധിച്ച ഓഡലിന്—മാലൊറിയെക്കാണാതായ ദിവസം 6-ാമത്തു കൂടാരത്തിൽത്തന്നെ താമസിച്ചിരുന്നെങ്കിൽ—അന്നേദിവസം ശിഷ്ടമുള്ള ഉയരംകൂടെ കയറി വിജയമടയുന്നതിനു സാദ്ധ്യമാകുമായിരുന്നു. 27000 അടി ഉയരത്തിൽ നിന്നു 23000 അടിയിലേക്കും അവിടെ നിന്നു വീണ്ടും 27000 അടിയിലേക്കും ഇറങ്ങുന്നതിനും കയറുന്നതിനും സാധിച്ച സ്ഥിതിക്കു 27000 അടിയിങ്കൽനിന്നു തിരികെ ഇറങ്ങാതെ ശ്രമിച്ചിരുന്നു എങ്കിൽ 29000 അടിയിങ്കൽത്തന്നെ എത്താമായിരുന്നു എന്നുള്ളതിനു സന്ദേഹമില്ല.

സോമർവെൽ 28000 അടി ഉയരം കയറി. നോർട്ടൻ 28100 അടി കയറി. ഓഡൽ രണ്ടു പ്രാവശ്യം 27000 അടിയിലധികം കയറി. ഏകദേശം 27000 അടിയോളം ഉയരംവരെ ചുമട്ടുകാർ ചുമടുകളുംകയററി. ഈ സംഗതികളെല്ലാം ദിതിയ പര്യടനസംഘം കണ്ടുപിടിച്ചതായ തത്വത്തെ—അത്യുയര ഭൂപ്രകൃതി സ്ഥിതികളോട് ക്രമേണ മനുഷ്യൻെറ ശരീരം അനുയോജ്യമായി ഭവിച്ചുകൊള്ളുമെന്നുള്ള തത്വത്തെ—സ്ഥിരപ്പെടുത്തുകയും വിശദീകരിക്കുകയുമാണ് ചെയ്യുന്നതു്. മനുഷ്യശരീരം സ്വതേ വ്യത്യസ്ഥപരിതസ്ഥിതികൾക്കനുയോജ്യമായിത്തിർന്നുകൊള്ളുമെന്നുള്ളതിനു ഇനി യാതൊരു സംശയവുംവേണ്ടാ. കൂടാതെ മനുഷ്യൻെറ മനസ്സും, ശരീരസ്ഥിതിക്കനുസരിച്ചു വ്യതിചലിച്ചുകൊള്ളുമെന്നും ഈ പര്യടനസംഘം നമ്മെ പഠിപ്പിക്കു

 നുണ്ട്. അസാദ്ധ്യമെന്നു കരുതുന്ന സ്ഥലത്തു ഒരു പ്രാവശ്യം
കയറാൻ സാധിച്ചാൽ പിന്നീടു അവിടെ കയറുകയെന്നുള്ളതു്
സാമാന്യം ആക്കം സാധിക്കുന്നതും സാധാരണമായിത്തിരുന്നതു
മാണ്. ആരെങ്കിലും ഒരാൾ ഒന്നു കയറിക്കഴിഞ്ഞാൽ പിന്നീടു
അതു ഒരു സാധാരണകാൎയ്യമായി മാത്രമെ ഇതര ജനങ്ങൾ കരു
തുകയുള്ളു. കയറാൻ സാധിക്കയില്ലെന്നു വിശ്വസിച്ചിരുന്ന ഒ
രു സ്ഥലത്തു എപ്രകാരമെങ്കിലും കയറി കഴിയുമ്പോൾ പി
ന്നീടു അവിടെനിന്നു വീണ്ടും കുറെക്കൂടെ ഉയരത്തിലേക്കു കയ
റുന്നതിനു മനുഷ്യനു പ്രകൃത്യാ ഒരാഗ്രഹം ജനിക്കുന്നു. ചുമട്ടുകാ
ർ രണ്ടാം പ്രാവശ്യം 27000 അടിയിലേക്കു ചുമടുകളുംകൊണ്ടു ക
യറിയപ്പോഴത്തെ അനുഭവം ഇതായിരുന്നു. ഒരു സംഘം ചുമ
ട്ടുകാർ 27000 അടിയുയരത്തിൽ എത്താൻ കഴിഞ്ഞു എന്നു അ
റിഞ്ഞപ്പോൾ മറെറാരു സംഘത്തിനു അതു നിഷ്പ്രയാസം
സാധിക്കാവുന്ന ഒരു സാധാരണസംഗതിയായിത്തോന്നി. രണ്ടാ
മതു കയറിയ ചുമട്ടുകാർ 27000 അടിഉയരംവരെ ചുമടുകളും
കൊണ്ടുകയറാൻ സാധിക്കുമോ ഇല്ലയോ എന്നുള്ള സംശയങ്ങ
ളെപ്പററി ചിന്തിക്കേണ്ട ആവശ്യം ഇല്ലായിരുന്നു. ഇപ്രകാരം
മുകളിലേക്കു മുകളിലേക്കു കയറുന്നതനുസരിച്ചു മനസ്സിന്റെ ഉ
ൽഗമനശക്തിയും വൎദ്ധിച്ചു വൎദ്ധിച്ചു തന്നെ വരും. എത്രമാ
ത്രം കൂടുതൽ ശ്രമിക്കുന്നുവോ അത്രമാത്രം കൂടുതൽ വിജയവും
ഉണ്ടാകുമെന്നു മനുഷ്യൻ ഒരു പ്രാവശ്യം കൂടെ നന്നായി മന
സ്സിലാക്കി.

അതിനാൽ മനുഷ്യൻ ഒരു ദിവസം എവറസ്റ്റിന്റെ
ശിരസ്സിനെ പാദമൎദ്ദനമേല്പിച്ചു കീഴടക്കുമെന്ന് സംശയലേ
ശം കൂടാതെ ഖണ്ഡിതമായിത്തന്നെ പ്രസ്താവിക്കാം. ആ മഹ
ൽ സുദിനത്തിൽ എവറസ്റ്റ് ശൃംഗോപരിഭാഗത്തു ആദ്യമായിനി
ൽക്കുന്ന ആൾതന്നെയായിരിക്കും തന്റെ വിജയലബ്ധിക്കു മാ
ൎഗ്ഗദർശികളായ ആരോഹകന്മാർ—മാലൊറി ഐർവിൻ ഓ
ഡൽ ആദിയായവർ—പ്രഥമമായി കൃതജ്ഞത പ്രകടിപ്പിക്കുന്ന
തു്. ലോകത്തിലെ ഏററവും ഔന്നത്യമേറിയ പൎവ്വതശൃംഗം
ആദ്യം തരണം ചെയ്തു് മഹാൻ എന്ന പ്രശസ്ത നാമധേയത്താ
ൽ അനവരതംഅറിയപ്പെടുവാനിരിക്കുന്നതു് ഇനിയുണ്ടാകുന്ന
സംഘങ്ങളിൽ നിന്നു എവറസ്റ്റ് കൂടത്തിനു മുകളിൽ ആദ്യം എ
ത്തുന്ന അംഗമാണ്. എന്നെങ്കിലും എവറസ്റ്റഗ്രം പ്രാപിച്ചു്
അനവരതം കീൎത്തിധാവളിത്തോടുകൂടി പ്രശോഭിക്കുന്ന മഹാ

ൻെറ മഹനീയ നാമധേയത്തോടു ബന്ധിച്ച് അനുസ്മരിക്കുന്ന തിനു അർഹമായ നാമധേയങ്ങളാണ് മാലൊറി, ഐർവിൻ, ഓഡൽ, നോർട്ടൻ, സോമർവെൽ നാവ്ബുയിഷേ, ലാക്‌വാ ഷേദി, സെച്ചുംബി എന്നിവ.

+ + +

1924-ലെ പര്യടനസംഘാംഗങ്ങളിൽ ആക്കംതന്നെ ഇ നിയുണ്ടാകുന്ന സംഘത്തിൽ ചേരാൻ ഇടയില്ല എന്നു വരുന്ന ല്ലാം. അതിനാൽ ആരോഹണാസക്തിയുള്ള യുവധീരന്മാർ ഈ മഹൽക്കാര്യലാഭത്തിനായി ഇപ്പോഴെ തയ്യാറാകേണ്ടതു് ആവ ശ്യമാണ്. എവറസ്റ്റാരോഹണസംരംഭത്തിൽ എന്തുസഹായവും ഒത്താശയും ചെയ്യുന്നതിനു സദാസന്നദ്ധമായി എവറസ്റ്റ്ശൃംഗ ക്കമ്മറ്റി ഇപ്പോഴും നിലവിലിരിക്കുന്നു. കമ്മറ്റി ഇനിയും വേ റൊരു സംഘം രൂപീകരിക്കുന്നതിനു വേണ്ടി അംഗങ്ങളെ ക്ഷ ണിക്കുമ്പോൾ അതിൽ ചേൎന്നു ശ്രമിക്കുന്നതിനു തക്കതായ സാ മൎത്ഥ്യവും സന്നദ്ധതയും ഉള്ളവർ ഉണ്ടാകുമാറാകട്ടെ. യുവധീര ന്മാർ അതിനായി ഇപ്പൊഴെ തയ്യാറായിക്കൊള്ളട്ടെ. ഹൃദയവും ആത്മാവും മനസ്സും ശരീരവും ശക്തമായിട്ടിരിക്കുന്നവനു മാത്ര മെ **എവറസ്റ്റ്** കീഴടങ്ങുകയുള്ളു.

+ + +

എവറസ്റ്റ് കൂടാതെ ഹിമാലയമഹാഗിരിസഞ്ചയത്തിൽ 24000 അടിയിലധികം പൊക്കമുള്ളതായി ഏതാണ്ടു് 74 കൊ ടുമുടികൾ കൂടെയുണ്ടു്. മനുഷ്യൻ ഇവയിലൊന്നിൻെറയും അഗ്ര ത്തിൽ ഇതേവരെ കയറിയിട്ടില്ല. ഇവയിൽ ചിലതിൻെറ പ ൎവ്വതകടകതലങ്ങളിൽകൂടെ ഗണ്യമായ ഉയരംവരെ കയറാൻ മ നുഷ്യക്കു സാധിച്ചിട്ടുണ്ടെങ്കിലും മുകളിലെത്താൻ ഒരുത്തക്കും ക ഴിഞ്ഞിട്ടില്ല. എവറസ്റ്റ്പര്യടനസംഘത്തിനു അവരുടെ പ്രധാ ന ഉദ്ദേശ്യം സാധിച്ചില്ലെങ്കിലും അത്യുയരമേഖലകളിലെ കാ ലപ്രകൃതി വിഘാതങ്ങൾകൊണ്ടു് മാത്രം ആക്കും ഈ കൊടുമു ടികളിൽ കയറാൻ സാധിക്കാതെയിരിക്കയില്ല എന്നു പൂൎണ്ണമാ യി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. ഈ ശൃംഗങ്ങൾ തര ണം ചെയ്യുന്നതിനു ഉദ്യമിക്കുന്നതു് തന്നെ എവറസ്റ്റ് വിജയ ത്തിനു സഹായകമായിത്തീരുന്നതുകൂടാതെ ഇവയെ ഗവേഷ ണം ചെയ്താൽ പ്രകൃതിവിലാസം തുളുമ്പുന്ന മനോഹരമായ ഒ രു നവീന സൃഷ്ടിവൈചിത്ര്യം തന്നെ ലോകത്തിനു തുറന്നുകൊ ടുക്കുന്നതിനും പര്യാപ്തമായിത്തീരുന്നതാണ്.

ഈ ശൃംഗതരണോദ്യമങ്ങൾ ഹിമാലയപ്രാന്തവാസികളായ ജനങ്ങളുടെ സഹകരണത്തോടുകൂടി ചെയ്യുന്നതു് നല്ലതാണ്. ഉത്തരകോളത്തിൽ വെച്ച് ചുമട്ടുകാരുടെ ജീവനെ രക്ഷിക്കാനായി ചെയ്ത മഹനീയ ത്യാഗം വൃഥാവിലാകാതെയിരിക്കട്ടെ! ഹിമാലയാപരിസരവാസികളുമായി ബ്റൂസ്സ് സ്ഥാപിക്കയും നോർട്ടനും സോമർവെല്ലും മാലൊറിയും മുദ്രിതമാക്കയും ചെയ്ത സമഭാവനയും സ്നേഹവും വളർന്നുവരട്ടെ!! ഇനിയുണ്ടാകുന്ന എവറസ്റ്റ്തരണപ്രസ്ഥാനത്തിൽ അവർ ആരോഹകന്മാരുടെ സ്നേഹവും വിശ്വസ്തതയും സംശയരഹിതമായി അവലംബിച്ചു മുൻപോട്ടിറങ്ങി വിജയം ഹസ്തഗതമാക്കുന്നതിനു ശ്രമിക്കട്ടെ!!!

# അദ്ധ്യായം ൨൯. *

## അത്യുയര മേഖലകളിലെ ജീവസസ്യജാലങ്ങൾ.

എവറസ്റ്റഗ്രത്തിലെത്താൻ കഴിഞ്ഞില്ലെങ്കിലും, മനുഷ്യന് ഇതരസഹായംകൂടാതെ സമുദ്രനിരപ്പിൽനിന്നും 27000 അടി ഉയരത്തിൽ കയറാൻ സാധിച്ചു. ഇതു് പ്രാണധാരണം ചെയ്യുന്ന ഏതെങ്കിലും ഒരു അന്യജീവിക്കു ഇതുവരെ സാദ്ധ്യമായിട്ടുണ്ടോ? ഏതെങ്കിലും ഒരുമൃഗമോ, ജന്തുവോ, പക്ഷിയോ, ഈ

---

* ഈ അദ്ധ്യായം തികച്ചും ശാസ്ത്രീയപരമായി മാത്രം പ്രാധാന്യമുള്ളതാണ്. എവറസ്റ്റാരോഹണ സാഹസിക കഥാകഥനത്തോട് സ്വാഭാവികബന്ധമുള്ളതെങ്കിലും, കഥാഗതിയുടെ അപ്രതിഹതമായ പുരോഗമനത്തിനു് തെല്ല് വിഘാതമായും, സാധാരണവായനക്കാരുടെ അഭിരുചിക്കു് അല്പം രസശൂന്യമായും തോന്നാൻ ഇടയുണ്ടെന്നുള്ള സംശയത്താൽ ഈ അദ്ധ്യായം മൂലഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന സ്ഥാനംവിട്ടു് ഇവിടെ അവസാനമായി ചേർത്തിട്ടുള്ളതാകുന്നു. പല ചെടികൾക്കും പ്രാണികൾക്കും ശരിയായ മലയാളപദങ്ങൾ ലഭിക്കുവാനുള്ള വൈഷമ്യംകൊണ്ടു് ഇംഗ്ലീഷ് പേരുകൾ തന്നെയാണ് അധികവും സ്വീകരിച്ചിരിക്കുന്നതു്. ഇതും ഇംഗ്ലീഷ്ഭാഷാനഭിജ്ഞന്മാരായ പച്ചമലയാളികൾക്കു ദുർഗ്രഹവും ശ്രവണദുഷ്കരവും ആയിരിക്കാൻ ഇടയുണ്ടു്. ഈദൃശ കാരണങ്ങളാൽ ഈ അദ്ധ്യായം സമഗ്രമായിട്ടും, സ്ഥാനഭ്രംശം ചെയ്തു ചേർത്തിരിക്കുന്നതാണ്.

മാത്യു, എം. കുഴിവേലി.

വിസ്മയജനകമായ അത്യുയരത്തിൽ എത്തിയിട്ടുള്ളതായി അറിവുണ്ടോ? ഇതു് സംശയഗ്രസ്തമായ ഒരു സംഗതിതന്നെയാണ്. 1924-ൽ ചഫ് (Chough)എന്നറിയപ്പെടുന്ന ഒരുപക്ഷി, ഭക്ഷണോഛിഷ്ടങ്ങൾ ഭുജിക്കുന്നതിനായി ഇത്രയും ഉയരത്തിൽ എത്തുകയുണ്ടായി. പക്ഷെ ഈ പക്ഷി അത്യുന്നത ഗഗനമേഖലകളിൽനിന്നുള്ള ചേതോഹരമായ കാഴ്ചകൾ കാണുന്നതിനോ, അംബരസാമീപ്യത്തിലുള്ള മഹനീയത അനുഭവിക്കുന്നതിനൊ ഇത്രയുംഉയരത്തിൽ പറന്നതായിരിക്കയില്ല. ലോകചരിത്രത്തിൽ 27000 അടിപൊക്കത്തിലേക്കു ഇദംപ്രഥമമായി ഭക്ഷണസാധനങ്ങൾ കൊണ്ടുപോയതു് '24-ലെ എവറസ്റ്റാരോഹകന്മാരാണ്. അതിനാൽ ഇതിനുമുമ്പ് ഒരിക്കലും 'ചഫു'കൾ 27000 അടി ഉയരത്തിൽ പറന്നെത്തിയിട്ടില്ലെന്നു നമുക്കു സയുക്തികം അനുമാനിക്കാം. കഴുകൻ സാധാരണ വളരെ ഉയരത്തിൽ പറക്കുന്ന പക്ഷിയാണ്. ഉത്തരശൃംഗോപരിയായി ഉദ്ദേശം 25000 അടി ഉയരത്തിൽക്കൂടെ ഒരു കഴുകൻ പറക്കുന്നതായി വൊള്ളാസ്റ്റൻ 1921-ാമാണ്ടു് കാണുകയുണ്ടായി. കഴുകനെ കണ്ടതു് 27000 അടി ഉയരത്തിലല്ല പ്രത്യുത ൨൦൦൦ അടികൂടെ താഴെയായി ൨൫൦൦൦ അടി ഉയരത്തിൽ മാത്രമാണെന്നു പ്രത്യേകം സ്മരിക്കണം. കഴുകനെ കണ്ടിട്ടുള്ളതിൽ ഏററവും വലിയ ഉയരവും ഇതുതന്നെയാണ്. ആവശ്യമുള്ള ഉയരത്തിലധികം സാധാരണയായി അവ പൊങ്ങിപ്പറക്കാറുമില്ല. കഴുകന് ൨൭൦൦൦ അടി വരെ പറക്കേണ്ടതായ യാതൊരാവശ്യവും പ്രത്യക്ഷത്തിൽ കാണുന്നുമില്ല.

ഇതുവരെ യാതൊരു ജീവജാലങ്ങൾക്കും എത്താൻ കഴിഞ്ഞിട്ടില്ലാത്തതായ അനന്തമായ ഉയരങ്ങളിൽ 1922—ലും, അനന്തരം 1924-ലും മനുഷ്യന് എത്താൻ സാധിച്ചു എന്നു് അതിശയോക്തിലേശംകൂടാതെ പ്രസ്താവിക്കാം. ചിറകുള്ള പറവജാലങ്ങൾക്കു സാധിക്കുന്നതിനെക്കാൾ കൂടുതൽ ഉയരത്തിൽ പാദന്യാസത്താൽമാത്രം എത്തുന്നതിനു മനുഷ്യനു സാധിച്ചതു് ഏററവും അഭിമാനകരമല്ലയോ?

വിവിധജന്തുക്കൾ എത്രമാത്രം ഉയരങ്ങളിൽ എത്തുന്നു എന്നു മനസ്സിലാക്കുന്നതിന് ഈ എവറസ്റ്റ്പര്യടനങ്ങൾ നമ്മെ വളരെ സഹായിക്കുന്നുണ്ടു്. ഇൻഡ്യൻ മെഡിക്കൽ സർവ്വീസിലെ ഒരംഗവും, 1924—ലെ പര്യടനസംഘത്തിലെ പ്രകൃതിശാസ്ത്രപര്യവേക്ഷകനും ആയിരുന്ന മേജർ ഹിൻജിസ്റ്റൻ ഈ വിഷയ

ത്തെ പുരസ്കരിച്ച് പ്രത്യേക ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. മൂന്ന് എവറസ്റ്റാരോഹണസംഘങ്ങളും ഈദൃശ ജ്ഞാനാഭിവൃദ്ധിക്കു സാരമായ സഹായങ്ങൾ ചെയ്തിട്ടുണ്ട്. ഈ അവസരത്തിൽ അവയെപ്പററി അല്പം പ്രസ്താവിക്കുന്നതു് അനുചിതമായിരിക്കയില്ലല്ലൊ.

മേജർ ഹിൻജിസ്റ്റൻ 22000 അടി. ഉയരത്തിൽവെച്ച് കാണാൻ ഇടയായ കറുത്തതും ചെറിയതുമായ ഒരിനം എട്ടുകാലികളാണ് ഏററവും ഉയരത്തിൽ സ്ഥിരമായി നിവസിക്കുന്ന ജീവജാലങ്ങൾ. അവ ശിലാശകലങ്ങൾക്കിടയിൽ ചില പൊട്ടലുകളിലും, വിള്ളലുകളിലുമൊക്കെയാണ് അധിവസിക്കുന്നതു്. അവയുടെ ആഹാരം എന്താണെന്നുള്ളതു് ഒരു വലിയ രഹസ്യം തന്നെയാണ്. എന്തുകൊണ്ടെന്നാൽ ആ അത്യുയരത്തിൽ കല്ലും പാറയും മഞ്ഞും അല്ലാതെ യാതൊരു ജീവസസ്യജാലങ്ങളും കാൺമാനില്ല. ചുരുക്കം ചില അവസരങ്ങളിൽ ഈ അത്യുയരത്തിലേക്ക് ചില തേനീച്ചകളും ചിത്രശലഭങ്ങളും പറന്നെത്താറുണ്ട്. എങ്കിലും മുൻപ്രസ്താവിച്ച എട്ടുകാലികളെപ്പോലെ അവ അവിടെ സ്ഥിരമായി നിവസിക്കാറില്ല.

ഏററവും ഉയരത്തിൽ കാണാവുന്ന സസ്യവർഗ്ഗം അരിനേറിയാ (Arinaria) എന്ന ഒരിനം ചെടിയാണ്. 20100 അടിവരെ ഉയരത്തിൽ ഇതു് വൊള്ളാസ്റ്റൻ കാണുകയുണ്ടായി. ചില പുഷ്പവർഗ്ഗങ്ങളും, പായൽച്ചെടികളുംമററും 20,000 അടി ഉയരംവരെ കണ്ടതായി അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽപ്രസ്താവിച്ചവയാണ് അത്യുന്നത ഗഗനമേഖലകളിൽ സ്ഥിരമായിക്കാണുന്ന ജീവസസ്യജാലങ്ങൾ. വൊള്ളാസ്റ്റൻ 25000 അടി ഉയരത്തിൽവെച്ചു കണ്ട കഴുകനും, 1924-ലെ സംഘത്തെ 27000 അടിവരെ അനുഗമിച്ച 'ചഫും' കൂടാതെ 23640 അടി ഉയരമുള്ള കാർട്ടാഫു എന്ന ശൃംഗോപരിഭാഗത്തുവെച്ച് സോമർവെൽ ചില 'ചഫു'കളെയും കാണുകയുണ്ടായി. 21500 അടി ഉയരത്തിൽ വെച്ച് മഞ്ഞിൽ ചില കാലടികൾ കണ്ടതു് ഒരു ചെന്നായുടേതാണെന്നാണ് അനുമാനിച്ചിരിക്കുന്നതു്. 19000 അടി ഉയരത്തിൽവെച്ച് ചെന്നായ്ക്കളെ ധാരാളമായിക്കണ്ടിട്ടുണ്ട്. 21000 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന കാർട്ടാഗ്ലേസിയറിന് മുകളിൽവെച്ച് ഒരു ഹൂപ്പോഫ്ളൈ (Hoopoe fly ഇതു പറവവർഗ്ഗത്തിൽപെട്ടതാണ്) യെ വൊള്ളാസ്റ്റൻ രണ്ടു പ്രാവശ്യം കണ്ടു. ഒരു ചെറിയ ഇനം പ്രാ

ല്പിടയനെ (Hawk) അത്രയും ഉയരത്തിൽവെച്ച് രണ്ടു പ്രാവശ്യം കണ്ടതായി അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്.

21000 അടി ഉയരത്തിൽ സ്ഥാപിച്ചിരുന്ന മൂന്നാമത്തു ക്യാമ്പിനു സമീപംവെച്ച് ചില ചഫ്കളേയും ഒരു കാക്കയേയും, ഹിൻജിസ്റ്റൻ കാണുകയുണ്ടായി. അവിടെവെച്ചു കണ്ട റോസ്ഫിൻഞ്ച് (Roso Finch) എന്ന ഒരു പക്ഷി പൎവ്വതപംക്തികൾ കടന്ന് ദേശാന്തരവാസത്തിനായി പോകയാണെന്നു അദ്ദേഹം ഊഹിച്ചു. മൂന്നാമത്തു ക്യാമ്പു സന്ദൎശിച്ച മറെറാരു ജീവി വിനീതനായ ഒരു തേനീച്ചയാണ്. 21000 അടി ഉയരത്തിൽ സൃഗാലന്മാരുടേയും, മുയലുകളുടേയും അധിവാസ ലക്ഷ്യങ്ങൾ കാൺമാനുണ്ട്.

20,000 അടി ഉയരത്തിൽ സ്ഥാപിച്ചിരുന്ന കൂടാരം മിക്ക ദിവസങ്ങളിലും കഴുകന്മാരും, ഒരുമാതിരി മലങ്കാക്കകളും, വിവിധമാതിരി ചഫുകളും, കറുത്ത ശ്രോത്രങ്ങളോടുകൂടിയ ഒരു തരം പരുന്തുകളും സന്ദൎശിക്കയുണ്ടായി. 20000 അടി ഉയരംവരെ ബറൽ സഞ്ചരിച്ചിട്ടുള്ള ലക്ഷണങ്ങൾ കണ്ടു. 19000 അടിക്കും 17000 അടിക്കും മദ്ധ്യേ ധാരാളം ആടുകൾ നിവസിക്കുന്നുണ്ട്. പൈകാ (Pika) എന്ന പേരിൽ അറിയപ്പെടുന്ന ഒരിനം ജന്തുക്കളെ 15000 അടിമുതൽ 20000 അടി വരെ ഉയരത്തിൽ കാണുകയുണ്ടായി. 20000 അടി ഉയരത്തിൽവെച്ച് ഒരെലി കൂടാരത്തിൽക്കയറി ഭക്ഷണസാധനങ്ങൾ മോഷ്ടിച്ചുകളഞ്ഞു. എങ്കിലും എലിയെ കാണുകയുണ്ടായില്ല.

19000 അടി ഉയരത്തിൽ കാർട്ടാ താഴ്വരയിൽ വെച്ച് ഒരു മാതിരി പൊക്കം കുറഞ്ഞതും, നീലവൎണ്ണമുള്ളതുമായ മെക്കാനോപ്സിസ് (meconopsis)-ം പലയിനം സാക്സിഫ്റേജുകളും, (Saxifrage) സാസുസൂറിയാസ് (Sasusureas) ചെടികളും കാണുന്നതിനിടയായി.

18,000 അടി ഉയരത്തിൽ വെച്ച് ഏററവും ചെറിയ ഇനം റോഡോഡെൺട്രൽ (Rhodo dentral) ചെടികൾ കണ്ടു. ഈ ഉയരത്തിൽ വെച്ചുതന്നെ വൊള്ളാസ്റ്റൻ മനോഹരമായ ഒരു റോസ്ഫിൻചിനെ കണ്ടതായി പ്രസ്താവിക്കുന്നുണ്ട്. ഹിൻജിസ്റ്റൻ 18000 അടി ഉയരത്തിലുള്ള ഒരു ഹിമപ്രവാഹ പ്രദേശത്തു വെച്ച് പരിപൂൎണ്ണ വളർച്ച പ്രാപിക്കാത്തതായ ഒരു പുതിയ ഇനം ഷീവിട് (തുള്ളൽ) എന്ന ജീവിയേയും റെഡ്സ്റ്റാർട്ട് എന്ന ഒരുമാതിരി പക്ഷികളേയും കണ്ടു.

൧൭൦൦൦ അടിയിലേക്കിറങ്ങുമ്പോൾ ജീവജാലങ്ങളുടെ സംഖ്യ വിപുലമായിത്തീരുന്നു. കാർട്ടാ താഴ്വരയിലുള്ള ചില ചെറിയ അരുവികളുടെ തീരപ്രദേശങ്ങളിൽ വളരെ മനോഹരമായ പുഷ്പങ്ങളോടുകൂടിയ ജൻടിയൻ (Gentian) എന്നറിയപ്പെടുന്ന ചെടികൾ കാണുന്നുണ്ടു്. ആ പ്രദേശങ്ങളിൽത്തന്നെ ആസ്റ്റർ (Astor) സെനേഷിയോ, (Soncio). ഡെഡ്നെററിൽ (Doad Nett'le) ജൻടിയാനാ ഓർനാററാ (Gentiana Ornata) ആദിയായ ചെടികളും വളരുന്നുണ്ടു്.

ഈ ഉയരത്തിൽ മനുഷ്യനും പ്രത്യക്ഷപ്പെടുന്നു. റോങ്ങ്ബെക്ക താഴ്വരയിലുള്ള ഒരു ചെറിയ ആശ്രമത്തിൽ അഥവാ ഗുഹയിൽ ഏകാകിയായി നിവസിക്കുന്ന ഒരു യോഗിവര്യനെ ഹിൻജിസ്റ്റൻ കാണുന്നതിനിടയായി എന്നു് അദ്ദേഹം പ്രസ്താവിക്കുന്നു. ചില ഇനം കുളവികളും പാവകളും ടിബററൻ മുയലുകളും ബറലുകളും മററും ഈ ഉയരത്തിൽ കാണാവുന്നതാണ്.

കാട്ടാതാഴ്വരയിൽവെച്ച് വൊള്ളാസ്റ്റൻ പലവർഗ്ഗം പക്ഷികളെകണ്ടു. ടിബററിലെ ഹിമക്കിളികളെ ഹിമരേഖവരെ ഉയരത്തിൽ ധാരാളമായി കാണാവുന്നതാണ്. ഡിപ്പേഴ്സ് (Dippers) എന്ന ഒരു മാതിരി ജീവികളെ ധാരാളമായി ചില നദികളിൽ കാണാം. സ്നോഫിഞ്ചുകളെയും, ആൽവയിൻ ആക്സൻടോറിനേയും, ഹിമരേഖവരെ ഉയരത്തിൽ കാണാവുന്നതാണ് ൧൭൦൦൦ അടി ഉയരത്തിലും, അതിനു മുകളിലുംവെച്ചു ദേശാന്തരഗമനസ്വഭാവമുള്ള സ്റ്റിൻറ്, (Stint) സ്നെപ്പ്, (Snipe) മാർട്ടിൻ, (Martiu) പിപിററ് (Pipipe) ആദിയായ പക്ഷികളെ കാണാവുന്നതാണ്.

൧൬,൦൦൦ അടിഉയരത്തിലാണ് റോങ്ങ്ബക്ക് ആശ്രമം. അടിവാരക്കൂടാരത്തിനു സമീപംവെച്ച് ഹിൻജിസ്റ്റൻ, ഫിഞ്ചുകൾ, ആക്സെൻടോറുകൾ, കിളികൾ, ചഫുകൾ, റെഡ്സ്റ്റാർട്ടുകൾ, മുതലായ പക്ഷികളേയും ചിലയിനം വണ്ടുകൾ ടിക്കുകൾ (Ticks) ആദിയായ പ്രാണികളെയും കാണുകയുണ്ടായി.

യൂറോപ്പിലെ ഏററവും പൊക്കംകൂടിയ പർവ്വതവിഭാഗമായ മൌണ്ട് ബ്ലാങ്ക് (Mornt Bianc) എന്ന ശൃംഗത്തിന്റെ ഉയരംവരെയുള്ള സസ്യജീവജാലങ്ങളെപ്പററി പ്രസ്താവിച്ചുകഴിഞ്ഞു. അതിനു താഴെയുള്ള പ്രകൃതികൾ വിസ്തരിക്കേണ്ടയാവശ്യമില്ലല്ലോ. മൌണ്ട് ബ്ലാങ്കിനേക്കാൾ ഉയരത്തിൽ എത്ര

യോ വിവിധങ്ങളായ ജീവൽപ്രകൃതികൾ ഉണ്ടെന്നുള്ളത് പ്രത്യേകം ശ്രദ്ധാർഹമാണ്. ഭക്ഷണപദാർത്ഥങ്ങൾ ലഭിക്കുന്നതിന് സൗകര്യമുള്ള സ്ഥലങ്ങൾവരെ സാധാരണമായി ജന്തുക്കൾ മലഞ്ചെരുവുകളിൽ കയറുന്നതാണെന്ന് ഹിൻജിസ്റ്റൻ പറയുന്നുണ്ട്. പ്രകൃതി വിവിധത്വങ്ങളൊ, മററു വിഘാതങ്ങളൊ, ഒന്നും; അവയുടെ മാർഗ്ഗനിരോധകമായിത്തീരുന്നില്ല. ആവശ്യമുള്ളിടത്തോളം ഭക്ഷണസാധനങ്ങൾ ലഭിക്കാൻ സൌകര്യമുണ്ടെങ്കിൽ ഏതു ശൈത്യപ്രദേശത്തിലും പ്രാണവായു വിരളമായ അന്തരീക്ഷസ്ഥിതിയിലും, ജീവിക്കുന്നതിന് അവയ്ക്കു സാധിക്കും. എവറസ്റ്റിൻെറ മുകളിൽ ഒരു ക്രൂടാരം അടിക്കാൻ സാധിച്ചാൽ ചഷകങ്ങൾ അവിടെയും എത്തുമെന്നാണ് ഹിൻജിസ്റ്റൻെറ വിശ്വാസം.

---

## അദ്ധ്യായം ൩൦.

### നാലാമത്തു പര്യടനസംഘം.

എവറസ്റ്റാരോഹണശ്രമത്തിൻെറ ആവശ്യകതയും പ്രാധാന്യവും നമുക്കു ഏറെക്കുറെ മനസ്സിലായിക്കഴിഞ്ഞു. നാലാമതൊരു സംഘം കഴിയുന്നതും വേഗത്തിൽ ശ്രമം തുടരേണ്ട ആവശ്യകതയെപ്പററി, എവറസ്റ്റാരോഹണസംരംഭത്തിൻെറ സാക്ഷാൽ ജനയിതാവായ സർ ഫ്റാൻസീസ് യങ്ഹസ്ബൻഡു, കഴിഞ്ഞ 28-ാം അദ്ധ്യായത്തിൽ പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ടിബററിലെ സർക്കാരിൻെറ അനുമതി ലഭിച്ചാലുടനെ ഈ അതിസാഹസകൃത്യത്തിൽ ഏർപ്പെടുന്നതിന് അചലാരോഹണ പരിശീലനവും, പ്രാഗത്ഭ്യവും ഉള്ള യുവധീരന്മാർ പ്രത്യേകം തയാറായിരുന്നുകൊള്ളണമെന്ന് അദ്ദേഹം ഉൽബോധിപ്പിച്ചിട്ടുമുണ്ടല്ലൊ. അദ്ദേഹത്തിൻെറ ഉജ്ജ്വലത്തായ പ്രബോധനവും, ഊർജ്ജസ്വലമായ പ്രേരണയും തെല്ലും വിഫലമായില്ല. സർ ഫ്റാൻസിസിൻെറ സജീവമായ ഈ ഗ്രന്ഥം ആംഗ്ലേയ യുവാക്കന്മാരിൽ ആരോഹണാസക്തിയും, സാഹസികാഭിവാഞ്ഛയും, ഉദ്ദീപിപ്പിക്കയും വർദ്ധിപ്പിക്കയും ചെയ്തുകൊണ്ടിരുന്നു. എവറസ്റ്റ്

വിജയശ്രമത്തിന്നു ഏററവും വലിയ വിഘാതമായിരുന്നത് ടിബററുകാരുടെ പ്രതിബന്ധമായിരുന്നല്ലോ. എന്നാൽ ഇംഗ്ലീഷുകാരുടെ അവിശ്രാന്തവും അനുസ്യൂതവും ആയ ശ്രമഫലമായി 1932 ജൂലൈ മാസാരംഭത്തോടുകൂടെ ഇനിയും ഒരു എവറസ്റ്റ തരണസംഘം ടിബററിൽ കൂടെ കടന്നുപോകുന്നതിന് പ്രസ്തുത സക്കാരിൻെറ അനുമതി ലഭിച്ചു.

ഉടനെതന്നെ 4—ാമതു പര്യടനസംഘരൂപീകരണത്തിനുള്ള പ്രാരംഭശ്രമങ്ങൾ ചെയ്തുതുടങ്ങി. ഇൻഡ്യൻ സിവിൾ സർവ്വീസിൽ ഉദ്യോഗത്തിലിരുന്നിട്ടുള്ള മിസ്റ്റർ റട്ട്ൽഡ്ജ് എന്ന മഹാനെ നാലാമതു സംഘനേതാവായി തെരഞ്ഞെടുത്തു. ഇക്കൊല്ലത്തെ പര്യടനസംഘത്തിലെ മിക്ക അംഗങ്ങളും പർവ്വതാരോഹണ പരിശീലനം കൊണ്ടു ലോകൈകമഹാശൃംഗത്തോടു യുദ്ധം ചെയ്യുന്നതിന് തയ്യാറായിക്കൊള്ളണമെന്നുള്ള നമ്മുടെ ഗ്രന്ഥകാരൻെറ ആഗ്രഹത്തെ പൂർണ്ണമായി അംഗീകരിച്ച് തദനുസരണം പ്രവർത്തിച്ചിട്ടുള്ളവരാണ്. സമർത്ഥനും, വിഖ്യാതനും, നമുക്കു സുപരിചിതനും ആയിത്തീർന്നിട്ടുള്ള ബ്രിഗേഡിയർ ജനറൽ സി. ജി. ബ്രൂസ്സ് ഇക്കൊല്ലത്തെ സംഘത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. എഫ്. എസ്സ്. സ്മിത്ത്, ക്യാപ്ററൻ ഇ. ജെ. ബേർണി, മേജർ ജെനറൽ ടിസ്സ് ആദിയായി പന്ത്രണ്ടോളം വിദഗ്ധന്മാരടങ്ങിയ ഒരു സംഘമാണ് ഇക്കൊല്ലം ശ്രമിക്കുന്നത്.

നാലാമതു സംഘം ഇംഗ്ലണ്ടിൽ നിന്നും തിരിച്ച് ഇപ്പോൾ ഡാർജിലിങ്ങിലെത്തിയിരിക്കുന്നു. അവർ മുൻസംഘങ്ങളുടെ മാർഗ്ഗത്തെത്തന്നെ തുടർന്ന് എവറസ്റ്റ് പാദത്തിലെത്തുന്നതിനും ശ്രമിക്കുന്നതാണ്. അവരുടെ സഞ്ചാര വൃത്താന്തങ്ങളും ആരോഹണസാഹസികോദ്യമങ്ങളും മററും നമുക്കു നാലഞ്ചു മാസക്കാലത്തിനുള്ളിൽ പത്രങ്ങൾ വഴിയായി ഗ്രഹിക്കുവാൻ സാധിക്കും. 1933—ലെ സംഘം നിശ്ചയമായും വിജയവിഭൂഷിതമാകുമെന്നു തന്നെ നമുക്കു പ്രതീക്ഷിക്കാം.

മേൽ പ്രസ്താവിച്ച എവറസ്റ്റാരോഹണ സംഘം കൂടാതെ, മറെറാരു സംഘവും ഇംഗ്ലണ്ടിലെ ലിവർപൂൾ എന്നപട്ടണത്തിൽ നിന്നും ഇൻഡ്യയിലേക്കു പുറപ്പെടുന്നുണ്ട് എന്നറിയുന്നു. ഗംഗാനദിയുടെ ഉത്ഭവസ്ഥാനത്തുള്ള ഗംഗോദരി ഗ്ലേസിയരും പരിസരങ്ങളും പര്യന്വേഷണം നടത്തുകയാണ് ഇവരുടെ പ്രധാന ഉദ്ദേശം എന്നുകേൾക്കുന്നു.

വിമാനം ഉപയോഗിച്ച് എവറസ്റ്റിനു മുകളിൽ എ

ത്താൻ ശ്രമിക്കുന്നതു് അത്ര അഭിലഷണീയമല്ലെന്ന് സമത്ഥന്മാരായ ചില പൎവ്വതാരോഹകന്മാക്ക് അഭിപ്രായമുണ്ടെങ്കിലും, ഇക്കൊല്ലം ഒരു വിമാനസംഘവും എവറസ്റ്റഗ്രത്തിലെത്തുന്നതിന് ശ്രമിക്കുന്നുണ്ട്. ഇതേവരെ ഹിമാലയ ഭാഗങ്ങളിൽ 15500 അടി ഉയരത്തിൽ കൂടുതൽ വിമാനത്തിൽപറക്കുന്നതിന് ആക്കും കഴിഞ്ഞിട്ടില്ല. എവറസ്ററുശൃംഗത്തിനു മുകളിൽ പറന്നു്, ശൃംഗഭാഗങ്ങൾ സവ്വേചെയ്യുകയും, ഫോട്ടോകൾ എടുക്കുകയും ചെയ്യണമെന്നാണ് വിമാനസംഘക്കാരുടെ ഉദ്ദേശ്യം. കരമാൎഗ്ഗം കാൽനടയായി എവറസ്റ്റിനെ ആക്രമിക്കുന്ന ആരോഹകന്മാർ, ഉദ്ദേശം ശൃംഗോപരി എത്താറാകുമ്പോഴേക്കും വിമാനസംഘത്തിനു മുകളിലെത്തണമെന്നാണാഗ്രഹം. എവറസ്റ്റിൽ 15500 അടി ഉയരത്തിൽ കൂടുതൽ പറന്നെത്താൻ ഇതുവരെ സാധിച്ചിട്ടില്ലെന്നിരുന്നാലും കൊടുങ്കാററും, പ്രകൃതിക്ഷോഭങ്ങളും ഇല്ലാത്ത പ്രശാന്തമായ അന്തരീക്ഷത്തിൽ 45000-ത്തിൽ പരം അടിവരെ ഉയരത്തിൽ പറക്കുന്നതിനു മനുഷ്യക്ക് കഴിഞ്ഞിട്ടുണ്ടെന്നുള്ളതു പ്രസ്താവ്യമാണ്. ഹിമാലയാദ്രികളുടെ ഉപരിഭാഗത്തുള്ള അന്തരീക്ഷം പ്രക്ഷുബ്ധവും, കാർമേഘപടലങ്ങളാൽ ആവൃതവും, തൻമൂലം വിമാനഗമനത്തിനു ഏററവും പ്രതികൂലവും ആയിരിക്കുന്നതുകൊണ്ടു് അവിടെ വളരെ ഉയരത്തിൽ പറക്കുക ക്ഷിപ്രസാദ്ധ്യമല്ല. വിമാനസംഘക്കാൎക്ക് എങ്കിലും, ശൃംഗാഗ്രപ്രകൃതം നന്നായി മനസിലാക്കാൻ സാധിച്ചാൽ അതു ഒരുവേള നടന്നു കയറുന്നവക്കും ഉപകാരപ്രദമായിത്തീരാൻ ഇടയുണ്ടു്. പക്ഷെ നടന്നു കയറുന്ന ആരോഹകന്മാർ വിമാനസംഘത്തിൻെറ സഹായം സ്വീകരിക്കുമോ എന്നറിഞ്ഞില്ല.

എതായാലും, 1933-ാമാണ്ടു് പർവ്വതാരോഹണ ചരിത്രത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നുതന്നെയാണ്. ഇതുവരെ ലോകത്തിനു സാധിക്കാത്തതായ ഏററവും വലിയ വിജയം— എവറസ്റ്റ് വിജയം— ഇക്കൊല്ലം സാധിതപ്രായമായിത്തീരുമെന്നുതന്നെ നമുക്കു പ്രത്യാശിക്കാം. എവറസ്റ്റ് വിജയംകൊണ്ടു് ഈ അദ്ധ്യായം മംഗളമായി പൂൎത്തിയാകട്ടെ.

ശുഭം.

13 MAY 1965